# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 9, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 9, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

404/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 81

**II അനുസ്മരണം**

ക്വിറ്റ് ഇന്ത്യാ ദിനം—

മി. സ്പീക്കർ .. 380

**III അടിയന്തരപ്രമേയം**

വിലക്കയറ്റം

(അവതരണാനുമതി നിഷേധിച്ചു) .. 380

**IV ശ്രദ്ധ ക്ഷണിക്കൽ**

1. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി—

ശ്രീ. കെ. വി. വിജയദാസ് .. 397

2. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്-കേരളയുടെയും രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവർത്തനം—

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ .. 401

**V സബ്മിഷൻ**

1. എം.ബി.ബി.എസ്. അഡ്മിഷൻ—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 404

2. ബ്ലൂ വെയ്ൽ ഗെയിം നിരോധനം—

ശ്രീ. രാജു എബ്രഹാം .. 407

3. കോവളം കൊട്ടാര കൈമാറ്റം—

ശ്രീ. പി. സി. ജോർജ്
പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .. 408

*പേജ്*

4. വിനായകന്റെ ആത്മഹത്യ—

ശ്രീ. കെ. വി. അബ്ദുൾ ഖാദർ .. 412

5. ചലച്ചിത്ര നയം—

ശ്രീ. എം. സ്വരാജ് .. 413

6. ക്ലാപ്പന ഹൗസിംഗ് കോളനി—

ശ്രീ. ആർ. രാമചന്ദ്രൻ .. 419

7. എം.സി.ഐ. അംഗീകാരം ലഭ്യമാക്കൽ—

ശ്രീ. റോഷി അഗസ്റ്റിൻ .. 420

8. സേവന-വേതന വ്യവസ്ഥകൾ—

ശ്രീ. ജോൺ ഫെർണാണ്ടസ് .. 422

9. ടൂറിസം പദ്ധതികൾ—

ശ്രീ. പാറക്കൽ അബ്ദുല്ല .. 424

10. മംഗളവനം സംരക്ഷിക്കൽ—

ശ്രീ. ഹൈബി ഈഡൻ .. 425

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം .. 427

**VII റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി III-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് .. 430

(2) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. 431

*പേജ്*

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ .. 431

(ii) 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ .. 462

**ക്രമപ്രശ്നം**

ബിൽ അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട മന്ത്രി ഹാജരാകാത്തത് സംബന്ധിച്ച്–

ശ്രീ. വി. ഡി. സതീശൻ .. 462

**റൂളിംഗ്**

മി. സ്പീക്കർ .. 463

**നിയമനിർമ്മാണകാര്യം (തുടർച്ച)**

(iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ .. 492

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 9, ബുധൻ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2017 ആഗസ്റ്റ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... *61-ാം നമ്പർ ചോദ്യവുമായി *83-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. റ്റി. വി. രാജേഷ് നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയേണ്ടതാണ്.

### വന്യമൃഗങ്ങളുടെ ശല്യം നിയന്ത്രിക്കാൻ നടപടി

1 (*61) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യം വർദ്ധിച്ചുവരുന്നതും സ്വത്തിനും ജീവനും ഭീഷണിയാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കാൻ എന്തൊക്കെ പരിപാടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) വന്യമൃഗങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടാകുന്ന ആഹാരക്ഷാമവുംമൂലമാണ് അവ നാട്ടിലിറങ്ങുന്നതെന്നതിനാൽ എന്തുപരിഹാരമാണ് ഇതിനായി ഉദ്ദേശിക്കുന്നത്;

(സി) ജനജാഗ്രതാ സമിതിയുടെ പ്രവർത്തനവും എസ്.എം.എസ്. അലർട്ട് സംവിധാനവും കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നറിയിക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ഉണ്ട്. വന്യജീവികൾ, പ്രത്യേകിച്ച് കാട്ടാനകൾ ജനവാസ മേഖലയിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിൽ ഉണ്ടാകുന്ന വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു :

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുത വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിവരുന്നു.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ട പരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജന പങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങളുമുണ്ട്.

(ബി) ഭക്ഷണത്തിനും കുടിവെള്ളത്തിനുമായി വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ കാടിനുള്ളിൽ ചെക്ക് ഡാമുകൾ, കുളങ്ങൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ നവീകരിച്ചും, പുതിയവ നിർമ്മിച്ചും പരമാവധി ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് വനത്തിനുള്ളിലെ സ്വാഭാവിക സസ്യജാലങ്ങളെ പുനരുജ്ജീവിപ്പിക്കുകവഴി വനത്തിനുള്ളിൽ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത കൂട്ടുന്നു. ജലസ്രോതസ്സുകളുടെ സമീപ പ്രദേശങ്ങളിൽ മുള, പുല്ല് എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്.

(സി) ജനജാഗ്രതാ സമിതികളുടെ പ്രവർത്തനവും എസ്.എം.എസ്. അലർട്ട് സംവിധാനവും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് നാളിതുവരെ വിവിധ വന്യജീവി സംഘർഷ മേഖലകളിലായി 204 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ 65 സ്ഥലങ്ങളിൽ എസ്.എം.എസ്. അലർട്ട് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

## വന്യമൃഗ ആക്രമണം ചെറുക്കുന്നതിനുള്ള നടപടികൾ

2 (*83) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. റ്റി. വി. രാജേഷ്:</u>
<u>ശ്രീ. പി. ടി. എ. റഹിം:</u>
<u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ നാട്ടിലിറങ്ങി കാർഷിക വിളകൾ നശിപ്പിക്കുന്നതും മനുഷ്യരുമായി ഏറ്റുമുട്ടൽ ഉണ്ടാകുന്നതും ഫലപ്രദമായി ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(സി) കാട്ടുമൃഗങ്ങളുടെ ശല്യം കൂടുതലുള്ള വയനാട്, മൂന്നാർ വനമേഖലകളിൽ വന്യജീവി സാന്നിധ്യം അറിയിക്കുന്നതിന് എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രദേശങ്ങളിൽ റെയിൽ ഫെൻസിംഗ് പോലുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ അവലംബിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) വന്യജീവികളുടെ ആക്രമണത്തിന് ഇരയായവർക്കുള്ള നഷ്ടപരിഹാര തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ഉണ്ട്. വന്യജീവികൾ, പ്രത്യേകിച്ച് കാട്ടാനകൾ ജനവാസ മേഖലയിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിൽ ഉണ്ടാകുന്ന വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതവേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിന് വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകി വരുന്നു.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരംനൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പി ക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷി നാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജന പങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങളും ഉണ്ട്.

(ബി&സി) ഉണ്ട്.

(ഡി) ആദ്യഘട്ടമായി വയനാട് ജില്ലയിൽ 6.085 കിലോമീറ്ററിൽ റെയിൽ ഫെൻസിംഗ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരം വന്യജീവി ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുകയുടെ വിതരണ നടപടികൾ 1-8-2016 മുതൽ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) വികസിപ്പിച്ചെടുത്ത ഇ-ഡിസ്ട്രിക്റ്റ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായിട്ടാണ് നിർവ്വഹിക്കുന്നത്. നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട രേഖകൾ സഹിതം അപേക്ഷകൻ അക്ഷയ സെന്റർ മുഖേനയോ ഇ-ഡിസ്ട്രിക് വെബ്സൈറ്റ് വഴിയോ ബന്ധപ്പെട്ട സ്ഥലത്ത് അധികാര പരിധിയിലുള്ള ടെറിറ്റോറിയൽ/വൈൽഡ് ലൈഫ് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. നഷ്ടപരിഹാരം അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

ശ്രീ. കെ. വി. വിജയദാസ്: സർ, കേരളത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽപ്പെട്ട് 152 പേർക്ക് ജീവൻ നഷ്ടപ്പെടുകയും 548 പേർക്ക് പരിക്കേൽക്കുകയും 108 പേർ ശാരീരിക അവശതകൾ അനുഭവിക്കുകയും ചെയ്യുന്നു. 8 കോടി രൂപയുടെ കൃഷിനാശമാണ് സംഭവിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ വനം വകുപ്പ് സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ

കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീലൊക്കേറ്റ് ചെയ്യുന്നുണ്ടെന്നാണ് പറയുന്നത്. പശ്ചിമഘട്ട മലനിരകളിൽനിന്ന് ആനകൾ സകുടുംബം ഇറങ്ങിയിട്ടുണ്ടെന്ന് ഇപ്പോൾ ടി.വി.-യിലും പത്രങ്ങളിലുമെല്ലാം വാർത്തയുണ്ട്. അവ പാലക്കാട് മുഴുവൻ ചുറ്റി സഞ്ചരിച്ച് കോങ്ങാട്, തരൂർ മണ്ഡലങ്ങളിൽനിന്നും ഇപ്പോൾ ഒറ്റപ്പാലം മണ്ഡലത്തിലെ ഭാരതപ്പുഴയിൽ മുങ്ങിക്കുളിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഗൗരവമായ വിഷയമാണ്. കാട്ടാനകളുടെ ശല്യം സഹിക്കാൻ സാധിക്കുന്നില്ല. ജില്ലയുടെ ഒരതിർത്തിയിൽ നിന്നും മറ്റേ അതിർത്തിവരെ കാട്ടാനകൾ മദിക്കുകയാണ്. കാട്ടാനശല്യം നേരിടുന്നതിന് നിയോഗിക്കപ്പെടുന്ന ആർ.ആർ.ടി. (Rapid Response Team) സ്ക്വാഡിന് വാഹനങ്ങളും ആയുധങ്ങളും ഉപകരണങ്ങളും അംഗസംഖ്യയും വളരെ പരിമിത മായതിനാൽ ആയത് വർദ്ധിപ്പിച്ച് നൽകി ആനകളെ മെരുക്കി എടുക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ വനം വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. കെ. രാജു</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പാലക്കാട് ജില്ലയിൽ ഗായത്രിപ്പുഴവരെ മൂന്ന് ആനകൾ വന്നു. അവ ഒരു കുടുംബത്തിൽ പ്പെട്ടതാണോയെന്ന് അറിയില്ല. വനാതിർത്തിയിൽനിന്നും ഏകദേശം 35-40 കിലോമീറ്ററോളം കടന്ന് ജനവാസ കേന്ദ്രത്തിലെത്തി കഴിഞ്ഞ മൂന്ന് ദിവസമായി അവിടെ നിലയുറപ്പിച്ചിരിക്കുകയാണ്. വനം വകുപ്പും പോലീസ് ഉദ്യോഗസ്ഥരും റവന്യൂ ഉദ്യോഗസ്ഥരും ചേർന്ന് നാട്ടുകാരുടെ സഹായത്തോടുകൂടി അവയെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. അവ ഇതുവരെ മനുഷ്യരെ ഉപദ്രവിച്ചിട്ടില്ലെങ്കിലും ഒരു വീടിന് നാശനഷ്ടവും കൃഷിനാശവും വരുത്തിയിട്ടുണ്ട്. ജനങ്ങൾ ഭയാശങ്കയിലാണ്. വനം വകുപ്പിന്റെ എല്ലാ കഴിവുകളും ഉപയോഗിച്ച് അവയെ തിരിച്ചുവിടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിനായി ഇന്നുകൂടി പരിശ്രമിക്കും. മൂന്ന് ആനകൾ ഒരുമിച്ചുള്ളതുകൊണ്ട് മയക്കുവെടി വച്ച് പിടിക്കുക എന്നത് വളരെ ശ്രമകരമാണെന്നാണ് എക്സ്പെർട്ടുകൾ പറയുന്നത്. കേരളത്തിൽ ആകെയുള്ള രണ്ട് കുങ്കി ആനകളെ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നും രണ്ട് കുങ്കി ആനകളെക്കൂടി കൊണ്ടുവരുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കുങ്കിയാനകളെ കൊണ്ട് ഇവയെ തിരികെ കാട്ടിലേയ്ക്ക് ഓടിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ മറ്റ് നടപടി സ്വീകരിക്കേണ്ടിവരും. പോലീസ് ഉദ്യോഗസ്ഥരും റവന്യൂ അധികാരികളും പ്രസ്തുത സ്ഥലത്ത് ഇപ്പോഴും ക്യാമ്പ് ചെയ്തിരിക്കുകയാണ്. ജനങ്ങൾ ധാരാളമായി തിങ്ങിക്കൂടുന്നുവെന്നതാണ് മറ്റൊരു വിഷയം. നാട്ടിലിറങ്ങിയ ആനകൾക്ക് വന്നവഴി തന്നെ തിരിച്ചുപോകണം. അവ വേറെ വഴി പോകില്ല. അതിന് കഴിയാത്ത തരത്തിൽ അവിടെ ചാനലുകാരും ആയിരക്കണക്കിനാളുകളും കൂടി നിൽക്കുന്നത് ഒരു തടസ്സമായി വനം വകുപ്പിലെ

ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016-17 വർഷത്തിൽ വന്യജീവി ആക്രമണംമൂലം 22 പേരും വനത്തിന് പുറത്ത് പാമ്പ് കടിയേറ്റ് 81 പേരും മരണപ്പെട്ടിട്ടുണ്ട്. ഇവരുടെ ആശ്രിതർക്ക് യഥാക്രമം 1,10,00,000 രൂപയും 81,00,000 രൂപയും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് മരണപ്പെട്ടാൽ ഒരു ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്. 81 ലക്ഷം രൂപ 81 പേർക്കായി വിതരണം ചെയ്തിട്ടുണ്ട്. ആന കുത്തി മരണപ്പെടുന്നവർക്ക് 1,10,00,000 രൂപയും ചേർത്ത് ആകെ 1,91,00,000 രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ഇപ്പോൾ അവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുകൊണ്ടാണ് നഷ്ടപരിഹാര തുക എത്തിച്ചുകൊടുക്കാൻ വൈകുന്നത്. അവകാശ സർട്ടിഫിക്കറ്റ് ലഭിച്ചാലുടൻ തന്നെ നഷ്ടപരിഹാരത്തുക നൽകും. മരണാനന്തര ചടങ്ങുകൾക്ക് വനം വകുപ്പിൽ നിന്നും 10,000 രൂപ വീതം പാവപ്പെട്ടവരുടെ വീടുകളിൽ ഉടനടി എത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആർ.ആർ.ടി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആറെണ്ണമായിരുന്നത് ഇപ്പോൾ പതിമൂന്നായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആനകളുടെ ആക്രമണമുള്ള എല്ലാ ജില്ലകളിലും ആർ.ആർ.ടി. ഫോഴ്സിന്റെ സാന്നിധ്യമുണ്ടാകണമെന്ന ആവശ്യം ഉയർന്നുവരുന്നുണ്ട്. ഇപ്പോൾ തോക്ക് ഉൾപ്പെടെയുള്ള ആയുധങ്ങളും വാഹനങ്ങളും ആവശ്യമായ സ്റ്റാഫിനെയും നൽകി ആർ.ആർ.ടി. സംവിധാനം ശക്തിപ്പെടുത്തിവരികയാണ്. ഇനിയും കൂടുതൽ പ്രദേശങ്ങളിൽ ആർ.ആർ.ടി.യുടെ സാന്നിദ്ധ്യം ഉണ്ടാകേണ്ടതുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ആലോചിക്കുന്നുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, കാട്ടാനകളുടെ ആക്രമണത്തിൽ ജീവഹാനി സംഭവിച്ചാൽ 5 ലക്ഷം രൂപയും പരിക്കേറ്റവർക്ക് 75,000 രൂപയുമാണ് ഇപ്പോൾ കൊടുത്തുവരുന്നത്. ആ സംഖ്യ വളരെ അപര്യാപ്തമാണ്. അതുപോലെ കൃഷിനാശം സംഭവിച്ചവർക്ക് നൽകുന്ന നഷ്ടപരിഹാരവും വളരെ കുറവാണ്. അതുകൊണ്ട് മരണം സംഭവിച്ചവർക്ക് 10 ലക്ഷം രൂപയായും പരിക്കേറ്റവർക്ക് 2 ലക്ഷം രൂപയായും നഷ്ടപരിഹാരം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വന്യജീവികൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമാണെന്ന് കാണിച്ച് പൊതുജനങ്ങളിൽനിന്നും ജന പ്രതിനിധികളിൽനിന്നും ധാരാളം നിവേദനങ്ങൾ വരുന്നുണ്ട്. നിലവിൽ നഷ്ട പരിഹാരം നൽകുന്നത് 8-1-2015-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ എം.എസ്.2/2015/വനം അടിസ്ഥാനത്തിലാണ്. കൃഷി നാശത്തിന് പരമാവധി 75,000 രൂപയെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി, വീട് എന്നിവയുടെ നാശത്തിന്

പരമാവധി 75,000 രൂപയാണ് നഷ്ടപരിഹാരം നൽകുന്നത്. വന്യജീവി ആക്രമണംമൂലം മരണം സംഭവിച്ചാൽ 5,00,000 രൂപയാണ് ഇപ്പോൾ നഷ്ടപരിഹാരം നൽകുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിച്ച് മരിച്ചാൽ 1,00,000 രൂപയും വനത്തിനകത്തു വച്ച് പാമ്പുകടിച്ച് മരണപ്പെട്ടാൽ 3,00,000 രൂപയുമാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. വന്യജീവി ആക്രമണംമൂലം ഭാഗികമായി അംഗഭംഗം വന്നാൽ പരമാവധി 75,000 രൂപയും പരിക്കുപറ്റിയാൽ ചികിത്സയ്ക്കുവേണ്ടി പരമാവധി 75,000 രൂപയുമാണ് കൊടുക്കുന്നത്. ഈ തുക അപര്യാപ്തമാണ്. നിയമസഭാ സബ്ജക്ട് കമ്മിറ്റി ഈ തുകകൾ വർദ്ധിപ്പിക്കണമെന്ന നിവേദനം നൽകിയിട്ടുണ്ട്. മരണപ്പെടുന്നവരുടെയും കൃഷിനാശം സംഭവിക്കുന്നവരുടെയും ഉൾപ്പെടെ നഷ്ടപരിഹാരത്തുക കാര്യമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കൃഷി വകുപ്പ് വിള ഇൻഷ്വറൻസ് സ്കീം പുതുക്കിയപ്പോൾ വന്യമൃഗ ആക്രമണത്തിലൂടെയുണ്ടാകുന്ന വിളനാശത്തിനുകൂടി ഇൻഷ്വറൻസ് ഉൾപ്പെടുത്തിക്കൊണ്ടുള്ള തീരുമാനം എടുത്തിട്ടുണ്ട്. അതുപ്രകാരം 1995-നുശേഷം ഒരു വാഴയ്ക്ക് 50 രൂപയായിരുന്നത് പുതുക്കിയ നിരക്കനുസരിച്ച് ഇപ്പോൾ 300 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപോലെ ഓരോ വിളകൾക്കും രണ്ടിരട്ടി മുതൽ 13 ഇരട്ടി വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇൻഷ്വറൻസിന്റെ നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചുകൊണ്ട് ഇറക്കിയിരിക്കുന്ന ഉത്തരവിൽ വന്യമൃഗ ആക്രമണത്തിലൂടെയുണ്ടാകുന്ന നഷ്ടംകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയതുകൊണ്ട് ഇപ്പോൾ കർഷകർക്ക് വന്യമൃഗ ആക്രമണംമൂലം ഉണ്ടാകുന്ന നഷ്ടപരിഹാരത്തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, വനമേഖലയിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ക്രമക്കേടുകൾ ഒഴിവാക്കാനും അത് സുതാര്യമാക്കാനും വേണ്ടി കൺവീനർ സംവിധാനം ഒഴിവാക്കി ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയതിന് അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ചാലക്കുടി, വാഴച്ചാൽ തുടങ്ങിയ ഫോറസ്റ്റ് ഡിവിഷനുകളിൽ വന്യജീവികളുടെ ശല്യം വർദ്ധിച്ചുവരികയാണ്. മുമ്പ് വേനൽക്കാലത്താണ് ജനവാസകേന്ദ്രങ്ങളിലും കൃഷിയിടങ്ങളിലും റോഡിലുമൊക്കെ ഇറങ്ങി കാട്ടാനകൾ ശല്യംചെയ്തിരുന്നതെങ്കിൽ ഇപ്പോൾ മഴക്കാലത്തും ആനശല്യം തുടരുകയാണ്. ഇത് തടയുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. നാട്ടാനകളെ പരിശീലിപ്പിച്ച് കുങ്കി ആനകളാക്കി, അതായത് കാട്ടാനകളെ തുരത്തി വനത്തിലേയ്ക്ക് ഓടിക്കുന്നതിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഒരു സംവിധാനമുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കുമോ? അതുപോലെ തൃശ്ശൂർ ജില്ലയിൽ ആർ.ആർ.റ്റി. സംവിധാനം നിലവിലില്ല. അതുകൊണ്ട് വാഴച്ചാൽ, ചാലക്കുടി ഡിവിഷനുകളെ കേന്ദ്രീകരിച്ച് തൃശ്ശൂർ ജില്ലയിൽ അടിയന്തരമായി ആർ.ആർ.റ്റി. സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, എല്ലാ ജില്ലകളിലും ആർ.ആർ.റ്റി.യുടെ മിനിമം ഒരു യൂണിറ്റെങ്കിലും രൂപീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ആനകളുടെയും മറ്റ് ജീവികളുടെയും ആക്രമണം കൂടുതലുള്ള തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, വാഴച്ചാൽ തുടങ്ങിയ മേഖലകളെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ആർ.ആർ.റ്റി. ടീം രൂപീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതു പോലെ കേരളത്തിൽ ഇപ്പോൾ രണ്ട് കുങ്കി ആനകളാണുള്ളത്. ശ്രീ. എസ്. രാജേന്ദ്രന്റെ പ്രദേശമായ മൂന്നാറിൽ ആന ഇറങ്ങിയപ്പോൾ അവയെ കാട്ടിലേയ്ക്ക് തുരത്തി ഓടിക്കുന്നതിനുവേണ്ടി തമിഴ്നാട്ടിൽ നിന്നാണ് വാടകയ്ക്ക് കുങ്കി ആനകളെ കൊണ്ടുവന്നത്.

മി. സ്പീക്കർ: കാട്ടാനകളെ തുരത്തിവിടാൻ കുങ്കി ആനകളെ മാത്രമേ പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളോ; അവയെ തിരിച്ചുവിടാൻ വേറെ മാർഗ്ഗങ്ങളില്ലേ?

ശ്രീ. കെ. രാജു: സർ, വയലന്റായ ആനകളെ തിരിച്ച് വനത്തിനകത്തേയ്ക്ക് വിടണമെങ്കിൽ അവയുടെ അടുത്തുപോയി അവയെ തള്ളിവിടാൻ നാട്ടിൽ പരിശീലനം നൽകപ്പെട്ട വലിയ ആനയാണ് കുങ്കി ആന. നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ അങ്ങനെയുള്ള ആനകളുടെ എണ്ണം വളരെ കുറവായതുകൊണ്ടാണ് വാടകയ്ക്ക് കൊണ്ടുവരേണ്ടിവരുന്നത്. മൂന്നാറിൽ ആന ഇറങ്ങിയപ്പോൾ അവയെ കാട്ടിലേയ്ക്ക് തുരത്തി ഓടിച്ചത് തമിഴ്നാട്ടിൽനിന്നും ദിവസ വാടകയ്ക്ക് ആനയെ കൊണ്ടുവന്നാണ്. കേരളത്തിൽ ഇതിനുപറ്റിയ വലിയ ആനകളെ പരിശീലിപ്പിച്ച് കുങ്കി ആനകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ആഴ്ചയിൽ കോന്നിയിലെ ആന പരിപാലന കേന്ദ്രത്തിൽനിന്നും ഒരു വലിയ ആനയെ കുങ്കി ആനയാക്കി മാറ്റുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്. ഇന്നലെ പാലക്കാട് ആന ഇറങ്ങിയ സ്ഥലത്തേയ്ക്ക് അതിനെക്കൂടി വിട്ടിട്ടുണ്ട്. കേരളത്തിൽ കൂടുതൽ കുങ്കി ആനകളെ പരിശീലിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, കേന്ദ്ര വനം വന്യജീവി സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഏറ്റവും കൂടുതൽ പ്രയാസം അനുഭവിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറിയിരിക്കുകയാണ്. കൂടുതൽ വനാതിർത്തിയുള്ളതും വനാതിർത്തിയിൽ ജനസാന്ദ്രത വളരെ കൂടുതലുള്ളതുമായ സംസ്ഥാനമാണ് കേരളം. ജനങ്ങൾ വലിയ തോതിലാണ് പ്രയാസം അനുഭവിക്കുന്നത് എന്ന കാര്യം ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. 152-ലധികം ആളുകൾ 2 വർഷംകൊണ്ട് മരണപ്പെട്ടു എന്ന കണക്ക് വന്നതിനുശേഷവും ആനകളുടെയും മറ്റ് വന്യമൃഗങ്ങളുടെയും ആക്രമണംമൂലം 28 ആളുകൾ കൂടി കൊല്ലപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം കൃഷിനാശവും വലിയ തോതിലുണ്ട്. കുരങ്ങുകളെ വന്ധ്യംകരണം ചെയ്ത് അവയുടെ ശല്യം ഒഴിവാക്കാനുള്ള നിയമാനുസൃതമായ

നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. നമ്മുടെ രാജ്യത്തെ ചില സംസ്ഥാനങ്ങളിൽ കൃഷിക്കാരുടെ കാർഷികോല്പന്നങ്ങൾ നശിപ്പിക്കുന്നതിന്റെ പേരിൽ വനം വകുപ്പു തന്നെ മാനുകളെ കൊല്ലുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ആ ഇനം മാനുകളുടെ വംശവർദ്ധനവ് വലിയ തോതിലുണ്ടായതുമൂലം അനിയന്ത്രിതമായ കാർഷിക നാശം സംഭവിച്ച സാഹചര്യത്തിലാണ് ആ നടപടി സ്വീകരിച്ചത്. രണ്ടായിരത്തോളം മാനുകളെയാണ് അത്തരത്തിൽ കൊന്നിട്ടുള്ളത്. മാനുകളെക്കാൾ എത്രയോ മടങ്ങാണ് പന്നിയും ആനയും കുരങ്ങും വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വനം വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിക്കകത്ത് നിന്നു കൊണ്ട് ജനങ്ങൾക്കും കൃഷിക്കും ആവശ്യമായ പരിരക്ഷ ഉറപ്പുവരുത്താൻ സാധിക്കും. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കുമോ? മാത്രമല്ല ഇത്രയേറെ ആളുകൾ മരിച്ചിട്ട് ഒരു കേന്ദ്രമന്ത്രിപോലും തിരിഞ്ഞുനോക്കിയിട്ടില്ല. മനുഷ്യരുടെ അവകാശങ്ങൾ ഇങ്ങനെ കവർന്നെടുക്കപ്പെടുമ്പോൾ ഇക്കാര്യത്തിൽ മനുഷ്യാവകാശ കമ്മീഷന്റെ ഇടപെടലുണ്ടാകുന്നതിനാവശ്യമായ നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. രാജു: സർ, വയലന്റായിട്ടുള്ള ആനകളെ എവിടെ കൊണ്ടുപോയി വിടുമെന്നുള്ളതാണ് വനം വകുപ്പ് നേരിടുന്ന പ്രയാസം. പിടിക്കുന്ന ആനയെ വേറെ ഏതെങ്കിലുമൊരു വനഭാഗത്ത് കൊണ്ടുപോയി വിടുന്നത് ജനം മുൻകൂട്ടി അറിഞ്ഞാൽ അവർ അതിനെതിരായി സംഘടിക്കും. നേരത്തേ ഇവിടെ സൂചിപ്പിച്ച ചുള്ളിക്കൊമ്പൻ എന്ന ആനയെ പാലക്കാട് നിന്ന് പിടിച്ച് വേറൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിന് ശ്രമിച്ചപ്പോൾ ഏഴോ എട്ടോ സ്ഥലങ്ങളിൽ വാഹനം തടഞ്ഞു. ഇന്നലെ ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ വനം വകുപ്പിലെ ഒരു താൽക്കാലിക ജീവനക്കാരനെ ഒരു കാട്ടുപോത്ത് ആക്രമിക്കുകയും അദ്ദേഹം മരണപ്പെടുകയും ചെയ്ത സംഭവമുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട അംഗം എന്നോട് സൂചിപ്പിക്കുകയും പത്രങ്ങളിലെല്ലാം വാർത്തകൾ വന്നതുമാണ്. സാധാരണയായി കാട്ടുപോത്തിന്റെ ആക്രമണം ഉണ്ടാകാറുള്ളതല്ല. ഇതുപോലെ വന്യമൃഗങ്ങളുടെ ശല്യം കൂടിവരുന്നു. കുരങ്ങ്, മയിൽ എന്നിവയുടെ കാര്യവും ഇവിടെ സൂചിപ്പിച്ചു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഇതുമായി ബന്ധപ്പെട്ട് ഒരു സെൻസസ് എടുത്ത് എണ്ണത്തിൽ കൂടുതലുള്ള ഇത്തരം പ്രത്യേകയിനം ജീവികളെ വംശനാശം വരാത്തവിധം കേന്ദ്ര വൈൽഡ് ലൈഫ് ബോർഡിന്റെ അനുമതിയോടുകൂടി നശിപ്പിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കാം. പക്ഷേ അതിൽ ആന ഉൾപ്പെടില്ല. ഇപ്പോൾ നാട്ടിലിറങ്ങുന്ന കുരങ്ങുകളെ പിടിച്ച് കാട്ടിനുള്ളിലേയ്ക്ക് കൊണ്ടുവിടുകയാണ് ചെയ്യുന്നത്. ഏതെങ്കിലും പ്രദേശത്ത് കൂടുതൽ പന്നികൾ വരുന്നുണ്ടെങ്കിൽ ഈ രീതിയിൽ അനുമതി വാങ്ങി അവയെ വകവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, വയനാട് ജില്ലയിലും അതിരൂക്ഷമായ ആനശല്യം ഉണ്ട്. 1980-നുശേഷം ഏകദേശം 110 ആളുകളാണ് ഇവിടെ മരിച്ചത്. കഴിഞ്ഞയാഴ്ച ഉണ്ടായ സംഭവത്തിൽ മൂന്ന് വാഹനങ്ങൾ തകർക്കുകയും ഒരാൾ മരിക്കുകയും ചെയ്തു. അതിന്റെ ഫലമായി വനപാലകരും പൊതുജനങ്ങളും തമ്മിൽ നിരന്തരമായ സംഘർഷം നിലനിൽക്കുകയാണ്. പോലീസ് പ്രൊട്ടക്ഷനില്ലാതെ ആനകളെ കയറ്റി വിടാൻ വനപാലകർക്ക് സാധിക്കില്ല. നിരന്തരമായി വനപാലകരും പൊതുജനങ്ങളും തമ്മിൽ സംഘർഷം നിലനിൽക്കുന്നതിനാൽ യാതൊരു രീതിയിലും മുന്നോട്ടുപോകാൻ സാധിക്കാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതു പോലെ ആനകൾ നാട്ടിലിറങ്ങിയാൽ അവയെ കാട്ടിലേയ്ക്ക് കയറ്റി വിടാൻ കഴിയുന്നില്ല. വനപാലകർ വന്ന് ആനയെ കയറ്റാൻ ശ്രമിക്കുമ്പോൾ ആന വനപാലകരെയാണ് ആക്രമിക്കുന്നത്. അതുകൊണ്ട് ആനകളെ കാട്ടിലേയ്ക്ക് കയറ്റി വിടുന്നതിനായി അടിയന്തരമായി രണ്ട് കുങ്കിയാനകളെ വയനാട് ജില്ലയിലേക്ക് അയയ്ക്കുന്നതിനും റെയിൽവേ ഫെൻസിംഗ് സ്ഥാപിക്കുന്ന കാര്യം എത്രയും വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കെ. രാജു</u>: സർ, നിലവിൽ വയനാട് വന്യജീവി സങ്കേത കേന്ദ്രത്തിൽ രണ്ട് കുങ്കിയാനകളുണ്ട്. ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് കാട്ടാനകൾ അതിക്രമിച്ചു കയറി മനുഷ്യജീവന് അപകടവും കൃഷിനാശവും വരുത്തുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രണ്ട് കുങ്കിയാനകളുടെ സേവനം നമുക്ക് അപര്യാപ്തമാണ്. വനത്തിൽ ഒറ്റപ്പെട്ട് പോകുന്നതും അപകടത്തിൽപ്പെടുന്നതുമായ ആനക്കുട്ടികളെ രക്ഷപ്പെടുത്തി വനം വകുപ്പിന്റെ കോട്ടൂർ, കോന്നി, കോടനാട്, വയനാട് എന്നീ ആനപരിപാലന കേന്ദ്രങ്ങളിൽ എത്തിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. ഇപ്രകാരം വനം വകുപ്പിന്റെ ആനപരിപാലന കേന്ദ്രങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുള്ള ആരോഗ്യവും കാര്യക്ഷമതയുമുള്ള 8 ആനകളെ മികച്ച പരിശീലനം നൽകി കുങ്കിയാനകളാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആ അവസരത്തിൽ വയനാട് അംഗത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതാണ്.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: സർ, വന്യജീവികളുടെ രണ്ട് തരത്തിലുള്ള ആക്രമണമാണ് ഞങ്ങൾ നേരിടുന്നത്. ഒന്ന്, നെയ്യാർ മേഖലയിൽ നെയ്യാർ ഡാമുമായി ബന്ധപ്പെട്ടുള്ള ഡിയർ പാർക്ക്; അവിടെ പതിനായിരക്കണക്കിന് മാനുകളാണുള്ളത്. അതുകാരണം കൃഷി നാശമുണ്ടാകുന്നു. കാട്ടുപന്നി പോലുള്ള മൃഗങ്ങളുടെ ശല്യം പ്രതിരോധിക്കുന്നതിന് ഗവൺമെന്റ് സോളാർ ഫെൻസിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. കിടങ്ങുകൾ കുഴിച്ചിട്ടുണ്ടെങ്കിലും ഫലപ്രദമായ നടപടികളായിട്ടില്ല. മറ്റൊന്ന്, വെള്ളറട പഞ്ചായത്തിൽ തെങ്കാശി മേഖലയിൽനിന്ന് നൂറുകണക്കിന് കുരങ്ങന്മാരെ ട്രക്കുകളിൽ കയറ്റി ആറുകാണി, വെള്ളച്ചിപ്പാറ, കടുക്കറ, നെട്ട തുടങ്ങിയ പ്രദേശങ്ങളിൽ അർദ്ധരാത്രി കൊണ്ടുവന്ന്

ഇറക്കിവിട്ടിട്ട് പോകുന്ന ഒരു പതിവുണ്ട്. അതിന്റെ ഭാഗമായി അഞ്ഞൂറിലധികം കുരങ്ങന്മാരാണ് ഒരോ ദിവസവും വീടുകളിലേയ്ക്ക് കയറുന്നത്. അവിടെ വനമില്ല, ആൾപ്പാർപ്പുള്ള പ്രദേശമാണ്. വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് പുഷ്പം എന്ന ഒരു കുടുംബിനി ആത്മഹത്യ ചെയ്ത സംഭവം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ആ കുടുംബത്തെ ഇതുവരെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ അടിയന്തരമായി സഹായമെത്തിക്കണം. വന്യമൃഗങ്ങളെ പ്രതിരോധിക്കാനാവശ്യമായ എന്തെങ്കിലും സാങ്കേതിക സഹായങ്ങൾ ചെയ്യാനാകുമോ എന്നും ഗവൺമെന്റ് പരിശോധിക്കണം.

ശ്രീ. കെ. രാജു: സർ, ശ്രീ. ജെയിംസ് മാത്യു സൂചിപ്പിച്ചതുപോലെ ഉത്തരാഖണ്ഡ്, ഹിമാചൽപ്രദേശ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ കാട്ടുപന്നി, നീലക്കാള, കുരങ്ങുകൾ എന്നിവ ആവശ്യമായ എണ്ണം ഉള്ളതുകൊണ്ട് അവയെ കൊല്ലുന്നതിനുള്ള അനുമതി കേന്ദ്രഗവൺമെന്റ് നൽകിയിരുന്നു. അതുപോലെ പ്രത്യേക കേന്ദ്രങ്ങളിൽ ഇത്തരം വന്യജീവികളുടെ കണക്കുകൾ സ്വരൂപിച്ച് അവയെ കൊല്ലുന്നതിനുള്ള അനുമതിക്കായി അപേക്ഷിക്കാനുള്ള തീരുമാനം ഇതിനോടകം വകുപ്പ് എടുത്തിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ചില പ്രത്യേക കേന്ദ്രങ്ങളിൽ ഇത് എങ്ങനെ അപ്ലൈ ചെയ്യാമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ അപേക്ഷയുടെ കാര്യം പ്രത്യേകം പരിഗണിച്ച് അനുവദിക്കാവുന്നതാണെങ്കിൽ കാലതാമസമില്ലാതെ ചെയ്യുന്നതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, വന്യമൃഗങ്ങളുടെ ആക്രമണംമൂലം കേരളത്തിൽ സമീപകാലത്തായി നിരവധിയാളുകൾ കൊല്ലപ്പെടുകയും നിരവധി പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയുമുണ്ടായി. സോളാർ ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, പ്രതിരോധ മതിലുകൾ എന്നിവയെക്കുറിച്ചാണ് ഇവിടെ സംസാരിക്കുന്നത്. എന്നാൽ ഇക്കാര്യത്തിൽ നൂതന സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കേണ്ടതുണ്ട്. മനുഷ്യർക്ക് ദോഷകരമല്ലാത്തതും എന്നാൽ വന്യമൃഗങ്ങളെ ഭയപ്പെടുത്തി അകറ്റുന്നതുമായ പ്രത്യേക സൗണ്ട് ഉപയോഗിച്ചു കൊണ്ടുള്ള ചില സംവിധാനങ്ങളെക്കുറിച്ച് വാർത്തകൾ വരുന്നു. അത്തരത്തിൽ നൂതനമായ ഒരു സംവിധാനത്തെക്കുറിച്ച് KFRI (Kerala Forest Research Institute)-യെ ഉപയോഗപ്പെടുത്തി ഗവേഷണം നടത്തിയിട്ടുണ്ടോ; ഇത്തരത്തിലുള്ള അത്യാധുനിക സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കാൻ വനം വകുപ്പ് തയ്യാറാകുമോ?

ശ്രീ. കെ. രാജു: സർ, വനം വകുപ്പ് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കാട്ടുമൃഗങ്ങളെ നേരിടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതിലൊന്നാണ് എസ്.എം.എസ്. അലർട്ട് സിസ്റ്റം. അതുസംബന്ധിച്ച് പഠിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. ടി. എ. റഹീമിനുവേണ്ടി ശ്രീ. കെ. ബാബു: സർ, എന്റെ നിയോജക മണ്ഡലത്തിൽ രണ്ട് മാസത്തിനിടയിൽ പന്നിയുടെ ആക്രമണത്തിൽ സാലുദ്ദീൻ, ഓട്ടോ ഡ്രൈവറായ ശരവണൻ എന്നിവർ മരണപ്പെട്ടു. കഴിഞ്ഞ ദിവസം കാട്ടുപോത്തിന്റെ ആക്രമണത്തിൽ ബോണക്കാടുള്ള രാജേന്ദ്രൻ എന്നയാൾ മരണപ്പെടുകയും വളരെ ദയനീയമായി പരിക്കേറ്റ മറ്റൊരാൾ ആശുപത്രിയിലുമാണ്. വനത്തെയും വന്യമൃഗങ്ങളെയും സംരക്ഷിക്കാൻ ജനജാഗ്രതാ സമിതികൾ, വി.എസ്.എസ്., എ.ഇ.സി. എന്നിവയുണ്ട്. പക്ഷേ ഇപ്പോൾ ആ ഭാഗങ്ങളിൽ വന്യമൃഗങ്ങളിൽനിന്നും ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ ഒരു സമിതിയും നിലവിലില്ല. അതുകൊണ്ട് വന്യജീവികളിൽനിന്നും ജനങ്ങളെ സംരക്ഷിക്കാനായി ആദിവാസികളെയും വനമേഖല ഉൾപ്പെടുന്ന പഞ്ചായത്തുകളിൽനിന്നും യുവജനങ്ങളെയും ഉൾപ്പെടുത്തി പരിശീലനം നൽകി ഒരു പ്രത്യേക സ്ക്വാഡ് രൂപീകരിക്കാൻ കഴിയുമോ?

ശ്രീ. കെ. രാജു: സർ, വനാതിർത്തി പങ്കുവയ്ക്കുന്ന 244 പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരം സമിതികളുടെ നേതൃത്വത്തിൽ ആദിവാസി സമൂഹത്തിൽപ്പെട്ടവരുടെ അറിവ് പ്രയോജനപ്പെടുത്തുന്നതോടൊപ്പം ആ പ്രദേശത്തെ യുവജനങ്ങളെയും ഇതിനുവേണ്ടി ഉപയോഗിക്കാം. അത്തരത്തിൽ ബഹുജന പങ്കാളിത്തത്തോടെയുള്ള വനസംരക്ഷണമാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ജനജാഗ്രതാ സമിതികൾ കൂടുമ്പോൾ എം.എൽ.എ.-മാരും മറ്റ് ജനപ്രതിനിധികളും അതിൽ പങ്കെടുക്കാൻ ശ്രദ്ധിച്ചാൽ നന്നായിരിക്കുമെന്നാണ് ഈയവസരത്തിൽ പറയാനുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, എന്റെ മണ്ഡലത്തിൽ ഇ.ഡി.സി.ക്കു വേണ്ടി വർക്ക്ചെയ്യുന്ന, ബോണക്കാട് താമസിക്കുന്ന, അഗസ്ത്യ വനത്തിലേക്ക് ആളുകളെ കൊണ്ടുപോകുന്ന രാജേന്ദ്രൻ എന്ന ടൂറിസ്റ്റ് ഗൈഡ് കാട്ടുപോത്തിന്റെ ആക്രമണമേറ്റ് മരിച്ചിരുന്നു. അങ്ങ് ഇക്കാര്യം നിയമസഭയിൽ പരാമർശിച്ചിരുന്നു. ഇപ്പോൾ ബോഡി പൊങ്കാലപ്പാറയിൽനിന്നും വനപാലകർ വിതുരയിലേക്ക് കൊണ്ടുവരികയാണ്. ഇ.ഡി.സി.-യിൽ വർക്ക് ചെയ്യുന്നവർ വളരെ കഷ്ടപ്പെട്ടാണ് ചെറിയ തുകയ്ക്കുവേണ്ടി ഉൾവനങ്ങളിൽ പോകുന്നത്. രാജേന്ദ്രന്റെ കുടുംബത്തിന് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതോടൊപ്പം തന്നെ ഇ.ഡി.സി.-യിൽ വർക്ക് ചെയ്യുന്ന സാധാരണക്കാരായ ആളുകൾക്ക് ഇതുപോലെയുള്ള പ്രശ്നങ്ങളുണ്ടാകുകയാണെങ്കിൽ ഇൻഷ്വറൻസും അതിനോടൊപ്പമുള്ള പരിരക്ഷയും ഉറപ്പ് വരുത്തുമോ?

ശ്രീ. കെ. രാജു: സർ, ഇ.ഡി.സി. അംഗങ്ങൾ അടക്കമുള്ള ഫോറസ്റ്റ് ഗൈഡുകൾ നടത്തുന്ന പ്രവർത്തനം വലിയ റിസ്കുള്ളതാണ്. മിനിഞ്ഞാന്ന് അവിടെ നല്ല മഞ്ഞുണ്ടായിരുന്നുവെന്നാണ് അറിഞ്ഞത്. തമിഴ്നാട്ടുകാരായ ഇരുപതോളം പേരുള്ള ഒരു സംഘത്തെ നയിച്ചുകൊണ്ടാണ് ഇദ്ദേഹം പോയത്. പെട്ടെന്നാണ് കാട്ടുപോത്തിന്റെ ആക്രമണമുണ്ടായത്. ആ സംഘത്തിൽപ്പെട്ട സന്ദർശകർക്കാർക്കും അപകടം

സംഭവിച്ചില്ല. ഇ.ഡി.സി. അംഗമായ ഗൈഡിനോടൊപ്പമുള്ള മറ്റൊരു ഗൈഡിനും വീണ് പരിക്കേറ്റിട്ടുണ്ട്. മരണപ്പെട്ട ആളിന്റേത് പാവപ്പെട്ട കുടുംബമാണെന്നുള്ളത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അവർക്ക് അടിയന്തരമായി നഷ്ടപരിഹാരവും ആ കുടുംബത്തിൽപ്പെട്ട ആർക്കെങ്കിലും ഇ.ഡി.സി.-യുമായി ബന്ധപ്പെട്ട് തൊഴിൽ നൽകുന്നതിനെ സംബന്ധിച്ചും തീരുമാനമെടുക്കാവുന്നതാണ്. അതുപോലെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, എന്റെ നിയോജകമണ്ഡലമായ ചേലക്കരയിൽ, നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ, മൂന്ന് ആനകൾ തിരുവില്വാമല പഞ്ചായത്തിലും കൊണ്ടാഴി പഞ്ചായത്തിലുമായി പാമ്പാടി, മായന്നൂർ, കുത്താമ്പുള്ളി പ്രദേശങ്ങളിലെ നാട്ടുകാരെയാകെ ഭീതിയിലാക്കിയിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം വളരെ നല്ല രീതിയിൽ ഇടപെടുകയും ഇന്നലെ പകലും രാത്രിയുമായി വനപാലകർ ഇടപെട്ട് ആനകളെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയുമാണ്. ആനകൾ വീണ്ടും തിരിച്ചെത്തിയെന്നാണ് ഇന്ന് രാവിലെ ലഭിച്ച വിവരം. ആനകളെ ശബ്ദമുണ്ടാക്കി വീണ്ടും തിരിച്ചയയ്ക്കേണ്ട ഒരു സ്ഥിതി ഉണ്ടായിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ആനകൾ അവിടെയുള്ള കൃഷിയും വീടുകളും മതിലുമെല്ലാം നശിപ്പിച്ചിട്ടുണ്ട്. നാശനഷ്ടമുണ്ടായവർക്ക് നഷ്ടപരിഹാരത്തിനുള്ള ഇടപെടൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. കെ. രാജു: സർ, മൂന്ന് ആനകളെയും തിരിച്ചുവിടുന്നതിനുള്ള ശ്രമം നടത്തുന്നുണ്ടെങ്കിലും അവ തിരിച്ചുപോകുന്നില്ല. ധാരാളം ആളുകൾ ചുറ്റും കൂടിയിട്ടുണ്ട്. ചാനലുകാരും ആനകളെ കാണുന്നതിന് ആയിരക്കണക്കിന് ആളുകളും ഒരു ഉത്സവംപോലെ കൂടിയിരിക്കുകയാണ്. ആനകൾ തിരിച്ച് കയറി പോകുന്നതിന് അതും ഒരു തടസ്സമാണ്. ഇനിക്കൂടി പരിശ്രമിച്ചിട്ട് ആനകൾ തിരിച്ചുകയറി പോകുന്നില്ലെങ്കിൽ, വയലന്റാകുന്ന ഒരു സ്ഥിതിയാണ് തുടരുന്നതെങ്കിൽ മറ്റെന്തെങ്കിലും മാർഗ്ഗത്തെ കുറിച്ച് ആലോചിക്കേണ്ടി വരും. എക്സ്പെർട്ടായ വെറ്ററിനറി ഡോക്ടർമാരെയും മയക്കുവെടിവയ്ക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള ആളുകളെയും അവിടേയ്ക്ക് അയച്ചിട്ടുണ്ട്. അവരെല്ലാം അവിടെ നിരീക്ഷണത്തിലാണ്. വനപാലകർ കാര്യമായി ഇടപെട്ടു കൊണ്ടിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ അഭിനന്ദനമർഹിക്കുന്ന സംഗതിയാണ്. അദ്ദേഹം പറഞ്ഞ നിർദ്ദേശങ്ങൾ സ്വീകാര്യമാണ്.

മി. സ്പീക്കർ: ക്ഷമിക്കണം. ചെയറിന് അംഗങ്ങളിൽനിന്നും ലഭിച്ചിരിക്കുന്ന മിക്കവാറും കുറിപ്പുകളിലും ആനയുടെയോ മറ്റ് വന്യമൃഗങ്ങളുടെയോ പീഡനം സഹിക്കേണ്ടിവരുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. എല്ലാവരുടെയും ചോദ്യങ്ങൾക്ക് അനുവാദം നൽകാൻ കഴിയില്ല. അര മണിക്കൂർ കഴിഞ്ഞു. ആ വികാരമെല്ലാം മന്ത്രി ഉൾക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

*62-ാം നമ്പർ ചോദ്യവുമായി *89-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം രാജു എബ്രഹാം നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു.

## പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നമനം

3(*62) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസ പരമായി ഉന്നതിയിലെത്തിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളുടെ നവീകരണത്തിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വീട്ടിൽ സ്വന്തമായി പഠനമുറിയെന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ആഗ്രഹം സഫലമാക്കാനുള്ള 'പഠനമുറി' പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ,

ഇന്ന് ലോക ആദിവാസി ദിനത്തിന്റെ പത്താം വാർഷികമാണ്. മാത്രവുമല്ല, മഹാത്മാഗാന്ധി 1942-ൽ സാമ്രാജ്യത്വത്തോട് ക്വിറ്റ് ഇന്ത്യ പ്രഖ്യാപിച്ച ദിനം കൂടിയാണ്. ആ ഒരു പ്രാധാന്യം ഈ ദിനത്തിനുണ്ട്.

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും ഈ സർക്കാർ വന്നതിനുശേഷം 25 ശതമാനം മുതൽ 100 ശതമാനം വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തിൽ പട്ടികജാതി വികസന വകുപ്പ് വിദ്യാഭ്യാസത്തിനായി സംസ്ഥാന പദ്ധതിയിൽ 423 കോടി രൂപയും കേന്ദ്ര പദ്ധതിയിനത്തിൽ 310 കോടി രൂപയും (ആകെ 733 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസത്തിനായി സംസ്ഥാന പദ്ധതിയിൽ 171 കോടി രൂപയും കേന്ദ്രപദ്ധതിയിൽ 27 കോടി രൂപയും (ആകെ 198 കോടി രൂപ) വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നതിക്കായി നടപ്പിലാക്കുന്ന പൊതുപദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നഴ്സറി, പ്രീ-മെട്രിക് തലത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, അൺ-എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസ്, റീ-ഇംബേഴ്സ്മെന്റ്, പ്രീ-മെട്രിക് സ്റ്റൈപ്പന്റ്.

2. പോസ്റ്റ് മെട്രിക് തലത്തിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, ഫീസ്, ഹോസ്റ്റൽ ചെലവുകൾ.

3. എയ്ഡഡ്/സ്വകാര്യ റസിഡൻഷ്യൽ സ്കൂളുകളിൽ താമസിച്ച് പഠിക്കുന്നതിന് അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് പദ്ധതി (100 ശതമാനം കേന്ദ്രസഹായം)

4. 9, 10 ക്ലാസ്സുകളിലെ പ്രീ-മെട്രിക് സ്കോളർഷിപ്പ് (100 ശതമാനം കേന്ദ്രസഹായം).

5. ഗവൺമെന്റ് ഓഫ് ഇന്ത്യ സ്കോളർഷിപ്പ് 2.50 ലക്ഷം രൂപ വാർഷിക വരുമാനമുള്ള പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക്.

6. എം.ബി.ബി.എസ്., ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് സ്റ്റെതസ്കോപ്പ് വാങ്ങാൻ ധനസഹായം.

7. എഞ്ചിനീയറിംഗ്, മെഡിക്കൽ, ബിരുദ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത ബിരുദ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് വാങ്ങാൻ ധനസഹായം.

8. പ്രാരംഭച്ചെലവുകൾക്കുള്ള ധനസഹായം (മെഡിക്കൽ/ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക്)

9. ശുചീകരണ മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ആശ്രിതർക്കുള്ള സ്കോളർഷിപ്പ്.

10. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്.

11. മെഡിക്കൽ/എഞ്ചിനീയറിംഗ് പരീക്ഷയിൽ റാങ്ക് നേടുന്നവർക്ക് ഗോൾഡ് മെഡൽ നൽകുന്ന പദ്ധതി.

12. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

13. പൊതു പരീക്ഷകളിൽ ഉയർന്ന മാർക്ക്/ഗ്രേഡ് നേടുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം.

14. പഠനയാത്ര.

15. വിദ്യാർത്ഥികൾക്ക് റഫറൻസ് ബുക്കുകൾ ലഭ്യമാക്കുന്നതിന് കോളേജുകളിൽ ബുക്ക് ബാങ്ക് സ്കീം (100 ശതമാനം കേന്ദ്ര സഹായം).

16. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (29 എണ്ണം) ഏറ്റവും നല്ല വിദ്യാഭ്യാസ നിലവാരമുള്ള സ്ഥാപനങ്ങളാണ്.

17. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ (197 എണ്ണം).

18. എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടുന്ന എസ്.എസ്.എൽ.സി., പ്ലസ് ടു വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ.

19. സംസ്ഥാന സ്കൂൾ കലോത്സവങ്ങളിൽ എ ഗ്രേഡ് നേടുന്നവർക്ക് 10,000 രൂപ ക്യാഷ് അവാർഡ്.

20. കമ്മ്യൂണിറ്റി പോളിടെക്നിക്.

21. എൻ.ടി.ടി.എഫ്. മുഖേന 300 വിദ്യാർത്ഥികൾക്ക് ഡിപ്ലോമ പഠനവും പ്ലേസ്മെന്റും.

22. മത്സരപരീക്ഷ പരിശീലനത്തിന് പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ, സിവിൽ സർവ്വീസ് കോച്ചിംഗ് സെന്റർ.

23. സ്വകാര്യ മേഖലയിൽ തൊഴിൽ നേടുന്നതിന് ബിരുദധാരികളെ സജ്ജമാക്കുന്ന ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം 'ക്രസ്റ്റ്' മുഖേന.

24. എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സർക്കാർ/എയ്ഡഡ് കോളേജുകളിൽ പ്രത്യേക പരിശീലനം ഈ വർഷം മുതൽ ആരംഭിക്കുകയാണ്.

25. ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകളും പ്രഭാത-ഉച്ചഭക്ഷണ പദ്ധതിയും ഈ വർഷം മുതൽ നടപ്പിലാക്കുകയാണ്.

ഇതിനുപുറമെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി താഴെപ്പറയുന്ന പ്രത്യേക പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്.

1. സ്കൂൾ വിദ്യാർത്ഥികൾക്ക് അകലങ്ങളിലുള്ള സ്കൂളുകളിലേയ്ക്ക് പോകുന്നതിന് പ്രത്യേക യാത്രാ സൗകര്യം ഏർപ്പാടാക്കുന്ന 'ഗോത്രസാരഥി' പദ്ധതി.

2. വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് ട്യൂട്ടോറിയൽ പദ്ധതി.

3. യൂണിഫോം വിതരണം.

4. മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ്.

5. സങ്കേതങ്ങൾക്കുള്ളിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, വികാസ് വാടികൾ, കിന്റർഗാർഡനുകൾ, ബാലവാടികൾ.

6. സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനം.

<u>പുതിയ പദ്ധതികൾ:</u>

7. പട്ടികവർഗ്ഗ ഊരുകളിൽ വിദ്യാർത്ഥികൾ കൃത്യമായി ഗൃഹപാഠങ്ങൾ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്താനും ആധുനിക പഠനോപാധികൾ ഉറപ്പുവരുത്താനും വേണ്ടി 'സാമൂഹ്യ പഠന മുറികൾ' ഈ വർഷം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സാമൂഹ്യ പഠനമുറിക്ക് അഞ്ച് ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. നൂറ് സാമൂഹ്യ പഠനമുറികളാണ് ഈ വർഷം നിർമ്മിക്കുന്നത്. ഇന്റർനെറ്റ് കണക്ഷനുള്ള കമ്പ്യൂട്ടർ, ഫർണിച്ചറുകൾ, ലൈബ്രറി എന്നിവ ഇവിടെ ലഭ്യമായിരിക്കും. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു ട്യൂട്ടറെ 15,000 രൂപ ഓണറേറിയത്തിൽ നിയമിക്കും.

8. ഈ വർഷം ആരംഭിച്ച ഒരു പുതിയ സംരംഭമാണ് 'ഗോത്രബന്ധു' പദ്ധതി. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 അദ്ധ്യാപകരെ നിയമിച്ചു. കൊഴിഞ്ഞുപോക്ക് തടയുക, ചെറിയ ക്ലാസ്സുകളിൽ ഭാഷാപരമായ പ്രശ്നങ്ങൾ പഠനത്തിന് തടസ്സം നിൽക്കുന്നത് ഒഴിവാക്കുക, മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകുന്നതിന് സൗകര്യമൊരുക്കുക എന്നിവയാണ് ഗോത്രബന്ധു അദ്ധ്യാപകരുടെ പ്രധാനപ്പെട്ട ദൗത്യം.

പട്ടികജാതി വിദ്യാർത്ഥികൾക്ക് മാത്രമായി ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് നൽകി വരുന്നു.

വിദ്യാഭ്യാസത്തിന്റെ ഭാഗമായുള്ള പാലക്കാട് മെഡിക്കൽ കോളേജിന്റെ (IIMS) പ്രവർത്തനവും നല്ല രൂപത്തിൽ നടക്കുകയാണ്.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്.-കളുടെയും ഐ.ടി.ഐ.-കളുടെയും ഹോസ്റ്റലുകളുടെയും നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളുടെയും മെയിന്റനൻസ് പൂർത്തിയാക്കിയിട്ടുണ്ട്. പുതുതായി 12 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾകൂടി നിർമ്മിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഒരു പുതിയ എം.ആർ.എസ്.-ന്റെ നിർമ്മാണ നടപടി കോഴിക്കോട് മരുതോങ്കരയിൽ ആരംഭിച്ചു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലസ്ടു ഇല്ലാത്ത 11 എം.ആർ.എസ്.കളിൽ പ്ലസ്ടു ആരംഭിക്കാൻ തീരുമാനിച്ചു. കൊല്ലത്ത് കുളത്തൂപ്പുഴയിലും പാലക്കാട് പെരിങ്ങോട്ടുകുറിശ്ശിയിലും ഈ വർഷം തന്നെ പ്ലസ്ടു ആരംഭിക്കും. പരമാവധി മറ്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും ഈ വർഷംതന്നെ പ്ലസ്ടു കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

(സി) 2017-18 വർഷം മുതൽ 'പഠനമുറി' പദ്ധതി ആരംഭിക്കുന്നതാണ്. 2017-18 വർഷം 5000 പഠനമുറി നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ധനസഹായ തുക 2,00,000 രൂപയാണ്. 120 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ടൈൽ പാകിയ തറ, വൈദ്യുതി, അലമാര, സ്റ്റഡി ടേബിൾ, 2 കസേര, ടേബിൾ ലാമ്പ്, കമ്പ്യൂട്ടർ ടേബിൾ എന്നിവയാണ് പഠനമുറിയിൽ ഉൾപ്പെടുന്ന സൗകര്യങ്ങൾ. ഇത് താമസിക്കാൻ സൗകര്യമില്ലാത്ത വീടുകളിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ളതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ ഒരു കിടപ്പുമുറി മാത്രമുള്ള വീടുകൾ, ഒന്നിൽക്കൂടുതൽ ഹൈസ്കൂൾ വിദ്യാർത്ഥികളുള്ള വീടുകൾ എന്നീ മുൻഗണനാ മാനദണ്ഡങ്ങൾ ആയിരിക്കും ഇതിനുവേണ്ടി സ്വീകരിക്കുന്നത്.

## ആദിവാസി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നൂതന പദ്ധതികൾ

4(* 89) ശ്രീ. ആർ. രാജേഷ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിന് ഗോത്രബന്ധു പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിദ്യാലയങ്ങൾ ഗോത്ര സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും കൊഴിഞ്ഞു പോക്ക് തടയുന്നതിനായും ഗോത്രബന്ധു പദ്ധതി 2017-18 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കുന്നു. വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഓരോ

മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിന്റെ ഭാഗമായി ഊരുകളിൽ സാമൂഹ്യ പഠനമുറി പദ്ധതി 2017-18 സാമ്പത്തികവർഷം മുതൽ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു വ്യക്തിയെ തെരഞ്ഞെടുത്ത് ട്യൂഷൻ നൽകുന്നതിലേയ്ക്കായി പദ്ധതി പ്രകാരം നിയമിക്കുന്നു.

(ബി) ആദിവാസി വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി വയനാട് ജില്ലയിലെ പ്രൈമറി സ്കൂളുകളിൽ 2017-18 അദ്ധ്യയനവർഷം ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും ഒന്ന് മുതൽ നാലാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കുന്നവരെ അദ്ധ്യാപകരായി നിയമിക്കുന്ന പദ്ധതിയാണ് 'ഗോത്രബന്ധു' പദ്ധതി. വിദ്യാലയം സ്ഥിതിചെയ്യുന്ന പ്രദേശത്തെ മുഖ്യ പിന്നോക്ക ഗോത്രവർഗ്ഗം ഏതാണോ ആ വിഭാഗത്തിൽനിന്നും നിശ്ചിത യോഗ്യതയുള്ളവരെയാണ് മെന്റർ ടീച്ചർമാരായി നിയമിക്കുന്നത്. ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങളിൽ പ്രാവീണ്യം എന്നിവ മെന്റർ ടീച്ചർമാരെ തെരഞ്ഞെടുക്കുന്നതിൽ അധിക യോഗ്യതയായി പരിഗണിക്കുന്നു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1549/17/ പജപവവിവ. തീയതി 17-6-2017 പ്രകാരം ടി ടീച്ചർമാർക്ക് ഓണറേറിയമായി 15,000 രൂപ പ്രതിമാസം അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

ജില്ലയിലെ പിന്നോക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽ നിന്നും ഒന്ന് മുതൽ നാല് വരെ പഠിക്കുന്ന കുട്ടികളുടെ ഇടയിലെ കൊഴിഞ്ഞുപോക്ക് തടഞ്ഞ് അവരെ വിദ്യാലയങ്ങളിൽ എത്തിക്കുകയും വിദ്യാഭ്യാസ ഉന്നമനത്തിനായി പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ ടീച്ചറോടൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുകയും സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുമുള്ള വേദിയൊരുക്കുകയും സഹ അദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ചെയ്യുകയെന്നത് ഗോത്രബന്ധു പദ്ധതി പ്രകാരം നിയമിച്ചിട്ടുള്ള മെന്റർ ടീച്ചർമാരുടെ പ്രവർത്തനങ്ങളാണ്.

2017-18 സാമ്പത്തിക വർഷം ഗോത്രബന്ധു പദ്ധതിക്കായി 4 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1,70,00,000 രൂപ മെന്റർ ടീച്ചർമാർക്ക് ഓണറേറിയം നൽകുന്നതിനായി അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) വിദ്യാലയങ്ങൾ ഗോത്ര സൗഹൃദമാക്കുന്നതിന്റെ ഭാഗമായി പട്ടികവർഗ്ഗക്കാർ കൂടുതലുള്ള വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ളവരെ ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. പദ്ധതി മറ്റ് ജില്ലകളിലും വ്യാപിപ്പിക്കുന്നതിലേയ്ക്ക് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പട്ടികവർഗ്ഗ ഊരുകൾ, ദുർഘട വനപ്രദേശങ്ങൾ, മതിയായ വാഹന സൗകര്യമില്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളിൽ എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഗോത്രസാരഥി പദ്ധതി സംസ്ഥാനത്തൊട്ടാകെ ആവശ്യമായ വിദ്യാലയങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. കൂടുതൽ വിദ്യാലയങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട ആവശ്യകതയുണ്ടായാൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. വിഹിതത്തിൽനിന്നും കണ്ടെത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ വളരെ ശ്രദ്ധേയമായ ഇടപെടലുകളും ആ ജനവിഭാഗങ്ങൾക്ക് നല്ല ആത്മവിശ്വാസം പകരുന്ന നടപടികളുമാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. വിദ്യാലയങ്ങളിൽ ആദിവാസി വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കാനും കൊഴിഞ്ഞുപോക്ക് തടയാനുമുള്ള നടപടികൾ സ്വീകരിക്കാനും ആനുകൂല്യങ്ങൾ കൃത്യമായി കൊടുക്കാനും ശ്രദ്ധിച്ചിട്ടുണ്ട്. ആദിവാസി ജനവിഭാഗങ്ങളെ വിദ്യാലയങ്ങളിലെത്തിക്കാനും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ആദിവാസി വിദ്യാർത്ഥി കേന്ദ്രങ്ങളിൽ സാംസ്കാരിക പരിപാടികൾക്ക് മുൻതൂക്കം കൊടുക്കുന്ന പരിപാടിയോടൊപ്പം ഓണക്കാലത്ത് എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റ് നടത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഓണക്കാലത്ത് എല്ലാ ആദിവാസി വീടുകളിലും ഓണക്കിറ്റ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 1,55,000 വീടുകളാണ് ഇപ്പോഴുള്ളത്. 1,05,000 വീടുകളാണ് ഉണ്ടായിരുന്നത്, അത് രണ്ടും മൂന്നും കുടുംബങ്ങളായി താമസിക്കുകയാണ്. അവരെയെല്ലാം ഓരോ കുടുംബങ്ങളായി കണക്കാക്കി 1,500 രൂപ ചെലവിൽ ഓണക്കിറ്റ് നൽകുകയാണ്. പതിവിന് വിപരീതമായി പുതിയ ഐറ്റംസ് കൂടി ഈ ഓണക്കിറ്റിൽ ഉൾപ്പെടുത്തുകയാണ്. 60 വയസ്സ് തികഞ്ഞ സ്ത്രീയും പുരുഷനും ഉൾപ്പെടെയുള്ള 51,476 പേർക്ക് 600 രൂപ ചെലവിൽ ഓണക്കോടി കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം ഇടുക്കിയിൽ വച്ച് നടത്താനാണ് ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ ഓണത്തിന് കോഴിക്കോട് ജില്ലയിലെ ഒരു ആദിവാസി കോളനിയിൽ വച്ച് ഞാൻ തന്നെ ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കും.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, സാമൂഹ്യ പഠനമുറി ആദിവാസി കുട്ടികളെ സംബന്ധിച്ചിടത്തോളം പഠിക്കുന്നതിന് ഏറെ സൗകര്യപ്രദമായ ഒരു കാര്യം തന്നെയാണ്. ഈ വർഷം നൂറ് സാമൂഹ്യ പഠനമുറികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ടി.ടി.സി.യും ബി.എഡ്. ഉം പാസ്സായ കുറെ ആദിവാസി കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ഇതിൽ 241 പേരെ ട്രൈബൽ ടീച്ചർമാരായി എടുത്തു. ഇത് നാടാകെ ശ്രദ്ധിക്കുകയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പഠിച്ചാൽ കാര്യമുണ്ടെന്ന് തെളിയിക്കുന്ന ഒരു സംഭവമായി മാറുകയും ചെയ്തു. പ്രത്യേകിച്ച് ആദിവാസികൾക്ക് നല്ല ആത്മവിശ്വാസം പകരാൻ അത് ഇടയാക്കിയിട്ടുണ്ട്. അതെല്ലാം ഈ ഗവൺമെന്റിന്റെ പ്രത്യേകം അഭിനന്ദനം അർഹിക്കുന്ന കാര്യങ്ങളാണ്. ടി.ടി.സി. പാസ്സായ മറ്റ് ആദിവാസികൾക്ക് കോളനികളിൽ സാമൂഹ്യ പഠനമുറി ആരംഭിക്കുന്ന തിനോടൊപ്പം തന്നെ കോളനികളിൽ പഠിപ്പിക്കുന്നതിനുള്ള ട്യൂട്ടർമാരായി നിയമിക്കാൻ പ്രത്യേക നടപടി സ്വീകരിക്കുമോ; ടി.എസ്.പി. (Tribal Sub Plan) ഫണ്ട് ഉപയോഗിച്ച് ഗോത്രസാരഥി പദ്ധതി നടത്തിപ്പ് പഞ്ചായത്തുകളെ ഏൽപ്പിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, 100 സാമൂഹ്യ പഠനമുറി നിർമ്മിക്കാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ 100 സാമൂഹ്യ പഠനമുറി കളാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള 14 ജില്ലകളിലേയ്ക്കുമുള്ള ലിസ്റ്റ് തയ്യാറായിക്കഴിഞ്ഞു. ചെറിയ ഇടപെടൽ നടത്തിക്കഴിഞ്ഞാൽ ആദിവാസി മേഖലയിലെ വിദ്യാഭ്യാസ നിലവാരം നല്ല രൂപത്തിൽ മെച്ചപ്പെടുത്താൻ സാധിക്കും. ഉദാഹരണത്തിന്, 19 എം.ആർ.എസ്.-കൾ എസ്.ടി. വിഭാഗത്തിനുണ്ട്. അവിടെ നൂറ് ശതമാനമാണ് വിജയം. അതായത് നല്ല താമസസൗകര്യവും ഭക്ഷണവും ട്യൂഷനുമൊക്കെ നൽകിയാൽ അവരുടെ നിലവാരം ഉയരുമെന്നുള്ളതിന്റെ ഏറ്റവും നല്ല തെളിവാണ്. എം.ആർ.എസ്. ഹോസ്റ്റലുകളിൽ താമസിക്കാത്ത കുട്ടികളുണ്ട്, അവരുടെ വീടുകളിൽ യാതൊരു സൗകര്യവുമുണ്ടാകില്ല. അങ്ങനെയുള്ള കുട്ടികളെ സെലക്ട് ചെയ്തിട്ടാണ് ഈ സാമൂഹ്യ പഠനമുറിക്ക് രൂപം നൽകിയിരിക്കുന്നത്. സ്വാഭാവികമായും നല്ല പുരോഗതി വിദ്യാഭ്യാസ മേഖലയിൽ ആദിവാസികൾക്ക് കൈവരിക്കുവാൻ ഇതുവഴി കഴിയും. ഇത് ഇന്ത്യയ്ക്ക് ഒരു മാതൃകയായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

ശ്രീ. ആർ. രാജേഷ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിലുള്ള വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നല്ല പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു, പുതിയ കോഴ്സുകൾ ആരംഭിച്ചു. ഇങ്ങനെയുള്ള ഒട്ടേറെ നല്ല നടപടികൾ സർക്കാർ

സ്വീകരിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 44 ഐ.റ്റി.ഐ.കളിൽ സൗജന്യ ഉച്ചഭക്ഷണ പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു. മഹാഭൂരിപക്ഷം വരുന്ന ഐ.റ്റി.ഐ.കളിലും ആരംഭിച്ച കാലത്തുള്ള കോഴ്സുകൾ മാത്രമാണ് നിലവിലുള്ളത്. തൊഴിൽ വകുപ്പിന്റെ കീഴിലെ മറ്റ് ഐ.റ്റി.ഐ.കളിലുള്ള സമാനമായ കോഴ്സുകൾ 44 ഐ.റ്റി.ഐ. കളിലും ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; അതിനെക്കുറിച്ച് ഒരു പഠനം നടത്തി ആ ഐ.റ്റി.ഐ.കളിലെ ഉന്നമനത്തിന് വേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, അത് ശരിയാണ്. പുതിയ കോഴ്സുകളൊന്നും ഇവിടെയില്ല. പഴയ കുറെ ട്രേഡുകളാണുള്ളത്. അതൊന്നും പഠിക്കാൻ ഇപ്പോൾ കുട്ടികളെ കിട്ടുന്നില്ല. അപ്പോൾ പുതിയ കോഴ്സുകൾ ആവശ്യമാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത്, നൂതന ട്രേഡുകൾ 44 ഐ.റ്റി.ഐ.-കളിലും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അതുപോലെ ഇവർക്ക് ഇതുവരെയും ഉച്ചഭക്ഷണമുണ്ടായിരുന്നില്ല. ഈ വർഷം മുതലാണ് കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാൻ ഏർപ്പാടാക്കിയത്.

ശ്രീ. ആന്റണി ജോൺ: സർ, കഴിഞ്ഞ ഒരു വർഷക്കാലം എസ്.സി/ എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി ഗോത്രബന്ധു, ഗോത്രസാരഥി തുടങ്ങിയ പദ്ധതികളുൾപ്പെടെ നിരവധി വ്യത്യസ്ത ഇടപെടലുകൾ നടത്തി വകുപ്പ് മുന്നോട്ടു പോകുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേനയുള്ള കേന്ദ്ര വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതൊരു ചെറിയ പ്രശ്നമാണ്. യഥാർത്ഥത്തിൽ കമ്മിറ്റഡ് ലയബിലിറ്റി എന്നുപറഞ്ഞ് കേന്ദ്രത്തിന്റെ പേരിലാണ് നമ്മൾ ചെലവാക്കുന്നത്. പക്ഷേ സ്റ്റേറ്റിന്റെ കമ്മിറ്റഡ് ലയബിലിറ്റി എന്നുള്ള നിലയിൽ അനുവദിച്ച പണത്തിൽനിന്നും കേന്ദ്രത്തിന്റെ തുക പോയാൽ 35-40 ശതമാനം മാത്രമാണ് നമുക്ക് കിട്ടുന്നത്. പേരിന് സെൻട്രലി സ്പോൺസേർഡ് സ്കീം എന്നു പറയും. എസ്.സി. മേഖലയിൽ 73.52 കോടി രൂപ കേന്ദ്രസർക്കാരിൽനിന്നും കിട്ടാനുണ്ട്. അതിനുള്ള നടപടി ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. ഫലത്തിൽ 35-40 ശതമാനം മാത്രമേ നമുക്ക് കിട്ടുന്നുള്ളൂ. 100 ശതമാനമാണെന്ന് പറയുകയും ചെയ്യും. പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി അഞ്ച് വർഷത്തിന്റെ അവസാനം ചെലവഴിക്കുന്ന പണം കമ്മിറ്റഡ് ലയബിലിറ്റിയായി വരികയാണ്. ശേഷിക്കുന്ന വളരെ ചെറിയ എമൗണ്ടാണ് നമുക്ക് തരുന്നത്. അങ്ങനെയൊരു പ്രശ്നമുണ്ട്. അത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, സമൂഹത്തിലെ ഏറ്റവും ദുർബലരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ ജനനം മുതലുള്ള ജീവിതത്തിന് സുരക്ഷ നല്കുന്നതിനും അവരുടെ വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സർക്കാർ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വാത്സല്യനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണതലത്തിലുള്ള ചില പ്രശ്നങ്ങളുള്ളതുകൊണ്ടാണ് കുറച്ച് താമസിച്ചു പോയത്. ഈ വർഷം മുതൽ അത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, പത്തനംതിട്ട ജില്ലയിലെ 98 ശതമാനം ആദിവാസികളും റാന്നി മണ്ഡലത്തിലുള്ളവരാണ്. അവിടെയുള്ള ഏറ്റവും വലിയ കോളനിയായ അടിച്ചിപ്പുഴയിൽ ബ്രില്യൻസിന്റെ സഹായത്തോടുകൂടി ജനമൈത്രി പോലീസ് ഒരു എൻട്രൻസ് കോച്ചിംഗ് സെന്റർ ആരംഭിച്ചു. അതുപോലെ അവിടെ തൊഴിൽ പരിശീലനത്തിനുള്ള സംവിധാനവുമുണ്ടാക്കി, പക്ഷേ കുട്ടികൾക്ക് ഇരിക്കാൻ സ്ഥലമോ മുറിയോ ഇല്ല. ഇതിനായി രണ്ടുവർഷമായി ഒരു കമ്മ്യൂണിറ്റി ഹാൾ ആവശ്യപ്പെടുകയാണ്. ഈ ഗവൺമെന്റ് വന്നപ്പോഴും ആവശ്യപ്പെട്ടു. പക്ഷേ പോസിറ്റീവായ സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. രണ്ടു തവണ അത് ക്വറിയിട്ട് മടക്കി അയച്ചു. ശബരിമല വനത്തിനുള്ളിൽ പുറത്തിറങ്ങാത്ത ആദിവാസികൾക്കുവേണ്ടി ഒരു സ്കൂൾ ആരംഭിക്കുവാൻ നിർദ്ദേശം കൊടുത്തു. അതിന് ഒരു ഉദ്യോഗസ്ഥൻ തന്ന മറുപടി, പഞ്ചായത്തിന്റെ ഫണ്ടും എം.എൽ.എ. ഫണ്ടും എം.പി. ഫണ്ടും ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കണ മെന്നാണ്. ഭിക്ഷയെടുക്കാനുള്ള മാർഗ്ഗം ആരെങ്കിലും പറഞ്ഞുതരണോ? അതുകൊണ്ട് വളരെ പോസിറ്റീവായ സമീപനം ഇത്തരം കാര്യങ്ങളിൽ ഉണ്ടാകണം. ഇത്തരം അടിയന്തര പ്രശ്നങ്ങളിൽ മാതൃകാപരമായ നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. അതിനാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ ഇടപെട്ട് വളരെ പോസിറ്റീവായ തീരുമാനം എടുക്കാൻ കഴിയുമോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ആദിവാസി കോളനി നവീകരണവുമായി ബന്ധപ്പെട്ട് വേണമെങ്കിൽ ഈ വർഷം തന്നെ ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് ഒരു കോടി രൂപ ഊരു വികസന പദ്ധതിയിൽ കൊടുക്കാവുന്നതാണ്. അതിൽ രണ്ട് ഊരുകളെങ്കിലും ഉൾപ്പെടുത്താൻ സാധിക്കും. അതുപോലെതന്നെ ടി.എസ്.പി. ഫണ്ട് പഞ്ചായത്ത് സ്ഥാപനങ്ങൾ ചെലവഴിക്കുന്നില്ല. പഞ്ചായത്തുകൾക്ക് ഗ്രാന്റ്-

ഇൻ-എയ്ഡായി കൊടുക്കുന്ന തുകയുടെ 40-60 ശതമാനംപോലും ചെലവഴിക്കുന്നില്ല. ഇതും നമുക്ക് ഉപയോഗിക്കാൻ പറ്റുന്നതാണ്. ഈ കോളനിയുടെ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട കൊണ്ടുള്ള ഒരു പ്രധാനപ്പെട്ട ഭാഗമാണ് തൊഴിൽ പരിശീലന കേന്ദ്രം. അതിന്റെ സാധ്യതകളെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ഒ. ആർ. കേളു: സർ, ആദിവാസി വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി ഒട്ടനവധി പദ്ധതികൾ ഇപ്പോൾ നടപ്പാക്കിവരുന്നുണ്ടെന്ന് സൂചിപ്പിച്ചു. പി.എസ്.സി. പരീക്ഷ എഴുതുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് പട്ടികവർഗ്ഗ കുട്ടികൾക്ക് എല്ലാ സ്ഥലങ്ങളിലും പരിശീലന കേന്ദ്രങ്ങളില്ല. അത്തരം സ്ഥാപനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിനുവേണ്ടി ഡിപ്പാർട്ട്മെന്റിന്റെ ഭാഗത്തുനിന്ന് നടപടിയുണ്ടാകുമോ?

ശ്രീ. എ. കെ. ബാലൻ : സർ, പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ഇപ്പോൾ നാല് ജില്ലകളിൽ മാത്രമേ ഉള്ളൂ, അത് എല്ലാ ജില്ലകളിലും വ്യാപിപ്പിക്കാൻ കഴിയണം. ഇത്തരം സെന്ററുകൾ വഴി പി.എസ്.സി. പരീക്ഷാ പരിശീലനം നൽകുന്നതിന് സാധിക്കും. വയനാട് ജില്ലയിൽ അത്തരത്തിലുള്ള ഒരു കേന്ദ്രത്തെ സംബന്ധിച്ച് വകുപ്പിനോട് ആരായുന്നതാണ്. എന്തായാലും വയനാട് ജില്ലയിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ആദിവാസികൾക്ക് എല്ലാ സഹായവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. പി. വി. അൻവർ : സർ, ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള ഇടപെടലുകൾ ആദിവാസി മേഖലയിൽ നന്നായി നടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ പൊതുവിൽ ഈ വിഭാഗത്തിൽപ്പെടുന്ന ചെറുപ്പക്കാർക്ക് വലിയൊരു ആത്മവിശ്വാസമുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്തേയ്ക്ക് അവർ ശക്തമായി കടന്നുവരികയും അതിന് ശക്തമായ പിന്തുണ നൽകുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. സർക്കാരിന് കഴിയുമെങ്കിൽ ഈ മേഖലയിൽ ഒരു പോളിടെക്നിക് സ്ഥാപിക്കേണ്ടതുണ്ട്. ഐ.റ്റി.ഐ.-കളിൽ കുട്ടികൾ പഠിക്കാൻ താൽപ്പര്യം കാണിക്കുന്നുണ്ട്. അവർക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്തു കൊടുത്താൽ വളരെ ബുദ്ധിപരമായി പ്രവർത്തിക്കാനും ചിന്തിക്കാനും സാധിക്കും. കഴിഞ്ഞ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ പരീക്ഷാഫലം വന്നപ്പോൾ മെച്ചപ്പെട്ട റിസൾട്ടാണ് നിലമ്പൂരിലെ ഇന്ദിരാ ഗാന്ധി മെമ്മോറിയൽ സ്കൂളിൽ ഉണ്ടായിട്ടുള്ളത്. ഏതെങ്കിലും നിലയ്ക്ക് പ്രത്യേകിച്ച് വയനാടിനേയും നിലമ്പൂരിനേയും ബന്ധിപ്പിക്കുന്ന മേഖലകളിൽ എവിടെയെങ്കിലും ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് മാത്രം ഒരു പോളിടെക്നിക് സ്ഥാപിക്കുന്നതിനുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, പുതിയ കോഴ്സുകളെ സംബന്ധിച്ചും സ്ഥാപനങ്ങളെ സംബന്ധിച്ചും പല ഡിമാന്റുകളും ജില്ലകളിൽനിന്നും വന്നിട്ടുണ്ട്. ഇതിൽ 255 കോടി രൂപ ചെലവിൽ 'കിഫ്ബി' കുറെ പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ ഭാഗമായി നിലമ്പൂരിൽ പോളിടെക്നിക് ആവശ്യമാണോയെന്ന കാര്യത്തെ സംബന്ധിച്ച് വകുപ്പുതലത്തിൽ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അംഗം പറഞ്ഞ കാര്യം ശരിയാണ്. ആദിവാസി മേഖലകളിൽ ടെക്നിക്കൽ വിദ്യാഭ്യാസത്തിന്റെ കുറവുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യം മുതൽതന്നെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആ പ്രൊപ്പോസലിന്റെ ഭാഗമായാണ് ഞങ്ങൾ 'കിഫ്ബി'-യിലും കുറെ സ്ഥാപനങ്ങൾ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഗവൺമെന്റുകൾ പട്ടികജാതിക്കാർക്കുവേണ്ടി വീടുകൾ വച്ച് നൽകുകയും അവരുടെ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും അവർക്കുള്ള സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുകയും ചെയ്യാറുണ്ട്. ഇതെല്ലാം എല്ലാ ഗവൺമെന്റുകളും ചെയ്യുന്ന കാര്യങ്ങളാണ്. ഇനിയുള്ള കാലഘട്ടത്തിൽ ഇവർക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിക്കാൻ, വിദേശത്ത് പോയി പഠിക്കാൻ, അവർക്ക് കൂടുതൽ ഇൻകം ജനറേഷൻ ഉണ്ടാകത്തക്ക നിലയിൽ, മാറുന്ന സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് എന്തെങ്കിലും പരിപാടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പുതിയ പരിപാടികൾ ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇൻകം ജനറേഷനുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പദ്ധതികൾ ആവശ്യമാണെന്നത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുമായി ഇതിനെപ്പറ്റി ചർച്ച ചെയ്തു. അതിന്റെ ഭാഗമായി ഒരു പ്രോഗ്രാം അട്ടപ്പാടിയിൽ ആരംഭിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയിട്ടുള്ള ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള നടപടികളെപ്പറ്റിയും അവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള നടപടികളെക്കുറിച്ചും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ട്. തൊഴിലധിഷ്ഠിത സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് 'കിഫ്ബി'-യിൽ ചില പദ്ധതികൾ ഇതിന്റെ ഭാഗമായി എടുക്കുന്നുണ്ട്. കാലാകാലങ്ങളായി നമ്മൾ കൊടുക്കുന്ന ആനുകൂല്യങ്ങൾ പ്രധാനമായും കേന്ദ്രീകരിക്കുന്നത് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നേടിക്കഴിഞ്ഞാൽ അവർക്ക് തൊഴിൽ ഉറപ്പാക്കുന്ന പദ്ധതിയിലേയ്ക്കാണ് ഗവൺമെന്റ് പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഗവൺമെന്റിന്റെ വാർഷിക ആഘോഷങ്ങളുടെ ഭാഗമായി വയനാട്ടിൽ പോയി ഗോത്രഭാഷ അറിയാവുന്ന പ്രാക്തന ആദിവാസി വിഭാഗത്തിൽപ്പെടുന്ന 241 പേർക്ക് തൊഴിൽ കൊടുത്തു. അതും വീട് പണിക്ക് പോകുന്ന, കൽപ്പണിക്ക് പോകുന്ന, കൃഷിപ്പണിക്ക് പോകുന്ന ആദിവാസി കുടുംബങ്ങളിലെ അംഗങ്ങളാണ് അദ്ധ്യാപകരാകുന്നത്. അവരുടെ സന്തോഷം നമുക്കൊന്നും വിവരിക്കാൻപോലും കഴിയില്ല. ഇത് മാതൃകയാക്കി കേരളത്തിന്റെ എല്ലാ ഭാഗങ്ങളിലും തൊഴിലധിഷ്ഠിതമായ ചില പ്രത്യേക പദ്ധതികൾ ആരംഭിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്.

ശ്രീ. ബി. സത്യൻ : സർ, നമ്മുടെ സംസ്ഥാനത്ത് വളരെ മാതൃകാപരമായി പട്ടികജാതി വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള ഒരു സ്ഥാപനമാണ് മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഡോ. ബി. ആർ. അംബേദ്കറുടെ പേരിലുള്ള സിവിൽ സർവ്വീസ് പരിശീലന കേന്ദ്രം. അതുപോലെ വെള്ളായണിക്ക് സമീപം മഹാനായ അയ്യങ്കാളിയുടെ ജന്മദേശമായ വെങ്ങാനൂരിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂൾ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശാനുസരണം ഇവിടെ സന്ദർശിച്ചിരുന്നു. ഈ രണ്ട് സ്ഥാപനങ്ങളും കാലാനുസൃതമായി അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. അയ്യങ്കാളി സ്പോർട്സ് സ്കൂളിൽ പരിശീലനം നേടിയ അജിത് ശിവൻ, കേരളാ ബ്ലാസ്റ്റേഴ്സിൽ സെലക്ഷൻ കിട്ടിയിട്ടുള്ള ഒരു കായിക പ്രതിഭയാണ്. അതുപോലെ മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ പേരിൽ മണ്ണന്തലയിൽ പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലും നിരവധി പ്രതിഭകളായ ആളുകളെ പരിശീലിപ്പിച്ചുവരുന്നുണ്ട്. കാലത്തിനനുസരിച്ച് രണ്ടുസ്ഥാപനങ്ങളും ദേശീയ നിലവാരം പുലർത്തുന്ന തരത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളാക്കി മാറ്റാനുള്ള എല്ലാ സാധ്യതകളുമുണ്ട്. എന്നാൽ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരുടെ കൈകളിൽക്കിടന്ന് ഇവ ഞെരിപിരികൊള്ളുകയാണ്. ഈ സ്ഥലങ്ങളെല്ലാം അങ്ങ് സന്ദർശിച്ചിട്ടുള്ളതും അറിയാവുന്നതുമാണ്. സിവിൽ സർവ്വീസ് പരിശീലന കേന്ദ്രത്തിലെ കുട്ടികൾക്ക് കഷ്ടിച്ച് 10 മാസം മാത്രം പരിശീലനം കൊടുത്തുകൊണ്ട് അവസാനിപ്പിക്കുകയാണ് അവർ ചെയ്യുന്നത്. അതുകൊണ്ട് അവർക്ക് ഒരു ഗുണവുമുണ്ടാകുന്നില്ല. അതിൽനിന്നും cream ആയി വരുന്ന ആളുകൾക്ക് ദേശീയ അടിസ്ഥാനത്തിലുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കാനും പരിശീലനം നേടുന്നതിനുമുള്ള സൗകര്യം ഒരുക്കി കൊടുക്കണം. അതുകഴിഞ്ഞ് അവർക്ക് വിദേശത്ത് പോകണമെങ്കിൽ പോകാവുന്നതാണ്.

മി. സ്പീക്കർ : അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. ബി. സത്യൻ : സർ, വിദേശത്തേയ്ക്ക് പോകുന്നതിനേക്കാൾ സൗകര്യം സ്വദേശത്ത് വിശേഷിച്ച് സിവിൽ സർവ്വീസിനും മറ്റുമുള്ള പരിശീലനം ഡൽഹിൽ നൽകുന്നുണ്ട്. അവർക്ക് ഡൽഹി കേന്ദ്രീകരിച്ച് പഠിച്ച് സിവിൽ സർവ്വീസ് പരീക്ഷകൾ പാസ്സാകാൻ കഴിയുന്ന തരത്തിലുള്ള പരിശീലനം നേടാൻ ഈ രണ്ട് സ്ഥാപനങ്ങളേയും ഉടച്ചുവാർക്കുന്നതിന് അങ്ങ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. കെ. ബാലൻ : സർ, മണ്ണന്തലയിൽ പ്രവർത്തിക്കുന്ന ഡോ. ബി. ആർ. അംബേദ്കർ സിവിൽ സർവ്വീസ് പരിശീലന സ്ഥാപനത്തിൽ നല്ല രൂപത്തിൽ പരിശീലനം നടക്കുന്നുണ്ട്. പക്ഷേ നിർഭാഗ്യവശാൽ പ്രിലിമിനറി പരീക്ഷകൾ പാസ്സാകുന്ന കുട്ടികളുടെ എണ്ണം വളരെ കുറവാണ്. കാലാകാലങ്ങളായി നമ്മൾ കണ്ടുവരുന്ന ഒരു പ്രതിഭാസമാണിത്. അപ്പോൾ സിവിൽ സർവ്വീസിന് പ്രിലിമിനറി

പരീക്ഷ പാസ്സാകാൻ പറ്റുന്ന രീതിയിൽ ഈ കുട്ടികൾക്കുള്ള ഫീഡ്ബാക്ക് എന്തായിരിക്കണമെന്നതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്, ഇതിന്റെ ഭാഗമായി ഒരു ചർച്ച ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അവിടെയുള്ള പശ്ചാത്തല സൗകര്യങ്ങൾ നല്ല രീതിയിൽ വികസിപ്പിച്ചിട്ടുണ്ട്. അവിടെത്തന്നെ ഒരു വർഷത്തെ ബാച്ചിലെ കുട്ടികൾക്ക് ഇപ്പോൾ എട്ട് മാസമേ പരിശീലനം കിട്ടുന്നുള്ളൂ. അത് 12 മാസമായി ഉയർത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവരുടെ വിദ്യാഭ്യാസ ആനുകൂല്യവും വർദ്ധിപ്പിച്ചിട്ടുണ്ട്. താമസിച്ച് പഠിക്കുന്നതിനുള്ള ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ യാതൊരു വിഷയവും അവിടെയില്ല. പക്ഷേ നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ അവരുടെ നിലവാരം ഉയരുന്നില്ല എന്നത് ഒരു പ്രധാനപ്പെട്ട വിഷയമാണ്. അയ്യങ്കാളി സ്പോർട്സ് സ്കൂളിൽ ഇങ്ങനെയൊരു പ്രശ്നമുള്ളതായി ശ്രദ്ധയിൽപ്പെടുന്നില്ല. അവർക്ക് ആവശ്യമായ ഭക്ഷണവും വാഹനവും മറ്റ് പശ്ചാത്തല സൗകര്യങ്ങളുമൊക്കെ ഇപ്പോൾ സ്പോർട്സ് സ്കൂളിൽ ലഭിക്കുന്നുണ്ട്. അത് വളരെ മാതൃകാപരമായിട്ടുള്ള ഒരു സ്പോർട്സ് സ്കൂൾ ആണ്. ഏതെങ്കിലും രൂപത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, ബഹുമാനപ്പെട്ട മന്ത്രി ഇന്ന് ആദിവാസി ദിനമാണെന്ന് പറയുകയുണ്ടായി. വളരെ ഗൗരവതരമായ ഒരു വിഷയമാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഇന്ന് രാവിലെയാണ് ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടത്. തിരുവനന്തപുരം ജില്ലയിലെ പാലോട് പോലീസ് സ്റ്റേഷൻ പരിധിയിൽ ഏതാണ്ട് ഒരാഴ്ചമുമ്പ് വീണ എന്ന കുട്ടി ആത്മഹത്യ ചെയ്ത ഒരു സംഭവമുണ്ടായി. അതുമായി ബന്ധപ്പെട്ട വാർത്തയെപ്പറ്റി അന്വേഷിച്ചപ്പോൾ പാലോട് സ്റ്റേഷൻ പരിധിയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ (2012 മുതൽ 2017 വരെ) ഏതാണ്ട് 45 ആദിവാസികൾ ആത്മഹത്യ ചെയ്തുവെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അട്ടപ്പാടിയിലെ ശിശുമരണത്തെപ്പറ്റി സഭയിൽ ഗൗരവമായി ചർച്ച ചെയ്യാറുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗമായിരുന്ന ഒരാളായിരുന്നു ഞാൻ. എന്നാൽ അന്ന് ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നില്ലായിരുന്നു. മാധ്യമങ്ങളും ഈയൊരു വിഷയത്തെപ്പറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. എനിക്ക് ലഭ്യമായ വിവരം അനുസരിച്ച് നാൽപ്പത്തിയഞ്ചോളം പേർ മരിച്ചതിൽ ഭൂരിഭാഗവും കെട്ടിത്തൂങ്ങിയും തീപ്പൊള്ളലേറ്റ ഒരു മരണവും വിഷം ഉള്ളിൽച്ചെന്ന ഒരു മരണവുമാണ്. വളരെ പ്രായം കുറഞ്ഞ, പതിനെട്ടിനും ഇരുപതിനും ഇടയിൽ പ്രായമുള്ള യുവതീ-യുവാക്കൾ ഇതിൽ ഉൾപ്പെടുന്നുണ്ട് എന്നാണ് പറയുന്നത്. ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും വളരെ ഗൗരവമായെടുത്ത് ഇത്തരത്തിൽ സംഭവിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്നും അന്വേഷിക്കണം. ശിശുമരണം പോലെ ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ തുടർച്ചയായി ആത്മഹത്യകൾ നടക്കുന്നത് യഥാർത്ഥത്തിൽ ആത്മഹത്യകളാണോയെന്നും ഇതിന്റെ സത്യാവസ്ഥ പുറത്തു കൊണ്ടുവരുന്നതിനായി ഗൗരവത്തോടെയുള്ള അടിയന്തരമായ അന്വേഷണം നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ : സർ, സഭയിൽ ഇപ്പോഴാണ് ഇത്രയും ഭീകരമായിട്ടുള്ള ഒരു ചിത്രം വന്നത്. 2012-മുതൽ തുടങ്ങിയതെന്നാണ് പറയുന്നത്. ഇപ്പോൾ 2017 ആയി, ഇത്രയും വർഷങ്ങൾക്കുശേഷം ഇപ്പോഴാണ് നമ്മൾ ഈ സംഭവത്തെപ്പറ്റി അറിയുന്നത്. എന്തുകൊണ്ട് ഈ വിഷയം പൊതുസമൂഹത്തിന്റെ മുമ്പിൽ വന്നില്ലെന്നുള്ള ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക വളരെ ശരിയാണ്. ഇതിനെപ്പറ്റി പരിശോധിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ വകുപ്പിൽനിന്നും ഒരു കത്ത് നൽകുന്നതായിരിക്കും. കാരണം ഇത് പോലീസുമായി ബന്ധപ്പെട്ട കാര്യമാണ്. എന്തുകൊണ്ട് ആത്മഹത്യ പെരുകുന്നു, എന്തുകൊണ്ട് ദുരിതത്തിലേയ്ക്ക് പോകുന്നു?

ശ്രീ. പി. ടി. തോമസ് : സർ, വിഷയത്തെ സംബന്ധിച്ച് വിദഗ്ദ്ധമായ ഒരു സമിതിയെക്കൊണ്ട് അന്വേഷണം നടത്തുകയാണ് വേണ്ടത്. ഇത്രയും ഗൗരവമേറിയ വിഷയത്തിൽ ഒരു കത്ത് കൊടുത്തതുകൊണ്ട് കാര്യമില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ആദ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കീഴിലുള്ള ആഭ്യന്തര വകുപ്പ് അന്വേഷിക്കട്ടെ. സംഭവത്തെപ്പറ്റി അന്വേഷിക്കുന്നതിന് ഒരു കത്ത് ഈ വകുപ്പിൽനിന്നും കൊടുക്കുന്നതായിരിക്കും. ഗൗരവമേറിയ ഈ വിഷയം 2017-ൽ ആണ് ശ്രദ്ധയിൽപ്പെട്ടിരിക്കുന്നത്. 2012 മുതൽ തുടങ്ങിയതാണെന്നല്ലേ പറയുന്നത്........(ബഹളം..)...... കത്ത് കൊടുത്ത് പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യം വളരെ ഗൗരവത്തിലാണ് ഗവൺമെന്റ് കാണുന്നത്. ഇക്കാര്യം നമ്മൾ രണ്ടുകൂട്ടരുടെയോ മാധ്യമങ്ങളുടെയോ ശ്രദ്ധയിൽ പെട്ടിട്ടില്ല. പല വിഷയങ്ങളും നമ്മുടെ ശ്രദ്ധയിൽ വന്നിട്ടുള്ളതാണ്, എന്നാൽ ഈ വിഷയം മാത്രം ആരുടേയും ശ്രദ്ധയിൽപ്പെടാതെ പോയതെങ്ങനെയെന്നുകൂടി പരിശോധിക്കണ്ടേ? ഇക്കാര്യങ്ങളെല്ലാം ആഭ്യന്തര വകുപ്പ് പരിശോധിച്ചശേഷം ഇത് ആവർത്തിക്കാതിരിക്കാൻ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല : സർ, വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് വളരെ ഉത്തരവാദിത്വബോധത്തോടുകൂടി മുൻ മന്ത്രികൂടിയായ ശ്രീ. എ. പി. അനിൽകുമാർ ഇവിടെ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സഭയിലുണ്ട്. ഇക്കാര്യത്തെപ്പറ്റി അടിയന്തരമായ ഒരന്വേഷണം നടത്താൻ ആഭ്യന്തര വകുപ്പിന്റെ ചുമതലയുള്ള മുഖ്യമന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി പറഞ്ഞതിനപ്പുറം ഒന്നും പറയാനില്ല. ഇത് വളരെ ഗൗരവമായി നമ്മുടെ നാടാകെ എടുക്കുന്ന ഒരു വിഷയമാണ്. എന്താണ് സംഭവിച്ചിട്ടുള്ളതെന്ന് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ചോദ്യോത്തരസമയം അവസാനിച്ചു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ മദ്യ നയം

5(*63) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മുൻ സർക്കാർ കൈക്കൊണ്ട മദ്യനയം എന്തായിരുന്നു എന്നും അതിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം മാറ്റങ്ങളാണ് പുതിയ മദ്യനയത്തിനുള്ളതെന്നും വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം പ്രഖ്യാപിച്ച് 13-6-2017-ലെ G.O (MS)No.43/2017/TD പ്രകാരം ഉത്തരവായിട്ടുണ്ട്. കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കാനുതകുന്ന അബ്കാരിനയമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അബ്കാരിനയത്തിലുള്ള പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

(i) കേരള സമൂഹത്തിൽ അനിയന്ത്രിതമായി വർദ്ധിച്ചുവരുന്ന ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരുന്നതിനും നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ലഹരി വർജ്ജന മിഷൻ, വിമുക്തിയുടെ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളെയും സഹകരിപ്പിച്ച് ശക്തിപ്പെടുത്തുന്നതാണ്.

(ii) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതുമാണ്.

(iii) സംസ്ഥാനത്ത് മൂന്ന് സ്റ്റാറിനും അതിന് മുകളിലും സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് അനുവദിക്കുന്നതാണ്.

(iv) ബാറുകളുടെ പ്രവർത്തനസമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മുതൽ രാത്രി 10 വരെ) നിന്നും 12 മണിക്കൂറായി രാവിലെ 11 മണി മുതൽ രാത്രി 11 മണിവരെയായി ക്രമപ്പെടുത്തുന്നതാണ്. വിനോദസഞ്ചാര മേഖലയിൽ സമയം രാവിലെ 10 മണി മുതൽ രാത്രി 11 മണി നിജപ്പെടുത്തുന്നതാണ്.

(v) മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സായി ഉയർത്തുന്നതാണ്.

(vi) ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽനിന്നും 28 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്.

(vii) കള്ളുഷാപ്പുകളുടെ നടത്തിപ്പ്, നടപ്പ് സാമ്പത്തിക വർഷത്തെ ശേഷിക്കുന്ന 9 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(viii) ടോഡി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചു.

(ബി) കഴിഞ്ഞ സർക്കാരിന്റെ മദ്യനയത്തിൽ പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകൾക്കുമാത്രം ബാർ ലൈസൻസ് നൽകുന്നതിനും 5 സ്റ്റാർ ഒഴികെയുള്ള ഹോട്ടലുകളുടെ ബാർ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും തീരുമാനിച്ചിരുന്നു. കൂടാതെ 31-3-2014-ൽ പ്രവർത്തിച്ചിരുന്ന ഹൈജീനിക്കായ ബാർ ഹോട്ടലുകൾക്ക് ബിയർ/ വൈൻ പാർലർ ലൈസൻസ് അനുവദിക്കുന്നതിനും തീരുമാനിച്ചിരുന്നു. പുതിയ മദ്യനയത്തിൽ ത്രീ സ്റ്റാറും അതിന് മുകളിൽ പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാനും ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുവാനും മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി 21 വയസ്സിൽനിന്നും 23 വയസ്സായി ഉയർത്തുന്നതിനും ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽനിന്നും 28 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത

6(*64) ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്തെ പാൽ ആവശ്യകതയുടെ എത്ര ശതമാനമാണ് ആഭ്യന്തര ഉൽപ്പാദനം എന്ന് വ്യക്തമാക്കാമോ;

(സി) ക്ഷീര ഗ്രാമം എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നുണ്ടോ; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) (I) ക്ഷീരോൽപ്പാദന മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

1. ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം-495 ലക്ഷം
2. തീറ്റപ്പുൽകൃഷി വികസന പദ്ധതി-600 ലക്ഷം
3. ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം-466 ലക്ഷം
4. മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.)- 4179 ലക്ഷം
5. കാറ്റിൽ ഫീഡ് സബ്സിഡി-1400 ലക്ഷം
6. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം-2585 ലക്ഷം
7. ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം-25 ലക്ഷം
8. വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി-25 ലക്ഷം

ആകെ- 9775 ലക്ഷം

(II) പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

(1) സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദനക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(2) മൃഗാശുപത്രികൾക്ക് മരുന്നുവാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 12 കോടിരൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

(3) രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു.

(4) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്‌സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 20392 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(5) 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പ്രഖ്യാപിച്ചതു വഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു.

(6) മൃഗസംരക്ഷണത്തിലേയും ക്ഷീരമേഖലയിലേയും യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 184 പേർക്ക് കറവ യന്ത്രങ്ങൾ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

(7) കേരള ഫീഡ്‌സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീര കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

(8) അകിടുവീക്കരോഗ നിയന്ത്രണ പരിപാടി-സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18 വർഷത്തിൽ 35,000 ക്ഷരീകർഷകർക്ക് ധനസഹായം നൽകുന്നതിനുവേണ്ടി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(III) മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്ത് പാലിന്റെ ആവശ്യകതയുടെ ഏകദേശം 75 മുതൽ 80 ശതമാനം വരെ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കപ്പെടുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

(സി) നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തിരഞ്ഞെടുത്ത 5 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ചിറയിൻകീഴ് (തിരുവനന്തപുരം), ഇടമുളയ്ക്കൽ (കൊല്ലം), മണ്ണഞ്ചേരി (ആലപ്പുഴ), ചാഴൂർ (തൃശ്ശൂർ), പറളി (പാലക്കാട്) എന്നീ പഞ്ചായത്തുകളിലാണ് 2017-18-ൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കറവമാടുകൾ വാങ്ങുന്നതിനും ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവ യന്ത്രങ്ങൾ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

## പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി

7(*65) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കു വേണ്ടിയുള്ള പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി, ഇവരുടെ വിദ്യാഭ്യാസ വളർച്ചയ്ക്ക് എത്രത്തോളം സഹായകമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇതിനായി നിയോഗിക്കപ്പെടുന്ന അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്ന രീതി എന്താണെന്നും അവർക്കു നല്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) വിലയിരുത്തിയിട്ടുണ്ട്. വിദൂരവും വനത്തിനകത്ത് സ്ഥിതി ചെയ്യുന്നതുമായ കോളനികളിലെ പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങളുടെ പ്രൈമറി വിദ്യാഭ്യാസം ലക്ഷ്യമാക്കി ആവിഷ്കരിച്ചതാണ് പെരിപ്പതറ്റിക് വിദ്യാഭ്യാസ പദ്ധതി. ടി വിഭാഗത്തിൽപ്പെട്ടവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഈ പദ്ധതി വളരെയധികം സഹായകരമായിട്ടുണ്ട്. സ്കൂളുകൾ അപ്രാപ്യമായ മേഖലകളിൽ താമസിക്കുന്നവർക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും തുടർന്ന് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ അഡ്മിഷൻ നൽകി തുടർ വിദ്യാഭ്യാസം

ഉറപ്പ് വരുത്തുന്നതിനും സാധ്യമാകുന്നു. കോളനികളിൽ തന്നെയുള്ളവരെത്തന്നെ അദ്ധ്യാപകരായി നിയമിക്കുന്നതിനാൽ സ്കൂൾ ഗോത്ര സൗഹൃദമാകുന്നു. അതിനാൽ തന്നെ കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്ന അവസ്ഥ ഇത്തരം സ്കൂളുകളിൽ സംഭവിക്കുന്നില്ല. പ്രത്യേക ദുർബല ഗോത്ര വിഭാഗങ്ങളെ വിദ്യാഭ്യാസ പ്രക്രിയയോട് ആഭിമുഖ്യം പുലർത്തുന്നവരാക്കാൻ പെരിപ്പതറ്റിക് സ്കൂളുകൾ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. 2004-05 സാമ്പത്തിക വർഷം മുതൽ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 1/05/പജ.പവ.വി.വ തീയതി 5-1-2005 പ്രകാരം പെരിപ്പതറ്റിക് സെന്ററുകൾ ആരംഭിച്ചു. ഒന്നാം ക്ലാസ്സുമുതൽ നാലാം ക്ലാസ്സുവരെയാണ് ഈ സെന്ററുകളിൽ പഠനം നടത്തുന്നത്. വയനാട്, മലപ്പുറം എന്നീ ജില്ലകളിലായി 7 പെരിപ്പതറ്റിക് സെന്ററുകൾ പ്രവർത്തിക്കുന്നു.

(ബി) പ്രത്യേക ദുർബല ഗോത്രവിഭാഗത്തിൽത്തന്നെയുള്ള പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യതയുള്ളവരെയാണ് അദ്ധ്യാപകരമായി തെരഞ്ഞെടുക്കുന്നത്. അദ്ധ്യാപക പരിചയം കണക്കിലെടുത്ത് വർഷം തോറും നിലവിലുള്ളവരെത്തന്നെ തുടരാൻ അനുവദിച്ചുവരുന്നു. പ്രതിമാസം 7,000 രൂപ ഓണറേറിയമായി അദ്ധ്യാപകർക്ക് അനുവദിച്ചുനൽകുന്നു.

## വ്യാജമദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിന് പദ്ധതികൾ

8 (*66) ശ്രീ. എ. എൻ. ഷംസീർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അശാസ്ത്രീയ മദ്യനയത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള വ്യാജമദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) മറ്റു സംസ്ഥാനങ്ങളിൽനിന്ന് നിരോധിത ഉല്പന്നങ്ങൾ വ്യാപകമായി കള്ളക്കടത്ത് നടത്തുന്നുണ്ടെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ചെക്ക് പോസ്റ്റുകളിൽ ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിനും ട്രെയിനുകളിലും റെയിൽവേ സ്റ്റേഷനുകളിലും പരിശോധന നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ലഹരി വർജ്ജന പരിപാടിയായ 'വിമുക്തി'-യുടെ വിശദാംശം നൽകുമോ; ഇത് എത്രമാത്രം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ,

(എ) നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനം, ഉപഭോഗം എന്നിവ പരമാവധി കുറച്ച് ലഹരി വർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പുതിയ മദ്യനയം പ്രഖ്യാപിച്ച് 13-6-2017-ലെ ജി.ഒ.(എം.എസ്.) 43/2017/നി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്ത് വ്യാജമദ്യം, സ്പിരിറ്റ്, മയക്കുമരുന്ന് എന്നിവയുടെ ഉൽപ്പാദനം, വിപണനം, കടത്ത് എന്നിവ തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ സ്ക്വാഡും എക്സൈസ് ഷാഡോ സംവിധാനവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' രൂപീകരിച്ച് ജനകീയ പങ്കാളിത്തത്തോടുകൂടി ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമായി നടത്തിവരുന്നു.

(ബി) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്. ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം ആധുനിക വത്കരിക്കുന്നതിന്റെ ഭാഗമായി ചെക്കുപോസ്റ്റുകളിലെ പരിശോധന കാര്യക്ഷമ മാക്കുന്നതിന് തെരഞ്ഞെടുത്ത 25 ചെക്കുപോസ്റ്റുകളിൽ സോളാർ ഹൈമാസ്റ്റ് എൽ.ഇ.ഡി. ലാമ്പുകളും 14 ചെക്കുപോസ്റ്റുകളിൽ സി.സി.ടി.വി. ക്യാമറകളും സ്ഥാപിച്ചുവരുന്നു. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവെ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തിവരുന്നു.

(സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് മുഖ്യമന്ത്രി ചെയർമാനായി 'വിമുക്തി' എന്ന ലഹരി വർജ്ജനമിഷന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളത്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ, കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി യുവജന മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടിയാണ് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക രിക്കുന്നതിന് 'വിമുക്തി' മിഷനിലൂടെ ഉദ്ദേശിക്കുന്നത്. വിമുക്തി മിഷന്റെ പ്രവർത്തനം സംസ്ഥാന, ജില്ലാ, വാർഡ് തലങ്ങളിൽ കാര്യക്ഷമമായി നടന്നു വരുന്നു. കാര്യക്ഷമത സംബന്ധിച്ച് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും അവലോകനം നടത്തിവരുന്നുണ്ട്.

**സമഗ്ര നദീ സംരക്ഷണ പദ്ധതി**

9 (*67) ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലങ്ങളിൽ സംസ്ഥാനത്തെ നദികൾ ഒട്ടുമിക്കതും ഒഴുക്കുനിലച്ച് വറ്റിപ്പോകുന്ന അവസ്ഥ കാലം ചെല്ലുംതോറും സർവ്വസാധാരണമാകുന്നതിന്റെ കാരണങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മഴയുടെ ലഭ്യതയിലെ ഏറ്റക്കുറച്ചിലുകൾ ഉൾപ്പെടെയുള്ള കാരണങ്ങളാൽ അണക്കെട്ടുകളിലും ഈ പ്രവണത ആവർത്തിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ജല ഉപഭോഗം വർദ്ധിച്ച് വരികയും ലഭ്യത കുറഞ്ഞു വരികയും നദികളിൽ ഉള്ള ജലം തന്നെ മനുഷ്യരുടെ വിവേകരഹിതമായ പ്രവൃത്തികൾ കൊണ്ടും ഉപ്പുവെള്ളം കയറിയും മലിനമായിക്കൊണ്ടിരിക്കുന്ന ഭീതിജനകമായ അവസ്ഥയിൽ ഒരു സമഗ്ര നദീ സംരക്ഷണ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) വേനൽക്കാലത്ത് സംസ്ഥാനത്തെ മിക്കവാറും നദികളിലും ഒഴുക്ക കുറഞ്ഞ് പാരിസ്ഥിതിക നീരൊഴുക്കുപോലുമില്ലാത്ത അവസ്ഥയിലേയ്ക്ക് എത്തുന്നുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് സമീപ കാലത്ത് ഈ അവസ്ഥയിലെത്തുന്ന നദികളുടെ എണ്ണം കൂടി വരുന്നുണ്ട്. മഴയുടെ ലഭ്യതയിൽ വരുന്ന കുറവും ക്രമാതീതമായ രീതിയിൽ നദികളിൽനിന്നുള്ള മണൽ ഖനനവുമാണ് ഇതിന് കാരണം. വേനൽക്കാലങ്ങളിൽ വറ്റിപ്പോകുന്ന നദികളുടെ പുനരുജ്ജീവനത്തിനായി സമഗ്ര നദീതടവികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നദികളിലെ നീരൊഴുക്ക് കുറയുന്നത് സംബന്ധിച്ച് പ്രത്യേക പഠനങ്ങളൊന്നും ജലസേചനവകുപ്പിന്റെ കീഴിൽ നടത്തിയിട്ടില്ല.

(ബി) അണക്കെട്ടുകളിലെ ജല നിരപ്പ് എല്ലാ ദിവസവും കണക്കെടുത്ത് രേഖപ്പെടുത്താറുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ രേഖകൾ പ്രകാരം 2016-17-ലെ ജലനിരപ്പുകൾ മുൻവർഷത്തേക്കാൾ കുറവായിരുന്നു.

(സി) കേരളത്തിലെ പ്രധാന നദികളിലൊന്നായ ഭാരതപ്പുഴയുടെ സമഗ്ര പുനഃസ്ഥാപനത്തിനായി ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ഗ്രീൻ ക്ലൈമറ്റ് ഫണ്ടിംഗ് ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പദ്ധതിയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇത് അംഗീകരിക്കപ്പെടുകയാണെങ്കിൽ, കേരളത്തിലെ

മറ്റ് നദികളുടെ സമഗ്ര പാരിസ്ഥിതിക പുനഃസ്ഥാപനത്തിനുള്ള മാതൃകയായി ഇതിനെ ഉപയോഗിക്കാൻ കഴിയും. കൂടാതെ ഹരിത കേരളം മിഷന്റെ ഭാഗമായുള്ള മണ്ണ്-ജലവിഭവം ഉപമിഷന്റെ രണ്ടാംഘട്ട പ്രവർത്തനത്തിന്റെ ഭാഗമായും നദികളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ സമഗ്ര നദീസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഒരു WRIS (Water Resources Information System) രൂപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

## പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി

10 (*68) ശ്രീ. കെ. കുഞ്ഞിരാമൻ :

ശ്രീ. ബി. സത്യൻ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗക്കാർക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇന്ദിര ആവാസ് യോജന പ്രകാരം വീട് അനുവദിക്കപ്പെട്ട പട്ടികജാതിക്കാർക്ക് നൽകേണ്ടിയിരുന്ന അധിക ധനസഹായം നൽകാതിരുന്നതിനാൽ മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്ന എത്ര വീടുകളുടെ പണി പൂർത്തിയാക്കാൻ സാധിച്ചു എന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് വീട് അനുവദിച്ചെങ്കിലും, പണം നൽകി പണി പൂർത്തിയാക്കാൻ സാധിക്കാതിരുന്ന സ്പിൽ ഓവർ വീട് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപ നൽകിവരുന്നു. ടി പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിന് പുതിയതായി 14946 വീടുകൾ നിർമ്മിക്കുന്നതിന് നടപടി ആരംഭിക്കുകയും 2504 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തിയാകാത്ത വീടുകൾക്ക് 2017-18 വർഷം സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിച്ചുവരുന്നു. ഭവന

രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണത്തിനും സ്പിൽ ഓവർ പ്രവർത്തനങ്ങൾക്കുമായി ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 വീടുകളും വനബന്ധു കല്യാൺയോജന പദ്ധതി പ്രകാരം 1854 വീടുകളും ഹഡ്കോ ഭവന പദ്ധതി പ്രകാരം 2980 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകളുടെ നിർമ്മാണത്തിനുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നാം ഘട്ടം പൂർത്തിയാക്കി പണി പുരോഗമിച്ചുവരുന്നു. കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാൻമന്ത്രി ആവാസ് യോജന (ഗ്രാമീൺ) ഭവന പദ്ധതിപ്രകാരം പട്ടികജാതി വിഭാഗത്തിൽ 3739 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുകയും ഇതിൽ 205 വീടുകൾ പൂർത്തീകരിക്കുകയും പട്ടികവർഗ്ഗ വിഭാഗത്തിൽ 1072 ഗുണഭോക്താക്കൾക്ക് വീട് അനുവദിക്കുകയും ഇതിൽ 20 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള വീടുകൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ഇന്ദിര ആവാസ് യോജന പ്രകാരം മുൻ വർഷങ്ങളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകളിൽ സ്പിൽ ഓവറായി ഉണ്ടായിരുന്ന 28753 വീടുകളിൽ 19761 വീടുകൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ചു.

(സി) മുൻസർക്കാരിന്റെ കാലത്ത് പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചതിൽ പൂർത്തിയാകാതെ അവശേഷിച്ച 11003 വീടുകളിൽ 4729 എണ്ണം ഈ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. ഇനിയും പൂർത്തിയാക്കാനുള്ള വീടുകളുടെ പൂർത്തീകരണത്തിന് സ്പിൽ ഓവർ പദ്ധതി പ്രകാരം തുക അനുവദിച്ച് നൽകിവരുന്നു. ഇതിനുപുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാകാതെ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നിശ്ചിതഘട്ടം നിർമ്മാണം പൂരത്തീകരിക്കുന്നതിന് ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക രണ്ടുലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി അനുവദിച്ചുനൽകുന്നു. ഇതിനായി 3,60,83,750 രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി., ഹഡ്കോ ഭവന പദ്ധതി എന്നീ പദ്ധതികൾ പ്രകാരം 2011-12 മുതൽ 2015-16 വരെ ആകെ അനുവദിച്ച 17605 വീടുകളിൽ 5414 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 12191 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ഇന്ദിരാ ആവാസ് യോജന പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിച്ച വീടുകളിൽ ഇനിയും നിർമ്മാണം പൂർത്തീകരിക്കാനുള്ള 12,382 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## ശുദ്ധജലം ലഭ്യമാക്കുന്നതിന് നടപടി

11 (*69) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും ശുദ്ധജലം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ഇവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) സംസ്ഥാനത്തെ എല്ലാ ജനങ്ങൾക്കും ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് പുറമേ പുതിയ പദ്ധതികളും വിഭാവനം ചെയ്തുവരുന്നു. ലോകബാങ്ക് ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി കുടിവെള്ള ക്ഷാമം നേരിടുന്ന 115 ഗ്രാമപഞ്ചായത്തുകളിൽ വിവിധ ബാച്ചുകളിലായാണ് നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് മൂന്ന് ലക്ഷത്തോളം കുടുംബങ്ങൾക്ക് വീടുകളിൽ കുടിവെള്ളം എത്തിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 2382 പദ്ധതികൾക്ക് 1257.1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*. 2017-18-ൽ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാപഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) കൂടാതെ കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയായ അമൃതയിൽ ഉൾപ്പെടുത്തി കേരളത്തിലെ 9 നഗരസഭകളിലായി 2016-17, 2017-18 എന്നീ ആക്ഷൻ പ്ലാനുകളിലായി യഥാക്രമം 340.84 കോടി രൂപയും 448.44 കോടി രൂപയുമുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. വിശദാംശം അനുബന്ധം III ആയി ചേർത്തിരിക്കുന്നു*. നബാർഡ് സ്റ്റേറ്റ് പ്ലാൻ, ഗ്രീൻ ബുക്ക് എന്നിവയിൽ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം 4-ൽ ചേർത്തിരിക്കുന്നു.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറ്റെടുത്തതും പൂർത്തീകരിച്ചതുമായ ജലനിധി കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു :

| നമ്പർ | ഇനം | യൂണിറ്റ് | 2016 മേയ് 2017 ജൂൺ കാലയളവിനുള്ളിൽ കൈവരിച്ച നേട്ടങ്ങൾ | പദ്ധതിയുടെ 30-6-2017 വരെയുള്ള മൊത്തത്തിലുള്ള നേട്ടങ്ങൾ |
|---|---|---|---|---|
| 1 | സാങ്കേതികാനുമതി നടപ്പാക്കുന്ന പദ്ധതികൾ | എണ്ണം | 305 | 2168 |
| 2 | കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികൾ | എണ്ണം | 292 | 1448 |
| 3 | കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതികളിലെ കുടുംബങ്ങൾ | എണ്ണം | 29045 | 106878 |
| 4 | കമ്മീഷൻ ചെയ്ത പദ്ധതികളിലെ ഗുണഭോക്താക്കൾ | എണ്ണം | 129736 | 471725 |
| 5 | KWA/GP പുനരുദ്ധാരണ പദ്ധതികൾ | എണ്ണം | 56 | 336 |
| 6 | കമ്മീഷൻ ചെയ്ത ബൃഹത് കുടിവെള്ള പദ്ധതികൾ | എണ്ണം | 1 | 4 |
| 7 | ഭൂജല പരിപോഷണ പ്രവൃത്തികൾ | എണ്ണം | 113 | 1438 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധി പദ്ധതി രണ്ടാംഘട്ടത്തിൽ ഇതിനകം ഏറ്റെടുത്ത പദ്ധതികളെല്ലാം തന്നെ 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതു കൂടാതെ നിലവിൽ കേരള ജല അതോറിറ്റിയിൽ അധികമായി ലഭ്യമായിട്ടുള്ള ശുദ്ധീകരിച്ച ബൾക്ക് വാട്ടർ ഉപയോഗിച്ച് 61 പഞ്ചായത്തുകളിൽ കൂടി ഗ്രാമ പഞ്ചായത്തുകളുടെയും ഗുണഭോക്തൃ സമിതികളുടെയും പങ്കാളിത്തത്തോടെ ഗ്രാമീണ ജനങ്ങൾക്ക് അവരുടെ വീടുകളിൽ വാട്ടർ കണക്ഷനുകൾ നൽകുന്നതിന് ജലനിധി മുഖേന ഒരു പുതിയ പദ്ധതി നടപ്പിലാക്കാൻ ലോകബാങ്കിൽനിന്നും ഏകദേശം 1000 കോടി രൂപ കൂടി വായ്പ സ്വീകരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

## പട്ടിക ഗോത്രവർഗ്ഗക്കാരിലെ തൊഴിലില്ലായ്മ

12 (*70) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗക്കാരിൽ പ്ലസ്ടുവോ സാങ്കേതിക വിദ്യാഭ്യാസമോ പ്രൊഫഷണൽ വിദ്യാഭ്യാസമോ മറ്റ് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയോ നേടിയ പതിനായിരത്തിലധികം പേർ തൊഴിൽരഹിതരായി ഉണ്ടെന്ന വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ നേടുന്നതിന് സഹായകമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; 'ഗോത്ര ജീവിക' പദ്ധതിയുടെ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(സി) പ്രതികൂല സാഹചര്യങ്ങൾമൂലം പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർ ഉൾപ്പെടെയുള്ള പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഉപജീവന മാർഗ്ഗം ഉറപ്പാക്കുന്നതിന് വേണ്ട പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) :

(എ) പരിശോധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരിൽ പ്ലസ്ടുവോ അതിന് മുകളിൽ യോഗ്യതയുള്ളവരോ ആയ 11473 പേർ തൊഴിൽ രഹിതരായി ഉണ്ടെന്ന് പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേയിലൂടെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ മെഡിക്കൽ എഞ്ചിനീയറിംഗ് ബിരുദധാരികളുടെ എണ്ണം 354 ആണ്, 237 പേർ നഴ്സിംഗ്

പഠനം കഴിഞ്ഞവരാണ്. ഡിഗ്രിയോടൊപ്പം പി.ജി. പാസായവർ 482-ഉം ബി.എഡ് പാസ്സായവർ 304-ഉം സെറ്റ് പാസ്സായവർ 9-ഉം നെറ്റ് പാസ്സായവർ 10-ഉം ആണ്. റ്റി.റ്റി.സി. പാസ്സായവർ 420-ഉം മറ്റ് സാങ്കേതിക കോഴ്സുകൾ പാസ്സായവർ 670 പേരുമുണ്ട്. എസ്.എസ്. എൽ.സി. മുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി വിവിധ വകുപ്പുകൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിലേയ്ക്കായി കൈമാറിയിട്ടുണ്ട്. ഇതിനുപുറമേ സർക്കാരിതര മേഖലയിൽ തൊഴിൽ നേടാൻ ഇവരെ പ്രാപ്തരാക്കുന്നതിനുള്ള തൊഴിൽ പരിശീലന പരിപാടികൾ, കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ എന്നിവയും ആവിഷ്കരിച്ച് വരുന്നു.

(ബി) റ്റി.റ്റി.സി., ബി.എഡ്. പാസായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ജോലി ലഭ്യമാക്കുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ഗോത്രബന്ധു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം പ്രൈമറി ക്ലാസ്സുകളുള്ള ജില്ലയിലെ 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ റ്റി.റ്റി.സി., ബി.എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ 241 മെന്റർ ടീച്ചർമാരായി നിയമിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സുസ്ഥിരമായ ജീവനോപാധി ഉറപ്പുവരുത്തുന്നതിനുള്ള ഗോത്ര ജീവിക പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ശാസ്ത്രീയമായ പ്രായോഗിക പരിശീലന പരിപാടികളിലൂടെ സുസ്ഥിരമായ വരുമാന സ്രോതസ്സുകൾ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന പട്ടികവർഗ്ഗ അംഗങ്ങൾക്കായി സൃഷ്ടിക്കുക.
2. പ്രാദേശികമായ ആവശ്യകതയും കഴിവുകളും ഉപയോഗപ്പെടുത്തി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.
3. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽപരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക.
4. പരിശീലനങ്ങളിലൂടെ ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് സംരംഭകത്വം വികസിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
5. പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് സാമൂഹികവും സാമ്പത്തികവുമായ ഉയർച്ചയും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും ഉറപ്പുവരുത്തുക.

(സി) പ്രതികൂല സാഹചര്യങ്ങൾമൂലം പഠനം പൂർത്തിയാക്കാൻ സാധിക്കാത്തവർ ഉൾപ്പെടെയുള്ള പട്ടിക ഗോത്രവർഗ്ഗക്കാർക്ക് ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിന് വേണ്ടി നൈപുണ്യ വികസനപദ്ധതിയും സ്വയംതൊഴിൽ പദ്ധതിയും നടപ്പിലാക്കി വരുന്നു. സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പരിശീലനങ്ങൾക്ക് മാത്രമാണ് ഉയർന്ന വിദ്യാഭ്യാസ യോഗ്യത പരിഗണിക്കുന്നത്. എന്നാൽ കെട്ടിട നിർമ്മാണം, ആടുവളർത്തൽ, പെട്ടിക്കടകൾ, കന്നുകുട്ടി പരിപാലനം, തേനീച്ച വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ വിദ്യാഭ്യാസ യോഗ്യത പരിഗണിക്കാതെതന്നെ പരിശീലനവും തൊഴിൽ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും അനുവദിച്ചുവരുന്നു.

**വനസംരക്ഷണത്തിനും പരിപാലനത്തിനും കർമ്മ പദ്ധതി**

13 (*71) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനും വനപരിപാലനത്തിനും എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള ഏതെല്ലാം പദ്ധതികളാണ് തുടരാനും ശക്തിപ്പെടുത്താനും തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ ഏതെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇവയിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജു</u>):

(എ) സംസ്ഥാനത്ത് നിലവിലുള്ള വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും വനം വകുപ്പ് ആവിഷ്കരിച്ചിരിക്കുന്ന കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു :

- വനങ്ങളുടെ അതിർത്തി സർവ്വേ നടത്തി സ്ഥിരം ജണ്ടകൾ കെട്ടി വേർതിരിച്ച് കയ്യേറ്റത്തിൽ നിന്നും വനങ്ങളെ സംരക്ഷിക്കുന്നു.
- വനപരിപാലനവും വനസംരക്ഷണവും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ഫോറസ്റ്റ് സ്റ്റേഷനുകൾക്ക് ആവശ്യമായ കെട്ടിട നിർമ്മാണം, നിലവിലുള്ളവയുടെ അറ്റകുറ്റപ്പണി, വനം റോഡുകളുടെ പരിപാലനം, പശ്ചാത്തല സൗകര്യം ഒരുക്കൽ, വനസംരക്ഷണത്തിനായി വനത്തിനുള്ളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കൽ എന്നിവ നടപ്പാക്കുന്നു.

- കാട്ടുതീ പ്രതിരോധപ്രവർത്തനം, കഞ്ചാവ് കൃഷി തടയൽ എന്നിവ വഴി വനത്തിന്റെ സംരക്ഷണം ഉറപ്പാക്കുന്നു.
- പ്രത്യേക ആവാസ വ്യവസ്ഥകളായ ചന്ദനവനങ്ങളുടെയും ചോല വനങ്ങളുടെയും തണ്ണീർത്തടങ്ങളുടെയും കണ്ടൽക്കാടുകളുടെയും മറ്റ് സ്വാഭാവിക വനങ്ങളുടെയും ശോഷിച്ച വനങ്ങളുടെയും വനവൽക്കരണവും സംരക്ഷണവും നടപ്പാക്കുന്നു.
- വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വനസംരക്ഷണം, ആവാസ വ്യവസ്ഥാപരിപാലനം എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ 'ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ്' എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്.
- വനസംരക്ഷണ പരിപാലന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള 400 വനസംരക്ഷണ സമിതികളിലെയും 190 ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിലെയും ഉദ്ദേശം 75000 വനാശ്രിത കുടുംബങ്ങൾ വനസംരക്ഷണ പരിപാടികളിൽ പങ്കാളികളാകുകയും അതുവഴി അവരുടെ ജീവനോപാധി വർദ്ധിക്കുകയും ചെയ്തുവരുന്നു.
- ഗ്രീൻ ഇന്ത്യാ മിഷൻ പദ്ധതി, ദേശീയ വനവൽക്കരണ പരിപാടി, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ് പദ്ധതി, ഇക്കോ ടൂറിസം പദ്ധതി എന്നിവ നടപ്പാക്കുന്നു.
- വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിവരുന്ന ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിവിധയിനം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ വഴിയോരത്തണൽ പദ്ധതിയും വനദീപ്തി പദ്ധതിയും കാവുകൾക്ക് ധനസഹായം ചെയ്യുന്ന പദ്ധതിയും സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷം വളർത്തുന്നതിന് പ്രോത്സാഹന ധനസഹായം ചെയ്യുന്ന പദ്ധതിയും നടപ്പാക്കുന്നു.
- 60 ഇക്കോ ടൂറിസം സെന്ററുകളും രണ്ട് മൊബൈൽ യൂണിറ്റ് ഉൾപ്പെടെ 37 വനശ്രീ യൂണിറ്റുകൾ വനാശ്രിത ആദിവാസി സമൂഹം ശേഖരിക്കുന്ന തടിയിതര വനവിഭവങ്ങൾ വിതരണം ചെയ്യുന്നതിനായും പ്രവർത്തിച്ചുവരുന്നു.

- നിലവിലുള്ള ഘനമര തോട്ടങ്ങളുടെയും വ്യാവസായിക അസംസ്കൃത വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്ന തോട്ടങ്ങളുടെയും പരിപാലനം നടപ്പാക്കുന്നു.
- നിലവിലുള്ള തൃശ്ശൂർ മൃഗശാല ഉദ്ദേശം 300 കോടി രൂപ ചെലവിൽ കിഫ്ബി സഹായത്തോടെ പുത്തൂരിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നു.

(ബി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും തുടരാനും ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ ഉത്തരം എ-യിൽ പറഞ്ഞ എല്ലാ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി (കിഫ്ബി) മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി 100.00 കോടി രൂപയുടെ പദ്ധതിയും കോട്ടൂരിൽ ആന പുനരധിവാസ പദ്ധതിക്കായി 105.00 കോടി രൂപയും ഇക്കോ ടൂറിസം പദ്ധതിയും ഉൾപ്പെടുത്തി പുനലൂർ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ കീഴിൽ രണ്ട് ഇക്കോ കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതിയും കുളത്തൂപ്പുഴയിൽ ഒരു വനം മ്യൂസിയം നിർമ്മിക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായ പഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിൽ അവ ലഘൂകരിക്കുന്നതിന് തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 204 ജനജാഗ്രത സമിതികൾ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളെല്ലാം തന്നെ നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

**ബാലവേല നിർമ്മാർജ്ജനം**

14 (*72) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനും നിലവിൽ എന്ത് സംവിധാനമാണുള്ളത്; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിർത്തലാക്കുന്നതിന് സാധിച്ചിട്ടില്ല. 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധന ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി സംസ്ഥാനത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) മാരെയും ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ ജില്ലാ കളക്ടറെ ചെയർമാനാക്കിയും ജില്ല ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യപ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനംമൂലവും ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു.

## ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളി പുനരധിവാസത്തിനും നടപടി

15 (*73) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനത്തിനും ബാലതൊഴിലാളികളുടെ പുനരധിവാസത്തിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി ജില്ലാ ഭരണകൂടങ്ങളുടെയും വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) വിവിധ തൊഴിലുടമ-തൊഴിലാളി യൂണിയൻ സംഘടനകളുടെ സഹകരണത്തോടെയും ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെയും ബാലവേലയ്ക്കെതിരെയുള്ള പ്രചരണ പരിപാടികൾ സംസ്ഥാന വ്യാപകമായി സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) :

(എ) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമപ്രകാരം 2010-2017 ജൂൺ വരെ സംസ്ഥാനത്ത് തൊഴിൽ വകുപ്പിലെ പരിശോധനാ ഉദ്യോഗസ്ഥർ 18276 പരിശോധനകൾ നടത്തുകയും 13 പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. 1986-ലെ ബാലവേല (നിരോധനവും നിയന്ത്രണവും) നിയമമനുസരിച്ച് 14 വയസ്സിന് താഴെയുള്ള കുട്ടികളെ ഉപയോഗിച്ച് ജോലി എടുപ്പിക്കുന്നതായി കണ്ടെത്തിയാൽ തൊഴിലുടമയ്ക്കെതിരെ പ്രസ്തുത നിയമപ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കും. കേരളത്തിൽ ബാലവേലയുടെ തോത് ക്രമാനുഗതമായി കുറഞ്ഞുവരുന്നതായാണ് തൊഴിൽ വകുപ്പ് വിലയിരുത്തിയിട്ടുള്ളത്.

(ബി&സി) ഉണ്ട്. അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനമായ ജൂൺ 12 ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഇടങ്ങളിൽ ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റിഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും ജില്ലാ ലേബർ ഓഫീസിന്റെയും ചൈൽഡ് ലൈനിന്റെയും സംയുക്താഭിമുഖ്യത്തിൽ വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യപ്രവർത്തകരെയും പങ്കെടുപ്പിച്ചു കൊണ്ട് കുട്ടികളെ സംഘടിപ്പിച്ചുള്ള സെമിനാർ, ശിൽപ്പശാലകൾ, ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തിവരുന്നു.

## പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത

16 (*74) ശ്രീ. വി. ടി. ബൽറാം :
ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ഓടെ പാൽ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നമ്മുടെ ക്ഷീരവിപണിക്ക് വിദേശ വിപണിയിലേക്ക് കടന്നുകയറുവാൻ സാധിച്ചിട്ടുണ്ടോ; ഇതുമൂലം ക്ഷീരകർഷകർക്ക് മെച്ചപ്പെട്ട പാൽ വില ഉറപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) സർക്കാർ ധനസഹായത്തോടെ കുറഞ്ഞ പ്രീമിയം നിരക്കിൽ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്തുവെന്ന് അറിയിക്കുമോ;

(ഡി) റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ് (ആർ.സി.ഇ.പി.) ഉടമ്പടി യാഥാർത്ഥ്യമാകുമ്പോൾ നമ്മുടെ ആഭ്യന്തര പാൽ വിപണിയെ അത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) 2018-ഓടെ പാലുൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനുവേണ്ടി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) | - | 4179 ലക്ഷം |
| കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം | - | 25 ലക്ഷം |
| വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - | 25 ലക്ഷം |
| ആകെ | - | 9775 ലക്ഷം |

പാലുൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദന ക്ഷമതയുള്ള പശുക്കളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടിപരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. മൃഗാശുപത്രികൾക്ക് മരുന്നുവാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 12 കോടിരൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

3. രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടിരൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 20392 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

5. 2017-18 സംസ്ഥാന ബഡ്ജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് അഞ്ച്കോടി രൂപ നീക്കിവച്ചിരിക്കുന്നു.

6. മൃഗസംരക്ഷണത്തിലെയും ക്ഷീരമേഖലയിലെയും യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവപശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 184 പേർക്ക് കറവ യന്ത്രങ്ങൾ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

7. കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾവഴി സൗജന്യമായി ക്ഷീര കർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

8. അകിടുവീക്കരോഗ നിയന്ത്രണ പരിപാടി സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകി വരുന്നു. 2017-18 വർഷം 35000 ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാലുൽപ്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുവേണ്ടി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) നമ്മുടെ ക്ഷീര വിപണിക്ക് വിദേശ വിപണിയിലേയ്ക്ക് കടന്നുകയറാൻ സാധിച്ചിട്ടുണ്ട്. ഇതുമൂലം കർഷകർക്ക് മെച്ചപ്പെട്ട പാൽ വില ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. മലബാർ മേഖലാ ക്ഷീരോൽപ്പാദക യൂണിയൻ വിദേശ രാജ്യങ്ങളിലേയ്ക്ക് 2016-17 വർഷം 218606 കിലോഗ്രാം നെയ് കയറ്റി അയച്ചയിനത്തിൽ 8,67,53,791 രൂപയുടെ വ്യാപാരം നടത്തിയിരുന്നു.

(സി) 2016-17 നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി പ്രകാരം ആകെ 20392 ഉരുക്കളെ ഇൻഷ്വർ ചെയ്യുവാൻ മൃഗസംരക്ഷണ വകുപ്പ് ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിൽ 30-6-2017 വരെ ജനറൽ വിഭാഗത്തിലെ ക്ഷീരകർഷകരുടെ 14514 കന്നുകാലികളെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ക്ഷീരകർഷകരുടെ 1199 കന്നുകാലികളെയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. ടി പദ്ധതി നിർവ്വഹണം പൂർത്തീകരണ വേളയിലാണ്. 2017-18 സംസ്ഥാനാവിഷ്കൃത പദ്ധതിയായ ഗോസമൃദ്ധി പ്രകാരം 60000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേയ്ക്ക് അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. ഇന്ത്യ, ചൈന, ജപ്പാൻ, സൗത്ത് കൊറിയ, ആസ്ട്രേലിയ, ന്യൂസിലാന്റ് എന്നീ ഏഷ്യാ-പെസഫിക് രാജ്യങ്ങളും ആസിയാൻ കരാറിൽ ഒപ്പിട്ട 10 രാജ്യങ്ങളും ഉൾപ്പെടെ ആകെ 16 രാജ്യങ്ങൾ തമ്മിലുള്ള റീജിയണൽ ഫ്രീ ട്രെയ്ഡ് എഗ്രിമെന്റാണ് ആർ.സി.ഇ.പി.-യിൽ (റീജിയണൽ കോംപ്രിഹെൻസീവ് ഇക്കണോമിക് പാർട്ണർഷിപ്പ്) മുന്നോട്ട് വച്ചിരിക്കുന്നത്. ആർ.സി.ഇ.പി. ഉടമ്പടി പ്രകാരം താഴെപ്പറയുന്ന കാര്യങ്ങളാണ് പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത് :

1. അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്കുസേവന വ്യാപാരം, സാമ്പത്തികവും സാങ്കേതികവുമായ സഹകരണം, നിക്ഷേപം, തർക്കപരിഹാരം തുടങ്ങിയ വിഷയങ്ങൾ.

2. അംഗരാജ്യങ്ങൾ തമ്മിലുള്ള ചരക്കുവ്യാപാരത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക.

3. താരിഫ് നിരക്കുകളിൽ ഗണ്യമായ കുറവ് വരുത്തിക്കൊണ്ട് രാജ്യങ്ങൾ തമ്മിലുള്ള ചരക്കുവ്യാപാരം പ്രോത്സാഹിപ്പിക്കുമ്പോൾ ഡയറി ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ മുൻനിരയിൽ നിൽക്കുന്ന ന്യൂസിലാന്റ്, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നും പാലും പാലുൽപ്പാദനങ്ങളും കുറഞ്ഞ താരിഫ് നിരക്കിൽ ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയാണ് കാണുന്നത്. ഈ ഉടമ്പടി കേരളത്തിലെ ക്ഷീര കർഷകരെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ട്. കേരളത്തിന്റെ ആശങ്കകൾ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെയും ബഹുമാനപ്പെട്ട കേന്ദ്ര വാണിജ്യ മന്ത്രിയെയും ബഹുമാനപ്പെട്ട കേന്ദ്ര കൃഷിമന്ത്രിയെയും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## നോക്കുകൂലി സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യാൻ നടപടി

17 (*75) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചുമട്ടുതൊഴിലാളി നിയമം ലംഘിച്ച് നോക്കുകൂലി സമ്പ്രദായം ശക്തിപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരമുള്ള നിയമലംഘനം കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെടുന്നത് ഏതു ജില്ലയിലാണ്;

(സി) പൊതുജനത്തെ കഷ്ടപ്പെടുത്തുന്ന നോക്കുകൂലി സമ്പ്രദായം നിർമ്മാർജ്ജനം ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങളിൽ നിന്നും അമിത കൂലി ആവശ്യപ്പെടുന്നുവെന്ന പരാതികൾ ലഭിക്കാറുണ്ട്. ഇപ്രകാരം പരാതി ലഭിക്കുന്ന കേസ്സുകളിൽ തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഇടപെടുകയും പ്രശ്നപരിഹാരം കാണുകയും ചെയ്യുന്നുണ്ട്.

(ബി) ആലപ്പുഴ ജില്ലയിൽ നിന്നാണ് കൂടുതൽ പരാതികൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) സ്വീകരിക്കുന്നുണ്ട്. ചുമട്ടുത്തൊഴിലാളി മേഖലയിലെ നോക്കുകൂലി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി ഓരോ വിഭാഗത്തിനുമുള്ള ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുത്തൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലിനിരക്ക് പ്രകാരം ചുമട്ടുത്തൊഴിലാളി ക്ഷേമ ബോർഡിൽനിന്ന് തൊഴിലാളികളുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ടെലിഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. പരാതി ലഭിച്ച കേസ്സുകളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നടപടി സ്വീകരിക്കുന്നുണ്ട്.

## പാലിന്റെ ആഭ്യന്തര ഉൽപ്പാദനം

18 (*76) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമായ പാൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഏതൊക്കെ സംസ്ഥാനങ്ങളെയാണ് നാം ആശ്രയിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പു വരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(സി) സംസ്ഥാനത്തിനാവശ്യമായ പാൽ ഇവിടെതന്നെ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) സംസ്ഥാനത്ത് ആവശ്യമുള്ള മുഴുവൻ പാലും ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ഏകദേശം 87 ലക്ഷം ലിറ്റർ പാലാണ് പ്രതിദിനം ആവശ്യമായിട്ടുള്ളത്. സംസ്ഥാനത്ത് ഏകദേശം 78 ലക്ഷം ലിറ്റർ പാൽ പ്രതിദിനം ഉൽപ്പാദിപ്പിക്കപ്പെടുന്നു. പ്രധാനമായും തമിഴ്നാട്ടിൽനിന്നാണ് കേരളത്തിലേയ്ക്ക് ആവശ്യമായ പാൽ എത്തിക്കൊണ്ടിരിക്കുന്നത്. ലഭ്യതയനുസരിച്ച് കർണ്ണാടക, മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരാറുണ്ട്.

(ബി) പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ക്ഷീര വികസന വകുപ്പും ഭക്ഷ്യ സുരക്ഷാ വകുപ്പും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി പാലക്കാട് മീനാക്ഷിപുരത്ത് ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ ചെക്കുപോസ്റ്റും പാൽ പരിശോധനാ ലബോറട്ടറിയും 17-6-2017 മുതൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഓണക്കാലത്തേയ്ക്ക് മാത്രമായി പാലക്കാട് ജില്ലയിലെ വാളയാർ, ഇടുക്കി ജില്ലയിലെ കുമിളി, കൊല്ലം ജില്ലയിലെ ആര്യങ്കാവ്, തിരുവനന്തപുരം ജില്ലയിലെ പാറശാല എന്നിവിടങ്ങളിൽ താൽക്കാലികമായി ചെക്കുപോസ്റ്റുകൾ സ്ഥാപിച്ച് പാൽ പരിശോധന നടത്തിവരുന്നു. തൽഫലമായി കേരളത്തിലേയ്ക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് കഴിയുന്നു. ഈ സ്ഥലങ്ങളിലും സ്ഥിരം ചെക്കുപോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2011-ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഗുണനിലവാരം കുറഞ്ഞ പാലിനെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിൽ നിക്ഷിപ്തമാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പിലുള്ള ഉദ്യോഗസ്ഥർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. പരിശോധന കർശനമാക്കുന്നതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിലും ഉത്സവ കാലങ്ങളിലും സംസ്ഥാന വ്യാപകമായി ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ രൂപീകരിച്ചും ചെക്കുപോസ്റ്റുകളിൽ ഉൾപ്പെടെ പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ലബോറട്ടറികളിൽ പരിശോധനയ്ക്ക് വിധേയമാക്കി

കുറ്റക്കാർക്കെതിരെ നിയമാനുസൃതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെക്കുപോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങൾ പ്രസ്തുത വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളിൽ സേവനം ചെക്കുപോസ്റ്റുകൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ പരിശോധനയ്ക്കായി ഉപയോഗിച്ചുവരുന്നു.

സംസ്ഥാനത്തൊട്ടാകെ 2016-17 കാലഘട്ടത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വന്ന പാലിന്റെ 152 സാമ്പിൾ ശേഖരിക്കുകയും പരിശോധനയിൽ ഒരു സാമ്പിൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് മിൽമ സ്വീകരിക്കുന്നത്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലാബോറട്ടറീസ്) ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) 2018 ഡിസംബർ മാസത്തോടുകൂടി സംസ്ഥാനത്തെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മിൽമയ്ക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി, തീറ്റപ്പുൽകൃഷി വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള സഹായ പദ്ധതികൾ, വിജ്ഞാന വ്യാപന പദ്ധതികൾ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളും ത്രിതല പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിലൂടെയും സംസ്ഥാനത്തിന് ആവശ്യമായ പാൽ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നതിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പട്ടികജാതിക്കാർക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ**

19 (*77) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്ക് എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടപ്പിലാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) ഇവർക്കുവേണ്ടി നിലവിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വിവരിക്കുമോ;

(സി) എന്തെല്ലാം പുതിയ പദ്ധതികളാണ് ഈ സർക്കാർ ഇവർക്കുവേണ്ടി ആവിഷ്കരിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; ഇവയിൽ ഏതെല്ലാം പദ്ധതികൾ തുടക്കം കുറിച്ച് നടപ്പാക്കിവരുന്നു എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) അനുബന്ധം 1 ആയി ചേർക്കുന്നു*.

(ബി&സി) അനുബന്ധം 1-ൽ പരാമർശിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് കൂടാതെ പഠനമുറി, വാത്സല്യനിധി, വർക്കിംഗ് വുമൺസ് ഹോസ്റ്റൽ എന്നീ പുതിയ പദ്ധതികൾ ഈ സർക്കാർ 2017-18-ൽ ആവിഷ്കരിച്ചിട്ടുണ്ട്. നഗരങ്ങളിൽ വിദ്യാഭ്യാസം തേടുന്നതിന് സൗകര്യം വർദ്ധിപ്പിക്കുന്നതിനായി പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

1. പഠനമുറി:

സർക്കാർ/എയ്ഡഡ് ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഒരു വീട്ടിൽ ഒരു പഠനമുറി എന്ന ഒരു പദ്ധതി വകുപ്പ് നടപ്പുവർഷം നടപ്പിലാക്കുന്നുണ്ട്.

2. വാത്സല്യനിധി :

പട്ടികജാതിക്കാരായ ദമ്പതികൾക്ക് ജനിക്കുന്ന പെൺ കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ എന്നിവ ഉറപ്പാക്കുന്നതിനായി വാത്സല്യനിധി എന്ന ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

3. പ്രധാന നഗരങ്ങളിൽ വർക്കിംഗ് വിമൺസ് ഹോസ്റ്റൽ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കും വിദ്യാർത്ഥിനികൾക്കും വേണ്ടി പ്രധാന നഗരങ്ങളോട് ചേർന്ന് ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയുടെ പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. എറണാകുളത്തും കോഴിക്കോട് കുന്ദമംഗലത്തും സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

4. ആറ് കോർപ്പറേഷനുകളിൽ ആൺകുട്ടികൾക്കും പെൺ കുട്ടികൾക്കുമുള്ള പുതിയ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കും.

5. നിലവിൽ പി.ഇ.റ്റി.സി.-കളില്ലാത്ത ജില്ലകളിൽ പി.ഇ. റ്റി.സി.-കൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

**തൊഴിലന്വേഷകർക്ക് സഹായകരമായ പദ്ധതികൾ**

20 (*78) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ നേട്ടം വ്യക്തമാക്കാമോ;

(ബി) സ്വകാര്യമേഖലയിൽ ഉണ്ടാകുന്ന തൊഴിലുകളിലേക്ക് കൂടി തൊഴില ന്വേഷകർക്ക് അവസരം ലഭിക്കത്തക്കരീതിയിൽ തൊഴിൽ വകുപ്പ് ജോബ് പോർട്ടൽ ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ കൂടി ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ചിട്ടുള്ള എംപ്ലോയബിലിറ്റി സെൻറർ പദ്ധതി എത്ര മാത്രം പ്രയോജനപ്രദമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനത്തെക്കുറിച്ച് വിശദമാക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>):

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനിക വൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഇ-സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും 3-5-2017 മുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള സേവനങ്ങൾ ഓൺലൈനായി നൽകിവരികയും ചെയ്യുന്നു. നിലവിൽ രജിസ്ട്രേഷൻ, പുതുക്കൽ, അധിക യോഗ്യത ചേർക്കൽ, സ്പെഷ്യൽ റിന്യൂവൽ, ട്രാൻസ്ഫർ, റീ-രജിസ്ട്രേഷൻ മുതലായവ ഓൺലൈനായി ചെയ്യാവുന്നതാണ്. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാനും സ്വകാര്യ മേഖലയിൽ തൊഴിൽ നേടുവാനും

പരിശീലനം കൊടുക്കുന്നതിനായി ആരംഭിച്ച എംപ്ലോയബിലിറ്റി സെന്റർ മുഖേന 36397 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫർ നൽകുവാൻ സാധിച്ചു. കൂടാതെ വിദ്യാഭ്യാസം/തൊഴിൽ മേഖലയിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് അറിവും പരിശീലനവും നൽകുന്നതിനായി തുടങ്ങിയ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ വഴി 2421 പേർക്ക് പരിശീലനം നൽകുകയുമുണ്ടായി.

(ബി) ഉണ്ട്.

(സി) എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഭരണസമിതി നിലവിലുണ്ട്. ടി സെന്ററുകളുടെ പൂർണ്ണമായ മേൽനോട്ടവും ഏകോപനവും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറിൽ നിക്ഷിപ്തമാണ്. എംപ്ലോയബിലിറ്റി സെന്ററുകളുടെ പ്രതിമാസ പ്രവർത്തനങ്ങൾ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എല്ലാ മാസവും അവലോകനം ചെയ്യുകയും കൂടാതെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ അവരവരുടെ കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകൾ ഓരോ മൂന്നുമാസം കൂടുമ്പോഴും നേരിട്ട് പരിശോധന നടത്തി ടി പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രയോജനപ്രദമാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നുണ്ട്. മേൽ പദ്ധതിയിലൂടെ 2017 മേയ് 31 വരെയുള്ള കാലയളവുകളിൽ 36397 പേർക്ക് സ്വകാര്യ മേഖലയിൽ ജോബ് ഓഫറുകൾ നൽകിയിട്ടുണ്ട്.

(ഡി) ഗ്രാമീണ മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് കരിയർ ഡെവലപ്മെന്റ് സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. കരിയർ ഇൻഫർമേഷൻ, individual ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ്, ഗോൾ സെറ്റിംഗ് മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, മത്സര പരീക്ഷ പരിശീലന പരിപാടികൾ തുടങ്ങി പലതും ഈ സെന്ററുകളിൽ നടത്തുന്നുണ്ട്. നിലവിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര, പാലക്കാട് ജില്ലയിലെ ചിറ്റൂർ, എന്നിവിടങ്ങളിൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ഇതുവരെ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നെയ്യാറ്റിൻകരയിൽ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കരട് തൊഴിൽ നയം

21 (*79) ശ്രീ. അനിൽ അക്കര :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അനൂപ് ജേക്കബ് :

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരട് തൊഴിൽ നയം പ്രഖ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ കൂലി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത 50 വയസ്സിനു മുകളിലുള്ളവർക്കായി സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) പുതിയ തൊഴിൽ നയം തൊഴിൽ മേഖലയിൽ ഉണർവ് ഉണ്ടാക്കുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. കരട് തൊഴിൽ നയത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു*.

(ബി) വിവിധ മേഖലകളിൽ തൊഴിൽ സാഹചര്യവും വേതന വ്യവസ്ഥയും പരിശോധിച്ച് തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 600 രൂപയായി നിജപ്പെടുത്തുന്നതിനാണ് കരട് തൊഴിൽ നയത്തിലൂടെ ലക്ഷ്യമിടുന്നത്.

(സി) ഉണ്ട്.

(ഡി) ഉൽപ്പാദനക്ഷമതയിലൂന്നിയ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തും മെച്ചപ്പെട്ട വേതനം ഉറപ്പുവരുത്തിയും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരം സൃഷ്ടിച്ചും സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ ഉണർവുണ്ടാക്കാനാകുമെന്ന് കരുതുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരട് തൊഴിൽ നയം

22 (*80) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ സമഗ്ര വളർച്ചയ്ക്കായി ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനോടൊപ്പം സംഘടിത-അസംഘടിത മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പാക്കുന്നതിന് പ്രഖ്യാപിച്ച പുതിയ കരട് തൊഴിൽ നയത്തിൽ പ്രധാനമായും എന്തൊക്കെ കാര്യങ്ങൾ ഉൾക്കൊള്ളുന്നുവെന്ന് അറിയിക്കാമോ;

(ബി) അസംഘടിത മേഖല, പ്ലാന്റേഷൻ മേഖല തുടങ്ങിയ തൊഴിൽ ചൂഷണം അധികം നടക്കുന്ന മേഖലകളിൽ തൊഴിലാളികൾക്ക് പരിരക്ഷ ഉറപ്പാക്കാനായി എന്തെല്ലാം വ്യവസ്ഥകളുണ്ടെന്ന് വിശദമാക്കുമോ;

(സി) തൊഴിൽ നൈപുണ്യ വികസനത്തിനും എല്ലാ മേഖലയിലും മാന്യമായ വേതനം ഉറപ്പാക്കുന്നതിനും കരട് നയം എന്തെല്ലാം മാർഗ്ഗങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ-സി) ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്ന കരട് തൊഴിൽ നയത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു*.

## ക്ഷീരമേഖലയുടെ സമഗ്രവികസനം

23 (*81) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ക്ഷീരമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ക്ഷീരമേഖലയുടെ ആധുനികവൽക്കരണത്തിനും അതുവഴി യുവാക്കളെ ഈ മേഖലയിലേക്ക് ആകർഷിക്കത്തക്കവിധത്തിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കന്നുകാലികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക, ന്യായവിലയ്ക്ക് തീറ്റ ലഭ്യമാക്കുക, തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുക തുടങ്ങി ക്ഷീരകൃഷി വ്യാപനത്തിന് വേണ്ട അനിവാര്യസൗകര്യങ്ങൾ ഒരുക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) :

(എ) ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു :

| | | |
|---|---|---|
| ക്ഷീരവിജ്ഞാനവ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| മിൽക്ക് ഷെഡ് വികസന പദ്ധതി (എം.എസ്.ഡി.പി.) | - | 4179 ലക്ഷം |
| കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം | - | 25 ലക്ഷം |
| വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - | 25 ലക്ഷം |
| ആകെ | - | 9775 ലക്ഷം |

ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സംസ്ഥാനത്ത് ജനിക്കുന്ന പശുക്കുട്ടികളെ ഉൽപ്പാദന ക്ഷമതയുള്ള പശുക്കളായി മാറ്റാൻ ലക്ഷ്യമിടുന്ന കന്നുകുട്ടി പരിപാലനം, ഗോവർദ്ധിനി എന്നീ പദ്ധതികൾക്കായി ആകെ 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2. മൃഗാശുപത്രികൾക്ക് മരുന്നവാങ്ങുന്നതിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 12 കോടിരൂപയിൽനിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.

3. രാത്രികാല അടിയന്തര വെറ്ററിനറി സേവനത്തിനുള്ള ബജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽനിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി 2016-17 പ്രകാരം 20392 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

5. 2017-18 സംസ്ഥാന ബജറ്റിൽ ഗോസമൃദ്ധി പദ്ധതി പ്രഖ്യാപിച്ചതുവഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്താൻ കഴിയും. ഗോസമൃദ്ധി പദ്ധതി നിർവ്വഹണത്തിന് അഞ്ച് കോടി രൂപ നീക്കി വച്ചിരിക്കുന്നു.

6. മൃഗസംരക്ഷണത്തിലെയും ക്ഷീരമേഖലയിലെയും യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ട് അഞ്ചിൽ കൂടുതൽ കറവ പശുക്കളുള്ള ക്ഷീരകർഷകർക്ക് ഘട്ടംഘട്ടമായി കറവ യന്ത്രങ്ങൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം 184 പേർക്ക് കറവ യന്ത്രങ്ങൾ നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതാണ്.

7. കേരള ഫീഡ്സിൽനിന്നും മിനറൽ മിക്സ്ചർ ലഭ്യമാക്കി വിവിധ ജില്ലകളിലെ മൃഗാശുപത്രികൾ വഴി സൗജന്യമായി ക്ഷീരകർഷകരിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

8. അകിടുവീക്കരോഗ നിയന്ത്രണ പരിപാടി-സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ഈ പദ്ധതി പ്രകാരം അകിടുരോഗ നിയന്ത്രണ കിറ്റുകൾ സൗജന്യനിരക്കിൽ നൽകിവരുന്നു. 2017-18 വർഷം 35,000 ക്ഷീരകർഷകർക്ക് ധനസഹായം നൽകുന്നതിലേയ്ക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ആവിഷ്കരിച്ചിട്ടുണ്ട്. യുവാക്കൾക്ക് ക്ഷീരമേഖലയിലേയ്ക്ക് കടന്നു വരുന്നതിന് പുതിയ സംരംഭങ്ങൾക്ക് പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീരവികസന വകുപ്പ് നൽകുന്നു. ഈ ലക്ഷ്യത്തോടെ വകുപ്പിനുകീഴിലുള്ള ക്ഷീര പരിശീലന കേന്ദ്രങ്ങൾ മുഖേന മികച്ച പരിശീലനം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (എം.എസ്.ഡി.പി.), ക്ഷീരഗ്രാമം, ഡെയറി സോൺ എന്നീ

പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകി ഡെയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റ്, ഹൈടെക് ഡെയറി യൂണിറ്റ് (20 പശുയൂണിറ്റ്) എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു. ക്ഷീരമേഖലയുടെ ആധുനിക വത്കരണത്തിന്റെ ഭാഗമായി കറവയന്ത്രം, ചാഫ് കട്ടർ, വീൽബാരോ, സ്പ്രിംഗ്ലർ, ഡ്രിംഗിന് ബൗൾ സിസ്റ്റം തുടങ്ങിയവയ്ക്കുള്ള ധനസഹായം നൽകുന്നു. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ മുഖേന പശു വളർത്തൽ, പാൽ വിപണനം, മൂല്യവർദ്ധിത പാലുൽപ്പന്നങ്ങൾ എന്നിവയ്ക്കുള്ള പരിശീലനം നൽകിവരുന്നു. ഇതിന്റെ ഫലമായി കർഷകരുടെ വരുമാനം വർദ്ധിക്കുകയും അതുവഴി നിരവധി യുവാക്കളെ ഈ രംഗത്തേയ്ക്ക് ആകർഷിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(സി) 2016-17 നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ പദ്ധതി പ്രകാരം 20374 പശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. 2016-17, 2017-18 എന്നീ വർഷങ്ങളിൽ ഒരു ലക്ഷത്തി എണ്ണായിരത്തി അറുനൂറ്റി എട്ട് (1,08,608) കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടുത്തവർഷം മുതൽ ഒരു ലക്ഷം പശുക്കുട്ടികളെ കൂടി എസ്.എൽ.ബി.പി. (സ്പെഷ്യൽ ലൈവ്സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം)/ഗോവർദ്ധിനി പദ്ധതിയിലുൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. കാലിത്തീറ്റ വില വർദ്ധനയിൽനിന്നും കർഷകരെ സഹായിക്കുന്നതിനായി ക്ഷീര സംഘങ്ങളിൽ നിന്നും പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ (വകുപ്പ് ധനസഹായം ഉൾപ്പെടെ) വരെ ഇൻസെന്റീവ് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ക്ഷീര കർഷകർ നേരിടുന്ന പ്രശ്നമാണ് തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്. ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിന് തീറ്റപ്പുല്ലിന്റെയും നടീൽവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി തീറ്റപ്പുൽകൃഷി വികസന പദ്ധതി നടപ്പിലാക്കുന്നു. ഹെക്ടറിന് 20,000 രൂപ വരെ ഈയിനത്തിൽ ധനസഹായമായി അനുവദിക്കുന്നുണ്ട്. കൂടാതെ പുൽകൃഷിക്ക് ആവശ്യമായ ജലസേചന സൗകര്യം ഒരുക്കുന്നതിന് യന്ത്രവൽക്കരണത്തിനും സഹായം നൽകുന്നു. വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യവ്യക്തികൾ എന്നിവരുടെ കൈവശം തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽകൃഷി ചെയ്യുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

## സമഗ്ര ക്ഷീരവികസന പദ്ധതി

24 (*82) ശ്രീ. പി. കെ. ശശി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയുടെ വികസനത്തിനായി സമഗ്ര ക്ഷീര വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) കടക്കെണിയിലായ ക്ഷീര കർഷകർക്കായി പ്രത്യേക കടാശ്വാസ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഇതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷീര കർഷക പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) ക്ഷീര കർഷകർക്ക് വരൾച്ചാ ദുരിതാശ്വാസ സഹായ പദ്ധതിയായി വയ്ക്കോലിനും പച്ചപ്പുല്ലിനും സബ്സിഡി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വികസനത്തിനായി എം.എസ്.ഡി.പി. പദ്ധതി (മിൽക്ക് ഷെഡ് വികസന പദ്ധതി) നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമം പഞ്ചായത്തുകളായി തെരഞ്ഞെടുത്തുമാണ് സമഗ്ര ക്ഷീരവികസന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കറവമാടുകൾ വാങ്ങുന്നതിനും ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവയന്ത്രങ്ങൾ വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം നൽകുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു.

(ബി) 2016-17 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഒരു ക്ഷീരകർഷക കടാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിക്കായി 2016-17-ൽ 5 കോടി രൂപ അനുവദിക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) വർദ്ധിപ്പിച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമ പെൻഷൻ 500 രൂപ ആയിരുന്നത് 2017 ജനുവരി മാസം മുതൽ 1000 രൂപയായും ഏപ്രിൽ മുതൽ 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് അനുഭവപ്പെട്ട കടുത്ത വരൾച്ചമൂലം പച്ചപ്പുല്ലിന്റെയും മറ്റ് കാലിത്തീറ്റ വിളകളുടെയും ഉയർന്ന വിലയും ദൗർലഭ്യവും സമീകൃത കാലിത്തീറ്റയുടെ വിലക്കയറ്റവും ശുദ്ധജലത്തിന്റെ ക്ഷാമവും കണക്കിലെടുത്ത് 2016-17-ൽ 35 ലക്ഷം രൂപയുടെ വരൾച്ചാദുരിതാശ്വാസ പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈക്കോലും പച്ചപ്പുല്ലും ലഭ്യമാക്കുവാൻ വേണ്ടി തെരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് 50,000 രൂപയുടെ ധനസഹായം അനുവദിച്ചു. ഈ തുക വിനിയോഗിച്ച് കർഷകർക്ക് കുറഞ്ഞ നിരക്കിൽ വൈക്കോലും പച്ചപ്പുല്ലും ലഭ്യമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

## ജലസുരക്ഷയും ജലലഭ്യതയും ഉറപ്പുവരുത്തുന്നതിന് നടപടി

25 (*84) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെട്ട അതിരൂക്ഷമായ വരൾച്ച നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാലയളവിൽ ജലസുരക്ഷ ഉറപ്പുവരുത്താൻ ഫലപ്രദമായ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചത്;

(സി) കുടിവെള്ള പദ്ധതി നിലവിലില്ലാത്തതോ ഭാഗികമായി മാത്രമുള്ളതോ ആയ പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) പൈപ്പുകൾ പൊട്ടി ജലം പാഴായി പോകുന്നത് തടയാൻ ജീർണ്ണാവസ്ഥയിലായ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) കാലവർഷത്തിലുണ്ടായ അഭൂതപൂർവ്വമായ കുറവ് പരിഗണിച്ച് 2016 സെപ്റ്റംബർ മാസം മുതൽ തന്നെ ജലസംരക്ഷണത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിരുന്നു. അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിലെല്ലാം തന്നെ കഴിഞ്ഞ വർഷത്തെ ജലലഭ്യത കുറവാണെന്നത് പരിഗണിച്ച് സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ കീറിയും പരമാവധി ജലലഭ്യത ഉറപ്പുവരുത്തുവാൻ സാധിച്ചു. സ്രോതസ്സുകളിൽ നിലവിലുണ്ടായിരുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനും ഓരുജലത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനുമായി 2017 മാർച്ചിനുമുമ്പുതന്നെ 40 തടയണകൾ പൂർത്തിയാക്കുകയുണ്ടായി. ഈ വർഷം സമയബന്ധിതമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിനാൽ ലഭ്യമായ ജലം സംരക്ഷിക്കാൻ കഴിഞ്ഞതിനാലാണ് വേനൽ രൂക്ഷമായ സാഹചര്യത്തിലും പല കുടിവെള്ള പദ്ധതികളിലും ജലലഭ്യതയുണ്ടായത്. കൂടാതെ മഴയുടെ കുറവ് കാരണം അണക്കെട്ടുകളിലെ ജലശേഖരത്തിലുണ്ടായ കുറവ് അണക്കെട്ടുകളെ ആശ്രയിച്ചുള്ള ജലവിതരണ പദ്ധതികളെ മഴക്കാലം വരെ ബാധിക്കാതിരിക്കാൻ ഇറിഗേഷൻ,

വൈദ്യുതി വകുപ്പുകളുമായി സഹകരിച്ച് ജൂൺ തുടക്കം വരെ ജലവിതരണത്തിനാവശ്യമായ ജലം കരുതൽ ശേഖരമായി പരിരക്ഷിച്ച് മാത്രമേ മറ്റാവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുവാൻ അനുമതി നൽകാവൂവെന്ന് മാർച്ച് മാസം തന്നെ ജില്ലാ ഭരണ കൂടത്തിനോട് നിർദ്ദേശിച്ചിരുന്നു. ഇതുകൂടാതെ ജലനഷ്ടം ഒഴിവാക്കുന്നതിനായി പൈപ്പ്ലൈനുകളിലെ ചോർച്ച പരിഹരിക്കുക, കേടായ പമ്പുസെറ്റുകൾ നന്നാക്കി തടസ്സരഹിത പമ്പിംഗ് ഉറപ്പുവരുത്തുക, വാൽവുകൾ ക്രമീകരിച്ച് എല്ലാ സ്ഥലത്തും വെള്ളമെത്തിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വരൾച്ചയുടെ കാഠിന്യം കാരണം ശുദ്ധജല വിതരണത്തിൽ ഏറ്റവും ബുദ്ധിമുട്ടനുഭവപ്പെട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ്. ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, വാമനപുരം നദി എന്നിവ നീരൊഴുക്ക് വളരെ കുറഞ്ഞ നിലയിലായിരുന്നു. ജലലഭ്യത തീരെ കുറഞ്ഞതിനാലും ലവണാംശം അനുവദനീയമായ അളവിലും വളരെ കൂടിയതിനാലും കാസർഗോഡ് ജില്ലയിലെ രണ്ട് സ്കീമുകളും പാലക്കാട് ജില്ലയിലെ ഒരു സ്കീമും, മലപ്പുറം ജില്ലയിലെ 3 സ്കീമുകളും താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഈ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും പുതിയ കുഴൽ കിണറുകൾ കുഴിച്ച് ഭൂഗർഭ ജലമുപയോഗിച്ചും ജലലഭ്യതയുള്ള സമീപസ്കീമുകളിൽനിന്നും ഇന്റർ കണക്ഷൻ നൽകിയും ജലവിതരണം നടത്തി പൊതുജനങ്ങളുടെ പ്രശ്നം ലഘൂകരിക്കുവാൻ കഴിഞ്ഞു.

തിരുവനന്തപുരം നഗരത്തിലേക്കുള്ള ജലവിതരണസ്രോതസ്സായ പേപ്പാറ ഡാമിൽ മഴക്കാലം വരെ വിതരണം ചെയ്യുവാൻ ആവശ്യമായ ജലം ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തന്നെ മറ്റൊരു സ്രോതസ്സായ നെയ്യാറിൽനിന്നും ആവശ്യമായ ജലമെത്തിക്കുവാൻ നടപടികൾ അടിയന്തരമായി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പുകൾ സ്ഥാപിച്ച് നെയ്യാർ കാപ്പുകാടിൽ നിന്നും അണിയിലക്കടവ് വഴി കരമനയാറ്റിലേയ്ക്ക് മതിയായ അളവിൽ ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവൃത്തികൾ ഈ കാലയളവിൽ നടപ്പിലാക്കി. രണ്ട് ഡ്രഡ്ജറുകൾ, പമ്പ് സെറ്റുകൾ എന്നിവ വഴി ഏതാണ്ട് 117 ദശലക്ഷം ലിറ്റർ ജലം പ്രതിദിനം ഇത്തരത്തിൽ പമ്പ് ചെയ്തതിന്റെ ഫലമായി നഗരത്തിൽ ശുദ്ധജലവിതരണം സാധാരണ നിലയിൽ തന്നെ നിലനിർത്തുവാൻ സാധിച്ചു. നീരൊഴുക്ക് കാര്യമായി കുറഞ്ഞ നദികളിൽ ചാലുകീറൽ, ജലലഭ്യതയുള്ള സ്ഥലത്തുനിന്നും താൽക്കാലിക പമ്പിംഗ് നടത്തി ഇൻടേക്കിനടുത്ത് ജലം എത്തിക്കൽ തുടങ്ങിയ താൽക്കാലിക പ്രവൃത്തികൾ നടത്തി പരിമിതമായ അളവിലാണെങ്കിലും ജലലഭ്യത ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ പാറമടകൾ, കളിമൺ ക്വാറികൾ എന്നിവയിൽനിന്നും താൽക്കാലിക ശുദ്ധീകരണശാലകൾ വഴി ജലവിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. വരൾച്ചാപ്രതിരോധ പ്രവർത്തനങ്ങളുടെ

ഭാഗമായി അടിയന്തരമായി പൂർത്തിയാക്കുവാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി ആലപ്പുഴ UIDSSMT പദ്ധതി പൂർത്തീകരിച്ചു. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലായി സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവൃത്തികൾ, മറ്റ് സ്രോതസ്സുകളിൽനിന്നും ജലം നൽകുന്ന പ്രവൃത്തികൾ ശുദ്ധീകരണ ശാലകളുടെ അറ്റകുറ്റപ്പണികൾ, ഇന്റർ കണക്ഷൻ പ്രവൃത്തികൾ, പുതിയ കുഴൽ കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികൾ, ടാങ്കർ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം, പമ്പുകളുടെയും മോട്ടോറുകളുടെയും മറ്റ് അനുബന്ധ വൈദ്യുത ഉപകരണങ്ങളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ, ജലവിതരണ നിയന്ത്രണത്തിനായുള്ള വാൽവ് സ്ഥാപിക്കൽ, തുടങ്ങി വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയുണ്ടായി.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നു. ഇതുകൂടാതെ 24x7 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിലും പ്രവർത്തിച്ചിരുന്നു. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതു ജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനുമായി ഒരു DROUGHT MANAGEMENT CELL രൂപീകരിച്ചു. മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകനയോഗം നടത്തിയിരുന്നു. കൂടാതെ സെക്രട്ടറി തലത്തിലും മാനേജ്മെന്റ് തലത്തിലും അതോറിറ്റി ഉദ്യോഗസ്ഥരുമായി വീഡിയോ കോൺഫറൻസ് വഴി സ്ഥിതിഗതികൾ വിലയിരുത്തി തീരുമാന ങ്ങളെടുത്തിരുന്നു. ജലത്തിന്റെ പാഴ്ചിലവും ദുരുപയോഗവും ഒഴിവാക്കുവാൻ സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുകയും കൂടുതൽ ജലം ഉപയോഗിക്കുന്ന വ്യാവസായിക, വാണിജ്യ കണക്ഷനുകളിൽ നിയന്ത്രണമേർപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം ജലത്തിന്റെ നിയന്ത്രിത ഉപയോഗം സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നടത്തുകയുണ്ടായി. 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി കുഴൽ കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതമായി ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. ഭൂജലവകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻകീഴിൽ തുറന്ന കിണർ, കുഴൽ കണിർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാ ടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പാക്കിവരുന്നു.

സംസ്ഥാനത്ത് വർഷത്തിൽ ഭൂരിഭാഗവും ജലദൗർലഭ്യം അനുഭവപ്പെടുകയും കുടിവെള്ള ആവശ്യവും വർദ്ധിച്ചുകൊണ്ടിരിക്കുകയും അതേസമയം സ്വാഭാവിക സ്രോതസ്സുകൾ ശുഷ്കമായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നദികളിലെയും തോടുകളിലെയും നീരൊഴുക്ക് നിലനിർത്തുക, കാലവർഷ സമയത്ത് ലഭിക്കുന്ന ജലം തടഞ്ഞുനിർത്തി ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റാവശ്യങ്ങൾക്കും ജലം ലഭ്യമാക്കുന്നതിനും ഭൂഗർഭ ജലശോഷണം തടഞ്ഞ് ഭൂഗർഭ ജലവിതാനം താഴാതെ നിലനിർത്തുക, കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കും ആവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.കൾ എന്നിവയുടെ നിർമ്മാണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിവരുന്നു. വരൾച്ച നേരിടുന്നതിനായി പൂർത്തീകരിച്ച് തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി. ഇവയിൽ ഷട്ടറിട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്. നദികളിലേയ്ക്ക് കടലിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി വിവിധ ജില്ലകളിലായി 56 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുവഴി ഒരു പരിധി വരെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സാധിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷത്തിൽ കാവേരി നദീജല ട്രൈബ്യൂണൽ വയനാട് ജില്ലയിലെ കബനി സബ് ബേസിനിലെ പദ്ധതികൾക്കായി അനുവദിച്ച ജലത്തിന്റെ വിഹിതം ഉപയോഗപ്പെടുത്തുന്നതിനായി പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക് ഡാമുകൾ, ഒരു റെഗുലേറ്റർ എന്നിവ നിർമ്മിക്കുന്നതിനും പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ അനുവദിച്ച ജലം ഉപയോഗ പ്പെടുത്തുന്നതിനായി 5 കോടി രൂപ ചെലവിൽ 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുൾപ്പെടെ 4 പദ്ധതികളും നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. കൂടാതെ നബാർഡ് ധനസഹായത്തോടെ ഏകദേശം 100 കോടി രൂപ ചെലവിൽ തടയണകളുടെയും റെഗുലേറ്ററുകളുടെയും പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായുള്ള ഹരിത കേരളം, പ്ലാൻസ്കീം ഇവയിൽ ഉൾപ്പെടുത്തി ഓരോ കുളത്തിന്റെയും ജലസേചന സംബന്ധമായ പ്രാധാന്യവും ആവശ്യകതയും കണക്കിലെടുത്ത് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ഓരു വെള്ളക്കയറ്റ നിയന്ത്രണത്തിനും വേനൽക്കാലത്ത് വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഉതകുന്നതരത്തിൽ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റെഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ നദികളിലും ഉപനദികളിലും തോടുകളിലും കാലാകാലങ്ങളിലായി നിർമ്മിച്ചതും എന്നാൽ പ്രവർത്തനക്ഷമമല്ലാത്തതുമായ തടയണകൾ, വെന്റ് ക്രോസ് ബാറുകൾ, റെഗുലേറ്ററുകൾ എന്നിവ പുനരുദ്ധരിക്കുന്നതിനായുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. (നദീതട അടിസ്ഥാനത്തിൽ) തയ്യാറാക്കിവരുന്നു. ഇവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. ഡാം

റിസർവോയറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും ഡാമുകളുടെ സംഭരണ ശേഷിയുടെ കുറവുവരുത്തിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ Kerala Engineering Research Institute, Peechi, Thrissur എന്ന കാര്യാലയം Integrated Bathymetric survey Sub Bottom profiler എന്നീ മാർഗ്ഗങ്ങളിലൂടെ നിലവിലുള്ള സംഭരണ ശേഷിയുടെയും അടിഞ്ഞുകൂടിയിട്ടുള്ള മണലിന്റെയും അളവ് പരിശോധിക്കുന്നുണ്ട്. മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള (desiltation) ശാസ്ത്രീയ മാർഗ്ഗങ്ങൾ ഉൾപ്പെടുത്തിയ Standard Operating Procedure (SOP) തയ്യാറാക്കുകയും അതിന്മേലുള്ള വിദഗ്ദ്ധാഭിപ്രായങ്ങൾ ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. SOP സർക്കാർ തലത്തിൽ അംഗീകരിച്ച് കഴിഞ്ഞാൽ റിസർവോയറുകൾ desilt ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഐ.ഡി.ആർ.ബി.-യിലാണ് ഇതിനുള്ള നടപടികൾ നടത്തി വരുന്നത്. കൂടാതെ വരൾച്ച സമയത്ത് ജലസേചനവും ഭരണവും വകുപ്പിനുകീഴിൽ വരുന്ന പദ്ധതികളുടെ കനാലുകളിലൂടെ വരൾച്ച സമയത്ത് എല്ലാ വർഷത്തെയും പോലെ ഈ വർഷവും പരമാവധി ജലവിതരണം നടത്തിയിരുന്നു. ഈ വരൾച്ചയുടെ കാലയളവിൽ ജലസുരക്ഷയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ ഡാമുകളിലെ ജലസംഭരണവും ഇവയിൽ നിന്നുള്ള ജലവിതരണവും പരമാവധി സൂക്ഷ്മതയോടെയും കാര്യക്ഷമമായും ജനപ്രതിനിധികളുടെയും കർഷകരുടെയും സഹകരണത്തോടെ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അതിരൂക്ഷമായ വരൾച്ച പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് :

1. ജലദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണ്ണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ ഭൂവുടമകളും ഭൂമി കിളച്ച് ഇളക്കിയിടുവാനും കരയിലയിട്ട് ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചരണം പ്രാദേശികമായി നടത്തുക.

2. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണം. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാൽ വൃത്തിയാക്കുവാനും കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലെ ഫണ്ടിൽനിന്നും നടത്തേണ്ടതാണ്. പുറമേ പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും ക്ലബ്ബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക.

3. സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തരമായി ഒരു മാസത്തിനുള്ളിൽ പ്രവർത്തന ക്ഷമമാക്കേണ്ടതാണ്.

4. മഴക്കുഴികൾ സ്ഥാപിക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടികൾ എടുക്കേണ്ടതാണ്. ഇതിനാവശ്യമായ പ്രവർത്തനം തൊഴിലുറപ്പ് പദ്ധതിയിലെ ഫണ്ടിൽനിന്ന് നടത്താവുന്നതാണ്. ജലസേചന വകുപ്പ് എഞ്ചിനീയർ ഇതിനാവശ്യമായ സാങ്കേതിക രേഖാ ചിത്രങ്ങൾ കോണ്ടൂർ മാപ്പ് അടിസ്ഥാനത്തിൽ പ്രാദേശികമായി തയ്യാറാക്കി നൽകേണ്ടതാണ്.

5. ആക്ഷൻ പ്ലാൻ മേൽ പ്രവൃത്തികൾ പൂർത്തിയാക്കുവാൻ വേണ്ടി റിവൈസ് ചെയ്യുവാൻ നടപടികൾ എടുക്കുവാൻ ഗ്രാമപഞ്ചായത്തുകൾ നിർദ്ദേശം നൽകേണ്ടതാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങളും നടപ്പിലാക്കിയിട്ടുണ്ട് :

1. പൊതുകുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി സംരക്ഷിക്കുകയും ശുദ്ധജല വിതരണത്തിന് ഉപയുക്തമാക്കുകയും ചെയ്യണം.

2. പൊതു കുഴൽ കിണർ, തുറന്ന കിണർ ഇവയുടെ കേടുവന്ന മോട്ടോർ, പമ്പ് സെറ്റ് ഇവയുടെ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുക.

3. പൊതു കുഴൽ കിണറുകളും തുറന്ന കിണറുകളും ഉപയോഗ പ്രദമാക്കുക.

4. ചെക്കുഡാമുകളും തടയണകളും വൃത്തിയാക്കുക.

5. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിലുള്ളതും ഗുണഭോക്തൃ സമിതിയുടെ നിയന്ത്രണത്തിലുള്ളതുമായ കുടിവെള്ള പദ്ധതികളിൽ വൈദ്യുതി കുടിശ്ശിക കാരണം ജല വിതരണം മുടങ്ങി കിടക്കുകയാണെങ്കിൽ വൈദ്യുതി ബന്ധം പുനസ്ഥാപിക്കുകയും വൈദ്യുതി ബിൽ അടയ്ക്കാനും തുക വകയിരുത്തുക.

6. അനുയോജ്യമായ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് കുടിവെള്ളം ടാങ്കറിലൂടെ എത്തിക്കുക. കിയോസ്കിനുവേണ്ട ടാങ്കുകൾ ഇ-ടെണ്ടറിലൂടെ വാങ്ങുക.

(ബി) ഈ കാലയളവിൽ ജലസുരക്ഷ ഉറപ്പുവരുത്തുന്നതിലേയ്ക്ക് ശുദ്ധീകരണശാല നിലവിലുള്ള സ്ഥലങ്ങളിൽ ജലം ശുദ്ധീകരിച്ച് ക്ലോറിനേഷൻ നടത്തി വിതരണം ചെയ്തിരുന്നു. കൂടാതെ ശുദ്ധീകരണശാല ഇല്ലാത്ത ഗ്രാമീണ പദ്ധതികളിൽ ക്ലോറിനേഷൻ നടത്തിയും ജലസുരക്ഷ ഉറപ്പുവരുത്തിയിരുന്നു. നീരൊഴുക്ക് കുറഞ്ഞതുകാരണം പല നദികളിലും ലവണാംശം കൂടുന്നത് പരിഹരിക്കുന്നതിന് തടയണ കെട്ടിയും ജലസേചന കനാൽ തുറന്നുവിട്ടും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽ

കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ഹാന്റ് പമ്പ് സ്കീമുകളും നടപ്പാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി ഒരു കോടി രൂപ രാജീവ് ഗാന്ധി പദ്ധതിയിൽ ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. കൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 5834 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 24 കുഴൽക്കിണർ കൈപമ്പ് പദ്ധതികളും 327 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലും വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തി വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി.

ഈ വരൾച്ചയുടെ കാലയളവിൽ ജലസുരക്ഷയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ ഡാമുകളിലെ ജലസംഭരണവും ഇവയിൽ നിന്നുള്ള ജലവിതരണവും പരമാവധി സൂക്ഷ്മതയോടെയും കാര്യക്ഷമമായും ജനപ്രതിനിധികളുടെയും കർഷകരുടെയും സഹകരണത്തോടെ നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. 226Mm3 പൂർണ്ണ സംഭരണ ശേഷിയുള്ള മലമ്പുഴ ഡാമിൽ ഈ വർഷം സംഭരിച്ച ജലത്തിന്റെ അളവ് 97.3770 Mm3 ആണ്. രണ്ടാം വിളക്കായി കനാലിലൂടെ 50.4385 Mm3 ജലം വിതരണം ചെയ്തു. വരൾച്ചമൂലം ഭാരതപ്പുഴയിലെ കുടിവെള്ള പദ്ധതികളുടെ പമ്പിംഗ് തടസ്സപ്പെടുന്നത് പരിഹരിക്കാനായി വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും പാലക്കാട് ജില്ലാ കളക്ടറുടെയും നിർദ്ദേശപ്രകാരം ഭാരതപ്പുഴയിലേയ്ക്ക് 1.7627Mm3 ജലം തുറന്നു വിടുകയുണ്ടായി. വരൾച്ച നേരിടുന്നതിനായി 10Mm3 ജലം നീക്കിവച്ചിരുന്നു. മംഗലം ഡാമിൽ ജലവിതരണത്തിനായി 25.32Mm3 ജലം സംഭരിക്കുകയും ഈ ജലം ഉപയോഗിച്ച് ആയക്കട്ട് പ്രദേശങ്ങളിൽ രണ്ടാംവിള കൃഷി ഇറക്കുകയും ചെയ്തു. 4-2-2017-ന് ജലവിതരണം അവസാനിപ്പിക്കുകയും വരൾച്ച നിവാരണത്തിനായി 1.75Mm3 ജലം ലഭ്യമാക്കുകയുണ്ടായി. പോത്തുണ്ടി ഡാമിൽ ജലവിതരണത്തിനായി 24.579Mm3 ജലം സംഭരിക്കുകയും രണ്ടാം വിളയ്ക്കായി 21.008Mm3 ജലം വിതരണം ചെയ്യുകയും ചെയ്തു. വരൾച്ച നിവാരണത്തിനായി 2Mm3 ജലം ലഭ്യമാക്കി.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് ലഭിച്ച ജലം കൊണ്ട് കൊടുമ്പ് വരെയുള്ള കുടിവെള്ള പദ്ധതിക്കായുള്ള തടയണകൾ നിറച്ചു. മൂലത്തറ വലതുകര കനാലിലെ കൊഴിഞ്ഞാമ്പാറ ബ്രാഞ്ചിലെ 4 കുളങ്ങളും കൂടാതെ താമരക്കുളം, ചാമകണ്ണനേരി, വലിയ ഏരി എന്നീ ഏരിയകളും കോരയാറിലെ 16 തടയണകളും കുടിവെള്ളം ആവശ്യത്തിനായി നിറയ്ക്കുകയുണ്ടായി. കാഞ്ഞിരപ്പുഴ ജലസേചനപദ്ധതിയുടെ കനാലിലൂടെ നല്ല രീതിയിൽ ജലവിതരണം നടത്തുകയുണ്ടായി. തൃത്താല റെഗുലേറ്ററിൽ

ഷട്ടറുകൾ അടച്ച് ജലം സംഭരിക്കുകയും സംഭരിച്ച ജലം ആവശ്യാനുസരണം വിട്ടുകൊടുത്ത് ജല അതോറിറ്റിയുടെയും ചെറുകിട ജലസേചനവകുപ്പിന്റെയും പമ്പിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിന് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. കുറ്റ്യാടി ജലസേചന പദ്ധതിയിൽ വളരെ നേരത്തെ തന്നെ അതായത് ജനുവരി നാലാം തീയതി മുതൽ ജലവിതരണം ആരംഭിക്കുകയും കഴിഞ്ഞ വർഷങ്ങളിൽ ജലസേചനം സാധ്യമാകാത്ത സ്ഥലങ്ങളിൽ പോലും ഇത്തവണ പൂർണ്ണമായി ജലവിതരണം നടത്തുകയും ചെയ്തു. പഴശ്ശി ഡാമിന്റെ ഷട്ടറുകൾ അടച്ച് ജലം സംഭരിക്കുകയും കേരള വാട്ടർ അതോറിറ്റി മുഖേന ജലവിതരണം നടത്തുകയും ചെയ്തു. കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിലൂടെയുള്ള 6.10 കി.മി., വലതുകര കനാലിലൂടെ 7.02 കി.മീ, അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെ 2.120 കി.മീ. എന്നിങ്ങനെ ജലവിതരണം നടത്തുകയുണ്ടായി. കണിയാമ്പറ്റ, അമ്പലവയൽ, മീനങ്ങാടി, മുട്ടിൽ, മേപ്പാടി, കോട്ടത്തറ എന്നീ പഞ്ചായത്തുകളിലൂടെ കടന്നു പോകുന്ന കനാലുകളിലൂടെയുള്ള ജലവിതരണംമൂലം ഭൂജലവിതാനം ഗണ്യമായി ഉയർത്താൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി നിലവിലുള്ള ജലസ്രോതസ്സുകൾ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുള്ളതും കൂടുതൽ മഴവെള്ളം ഭൂമിയിലേയ്ക്ക് താഴ്ന്നിറങ്ങാൻ ബണ്ടുകൾ നിർമ്മിക്കുകയും തോടുകൾ, കുളങ്ങൾ എന്നിവ ആഴം കൂട്ടുകയും ചെയ്തിട്ടുണ്ട്.

(സി) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള പൈപ്പുലൈനുകൾ ദീർഘിപ്പിച്ച് ഇത്തരം പ്രദേശങ്ങളിൽ ശുദ്ധജലം എത്തിച്ചു. കൂടാതെ രൂക്ഷമായ ജലക്ഷാമം നേരിട്ട പ്രദേശങ്ങളിൽ റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ അവരുടെ തന്നെ മേൽനോട്ടത്തിൽ ടാങ്കർ ലോറികളിൽ ജലവിതരണം നടത്തിയിരുന്നു. ഇതിനുപുറമേ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളിൽ ജില്ലാ ഭരണകൂടം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുകയും അതിലേയ്ക്കുള്ള വെള്ളം ജല അതോറിറ്റിയുടെ ഔട്ട് ലെറ്റുകളിൽ നിന്നും സൗജന്യമായി നൽകുകയുണ്ടായി. ദീർഘകാലാടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതി നിലവിലില്ലാത്തതോ ഭാഗികമായി മാത്രമുള്ളതോ ആയ പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിന് 2016-17-ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികൾക്ക് 909 കോടി രൂപയുടെ ഭരണാനുമതിയും വിതരണ ശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് വേണ്ടി 163.1 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി പ്രഖ്യാപിച്ച 5 പുതിയ പദ്ധതികൾക്കായി 185 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. 54 പാക്കേജുകൾ ഉൾപ്പെടുന്ന മേൽപദ്ധതികളിൽ 30 പാക്കേജുകൾക്ക് ടെണ്ടർ

വിളിച്ചിട്ടുണ്ട്. ശുദ്ധീകരണ ശാല, കിണർ, ജല സംഭരണികൾ എന്നീ ഘടകങ്ങൾ നിർമ്മിക്കാനാവശ്യമായ സ്ഥലം വിട്ടുകിട്ടാൻ താമസിക്കുന്നതാണ്. മറ്റ് പാക്കേജുകളുടെ ടെണ്ടർ വൈകുന്നതിന് കാരണം. മേൽപ്പറഞ്ഞ 23 പദ്ധതികളുടെ പട്ടിക അനുബന്ധം I-ൽ ചേർക്കുന്നു*. 2017-18-ലെ ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്നതിനായി 41 പദ്ധതികൾക്ക് 1696 കോടി രൂപയും മറുപടി പ്രസംഗത്തിൽ ഒരു പദ്ധതിക്ക് 20 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ പ്രൊപ്പോസലുകളുടെ സാധ്യതാപഠനം നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ പട്ടിക അനുബന്ധം 2-ൽ ചേർക്കുന്നു*.

കേരള വാട്ടർ അതോറിറ്റി കേന്ദ്ര സംസ്ഥാന സർക്കാർ സംയുക്തമായി നടപ്പാക്കുന്ന അമൃത് പദ്ധതിയിൽ സംസ്ഥാനത്തെ ഒൻപത് നഗരസഭ/ മുനിസിപ്പാലിറ്റികളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, ഗുരുവായൂർ, കോഴിക്കോട്, കണ്ണൂർ) നിലവിലുള്ള ജലവിതരണം ഇല്ലാത്തതോ ഭാഗികമായി ലഭ്യമാകുന്നതോ ആയ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. (പദ്ധതികളുടെ വിവരം അനുബന്ധം III ആയി ചേർക്കുന്നു.*) കൂടാതെ നബാർഡ്, സ്റ്റേറ്റ് പ്ലാൻ, ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തിയും പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ കുഴൽക്കിണറുകൾ നിർമ്മിച്ച് ചെറുകിട കുടിവെള്ള പദ്ധതികളും ഹാന്റ് പമ്പ് സ്കീമുകളും ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൽ കീഴിൽ ഒരു കോടി രൂപ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള സാങ്കേതികാനുമതി വകുപ്പ് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ സർക്കാർ ഉത്തരവ് പ്രകാരം വാഹനങ്ങളിൽ ജലവിതരണം നടത്തി ജലക്ഷാമം ഒരു പരിധി വരെ പരിഹരിച്ചിട്ടുണ്ട്.

(ഡി) പഴയതും പൊട്ടിയതുമായ എ.സി. പൈപ്പുകൾ മാറ്റുന്നതിനായി 2017-18 സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 85 പ്രൊപ്പോസലുകൾക്കായി 1747.85 ലക്ഷം രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. 2017-18 സ്റ്റേറ്റ് പ്ലാനിൽ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 6 പദ്ധതികൾക്കായി 140 കോടി രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 28 കോടി രൂപയുടെ പദ്ധതിയായ പത്തനംതിട്ട ജില്ലയിലെ അയിരൂർ-കഞ്ഞേറ്റുക്കര കുടിവെള്ള പദ്ധതിയിലും 15 കോടി രൂപയുടെ പദ്ധതിയായ പാലക്കാട് ജില്ലയിലെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചിറ്റൂർ തത്തമംഗലം മുനിസിപ്പാലിറ്റിക്കും വടവന്നൂർ പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലും പഴയ എ.സി./സി.ഐ. പൈപ്പുകൾ മാറ്റാനുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എ.സി./പ്രിമോ ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അമൃത് പദ്ധതിയിൽ നഗരസഭ/മുനിസിപ്പാലിറ്റികളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, പാലക്കാട്, ഗുരുവായൂർ, കോഴിക്കോട്, കണ്ണൂർ) ജീർണ്ണാവസ്ഥയിലുള്ള പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സാംസ്കാരിക രംഗത്തെ ശക്തിപ്പെടുത്താൻ നടപടി

26 (*85) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ ശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം ചെറുക്കാനായി സാംസ്കാരിക വകുപ്പ് എന്തൊക്കെ തരത്തിലുള്ള ഇടപെടലുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ബി) അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണം, വസ്ത്രധാരണം തുടങ്ങിയ മേഖലകളിൽ മാത്രമല്ല കുടുംബ ബന്ധങ്ങളിൽ വരെ കേന്ദ്ര ഭരണം ഉപയോഗിച്ച് നിയന്ത്രണവും പെരുമാറ്റചട്ടങ്ങളും ഏർപ്പെടുത്താനുള്ള ശ്രമം ചെറുക്കാനായി സാംസ്കാരിക രംഗത്തെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഭൂരിപക്ഷ-ന്യൂനപക്ഷ ഛിദ്രശക്തികൾക്ക് വിധേയമായി പ്രവർത്തിക്കാത്ത എഴുത്തുകാർക്കും സാംസ്കാരിക രംഗത്തുള്ളവർക്കുമെതിരെ ഭീഷണി ഉയർത്തുന്നതിനെ പ്രതിരോധിക്കാനായി ഏതുവിധത്തിലുള്ള ഇടപെടലുകൾ സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) ഹിന്ദുത്വമാണ് ദേശീയതയെന്ന് പ്രഖ്യാപിച്ചുകൊണ്ട് കുടുംബ പ്രബോധനമെന്ന പേരിൽ ഭവന സന്ദർശനംവഴി ജനങ്ങളിൽ ഭീതിയുണർത്തി അവരെ ഫാസിസത്തിന്റെ ഇരകളോ പങ്കാളികളോ ആക്കിമാറ്റാനുള്ള വിദ്രോഹ ശക്തികളുടെ നീക്കത്തെ ആശയപരമായി നേരിടുന്നതിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) വർഗ്ഗീയശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേഷം ചെറുക്കാനായി സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്കരീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വർഗ്ഗീയശക്തികൾക്കെതിരെ അവബോധമുണ്ടാക്കുന്നതിനും ശാസ്ത്രീയമായി ചിന്തിക്കാൻ കുട്ടികളെയും മുതിർന്നവരെയും പ്രേരിപ്പിക്കുന്നതിന് ഉതകുന്ന സെമിനാറുകളും പ്രഭാഷണ പരമ്പരകളും പുസ്തക പ്രസിദ്ധീകരണങ്ങളും സാംസ്കാരിക സ്ഥാപനങ്ങൾവഴി നടപ്പിലാക്കിവരുന്നു. വർഗ്ഗീയശക്തികൾ സാംസ്കാരിക രംഗത്ത് നടത്തുന്ന അധിനിവേശം തടയുന്നതിനും ജനാധിപത്യത്തിന് അനിവാര്യമായ സാമുദായിക-സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണങ്ങൾ പ്രതിരോധിക്കുവാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയായാണ് നമുക്ക് ജാതിയില്ല എന്ന ശ്രീനാരായണഗുരു വിളമ്പരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ 6000-ഓളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. മതേതര സംസ്കാരം മുഖ്യമുദ്രയാക്കിയ നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥ വ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഭക്ഷണം, വസ്ത്രധാരണം, കുടുംബബന്ധങ്ങൾ എന്നിവയെ സംബന്ധിച്ച് പെരുമാറ്റ ചട്ടങ്ങളും നിയന്ത്രണങ്ങളും ചെറുക്കാൻ ബോധവൽക്കരണം ഉണ്ടാകും വിധം ഫാസിസ്റ്റ് വിരുദ്ധ മനോഭാവം സമൂഹത്തിൽ സൃഷ്ടിക്കുന്നതിനായി കലാ സാഹിത്യ മേഖലകളിൽ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മതാതീതവും മാനവികവുമായ കേരളീയ സാംസ്കാരിക കാഴ്ചപ്പാടിനെ തെറ്റിദ്ധരിപ്പിച്ച് സംഘടിത രാഷ്ട്രീയ ശക്തികൾ മതതീവ്രവാദത്തിന് വിനിയോഗിക്കുന്ന വർത്തമാനകാല സാഹചര്യത്തിൽ സ്ഥിതി സമത്വത്തിന്റെയും മതേതരത്വത്തിന്റെയും ആവശ്യകത തിരിച്ചറിഞ്ഞ് സർക്കാരിന്റെ നേതൃത്വത്തിൽ ജാതീയ ഉച്ച നീചത്വങ്ങളെ ഇല്ലാതാക്കുവാനും സമൂഹത്തിൽ സമത്വവും സാഹോദര്യവും നിലനിർത്തുവാനും പരിപാടികൾ ആവിഷ്കരിക്കുന്നുണ്ട്. സഹോദരൻ അയ്യപ്പൻ ആരംഭിച്ച പന്തിഭോജനത്തിന്റെ 100-ാം വാർഷികം എല്ലാ ജില്ലകളിലും ആഘോഷിക്കുകയുണ്ടായി.

(സി&ഡി) ദുരിപക്ഷ-ന്യൂനപക്ഷ ഛിദ്രശക്തികൾക്ക് വിധേയമായി പ്രവർത്തിക്കാത്ത എഴുത്തുകാർക്കും സാംസ്കാരിക രംഗത്തുള്ളവർക്കും ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഛിദ്രശക്തികൾക്കെതിരെ അവബോധമുളവാക്കുന്നതരത്തിൽ പ്രതിരോധ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ശ്രീ. എം. ടി. വാസുദേവൻ നായർ, സംവിധായകൻ ശ്രീ. കമൽ എന്നിവർക്കെതിരായി ഉണ്ടായ വർഗ്ഗീയ വാദികളുടെ ഭീഷണിയെ സർക്കാർ

ഗൗരവത്തിൽ വിലയിരുത്തിയിട്ടുണ്ട്. സാംസ്കാരിക രംഗത്ത് ഏത് മതത്തിൽ പ്പെട്ടവരാണെങ്കിലും വർഗ്ഗീയ വിദ്വേഷം കലർത്തുന്ന നടപടി ഉണ്ടായാൽ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ നാനാജാതി മതസമൂഹങ്ങൾ ഒത്തൊരുമയോടെയും സൗഹാർദ്ദപരമായുമാണ് ജീവിച്ച് പോരുന്നത്. ഈ സാമൂഹികാന്തരീക്ഷം മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ജീവിത സൂചികകളിലും ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലും വലിയ വളർച്ച കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ജാതി-മത സംഘർഷങ്ങൾ താരതമ്യേന കുറവാണ് സംസ്ഥാനത്ത്. ഈ സൗഹാർദ്ദ അന്തരീക്ഷം വികസനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ ഏതെങ്കിലും ഒരു മതം മറ്റൊരു മതത്തേക്കാൾ മികച്ചതാണെന്ന രീതിയിൽ വർഗ്ഗീയ പ്രചരണം ആര് തന്നെ നടത്തിയാലും സർക്കാർ അതിനെ കർശനമായി നേരിടുന്നതാണ്. ഭവന സന്ദർശനം വഴി ഹിന്ദുത്വ പ്രചാരണം നടത്തി, അതുവഴി മറ്റ് മതങ്ങളെ ആക്ഷേപിക്കുന്ന പ്രചാരണം നടക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

### ജലസംരക്ഷണത്തിനായി ജനകീയ പങ്കാളിത്തം

27 (*86) ശ്രീമതി യു. പ്രതിഭ ഹരി :

ശ്രീ. എസ്. ശർമ്മ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വേനൽക്കാലത്ത് കുടിവെള്ളത്തിന് കടുത്ത ക്ഷാമം അനുഭവപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി അതിനായി ജനകീയ പങ്കാളിത്തം നേടുന്നതിനായി പദ്ധതിയുണ്ടോ;

(ബി) സംസ്ഥാനത്തെ അഞ്ച് ചെറുനദികളൊഴികെ മറ്റുള്ളവയെല്ലാം ഗുരുതരമായ തോതിൽ മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നുവെന്ന്, ജലസ്രോതസ്സുകൾ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായുള്ള കേന്ദ്രം (സി.ഡബ്ല്യു.ആർ.ഡി.എം.) കണ്ടെത്തിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള മലിനീകരണ നിയന്ത്രണത്തിനായി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ജലസ്രോതസ്സുകളുടെ മലിനീകരണത്തിന് കാരണമാകുന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമാണ്; മലിനീകരണത്തിന് കാരണക്കാരാകുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ ആവശ്യമെങ്കിൽ നിയമ നിർമ്മാണം നടത്താൻ തയ്യാറാകുമോ എന്ന് അറിയിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി ജന പങ്കാളിത്തത്തോടെ നടപ്പാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ളതാണ്. സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്ന ഹരിത കേരളം മിഷൻ, ജലസേചനം, കൃഷി, മണ്ണ് സംരക്ഷണം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുടെ ഏകോപനത്തോടെയും വർദ്ധിച്ച തോതിലുള്ള ജനപങ്കാളിത്തത്തോടെയും പുതിയൊരു ജലവിഭവ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുകയാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വരൾച്ചയെ പ്രതിരോധിക്കാനുതകുന്ന ശാസ്ത്രീയ മണ്ണ്-ജല സംരക്ഷണ പ്രവർത്തനമായ നീർത്തടാധിഷ്ഠിത പ്രവർത്തനമാണ് ആസൂത്രണം ചെയ്തുവരുന്നത്. ജനപങ്കാളിത്തത്തോടെ ബ്ലോക്കുതല മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കുകയും തുടർന്ന് ഇവയെ നദീതടവുമായി ബന്ധിപ്പിച്ച് നദീതടമാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനും പൂർണ്ണതോതിലുള്ള ജനപങ്കാളിത്തം ഉറപ്പാക്കുന്ന തരത്തിൽ അവരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നടപ്പാക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കൂടാതെ കുടിവെള്ളത്തിന് കടുത്ത ക്ഷാമം അനുഭവപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി കുടിവെള്ളപദ്ധതികളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ ജനങ്ങൾക്ക് ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റിയും ജലം പാഴാക്കാതിരിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റിയും ബോധവൽക്കരണം നടത്തിയിട്ടുണ്ട്. ഭൂജലവകുപ്പ്, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധ ക്ലാസ്സുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു. ബോധവൽക്കരണപ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരുന്നു.

(ബി) കേരളത്തിലെ നദികളുടെ ഗുണനിലവാരത്തെ സംബന്ധിച്ചുള്ള പഠനം സി.ഡബ്ല്യു.ആർ.ഡി.എം. നടത്തുകയും നദികളുടെ പാരിസ്ഥിതിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന പ്രധാന സ്ഥലങ്ങൾ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കരമന നദിയുടെ മലിനീകരണ നിയന്ത്രണത്തിനുള്ള പദ്ധതികൾ കെ.എസ്.സി.എസ്.റ്റി.ഇ.-യുടെ സഹായത്തോടെ നിർവ്വഹിച്ചു കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽനിന്നും മലിനീകരണനിയന്ത്രണബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. സംസ്ഥാനത്ത് നദികളും പുഴകളും അടക്കമുള്ള ജലസ്രോതസ്സുകളിലെ മലിനീകരണ നിയന്ത്രണത്തിനായി

മലിനീകരണ നിയന്ത്രണ ബോർഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജലനിയമം 1974 പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലമലിനീകരണത്തിന് കാരണമാകും. ഈ സ്ഥാപനങ്ങളെ ജലനിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജലശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. ജലാശയങ്ങളിലും മറ്റും അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നടപടികൾ സ്വീകരിക്കേണ്ടത് തദ്ദേശസ്വയംഭരണ വകുപ്പാണ്.

(സി) ജലസ്രോതസ്സുകൾ മലിനീകരണപ്പെടുന്നതിന് പ്രധാനകാരണം നദികളിലേയ്ക്ക് വലിച്ചെറിയുന്നതും ഒഴുക്കിവിടുന്നതുമായ ജൈവ, അജൈവ, രാസ, ഖരമാലിന്യങ്ങളാണ്. 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്ട് സെക്ഷൻ 15 സബ് സെക്ഷൻ (ജെ) പ്രകാരം മലിനജല നിർഗ്ഗമന കുഴലുകളും മറ്റും ജലസ്രോതസ്സുകളെ ബാധിക്കുന്നവിധം സ്ഥാപിക്കുന്നതും ഉപരിതല ജലസ്രോതസ്സുകളിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ ഭൂജലസ്രോതസ്സുകളെ ബാധിക്കാൻ സാധ്യതയുള്ളതായി കണ്ടാൽ അതും തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള നിയമം കർക്കശമാക്കുകയും അത് പാലിക്കാത്തവർക്ക് പിഴ ഈടാക്കുകയും ചെയ്യുകവഴി മലിനീകരണം നിയന്ത്രിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ സ്ഥാപനങ്ങളാണ് മലിനീകരണ നിയന്ത്രണത്തിനുള്ള ബന്ധപ്പെട്ട അധികാരികൾ. കൂടാതെ 2003 ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ജലസ്രോതസ്സുകളിൽ മലിനീകരണം നടത്തുന്നവർക്കെതിരെയുള്ള ശിക്ഷാനടപടികൾ കർക്കശമാക്കുന്നതിനുള്ള ഖണ്ഡികകൾ ചേർക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ജലക്ഷാമം**

28 (*87) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ജലക്ഷാമത്തിലേക്ക് നയിച്ച അടിസ്ഥാന കാരണങ്ങളെയും വീഴ്ചകളെയും സംബന്ധിച്ച് പരിചിന്തനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വാഭാവിക ജലസ്രോതസ്സുകൾ മാലിന്യം നിറച്ച് ജലം ഉപയോഗ ശൂന്യമാക്കിയതും കുറെയേറെ എണ്ണം നികത്തിയതും ശേഷിക്കുന്നവയെ സംരക്ഷി ക്കാത്തതുമാണ് ഇന്നത്തെ ദുസ്ഥിതിക്ക് പ്രധാന കാരണമെന്ന കാര്യം ബോദ്ധ്യമായിട്ടുണ്ടോ;

(സി) ജലദൗർലഭ്യം രൂക്ഷമായിട്ടും സർക്കാരോ ജനങ്ങളോ ജലോപയോഗത്തിൽ സ്വയം നിയന്ത്രണത്തിന് തയ്യാറാകാത്ത അവസ്ഥയെക്കുറിച്ച് ബോധവത്ക്കരണ നടപടികൾ സ്വീകരിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ഉണ്ട്. മഴയുടെ ലഭ്യതക്കുറവാണ് സംസ്ഥാനം നേരിടുന്ന ജലക്ഷാമത്തിലേയ്ക്ക് നയിച്ച അടിസ്ഥാന കാരണം. അതോടൊപ്പം ജലസ്രോതസ്സുകളുടെ നികത്തൽ, അവയുടെ പരിപാലനക്കുറവ്, പുഴകളിൽ നിന്നുള്ള അശാസ്ത്രീയമായ മണൽവാരൽ, ഭൂവിനിയോഗത്തിൽ വന്നമാറ്റം, അനിയന്ത്രിതമായ ജല ഉപയോഗം, ജലമലിനീകരണം തുടങ്ങിയവയും ജലദൗർലഭ്യത്തിന് കാരണമാകുന്നുണ്ട്. ഇതോടൊപ്പം കാലാവസ്ഥാ വ്യതിയാനവും ഒരു ഘടകമായി കാണക്കാക്കുന്നു. കൂടാതെ സംസ്ഥാനത്തിന്റെ ചരിഞ്ഞ ഭൂപ്രകൃതി കാരണം മഴയിലൂടെ ലഭിക്കുന്ന ജലം വളരെ പെട്ടെന്ന് ഒഴുകി കടലിലേയ്ക്ക് പതിക്കുന്നുവെന്നതും പ്രധാനപ്പെട്ട കാരണമാണ്. അശാസ്ത്രീയമായ മണലെടുപ്പും മരം മുറിക്കൽ, മണ്ണൊലിപ്പ്, മഴവെള്ളം ഒഴുകിപ്പോകാതെ ഭൂമിയിൽ റീചാർജ് ചെയ്യുന്ന പദ്ധതികളുടെ കുറവ് എന്നിവയും ജലക്ഷാമത്തിലേയ്ക്ക് നയിക്കുന്ന മറ്റ് പ്രധാനഘടകങ്ങളാണ്. ആയതിനാൽ ജലസംഭരണ സംരക്ഷണ പദ്ധതികളായ തടയണകൾ, റെഗുലേറ്ററുകൾ, കുളങ്ങൾ എന്നിവ കൂടുതലായി നിർമ്മിക്കുകയും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഇവ മാത്രമല്ല, ലഭിക്കേണ്ട മഴയിൽ വന്ന കുറവാണ് പ്രധാന കാരണം. കിട്ടുന്ന മഴവെള്ളത്തെ തടഞ്ഞുനിർത്തി സംരക്ഷിക്കുവാൻ സാധിക്കാതെ വരുന്നതും നിലവിലുള്ള ജലസ്രോതസ്സുകളായ കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ എന്നിവ സംരക്ഷിക്കാത്തതും പ്രകൃതിയിൽനിന്നും ലഭിക്കുന്ന മഴവെള്ളം മണ്ണിലേയ്ക്ക് ഊർന്നിറങ്ങാനുള്ള സാഹചര്യമൊരുക്കാതെ കാനകൾവഴി പുഴയിലേയ്ക്ക് ഒഴുക്കി വിടുന്നതും ഇന്നത്തെ ദുസ്ഥിതിക്ക് പ്രധാന കാരണങ്ങളിലൊന്നാണ്.

(സി) സർക്കാർ തലത്തിൽ ജലപയോഗത്തെ സംബന്ധിച്ച് ഇപ്പോൾ തന്നെ നിരവധി ബോധവൽക്കരണ പരിപാടികൾ നടക്കുന്നുണ്ട്. കഴിഞ്ഞ വേനലോടുകൂടി തന്നെ ജനങ്ങൾ ജലദൗർലഭ്യത്തെപ്പറ്റി ബോധവാന്മാരായി തുടങ്ങിയിട്ടുള്ളതായി വിലയിരുത്തപ്പെടുന്നു. അവർക്ക് കൂടുതൽ അവബോധം നൽകുന്നതിനായി സർക്കാർ പല പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. ജലവിനിയോഗത്തിൽ മിതത്വം പാലിക്കണമെന്ന

ആശയം പ്രചരിപ്പിക്കുന്നതിനും ജനങ്ങളിൽ ജലവിഭവ വിനിയോഗത്തെക്കുറിച്ച് ധാരണ വളർത്താനുമായി ലോക ജലദിനത്തോടനുബന്ധിച്ച് ജനങ്ങളുടെയും വിദ്യർത്ഥികളുടെയും ഇടയിൽ ഒരു ബോധവൽക്കരണ പരിപാടി കഴിഞ്ഞ മാർച്ച് 22-ന് വകുപ്പുതലത്തിൽ നടത്തുകയുമുണ്ടായി. ഭൂജലവകുപ്പ്, ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും പദ്ധതിയിൻ കീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധ ക്ലാസ്സുകൾ സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചുവരുന്നു. വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങൾക്ക് പ്രാമുഖ്യം നൽകിയാണ് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നത്. കൂടാതെ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സ്കൂളുകളിൽ ഭൂജല സംരക്ഷണത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സംരക്ഷണത്തെക്കുറിച്ചുമുള്ള പോസ്റ്ററുകൾ കേരള ജല അതോറിറ്റി പ്രദർശിപ്പിക്കുകയും ജലദുരുപയോഗം കുറയ്ക്കുന്നതിനുവേണ്ടി പത്രങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുമുണ്ട്. ജലനിധിയുടെ നേതൃത്വത്തിൽ നിർമ്മിച്ച ജലത്തിന്റെ ഉപയോഗത്തെപ്പറ്റി പ്രതിപാദിക്കുന്ന ഡോക്യുമെന്ററികൾ എല്ലാ പഞ്ചായത്തുകളിലും പൊതുജനങ്ങൾക്ക് പ്രദർശനം നടത്തുകയും ജലദൗർലഭ്യത്തെ പറ്റിയും ജലദുരുപയോഗത്തെപ്പറ്റിയും പരാമർശിക്കുന്ന കൈപ്പുസ്തകങ്ങളും ലഘുലേഖകളും എല്ലാ പൊതുജനങ്ങൾക്കും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ സ്കൂളുകളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് അതുവഴി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണം നൽകിവരുന്നുണ്ട്. ഇവയ്ക്കെല്ലാം പുറമേ, ഹരിതകേരള മിഷനിലുൾപ്പെടുത്തി ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ നടത്തുകയും ജലസംരക്ഷണ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുകയും ചെയ്തുവരുന്നു.

### സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ

29 (*88) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ ഒഴിവാക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സിനിമാ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുമോ;

(സി) സിനിമാ സംഘടനകളുടെ മേൽ ഏതെല്ലാം തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്താനാണ് ആലോചിക്കുന്നത്;

(ഡി) സിനിമാ മേഖലയിലെ ക്രിമിനൽവൽക്കരണം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ-ഡി) സിനിമാ മേഖലയിലെ അനഭിലഷണീയമായ പ്രവണതകൾ, ക്രിമിനൽ വൽക്കരണം എന്നിവ ഒഴിവാക്കുന്നതിനും സിനിമാമേഖലയിൽ തൊഴിലെടുക്കുന്നവർക്ക് തൊഴിൽ നിയമങ്ങൾ ബാധകമാക്കുക, സിനിമാ സംഘടനകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നിവ ഉൾപ്പെടെ ഒരു നിയമനിർമ്മാണം നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സിനിമാരംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിനായി രൂപീകരിക്കപ്പെട്ട വിമൺ കളക്ടീവ് ഇൻ സിനിമ എന്ന സംഘടനയുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. സിനിമ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ സമസ്ത മേഖലകളെയും ഉൾക്കൊള്ളിച്ചു കൊണ്ടും നിലവിലെ സിനിമാ റഗുലേഷൻ ആക്ടിൽ അധികാരം നൽകിയിട്ടുള്ള എല്ലാ വകുപ്പുകളുടെയും പ്രതിനിധികളും സിനിമാ വ്യവസായത്തിലെ പ്രധാന സംഘടനകളുടെ പ്രതിനിധികളും നിയമോപദേഷ്ടാക്കളും സർക്കാർ പ്രതിനിധികളും ഉൾപ്പെടുന്നതായ ഒരു അതോറിറ്റി രൂപീകരിക്കണമെന്ന അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ 'സിനിമാ റഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പ് പുനഃസംഘടന**

30 (*90) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പുനഃസംഘടനയിലൂടെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ജലവിഭവ വകുപ്പിനുകീഴിലുള്ള ജലസേചന വകുപ്പ് പുനഃസംഘടിപ്പിക്കാൻ ആലോചനകൾ നടന്നുവരുന്നുണ്ട്. ജലസേചന വകുപ്പിന്റെ ചുമതലകൾ വിവിധ മേഖലകളിലേയ്ക്ക് വ്യാപിച്ചുവരുന്നതിനാൽ വകുപ്പ് പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. കേരള ജലസ്രോതസ്സുകൾ മുഴുവൻ ജനങ്ങൾക്കും കൃഷിക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ഈ വകുപ്പ് നദീതട അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വകുപ്പിലെ 17 ശതമാനം ജീവനക്കാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് പുനർവിന്യസിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ ശരിയായ രീതിയിൽ പുനഃക്രമീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. നിലവിലെ ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ജലസേചന പ്രവൃത്തികളുടെ ഗുണനിലവാരം ഉയർത്തുക, ഇ-ഗവേണൻസിലൂടെ ഭരണ നിർവ്വഹണ നിലവാരം ഉയർത്തുക, അന്തർസംസ്ഥാന ജല പ്രശ്നങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കുക, കൂടുതൽ കേന്ദ്ര ഫണ്ടുകൾ ലഭ്യമാക്കി ജലസേചന പദ്ധതികൾ വിപുലീകരിക്കുക, ഡാം സുരക്ഷ, ഡ്രിപ് എന്നിവയിൽ അധിക ശ്രദ്ധ ചെലുത്തുക തുടങ്ങിയവ മുൻനിർത്തി നിലവിലുള്ള ജലദൗർലഭ്യത്തിന് പരിഹാരം കാണുക, ജലസംരക്ഷണത്തിന് മുൻതൂക്കം നൽകുക എന്നീ ലക്ഷ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈവരിക്കുക എന്നതാണ് പുനഃസംഘടനയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലേയ്ക്കായി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സമഗ്ര ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഭവന നിർമ്മാണ ധനസഹായം

1(699) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ഭവന നിർമ്മാണ ധനസഹായം പദ്ധതിയിൽ എത്ര പട്ടികജാതി വിഭാഗക്കാർക്ക് തുക അനുവദിച്ചു;

(ബി) ഓരോരുത്തർക്കും അനുവദിക്കുന്ന തുക എത്രയാണ്; ആകെ എത്ര തുക അനുവദിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം 14,946 വീടുകൾക്ക് അനുമതി നൽകിയതിൽ 14,614 പേർക്ക് ഒന്നാം ഗഡുവും ഒന്നാം ഗഡു കൈപ്പറ്റിയവരിൽ 5680 പേർക്ക് രണ്ടാം ഗഡുവും രണ്ടാം ഗഡു കൈപ്പറ്റിയവരിൽ 2419 പേർക്ക് മൂന്നാം ഗഡുവും പ്രവൃത്തി പൂർത്തിയായ 967 പേർക്ക് 4-ാം ഗഡുവും ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപയാണ് ഓരോ ഗുണഭോക്താക്കൾക്കും ധനസഹായമായി അനുവദിച്ച് നൽകുന്നത്. 2016-17 സാമ്പത്തിക വർഷം 14,946 വീടുകൾ നിർമ്മിക്കുന്നതിനും സ്പിൽ ഓവർ വീടുകളുടെ പൂർത്തീകരണത്തിനുമായി 233.50 കോടി രൂപ അനുവദിച്ചു നൽകിയതിൽ 232,35,94,800 രൂപ ചെലവഴിച്ചിട്ടുണ്ട്.

## ചികിത്സാ സഹായ വിതരണം

2(700) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, ചികിത്സാ സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ചികിത്സാ സഹായം വിതരണം ചെയ്യുന്ന ബ്ലോക്ക് എസ്.സി ആഫീസിൽ വീണ്ടും പ്രസ്തുത സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ ബ്ലോക്ക് എസ്.സി. ആഫീസർ ചികിത്സാ സഹായം വിതരണവുമായി ബന്ധപ്പെട്ട് പ്രസ്തുത സർട്ടിഫിക്കറ്റുകൾ വീണ്ടും ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ വീണ്ടും സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് ബുദ്ധിമുട്ടുണ്ടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സമർപ്പിക്കേണ്ടതില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇത്തരം പരാതികൾ ലഭ്യമായാൽ നടപടി സ്വീകരിക്കുന്നതാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ

3(701) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിലെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇവരുടെ പഠന പിന്നോക്കാവസ്ഥ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പോ ഇതര ഏജൻസികളോ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പൂർണ്ണരൂപത്തിലുള്ള പകർപ്പ് ലഭ്യമാക്കാമോ;

(സി) എസ്.എസ്.എ, ആർ.എം.എസ്.എ. തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്കായി നടപ്പിലാക്കുന്ന പ്രത്യേക പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി സ്കോളർഷിപ്പുകൾ, ഗ്രാന്റുകൾ എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് നൽകിവരുന്നു. അഞ്ചാം ക്ലാസ്സ് മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ നടത്തി ആനുകൂല്യം നൽകുന്ന 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി ', കുട്ടികൾക്ക് ട്യൂഷൻ പഠിക്കുന്നതിന് 'ട്യൂട്ടോറിയൽ ഗ്രാന്റ് പദ്ധതി', ട്രൈബൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'വസ്ത്ര വിതരണ പദ്ധതി', വകുപ്പിന്റെ അംഗീകാരമുള്ള ഹോസ്റ്റലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 'ബോർഡിംഗ് ഗ്രാന്റ്', സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം, സ്കൂൾകോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന യാത്രയായ ഭാരത ദർശൻ, പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹന ഗ്രാന്റ് എന്നീ പദ്ധതികളും നടത്തി വരുന്നു. കൂടാതെ മെഡിക്കൽ എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്ക് പ്രാരംഭ ചെലവിനത്തിൽ ധനസഹായം നൽകുന്നു. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനായി വികാസ് വാടികൾ, കിന്റർ ഗാർട്ടൻ, ബാലവാടികൾ, നഴ്സറി സ്കൂളുകൾ, ബാലവിജ്ഞാന കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നു. വിദൂര കോളനികളിലെ കുട്ടികൾക്ക് 1 മുതൽ 4-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിനായി പെരിപ്പറ്ററ്റിക് സെന്ററുകളും ഏകാദ്ധ്യാപക വിദ്യാലയങ്ങളും പ്രവർത്തിക്കുന്നു. വകുപ്പിനുകീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളും 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പ്രവർത്തിക്കുന്നു. വകുപ്പിന് കീഴിൽ 2 ഐ.റ്റി.ഐ.-കളും ഒരു ഉത്പാദന പരിശീലന കേന്ദ്രവും സാങ്കേതിക തൊഴിലുകൾക്ക് പരിശീലനം നൽകുന്നതിന് 10 മാതൃകാ പരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം നൽകിവരുന്നു. കൂടാതെ സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷാ പരിശീലനവും വകുപ്പ് മുഖേന നൽകിവരുന്നു. സാങ്കേതിക കോഴ്സ് പരിശീലനവും എം.ബി.ബി.എസ്., എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനവും വർഷംതോറും നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട

പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഊരുകളിൽ ട്യൂഷൻ നൽകുന്നതിലേയ്ക്കായി സാമൂഹ്യ പഠന മുറി പദ്ധതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പട്ടികവർഗ്ഗത്തിൽ തന്നെയുള്ള റ്റി.റ്റി.സി., ബി.എഡ്ഡ്. പാസ്സായ യുവതീയുവാക്കളെ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി, വിദൂരവും വനാന്തരങ്ങളിലുമുള്ള കുട്ടികൾക്ക് സ്കൂളിൽ എത്തിച്ചേരുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തുന്ന 'ഗോത്രസാരഥി പദ്ധതി' എന്നിവയും വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ 2008-ൽ പട്ടികവർഗ്ഗ വികസന വകുപ്പ് സർവ്വേ നടത്തുകയും 2013-ൽ സർവ്വേ പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വേയിലെ വിദ്യാഭ്യാസം സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) 2016-17 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ആർ.എം.എസ്.എ. വഴി സംസ്ഥാനത്തെ ബ്ലോക്കുകൾതോറും ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. ഈ വർഷത്തെ പ്രൊപ്പോസൽ കേന്ദ്ര മാനവ വികസന മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. എസ്.എസ്.എ. വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(1) 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ എസ്.സി.-എസ്.ടി. കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, ഒരു ജോഡി സൗജന്യ യൂണിഫോം എന്നിവയ്ക്കുള്ള ഫണ്ട് എസ്.എസ്.എ. നൽകുന്നു.

(2) പല കാരണങ്ങളാൽ വിദ്യാലയത്തിൽ പ്രവേശനം നടത്താത്ത കുട്ടികളെ വിദ്യാലയങ്ങളിലേയ്ക്ക് എത്തിക്കുന്നതിന് പ്രത്യേക പിന്തുണ നൽകുന്നു.

(3) ടി വിഭാഗം കുട്ടികൾക്കായി ഊരുകൂട്ട വിദ്യാകേന്ദ്രങ്ങൾ, പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചിട്ടുണ്ട്.

(4) വയനാട്ടിൽ ഊരുവിദ്യാകേന്ദ്രങ്ങളിൽ വിദ്യാ വോളന്റിയർമാരെ നിയമിച്ചിട്ടുണ്ട്.

(5) ചില ജില്ലകളിൽ ട്രൈബൽ ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് കൈത്തൊഴിൽ പരിശീലനം നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(6) ടി വിദ്യാർത്ഥികളെ സ്കൂളുകളിൽ എത്തിക്കുന്നതിന് ദൂരപരിധി കണക്കാക്കി യാത്രാസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(7) ടി കുട്ടികൾക്ക് പഠനയാത്രാ സൗകര്യം ഒരുക്കിയിട്ടുണ്ട്.

(8) പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം ഏർപ്പെടുത്തിയിട്ടുണ്ട്.

### ദുരിതാശ്വാസ നിധിയിൽനിന്നും സഹായധനം ലഭ്യമാക്കുന്നതിന് നടപടി

4(702) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായധനം പ്രഖ്യാപിച്ച കോഴിക്കോട് ജില്ലയിലെ അപേക്ഷകർക്ക്, സഹായധനം കുറച്ചുകാലമായി ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇവർക്ക് അടിയന്തിരമായി സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

### വായ്പയെടുക്കുന്നവർക്ക് ആശ്വാസ നടപടികൾ

5(703) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിലായ എസ്‌സി./എസ്റ്റി. വിഭാഗങ്ങൾക്ക് വകുപ്പ് നൽകുന്ന ആശ്വാസ നടപടികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അപേക്ഷ, നടപടിക്രമങ്ങൾ എന്നിവ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വിഭാഗങ്ങൾ:</u>

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വിഭാഗങ്ങൾ:</u>

പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതി തള്ളുന്ന പദ്ധതി 1-10-2015-ലെ സ.ഉ. (അച്ചടി) നമ്പർ 71/15/ പജപവവിവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) <u>പട്ടികജാതി വിഭാഗങ്ങൾ:</u>

അപേക്ഷയുടെ മാതൃക അനുബന്ധമായി ചേർക്കുന്നു. *

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(അച്ചടി) നമ്പർ 24/2015/ പജപവവിവ നമ്പർ ഉത്തരവ് പ്രകാരം വായ്പാ ആനുകൂല്യത്തിനായി ഗുണഭോക്താക്കൾ ബന്ധപ്പെട്ട വായ്പാ സ്ഥാപനത്തിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു വ്യക്തിയുടെ ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരം എഴുതിത്തള്ളുകയുള്ളൂ. ഈ പദ്ധതിയിൽ 1.5 ലക്ഷം രൂപയാണ് വാർഷിക വരുമാന പരിധി. ടി പദ്ധതി നടത്തിപ്പിനായി സ്ഥാപനങ്ങൾക്ക് നോഡൽ ഏജൻസി എസ്.സി./എസ്.ടി. കോർപ്പറേഷൻ മുഖേന ആവശ്യമായ തുക അനുവദിച്ചു നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

സ.ഉ.(അ)നമ്പർ71/2015/പജപവവിവ തീയതി 1-10-2015-ലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ മുഖേനയാണ് പട്ടികവർഗ്ഗക്കാരുടെ 1,00,000 രൂപ വരെയുള്ള വായ്പകൾ എഴുതി തള്ളുന്നത്. പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്കൃത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും പലിശയും പിഴപ്പലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും അർഹരായവരുടെ അപേക്ഷ ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് ലഭ്യമാക്കി. അർഹതയുള്ളതു സംബന്ധിച്ച ശിപാർശ സഹിതം ബന്ധപ്പെട്ട ട്രൈബൽ ജില്ലാ ഓഫീസർക്ക് ലഭ്യമാക്കുന്നു. ആയത് ജില്ലാ ഓഫീസർമാർ സൂക്ഷ്മ പരിശോധന നടത്തി എഴുതി തള്ളേണ്ട തുകയുടെ വിശദാംശങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കി ടി പദ്ധതിയുടെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുന്ന എസ്.സി./എസ്.റ്റി. കോർപ്പറേഷൻ തുക എഴുതി തള്ളുന്നതിനുള്ള അനുമതി ലഭ്യമാക്കുകയാണ് ചെയ്തുവരുന്നത്.

## എസ്.സി. കോളനികളുടെ നവീകരണം

6(704) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി. കോളനികളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി ആവിഷ്കരിച്ച അംബേദ്കർ മാതൃകാ കോളനി പദ്ധതിയിലേക്ക് അർഹതപ്പെട്ട കോളനികളെ കണ്ടെത്തുന്ന കാര്യത്തിൽ ജില്ലാ ഓഫീസുകളുടെ കെടുകാര്യസ്ഥത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളനികളിലെ കുടുംബങ്ങളുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കാത്തതിനാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുണ്ടാകുന്ന കാലതാമസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച എറണാകുളം ജില്ലയിലെ കോളനികൾ ഏതെല്ലാമെന്ന് നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; മറ്റുള്ള നിയോജക മണ്ഡലങ്ങളിൽനിന്ന് നിർദ്ദേശിക്കപ്പെട്ടതും ഫീസിബിളുമായ കോളനികൾ ഏതെല്ലാമെന്നും ടി കോളനികൾക്ക് അനുമതി നല്കുന്നതിലെ കാലതാമസത്തിന് കാരണം എന്തെന്നും വ്യക്തമാക്കാമോ;

(ഡി) ടി കോളനികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) 40 കുടുംബങ്ങളില്ലാത്ത നിയോജകമണ്ഡലത്തിലെ അർഹതപ്പെട്ട കോളനികളിൽ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ കൊച്ചി നിയോജകമണ്ഡലത്തിലെ ഏതെല്ലാം കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകിയ കോളനികളുടെ ലിസ്റ്റും പുതുതായി നിർദ്ദേശിക്കപ്പെട്ടതും ഫീസിബിളുമായ കോളനികളുടെ ലിസ്റ്റും അനുബന്ധമായി ചേർക്കുന്നു.* ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നേരിട്ട് ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ അതതു ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന ഫീസിബിളാണോയെന്ന് പരിശോധിച്ച് വിവരം ലഭ്യമാക്കിയ ശേഷം തയ്യാറാക്കി സമർപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ച് ഉത്തരവ് നൽകുന്നതിനുണ്ടാകുന്ന സാമാന്യമായ കാലതാമസം മാത്രമേ ഇക്കാര്യത്തിൽ ഉണ്ടാകുന്നുള്ളൂ.

(ഡി) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് സഹിതം പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ഇ) നിലവിലെ മാനദണ്ഡമനുസരിച്ച് 40 പട്ടികജാതി കുടുംബങ്ങൾ ഇല്ലാത്ത കോളനികളിൽ അംബേദ്ക്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പിലാക്കാൻ കഴിയില്ല.

(എഫ്) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പ്രീ മെട്രിക് ഹോസ്റ്റൽ

7(705) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പെൺകുട്ടികൾക്കായുള്ള ബേഡഡുക്ക പ്രീ മെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; [സ.ഉ. (സാധാ) നമ്പർ 1581/16/SC/ST] വിശദാംശങ്ങൾ അറിയിക്കാമോ;

(സി) എങ്കിൽ ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെയായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ:

(ഡി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിന് താൽക്കാലിക കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) ബേഡഡുക്ക പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി കാസർഗോഡ് ജില്ലയിൽ ബേഡഡുക്ക വില്ലേജിൽ 216/2B 2C സർവ്വേ നമ്പരിലുള്ള 1 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്. കിഫ്ബി മുഖേന ധനസമാഹരണം നടത്തി 5 കോടി രൂപ ചെലവിൽ ടി ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ.-ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്.

(ഡി) നിലവിലില്ല.

## പ്രീ മെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനം

8(706) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളാണ് ഉള്ളത്; അവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് വിഭാഗങ്ങളിലായി എത്രയെണ്ണം വീതമാണ് ഗേൾസ് ഹോസ്റ്റലുകളുള്ളത്; അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തലസ്ഥാനത്തുൾപ്പെടെ പ്രധാനപ്പെട്ട എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പുതിയ പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിനായി ബജറ്റിൽ എന്ത് തുകയാണ് മാറ്റിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിൽ 87 പ്രീ മെട്രിക് ഹോസ്റ്റലുകളും 17 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 106 പ്രീമെട്രിക് ഹോസ്റ്റലുകളും 3 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുമുണ്ട്. പട്ടികജാതി വികസന വകുപ്പിനുകീഴിൽ പെൺകുട്ടികൾക്കായി 44 പ്രീ മെട്രിക് ഹോസ്റ്റലുകളും 7 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 46 പ്രീ മെട്രിക് ഹോസ്റ്റലുകളും 1 പോസ്റ്റ് മെട്രിക് ഹോസ്റ്റലും പ്രവർത്തിച്ചു വരുന്നു. ഗേൾസ് ഹോസ്റ്റലുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു :

| | പട്ടികജാതി | | പട്ടികവർഗ്ഗം | |
|---|---|---|---|---|
| | പ്രീ മെട്രിക് | പോസ്റ്റ് മെട്രിക് | പ്രീ മെട്രിക് | പോസ്റ്റ് മെട്രിക് |
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 4 | 1 | 1 | |
| കൊല്ലം | 3 | 1 | 2 | |
| പത്തനംതിട്ട | 4 | ... | 1 | |
| ആലപ്പുഴ | 4 | ... | 1 | |
| കോട്ടയം | 3 | 1 | 2 | |
| ഇടുക്കി | 3 | ... | 5 | |
| എറണാകുളം | 3 | 1 | 2 | |
| തൃശ്ശൂർ | 2 | ... | 2 | |
| പാലക്കാട് | 6 | 1 | 7 | |
| മലപ്പുറം | 3 | ... | 4 | |
| കോഴിക്കോട് | 3 | 1 | 2 | |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| വയനാട് | ... | ... | 13 | |
| കണ്ണൂർ | 4 | ... | 4 | |
| കാസർഗോഡ് | 2 | 1 | 4 | |
| | 44 | 7 | 46 | 1 |

(ബി) ഉണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ തലസ്ഥാനത്തുൾപ്പെടെ പ്രധാനപ്പെട്ട എല്ലാ നഗരങ്ങളിലും പെൺകുട്ടികൾക്ക് മാത്രമായി പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിൻകീഴിൽ നിലവിലുള്ള ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ അറ്റകുറ്റ പണികൾ, നവീകരണ പ്രവൃത്തികൾ എന്നിവ നടത്തുന്നതിനും വെള്ളത്തിന് ക്ഷാമമുള്ള ഹോസ്റ്റലുകളിൽ കുഴൽകിണറുകൾ കുഴിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട വാട്ടർ കണക്ഷൻ എടുക്കുന്നതിനും എല്ലാ ഹോസ്റ്റലുകളിലും ഗ്യാസ് കണക്ഷൻ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ വാട്ടർ പ്യൂരിഫയർ, Mosquito Net, പെൺകുട്ടികളുടെ ഹോസ്റ്റലുകളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ&ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുകയും ഇൻഡോർ ഗെയിമുകൾക്ക് സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുകയും കുട്ടികളുടെ സുരക്ഷിതത്വത്തിനായി സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഇ-ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, വെയ്സ്റ്റ് മാനേജ്മെന്റ് സിസ്റ്റം, ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. 2225-01-277-57-34-(പി) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 40410 ലക്ഷം രൂപയിൽ ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനും മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 4225-01-800-99(പി) ശീർഷകത്തിൽ വകയിരുത്തിയ 1500 ലക്ഷം രൂപയിൽ ഹോസ്റ്റൽ അറ്റകുറ്റപ്പണികൾക്കായി തുക ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് യൂനിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ./ടി.ഡി.ഒ.-മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കി വരുകയും ചെയ്യുന്നു. “ 2225-02-277-52 Improving facilities in ST hostels

(Plan)" എന്ന ബഡ്ജറ്റ് ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 2225-02-800-29-36-ആർട്ടിക്കിൾ 275(1) (പ്ലാൻ) എന്ന ശീർഷകത്തിൽ 231.35 ലക്ഷം രൂപയും 2225-02-794-98-SCA to TSP (Plan) എന്ന ശീർഷകത്തിൽ 300 ലക്ഷം രൂപയും ഹോസ്റ്റലുകളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

## നേമം നിയോജകമണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ

9(707) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിൽ എത്ര എസ്.സി. എസ്.ടി. കോളനികളാണ് നിലവിൽ ഉള്ളത്; കോളനികളുടെ ഉന്നമനത്തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) നേമം നിയോജകമണ്ഡലത്തിലെ മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിൽനിന്നും ഈ കോളനികളുടെ വികസനത്തിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ; ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട് ; വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

### ഉത്തരം

(എ) നേമം നിയോജകമണ്ഡലത്തിൽ 44 പട്ടികജാതി കോളനികളും ഒരു പട്ടികവർഗ്ഗ സെറ്റിൽമെന്റും ഉണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ എം.എസ്.കെ. നഗർ പട്ടികജാതി കോളനിയിൽ ഒരു കോടി രൂപയുടെ വികസന പദ്ധതികൾക്ക് അംഗീകാരം നൽകുകയും ആയത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുത്ത പൂഴികുന്നിൽ പറങ്കിമാംവിള ലക്ഷം വീട് കോളനി, ആഴാംകൽ 44-ാം നഗർ കോളനി എന്നീ രണ്ട് പട്ടികജാതി കോളനികളിലായി 2 കോടി രൂപയുടെ (ഓരോ കോളനിയിലും ഒരു കോടി രൂപ വീതം) അടിസ്ഥാന വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കല്ലിയൂർ പട്ടികവർഗ്ഗ സങ്കേതത്തിനുള്ളിലെ മരുളൂർക്കോണം-കനാൽ റോഡ് രണ്ട് തവണ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ ടി റോഡിന്റെ ബാക്കി പണികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെയ്തിട്ടുണ്ട്.

(ബി) മുൻ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിൽ നിന്നുമല്ല, പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന കോളനി വികസന പദ്ധതിയിൽ നിന്നുമാണ് ഈ കോളനിയുടെ വികസനത്തിന് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

## അരൂർ നിയോജകമണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ഇത്തിത്തറ കോളനി

10(708) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ ചേന്നം പള്ളിപ്പുറം പഞ്ചായത്തിൽ ഇത്തിത്തറ കോളനിയിൽ സ്വാശ്രയ പട്ടികജാതി കോളനി പദ്ധതിപ്രകാരം എത്ര രൂപയുടെ പ്രവൃത്തികളാണ് നിർവ്വഹിച്ചത്;

(ബി) ഒരു കോടി രൂപയിൽ ഉൾപ്പെടുത്തി തുടർപദ്ധതികൾ നിർദ്ദേശിച്ചത് നിർവ്വഹിക്കുന്നതിൽ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് (FIT) എന്ന ഏജൻസി കാണിച്ച ഗുരുതരമായവീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർവ്വഹണ ഏജൻസിയുടെ നിരുത്തരവാദിത്വം കൊണ്ട് അവിടേയ്ക്ക് ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികൾ തുടർന്ന് നടത്തുന്നതിന് കഴിയുമോ;

(ഡി) ഒരു കോടി രൂപയിൽ ഉൾപ്പെടുത്തിയോ അല്ലെങ്കിൽ കോർപ്പസ് ഫണ്ടിലോ ഉൾപ്പെടുത്തി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അരൂർ നിയോജകമണ്ഡലത്തിലെ ഇത്തിത്തറ കോളനിയിൽ 39,73,823 രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

(ബി) ടി കോളനിയിൽ പ്രവൃത്തികൾ ചെയ്യുന്നതിന് സാങ്കേതികമായ തടസ്സങ്ങളും ഏജൻസിയുടെ ഭാഗത്തുനിന്നും ബോധപൂർവ്വമല്ലാതെയുള്ള വീഴ്ചകളും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികളിൽ ഇതിനോടകം ആരംഭിച്ചവ പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 2017 ഒക്ടോബർ 31 വരെ ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപ വിനിയോഗിച്ച് ചെയ്യേണ്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമത്തിനുള്ള പുതിയ പദ്ധതികൾ

11 (709) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പെൺകുട്ടികൾക്ക്, ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'വാത്സല്യനിധി' നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയായ " വാത്സല്യ നിധി" നടപ്പിലാക്കിയിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## ചികിത്സാ സഹായം വിതരണം ചെയ്യുവാൻ കാലതാമസം

12(710) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി അനുവദിച്ച ചികിത്സാ സഹായം വിതരണം ചെയ്യുവാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ചികിത്സാ സഹായം അനുവദിച്ചവരുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ചികിത്സാ സഹായം അനുവദിച്ചവർക്ക് തുക എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കപ്പെടുന്ന ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ആയതിലേയ്ക്കായി ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ്സ് ബുക്കിന്റെ കോപ്പി, ഐ.എഫ്.എസ്.സി. നമ്പർ, ഗുണഭോക്താക്കളുടെ മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്നതിന് ചില കേസ്സുകളിൽ കാലതാമസം ഉണ്ടാകുന്നത് കൊണ്ടാണ് ടി ഗുണഭോക്താക്കൾക്ക് തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(ബി) പട്ടികവർഗ്ഗം:

| | | |
|---|---|---|
| 2012-13 മുതൽ 2014-15 വരെ | ഇല്ല | |
| 2015-16 | ശ്രീ. പ്രഭാകരൻ<br>കറിഞ്ഞാത്തറ താഴ്ചയിൽ,<br>ബുധനൂർ പി.ഒ., ചെങ്ങന്നൂർ<br>ആലപ്പുഴ | 5,000 |
| 2016-17 | ശ്രീമതി ആനിമോൾ പി.ആർ.<br>മരുതിയുഴത്തിൽ വീട്,<br>പുത്തൻകാവ് പി. ഒ.,<br>ചെങ്ങന്നൂർ<br>ആലപ്പുഴ | 4,000 |
| 2017-18 | ഇല്ല | |

പട്ടികജാതിയിൽപ്പെട്ടവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(സി) ചികിത്സാ ധനസഹായം അനുവദിക്കപ്പെട്ടവർക്ക് തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

## സ്വാശ്രയ ഗ്രാമം പദ്ധതി

13(711) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായി നടപ്പിലാക്കുന്ന സ്വാശ്രയ ഗ്രാമം പദ്ധതിക്ക് വേണ്ടി തെരഞ്ഞെടുത്ത കോളനികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഇതുവരെ ചെയ്ത കാര്യങ്ങൾ/നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി അക്രഡിറ്റഡ് ഏജൻസികളെ ചുമതലപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത 225 കോളനികളിൽ, 196 കോളനികളുടെ പദ്ധതി നിർവ്വഹണത്തിനുവേണ്ടി നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ പട്ടികജാതി വികസന വകുപ്പുമായി MOU ഒപ്പുവച്ചിട്ടുണ്ട്. അതുപ്രകാരം ഓരോ കോളനിക്കും ഒന്നാം ഗഡുവായി 50 ലക്ഷം രൂപ വീതം അനുവദിച്ച് നൽകുകയും മോണിറ്ററിംഗ് കമ്മിറ്റി കൂടി എസ്റ്റിമേറ്റെടുത്ത് പ്രവൃത്തികൾ തുടങ്ങാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം എം.എൽ.എ.-മാർ ശിപാർശ ചെയ്യുന്നതും മുൻകാലങ്ങളിൽ നല്ല രീതിയിൽ പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളതുമായ മറ്റ് സർക്കാർ ഏജൻസികളെ ചുമതല പ്പെടുത്താവുന്നതാണ്.

## ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരം

14(712) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പേരുവിവരവും പട്ടികജാതി കുടുംബങ്ങളുടെ എണ്ണവും വെളിപ്പെടുത്തുമോ;

(ബി) പട്ടികജാതി കോളനികളിൽ വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നടത്തിയ പ്രധാന അടിസ്ഥാന സൗകര്യ വികസനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) ദേവികുളം നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പരിപാടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ പേരുവിവരവും പട്ടികജാതി കുടുംബങ്ങളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പട്ടികജാതി കോളനികളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോർപ്പസ് ഫണ്ട്

| വർഷം | ക്രമ നമ്പർ | പ്രവൃത്തി | തുക |
|---|---|---|---|
| 2014-15 | 1 | മേലടി കീഴാനഗർ പള്ളം പട്ടികജാതി കോളനി റോഡ് കോൺക്രീറ്റിംഗ് | 12,85,714 |
| | 2 | ചെറിയാൻ കറുപ്പൻ പട്ടികജാതി കോളനി റോഡ് കോൺക്രീറ്റിംഗ് | 9,95,000 |
| | 3 | ശങ്കര പാണ്ടിമേട് പട്ടികജാതി കോളനി റോഡ് കോൺക്രീറ്റിംഗ് | 15,00,000 |
| | 4 | തോണിപ്പാറ മനയ്ക്കൽ പറമ്പിൽ പട്ടികജാതി കോളനി റോഡ് കോൺക്രീറ്റിംഗ് | 15,00,000 |
| 2015-16 | 5 | കാന്തല്ലൂർ പട്ടികജാതി കോളനി റോഡ് കോൺക്രീറ്റിംഗ് | 15,00,000 |
| | | പവർഹൗസ് സുബ്രഹ്മണ്യം കോളനി സംരക്ഷണ ഭിത്തി നടപ്പാത നിർമ്മാണം | 14,95,395 |

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

| ക്രമ നമ്പർ | കോളനിയുടെ പേര് | പ്രവൃത്തികൾ | ഏജൻസിക്ക് നൽകിയ തുക |
|---|---|---|---|
| 1 | സാന്റോസ് പട്ടികജാതി കോളനി | ഫുട്പാത്ത്, ഡ്രെയിനേജ്, കുടിവെള്ളം | 90 ലക്ഷം |
| 2 | ദിടീർനഗർ അംബേദ്കർ കോളനി | റോഡ്, വാട്ടർടാങ്ക്, സംരക്ഷണഭിത്തി | 90 ലക്ഷം |
| 3 | സെന്റർ തൊട്ടിക്കാനം | ഫുട്പാത്ത്, കമ്മ്യൂണിറ്റി ഹാൾ, വെയിറ്റിംഗ് ഷെഡ് | 65 ലക്ഷം |
| 4 | പള്ളനാട് പട്ടികജാതി കോളനി | ഫുട്പാത്ത്, കമ്മ്യൂണിറ്റി ഹാൾ, വെയിറ്റിംഗ് ഷെഡ്, ഹൈമാസ്റ്റ് ലാമ്പ് 3 എണ്ണം | 65 ലക്ഷം |

(സി) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേയ്ക്ക് ഒരു നിയോജക മണ്ഡലത്തിൽനിന്നും രണ്ട് കോളനികളെയാണ് തെരഞ്ഞെടുക്കാവുന്നത്. അപ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ. നിർദ്ദേശിച്ചതനുസരിച്ച് ദേവികുളം നിയോജക മണ്ഡലത്തിൽനിന്നും ആദ്യത്തെ കോളനിയായി 2016-17 സാമ്പത്തിക വർഷം വട്ടവട ഗ്രാമപഞ്ചായത്തിലെ കൊട്ടക്കാംപൂർ പട്ടികജാതി കോളനിയെയാണ് തെരഞ്ഞെടുത്തിരുന്നത്. എന്നാൽ ടി കോളനി ഫീസിബിളല്ലെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടുകയുണ്ടായി. ആയതിനാൽ ടി കോളനിക്ക് പകരം ചേർക്കേണ്ട കോളനിയെയും, പുതുതായി ചേർക്കേണ്ട രണ്ടാമത്തെ കോളനിയെയും എം.എൽ.എ. നിർദ്ദേശിക്കുന്നതനുസരിച്ച് അംഗീകരിച്ച് ടി കോളനികളിൽ അംബേദ്കർ ഗ്രാമ വികസന പരിപാടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

15(713) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി, പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും എതൊക്കെ ഹരിജൻ കോളനികളെയാണ് തിരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഏതൊക്കെ തരത്തിലുള്ള നവീകരണ പ്രവർത്തനങ്ങൾ ചെയ്യാനാകുമെന്നും ആയതിലേക്കായി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളും വിശദമാക്കുമോ?

### ഉത്തരം

(എ) അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും പുല്ലച്ചക്കോണം കല്ലുവിള, കുളപ്പുറത്തുകോണം എന്നീ പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) പുല്ലച്ചക്കോണം കല്ലുവിള കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾ അംഗീകരിക്കുകയും, അതിൻപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

1. കോളനിക്കകത്തുള്ള കുളം നവീകരിച്ച് കുടിവെള്ള പദ്ധതി നടപ്പാക്കുക.
2. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത നവീകരണം
3. ഓട, സംരക്ഷണ ഭിത്തി നിർമ്മാണം

4. തൊഴിൽ പരിശീലന കേന്ദ്രം
5. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കളിസ്ഥലം/മിനി സ്റ്റേഡിയം
6. ഇന്റർനെറ്റ് കണക്ഷനോടുകൂടിയ വായനശാല, ഗ്രന്ഥശാല നിർമ്മിക്കൽ
7. ഭവന പുനരുദ്ധാരണം
8. സോളാർ തെരുവ് വിളക്ക്

എസ്റ്റിമേറ്റ് തയ്യാറാക്കിയശേഷം മോണിറ്ററിംഗ് കമ്മിറ്റി തീരുമാനിക്കുന്ന ക്രമത്തിൽ കർമ്മ പരിപാടി അന്തിമമാക്കുന്നതാണ്. കളപ്പുറത്തുകോണം കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി പ്രവൃത്തികൾ നിശ്ചയിച്ചിട്ടില്ല.

## ചെല്ലാനം പഞ്ചായത്തിലെ പട്ടികജാതി കോളനികൾ

16(714) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ രണ്ട് പട്ടികജാതി കോളനികൾ പ്രത്യേക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന കാര്യം വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം തുക അനുവദിച്ചിട്ടുണ്ടെങ്കിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ വലിയതറ ഉപ്പുകണ്ടം കോളനിയെയാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഉത്തരവായിരുന്നത്.

(ബി) വലിയതറ ഉപ്പുകണ്ടം കോളനിക്ക് ഒരു കോടി രൂപ അനുവദിക്കുകയും അതിൽ 50 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തിന് ഒന്നാം ഗഡുവായി അനുവദിച്ചു നൽകിയിട്ടുമുണ്ട്.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ശിപാർശ പ്രകാരമാണ് ടി കോളനിയെ തെരഞ്ഞെടുത്ത് അംഗീകാരം നൽകിയിരുന്നത്. എന്നാൽ ജില്ലാതല ഉദ്യോഗസ്ഥരുടെ പരിശോധനയിൽ ടി കോളനി ഫീസിബിളല്ലെന്ന് കണ്ടെത്തിയതിനാൽ തുടർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

## പാലക്കാട് അംബേദ്കർ കോളനിയിലെ ജാതി വിവേചനം

17(715) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഗോവിന്ദാപുരത്ത് അംബേദ്കർ കോളനിയിൽ ജാതിവിവേചനം നിലനിൽക്കുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളനിയിലെ ചക്കിലിയ സമുദായാംഗങ്ങൾ ജാതി വിവേചനം അനുഭവിക്കുന്നു എന്ന പരാതിയിൽ അന്വേഷണം നടത്തിയോ;

(സി) ജാതി വിവേചനം അവസാനിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ-സി) ഗോവിന്ദാപുരം അംബേദ്കർ കോളനിയിൽ ജാതി വിവേചനം ഉള്ളതായി ആരോപിക്കുന്ന പത്രവാർത്തകളുണ്ടായിരുന്നു. ഈ വിഷയത്തിൽ ദേശീയ പട്ടികജാതി കമ്മീഷൻ ഉൾപ്പെടെ അന്വേഷണം നടത്തുകയുണ്ടായി. കമ്മീഷൻ വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരവും ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരവും പ്രസ്തുത സ്ഥലത്ത് ജാതി വിവേചനം ഇല്ലെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

18(716) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് വേണ്ടി കായംകുളം മണ്ഡലത്തിൽനിന്നും ഏതെല്ലാം പട്ടികജാതി കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും, നിലവിൽ ഇതിന്റെ നടപടിക്രമങ്ങളുടെ പുരോഗതി എന്തൊക്കെ ആണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കായംകുളം മണ്ഡലത്തിൽനിന്നും പുത്തൻപുര കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പട്ടികജാതി വികസന വകുപ്പുമായി MOU ഒപ്പുവച്ച പ്രകാരം ഒന്നാം ഗഡുവായി 50,00,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. രണ്ടാമതായി ബഹുമാനപ്പെട്ട എം.എൽ.എ. ശിപാർശ ചെയ്ത ചാലയ്ക്കൽ കോളനിയെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ണൂരിലെ പട്ടികജാതി കോളനി നവീകരണ പദ്ധതി

19 (717) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി കോളനി നവീകരണ പദ്ധതിയിൽ (അംബേദ്ക്കർ ഗ്രാമം) കണ്ണൂർ ജില്ലയിലെ ഏതെല്ലാം കോളനികൾക്കാണ് ഫണ്ട് അനുവദിച്ചത്;

(ബി) പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ. നിർദ്ദേശിച്ച കോളനിക്ക് ഫണ്ട് അനുവദിക്കാതിരുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയത്?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുഞ്ചവയൽ പട്ടികജാതി കോളനി (കണ്ണപുരം), കണ്ണൂർ മണ്ഡലത്തിലെ അവേരകോളനി, വലിയന്നൂർ കോളനി, ധർമ്മടം മണ്ഡലത്തിലെ അംബേദ്കർ കോളനി എന്നീ പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചത്.

(ബി) പയ്യന്നൂർ മണ്ഡലത്തിൽനിന്നും നിർദ്ദേശിക്കപ്പെട്ട കോളനികളുടെ പരിശോധന നടന്നുവരികയാണ്. നിർവ്വഹണ ഏജൻസിയെ ഏൽപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്.

(സി) ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നിർമ്മിതി കേന്ദ്രത്തിന് എന്തെങ്കിലും പരിമിതിയുള്ളപക്ഷം മറ്റ് അംഗീകൃത സർക്കാർ ഏജൻസികളെയും നിർവ്വഹണ ചുമതല ഏല്പിക്കാവുന്നതാണ്.

## ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി കുടുംബങ്ങൾ

20(718) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് എത്ര പട്ടികജാതി കുടുംബങ്ങളുണ്ട്; ഓരോ പട്ടികജാതി വിഭാഗത്തിലെയും ജനസംഖ്യ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ഭൂരഹിതരും ഭവനരഹിതരും ഉണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് ഒരു പട്ടികജാതി വിഭാഗക്കാരനെങ്കിലും അംഗമായിട്ടുള്ള 771826 ഗൃഹങ്ങൾ (House Holds) ഉണ്ട്. കേരളത്തിലെ ആകെ പട്ടികജാതി ജനസംഖ്യ 3039573 ആണ്. 2011-ലെ സെൻസസ് പ്രകാരം ഓരോ പട്ടികജാതി വിഭാഗത്തിലേയും ജനസംഖ്യ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂരഹിതരും ഭവനരഹിതരും ഉണ്ടെന്ന് പരിശോധിച്ചിട്ടില്ല. എന്നാൽ തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും സംയുക്തമായി 2009-10 കാലയളവിൽ നടത്തിയ സർവ്വേ പ്രകാരം 25154 ഭൂരഹിത ഭവനരഹിതരും 16599 ഭവനരഹിതരും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികൾ**

21(719) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ വികസന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതികളിലൂടെ ഇവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ വിഭാഗത്തിലെ എല്ലാവർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി - പട്ടികവർഗ്ഗക്കാരെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പുകൾ വിവിധ പദ്ധതികൾ നടപ്പാക്കുന്നത്. വിദ്യാഭ്യാസം, ഭവന സൗകര്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ വലിയ മാറ്റം ഉണ്ടായിട്ടുണ്ട്. ഇവയുടെ തുടർന്നുള്ള പുരോഗതിയ്ക്കുതകുന്ന താഴെ പറയുന്ന പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത് :

1. <u>ഭവനനിർമ്മാണ ധനസഹായം:</u>

   വകുപ്പ് നടപ്പിലാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതിയിലൂടെ നിർദ്ധനരായ പട്ടികജാതി കുടുംബങ്ങളുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നു.

2. <u>വിദ്യാഭ്യാസ പദ്ധതി:</u>

   ഒന്നാം ക്ലാസ് മുതൽ ഉന്നത വിദ്യാഭ്യാസ തലം വരെയുള്ള കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിലൂടെ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ആർജ്ജിക്കുവാനും, വിദ്യാഭ്യാസ പുരോഗതിയും, സാമൂഹിക പുരോഗതിയും കൈവരിക്കാൻ കഴിയുന്നു.

3. <u>സ്വയംതൊഴിൽ പദ്ധതി:</u>

   അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി യുവതീ യുവാക്കൾക്ക് ലഭ്യമാകുന്ന സ്വയംതൊഴിൽ വായ്പയുടെ മൂന്നിലൊന്ന് തുക സബ്സിഡിയായി വകുപ്പിൽനിന്നും അനുവദിക്കുന്നതിലൂടെ ടി ഗുണഭോക്താക്കൾക്ക് സ്വന്തമായി ഒരു ബിസിനസ് സംരംഭം ആരംഭിക്കുവാനും വിദേശത്ത് പോകുന്നവർക്കുള്ള ധനസഹായ പദ്ധതിയിലൂടെയും തൊഴിൽ രംഗത്തും സാമ്പത്തിക നേട്ടം കൈവരിക്കുവാനും സാധിക്കുന്നു.

4. ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഗുരുതരമായ രോഗം ബാധിച്ച പട്ടികജാതിക്കാർക്ക് ആരോഗ്യസ്ഥിതി വീണ്ടെടുക്കുവാനും പാവപ്പെട്ട പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹം സാമ്പത്തിക ബാധ്യത വരാത്ത വിധത്തിൽ നടത്താനും കഴിയുന്നു.

   പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. എല്ലാ പട്ടികവർഗ്ഗ പ്രദേശത്തിനും ആവശ്യം വേണ്ട ഭൗതീക സജ്ജീകരണങ്ങൾ, സാമ്പത്തിക വികസനം, സാംസ്കാരിക ഉന്നമനം എന്നിവ ലക്ഷ്യം വച്ച് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാൽ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരത്തിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നുണ്ട്.

2. വകുപ്പ് നൽകുന്ന പ്രോത്സാഹനത്തിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിന് വിദ്യാഭ്യാസ പുരോഗതി കൈവരിക്കാനാകുന്നുവെന്ന് വിവിധ യോഗ്യത നേടുന്നവരുടെ എണ്ണം തെളിയിക്കുന്നു.

3. ഭൗതിക പശ്ചാത്തല മേഖലകളിലും സാമ്പത്തിക മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനായി വാസയോഗ്യമായ വീട്, സമ്പൂർണ്ണ വൈദ്യുതീകരണം, കുടിവെള്ളം, സഞ്ചാരയോഗ്യമായ റോഡ്, പാലം, കമ്മ്യൂണിറ്റി ഹാൾ, സഹായി സെന്ററുകൾ തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങളും നൈപുണ്യ വികസനം, സ്വയംതൊഴിൽ പദ്ധതികളിലൂടെ വരുമാനദായക സംരംഭങ്ങൾ എന്നിവ സൃഷ്ടിക്കുവാനായിട്ടുണ്ട്.

4. പട്ടികവർഗ്ഗ മേഖലയിൽ ചെലവഴിക്കുന്ന തുകയ്ക്ക് ആനുപാതികമായി അവരുടെ ജീവിത സാഹചര്യങ്ങളിൽ ഉണ്ടാകുന്ന പുരോഗതി അവരെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നുവെന്നത് പട്ടികവർഗ്ഗ സർവ്വേ റിപ്പോർട്ടിലും വിവിധ പഠന റിപ്പോർട്ടുകളിലും തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) അർഹരായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

**അംബേദ്കർ ഗ്രാമം പദ്ധതി**

22(720) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏലത്തൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ കോളനികളാണ് അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; ഇതിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഏലത്തൂർ നിയോജകമണ്ഡലത്തിലെ മേപ്പാടിച്ചാലിൽ കോളനിയെയും ചെറുവറ്റ ഐ.എച്ച്.ഡി.പി. കോളനിയേയുമാണ് അംബേദ്കർ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഓരോ കോളനിക്കും ഓരോ കോടി രൂപ വീതം വകയിരുത്തുകയും ഒന്നാം ഗഡുവായി 50,00,000 രൂപ വീതം അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ചെറുവറ്റ കോളനിയുടെ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും പ്രവൃത്തികൾ അംഗീകരിച്ച് എസ്റ്റിമേറ്റ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. മേപ്പാടിച്ചാലിൽ കോളനിയിൽ പകർച്ചപ്പനി പടർന്നിരിക്കുന്നതിനാൽ മോണിറ്ററിംഗ് കമ്മിറ്റി കൂടാൻ കഴിഞ്ഞിട്ടില്ല. അതു കഴിഞ്ഞാലുടൻതന്നെ മോണിറ്ററിംഗ് കമ്മിറ്റി കൂടി പ്രവൃത്തികൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

23(721) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള, മണലൂർ മണ്ഡലത്തിലെ പെരുമല, മധുക്കര കോളനികളുടെ വികസന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; ഓരോന്നിനും വരുന്ന എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ പെരുമല, മധുക്കര കോളനികളുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പട്ടികജാതി വികസന വകുപ്പുമായി MOU ഒപ്പുവച്ച പ്രകാരം ഒന്നാം ഗഡുവായി 50,00,000 രൂപാ വീതം അനുവദിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കോളനികളിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി നടത്താൻ നിശ്ചയിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

മധുക്കര കോളനി

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് |
|---|---|
| 1 | സബ്സെന്റർ |
| 2 | കുടിവെള്ളം |
| 3 | വായനശാലാ നവീകരണം |
| 4 | കുളിക്കടവ് നിർമ്മാണം |
| 5 | ബസ് തിരിവിന് സൈഡ് പ്രൊട്ടക്ഷൻ |
| 6 | സോളാർ വൈദ്യുതി സ്ട്രീറ്റ് ലൈറ്റ് |
| 7 | വെണ്ണക്കാൻ പാലം വീതികൂട്ടൽ |
| 8 | ഭവന പുനരുദ്ധാരണം |

പെരുമല കോളനി

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് |
|---|---|
| 1 | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം |
| 2 | കുടിവെള്ള പദ്ധതി - കുഴൽക്കിണർ കുഴിച്ച് വീടുകളിലേയ്ക്ക് വ്യക്തിഗത കണക്ഷൻ നൽകുന്നു |
| 3 | വീട് റിപ്പയർ |
| 4 | LED ബൾബ് അസംബ്ലിംഗ് യൂണിറ്റ് |
| 5 | ബാഗ് നിർമ്മാണം |
| 6 | കുട നിർമ്മാണ യൂണിറ്റ് |
| 7 | കോൺക്രീറ്റ് വഴികൾ |
| 8 | ഡ്രെയിനേജ് പദ്ധതി |
| 9 | പി.എച്ച്.സി. സബ്സെന്റർ |

നിർവ്വഹണ ഏജൻസി, എസ്റ്റിമേറ്റ് തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## ചെറുനെല്ലി ആദിവാസി കോളനി

24(722) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതി പഞ്ചായത്തിലെ ചെറുനെല്ലി ആദിവാസി കോളനിയിൽ എത്ര കുടുംബങ്ങളാണ് താമസിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഈ കോളനിയിലെ ജനങ്ങളുടെ പുനരധിവാസപദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എവിടെയാണ് സ്ഥലമെന്നും, എത്ര ഏക്കറാണ് എന്നും വിശദമാക്കുമോ;

(ഡി) ചെറുനെല്ലി കോളനിക്കാരുടെ പുനരധിവാസപദ്ധതി എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ചെറുനെല്ലി കോളനിയിൽ കാടർ വിഭാഗത്തിൽപ്പെട്ട 17 കുടുംബങ്ങളാണ് താമസിച്ചു വരുന്നത്.

(ബി) ടി കോളനി നിവാസികളുടെ പുനരധിവാസത്തിനായി അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ റവന്യൂ ഡിവിഷണൽ ഓഫീസറെ ചുമതലപ്പെടുത്തുകയും പട്ടികവർഗ്ഗക്കാർക്ക് പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇഷ്ടപ്പെട്ട ഭൂമി കണ്ടെത്തുന്നതിന് കോളനി നിവാസികൾക്ക് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സ്ഥലം കണ്ടെത്തിയിട്ടില്ല.

(ഡി) സ്ഥലം കണ്ടെത്തുന്ന മുറയ്ക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതാണ്.

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

25(723) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട മണ്ഡലത്തിലെ നിലമേൽ കോളനി, തേരിയ്ക്കാവിള കോളനി എന്നിവ നവീകരിക്കുന്ന പ്രവൃത്തികൾ ഏതുഘട്ടം വരെ എത്തി ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കാട്ടാക്കട നിയോജകമണ്ഡലത്തിലെ നിലമേൽ, തേരിക്കവിള എന്നീ പട്ടികജാതി കോളനികൾ നവീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം പട്ടികജാതി വികസന വകുപ്പുമായി MOU ഒപ്പുവച്ച പ്രകാരം ഒന്നാം ഗഡുവായി 50,00,000 രൂപാ വീതം അനുവദിച്ചിട്ടുണ്ട്. നിലമേൽ കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും ജില്ലാ നിർമ്മിതി കേന്ദ്രം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തേരിക്കാവിള കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നിർവ്വഹണ ഏജൻസി തയ്യാറാക്കി നൽകുന്ന വിശദമായ എസ്റ്റിമേറ്റും റിപ്പോർട്ടും ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ശിപാർശയോടെ ലഭ്യമാകുന്ന മുറയ്ക്ക് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അംഗീകാരം നൽകുകയും കോളനിയിലെ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്. മുൻകൂറായി അനുവദിച്ച 50 ലക്ഷം രൂപയുടെ 75% തുക വിനിയോഗിച്ചതിന്റെ ബില്ലും അനുബന്ധ രേഖകളും ഹാജരാക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായി 30% തുകയും പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ, വിനിയോഗ സർട്ടിഫിക്കറ്റ്, അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് അവസാന ഗഡുവായ 20% തുകയും അനുവദിക്കുന്നതാണ്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

26(724) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി എന്നു മുതലാണ് നടപ്പാക്കി വരുന്നത് ; ഇതിനോടകം എത്ര കോളനികളിലായി എത്രകോടി രൂപ ഇതിനായി ചെലവഴിച്ചുവെന്ന് ജില്ല തിരിച്ച് കോളനികളുടെ പേര് സഹിതം വ്യക്തമാക്കുമോ ;

(ബി) 2016-17 മുതൽ പദ്ധതി നടപ്പാക്കുന്നതിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) റാന്നി നിയോജക മണ്ഡലത്തിൽ ഏതൊക്കെ കോളനികളിലാണ് ഈ പദ്ധതി ഇതിനോടകം നടപ്പാക്കിയിട്ടുള്ളത് ;

(ഡി) 2016-17-ൽ നിർദ്ദേശിച്ചിട്ടുള്ള കോളനികൾ ഏതൊക്കെ ; പദ്ധതി നിർവ്വഹണം ഏത് ഏജൻസിയെ ആണ് ഏൽപ്പിച്ചിട്ടുള്ളത് ; എന്തൊക്കെ പദ്ധതികളാണ് ഓരോ കോളനിക്കും വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷമാണ് അംബേദ്കർ ഗ്രാമ വികസന പരിപാടി ആരംഭിച്ചത്. ടി പദ്ധതിക്കായി 196 കോളനികൾക്ക് 98 കോടി രൂപ ഇതിനോടകം അനുവദിച്ചുനൽകിയിട്ടുണ്ട്. ടി കോളനികളുടെ ജില്ല തിരിച്ച് തയ്യാറാക്കിയ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ബി) 40 പട്ടികജാതി കുടുംബങ്ങളുള്ള കോളനികളിലാണ് അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. വീട് മെയിന്റനൻസിന് 1,00,000 രൂപയും അനുവദിക്കാവുന്നതാണ്. അംബേദ്കർ ഗ്രാമ വികസന പരിപാടിയിൽ ഒരു കോളനിക്ക് അനുവദിക്കുന്ന തുക 50%, 30%, 20% എന്ന നിരക്കിൽ പ്രവൃത്തി പുരോഗതി അനുസരിച്ച് നിർവ്വഹണ ഏജൻസിക്ക് ഗഡുക്കളായി നൽകുന്നതാണ്. പരിപാടിയുടെ വിലയിരുത്തലിനായി സങ്കേതതലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. അംബേദ്കർ ഗ്രാമ വികസന പരിപാടിക്ക് നിർവ്വഹണ ഏജൻസിയായി ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അവർക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം മറ്റ് ഏജൻസികളെ പരിഗണിക്കാമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) റാന്നി നിയോജകമണ്ഡലത്തിൽ ചാന്തോലിൽ പട്ടികജാതി കോളനിയെയാണ് ടി പദ്ധതി നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പാക്കുന്നതിനായി 2016-17-ൽ തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* ടി പദ്ധതി പ്രകാരം, ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തികളിൽനിന്നും ഓരോ കോളനിക്കും ആവശ്യമായവ തെരഞ്ഞെടുത്ത് മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കാവുന്നതാണ്.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

7. സാനിറ്റേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായക പദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) പദ്ധതി നിർവ്വഹണത്തിന് ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം ബന്ധപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുത്ത് നൽകുന്ന സർക്കാർ ഏജൻസികളെ കൊണ്ടും നിർവ്വഹണം നടത്താവുന്നതാണ്.

**കോർപ്പസ് ഫണ്ടിൽ നിന്നും തുക**

27(725) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ചേലക്കര നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് തുക അനുവദിച്ചിട്ടുണ്ട്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന വിശദാംശം വ്യക്തമാക്കുമോ; 2017-18 സാമ്പത്തിക വർഷം കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ അനുബന്ധം 1-ൽ പരാമർശിച്ചിട്ടുണ്ട്. 2017-18-ലെ കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനായി ലഭ്യമായ പ്രൊപ്പോസലിന്റെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ സ്റ്റൈപന്റ്

28(726) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ ഏതെല്ലാം സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്റ്റൈപന്റ് നൽകുന്നതെന്നും അതിന്റെ പ്രതിമാസ നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന, പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് റീ-ഇംബേഴ്സ് ചെയ്യുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിനു സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 23-7-2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 4/2016/പജപവവിവ പ്രകാരം പ്രീ-മെട്രിക് തലത്തിൽ പട്ടികജാതിയിൽ നായാടി, വേടൻ, വേട്ടുവൻ, കരിമ്പാലൻ, മാവിലൻ, അരുന്ധതിയാർ, ചക്ലിയൻ, കള്ളാടി എന്നീ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കാണ് സ്റ്റൈപ്പന്റ് നൽകുന്നത്.

പ്രീ-മെട്രിക് പ്രതിമാസ നിരക്ക്:

| | | |
|---|---|---|
| എൽ.പി. | - | 130 രൂപ |
| യു.പി. | - | 160 രൂപ |
| എച്ച്.എസ്. | - | 190 രൂപ |

പോസ്റ്റ് മെട്രിക് തലത്തിൽ പട്ടികജാതിയിൽപ്പെട്ട എല്ലാ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കും പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നു. പോസ്റ്റ് മെട്രിക് പ്രതിമാസ നിരക്ക് 8 കിലോമീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് 630 രൂപ 8 കിലോമീറ്ററിന് വെളിയിൽ താമസിക്കുന്നവർക്ക് 750 രൂപ.

(ബി) ഉണ്ട്. വിദ്യാർത്ഥികളുടെ ക്ലാസ് തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി ഫീസ് നിരക്ക് രേഖപ്പെടുത്തി ഡി.ഇ.ഒ./എ.ഇ.ഒ. മേലൊപ്പ് ചാർത്തി ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ നൽകണം. അദ്ധ്യയന വർഷാവസാനം തുക റീ-ഇംബേഴ്സ് ചെയ്തു നൽകുന്നതാണ്.

## പട്ടികജാതി വിഭാഗങ്ങളുടെ വീട് നിർമ്മാണം

29(727) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളിൽ വീട് നിർമ്മാണം പൂർത്തീകരിക്കാത്ത കുടുംബങ്ങൾക്ക് നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നടപ്പ് സമ്പത്തികവർഷം ഇത്തരത്തിലുള്ള ഭവനങ്ങൾ കണ്ടെത്തി അവ പൂർത്തീകരിക്കുന്നതിന് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 2007-08 മുതൽ അനുവദിച്ച വീടുകളിൽ നിർമ്മാണം പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾക്ക് സ്പിൽ ഓവർ പദ്ധതി പ്രകാരം പുതുക്കിയ നിരക്കിന് ആനുപാതികമായ തുക നൽകുന്നുണ്ട്. ഇതിനുപുറമേ 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകളിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി നിശ്ചിതഘട്ടം വരെയുള്ള പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്ക് നിശ്ചിത ഘട്ടം പണി പൂർത്തീകരിക്കുന്നതിന് രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു തുക അധിക ധനസഹായമായി നൽകിവരുന്നു.

(ബി) 2007-08 മുതൽ 2016-17 വരെ അനുവദിച്ചവയിൽ 1-4-2017-ന് പൂർത്തിയാകാതെ അവശേഷിച്ച 25772 വീടുകൾ പൂർത്തീകരിക്കുന്നതിനായി നടപ്പ് വർഷം 103,92,30,462 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലൂടെ 2440 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. 2007-08 മുതൽ 2013-14 വരെ അനുവദിച്ച വീടുകൾക്ക് അധിക ധനസഹായം നൽകുന്ന പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 1,46,68,750 രൂപ ചെലവഴിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ സംവരണ തസ്തികകളിലെ നിയമനങ്ങൾക്കുള്ള കാലതാമസം

30(728) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകളിലെ നിയമനങ്ങൾക്ക് കാലതാമസം ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകാനുള്ള കാരണമെന്താണ്; ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് ഇത്തരത്തിൽ ഒഴിവുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച കാലതാമസം അതത് വകുപ്പുകളുമായി ബന്ധപ്പെട്ടവയാണ്. ഇത്തരം കാലതാമസം വരുത്തുന്ന വകുപ്പ് അധികാരികളെ നേരിട്ട് വിളിച്ച് വരുത്തുന്നതുൾപ്പെടെയുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ച് വരികയാണ്. കൂടാതെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് അതത് വകുപ്പുകളിൽ നിന്നും നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ലഭ്യമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത്, പോലീസ്, ഉന്നത വിദ്യാഭ്യാസം, മെഡിക്കൽ വിദ്യാഭ്യാസം, വ്യവസായിക പരിശീലനം, ഫയർ & റസ്ക്യൂ, ആരോഗ്യം എന്നിങ്ങനെ ഏഴ് വകുപ്പുകളിൽ ഇത്തരത്തിൽ ഒഴിവുകൾ നിലവിലുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

31(729) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികൾ ഏതെല്ലാം ; വ്യക്തമാക്കാമോ; ഓരോ കോളനികളിലും എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളുടെ നവീകരണം പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതെല്ലാം കോളനികളിൽ നവീകരണ പ്രവർത്തനം പുരോഗമിച്ചു വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2009-ൽ കില നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ ലിസ്റ്റ്, കുടുംബങ്ങളുടെ എണ്ണം സഹിതം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) ബാധകമല്ല.

## പട്ടികജാതി കോളനികളിലേയ്ക്കുള്ള റോഡുകളുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്

32(730) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികൾക്കുള്ളിലെ റോഡുകൾ മാത്രം നവീകരിക്കുകയും കോളനികളിലേയ്ക്ക് പ്രവേശിക്കുന്ന ഭാഗങ്ങളിലെ റോഡുപണിക്കുള്ള അനുമതി, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ലെന്ന കാരണത്താൽ നിഷേധിച്ച് എത്തിച്ചേരേണ്ട മാർഗ്ഗം ദുഷ്കരമാക്കുകയും ചെയ്യുന്നതിലെ അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവേശന മാർഗ്ഗങ്ങളിലെ കലുങ്ക നിർമ്മാണം, റോഡു നിർമ്മാണം എന്നിവയ്ക്ക് പട്ടികജാതി കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ സാധിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമല്ലെന്ന കാരണത്താൽ കോളനികളിലേയ്ക്കുള്ള റോഡ് പണിക്കുള്ള അനുമതി നിഷേധിച്ച് എത്തിച്ചേരേണ്ട മാർഗ്ഗം ദുഷ്ക്കരമാക്കുന്ന അവസ്ഥ ചില കോളനികളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലെ നിയമപ്രകാരം കോളനികൾക്കുള്ളിലെ റോഡുകൾ, കലുങ്ക് എന്നിവയുടെ നിർമ്മാണത്തിന് മാത്രമേ കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്കെതിരെയുള്ള ജപ്തി നടപടികൾ

33(731) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, ഹൗസിംഗ് ബോർഡുകൾ എന്നിവിടങ്ങളിൽനിന്നും വായ്പ എടുത്ത പട്ടികജാതി- പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലുള്ളവർ നിലവിൽ ജപ്തി നടപടികൾ നേരിടുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ജപ്തി നടപടികൾ ഒഴിവാക്കുന്നതിനോ വായ്പാ കുടിശ്ശികകൾ എഴുതിത്തള്ളുന്നതിനോ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങൾ:

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് സ.ഉ.(അച്ചടി)നമ്പർ 24/2015/പജപവവിവ. തീയതി 30-3-2015 നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2016-17 വർഷം 69,413 കേസുകളിലായി കടം എഴുതിത്തള്ളുവാൻ 88,53,64,000 രൂപ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർ, വിവിധ സർക്കാർ വകുപ്പുകൾ, സഹകരണ സ്ഥാപനങ്ങൾ, ദേശസാൽകൃത ബാങ്കുകൾ, പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും, പലിശയും പിഴപലിശയും ചേർത്ത്) സ.ഉ.(അ)നമ്പർ 71/15/പജപവവിവ തീയതി 1-10-2015

പ്രകാരം കടം എഴുതിത്തള്ളുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2838 ഗുണഭോക്താക്കൾക്കായി 7,82,53,121 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇളവിന് അർഹമായ കേസുകളിൽ ജപ്തി നോട്ടീസ് അയച്ചതായി ശ്രദ്ധയിൽപ്പെട്ടതിൽ ബാങ്ക് മാനേജർമാരോട് ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്.

പിന്നോക്ക വിഭാഗങ്ങൾ:

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽ നിന്നും വായ്പയെടുത്ത് നിലവിൽ ജപ്തി നടപടികൾ നേരിടുന്നവർക്ക് ആശ്വാസം നൽകുന്നതിനായി പിഴപലിശ, പലിശ എന്നിവയിൽ ഇളവുകൾ നൽകി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി കാലാകാലങ്ങളിൽ നടപ്പിലാക്കുന്നുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിലവസരം

34(732) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ യുവാക്കൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന എത്രപേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1. പട്ടികജാതി വിഭാഗങ്ങൾ:

അഭ്യസ്തവിദ്യരും, തൊഴിൽരഹിതരുമായ പട്ടികജാതി വിഭാഗക്കാർക്ക് കമ്പ്യൂട്ടറധിഷ്ഠിത തൊഴിൽ ലഭിക്കുന്നതിനായി വിവിധ കോഴ്സുകൾ കെൽട്രോൺ, സി-ഡിറ്റ്, സൈബർശ്രീ എന്നീ സ്ഥാപനങ്ങൾ വഴി നടത്തിവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് ജെ.സി.ബി., ഹിറ്റാച്ചി ഓപ്പറേഷൻ എന്നീ കോഴ്സുകളിൽ പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്ന പദ്ധതി KAICO-യുമായി ബന്ധപ്പെട്ട് നടത്തിവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നതിന് KEPCO-യുമായി ബന്ധപ്പെട്ട് മുട്ടക്കോഴി വളർത്തൽ പദ്ധതി നടപ്പാക്കിവരുന്നു.

സ്റ്റാർട്ട് അപ്പ് മിഷന്റെ സഹായത്തോടെ പട്ടികജാതി യുവാക്കൾക്ക് സംരംഭകത്വ പരിശീലനവും ഇൻക്യുബേഷൻ സെന്ററിൽ സംരംഭം ആരംഭിക്കുന്നതിനുള്ള സഹായവും പരിശീലനവും നൽകുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 50% സബ്സിഡിയോടെ ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ട്.

പട്ടികജാതി യുവാക്കൾക്ക് സൈനീക പരിശീലനം നൽകി സൈന്യത്തിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി പ്രീ റിക്രൂട്ട്മെന്റ് ട്രെയിനിംഗ് കോഴ്സ് എന്ന പദ്ധതി നടപ്പിലാക്കുന്നു.

വിദേശത്ത് തൊഴിൽ തേടുന്ന പട്ടികജാതി യുവജനങ്ങൾക്ക് 1 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം അനുവദിക്കുന്നു.

സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്ന യുവതീയുവാക്കൾക്ക് വകുപ്പ് മുഖേന 1 ലക്ഷം രൂപയും ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപ വരെയും സബ്സിഡി അനുവദിക്കുന്ന പദ്ധതി.

കൂടാതെ വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ നിന്നും പഠിച്ചിറങ്ങുന്ന കുട്ടികൾക്കുവേണ്ടി തൊഴിൽമേള സംഘടിപ്പിക്കുകയും വിവിധ തരം തൊഴിലധിഷ്ഠിത കോഴ്സുകൾ, നൈപുണ്യ വികസന പദ്ധതികൾ, സോഫ്റ്റ് സ്കിൽ പരിശീലനങ്ങളും വിവിധ തരത്തിലുള്ള വരുമാനദായക പദ്ധതികളും നടപ്പിലാക്കിവരുന്നു.

2. <u>പട്ടികവർഗ്ഗ വിഭാഗങ്ങൾ:</u>

സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയംതൊഴിലിനും വൈദഗ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആയതിന് " പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസന പദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു.

നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതു കൊണ്ടു മാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു.

* വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കി വരുന്നു.

* 2016-17 വർഷം മുതൽ 'ഗോത്ര ജീവിക' എന്ന പദ്ധതി പ്രകാരം 1140 തൊഴിൽരഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാകുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കി വരുന്നു. (പദ്ധതി വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.)*

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായിച്ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
2. കെൽട്രോൺ
3. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
4. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലായിവരുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) മിൽമ

(ബി) കുടുംബശ്രീ

(സി) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

(വിശദവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)*

* കൂടാതെ സംഘങ്ങൾവഴി സ്വയംതൊഴിൽ പരിപോഷിപ്പിക്കുന്നതിനായി " ഗദ്ദിക" പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) 1. പട്ടികജാതി വിഭാഗങ്ങൾ:

3944 പേർക്ക് വിവിധ പദ്ധതികളിലൂടെ സ്വയംതൊഴിൽ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്.

2. പട്ടികവർഗ്ഗ വിഭാഗങ്ങൾ:

വകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി താഴെപ്പറയുന്ന പരിപാടികളിലൂടെ പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ നല്കിയിട്ടുണ്ട്.

| പദ്ധതികൾ | തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|
| ഗോത്രബന്ധു | 241 |
| സാമൂഹ്യ പഠനമുറി | 100 |
| പ്രൊമോട്ടർ | 1182 |
| മാനേജമെന്റ് ട്രെയിനി | 140 |
| കമ്മിറ്റഡ് സോഷ്യൽ വർക്കർ | 15 (38 പേരെക്കൂടി നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു.) |

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി

35(733) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ ഏതൊക്കെ ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് എടുത്ത, ഏതൊക്കെ തരത്തിലുള്ള, ഏതുവരെയുള്ള വായ്പകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്നും എത്ര തുക ഇതുവരെ അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പട്ടികജാതി വിഭാഗങ്ങൾ:

ഉണ്ട്. പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ/സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് സ.ഉ.(അച്ചടി) നമ്പർ 24/2015/പജപവവിവ തീയതി 30-3-2015 നമ്പർ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

ഉണ്ട്. സർക്കാർ ഉത്തരവ് (അ)നമ്പർ 71/15/പജപവവിവ തീയതി 1-10-2015 പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർ, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെയുള്ള കാലയളവിൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ (മുതലും, പലിശയും പിഴപലിശയും മറ്റ് ചെലവുകളും ഉൾപ്പെടെ) എഴുതിത്തള്ളുന്ന പദ്ധതി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാത്ക്യത ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ, സ്വയംതൊഴിൽ വായ്പ, സ്വർണ്ണ പണയത്തിന്മേലുള്ള കാർഷിക വായ്പ എന്നീ ഇനത്തിലുള്ള 1-4-2006 മുതൽ 31-3-2014 വരെ കുടിശ്ശികയായതുമായ 1,00,000 രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപലിശയും അടക്കം നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം എഴുതി തള്ളുന്നത്. വായ്പ തുക, മുതൽ, പലിശ, പിഴപലിശ

എന്നിവയുൾപ്പെടെ ഒരു ലക്ഷത്തിൽ അധികരിച്ചുവരുകയാണെങ്കിൽ അപേക്ഷകൻ അധികരിച്ചുവരുന്ന തുക ആദ്യം ബന്ധപ്പെട്ട സ്ഥാപനത്തിൽ അടച്ചുതീർത്ത് തെളിവ് ഹാജരാക്കുന്നപക്ഷം അവശേഷിക്കുന്ന ഒരു ലക്ഷം രൂപയ്ക്ക് ഈ പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നതാണ്.

(സി) പട്ടികജാതി വിഭാഗങ്ങൾ:

പട്ടികജാതി വിഭാഗക്കാർക്കായി ആവശ്യമായ 138,53,64,000 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ടി പദ്ധതി നിർവ്വഹണത്തിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ നിർവ്വഹണ ഏജൻസിയായി തിരഞ്ഞെടുക്കുകയും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ 39,52,41,000 രൂപ ടി കോർപ്പറേഷന് 2015-16 സാമ്പത്തിക വർഷം അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ടി തുകയിൽ നിന്നും നാളിതുവരെയായി 7,82,53,121 രൂപ അർഹരായ 2838 പട്ടികവർഗ്ഗക്കാർക്ക് കടം എഴുതിത്തള്ളുന്നതിനായി അനുവദിച്ചു നല്കി.

## പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ

36(734) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ/പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധതരം സ്കോളർഷിപ്പുകൾ ലഭിക്കുന്നതിന് ആധാർ നിർബന്ധമാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ബാങ്ക് അക്കൗണ്ടുകൾ ആധാറുമായി ബന്ധിപ്പിക്കാത്തതിന്റെ പേരിൽ എത്ര വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക ലഭിക്കാതെ പോയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രശ്നം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പുകൾക്ക് പട്ടികജാതി പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിവിധതരം സ്കോളർഷിപ്പ് ലഭിക്കുന്നതിന് ജി.ഒ.(സാധാ.)നമ്പർ 1620/2012/പജപവവിവ. തീയതി 19-12-2012 പ്രകാരം ആധാർ നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെന്റ് നൽകുന്ന ആനുകൂല്യങ്ങൾക്ക് ആധാർ ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ട് നിർബന്ധമാക്കിയിട്ടില്ല.

(ബി) ബാങ്ക് അക്കൗണ്ട് ആധാറുമായി ബന്ധിപ്പിക്കാത്തതിന്റെ പേരിൽ ഒരു വിദ്യാർത്ഥിയുടേയും തുക തടഞ്ഞുവച്ചിട്ടില്ല.

(സി) പ്രസ്തുത പ്രശ്നം സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

## പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് പ്രഖ്യാപിച്ച സഹായങ്ങൾ

37(735) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൻെറ കീഴിൽ 2011 മുതൽ നാളിതുവരെ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളും വകയിരുത്തിയ തുകയും ലഭിച്ച കേന്ദ്ര ധനസഹായവും ചെലവാക്കപ്പെട്ട തുകയും എത്ര എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ 2011 മുതൽ ഓരോ വർഷവും പ്രഖ്യാപിച്ചതും വകയിരുത്തിയതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എത്ര, വിതരണം ചെയ്ത തുക എത്ര, ഇതിനായി ലഭിച്ച കേന്ദ്ര സഹായം എത്ര, സംസ്ഥാന വിഹിതം എത്ര; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ പ്രഖ്യാപിച്ച സഹായങ്ങൾ എന്തെല്ലാം; എത്ര തുക ഇതിനായി വകയിരുത്തി; എത്ര തുക ചിലവാക്കി; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വിഭാഗങ്ങൾ</u>:

പട്ടികജാതി വകുപ്പിൻ കീഴിൽ 2011 മുതൽ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളുടെയും വകയിരുത്തിയ തുകകളുടെയും ചിലവാക്കിയ തുകകളെയും സംബന്ധിച്ച വിവരങ്ങൾ കേന്ദ്ര സഹായം ഉൾപ്പെടെ അനുബന്ധം 1 ആയി ചേർക്കുന്നു. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ 2011 മുതൽ നാളിതുവരെ ഓരോ വർഷവും ഉൾപ്പെടുത്തിയ പദ്ധതികളിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും ചുവടെ ചേർത്തിരിക്കുന്നു.

ഇതിൽ വിവിധ പദ്ധതികൾക്ക് ലഭിച്ച കേന്ദ്ര സഹായം വിവരം അനുബന്ധം 2 ആയും ചേർക്കുന്നു.*

| വർഷം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|
| 2011-12 | 197.71 | 167.44 | 84.69 |
| 2012-13 | 250.27 | 202.73 | 81 |
| 2013-14 | 358.47 | 303.34 | 84.62 |
| 2014-15 | 521.99 | 420.44 | 80.54 |
| 2015-16 | 543.27 | 409.93 | 75.46 |
| 2016-17 | 667.46 | 577.75 | 86.56 |
| 2017-18 | 714.39 | 85.93 | 12.03 |

(ബി) പട്ടികജാതി വിഭാഗങ്ങൾ:

പട്ടികജാതി വകുപ്പിൽ 2011 മുതൽ ഓരോ വർഷവും പ്രഖ്യാപിച്ചതും വകയിരുത്തിയതും വിതരണം ചെയ്തതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 3 ആയി ചേർക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

2011-12 മുതൽ 2017-18 വർഷം പ്രഖ്യാപിച്ചതും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതുമായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, ഇതിനായി കേന്ദ്ര സർക്കാർ അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധം 4 ആയി ചേർത്തിരിക്കുന്നു. *

(സി) പട്ടികജാതി വിഭാഗങ്ങൾ:

പട്ടികജാതി വകുപ്പിന് കീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് നൽകുന്ന തുക 25% വർദ്ധിപ്പിച്ചു. ബിരുദ/ബിരുദാനന്തര കലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലന ഉപകരണങ്ങൾ/

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉപാധികൾ വാങ്ങുന്നതിന് ധനസഹായം അനുവദിച്ചു. പഠനമുറി, വാത്സല്യനിധി എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ, ആൺകുട്ടികളുടെയും പെൺകുട്ടികളുടേയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നീ പുതിയ പദ്ധതികൾ ഈ സർക്കാർ 2017-18-ൽ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ വിവാഹ ധനസഹായം 50,000 രൂപയിൽനിന്നും 75,000 രൂപയായി ഉയർത്തുകയും വിദേശ തൊഴിൽ ധനസഹായം 50,000 രൂപയിൽനിന്നും ഒരു ലക്ഷം രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. 2016-17, 2017-18 എന്നീ വർഷങ്ങളിൽ പട്ടികജാതി വികസനത്തിനായുള്ള പദ്ധതികൾക്ക് സർക്കാർ വകയിരുത്തിയ വിവരം അനുബന്ധം 5 ആയി ചേർക്കുന്നു.*

പട്ടികവർഗ്ഗ വിഭാഗങ്ങൾ:

ഈ സർക്കാർ വന്നതിനുശേഷം പ്രഖ്യാപിച്ച സഹായങ്ങളിൽ അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരം അനുബന്ധം 6 ആയി ചേർക്കുന്നു.*

## കോർപ്പസ് ഫണ്ട്

38(736) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ 2016-17 വർഷത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം

39(737) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവർ എം.എൽ.എ. മുഖേന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ അതിന്മേൽ ഉണ്ടാകുന്ന തീരുമാനം എം.എൽ.എ.-യെ അറിയിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇല്ലെങ്കിൽ അപേക്ഷയിന്മേലുള്ള തീരുമാനം എം.എൽ.എ.-യെ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിൽ ഉണ്ടോ;

(സി) ചികിത്സാ സഹായത്തിനുള്ള അപേക്ഷയിൽ തീരുമാനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാലതാമസം ഒഴിവാക്കാനുള്ള ഇടപെടൽ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) സംവിധാനം നിലവിലുണ്ട്. പട്ടികജാതി വികസന വകുപ്പ് മന്ത്രിയുടെ ഓഫീസിൽ എം.എൽ.എ.-മാർ മുഖേന സമർപ്പിക്കുന്ന അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് അതത് എം.എൽ.എ.-മാരെ രേഖാമൂലം അറിയിക്കുന്നുണ്ട്.

(സി) ചികിത്സാ സഹായത്തിനായുള്ള അപേക്ഷകളിൽ കഴിവതും വേഗം തീരുമാനമെടുത്തുവരുന്നു. ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം

40(738) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാർ ഇതുവരെ എത്ര രോഗികൾക്ക് ചികിത്സാധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്;

(ബി) ഇതിനായി എത്ര കോടി രൂപ അനുവദിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 29,181 പേർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) 54,69,06,104 രൂപ ഇതിനായി അനുവദിച്ചിട്ടുണ്ട്.

## പത്തനംതിട്ട ജില്ലയിലെ പട്ടികജാതി കോളനികൾ

41(739) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ സ്വയം പര്യാപ്ത ഗ്രാമമായി ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സ്വയം പര്യാപ്ത ഗ്രാമമായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ പേരും അനുവദിച്ച തുകയും നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഡി) ഇനി ഏതെങ്കിലും കോളനികൾ സ്വയം പര്യാപ്ത ഗ്രാമമായി തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പ് 2013-ൽ പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം പത്തനംതിട്ട ജില്ലയിൽ 1706 പട്ടികജാതി സങ്കേതങ്ങൾ നിലവിലുണ്ട്.

(ബി&സി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. *

(ഡി) 2016-17 മുതൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയാണ് നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് 280 സങ്കേതങ്ങൾ തെരഞ്ഞെടുക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.

**നെന്മാറയിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

42(740) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം കോളനികളുടെ പ്രവർത്തനമാണ് നടക്കുന്നത്; ഈ പ്രവർത്തനം എന്ന് ആരംഭിച്ചതാണ്; നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും ഈ പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിലെ നെന്മാറപ്പാടം, പടിക്കൽപാടം എന്നീ പട്ടികജാതി കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. 2017 മാർച്ചിൽ MOU ഒപ്പുവച്ച പ്രകാരം, നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് ഓരോ കോളനിയുടെയും പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിർവ്വഹണത്തിനായി 50,00,000 രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. നെൻമാറപ്പാടം കോളനിയിൽ 29-4-2017-ന് മോണിറ്ററിംഗ് കമ്മിറ്റി കൂടുകയും എസ്റ്റിമേറ്റ് എടുക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പടിക്കൽപാടം കോളനിയിൽ മോണിറ്ററിംഗ് കമ്മിറ്റി കൂടി പദ്ധതികൾ അംഗീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കാൻ MOU പ്രകാരം ആറുമാസത്തെ കാലയളവാണ് നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുള്ളത്.

## പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ

43(741) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് വരെയായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ പെരിങ്ങോം വില്ലേജിൽ റീസർവ്വേ നമ്പർ 52/2016 പ്രകാരമുള്ള 4-0470 ഹെക്ടർ ഭൂമി മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനായി പട്ടികജാതി വികസന വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ. (സാധാ) 1563/2016/പജപവവിവ തീയതി 21-10-2016 പ്രകാരം ഭരണാനുമതി ഉത്തരവായിരുന്നു. കെട്ടിടനിർമ്മാണത്തിനായി KIIFB-യിൽ 25 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ 5-8-2008-ലെ G.O.(MS)107/2010/ SC/ST DD പ്രകാരം അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലും പരിശോധിച്ചുവരുന്നു.

(ബി) 2017-18 വർഷം തന്നെ എം.ആർ.എസ്. പ്രവർത്തനം ആരംഭിക്കുന്നതിനായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 2,000 ചതുരശ്രയടിയോളം വിസ്തീർണ്ണമുള്ള ഒരു കെട്ടിടം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയതിൽ ആവശ്യമായ ഭൗതിക സാഹചര്യം സൃഷ്ടിച്ച് പ്രവർത്തനമാരംഭിക്കുന്ന കാര്യം പരിശോധിച്ചിരുന്നുവെങ്കിലും സ്ഥല പരിമിതി കാരണം ഉപേക്ഷിക്കുകയുണ്ടായി. കൂടാതെ 5-8-2008-ലെ G.O.(MS) 107/2010/SC ST DD പ്രകാരം അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്. കെട്ടിടം പണി പൂർത്തിയാകുന്നതിന് മുമ്പായി എം.ആർ.എസ്. ആരംഭിക്കുന്നതിന് അനുയോജ്യമായ വാടക കെട്ടിടം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചക്കിലിയൻ/അരുന്ധതിയാർ സമുദായംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ്

44(742) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗമായ ചക്കിലിയൻ/അരുന്ധതിയാർ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതി പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

(ബി) 1950-ന് മുമ്പ് കേരളത്തിൽ ചക്കിലിയൻ/അരുന്ധതിയാർ ജാതി നിലവിലുണ്ടായിരുന്നില്ലെന്നും, അതിനാൽ ഈ ജാതിയിൽപ്പെടുന്നവരും കേരളത്തിൽ സ്ഥിര താമസക്കാരുമായവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതില്ലെന്ന 1986-ലെ 10/86/എസ്.സി. എസ്.ടി ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) 1950-നുമുമ്പ് കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്ത ചക്ലിയൻ/അരുന്ധതിയാർ സമുദായക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1950-നുശേഷം കേരളത്തിലേയ്ക്ക് കുടിയേറിപ്പാർത്തവർക്ക് സമുദായ സാക്ഷ്യപത്രം അനുവദിക്കുന്നത്, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 12-2-1986-ൽ പുറപ്പെടുവിച്ച സ.ഉ.(കൈ) നമ്പർ 10/86/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം 1950-നു മുമ്പ് കുടിയേറിയവർക്ക് മാത്രമേ ഈ സംസ്ഥാനത്തിന്റെ പട്ടികജാതി സമുദായ സർട്ടിഫിക്കറ്റിന് അർഹതയുള്ളൂ. കുടിയേറ്റ വിഷയവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളിൽ കേന്ദ്ര സർക്കാർ ഭരണഘടനാവ്യവസ്ഥയിൽ മാറ്റംവരുത്തിയാൽ മാത്രമേ സംസ്ഥാന സർക്കാരിന് മേൽ ഉത്തരവ് റദ്ദാക്കുകയോ ഭേദഗതി വരുത്തുകയോ ചെയ്യാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിലുള്ള പ്രായോഗിക വൈഷമ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമ വികസന പരിപാടി

45(743) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജക മണ്ഡലത്തിലെ അംബേദ്ക്കർ ഗ്രാമ വികസന പരിപാടി പ്രകാരം ഏറ്റെടുത്ത കോളനികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ആലത്തൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത നെടുങ്ങരൻകാട്, പനമ്പഴക്കാട് എന്നീ പട്ടികജാതി കോളനികളുടെ പദ്ധതി നിർവ്വഹണത്തിന് ഒന്നാം ഗഡുവായി 50,00,000 രൂപ വീതം നിർവ്വഹണ ഏജൻസിയായ പാലക്കാട് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അനുവദിച്ചുനൽകിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ കൂടി പ്രവൃത്തികൾ തെരഞ്ഞെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദുരിതാശ്വാസനിധി**

46(744) <u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം കൊടുത്തതിൽ ഏതു പട്ടികജാതി വികസന ഓഫീസിലെ ഏതു ബ്ലോക്കിനാണ് കൂടുതൽ തുക അനുവദിച്ചത്; .

(ബി) എങ്കിൽ പ്രസ്തുത ബ്ലോക്കിന് 2016-17 കാലയളവിൽ എത്ര രൂപ വിതരണം ചെയ്തു ; എത്രപേർക്ക് ഈ ആനുകൂല്യം ലഭിച്ചുയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം കൊടുത്തതിൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്കിനാണ് കൂടുതൽ തുക അനുവദിച്ചത്.

(ബി) 2016-17 കാലയളവിൽ പ്രസ്തുത ബ്ലോക്കിന് 1,93,33,500 രൂപ വിതരണം ചെയ്തു 752 പേർക്ക് ആനുകൂല്യം ലഭിച്ചു.

**ആദിവാസികൾക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിന് നടപടി**

47(745) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭൂമി പതിച്ചുകൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്കാണ് ഇത്തരത്തിൽ ഭൂമി നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട ഭൂമി പതിച്ചു കൊടുക്കുന്നതിനായി സുപ്രീം കോടതിയുടെ അനുമതി ലഭിച്ച നിക്ഷിപ്ത വനഭൂമി വിതരണം, കെ.എസ്.റ്റി.ആക്ട് പ്രകാരം നൽകേണ്ട ഭൂമി വിതരണം, ഭൂമി വാങ്ങി നൽകുന്ന പദ്ധതി, വനാവകാശ നിയമപ്രകാരം കൈവശാവകാശം നൽകുന്നത് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുന്നതിനായി 27-4-2017-ലെ സ.ഉ.(സാധാ) നമ്പർ 2023/17/റവ പ്രകാരം സമിതി രൂപീകരിച്ചുകൊണ്ടും 1-1-1977-ന് മുമ്പായി വനഭൂമി കൈവശം വച്ചിരിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കെ.എസ്.റ്റി. ആക്ട് പ്രകാരം നൽകേണ്ടുന്ന ഭൂമി വിതരണം ചെയ്യുന്നതിനും ജില്ലാ കളക്ടർ മുഖേന നടപടി സ്വീകരിക്കുന്നുണ്ട്. റവന്യൂ ഭൂമി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പരമാവധി 10 ലക്ഷം രൂപ ചെലവഴിച്ച് കുറഞ്ഞത് 25 സെന്റും പരമാവധി 1 ഏക്കറും ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു. വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകുന്ന പ്രവൃത്തിയും ത്വരിതപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1037 പേർക്ക് 1400.86 ഏക്കർ ഭൂമി വിതരണം ചെയ്തു.

| | | |
|---|---|---|
| 1 | നിക്ഷിപ്ത വനഭൂമി | 667 പേർക്ക് 558 ഏക്കർ ഭൂമി |
| 2 | ഭൂമി വാങ്ങി നൽകുന്ന പദ്ധതി | 202 പേർക്ക് 86.863 ഏക്കർ ഭൂമി |
| 3 | വനാവകാശ നിയമപ്രകാരം കൈവശരേഖ നൽകിയത് | 168 പേർക്ക് 756 ഏക്കർ ഭൂമി |

## കുറ്റിക്കോലിൽ ഹോസ്റ്റൽ കെട്ടിടം

48(746) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ടവർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) കുറ്റിക്കോൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ വില്ലേജിൽ 149/2 സർവ്വെ നമ്പരിലുള്ള 0.83 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്. 22-10-2016-ലെ സ.ഉ.(സാധാ)നമ്പർ 1581/16 പജപവവിവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബി മുഖേന ധനസമാഹരണം നടത്തി 5 കോടി രൂപ ചെലവിൽ ടി ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ.-ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്.

## അംഗീകാരമില്ലാത്ത പട്ടികജാതി കോളനികൾ

49(747) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗീകാരമില്ലാത്ത പട്ടികജാതി കോളനികൾ അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി കുടുംബങ്ങൾ ഒന്നിച്ചുവസിക്കുന്ന പ്രദേശങ്ങളാണ് പട്ടികജാതി കോളനികളായി അറിയപ്പെടുന്നത്. ടി പ്രദേശങ്ങളെ പട്ടികജാതി കോളനികളായി പ്രഖ്യാപിക്കുന്ന നടപടി നിലവിലില്ല. തൊട്ടുതൊട്ടു കിടക്കുന്ന അഞ്ചോ അതിലധികമോ വീടുകളിൽ പട്ടികജാതിക്കാർ താമസിക്കുന്നുണ്ടെങ്കിൽ അവിടെ പൊതുസൗകര്യങ്ങളായ കുടിവെള്ള വിതരണം, വൈദ്യുതീകരണം മുതലായ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

(ബി) ബാധകമല്ല.

## വിദ്യാർത്ഥികളുടെ പ്രതിമാസ ലംപ്സം ഗ്രാന്റിൽ വർദ്ധനവ്

50(748) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ പ്രതിമാസ ലംപ്സം ഗ്രാന്റിൽ വരുത്തിയ വർദ്ധനവ് എത്രയാണ്; തുക വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ;

(ബി) സംസ്ഥാനത്ത് എത്ര പട്ടികജാതി വിദ്യാർത്ഥികളാണ് ലംപ്സം ഗ്രാന്റ് കൈപ്പറ്റുന്നത്;

(സി) പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികളുടെ പ്രതിമാസ മെസ്സ് ഫീ വർദ്ധിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 23-7-2016-ലെ സ.ഉ.(പി)നമ്പർ 04/2016/പജപവവിവ. ഉത്തരവുപ്രകാരം പ്രതിമാസ സ്റ്റൈപ്പന്റ് 25% വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. ആയത് നിലവിലുള്ള നിരക്കിൽനിന്നും 20% കൂടി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരികയാണ്.

(ബി) 2016-17 അദ്ധ്യയന വർഷം പ്രീ-മെട്രിക് തലത്തിൽ 3,94,179 വിദ്യാർത്ഥികളും പോസ്റ്റ് മെട്രിക് തലത്തിൽ 1,79,376 വിദ്യാർത്ഥികളും ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിലവിൽ പ്രതിമാസ മെസ് ചാർജ് 2,300 രൂപയാണ്. അംഗീകൃത പ്രൈവറ്റ് ഹോസ്റ്റലുകളിൽ താമസിക്കുന്ന പട്ടികജാതിയിൽപ്പെട്ട പ്രൊഫഷണൽ കോഴ്സ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,500 രൂപ വരെ മെസ്സ് ചാർജ് ഇനത്തിൽ നൽകുന്നു. ആയത് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി

51(749) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കുമോ;

(ബി) പട്ടികജാതിക്കാർക്കായി എത്ര വീടുകളാണ് പുതുതായി അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) എത്ര വീടുകളുടെ നവീകരണമാണ് ഇക്കാലയളവിൽ നടന്നതെന്ന് വിശദമാക്കുമോ;

(ഡി) സ്പിൽ ഓവർ ആയ എത്ര ഭവനങ്ങൾ പൂർത്തീകരിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഏതെല്ലാം പദ്ധതികൾ ആണ് ഇതിനായി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിച്ച് നൽകിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം 14946 വീടുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ, 2007-08 സാമ്പത്തിക വർഷം മുതൽ പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിച്ച വീടുകളിൽ അവശേഷിക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനായി സ്പിൽ ഓവറായി തുക അനുവദിച്ച് നൽകുന്നുമുണ്ട്. മുൻസർക്കാരിന്റെ കാലത്ത് സ്പിൽ ഓവറായുണ്ടായിരുന്ന 16360 വീടുകൾക്ക് 3,00,000 രൂപയുടെ ആനുപാതിക നിരക്കിൽ തുടർ ഗഡുക്കൾ നൽകിവരുന്നുണ്ട്. 2,00,000 രൂപ അനുവദിച്ചിരുന്ന കാലത്ത് സ്പിൽ ഓവറായി പ്രവൃത്തി മുടങ്ങിക്കിടന്ന വീടുകൾ പൂർത്തിയാക്കുവാൻ ഒരു പ്രത്യേക പാക്കേജും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഫലമായി 4567 സ്പിൽ ഓവർ വീടുകൾ കഴിഞ്ഞ വർഷം പൂർത്തിയാക്കുവാൻ കഴിഞ്ഞു.

(ബി) പട്ടികജാതിക്കാർക്കായി 2016-17 സാമ്പത്തിക വർഷം 14,946 വീടുകളാണ് പുതുതായി അനുവദിച്ചത്.

(സി) 2016-17 സാമ്പത്തിക വർഷം 7167 വീടുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2007-08 മുതൽ 2015-16 സാമ്പത്തിക വർഷം വരെ അനുവദിച്ചവയിൽ 31-3-2016 വരെ പൂർത്തിയാകാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ 2016-17 സാമ്പത്തിക വർഷം പൂർത്തിയാക്കിയിട്ടുണ്ട്. 2007-08 മുതൽ 2016-17 വരെ അനുവദിച്ചതിൽ 31-3-2017-ന് പൂർത്തിയാകാതെ അവശേഷിച്ച 25772 വീടുകളിൽ 2440 വീടുകൾ ഈ സാമ്പത്തിക വർഷത്തിൽ ഇതേവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ഇ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭവന നിർമ്മാണ പദ്ധതി, സ്പിൽ ഓവർ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, 2007-08 മുതൽ 2013-14 വരെയുള്ള ഗുണഭോക്താക്കളിൽ പഴയ നിരക്കിൽ തുക കൈപ്പറ്റി പണി പൂർത്തിയാക്കാതെ അവശേഷിക്കുന്നവർക്ക് ഒടുവിൽ കൈപ്പറ്റിയ നിശ്ചിത ഗഡു ധനസഹായ തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായി നൽകുന്ന അധിക സഹായ പദ്ധതി എന്നീ പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തി വരുന്നത്.

## പട്ടികജാതിക്കാർക്കായി വായ്പാ കുടിശ്ശിക നിവാരണ പദ്ധതി

52(750) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കായി വായ്പാ കുടിശിക നിവാരണ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തികവർഷം എത്ര രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് പൂർത്തിയായിട്ടുള്ളതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് സ.ഉ. (അച്ചടി) നമ്പർ 24/2015/പജപവവിവ. തീയതി 30-3-2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിക്കാവശ്യമായ മുഴുവൻ തുകയും (88,53,64,000 രൂപ) ബന്ധപ്പെട്ട ഏജൻസികൾക്ക് നല്കിയിട്ടുണ്ട്. അതിനാൽ നടപ്പ് വർഷം ടി പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല.

## ഗോത്ര ജീവിക പദ്ധതി

53(751) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോത്ര ജീവിക എന്ന പേരിൽ തൊഴിൽ നൈപുണ്യ പരിശീലന പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) ഗോത്രജീവിതത്തെ ഏതൊക്കെ തരത്തിൽ മെച്ചപ്പെടുത്തുന്നതിന് പ്രസ്തുത പദ്ധതി സഹായിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽ വച്ചുതന്നെ തൊഴിൽ നൈപുണ്യം നല്കുകയും, പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നല്കുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുക എന്നതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാനും ഉദ്ദേശിക്കുന്നു.

## പരപ്പ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്

54(752) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പരപ്പ ആസ്ഥാനമാക്കി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ എണ്ണം കൂടുതലുള്ള സാഹചര്യത്തിൽ, പ്രസ്തുത ഓഫീസ് അനുവദിക്കുന്നതിന് എന്തെങ്കിലും തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ പരപ്പ ബ്ലോക്ക് ആസ്ഥാനമാക്കി ഒരു പട്ടികവർഗ്ഗ വികസന ആഫീസ് കൂടി സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

## പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

55(753) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടിക വർഗ്ഗക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ കേന്ദ്രസർക്കാരിന്റെ ധനസഹായം ഉള്ള പദ്ധതികൾ, സംസ്ഥാനത്തിന്റെ തനതു പദ്ധതികൾ എന്നിവ ഏതെല്ലാമാണെന്നും അവ ഓരോന്നിനും അനുവദിക്കുന്ന ധനസഹായം എത്രയാണെന്നും വിശദീകരിക്കുമോ;

(സി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾ പൂർണ്ണമായും പ്രസ്തുത മേഖലയിലേയ്ക്ക് എത്തുന്നില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും അവയ്ക്കനുവദിച്ച തുക എത്ര വീതം ആണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, നൈപുണ്യ വികസനം, പശ്ചാത്തല സൗകര്യം തുടങ്ങിയ മേഖലകളിലെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധം 1-ൽ നൽകുന്നു. *

(ബി) 2017-18 വർഷത്തിൽ സംസ്ഥാന പദ്ധതികൾക്കായി 751.08 കോടി രൂപയും (തദ്ദേശസ്വയംഭരണ വകുപ്പിന് 176.00 കോടി രൂപ ഉൾപ്പെടെ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 139.91 കോടി രൂപയും ഉൾപ്പെടെ ആകെ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി 890.39 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിനും മറ്റ് ഇതര വകുപ്പുകൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചു. (വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.)*

(സി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമായും പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നതിന് ജില്ലാ തലത്തിൽ പ്രൊമോട്ടർമാർ മുതൽ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ വിവിധ തലങ്ങളിൽ സസൂക്ഷ്മം പരിശോധിച്ച് ആനുകൂല്യങ്ങൾ ബാങ്കിംഗ് സംവിധാനംവഴി യഥാർത്ഥ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നു. കൂടാതെ വകുപ്പദ്ധ്യക്ഷൻമാർ വിവിധതല യോഗങ്ങളിൽ പദ്ധതി വിലയിരുത്തുകയും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നുണ്ടോ എന്ന് ശ്രദ്ധിച്ചുപോരുന്നു. ജനനി ജന്മരക്ഷ എന്ന പദ്ധതി നടത്തിപ്പിൽ പാകപ്പിഴകൾ സംഭവിച്ചിട്ടുള്ളതായി ആക്ഷേപം ഉയർന്ന സാഹചര്യത്തിൽ വകുപ്പ് തലത്തിലും ധനകാര്യ പരിശോധന വിഭാഗം മുഖേനയും അന്വേഷിച്ച് ധനവിനിയോഗത്തിൽ ക്രമക്കേട് കണ്ടെത്തിയതിനെത്തുടർന്ന് സ.ഉ.(കൈ) നമ്പർ 64/2016/പജപവവിവ തീയതി 10-8-2016 പ്രകാരം പദ്ധതി നടത്തിപ്പിന്റെ (അസിസ്റ്റന്റ്, ഡയറക്ടർ (വിദ്യാഭ്യാസം) ചുമതലയുള്ള ഉദ്യോഗസ്ഥനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി അനുവദിച്ച പദ്ധതികളുടെ വിവരം

1. സാമൂഹ്യ പഠനമുറി - 6.21 കോടി രൂപ
2. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്രവർഗ്ഗ അദ്ധ്യാപകരുടെ സേവനം-4 കോടി രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്പ്മെന്റ് സ്കീം (അടിസ്ഥാന സൗകര്യങ്ങൾ എം.ജി.എൻ.ആർ.ഇ.ജി.എസ്. - തൊഴിലിനുള്ള വേതനം, ആരോഗ്യം, 2013-14 മുതൽ നടപ്പിലാക്കി വരുന്ന ഹാംലെറ്റ് ഡെവലപ്പ്മെന്റ് പദ്ധതിയുടെ സ്പിൽ ഓവർ, പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി - 100 കോടി രൂപ ഉൾപ്പെടെ)

4. ഗോത്രവാത്സല്യനിധി - 2.00 കോടി രൂപ

5. വയനാട് ഗോത്രഭാഷാ പഠന കേന്ദ്രം - 10 ലക്ഷം രൂപ

6. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക

7. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃ മരണനിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി, ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ - സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

8. KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്./ഹോസ്റ്റലുകളുടെ നിർമ്മാണം.

**കടപ്പാറ ആദിവാസി കോളനിയിലെ ഭൂമി വിട്ടുനൽകൽ**

56(754) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്പാറ ആദിവാസി കോളനിയിലെ ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദാംശം നൽകുമോ ;

(ബി) ഭൂമി വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടി ക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലാ ഡി.എൽ.സി. അംഗീകരിച്ചതും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതുമായ ഭൂമി ആദിവാസികൾക്ക് നൽകുന്നതിന് വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ചില തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഈ തടസ്സവാദങ്ങൾ നീക്കി ഭൂമി വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആദിവാസി കുട്ടികളുടെ തുടർപഠനം

57(755) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടയ്ക്ക് വച്ച് പഠനം നിർത്തുന്ന ആദിവാസി കുട്ടികളെ വിദ്യാലയങ്ങളിൽ തിരിച്ചെത്തിച്ച് തുടർപഠനം സാധ്യമാക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണുള്ളത് ; വ്യക്തമാക്കാമോ ;

(ബി) പ്ലസ് വൺ ക്ലാസിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ സംവിധാനം ഉപയോഗിക്കുന്നതിലെ അജ്ഞത കാരണം ഒട്ടേറെ പേർക്ക് ഈ വർഷം തുടർപഠനം തടസ്സപ്പെട്ട സാഹചര്യം പരിശോധിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) ആദിവാസി കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിന് രൂപം നൽകിയ ഗോത്ര സാരഥി പദ്ധതിയുടെ പ്രവർത്തനം പലയിടത്തും കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആദിവാസികുട്ടികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും തുടർപഠനം ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളും ; വിശദാംശങ്ങൾ നൽകുമോ ?

### ഉത്തരം

(എ) ഇടയ്ക്കുവച്ച് പഠനം നിർത്തുന്ന ആദിവാസി കുട്ടികളെ വിദ്യാലയങ്ങളിൽ തിരിച്ചെത്തിച്ച് തുടർ പഠനം സാധ്യമാക്കുന്നതിനായി ഗോത്രബന്ധു, ഗോത്രസാരഥി എന്നീ പദ്ധതികൾ നിലവിലുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായും കൊഴിഞ്ഞുപോക്ക് തടയുന്നതിനായും ഗോത്രബന്ധു പദ്ധതി 2017-18 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കിവരുന്നു. വയനാട് ജില്ലയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൻപ്രകാരം ജില്ലയിലെ പ്രൈമറി ക്ലാസുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ വയനാട് ജില്ലയിലെ വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി റ്റി.റ്റി.സി./ബി.എഡ്. പാസ്സായ പട്ടികവർഗ്ഗക്കാരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരെ പ്രതിമാസം 15,000 രൂപ ഓണറേറിയം നൽകി മെന്റർ ടീച്ചർമാരായി നിയമിക്കുന്നു. ദുർഘട വനപ്രദേശത്തോ, മതിയായ വാഹന സൗകര്യം ഇല്ലാത്ത ഒറ്റപ്പെട്ട ഉൾപ്രദേശങ്ങളിലോ സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ ഊരുകളിൽ നിന്നും വാഹന സൗകര്യം ഇല്ലാത്തതിനാലും വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിമൂലവും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ എത്താൻ പ്രയാസമുണ്ടാകുന്നു. ഇത്തരം വിദ്യാർത്ഥികൾക്കെല്ലാം പ്രവേശനം നൽകാൻ

മതിയായ ഹോസ്റ്റൽ സൗകര്യം ഇല്ലാത്തതിനാൽ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്വന്തം ഊരുകളിൽനിന്നും കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് വിഭാവനം ചെയ്ത പദ്ധതിയാണ് ഗോത്രസാരഥി. ഇടയ്ക്കുവച്ച് പഠനം ഉപേക്ഷിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തിരിച്ച് സ്കൂളുകളിലേയ്ക്ക് എത്തിക്കുന്നതിനായി പ്രൊമോട്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. പലവിധ കാരണങ്ങളാൽ ഓൺലൈൻ സംവിധാനം വഴി അഡ്മിഷൻ ലഭിക്കാത്തവർക്ക് സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ ലഭിക്കുന്നതിന് ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിക്കുവാൻ വകുപ്പിന്റെ എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളിൽ സ്പോട്ട് അഡ്മിഷൻ നടന്നുവരുന്നു.

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആദിവാസി കുട്ടികളെ സ്കൂളുകളിലെത്തിക്കുന്നതിന് രൂപം നൽകിയ ഗോത്ര സാരഥി പദ്ധതി സംസ്ഥാനത്തൊട്ടാകെ കാര്യക്ഷമമായി 353 സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു. 12831 കുട്ടികൾക്ക് ഗോത്രസാരഥി പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നുണ്ട്.

**ആദിവാസി മേഖലകൾക്ക് സ്വയംഭരണാവകാശം**

58(756) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകൾക്ക് സ്വയംഭരണാവകാശം നൽകുന്ന കേന്ദ്ര നിയമമായ 'പെസ' സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കിയാൽ സംസ്ഥാനത്തെ എത്ര ആദിവാസി ഊരുകൾ സ്വയംഭരണ പ്രദേശങ്ങളാകും ; ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഷെഡ്യൂൾഡ് ഏര്യാസ് (കേരള സ്റ്റേറ്റ്) ഓർഡർ 2015 ചട്ടം രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ചട്ടപ്രകാരം പട്ടികപ്രദേശങ്ങളെ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ് ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) ഇല്ല. 'പെസ ' സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടില്ലാത്തതിനാൽ 'പെസ'യുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിക്കുന്നതിനായി ഒരു പൊതുമാർഗ്ഗരേഖ തയ്യാറാക്കേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും അതിനായി സ.ഉ. (കൈ) നമ്പർ 38/17/പജപവവിവ. തീയതി 17-5-2017 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, ഡയറക്ടർ, കില, ഡയറക്ടർ, കിർത്താഡ്സ് എന്നിവർ മെമ്പർമാരായും ഒരു ഉന്നതതല സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമത്തിൻകീഴിൽ കൊണ്ടുവരേണ്ട പ്രദേശങ്ങൾ അന്തിമമായി തീരുമാനിച്ച് നിയമം നടപ്പിലാക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലെ പ്രവർത്തനങ്ങൾ

59(757) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ തുടങ്ങിവച്ച് പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഡി) പദ്ധതികൾ പൂർത്തീകരിക്കാതിരിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ; ഇവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി കോളനികളിലെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.* പട്ടികവർഗ്ഗ കോളനികളിലെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.* പട്ടികവർഗ്ഗ കോളനിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) പദ്ധതികൾ ടെണ്ടർ ചെയ്യുന്നതിനുള്ള കാലതാമസവും സൈറ്റ് കണ്ടീഷന് അനുസൃതമായി എസ്റ്റിമേറ്റ് റിവിഷൻ ആവശ്യമായി വരുന്നതും നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും, ചില കോളനികളിലെ പ്രാദേശിക അഭിപ്രായ വ്യത്യാസങ്ങളും എതിർപ്പുകളും പദ്ധതികൾ പൂർത്തീകരിക്കാതിരിക്കാൻ കാരണമാകുന്നുണ്ട്. പൂർത്തീകരിക്കാത്ത പദ്ധതികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഭവന/ഭൂരഹിത കുടുംബങ്ങൾ

60(758) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഭവന/ഭൂരഹിതരായ എത്ര പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്; പഞ്ചായത്തടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിനായി ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഭവന/ഭൂരഹിതരായ പട്ടികജാതി കുടുംബങ്ങളുടെ വിവരം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | ഭവനരഹിതർ | ഭൂരഹിതർ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ശ്രീകൃഷ്ണപുരം | 3 | 30 |
| 2 | പൂക്കോട്ടുകാവ് | 30 | 37 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കടമ്പഴിപ്പുറം | 49 | 67 |
| 4 | കരിമ്പുഴ | 121 | 60 |
| 5 | അമ്പലപ്പാറ | 35 | 53 |
| 6 | ലക്കിടി പേരൂർ | 36 | 32 |
| 7 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 45 | 24 |
| 8 | തച്ചനാട്ടുകര | 86 | 75 |

കരിമ്പുഴ പഞ്ചായത്തിൽ 2 പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ട്.

(ബി) ഇല്ല; ബാധകമല്ല.

**ഇടമലക്കുടി ആദിവാസി പഞ്ചായത്ത്**

61(759) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ദേവികുളം നിയോജകമണ്ഡലത്തിലെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി 10.35 കോടി രൂപ ചെലവഴിച്ച് ഇടമലക്കുടി സമഗ്ര വികസന പാക്കേജ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായവ നടപ്പിലാക്കി വരുന്നു. വിശദാംശം അനുബന്ധം - I ആയി ചേർക്കുന്നു.* ഇടമലക്കുടിയുടെ സമഗ്ര വികസനത്തിനായി 13-3-2017-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ തത്വത്തിൽ അംഗീകരിച്ചും, പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയും സർക്കാർ ഉത്തരവ് (കൈ)നമ്പർ 32/2017/പജപവവിവ തീയതി 27-4-2017 പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ്-അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ

62(760) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളാണ് മാതൃകാ കോളനികളാക്കി പ്രഖ്യാപിച്ചിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഒന്നിനെയും മാതൃകാ കോളനിയായി പ്രഖ്യാപിച്ചിട്ടില്ല.

## അംബേദ്കർ സെറ്റിൽമെന്റ് സമഗ്ര വികസന പദ്ധതി

63(761) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കാവസ്ഥയിലുള്ള പട്ടികവർഗ്ഗ കോളനികൾ നവീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് സമഗ്രവികസന പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി പ്രസ്തുത കോളനികളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും ഏജൻസികൾ വഴിയാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ കോതമംഗലം മണ്ഡലത്തിൽ കുട്ടംപുഴ പഞ്ചായത്തിലെ ഇളംബ്ലാശ്ശേരി, തേര എന്നീ കോളനികൾ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി മൂവാറ്റുപുഴ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) I. ഇളംബ്ലാശ്ശേരി (200 കുടുംബങ്ങൾ):

(1) കുടിവെള്ള പദ്ധതി

(2) ഭവന പുനരുദ്ധാരണം

(3) കൃഷി

(4) സ്വയംതൊഴിൽ സംരംഭങ്ങൾ

(5) വിജ്ഞാനകേന്ദ്രം

(6) കമ്മ്യൂണിറ്റി ഹാളിനുള്ള അടിസ്ഥാന സൗകര്യങ്ങൾ

(7) ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ.

II. തേര (25 കുടുംബങ്ങൾ):

(1) കുടിവെള്ള പദ്ധതി

(2) റോഡ്

(3) ഭവനപുനരുദ്ധാരണം

(4) മണ്ണ് സംരക്ഷണം

(5) ഇലക്ട്രിഫിക്കേഷൻ

(6) വനിത വികസന കേന്ദ്രം

(7) കമ്മ്യൂണിറ്റി ഹാൾ

(8) ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

(സി) പദ്ധതി നടത്തിപ്പിന്റെ ആദ്യഘട്ടമായി ഇളംബ്ലാശ്ശേരി കോളനിയിലെ ഊരുകൂട്ടം എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 28-7-2017-ന് നടത്തിയിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പിലാക്കുന്നതിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് തീരുമാനം ഇതുവരെ കൈക്കൊണ്ടിട്ടില്ല.

**ചേലക്കരയിലെ പട്ടികവർഗ്ഗ കുടുംബങ്ങളുടെ റേഷൻ കാർഡ് വിവരം**

64(762) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികൾ ഉണ്ട്; ഇവയിൽ ഓരോന്നിലും എത്ര കുടുംബങ്ങളുണ്ട്;

(ബി) മുഴുവൻ കുടുംബങ്ങൾക്കും റേഷൻ കാർഡ് ലഭിച്ചിട്ടുണ്ടോ; റേഷൻ കാർഡു ലഭിച്ചവരിൽ മുൻഗണനാ വിഭാഗത്തിൽപ്പെടാത്ത കാർഡുടമകൾ ഉണ്ടോ; ഉണ്ടെങ്കിൽ എത്രപേർ;

(സി) അർഹമായ മുഴുവൻ കുടുംബങ്ങളെയും മുൻഗണനാ വിഭാഗത്തിൽ പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ 4 പട്ടികവർഗ്ഗ കോളനികൾ ഉണ്ട്. ടി കോളനികളിലുള്ള കുടുംബങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കോളനികൾ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | കളപ്പാറ | 22 |
| 2 | മാട്ടിൻമുകൾ | 20 |
| 3 | മാൻകുളമ്പ് | 14 |
| 4 | തിരുമണി | 39 |
| | ആകെ | 95 |

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ 95 പട്ടികവർഗ്ഗ കുടുംബങ്ങളിൽ 93 കുടുംബങ്ങൾക്ക് റേഷൻ കാർഡ് ഉണ്ടായിരുന്നു. 76 കുടുംബങ്ങൾക്ക് പുതിയ കാർഡ് ലഭിച്ചിട്ടുണ്ട്. ലഭ്യമായതിൽ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്ത കാർഡുടമകൾ ഇല്ല. പുതിയ റേഷൻ കാർഡ് ലഭ്യമാകാത്ത കുടുംബങ്ങൾക്ക് സപ്ലൈ ഓഫീസുമായി ബന്ധപ്പെട്ട് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിൽ റേഷൻ കാർഡ് ലഭ്യമായ എല്ലാ കുടുംബങ്ങളും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

**പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് ഭൂമി നൽകുന്നതിന് നടപടി**

65(763) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി പഞ്ചായത്തിലെ വാഴച്ചാൽ, വാച്ചുമരം, ആനക്കയം, ഷോളയാർ, പിള്ളപ്പാറ തുടങ്ങിയപട്ടികവർഗ്ഗ കോളനികളിലെ നിവാസികൾക്ക് വീട്‌വയ്ക്കുന്നതിനും, കൃഷിയ്ക്കും ആവശ്യമായ ഭൂമി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽനടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) വാച്ചുമരം കോളനിയിലെ ആദിവാസി ജനവിഭാഗങ്ങൾക്ക് ആനമുക്ക് എന്ന സ്ഥലത്ത് കണ്ടെത്തിയ അനുയോജ്യമായ സ്ഥലത്തെക്കുറിച്ചുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ റിപ്പോർട്ടു പ്രകാരം സ്ഥലം അനുവദിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാഴച്ചാൽ, വാച്ചുമരം, ആനക്കയം, ഷോളയാർ, പിള്ളപ്പാറ തുടങ്ങിയ പട്ടികവർഗ്ഗ കോളനി നിവാസികൾക്ക് വനാവകാശ നിയമപ്രകാരമുള്ള 11.1783 ഏക്കർ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്. കൃഷിയാവശ്യത്തിന് അധിക ഭൂമി കണ്ടെത്താനായിട്ടില്ല. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂമി ലഭ്യമാക്കുന്നതിനായി മേൽപ്പറഞ്ഞ കോളനികളിൽ നിന്നും അപേക്ഷകൾ ലഭ്യമായിട്ടില്ല. അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) വാച്ചുമരം കോളനി നിവാസികൾ ആനമുക്ക് എന്ന പ്രദേശത്ത് കണ്ടെത്തിയ ഭൂമി ആനത്താരയായതിനാൽ ഭാവിയിൽ വന്യജീവി മനുഷ്യ സംഘർഷങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ എടുക്കേണ്ടതായി വരുമെന്ന വിവരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ആനത്താരയായ ഭൂമിയുടെ അളവ് എത്രയാണെന്നും ടി ഭൂമി പുനരധിവസിപ്പിക്കുന്നതിന് അനുയോജ്യമല്ലെങ്കിൽ അനുയോജ്യമായ ഭൂമി വേറെ ലഭ്യമാണോ എന്ന വിവരം അറിയിക്കാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ മറുപടി ലഭ്യമാക്കി തുടർ നടപടി സ്വീകരിക്കുന്നതാണ്.

(സി) വനം വകുപ്പിൽനിന്നും അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിന് പുതിയ പദ്ധതികൾ**

66(764) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ അവർക്കായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം വകുപ്പുകളും ഏജൻസികളുമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത വിഭാഗക്കാർക്കായുള്ള ഉപപദ്ധതിയുടെ ഫണ്ട് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള മൈക്രോ പ്ലാനുകൾ തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഇ) മൈക്രോ പ്ലാനുകൾ തയ്യാറാക്കുന്നതിനായി, വിവിധ സ്ഥലങ്ങളിലായി കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സാമുദായികസ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സാമൂഹിക പഠനമുറി
2. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം.
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - അടിസ്ഥാന സൗകര്യ വികസനം.
4. എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വികസനത്തിനായുള്ള പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി.
5. പെൺകുട്ടികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതി-ഗോത്ര വാത്സല്യ നിധി.
6. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം.
7. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുക.
8. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ-സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.
9. കിഫ്ബി മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്. /ഹോസ്റ്റലുകളുടെ നിർമ്മാണം.

(ബി) ഉണ്ട്.

(സി) ആരോഗ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് സമഗ്രവും സംയോജിതവുമായ പട്ടികവർഗ്ഗ വികസന പരിപാടിക്ക് ആരോഗ്യവകുപ്പ്, സാമൂഹ്യനീതി വകുപ്പ്, കുടുംബശ്രീ, കേരള മഹിളാ സമഖ്യ സൊസൈറ്റി, സാമൂഹ്യ സുരക്ഷാമിഷൻ, നാഷണൽ ഹെൽത്ത് മിഷൻ, ആരോഗ്യ കേരളം തുടങ്ങിയ ഏജൻസികളുമായാണ് സഹകരിക്കുന്നത്. പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി-പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് എല്ലാ ജില്ലകളിലും ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വികസനത്തിനായുള്ള പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി, പട്ടികവർഗ്ഗ വികസനവും തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായാണ് നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2321/2017/ത.സ്വ.ഭ. തിരുവനന്തപുരം, തീയതി 7-7-2017 പ്രകാരം പി. കെ. കാളൻ കുടുബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കി പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്നതിന് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ആരോഗ്യത്തിന് ഊന്നൽ നൽകിക്കൊണ്ട് സമഗ്രവും സംയോജിതവുമായ പട്ടികവർഗ്ഗ വികസന പരിപാടി ആവിഷ്കരിക്കുന്നതിനായി തെരഞ്ഞെടുത്ത 51 ഗ്രാമപഞ്ചായത്തുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/സർക്കാർ ഏജൻസികൾ എന്നിവയുടെ പദ്ധതി വിഹിതം സംയുക്തമായി വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നതിനും തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതിയിൽ കുടുംബാധിഷ്ഠിത മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനായി ചിന്നിച്ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ സാമ്പത്തിക സാമുദായിക സ്ഥിതിവിവരക്കണക്ക് ശേഖരിക്കുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 2017 ആഗസ്റ്റിൽ പൂർത്തീകരിക്കും. ടി വിവരം ഗുണഭോക്താക്കളെ അറിയിക്കുന്നതിനായി പത്ര മാധ്യമങ്ങളിലൂടെ വിജ്ഞാപനം നടത്തിയിട്ടുണ്ട്.

## അട്ടപ്പാടിയിലെ ആദിവാസി ശിശുമരണം

67(765) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം അട്ടപ്പാടിയിൽ എത്ര ആദിവാസി ശിശുമരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നവജാതശിശുക്കൾക്കും ഗർഭിണികളായ അമ്മമാർക്കും വേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് വിശദപഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ 'സമൂഹ അടുക്കള പദ്ധതി' ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ അട്ടിമറിച്ചത് അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുവാനുള്ള കാരണമായോ; വ്യക്തമാക്കുമോ ;

(ഡി) സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നില്ല എന്നത് ശരിയാണോ ; എങ്കിൽ ഇക്കാര്യത്തിൽ നടക്കുന്നതായി പറയപ്പെടുന്ന അഴിമതി കണ്ടെത്തി പദ്ധതികളുടെ പൂർണ്ണ പ്രയോജനം ആദിവാസികൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ ആകെ 15 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

2016 - 5 എണ്ണം

2017 - 10 എണ്ണം

(ബി) വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ 1990 കാലം മുതൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തനഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറച്ചുകൊണ്ടുവരുവാൻ സാധിച്ചിട്ടുണ്ട്. 2012 മുതൽ 2015 വരെയാണ് ശിശുമരണം കൂടുതൽ ഉണ്ടായിട്ടുള്ളത്. 2013-ൽ 31 ശിശുമരണങ്ങൾ ഉണ്ടായ അട്ടപ്പാടിയിൽ 2016-ൽ 5-ഉം 2017-ൽ 10-ഉം ശിശുമരണങ്ങൾ മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. മുൻ വർഷങ്ങളെക്കാൾ മരണ നിരക്ക് കുറഞ്ഞു വരികയാണുണ്ടായത്. പോഷകാഹാരക്കുറവുമൂലം ഒരു ശിശുമരണവും ഉണ്ടായിട്ടില്ല. 2013-ൽ അട്ടപ്പാടി മേഖലയിൽ ആദിവാസി ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തൽ യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ ശിശുമരണം സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) 'സമൂഹ അടുക്കള' പദ്ധതി പോലെയുള്ള പദ്ധതികൾ അട്ടിമറിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 53 ഊരുകളിൽ മാത്രമാണ് 'സമൂഹ അടുക്കള' ഉണ്ടായിരുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിലെ അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ 192 ആദിവാസി ഊരുകൾക്കുവേണ്ടി 172 സമൂഹ അടുക്കളകൾ ആരംഭിച്ചു. ഈ അടുക്കളകളിൽനിന്നും ആകെ 15,538 ആൾക്കാർ ഭക്ഷണം കഴിക്കുന്നു. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ ഒരു വയസ്സുമുതൽ 6 വയസ്സുവരെയുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, മാനസിക രോഗികൾ, 60 വയസ്സിന് മുകളിലുള്ളവർ, കിടപ്പു രോഗികൾ എന്നിവരാണ് സമൂഹ അടുക്കളയുടെ ഗുണഭോക്താക്കൾ.

(ഡി) ശരിയല്ല. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒറ്റപ്പാലം സബ് കളക്ടറെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പാക്കി വരുന്ന പദ്ധതികളുടെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം

68(766) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആദിവാസികൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിലെ അഴിമതിയാണ് അവരുടെ ജീവിത നിലവാരം താഴോട്ട് പോയതിന്റെ പ്രധാന കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടി മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച പരാതികളിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നറിയാമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പും കിലയും സംയുക്തമായി സംസ്ഥാനമൊട്ടാകെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വേ 2008-ൽ നടത്തിയിട്ടുണ്ട്. ഇതിൽ അട്ടപ്പാടി ഉൾപ്പെടുന്ന പാലക്കാട് ജില്ലയിലെ പട്ടികവർഗ്ഗക്കാരുടെ ജീവിത നിലവാരം സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം താഴോട്ട് പോയിട്ടില്ലായെന്നും പുരോഗതി ആർജ്ജിച്ചുവരികയാണെന്നും സെൻസസ് റിപ്പോർട്ട്, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ 2008-ലെ സർവ്വേ റിപ്പോർട്ട് എന്നിവയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇല്ല.

## പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ പുരോഗതിക്കായുള്ള പദ്ധതികൾ

69(767) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗ വിഭാഗക്കാരുടെ പുരോഗതിയ്ക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവരുടെ ജീവനോപാധി ഉറപ്പാക്കുന്നതിനായി 'ഗോത്ര ജീവിക' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പട്ടികവർഗ്ഗക്കാർക്കിടയിലുള്ള അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ഈ പദ്ധതി എപ്രകാരമെല്ലാം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സാമൂഹിക പഠനമുറി.
2. ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം.
3. അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം - അടിസ്ഥാന സൗകര്യ വികസനം.
4. എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകൾക്ക് പുറത്ത് ചിന്നിച്ചിതറി താമസിക്കുന്ന കുടുംബങ്ങളുടെ വികസനത്തിനായുള്ള പി. കെ. കാളൻ കുടുംബക്ഷേമ പദ്ധതി.

5. പെൺകുട്ടികൾക്കായുള്ള ഇൻഷ്വറൻസ് പദ്ധതി-ഗോത്ര വാത്സല്യ നിധി.

6. വയനാട് ഗോത്ര ഭാഷാ പഠന കേന്ദ്രം.

7. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.

8. പോഷകാഹാരക്കുറവ്, ശിശുമരണ മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസ പ്രചരണ പരിപാടി ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ-സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

9. കിഫ്ബി മുഖേന 100 കോടി രൂപ ചെലവഴിച്ച് വിവിധ ജില്ലകളിൽ എം.ആർ.എസ്സ്. /ഹോസ്റ്റലുകളുടെ നിർമ്മാണം.

(ബി) ഉണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സുസ്ഥിരവും ലാഭകരവുമായ തൊഴിൽ സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പും കേരള സർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി)-മായി ചേർന്ന് അവർ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ (ഊരുകളിൽ) വച്ച് പരിശീലനങ്ങൾ സംഘടിപ്പിച്ച് പരിശീലനം പൂർത്തിയാക്കുന്നവർക്ക് ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഗോത്രജീവിക എന്ന പദ്ധതി നടപ്പിലാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി 3.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപ്പരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) പട്ടികവർഗ്ഗ മേഖലയിൽ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി അവരുടെ അഭിരുചിക്കും വിദ്യാഭ്യാസ യോഗ്യതയ്ക്കും അനുസൃതമായ രീതിയിൽ എല്ലാ ജില്ലകളിലും ഊരുകളിൽവച്ചുതന്നെ തൊഴിൽ നൈപുണ്യം നൽകുകയും പരിശീലനം കഴിഞ്ഞ പട്ടികവർഗ്ഗ യുവതീ/യുവാക്കൾക്ക് ആധുനിക തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതുൾപ്പെടെയുള്ള സാമ്പത്തിക സഹായം നൽകുന്നതിനും ഇതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. വിശദവിവരം

അനുബന്ധമായി* ചേർത്തിരിക്കുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകളുടെ തൊഴിൽ തൽപ്പരത വിദഗ്ദ്ധ പരിശീലനത്തിലൂടെ വർദ്ധിപ്പിക്കുകയും നിലവിലുള്ള തൊഴിൽ വിപണിയിലെ അവസരങ്ങൾ മുതലെടുക്കുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുക, സംരംഭകത്വം വികസിപ്പിക്കുക എന്നതിലൂടെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തി അവരവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപീകരിക്കാനും ലക്ഷ്യം വയ്ക്കുന്നു.

## പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നപരിഹാരത്തിനായി കൈക്കൊണ്ട നടപടികൾ

70(768) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ;

(ബി) ഇവർക്കുവേണ്ടി പുതുതായി അനുവദിച്ചത് എത്ര വീടുകളാണെന്ന് വിവരിക്കുമോ;

(സി) എത്ര വീടുകളുടെ നവീകരണമാണ് ഇക്കാലയളവിൽ നടന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സ്പിൽ ഓവറായ എത്ര ഭവനങ്ങൾ പൂർത്തീകരിക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ;

(ഇ) ഏതെല്ലാം പദ്ധതികളാണ് പാർപ്പിട പ്രശ്നപരിഹാരത്തിനായി പ്രയോജനപ്പെടുത്തിയതെന്ന് വിവരിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്തൊട്ടാകെ 15149 ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തുകയും ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനും, പണി പൂർത്തിയാക്കാത്ത വീടുകൾ വാസയോഗ്യമാക്കിത്തീർക്കുന്നതിനും നടപടി സ്വീകരിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം ഭവനരഹിതരായ 6709

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗക്കാർക്ക് വിവിധ ഭവനനിർമ്മാണ പദ്ധതികളിലുൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻ വർഷങ്ങളിൽ അനുവദിച്ച് സ്പിൽ ഓവർ പ്രവൃത്തികൾക്കായും 189.74 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം 115.08 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ നാളിതു വരെയായി ടി പദ്ധതിക്കായി 52.92 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 സാമ്പത്തിക വർഷം ഹഡ്കോ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 2980 വീടുകളും, ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 1875 വീടുകളും വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും, അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്ക് വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു. 2016-17 സാമ്പത്തികവർഷം 700 വീടുകൾ പുനരുദ്ധരിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഇത്തരത്തിൽ 550 വീടുകളുടെ പുനരുദ്ധാരണത്തിനായി വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ എത്തിയശേഷം വകുപ്പ് മുഖേന അനുവദിച്ച് സ്പിൽ ഓവറായ 24314 വീടുകളിൽ നാളിതുവരെയായി 5414 വീടുകൾ പൂർത്തീകരിച്ചു.

(ഇ) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ അവസരങ്ങൾ

71(769) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആധുനിക തൊഴിൽ മേഖലകളിലുണ്ടാകുന്ന തൊഴിൽ അവസരങ്ങൾ സ്വായത്തമാക്കുന്നതിന് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി എസ്.സി.എ. ടു ടി.എസ്.പി, ആർട്ടിക്കിൾ 275 (1), എ.ടി.എസ്.പി., കോർപ്പസ് ഫണ്ട് എന്നീ പദ്ധതികൾവഴി എന്തെല്ലാം തൊഴിൽദായക പദ്ധതികൾ ഇതിനോടകം നടപ്പാക്കിയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി സ്വയം തൊഴിലിനും വൈദഗ്ദ്ധ്യ പരിശീലനത്തിനുമുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ആയതിന് "പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം" എന്ന ശീർഷകം നിലവിലുണ്ട്. കൂടാതെ കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട്, ആർട്ടിക്കിൾ 275(1), എസ്.സി.എ. ടു ടി.എസ്.പി. എന്നീ പദ്ധതികളിലുൾപ്പെടുത്തി നൈപുണ്യ വികസനപദ്ധതികളും സംരംഭകത്വ വികസന പരിപാടികളും നടപ്പിലാക്കിവരുന്നു. നിശ്ചിത കോഴ്സുകളിൽ അടിസ്ഥാന വിദ്യാഭ്യാസം കൈവരിക്കുന്നതുകൊണ്ടുമാത്രം പട്ടികവർഗ്ഗക്കാർക്ക് ജോലി ലഭിക്കുന്നതിനുള്ള സാധ്യത കുറവാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പ് കേരളത്തിനകത്തും പുറത്തുമുള്ള തൊഴിൽ നൈപുണ്യ പരിശീലന കേന്ദ്രങ്ങളുമായി സഹകരിച്ച് വിദഗ്ദ്ധ പരിശീലനം നൽകി സംസ്ഥാനത്തിനകത്തും പുറത്തും ജോലി ഉറപ്പാക്കുന്ന പരിപാടികളാണ് സംഘടിപ്പിച്ചുവരുന്നത്. പ്രസ്തുത പരിപാടികളുടെ വിവരം ചുവടെ ചേർക്കുന്നു. വകുപ്പിന് കീഴിലുള്ള പരിശീലന കേന്ദ്രങ്ങൾ, ഐ.ടി.ഐ. എന്നിവ വഴിയും സർക്കാർ ഇതര സ്ഥാപനങ്ങൾ വഴിയും തൊഴിൽ നൈപുണ്യ വികസനം ഉറപ്പാക്കിവരുന്നു. 2016-17 വർഷം മുതൽ ഗോത്രജീവിക എന്ന പദ്ധതി പ്രകാരം 1140 തൊഴിൽ രഹിതരെ കണ്ടെത്തി അവർക്ക് 7 ഇനങ്ങളിലുള്ള തൊഴിൽ നൈപുണ്യ പരിശീലനം നൽകി. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും തൊഴിൽസംരംഭകത്വം ആരംഭിക്കുന്നതിനും ആയത് പ്രവർത്തനക്ഷമമാക്കുന്നതുവരെയുള്ള സഹായം നൽകുന്നതിനായി 334 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പരിശീലനം നൽകി സ്വകാര്യ സ്ഥാപനങ്ങളിൽ പ്ലെയിസ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്.

1. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ
2. സെന്റർ ഫോർ ബയോ പോളിമർ സയൻസ് ആന്റ് ടെക്നോളജി
3. ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ്
4. എത്തിയോസ്.

ഇതിനുപുറമെ പരമ്പരാഗത കാർഷിക മേഖലയിൽ തൊഴിൽ നൽകുന്നതിനായി ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. മിൽമ
2. കുടുംബശ്രീ.
3. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്

   കൂടാതെ സംഘങ്ങൾവഴി സ്വയംതൊഴിൽ പരിപോഷിപ്പിക്കുന്നതിനായി ഗദ്ദിക പോലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ആർട്ടിക്കിൾ 275(1) പ്രകാരം നടപ്പിലാക്കിയ തൊഴിൽദായക പദ്ധതികൾ.

1. തയ്യൽ യൂണിറ്റുകൾ
2. വയറിംഗ്
3. പി.എസ്.സി. പരിശീലനം
4. ഫാഷൻ ഡിസൈനിംഗിൽ പരിശീലനം നൽകി പുതിയ തയ്യൽ ജോലികൾ
5. സിവിൽ ആർക്കിടെക്ചർ ഡ്രാഫ്റ്റിംഗ് ലാന്റ് സർവ്വേ കോഴ്സിൽ പരിശീലനം നൽകി ആധുനിക തൊഴിൽ സമ്പാദനം.
6. ചെറുകിട വ്യാപാരം

<u>കോർപ്പസ് ഫണ്ട്:</u>

1. കടനിർമ്മാണം
2. ബേക്കറി
3. തുണിക്കട
4. കോഫിഷോപ്പ്
5. പെട്ടിക്കടകൾ
6. കന്നുകാലി വളർത്തൽ
7. ജില്ലാടിസ്ഥാനത്തിൽ സഹായി സെന്ററുകൾ നടത്തിപ്പിന്

<u>എസ്.സി.എ. ടു ടി.എസ്.പി. നടപ്പിലാക്കി തൊഴിൽദായക പദ്ധതികൾ:</u>

1. യന്ത്രവൽകൃത കോൺക്രീറ്റ് കട്ടിംഗ്
2. യന്ത്രവൽകൃത കൃഷി
3. ഗാർമെന്റ് ആന്റ് ടെയിലറിംഗ് യൂണിറ്റ്

4. ഡയറി ഡെവലപ്മെന്റ് യൂണിറ്റ്

5. ഫോട്ടോസ്റ്റാറ്റ് മെഷിൻ

6. ലൈറ്റ് മോട്ടോർ ഡ്രൈവിംഗ്

7. ഹെവി മോട്ടോർ ഡ്രൈവിംഗ്

8. കയർ ഉൽപ്പാദനം

9. ഫാഷൻ ടെക്നോളജി

10. കമ്പ്യൂട്ടർ ട്രെയിനിംഗ്

11. മെഴുകുതിരി നിർമ്മാണം

12. കരകൗശല ഉൽപ്പന്നങ്ങൾ

13. ഫർണിച്ചർ ഉൽപ്പാദനം.

## പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ്

72(770) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കാരശ്ശേരി ഗ്രാമപഞ്ചായത്തിലെ മൈസൂർമല ആദിവാസി സങ്കേതങ്ങളിലെ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ വിഷയം പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിനെ സമീപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) കോഴിക്കോട്, കാരശ്ശേരി, മൈസൂർമേഖലയിലെ ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടികവർഗ്ഗ/പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ വിഭാഗക്കാർക്കും അവരുടെ അണു കുടുംബത്തിൽപ്പെട്ടവർക്കും 16-11-2000-ലെ 3159/ജി1/99/പ.ജ.പവ.വി.വ. നമ്പർ കത്തിലെ നിർദ്ദേശപ്രകാരം പട്ടികവർഗ്ഗ മുതുവാൻ/മുഡുവാൻ സർട്ടിഫിക്കറ്റ് നൽകി വരുന്നു.

## ഒ.ബിസി., ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം

73(771) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ (കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ) ഒ.ബി.സി.-ക്കാർക്ക് എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നും അതിൽ എത്ര തുക നാളിതു വരെ ചെലവഴിച്ചുവെന്നും ഇനിയും എത്ര തുകയാണ് ചെലവഴിക്കാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ വിഭാഗങ്ങളെയാണ് ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും കഴിഞ്ഞ അഞ്ചുവർഷത്തെ ബഡ്ജറ്റിൽ ഇവർക്കായി എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്നും ഇതിൽനിന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ഇനിയും ചെലവഴിക്കാനുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ബഡ്ജറ്റിൽ കഴിഞ്ഞ അഞ്ച് വർഷകാലയളവിൽ ഒ.ബി.സി.-ക്കാർക്കായി പിന്നാക്ക വിഭാഗ വികസന ഡയറക്ടറേറ്റ്, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നിവയ്ക്ക് വകയിരുത്തിയതും ചെലഴിച്ചതുമായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1, I (എ)* ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്തെ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ് അനുബന്ധം II ആയി* ചേർക്കുന്നു. 23-5-2014-ലെ സ.ഉ.(എംഎസ്.)നമ്പർ 10/2014/പിസവിവ പ്രകാരം ഒ.ബി.എച്ച്. വിഭാഗത്തിൽപ്പെട്ട 30 ഇതര സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വാർഷിക വരുമാനപരിധി 6 ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി, ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മാത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് പ്രകാരം ഉൾപ്പെട്ട ഒ.ബി.എച്ച്. വിഭാഗത്തിനും ഒ.ഇ.സി. വിഭാഗത്തിനുമായി കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാന ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുള്ളതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിവരം അനുബന്ധം 3 ആയി* ചേർക്കുന്നു. ഒ.ഇ.സി. (എസ്.റ്റി) വിഭാഗത്തിന് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തുന്നില്ല. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനുള്ള ബഡ്ജറ്റ് വിഹിതത്തിൽ നിന്നുതന്നെയാണ് ഈ വിഭാഗങ്ങൾക്കും വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

74(772) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി 24-1-2017-ൽ ചേർന്ന യോഗതീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, പൊതുവിദ്യാഭ്യാസം, പൊതുഭരണം, റവന്യൂ, സാംസ്കാരികം എന്നീ വകുപ്പുകൾക്ക് അയച്ചു കൊടുത്ത യോഗനടപടിക്കുറിപ്പിന്മേൽ പ്രസ്തുത വകുപ്പുകൾ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, സാമൂഹ്യസാമ്പത്തിക വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടും, ജാതികൾക്ക് സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുള്ള പ്രാതിനിധ്യം സംബന്ധിച്ച് രേഖകളും ലഭിക്കുന്ന മുറയ്ക്ക് വിഷയത്തിൽ തീരുമാനമെടുക്കുന്നതാണ്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടറോടും, സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ പുരാവസ്തു വകുപ്പ് ഡയറക്ടറോടും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റവന്യൂ, പൊതുഭരണം എന്നീ വകുപ്പുകൾ 24-1-2017-ലെ യോഗതീരുമാനപ്രകാരം പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പിന്നാക്ക സമുദായ ക്ഷേമ പദ്ധതികൾ

75(773) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പിന്നോക്ക സമുദായക്കാരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്നും അതിനായി വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിലവിൽ 12 പദ്ധതി സ്കീമുകളും, 4 പദ്ധതിയേതര സ്കീമുകളുമാണ് നടപ്പിലാക്കുന്നത്. ഒ.ബി.സി. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, ഒ.ഇ.സി. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സഹായം, വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്, മത്സരശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ഗ്രാന്റ്, ഓട്ടോമൊബൈൽ രംഗത്തെ തൊഴിൽ പങ്കാളിത്ത പദ്ധതി, പരമ്പരാഗത കളിമൺപാത്ര തൊഴിൽ നവീകരണ പദ്ധതി, പരമ്പരാഗത കരകൗശല സമുദായങ്ങൾക്ക് ടൂൾകിറ്റ്

ഗ്രാന്റ്, ബാർബർഷോപ്പ് നവീകരണ ഗ്രാന്റ്, അഡ്വക്കേറ്റ് ഗ്രാന്റ്, വിശ്വകർമ്മ പെൻഷൻ എന്നിവയാണ് വകുപ്പിന്റെ പ്രധാന സ്കീമുകൾ (വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.) പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അതിനായി വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## ആർട്ട്സ് & സയൻസ് കോളേജുകളിലെ പ്രവേശനത്തിന് സംവരണം

76(774) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്ട്സ്&സയൻസ് കോളേജുകളിലെ പ്രവേശനത്തിന് സംവരണം അനുവദിക്കണമെന്ന് കേരള ചെട്ടി മഹാസഭയുടെ ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആവശ്യത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്തെ ചെട്ടി സമുദായത്തിന്റെ ജനസംഖ്യാ കണക്ക് സർക്കാരിന്റെ പക്കലുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എയ്ഡഡ് മേഖലയിൽ ഒഴികെ സർക്കാർ കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും എസ്.ഇ.ബി.സി. വിഭാഗത്തിന് സംവരണം അനുവദിച്ചിട്ടുണ്ട്.

(സി) ലഭ്യമല്ല.

## കോവളം ഹാൽസിയൻ കൊട്ടാരം

77(775) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ ഹാൽസിയൻ കൊട്ടാരം ആർ.പി. ഗ്രൂപ്പിന് കൈമാറുന്നത് സംബന്ധിച്ച് നിയമ വകുപ്പ് ബന്ധപ്പെട്ട ഫയലുകളിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമോപദേശങ്ങളുടെ പകർപ്പ് മേശപ്പുറത്ത് വെക്കാമോ;

(ബി) പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ തീരുമാനമെന്തെന്ന് വെളിപ്പെടുത്താമോ; പകർപ്പ് മേശപ്പുറത്ത് വെക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കോവളത്തെ ഹാൽസിയൻ കൊട്ടാരം ആർ.പി. ഗ്രൂപ്പിന് കൈമാറുന്നത് സംബന്ധിച്ച ഫയലുകളിൽ നിയമ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായങ്ങളുടെ പകർപ്പുകൾ അനുബന്ധം 1-ൽ *കാണാവുന്നതാണ്.

(ബി) പ്രസ്തുത നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പിന്റെ 32621/U1/2007/RD, ടൂറിസം വകുപ്പിന്റെ 3857/B1/2006/Tsm എന്നീ ഫയലുകളിൽ കൈക്കൊണ്ടിട്ടുള്ള മന്ത്രിസഭാ തീരുമാനങ്ങളുടെ പകർപ്പുകൾ അനുബന്ധം II -ൽ * കാണാവുന്നതാണ്.

**സർക്കാർ ജീവനക്കാർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം**

78(776) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ജനങ്ങളോടുള്ള ഉത്തരവാദിത്വം ഉറപ്പു വരുത്താനായി നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം വെളിപ്പടുത്തുമോ;

(ബി) പരാതി പരിഹാരത്തിനായി വിവിധ വകുപ്പുകളിലും തലങ്ങളിലുമായി ജനകീയ പങ്കാളിത്വവും മേൽനോട്ടവും ഉറപ്പ് വരുത്തുന്നതിന് നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച് പരിശോധിക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നവംബർ 1-ാം തീയതി നിലവിൽ വരുകയും കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ 27-10-2012-ലെ സ.ഉ.(പി)56/2012/ഉ.ഭ.പ.വ. ആയി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനങ്ങൾ നൽകുന്നതിലേക്ക് വേണ്ടിയാണ് ഈ നിയമം നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ പ്രചാരണത്തിനായി എല്ലാ വകുപ്പുകളിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള കൈപ്പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ ദൈനംദിനാവശ്യങ്ങളുമായി കൂടുതൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും പ്രാധാന്യം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകി വിവിധ മേഖലകളിൽ ആവശ്യമായ പരിഷ്കാര നിർദ്ദേശങ്ങൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി ഘട്ടംഘട്ടമായി സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം രൂപീകൃതമായ നാലാമത് ഭരണപരിഷ്കാര കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങൾ സമഗ്രമാക്കുന്നതിനും വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, സർവ്വീസ് സംഘടനകൾ, വിദഗ്ദ്ധർ, പൊതുജനങ്ങൾ എന്നിവരുമായി ആശയവിനിമയം നടത്തുന്നതിനും അഭിപ്രായ സ്വരൂപണം സാധ്യമാക്കുന്നതിനും ലക്ഷ്യമിട്ട് കമ്മീഷന് സ്വന്തമായി വെബ്സൈറ്റ് സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ ഓഫീസുകളെ ജനസൗഹൃദമായി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം, പൗരാവകാശരേഖ, പൗരന്മാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവപോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി അവയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. ഇതിന്റെ ഭാഗമായി നിയമം ഫലപ്രദമായും ജനസൗഹൃദപരമായും നടപ്പിലാക്കുന്നതിനായി വകുപ്പദ്ധ്യക്ഷന്മാരുടെയും ഉയർന്ന ഉദ്യോഗസ്ഥരുടെയും സംസ്ഥാനതല ശിൽപ്പശാല 15-12-2016-ൽ IMG-യുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ പരിഗണനയിലാണ്. സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനും സർക്കാരിന്റെ സേവനങ്ങൾ കൂടുതൽ വേഗത്തിനും കൃത്യതയോടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് മുൻനിർത്തിയുള്ള ഭരണനവീകരണം സർക്കാർ ലക്ഷ്യമിടുന്നു.

(സി) ഇതുമായി ബന്ധപ്പെട്ട നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സേവനാവകാശ നിയമം കാലോചിതമായി പരിഷ്കരിക്കുവാനും പൊതുസമൂഹത്തിന് അനുഗുണമാംവിധത്തിൽ ലളിതവും സുതാര്യവുമാക്കുവാനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

### കാലഹരണപ്പെട്ട നിയമങ്ങൾ

79(777) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലഹരണപ്പെട്ട നിയമങ്ങൾ നില നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഷ്കരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; അവരുടെ ശിപാർശകൾ സർക്കാരിനു സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനപ്പെട്ട ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) അതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിയമങ്ങളാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദാംശം നൽകാമോ?

ഉത്തരം

(എ) 17-11-2007-ലെ ജി.ഒ.(എം.എസ്)253/2007/നിയമം സർക്കാർ ഉത്തരവ് പ്രകാരം ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി ഒരു നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിരുന്നു. കമ്മീഷന്റെ റിപ്പോർട്ട് 29-1-2009-ന് സർക്കാരിന് സമർപ്പിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ടിലെ വിവിധ നിർദ്ദേശങ്ങളിൽ കാലഹരണപ്പെട്ട 107 നിയമങ്ങൾ റദ്ദാക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. പ്രസ്തുത 107 ആക്റ്റുകളിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ റദ്ദാക്കേണ്ടതില്ലായെന്ന് അഭിപ്രായപ്പെട്ട 5 ആക്ടുകൾ ഒഴിവാക്കി 102 ആക്റ്റുകൾ ഒഴിവാക്കുന്നതിനുള്ള "2016-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ" 14-ാം കേരള നിയമസഭയുടെ 34-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(ബി) കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അത് സംബന്ധിച്ചുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി 9-3-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 45/2017/ നിയമം പ്രകാരം ജസ്റ്റിസ് കെ.റ്റി. തോമസ് ചെയർമാനായി കേരള നിയമപരിഷ്കരണ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ ഇതുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നുംതന്നെ സർക്കാരിന് സമർപ്പിച്ചിട്ടില്ല.

(സി) നിലവിൽ കാലഹരണപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിന് പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**പുരാണപാരായണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ആനുകൂല്യങ്ങൾ**

80(778) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പുരാണ പാരായണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവർക്ക് പെൻഷൻ, ചികിത്സാ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടോയെന്നും ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരെ പൈതൃക കലാകാരന്മാരായി അംഗീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത കലാകാരന്മാർക്ക് ക്ഷേമനിധി, പെൻഷൻ, ചികിത്സാ സൗകര്യങ്ങൾ തുടങ്ങിയവ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ പുരാണ പാരായണ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് 8-11-1999-ലെ സ.ഉ.(എം.എസ്.)നമ്പർ 49/99/സി.എ.ഡി. ഉത്തരവുപ്രകാരം കലാകാര പെൻഷൻ നൽകിവരുന്നുണ്ട്. 7-9-2001-ലെ സ.ഉ. (എം.എസ്.) 45/ 2001/സി.എ.ഡി. ഉത്തരവുപ്രകാരം കലാകാരന്മാർക്കുള്ള അടിയന്തര ചികിത്സാ സഹായ പദ്ധതിയിലും ഇവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 414 പുരാണ പാരായണക്കാർക്ക് സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് മുഖേന പ്രതിവർഷം 2,000 രൂപ നിരക്കിൽ പെൻഷനും അപേക്ഷകൾക്കനുസരിച്ച് ആനുകൂല്യങ്ങളും നൽകിവരുന്നു.

(ബി) പുരാണ പാരായണക്കാരെ ക്ഷേമനിധിയുടെ ആക്റ്റ് 2(ഡി)യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പൈതൃക കലാകാരന്മാരായി അംഗീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിൽ പുരാണ പാരായണക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിയന്തര ചികിത്സാ ധനസഹായ പദ്ധതിയിലും ഇത്തരം കലാകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ ആനുകൂല്യങ്ങളും നൽകിവരുന്നു.

**തെയ്യം കലാകാരന്മാർക്കുള്ള പെൻഷൻ പദ്ധതി**

81(779) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെയ്യം കലാകാരന്മാർക്ക് അനുവദിക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഫോക്ക് ലോർ അക്കാദമിയിൽനിന്നും സാംസ്കാരിക വകുപ്പിന്റെ പരിഗണനയ്ക്കയച്ച, തെയ്യം കലാകാരൻമാരുടെ പെൻഷൻ അപേക്ഷകളിൽ ഇനിയും എത്രയെണ്ണം തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കി പെൻഷൻ അനുവദിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രണ്ട് തരത്തിലുള്ള പെൻഷൻ പദ്ധതികളാണ് തെയ്യം കലാകാരന്മാർക്കുള്ളത്.

(1) സാംസ്കാരിക വകുപ്പ് അനുവദിക്കുന്ന സംസ്ഥാന കലാകാര പെൻഷൻ

(2) കലാകാര ക്ഷേമനിധി ബോർഡ് അനുവദിക്കുന്ന പെൻഷൻ.

ഇവയിൽ ഏതെങ്കിലും ഒന്ന് മാത്രമേ ലഭ്യമാകുകയുള്ളൂ. അടിയന്തര ചികിത്സാ ധനസഹായ പദ്ധതിയിലും തെയ്യം കലാകാരന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) കലാകാര പെൻഷനുവേണ്ടി ഫോക്‌ലോർ അക്കാദമിയിൽനിന്ന് തെയ്യം കലാകാരന്മാരുടെ 7 അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ അപേക്ഷകളിൽ മാനദണ്ഡപ്രകാരം യോഗ്യതയുള്ള കലാകാരന്മാർക്ക് പെൻഷൻ അനുവദിക്കുന്ന നടപടികൾ സ്വീകരിച്ചുവരികയാണ്.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

82(780) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഇതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജില്ലാ കേന്ദ്രങ്ങളിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. വിവിധ ജില്ലകളിൽ ടി പദ്ധതിയ്ക്കായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

(ബി) ഡി.പി.ആർ. തയ്യാറാക്കുന്ന നടപടികൾ ആരംഭിച്ചിട്ടില്ല. ഏജൻസിയെ തെരഞ്ഞെടുക്കുവാൻ വേണ്ടിയുള്ള ടെണ്ടറിന്റെ പരിശോധന അന്തിമഘട്ടത്തിലാണ്.

**സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ആവിഷ്കരിച്ച പദ്ധതികൾ**

83(781) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക പ്രവർത്തനങ്ങൾക്കായി ആവിഷ്കരിച്ച പദ്ധതികളും നീക്കിവച്ചതും ചെലവഴിച്ചതുമായ തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം പ്രസ്സ്ക്ലബുകൾക്ക് എന്തെല്ലാം തരത്തിലുള്ള ധനസഹായം ഈ സർക്കാറും മുൻസർക്കാറും അനുവദിച്ചിട്ടുണ്ടെന്ന് വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(സി) സാംസ്കാരിക സംഘടനകൾക്ക് ഓഫീസ് പണിയുന്നതിനും മറ്റ് ആവശ്യങ്ങൾക്കും ഈ സർക്കാറും കഴിഞ്ഞ സർക്കാറും അനുവദിച്ച തുക വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം I-ൽ* ചേർത്തിരിക്കുന്നു.

(ബി) സാംസ്കാരിക വകുപ്പിൽ നിന്നും പ്രസ് ക്ലബ്ബുകൾക്ക് ധനസഹായം അനുവദിക്കുന്നില്ല.

(സി) വിശദാംശം അനുബന്ധം II-ൽ* ചേർത്തിരിക്കുന്നു.

## സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിന് നടപടികൾ

84(782) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി സാംസ്കാരിക വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ ഉന്നമനത്തിനായി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ക്രിയാത്മകമായ ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നും അവസരോചിതമായി ഉണ്ടാകുന്നുണ്ട്. 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിലും വിവിധ അക്കാദമികൾക്ക് സാംസ്കാരിക മണ്ഡലത്തിലെ ഇടപെടലുകൾ ദൃഢപ്പെടുത്തുന്നതിനായി ബഡ്ജറ്റിലെ പദ്ധതി വിഹിതത്തിനുപരി 50% വർദ്ധനവ് പദ്ധതിയിനത്തിൽ വരുത്തിയിട്ടുണ്ട്. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കാനും അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും സാംസ്കാരിക നയരൂപീകരണങ്ങൾക്ക് നേതൃത്വം നൽകാനും സംസ്ഥാനത്ത് ഒരു ഉന്നതാധികാര സാംസ്കാരിക കൗൺസിൽ രൂപീകരിക്കാനുള്ള നടപടികൾ പൂർത്തിയായിവരികയാണ്. സാംസ്കാരിക സ്ഥാപനം/രംഗത്ത് പുത്തനുണർവ് പകരുന്നതിലേയ്ക്കായി KIIFB-ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(i) KIIFB-ന്റെ പ്രത്യേക സാമ്പത്തിക സഹായത്തോടെ എല്ലാ ജില്ലയിലും സാംസ്കാരിക നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ.

(ii) KSFDC-യുടെ കീഴിൽ റവന്യൂ/തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ലഭ്യമായ സ്ഥലത്ത് തിയേറ്റർ കോംപ്ലക്സ് നിർമ്മാണം.

(iii) KSFDC-യുടെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വികസനത്തിന്റെ ഭാഗമായി ചിത്രാഞ്ജലി സ്റ്റുഡിയോ അന്താരാഷ്ട്ര നിലവാരമുള്ള ഫിലിം സിറ്റിയായി ഉയർത്തൽ.

(iv) ചിത്രാഞ്ജലി സ്റ്റുഡിയോ കാമ്പസിൽ അന്താരാഷ്ട്ര ചലച്ചിത്ര മേളയ്ക്ക് സ്ഥിരം വേദി നിർമ്മാണം.

പ്രവാസികളുടെ ഭാഷാ പഠനത്തിനും സാംസ്കാരിക ഏകോപനത്തിനും വേണ്ടി രൂപകൽപ്പന ചെയ്ത മലയാളം മിഷനെ ഈ സർക്കാർ ഒന്നുകൂടി ഭാവനാ സമ്പന്നമാക്കുന്നു. മുഴുവൻ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ആരംഭിക്കുന്ന മലയാളം മിഷൻ ചാപ്റ്ററുകൾക്ക് കീഴിൽ മലയാള പഠന കേന്ദ്രങ്ങൾ ഒരുക്കുവാനുള്ള ഉദ്യമം ആരംഭിച്ചുകഴിഞ്ഞു. 1000 യുവ കലാകാരന്മാർക്ക് പ്രതിമാസം 10,000 രൂപ വീതം നൽകുന്ന 'വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി' നടപ്പിലാക്കുന്നതാണ്. സിനിമ മേഖലയുടെ സമഗ്ര പരിഷ്കരണത്തിനായി സിനിമ റഗുലേറ്ററി രൂപീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഉമൈത്താനകത്ത് കുഞ്ഞിഖാദർ സ്മാരകം**

85(783) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ലഹളയിൽ ജീവൻ ബലിയർപ്പിക്കപ്പെട്ട ഉമൈത്താനകത്ത് കുഞ്ഞിഖാദറിന്റെ ഓർമ്മയ്ക്കായി സ്മാരകം നിർമ്മിക്കുന്നതിന് അദ്ദേഹത്തിന്റെ ജന്മഗൃഹവും 25 സെന്റ് ഭൂമിയും ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് അദ്ദേഹത്തിന്റെ കുടുംബം താനൂർ എം.എൽ.എ. മുഖാന്തരം 2017 ഫെബ്രുവരിയിൽ നൽകിയ അപേക്ഷയിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്മാരകവും സാംസ്കാരിക പഠന കേന്ദ്രവും താനൂരിൽ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇതുസംബന്ധിച്ച അപേക്ഷ വിശദമായ പരിശോധനയ്ക്കും റിപ്പോർട്ടിനുമായി മലപ്പുറം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

## കോഴിക്കോട് ജില്ലയിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തിയ പരിപാടികൾ

86(784) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അധ്യയന വർഷം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തുന്നതിനായി എം.എൽ.എ.-മാരിൽനിന്നും സ്കൂളുകളുടെ പേരുകൾ നിർദ്ദേശിച്ചുകൊണ്ടുള്ള കത്തുകൾ ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ നിർദ്ദേശിച്ച വിദ്യാലയങ്ങളുടെ പേരും ആ വിദ്യാലയങ്ങളിൽ നടത്തിയ പരിപാടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്കൂളുകളിൽ ക്ലബ്ബുകളും മറ്റും രൂപീകരിക്കുന്നതിനായി അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) എം.എൽ.എ.-മാർ നിർദ്ദേശിച്ച ഏതെങ്കിലും വിദ്യാലയങ്ങളിൽ ഇവ നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭിച്ചിട്ടുണ്ട്.

(ബി-ഡി) ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന സ്കൂളുകളിൽ പ്രോഗ്രാം നടത്തുന്നതിന് പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് അനുമതി നൽകി കഴിഞ്ഞാൽ ബന്ധപ്പെട്ട സ്കൂളുകൾ പ്രോഗ്രാം നടത്തിയശേഷം റിപ്പോർട്ടും വൗച്ചറുകളും സമർപ്പിക്കുന്ന മുറയ്ക്കാണ് അനുവദനീയമായ തുക നൽകിവരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ചെലവഴിച്ച തുക

87(785) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് കഴിഞ്ഞ വർഷം വിദ്യാലയങ്ങളിലെ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൺ റൈറ്റ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയ്ക്കായി ഓരോ ജില്ലയിലും ചെലവഴിച്ച തുക എത്രയെന്ന് വിദ്യാലയങ്ങളുടെ പേര് സഹിതം വ്യക്തമാക്കുമോ?

ഉത്തരം

ചെലവഴിച്ച തുക വിശദാംശങ്ങൾ സഹിതം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമീണമേഖലയിൽ തിയേറ്റർ സമുച്ചയം

88(786) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ തിയേറ്റർ സമുച്ചയം അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഇത്തരത്തിലുള്ള തിയേറ്റർ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ സ്ഥലം അനുവദിക്കാൻ സന്നദ്ധത അറിയിച്ചിട്ടുള്ള ആലത്തൂർ ഗ്രാമപഞ്ചായത്തിൽ തിയേറ്റർ സമുച്ചയം തുടങ്ങാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽ നിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ആലത്തൂർ ഗ്രാമപഞ്ചായത്ത് തിയേറ്റർ നിർമ്മാണത്തിനായി സ്ഥലം അനുവദിക്കുവാൻ സന്നദ്ധമാണെന്ന് അറിയിക്കുന്ന പഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥലം സന്ദർശിച്ച് തിയേറ്റർ നിർമ്മാണ സാദ്ധ്യത വിലയിരുത്തിയതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

## മൂന്നാറിൽ തിയേറ്റർ ആരംഭിക്കുവാൻ നടപടി

89(787) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ സിനിമ തിയേറ്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാറിൽ തിയേറ്റർ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഇക്കാര്യം പരിഗണിക്കുന്നതാണ്.

(ബി) തിയേറ്റർ നിർമ്മാണ പദ്ധതിയിൽ മൂന്നാറിനെയും ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത മേഖലയിൽ മൂന്ന് സ്ഥലങ്ങൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ പരിശോധിച്ചു. അതിൽ ഡി.റ്റി.പി.സി.-യുടെ കൈവശമുള്ള ബോട്ട്ക്ലബ്ബിന് സമീപമുള്ള 50 സെന്റ് സ്ഥലം തിയേറ്റർ നിർമ്മാണത്തിന് ഏറ്റവും അനുയോജ്യമാണെന്ന് വിലയിരുത്തുകയുമുണ്ടായി. പ്രസ്തുത സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് ലഭ്യമാക്കുകയാണെങ്കിൽ തിയേറ്റർ നിർമ്മാണ പദ്ധതിയുമായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുന്നോട്ടു പോകുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്.

## ചിറ്റൂർ ചിത്രാഞ്ജലി തിയേറ്ററിൽ നവീകരണത്തിന് ഫണ്ട്

90(788) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിന് മൊത്തം എത്ര രൂപയാണ് ഫണ്ട് അനുവദിച്ചത് ; ഏത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലാണ് ഇതിനുള്ള തുക വകയിരുത്തിയത് ;

(ബി) ഇതുസംബന്ധിച്ച ഭരണാനുമതിയുടെയും സാങ്കേതികാനുമതിയുടെയും കോപ്പി ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ചിറ്റൂർ ചിത്രാഞ്ജലി തിയേറ്ററിന്റെ നവീകരണത്തിനായി നാല് കോടി രൂപ 2017-18 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(സി) ചിറ്റൂർ ചിത്രാഞ്ജലി തിയേറ്ററിന്റെ ജോലികൾ 2017 ഡിസംബറിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചിത്രാഞ്ജലി സ്റ്റുഡിയോ

91(789) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്രാഞ്ജലി സ്റ്റുഡിയോയെ ഐ.എഫ്.എഫ്.കെ.-യുടെ സ്ഥിരം വേദിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ബഡ്ജറ്റിൽ ഇതിനായി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും ഈ പദ്ധതി എന്ന് പൂർത്തീകരിക്കുവാനാകുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ചിത്രാഞ്ജലി സ്റ്റുഡിയോ കാമ്പസിൽ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സ്ഥിരം വേദിക്കുവേണ്ടി ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി ഫണ്ടിൽനിന്ന് 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ഫെസ്റ്റിവൽ കോംപ്ലക്സ് നിർമ്മാണത്തിന് 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്ന കൺസൾട്ടന്റ് തയ്യാറാക്കുന്ന ഡി.പി.ആർ. കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

## പയ്യന്നൂർ മണ്ഡലത്തിൽ പുതിയ തിയേറ്റർ

92(790) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചലചിത്ര വികസന കോർപ്പറേഷൻ പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂരിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന തിയേറ്ററിന്റെ നടപടിക്രമങ്ങൾ ഏത് വരെയായെന്ന് വിശദമാക്കുമോ;

(ബി) തിയേറ്റർ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകുന്നതിനുള്ള സമ്മതപത്രം പയ്യന്നൂർ നഗരസഭ നൽകിയോ; വ്യക്തമാക്കുമോ ;

(സി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തിയേറ്റർ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ നഗരസഭയിൽ തിയേറ്റർ സമുച്ചയം നിർമ്മിക്കുന്ന പദ്ധതിയുടെ നടപടികൾ പുരോഗമിച്ചുവരികയാണ്. ടി പദ്ധതിക്ക് സ്ഥലം കൈമാറുന്നതിനു വേണ്ടിയുള്ള കരട് എഗ്രിമെന്റ് നഗരസഭയ്ക്ക് കൈമാറുകയും ടി എഗ്രിമെന്റ് നഗരസഭ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ നഗരസഭ അംഗീകരിച്ച പാട്ടത്തുക കൂടുതലാണെന്നും ടി തുകയിൽ കുറവ് വരുത്തണമെന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ടി ആവശ്യംകൂടി നഗരസഭ അംഗീകരിക്കുന്ന മുറയ്ക്ക് മേൽ പദ്ധതിക്കായി എഗ്രിമെന്റിൽ ഒപ്പിടുന്നതാണ്.

(ബി) സമ്മതപത്രം നഗരസഭ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട്.

(സി) നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പയ്യന്നൂർ നഗരസഭയടക്കമുള്ള സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരികയാണ് ഡി.പി.ആർ. അംഗീകരിച്ച് കിഫ്ബി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും.

## കായംകുളത്ത് മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണം

93(791) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിനിമാ തിയേറ്ററുകൾ ഇല്ലാത്ത ഏക നഗരസഭയായ കായംകുളത്ത് അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ ?

<u>ഉത്തരം</u>

നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ്

പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ കായംകുളമടക്കമുള്ള സ്ഥലങ്ങളിൽ തിയേറ്റർ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. ഡി.പി.ആർ. അംഗീകരിച്ച് കിഫ്ബി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയുള്ളൂ. കായംകുളം നഗരസഭയുടെ സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്നതിലേയ്ക്കുള്ള കരട് എഗ്രിമെന്റ് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ അംഗീകരിച്ച് തുടർനടപടികൾക്കായി നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. നഗരസഭയും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനും എഗ്രിമെന്റിൽ ഏർപ്പെട്ടുകഴിഞ്ഞാൽ കിഫ്ബിയുടെ ചട്ടപ്രകാരം തിയേറ്റർ നിർമ്മാണവുമായി ബന്ധപ്പെട്ട അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

## നെയ്യാറ്റിൻകരയിൽ കെ.എഫ്.ഡി.സി. തിയേറ്റർ

94(792) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ ഷോപ്പിംഗ് സെന്ററിൽ കെ.എഫ്.ഡി.സി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന രണ്ട് സിനിമാ തിയേറ്ററുകളുടെ ഡി.പി.ആർ കിഫ്ബിയ്ക്ക് നൽകിയിട്ടുണ്ടോ ;

(ബി) ഇതിന്റെ നിർമ്മാണ ചിലവ് എത്രയാണ്; നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തിയേറ്റർ നിർമ്മിക്കുന്ന സ്ഥലത്തിന്റെ രേഖകൾ നെയ്യാറ്റിൻകര നഗരസഭ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ഇല്ല. നല്ല മലയാള ചലച്ചിത്രങ്ങൾ പ്രേക്ഷകരിൽ എത്തിക്കുന്നതിനായി കേരളത്തിലങ്ങോളമിങ്ങോളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ സർക്കാർ വകുപ്പുകളോ അനുവദിക്കുന്ന സ്ഥലങ്ങളിൽ ആധുനിക നിലവാരത്തിലുള്ള തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ കിഫ്ബി ഫണ്ടിൽനിന്നും കണ്ടെത്തുമെന്ന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി Detailed Project Report (DPR) തയ്യാറാക്കുന്നതിലേയ്ക്കായി ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഡി.പി.ആർ. തയ്യാറായാൽ മാത്രമേ നിർമ്മാണ ചെലവ് നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ. ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

(സി) തിയേറ്റർ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ രേഖകൾ നെയ്യാറ്റിൻകര നഗരസഭ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുകയും ടി സ്ഥലം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറഷന്റെ ഉദ്യോഗസ്ഥ സംഘം പരിശോധിച്ച് structure stability certificate ആവശ്യപ്പെടുകയും ആയത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലം തിയേറ്റർ നിർമ്മാണ പദ്ധതിക്കായി അനുവദിക്കുന്നത് സംബന്ധിച്ച കരട് എഗ്രിമെന്റ് നഗരസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**വനം കയ്യേറ്റം**

95(793) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് വനം കൈയേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വനം കൈയേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ടെത്തിയിട്ടുണ്ട്. കൊല്ലം സതേൺ സർക്കിളിന് കീഴിൽ പുനലൂർ ഡിവിഷനിലെ അമ്പനാർ സ്റ്റേഷൻ പരിധിയിലും ഏരൂർ സ്റ്റേഷൻ പരിധിയിലും കണ്ടെത്തിയിട്ടുണ്ട്. കോട്ടയം ഹൈറേഞ്ച് സർക്കിളിന് കീഴിൽ കോട്ടയം ഡിവിഷനിലെ ഉളുപ്പുണ്ണികാനത്തും, കോതമംഗലം ഡിവിഷനിലെ കുടയത്തൂർ, ആൾക്കല്ല് ഭാഗങ്ങളിലും മൂന്നാർ ഡിവിഷനിലെ ചട്ടമൂന്നാർ ചെക്ക് പോസ്റ്റിന് സമീപം മൂന്നാർ - ഉടുമല റോഡ്സൈഡിലും, മാങ്കുളം ഡിവിഷനിലെ കല്ലാർ സെക്ഷനിലും കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ഈസ്റ്റേൺ സർക്കിളിന് കീഴിൽ മണ്ണാർക്കാട് ഡിവിഷനിലെ പുതുർ, പാലക്കയം, ഒമ്മല എന്നിവിടങ്ങളിലും നെന്മാറ ഡിവിഷനിലെ മംഗലം ഡാം പ്രദേശത്തും പാലക്കാട് ഡിവിഷനിലെ മലമ്പുഴ, അകത്തെത്തറ എന്നിവിടങ്ങളിലും കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് വന്യജീവി വിഭാഗം സർക്കിൾ പരിധിയിൽ പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ഒളകര ആദിവാസി കോളനിയോട് ചേർന്ന് വനം കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. കണ്ണൂർ നോർത്തേൺ സർക്കിളിന് കീഴിൽ കോഴിക്കോട് ഡിവിഷനിലെ കാന്തലാട്, കുരാച്ചുണ്ട്, ചെമ്പനോട, കോടഞ്ചേരി എന്നീ സ്ഥലങ്ങളിലായി എട്ട് ഇടങ്ങളിൽ കയ്യേറ്റം കണ്ടെത്തിയിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 4-9-2015-ലെ ഒ.പി. നമ്പർ 18467/2002, 1947/2003 കേസുകളിലെ വിധിപ്രകാരം നോട്ടീസ് നൽകുന്നതിനായി വനം കയ്യേറ്റക്കാരുടെ ലിസ്റ്റ് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഏതാനും വനം കയ്യേറ്റസ്ഥലങ്ങളിൽ വനം വകുപ്പ് നേരിട്ടും കയ്യേറ്റക്കാർക്ക്

നോട്ടീസ് നൽകിയിട്ടുണ്ട്. കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് സ്ഥലം സർക്കാർ കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് തുടർനിയമനടപടികൾ സ്വീകരിച്ചു വരുന്നു. നഗരമ്പാറ, മൂന്നാർ റെയിഞ്ചുകളിലെ കയ്യേറ്റം ഒഴിപ്പിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ഒളകര ആദിവാസി കോളനിയോട് ചേർന്ന് കണ്ടെത്തിയ വനം കയ്യേറ്റം 4-7-2017-ന് പൂർണ്ണമായി ഒഴിപ്പിച്ച് നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. മണ്ണാർക്കാട് ഡിവിഷനിലെ ഒമ്മല സ്റ്റേഷൻ പരിധിയിലെ കുറുക്കൻകുണ്ട് ഭാഗത്തെ 12 ഏക്കറോളം സ്ഥലത്തെ നിക്ഷിപ്തവനം കയ്യേറ്റം 21-7-2017-ന് ഒഴിപ്പിച്ച് ഒ.ആർ. 9/17 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

### പരിസ്ഥിതി ലോല പ്രദേശങ്ങൾ

96(794) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കിലോമീറ്റർ പരിസ്ഥിതിലോല പ്രദേശം സംസ്ഥാനത്തുണ്ടെന്നും ഇത് ആകെ വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(സി) കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പരിസ്ഥിതിലോല പ്രദേശമായി ഏതൊക്കെ വില്ലേജുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ കേരളത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ കുറിച്ചും ആയതിന്റെ വിസ്തൃതിയെക്കുറിച്ചും അന്തിമമായി അറിയുവാൻ സാധിക്കുകയുള്ളൂ.

### വടക്കാഞ്ചേരി ഫോറസ്റ്റ് റേഞ്ചിലെ പട്ടയഭൂമിയിലെ അനധികൃത മരംമുറി

97(795) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി ഫോറസ്റ്റ് റേഞ്ചിലെ പൂങ്ങോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വനത്തോട് ചേർന്നുള്ള പട്ടയഭൂമിയിൽ നിന്ന് വനം വകുപ്പ് ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടി മരം മുറിച്ച് കടത്തിയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) രണ്ട് പരാതികൾ തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു.

## വനവന്യമൃഗ സംരക്ഷണ പദ്ധതികൾ

98(796) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും വനഭൂമി സംരക്ഷിക്കാനും, സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വന്യമൃഗ സംരക്ഷണത്തിനായും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സാമൂഹ്യവനവൽക്കരണമുൾപ്പെടെ പ്രോത്സാഹിപ്പിക്കാനും, വന്യജീവി സംരക്ഷണത്തിനും ആയി എന്തെല്ലാം പദ്ധതികളാണ് പുതുതായി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; നടപ്പ് വർഷം ഓരോന്നിനും എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ;

(സി) സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് കൃത്യമായ വിലയിരുത്തലും പരിപാലനവും നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

### ഉത്തരം

(എ) വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർലൈനുകൾ നിർമ്മിക്കുകയും ഫയർവാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. സാമൂഹ്യ വനവൽക്കരണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്റെ മരം പദ്ധതി, നമ്മുടെ മരം പദ്ധതി, വഴിയോരത്തണൽ, സ്കൂളിൽ ഒരു ഔഷധത്തോട്ടം, ബീച്ച് പ്ലാന്റിങ്ങ്, നക്ഷത്രവനം, കുട്ടിവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംങ്ങ്, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, പരിസ്ഥിതി ബോധവൽക്കരണ ക്ലാസുകൾ, വനമിത്ര അവാർഡ് നൽകൽ, കാവുകൾക്ക് ധനസഹായം നൽകൽ തുടങ്ങി വിവിധയിനം പരിപാടികൾ നടത്തിവരുന്നു. വന്യമൃഗ സംരക്ഷണത്തിനായി സംസ്ഥാനത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾ, കടുവാ സങ്കേതങ്ങൾ, കമ്മ്യൂണിറ്റി റിസർവ് എന്നീ മേഖലകളിലെ വന സംരക്ഷണം, ആവാസ വ്യവസ്ഥാ പരിപാലനം, എന്നിവയ്ക്കായി കേന്ദ്ര സഹായത്തോടെ 'വന്യജീവി ആവാസ വ്യവസ്ഥയുടെ സമഗ്ര വികസനം' വനമേഖലയുടെ ജൈവവൈവിധ്യ സംരക്ഷണത്തിന്

കാവുകൾ, കണ്ടൽക്കാടുകൾ എന്നിവയുടെ സംരക്ഷണത്തിനായി 'ജൈവവൈവിധ്യ സംരക്ഷണം' എന്ന പദ്ധതി, വനാശ്രിതരുടെ വനത്തിന്മേലുള്ള ആശ്രിതത്വം കുറയ്ക്കുന്നതിനായി 'ഇക്കോ ഡെവലപ്മെന്റ് പദ്ധതി' ജീവസന്ധാരണവും ജൈവവൈവിധ്യ സംരക്ഷണവും ലക്ഷ്യമായിട്ടുള്ള 'ബയോസ്ഫിയർ റിസർവ് പദ്ധതി' കാട്ടാനയുടെ ആവാസ വ്യവസ്ഥ പരിപാലിക്കുന്നതിനുള്ള 'പ്രോജക്ട് എലിഫന്റ് പദ്ധതി', കടുവകളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള 'പ്രോജക്ട് ടൈഗർ പദ്ധതി' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം ഹരിതകേരളം മിഷനിൽ ഉൾപ്പെടുത്തി വിവിധയിനം ഫലവൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുകയുണ്ടായി. 2017-ലെ ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വിതരണം ചെയ്യുന്നതിനായി വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച വകയിൽ 734.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വന്യജീവി സംരക്ഷണത്തിനായി കേന്ദ്ര-സംസ്ഥാന സഹായത്തോടെ മുൻവർഷങ്ങളിൽ തുടങ്ങിയതും നടപ്പുവർഷം തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു :

| പദ്ധതിയുടെ പേര് | വിശദ വിവരം | നടപ്പുസാമ്പത്തിക വർഷം ചെലവഴിച്ച തുക |
|---|---|---|
| വന്യജീവി ആവാസ വ്യവസ്ഥകളുടെ സംയോജിത വികസനം | 15 വന്യജീവി സങ്കേതങ്ങൾ, 5 ദേശീയോദ്യാനങ്ങൾ, 1 കമ്മ്യൂണിറ്റി റിസർവ് എന്നിവയുമായി ബന്ധപ്പെട്ട വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു | 238.06 ലക്ഷം രൂപ |
| പ്രോജക്ട് ടൈഗർ | സംസ്ഥാനത്തിനകത്ത് 2 കടുവാ സങ്കേതങ്ങളിലെ കടുവാ സംരക്ഷണത്തിന് പ്രാധാന്യം നൽകി വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു | 129.20 ലക്ഷം രൂപ |
| പ്രോജക്ട് എലിഫന്റ് | സംസ്ഥാനത്തെ 4 എലിഫന്റ് റിസർവുകളായി തിരിച്ച് ആന പരിപാലനത്തിന് പ്രാധാന്യം നൽകി വന്യ ജീവികളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു | കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. |

(സി) വനം വകുപ്പ് ഉദ്യോഗസ്ഥരെക്കൂടാതെ മറ്റുവകുപ്പിലെ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും പി.റ്റി.എ. പ്രതിനിധികളെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും എൻ.ജി.ഒ. പ്രതിനിധികളെയും ഉൾപ്പെടുത്തി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികളാണ് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച് കൃത്യമായ വിലയിരുത്തലും പരിപാലനവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. ഇതിനായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സർക്കുലർ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഒരുകോടി വൃക്ഷത്തൈകൾ നടുന്ന പദ്ധതി**

99(797) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു കോടി വൃക്ഷത്തൈകൾ നടുന്ന പദ്ധതി നടപ്പിലാക്കിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതിയുടെ പരസ്യങ്ങൾ എത്ര ദിവസത്തെ പത്രങ്ങളിലും, ദൃശ്യമാധ്യമങ്ങളിലും നൽകിയെന്ന് വെളിപ്പെടുത്താമോ;

(സി) 2017 ജൂൺ 5-ന്റെ പത്ര പരസ്യം ഏതൊക്കെ പത്രങ്ങളിലാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഡി) ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിലാണോ പരസ്യങ്ങൾ നൽകിയത്;

(ഇ) ഈ പദ്ധതി സംബന്ധിച്ച് പത്ര മാധ്യമങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും നൽകിയ പരസ്യങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2017-ലെ ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനം വകുപ്പ് ആകെ 72.05 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 69.98 ലക്ഷം ചെറിയ കൂട തൈകൾ പൊതുജനങ്ങൾക്കും, സ്കൂൾ കോളേജ് വിദ്യാർത്ഥികൾ, പഞ്ചായത്തുകൾ, മാധ്യമങ്ങൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയ യുവജന സംഘടനകൾ, മറ്റ് വിവിധ വകുപ്പുകൾ, തുടങ്ങിയവർക്കായി സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. ആകെ ഉൽപ്പാദിപ്പിച്ചതിൽ 2.07 ലക്ഷം വലിയകൂടതൈകൾ വഴിയോരത്തണൽ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ഗ്രീൻ ഇൻഡ്യ മിഷൻ തുടങ്ങിയ പദ്ധതികൾക്കായി ഉപയോഗിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പരസ്യങ്ങൾ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലും 4 ദിവസം നൽകി.

(സി) മലയാള മനോരമ, മാതൃഭൂമി, ചന്ദ്രിക, ദീപിക, ദേശാഭിമാനി, ജനയുഗം, ജന്മഭൂമി, കേരള കൗമുദി, മാധ്യമം, മംഗളം, സിറാജ്, മെട്രോവാർത്ത, വീക്ഷണം, വർത്തമാനം, സുപ്രഭാതം, കേരള ഹെറാൾഡ്, ക്രൈം സ്റ്റോറി, ജനറൽ കലാപ്രേമി, കാരവൽ (മലയാളം) കേരള രാജ്യം, കേരനാട്, കലാകൗമുദി, ക്രൈം, തനിനിറം, പ്രഭാത വാർത്ത, ബിഗ് ന്യൂസ്, ന്യൂസ് കേരള, ജനശബ്ദം, ഡെക്കാൺ ക്രോണിക്കിൾ (കേരള പേജ്) ടൈംസ് ഓഫ് ഇന്ത്യ (കേരള പേജ്), ദി ഹിന്ദു (കേരള പേജ്), പ്രഹേളിക, പടയണി, പ്രദീപം, പൗരൻ, സായാഹ്ന കൈരളി, സായാഹ്ന ശബ്ദം, സതേൺ സ്റ്റാർ, സ്വതന്ത്ര മണ്ഡപം, തനിമ, തലസ്ഥാന വാർത്ത, വേണാട് പത്രിക, വേണാട് കൗമുദി, മക്തബ്, ഭാരതപത്രിക, ഗദ്ദിക, ന്യൂഏജ്, സുദിനം, ഉറന്ന കത്ത്, തൃശിവപേരൂർ എക്സ്പ്രസ്, ജന്മദേശം, കേരളഭൂഷണം, പീപ്പിൾസ് റിവ്യൂ, ടെലഗ്രാഫ്, മലബാർ വാർത്ത, സായാഹ്നം, സൗത്ത് ഇന്ത്യ ന്യൂസ്, കർമ്മ ശക്തി, തനിനിറം എക്സ്പ്രസ്, സിറ്റി ജേർണൽ, ന്യൂ ഇന്ത്യൻ എക്സ്പ്രസ് (കേരള പേജ്), മലയാള മഹിമ, കേരള വാർത്ത, ലേറ്റസ്റ്റ് ഉത്തരദേശം (മലയാളം), ട്രിനിറ്റി മിറർ &തീക്കതിർ എന്നീ പത്രങ്ങൾക്ക് പരസ്യം നൽകി.

(ഡി) ഹരിത കേരള മിഷന്റെ ആഭിമുഖ്യത്തിലാണ് പരസ്യങ്ങൾ നൽകിയത്.

(ഇ) ഈ പദ്ധതി സംബന്ധിച്ച് പരസ്യം നൽകിയ ഇനത്തിൽ പത്ര സ്ഥാപനങ്ങൾ, ബില്ലുകൾ സമർപ്പിച്ചുതുടങ്ങിയിട്ടേയുള്ളൂ. ആയതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## വനം വകുപ്പിൽ കോൺട്രാക്ട് സംവിധാനം

100(798) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ കൺവീനർ സമ്പ്രദായത്തിൽ നടന്നിരുന്ന ജോലികൾ കോൺട്രാക്ട് സംവിധാനത്തിലേക്ക് മാറ്റിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംവിധാനം എന്ന് മുതൽ നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ;

(സി) കോൺട്രാക്ട് സംവിധാനം ഏർപ്പെടുത്തിയാൽ എന്തൊക്കെ മെച്ചങ്ങൾ ഉണ്ടാകുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ കൺവീനർ സമ്പ്രദായത്തിൽ നടന്നിരുന്ന ജോലികൾ കോൺട്രാക്ട് സംവിധാനത്തിലേയ്ക്ക് മാറ്റാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കരാർ സമ്പ്രദായം സംബന്ധിച്ച് സർക്കിൾ തലത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി. കരാറുകാരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി അടുത്ത വർക്ക് സീസണിനുമുമ്പ് നടപ്പിലാക്കുന്നതാണ്.

(സി) കരാർ സംവിധാനപ്രകാരം ഫോറസ്ട്രി ജോലികളിൽ തൊഴിലാളികളുടെ ലഭ്യതയും പ്രവൃത്തികളിൽ മത്സര സ്വഭാവവും ഉറപ്പുവരുത്തുവാൻ കഴിയും. ആയതിനാൽ ഫോറസ്ട്രി ജോലികൾ തൃപ്തികരമായും സമയബന്ധിതമായും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് ഉറപ്പുവരുത്താം. ഫോറസ്ട്രി പ്രവൃത്തികൾക്ക് പ്രാദേശിക സംരംഭകരെ കണ്ടെത്താൻ കഴിയുന്നു.

**വനം വകുപ്പിന്റെ ആധുനികവൽക്കരണം**

101(799) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആധുനിക വൽക്കരണത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വനപാലകരുടെ ജോലിസമയം എട്ട് മണിക്കൂറായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) വനപാലകരുടെ അധിക ജോലിക്ക് ആനുപാതികമായി ഡ്യൂട്ടി ഓഫ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി വയർലസ് ശൃംഖല കാര്യക്ഷമമാക്കിയും, ഫോറസ്റ്റ് ഡിവിഷൻ, ജി.ഐ.എസ്.-അറ്റ്ലസുകൾ നിർമ്മിച്ചും സെക്ഷൻ പോക്കറ്റ് മാപ്പുകൾ സൃഷ്ടിച്ചും സ്റ്റേഷൻ തലം വരെ കമ്പ്യൂട്ടർവൽക്കരണം നടത്തിയും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർതലം വരെ ഇ-മെയിൽ സംവിധാനം ഏർപ്പെടുത്തിയും FMIS മൊഡ്യൂളുകൾ സൃഷ്ടിച്ചും ആധുനികതയിലൂന്നിയ വെബ്സൈറ്റ് ഉണ്ടാക്കിയിട്ടുണ്ട്. കൂടാതെ വന്യമൃഗാക്രമണങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകിവരുന്ന നഷ്ടപരിഹാരം യഥാസമയം ലഭ്യമാക്കുന്നതിന് 1-8-2016 മുതൽ ഇ-ഡിസ്ട്രിക്ട് മുഖേന ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വനസംരക്ഷണ വിഭാഗം ജിവനക്കാരുടെ ഡ്യൂട്ടി ദിവസങ്ങൾ/സമയം എന്നിവ ക്രമീകരിക്കുന്നത്. ആയതിനാൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) അവധി ദിവസങ്ങളിൽ ജോലി നോക്കുന്ന സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ്/ഡ്യൂട്ടിഓഫ് അനുവദിക്കുന്നുണ്ട്.

**വനംവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വനപ്രദേശമല്ലാത്ത ഭൂമി**

102(800) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ കീഴിൽ എത്ര ഭൂസ്വത്ത് ഉണ്ടെന്നും അത് എവിടെയൊക്കെയാണെന്നും മേഖല തിരിച്ച് അറിയിക്കാമോ;

(ബി) ഇവിടെ വനം വകുപ്പിന്റെ ഉടമസ്ഥതയിൽ വരുന്ന വനപ്രദേശമല്ലാത്ത ഭൂമി എന്തൊക്കെ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ ഗണത്തിൽ ഉപയോഗ ശൂന്യമായിക്കിടക്കുന്ന ഭൂമി ഉണ്ടെങ്കിൽ അത് മറ്റാവശ്യങ്ങൾക്കായി ലീസിന് നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ നെയ്യാർ വന്യജീവി സങ്കേതത്തിലെ ക്ലാമല-1 സെക്ഷന്റെ അധീനതയിൽ വെള്ളറട – ആനപ്പാറ ഭാഗത്ത് വനം വകുപ്പിന് ഉദ്ദേശം 1.5 ഏക്കറോളം വരുന്ന സ്ഥലമുണ്ട്. ടി സ്ഥലത്തെ ഏകദേശം തുല്യമായി രണ്ടായി ഭാഗിച്ചുകൊണ്ട് ആനപ്പാറ-കാറ്റാടി റോഡ് കടന്നുപോകുന്നു.

(ബി) മേൽ ഉത്തരത്തിൽ പ്രതിപാദിക്കുന്ന സ്ഥലം രേഖകളിൽ വനമാണ്. മേൽ കാറ്റാടി റോഡിന്റെ ഇടതുവശം സ്റ്റാഫ് ക്വാർട്ടേഴ്സും കിണറും, വലതുവശം മെയിൻ റോഡിനോടുചേർന്ന് മുമ്പ് പിക്കറ്റ് സ്റ്റേഷനായി ഉപയോഗിച്ചുകൊണ്ടിരുന്ന ഒരു കെട്ടിടവും അതിന് പുറകിലായി പണി പൂർത്തിയാകാതെയിരിക്കുന്ന ഉദ്ദേശം 20 വർഷം പഴക്കമുള്ള കമ്മ്യൂണിറ്റി ഹാളും ഡോർമെറ്ററിയും ഉണ്ട്. ഇവ ഉപയോഗ പ്രദമാക്കുന്നതിനായി പുതുക്കി പണിയുന്ന നടപടികൾക്ക് തുക വകയിരുത്തുകയും ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(സി) ആനപ്പാറ ഭാഗത്ത് വനം വകുപ്പിനുള്ള ഭൂമിയും കെട്ടിടങ്ങളും പ്രയോജനകരമായ രീതിയിൽ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ പ്രസ്തുത സ്ഥലം ലീസിന് നൽകേണ്ട ആവശ്യമുള്ളതായി കാണുന്നില്ല. ഇതുകൂടാതെ 1980-ലെ

വന (സംരക്ഷണ) നിയമത്തിലെ 2-ാം വകുപ്പും റ്റി. എൻ. ഗോദവർമ്മൻ തിരുമൽപ്പാട് Vs യൂണിയൻ ഓഫ് ഇന്ത്യ&അദേഴ്സ് -1997(2) സെക്ഷൻ 267 നമ്പർ കേസിലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ഇത്തരം ഭൂമികൾ വനേതര ആവശ്യത്തിന് നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യവുമാണ്.

## വനം വകുപ്പിന്റെ അധീനതയിലുള്ള സ്ഥലങ്ങളിൽ വിനോദസഞ്ചാര പദ്ധതികൾ

103(801) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം വകുപ്പിന്റെ അധീനതയിലുള്ളതും വിനോദസഞ്ചാരത്തിന് ഒട്ടേറെ സാധ്യതകളുള്ളതുമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പരിസ്ഥിതി സൗഹാർദ്ദമായ വിനോദസഞ്ചാര പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത നടപടികൾ വിശദമാക്കാമോ;

(സി) ഇതിലൂടെ വിനോദസഞ്ചാരമേഖല വിപുലമാക്കുന്നതിനും ഇത്തരം പ്രദേശങ്ങളുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ആദിവാസി വിഭാഗങ്ങൾക്ക് ഇത്തരം പദ്ധതികളിൽ തൊഴിൽ നൽകുന്നതിനും തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന വനം വകുപ്പിന്റെ അധീനതയിലുള്ളതും കാലങ്ങളായി സന്ദർശകർ എത്തുന്നതുമായ സ്ഥലങ്ങളുടെ വിനോദസഞ്ചാര സാദ്ധ്യത കണ്ടറിഞ്ഞ് സംസ്ഥാനത്ത് 29 വനം ഡിവിഷനുകളുടെ കീഴിലുള്ള 60 കേന്ദ്രങ്ങളിൽ പ്രാദേശിക ജനപങ്കാളിത്ത ത്തോടെയുള്ള ഇക്കോ ടൂറിസം പരിപാടികൾ നടപ്പാക്കിവരുന്നു.

(ബി) വനമേഖലയിൽ പ്രകൃതി രമണീയ സ്ഥലങ്ങളായ പുഴകൾ, പുൽമേടുകൾ, വെള്ളച്ചാട്ടങ്ങൾ തുടങ്ങി സന്ദർശകർ പരമ്പരാഗതമായി എത്തുന്ന മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ വനാശ്രിത സമൂഹങ്ങളുടെ കൂട്ടായ്മയായ വനസംരക്ഷണ സമിതികൾ/ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികൾ മുഖേന പരിപാടികൾ ആസൂത്രണം ചെയ്യുകയും, സമിതികളുടെ നേതൃത്വത്തിൽ തന്നെ പദ്ധതി നിർവ്വഹണം നടപ്പാക്കുകയും ചെയ്യുന്നു.

(സി) വനാശ്രിത സമൂഹത്തിലെ യുവതീ-യുവാക്കൾക്ക് സന്ദർശക നിയന്ത്രണം, സുരക്ഷിതത്വം, വന വിജ്ഞാനം, പ്രഥമ ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകി ഗൈഡുമാരായി നിയോഗിച്ച് അവർക്ക് വരുമാനം ഉണ്ടാകുന്ന വിധത്തിലാണ് പദ്ധതി നടപ്പാക്കുന്നത്. ഏകദേശം 600-ഓളം പേർ ഗൈഡുകളായി പ്രവർത്തിച്ചു വരുന്നുണ്ട്. നിലവിൽ 100 പേർക്ക് കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രാവൽസ് & ടൂറിസം സ്റ്റഡീസ് (KITTS) വഴി പരിശീലനം നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 100 പേർക്കുകൂടി പരിശീലനം നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി

104(802) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ ഫോറസ്റ്റ് ഡിവിഷന് കീഴിലുള്ള കടപ്പാറ ആദിവാസി കോളനിയിലെ ജനങ്ങൾക്ക് ഭൂമി വിട്ടുനല്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ആദിവാസി വിഭാഗക്കാർക്ക് ഭൂമി കൊടുക്കുന്നതിന് ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ ഡിവിഷന് കീഴിലുള്ള ആലത്തൂർ റെയിഞ്ചിൽപ്പെട്ട കടപ്പാറ ഭാഗത്ത് വനഭൂമി കയ്യേറി താമസിക്കുന്ന ആദിവാസികൾക്ക് ഭൂമി നൽകുന്നതിന് പാലക്കാട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ ഭരണകൂടം ഇതിനായി ഭൂമി കണ്ടെത്തി വിതരണത്തിന് തയ്യാറായെങ്കിലും കയ്യേറിയ വനഭൂമിതന്നെ അനുവദിച്ചു കിട്ടണമെന്നും, പകരം മറ്റ് ഭൂമി സ്വീകാര്യമല്ലായെന്ന നിലപാടാണ് കയ്യേറ്റക്കാർ സ്വീകരിച്ചിട്ടുള്ളത്.

(ബി) നിയമങ്ങൾ പാലിച്ച് കടപ്പാറ ഭാഗത്തെ ഭൂരഹിത ആദിവാസികൾക്ക് ഭൂമി നൽകുന്നതിനുള്ള നടപടികൾ പാലക്കാട് ജില്ലാ ഭരണകൂടം സ്വീകരിച്ചുവരുന്നു.

## വനേതര ഭൂമിയിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള നടപടികൾ

105(803) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കൈവശമുള്ള വനേതര ഭൂമികളിൽ നിലവിലുള്ള യൂക്കാലി, അക്കേഷ്യ മരങ്ങൾക്ക് പകരമായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ, ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിന്റെ കൈവശമുള്ള വനേതര ഭൂമികളിൽ നിലവിലുള്ള യൂക്കാലി, അക്കേഷ്യ മരങ്ങൾക്ക് പകരമായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പദ്ധതികൾ വ്യാപകമായി നിലവിലില്ല. എന്നിരുന്നാലും കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ പരിധിയിൽ ശാസ്താംകോട്ട രാജഗിരിയിൽ റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച 1.07 ഹെക്ടർ സ്ഥലത്ത് തദ്ദേശീയ വൃക്ഷത്തൈകൾ നട്ടുപരിപാലിച്ചു വരുന്നു.

(ബി) ഇത്തരം പദ്ധതികൾ വ്യാപകമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

## സാമൂഹ്യവനവത്കരണ പദ്ധതി

106(804) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യവനവത്കരണ പദ്ധതി പ്രകാരം ഏതെല്ലാം മരങ്ങളാണ് നിലവിൽ വച്ചുപിടിപ്പിക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം പരമാവധി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സാമൂഹ്യവനവത്കരണ പദ്ധതി പ്രകാരം ആര്യവേപ്പ്, അശോകം, മുള, കാറ്റാടി, ഇലഞ്ഞി, കണിക്കൊന്ന, കുടംമ്പുളി, കുമ്പിൾ, ലക്ഷ്മിതരു, മഹാഗണി, മന്ദാരം, മണിമരുത്, മാതളം, നെന്മനിവാക, നീർമരുത്, ഞാവൽ, നെല്ലി, പേര, മാവ്, സിൽവർ ഓക്ക്, ഉങ്ങ്, വാളംപുളി, വേങ്ങ, കറിവേപ്പ് തുടങ്ങിയ വൃക്ഷത്തൈകളാണ് വിതരണം ചെയ്തുവരുന്നത്.

(ബി) ഈ പദ്ധതിപ്രകാരം പരമാവധി ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അത്തരം വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സാമൂഹ്യവനവത്ക്കരണ വിഭാഗം ആവിഷ്കരിച്ചിട്ടുള്ള ഹരിതകേരളം പദ്ധതി പ്രകാരം 2017-ൽ ആകെ 72.05 ലക്ഷം തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ഇതിൽ 18.25 ലക്ഷം ഫലവൃക്ഷ തൈകളാണ്. മാവ്, പേര, പ്ലാവ്, മുള്ളാത്ത, മാതളം, സീതപ്പഴം, ഞാവൽ, നെല്ലി, മുട്ടപ്പഴം, ജാമ്പ, ബട്ടർഫ്രൂട്ട്, ബദാം, പുളി, കുടംപുളി, സപ്പോട്ട, റംമ്പൂട്ടാൻ മുതലായവയാണ് ഉൽപ്പാദിപ്പിച്ച ഫലവൃക്ഷത്തൈകൾ.

## തൃശ്ശൂർ ജില്ലയിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ

107(805) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ എത്ര ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വനം വകുപ്പിൽ തൃശ്ശൂർ ജില്ലയിൽ 2 NJD ഒഴിവുകൾ ഉൾപ്പെടെ 27 ഒഴിവുകൾ നിലവിലുണ്ട്. ഇതിൽ 15 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്കുതന്നെ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താറുണ്ട്.

## ഒല്ലൂർ മണ്ഡലത്തിലെ വനം വകുപ്പിന്റെ ഓഫീസുകൾ

108(806) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ ഏതൊക്കെ ഓഫീസുകളാണ് നിലവിലുള്ളത് എന്നറിയിയ്ക്കുമോ;

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഒല്ലൂർ നിയോജക മണ്ഡലം ഉൾപ്പെടുന്ന വനം ഡിവിഷൻ, റെയിഞ്ച്, ഫോറസ്റ്റ് സ്റ്റേഷൻ തുടങ്ങിയ ഓഫീസുകളുടെ വിലാസം, ഫോൺ നമ്പർ എന്നിവ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലുള്ള വനം വകുപ്പിന്റെ ഓഫീസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, പട്ടിക്കാട്
2. ഫോറസ്റ്റ് സ്റ്റേഷൻ, പട്ടിക്കാട്
3. ഫോറസ്റ്റ് സ്റ്റേഷൻ, മാന്ദാമംഗലം
4. ഫോറസ്റ്റ് സ്റ്റേഷൻ, വാണിയമ്പാറ
5. ഫോറസ്റ്റ് സ്റ്റേഷൻ, പൊങ്ങണംകാട്
6. ക്യാമ്പ് ഓഫീസ്, തൃശ്ശൂർ സുവോളജിക്കൽ പാർക്ക്,പുത്തൂർ
7. ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസ്, തൃശ്ശൂർ
8. വൈൽഡ് ലൈഫ് ഡിവിഷൻ, പീച്ചി
9. പീച്ചി-വാഴാനി വന്യജീവി സങ്കേതം
10. ഒളകര ഫോറസ്റ്റ് സ്റ്റേഷൻ

(ബി) ഒല്ലൂർ നിയോജക മണ്ഡലത്തിലുള്ള വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. കുതിരാൻ ഒലിവംപാറ റോഡ്
2. പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് അപ്രോച്ച് റോഡ്
3. മാന്ദാമംഗലം സ്റ്റേഷൻ റോഡ്
4. വാട്ടിക്കയം കന്നുകാലിച്ചാൽ റോഡ്
5. പാമ്പാട്ടി തേക്ക് തോട്ടം ക്ലപ്പ് റോഡ്
6. താമരവെള്ളച്ചാൽ റോഡ് Ist and IInd
7. ആനക്കുഴി -ഒളകര കോളനി റോഡ്
8. പുല്ലൻപരുത-പാത്രക്കണ്ടം റോഡ്
9. പോത്തുചാടി-മണിയൻകിണർ റോഡ്
10. കരടിക്കുണ്ട്-ട്രൈബൽ കോളനി റോഡ്
11. പ്ലാക്കോട്-ആനവാരി റോഡ്

(സി) ഒല്ലൂർ നിയോജക മണ്ഡലത്തിൽ വരുന്ന വനം വകുപ്പ് ഓഫീസുകളുടെ വിലാസം, ഫോൺ നമ്പർ എന്നിവ ചുവടെ ചേർക്കുന്നു.

| മേൽവിലാസം | ഫോൺ നമ്പർ |
|---|---|
| (1) | (2) |
| 1. റേഞ്ച് ഫോറസ്റ്റ് ഓഫീസ്, പട്ടിക്കാട്, പട്ടിക്കാട് പി.ഒ, പിൻ.680652 | 0487 2283620 |
| 2. ഫോറസ്റ്റ് സ്റ്റേഷൻ, പട്ടിക്കാട്, പട്ടിക്കാട്. പി.ഒ, പിൻ- 680 652 | 8547601700 |
| 3. ഫോറസ്റ്റ് സ്റ്റേഷൻ, വാണിയംപാറ, വാണിയംപാറ പി.ഒ, പിൻ-680 652 | 8547601732 |
| 4. ഫോറസ്റ്റ് സ്റ്റേഷൻ, മാന്ദാമംഗലം, പിൻ-680 014 | 8547601691 |
| 5. ഫോറസ്റ്റ് സ്റ്റേഷൻ, പൊങ്ങണംകാട്, മാന്ദാമംഗലം, ഫോറസ്റ്റ് പി.ഒ, പിൻ-680 028 | 8547601716 |

| (1) | (2) |
|---|---|
| 6. ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ച് ഓഫീസ്, കുട്ടനെല്ലൂർ പി.ഒ, പിൻ-680 014 | 0487 2459678 |
| 7. ക്യാമ്പ് ഓഫീസ്, സുവോളജിക്കൽ പാർക്ക്, പുത്തൂർ, കുട്ടനെല്ലൂർ പി.ഒ, പിൻ-680 014 | 0487 2353455 |
| 8. വൈൽഡ് ലൈഫ് ഡിവിഷൻ, പീച്ചി, പീച്ചി. പി.ഒ, വിലങ്ങന്നൂർ, പിൻ-680 653 | 0487 2699017 |
| 9. പീച്ചി-വാഴാനി വന്യജീവി സങ്കേതം, പീച്ചി. പി.ഒ, വിലങ്ങന്നൂർ, പിൻ-680 653 | 0487 2698333 |
| 10. ഒളകര ഫോറസ്റ്റ് സ്റ്റേഷൻ, വാണിയംപാറ പി.ഒ, പിൻ-680 652 | ടെലഫോൺ ഇല്ല. |

**പരിസ്ഥിതി ദിനത്തിൽ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ**

109(807) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച പദ്ധതിപ്രകാരം ഏതൊക്കെ വൃക്ഷത്തൈകളാണ് വിതരണം ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിക്കായി എന്തു തുക ചെലവഴിച്ചു;

(സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ എത്ര ശതമാനം നിലവിലുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വനംവകുപ്പ് 72.05 ലക്ഷം തൈകളാണ് ഉൽപ്പാദിപ്പിച്ചത്. അവയിൽ ഫലവൃക്ഷത്തൈകൾ, ഔഷധസസ്യങ്ങൾ, പൂമരങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ട തൈകൾ ഉൾപ്പെടുന്നു. അവയിൽ പ്രധാനപ്പെട്ട വൃക്ഷത്തൈകൾ ആര്യവേപ്പ്, സീതപ്പഴം, പേര, കണിക്കൊന്ന, മന്ദാരം, മുള,

കശുമാവ്, അഗസ്തിചീര, ഗുൽമോഹർ, പ്ലാവ്, പുളി, നെല്ലി, മഹാഗണി, ചന്ദനം, ലക്ഷമിതരു, നീർമരുത്, ഉങ്ങ്, കറിവേപ്പ്, ഇലഞ്ഞി, പൂവരശ്, ചമത, വേങ്ങ, കൂവളം, മാതളം, റമ്പൂട്ടാൻ, നാരകം, സപ്പോട്ട, ബദാം, കുടമ്പുളി, ഞാവൽ, രാമപ്പഴം, പാരിജാതം, ആഞ്ഞിലി, ലെക്കോട്ട, മൈല, വെള്ളകിൽ, അശോകം, പലകപ്പയ്യാനി, കാട്ടുജാതി, മരമുള, മഞ്ചാടി, ജക്രാന്ത, തേക്ക് എന്നിവയാണ്.

(ബി) ഈ പദ്ധതിക്കായി നടപ്പുവർഷം 734.30 ലക്ഷം രൂപ നാളിതുവരെ ചെലവാക്കിയിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം ലോക പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച വൃക്ഷത്തൈകളിൽ 64% അതിജീവിച്ചിട്ടുള്ളതായി റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്.

**മൂന്നാർ കുറിഞ്ഞിമല വനഭൂമി കയ്യേറ്റം**

110(808) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയോദ്യാനമായ മൂന്നാർ കുറിഞ്ഞിമല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെ നൂറുകണക്കിനേക്കർ വനഭൂമി കയ്യേറ്റംമൂലം സർക്കാരിന് നഷ്ടപ്പെട്ടതായി വനം-സർവ്വേ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ കണ്ടെത്തുകയുണ്ടായോ;

(ബി) മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വരുന്ന ഇവിടെ വനഭൂമി മാത്രം 2717 ഏക്കർ കയ്യേറിയതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നീലക്കുറുഞ്ഞി പൂക്കുന്ന സങ്കേതം സംരക്ഷിക്കാനുള്ള പദ്ധതികൾ യാഥാർത്ഥ്യമാകാത്തത് കയ്യേറ്റത്തിന് സഹായകമായതായി കരുതുന്നുണ്ടോ; എങ്കിൽ ഈ പ്രദേശമടക്കം വനഭൂമി കയ്യേറ്റം തടയുന്നതിനും കയ്യേറിയവ തിരിച്ചുപിടിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വന്യജീവി സങ്കേതവുമായി ബന്ധപ്പെട്ട സെറ്റിൽമെന്റ് പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ വനം, റവന്യൂ, സർവ്വേ വകുപ്പുകൾ ഉൾപ്പെട്ട സംയുക്ത പരിശോധന നടന്നിട്ടില്ല.

(ബി) മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ പരിധിയിലുള്ള ഈ സ്ഥലത്ത് സ്വകാര്യഭൂമി കണ്ടെത്തുന്നതിനായി സെറ്റിൽമെന്റ് ഓഫീസറെ നിയോഗിച്ചുവെങ്കിലും സെറ്റിൽമെന്റ് നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ കയ്യേറ്റം എത്രയെന്ന് കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

(സി) ഈ പ്രദേശത്തെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് സെറ്റിൽമെന്റ് നടപടികൾ പൂർത്തീകരിച്ച് ഭൂമി അളന്നുതിരിച്ച് വനം വകുപ്പിന് കൈമാറിയാൽ മാത്രമേ അവിടെ കയ്യേറ്റം തടയുന്നതിന് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഈ സ്ഥലത്ത് സെറ്റിൽമെന്റ് നടപടികൾ പൂർത്തിയാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കേണ്ടത് സെറ്റിൽമെന്റ് ഓഫീസറായ സബ്കളക്ടറാണ്.

## ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

111(809) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ വനം വകുപ്പ് പ്രഖ്യാപിച്ചു നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) മുൻ വർഷങ്ങളിലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച മരങ്ങളിൽ എത്ര ശതമാനം മരങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട് എന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) വനം വകുപ്പ് നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതിക്ക് ഇതിനകംഎത്ര തുക ചെലവാക്കിയെന്നും, ഈ പദ്ധതിയെക്കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ പരിസ്ഥിതി ദിനത്തിൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം ഫലവൃക്ഷങ്ങൾ, ഔഷധ സസ്യങ്ങൾ, പൂമരങ്ങൾ എന്നിങ്ങനെ വിവിധയിനം തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, വിവിധ മത-രാഷ്ട്രീയ സംഘടനകൾ, പത്രസ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവർക്ക് സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വഴിയോരത്തണൽ, സ്വകാര്യ ഭൂമിയിൽ 10 ഇനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ധനസഹായം നൽകൽ, നദീതീരങ്ങളിൽ മുള നട്ടുവളർത്തുന്ന പദ്ധതി, ഒരു വീട്ടിൽ ഒരു ഫലവൃക്ഷ പദ്ധതി, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ, എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, വനമിത്ര അവാർഡ് നൽകൽ തുടങ്ങി വിവിധയിനം പരിപാടികൾ വനം വകുപ്പ് സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കിവരുന്നു. ഗ്രാമഹരിത സമിതികളുടെ സഹകരണത്തോടെ സ്കൂൾ കോമ്പൗണ്ട്, ഹോസ്പിറ്റലുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽ ശുചീകരണം നടത്തുകയും പൊതു കുളങ്ങൾ വൃത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മുൻ വർഷങ്ങളിലെ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് നട്ടുപിടിപ്പിച്ച മരങ്ങളുടെ അതിജീവനത്തെക്കുറിച്ച് സമഗ്രമായ വിലയിരുത്തൽ നടത്തിയിട്ടില്ല. എന്നിരുന്നാലും സ്കൂൾ, കോളേജ് മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് ലഭിച്ച വിവരത്തിന്റെയും സാമ്പിൾ സർവ്വെയിലൂടെ ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ ഏകദേശം 64% തൈകൾ ഇപ്പോഴും നിലനിൽക്കുന്നതായി മനസ്സിലാക്കുന്നു.

(സി) വനം വകുപ്പ് നടപ്പിലാക്കുന്ന ഹരിതകേരളം പദ്ധതി പ്രകാരം 2017-ലെ ലോകപരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് 734.30 ലക്ഷം രൂപ സോഷ്യൽ ഫോറസ്ട്രി വിഭാഗം ചെലവഴിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗിന്റെ ഭാഗമായി വനംവകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ മറ്റ് വകുപ്പിലെ ഉദ്യോഗസ്ഥരെയും അദ്ധ്യാപകരെയും പി.റ്റി.എ. പ്രതിനിധികളെയും സ്കൂൾ കോളേജ് വിദ്യാർത്ഥികളെയും എൻ.ജി.ഒ. പ്രതിനിധികളെയും ഉൾപ്പെടുത്തി രൂപീകരിച്ച മോണിറ്ററിംഗ് കമ്മിറ്റികളാണ് സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച കൃത്യമായി വിലയിരുത്തലും പരിപാലനവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്. ഇതിനായി ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെയും പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സർക്കുലർ പ്രകാരം മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## ചാലിയത്ത് ഫിഷ്‌ലാന്റിങ് സെന്ററിന് ഭൂമി

112(810) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചാലിയത്ത് ഫിഷ്‌ലാന്റിങ് സെന്ററിനുവേണ്ടി വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രയ്ക്ക് വിട്ടുനൽകുന്നതിനായി എന്തൊക്കെ നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ വിഷയത്തിൽ എത്രയും പെട്ടെന്ന് തീരുമാനം ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) കോഴിക്കോട് ചാലിയം ഫിഷ് ലാന്റിംഗ് സെന്ററിന്റെ വികസനത്തിന് വേണ്ടി 2.0639 ഹെക്ടർ റിസർവ് വനഭൂമി വിട്ടുകിട്ടുന്നതിനുവേണ്ടി KINFRA സമർപ്പിച്ച അപേക്ഷ കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പിന് ശിപാർശ സഹിതം സമർപ്പിക്കുകയും കേന്ദ്ര സർക്കാരിൽനിന്നും 25-10-2011-ലെ 4-KLB 781/2011-BAN/9985 നമ്പർ പ്രകാരം സ്റ്റേജ്-1 അനുമതി ലഭിച്ചിട്ടുള്ളതുമാണ്. ടി അനുമതിയുടെ കാലാവധി 25-10-2016-ൽ അവസാനിച്ചതിനാൽ സ്റ്റേജ്-1 അനുമതിയുടെ കാലാവധി 2 വർഷം കൂടെ നീട്ടി നൽകണമെന്ന് കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന വകുപ്പിന് വീണ്ടും അപേക്ഷ നൽകിയതിന്റെ

അടിസ്ഥാനത്തിൽ സ്റ്റേജ്-1 അനുമതിയുടെ കാലാവധി 25-10-2016 തീയതി മുതൽ 2 വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് 2-5-2017-ൽ കേന്ദ്ര സർക്കാർ ഉത്തരവായിട്ടുള്ളതാണ്. സ്റ്റേജ്-1 അനുമതിയിലെ നിബന്ധനകളിലൊന്നായ പരിഹാര വനവൽക്കരണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കാൻ KINFRA-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) യൂസർ ഏജൻസി മേൽ സ്റ്റേജ്-1 അനുമതിയിലെ വ്യവസ്ഥകൾ പാലിക്കുന്ന മുറയ്ക്ക് കേന്ദ്രസർക്കാരിൽ സമർപ്പിച്ച് അന്തിമ അംഗീകാരത്തിനായി നടപടി സ്വീകരിക്കുന്നതാണ്.

**പറമ്പിക്കുളം പി.എ.പി. കോളനിയിലെ ഭൂമി**

113(811) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പികുളം പി.എ.പി. കോളനിയിലെ ഭൂമി തമിഴ്നാട് സർക്കാരിന്റെ അധീനതയിലാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം കോളനി നിവാസികൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ഈ ഭൂമി സംസ്ഥാനത്തിന്റെ അധീനതയിൽ ആക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട് നിലവിൽ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പറമ്പിക്കുളം പി.എ.പി. കോളനി ഭൂമി പറമ്പിക്കുളം -ആളിയാർ പദ്ധതിയ്ക്കായി തമിഴ്നാട് ഗവൺമെന്റിന് പാട്ടത്തിന് നൽകിയിട്ടുള്ള സ്ഥലത്തിൽ ഉൾപ്പെടുന്നതാണ്. ആയത് തമിഴ്നാട് കൈവശംവച്ച് ഉപയോഗിച്ച് വരികയാണ്.

(ബി) ഇവർക്ക് വില്ലേജ് ആഫീസിൽനിന്നും പൊസഷൻ സർട്ടിഫിക്കറ്റ് ലഭിയ്ക്കായ്കയാൽ സർക്കാരിന്റെ പല ആനുകൂല്യങ്ങളും ഇപ്പോൾ ലഭിക്കുന്നതിന് തടസ്സമുണ്ട്.

(സി) ടി പദ്ധതിയ്ക്കായി ബന്ധപ്പെട്ട കരാർ 9-11-1958 മുതൽ 30 വർഷത്തേയ്ക്കായിരുന്നു. കരാർ 8-11-1988-ന് അവസാനിച്ചിരിക്കുകയാണ്. നിലവിൽ കരാർ പുതുക്കിയിട്ടില്ല. ഈ ഭൂമി ഏറ്റെടുക്കൽ കരാർ പുതുക്കലുമായി ബന്ധപ്പെട്ടിരിക്കുന്നു.

## വനഭൂമിയിൽ നട്ടുപിടിപ്പിച്ച മരങ്ങൾ

114(812) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമിയിൽ വനം വകുപ്പ് എത്ര ഹെക്ടർ സ്ഥലത്ത് അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് എന്നീ മരങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്; ഇവയുടെ റേഞ്ച് തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) വനഭൂമിയിലെ അക്കേഷ്യ മരങ്ങൾ നീക്കം ചെയ്യുമെന്ന മന്ത്രിസഭാ തീരുമാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വനഭൂമിയിൽ വനം വകുപ്പ് വച്ചുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റ്സ് എന്നിവയുടെ റേഞ്ച് തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർക്കുന്നു.

(ബി) മന്ത്രിസഭാ തീരുമാനം വന്നിട്ടില്ല.

## കാട്ടാനശല്യം പരിഹരിക്കുവാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ

115(813) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര, മുണ്ടകുന്ന്, കാപ്പുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതും, ജനങ്ങളുടെ വസ്തു വകകൾക്ക് നാശമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം പരിഹരിക്കുവാൻ വനം വകുപ്പ് സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) കാട്ടാനശല്യംമൂലം കൃഷി നാശം നേരിട്ട കർഷകർക്ക് നഷ്ടപരിഹാരം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര, മുണ്ടകുന്ന്, കാപ്പുപറമ്പ് തുടങ്ങിയ പ്രദേശങ്ങളിൽ കാട്ടാനകൾ കൃഷി നശിപ്പിക്കുന്നതും ജനങ്ങളുടെ വസ്തുവകകൾക്ക് നാശമുണ്ടാക്കുന്നതുമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പ്രദേശങ്ങളിലെ കാട്ടാനശല്യം പരിഹരിക്കുന്നതിനായി കരുവരട്ട-ഓലപ്പാറ മേഖലയിൽ ഉപ്പുകുളം ഇ.ഡി.സി. മുഖേന 1.5 കി.മി. ദൂരം സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടി മേഖലയിൽ നിലവിലുള്ള സൗരോർജ്ജവേലികൾ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ വനംവകുപ്പ് പരിപാലിച്ചുവരുന്നുണ്ട്. മണ്ണാർക്കാട് കേന്ദ്രീകരിച്ചുള്ള ആർ.ആർ.ടി.-യും ബന്ധപ്പെട്ട വനംവകുപ്പ് സ്റ്റാഫുകളും കാട്ടാന ഇറങ്ങുന്ന പ്രദേശങ്ങളിൽ സ്ഥലത്തെത്തി അവയെ തിരികെ കാട്ടിലേയ്ക്ക് കടത്തി വിടുന്നതിന് കഠിന പ്രയത്നങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ജനജാഗ്രതാ സമിതി ഉപ്പുകുളം കേന്ദ്രീകരിച്ച് രൂപീകരിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിലെ ജനങ്ങൾക്ക് കാട്ടാനയുടെ സാന്നിദ്ധ്യം സംബന്ധിച്ച് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. അലർട്ട് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.

(സി) കാട്ടാനശല്യംമൂലം കൃഷിനാശവും വസ്തുനാശവും സംഭവിക്കുന്ന അപേക്ഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 1.76 ലക്ഷം രൂപ നഷ്ടപരിഹാരമായി ഇതിനകം നൽകിയിട്ടുണ്ട്.

## ഗവിയിലേയ്ക്കുള്ള യാത്രാനുമതി

116(814) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട എക്കോ ടൂറിസം കേന്ദ്രമായ ഗവിയിലേക്ക് പോകുന്നതിന് പൊതു യാത്രാ സംവിധാനങ്ങൾ പരിമിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ സീതത്തോടിൽനിന്നും ഗവിയിലേക്ക് എത്ര വാഹനങ്ങൾക്കാണ് പ്രതിദിനം യാത്രാനുമതി നൽകുന്നത്;

(സി) പൊതു അവധി, വേനൽക്കാല അവധി ദിവസങ്ങളിൽ യാത്രാനുമതി ലഭിക്കാത്തതിനാൽ വിവിധ പ്രദേശങ്ങളിൽനിന്നുംവരുന്ന നിരവധി ആളുകൾ ഗവി സന്ദർശിക്കാനാകാതെ നിരാശരായി മടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അവധി ദിവസങ്ങളിൽ 50 വാഹനങ്ങൾക്ക് പ്രവേശനാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വനം വകുപ്പ് വാഹനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഗവി സന്ദർശനത്തിന് വരുന്ന മുഴുവനാളുകൾക്കും പ്രവേശനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഗവിയിലേയ്ക്കുള്ള പൊതുയാത്രാ സംവിധാനങ്ങൾ പരിമിതമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആങ്ങാമൂഴി വഴി പ്രതിദിനം 30 വാഹനങ്ങൾക്ക് പ്രവേശനം അനുവദിച്ചിട്ടുണ്ട്.

(സി) 30 എണ്ണത്തിൽ കൂടുതൽ വരുന്ന വാഹനങ്ങൾക്ക് പ്രവേശനം അനുവദിക്കാറില്ല.

(ഡി) കൂടുതൽ ആളുകൾക്ക് പ്രവേശനം സാദ്ധ്യമാക്കുന്നതരത്തിൽ റാന്നി വനവികസന ഏജൻസിയുടെയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ബസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## വന്യമൃഗങ്ങളുടെ ആക്രമണം

117(815) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപ്രദേശത്തോട് ചേർന്നു സ്ഥിതിചെയ്യുന്ന വീടുകളിലും, കൃഷിയിടങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകാറുണ്ടോ;

(ഡി) നഷ്ട പരിഹാരത്തിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിനും, നഷ്ടം സംഭവിച്ചതിന് തുല്യമായ തുക നഷ്ടപരിഹാരമായി നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) വനപ്രദേശത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന വീടുകളിലും, കൃഷിയിടങ്ങളിലും വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടാകുന്നത് തടയുന്നതിന് താഴെപ്പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട് :

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(ബി) ഈ പ്രദേശത്ത് താമസിക്കുന്നവരുടെ ജീവനും സ്വത്തിനും മതിയായ സംരക്ഷണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന ജീവഹാനിക്ക് നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്ന കാര്യവും നിലവിലുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുന്ന വിഷയവും സർക്കാർ പരിശോധിക്കുന്നതാണ്.

## വിദ്യാർത്ഥികളിൽ വനവത്കരണത്തിന്റെയും പരിസ്ഥിതിയുടെയും അവബോധം സൃഷ്ടിക്കൽ

118(816) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ വനവത്കരണത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ഇതിനായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികൾക്കിടയിൽ വനവൽക്കരണത്തിന്റെയും പരിസ്ഥിതിയുടെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി വനം വകുപ്പ് വിവിധയിനം പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) വിദ്യാർത്ഥികൾക്കിടയിൽ വനവത്ക്കരണത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും പ്രാധാന്യം പ്രചരിപ്പിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, ഫോറസ്ട്രി ക്ലബ്ബുകൾ, സ്കൂൾ കുട്ടികൾക്കായുള്ള 'എന്റെ മരം പദ്ധതി', കോളേജ് കുട്ടികൾക്കായുള്ള 'നമ്മുടെ മരം പദ്ധതി' എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കീഴിലുള്ള സോഷ്യൽ ഫോറസ്ട്രി എക്സ്റ്റൻഷൻ മുഖേന ഏകദിന പരിസ്ഥിതി പഠന ക്യാമ്പ്, ഫിലിംഷോ, എക്സിബിഷനുകൾ, വിദ്യാർത്ഥികൾക്ക് വനം സന്ദർശിക്കാൻ അവസരം നൽകുന്ന 'വനദർശം' എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**ആന വളർത്തൽ നിരോധനം**

119(817) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടാനകളോടുള്ള ക്രൂരത അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആന വളർത്തൽ നിരോധിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണ്; വിശദമാക്കുമോ?

ഉത്തരം

(എ) നാട്ടാന പരിപാലനത്തിനായി വിശദമായ ചട്ടങ്ങൾ 2012-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം നാട്ടാനകളോടുള്ള ക്രൂരത തടയുന്നതിന് ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഉത്സവ സീസണിൽ ആനകളുടെ ക്ഷേമം ഉറപ്പുവരുത്തുവാനുള്ള ഉത്തരവാദിത്തം ഈ കമ്മിറ്റിക്കാണ്. ഈ ചട്ടങ്ങൾക്കുപുറമെ നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ, തോട്ടി നിരോധിച്ചുകൊണ്ടും ശാരീരിക വൈകല്യമുള്ള ആനകളെ പൊതു പരിപാടികളിൽ പങ്കെടുപ്പിക്കരുതെന്നുമുള്ള നിർദ്ദേശങ്ങൾ എന്നിവ സർക്കുലറുകളായി ഇറക്കി നാട്ടാനകളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) കേരളത്തിൽ ആന പിടിത്തം നിലവിലില്ല. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ആനകളെ പുതുതായി കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

**വന്യജീവി ആക്രമണം തടയുന്നതിന് നടപടികൾ**

120(818) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിലുള്ള കുടിയേറ്റ മേഖലകളിൽ വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള നടപടികൾ ഫലപ്രദമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻതോതിൽ കൃഷിനാശവും ആളപായവും വരുത്തുന്ന ആന, പുലി, പന്നി, മയിൽ തുടങ്ങിയ വന്യജീവികളെ പ്രത്യേക സംരക്ഷണ മേഖലകളിൽ പാർപ്പിക്കാനോ അല്ലെങ്കിൽ ഇവയുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള മറ്റു വിദേശ രാജ്യങ്ങളിൽ അവർ സ്വീകരിച്ചിട്ടുള്ള നടപടികൾ പഠിച്ച് അത് ഇവിടെ നടപ്പാക്കാനോ നടപടി സ്വീകരിക്കുമോ;

(സി) ഈ വിഷയത്തിൽ മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനാതിർത്തിയിലുള്ള കുടിയേറ്റ മേഖലയിൽ വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തെ പ്രതിരോധിക്കുന്നതിന് നിലവിലുള്ള നടപടികൾ പല പ്രദേശങ്ങളിലും ഫലപ്രദമാണ്.

(ബി) വൻതോതിൽ കൃഷിനാശവും ആളപായവും വരുത്തുന്ന ആന, പുലി, പന്നി, മയിൽ തുടങ്ങിയ വന്യജീവികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുക എന്ന നയമാണ് വനം വകുപ്പ് അനുവർത്തിക്കുന്നത്. നാട്ടിലിറങ്ങി സ്ഥിരമായി പ്രശ്നം സൃഷ്ടിക്കുന്ന ആനപോലുള്ള വന്യജീവികളെ വനമേഖലയിലേയ്ക്ക് റീലൊക്കേറ്റ് ചെയ്യുന്ന നടപടിയും സ്വീകരിക്കുന്നുണ്ട്.

(സി) വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൂർണ്ണമായും ജനപങ്കാളിത്തത്തോടെ ജനജാഗ്രതാ സമിതികൾവഴി നിലവിൽ അവലംബിച്ചുവരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ ശക്തമായി തുടരാനാണ് ഉദ്ദേശിക്കുന്നത്.

**കോതമംഗലം മണ്ഡലത്തിലെ കാട്ടാന ശല്യം**

121(819) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കുട്ടമ്പുഴ, പൂയംകുട്ടി വടാട്ടുപാറ, മാമലക്കണ്ടം തുടങ്ങിയ പ്രദേശങ്ങളിൽ ഉണ്ടാകുന്ന കാട്ടാന ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടാന ശല്യം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പുതുതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) വനമേഖലയോട് ചേർന്ന് കിടക്കുന്ന ഈ പ്രദേശങ്ങളിൽ കാട്ടാന ശല്യം ഉണ്ടാകുന്നുണ്ട്.

(ബി) കുട്ടമ്പുഴ പഞ്ചായത്തിലെ മലയാറ്റൂർ ഡിവിഷനിലെ വനാതിർത്തി പ്രദേശങ്ങളിൽ 20.50 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജ വേലി നിർമ്മിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് തടയുന്നതിനും പ്രദേശവാസികൾക്കും, വഴിയാത്രക്കാർക്കും മുന്നറിയിപ്പ് നൽകുന്നതിനുമായി വനം വകുപ്പ് ജീവനക്കാരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വന്യജീവികൾ ഇറങ്ങുവാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) കുട്ടമ്പുഴ പഞ്ചായത്തിലെ പൂയംകുട്ടി ഭാഗത്ത് 7.00 കിലോമീറ്റർ നീളത്തിൽ സൗരോർജ്ജവേലിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങുന്ന സന്ദർഭങ്ങളിൽ പ്രദേശവാസികൾക്കും, വഴിയാത്രക്കാർക്കും മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. മുന്നറിയിപ്പ് സംവിധാനം ആരംഭിക്കുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നുണ്ട്.

## കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം

122(820) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ കണ്ണൻ ദേവൻ പ്ലാന്റേഷനിൽ കയറിയ കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കുമോ ;

(സി) വന്യ ജീവി സംരക്ഷണത്തിനും മനുഷ്യനും മൃഗങ്ങളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൂന്നാറിലെ കണ്ണൻ ദേവൻ പ്ലാന്റേഷനിൽ കയറിയ കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടാനയെ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവുമായി ബന്ധപ്പെട്ട ദേവികുളം റെയ്ഞ്ചിൽ ഒ.ആർ.21/2017 നമ്പരായി കേസ് രജിസ്റ്റർ ചെയ്യുകയും ബന്ധപ്പെട്ട പ്രതികളെയും, ജെ.സി.ബി.-യും കസ്റ്റഡിയിൽ എടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ തുടർ അന്വേഷണം നടത്തി മറ്റുപ്രതികളെ കണ്ടുപിടിക്കുന്നതിനും കേസ് ചാർജ്ജ് ചെയ്യുന്നതിനുമുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(സി) വന്യജീവി സംരക്ഷണത്തിനും മനുഷ്യനും മൃഗങ്ങളുമായി ഉണ്ടാകുന്ന ഏറ്റുമുട്ടലുകൾ ഒഴിവാക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു :

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ്. മുഖാന്തരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജിവി ആക്രമണംമൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജന പങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

മൂന്നാർ പ്രദേശങ്ങളിൽ കൃഷിയ്ക്കും വീടുകൾക്കും നാശനഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ട അരിക്കൊമ്പൻ എന്ന ആനയെ തമിഴ്നാട്ടിൽ നിന്നെത്തിയ കുങ്കിയാനകളുടെ സഹായത്താൽ ഉൾക്കാട്ടിലേക്ക് തുരത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തി. ഈ ആനയെ മയക്കുവെടി വച്ച് പിടിക്കാനുള്ള ശ്രമം വിജയിച്ചില്ല.

## വന്യമൃഗങ്ങളുടെ ആക്രമണം

123(821) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; നിലവിലുള്ള കണക്കുകൾ നൽകുമോ;

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നൽകിയിട്ടുള്ള നഷ്ടപരിഹാരത്തുകയുടെ വിശദവിവരം നൽകുമോ;

(സി) ഇതിൽ എത്ര പേർക്ക് ആശ്രിതനിയമനം നൽകിയിട്ടുണ്ട്;

(ഡി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം വന്യമൃഗങ്ങളുടെ ആക്രമണത്തിൽ 37 പേരും, വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് 95 പേരും മരണപ്പെട്ടിട്ടുണ്ട്.

(ബി) മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് നാളിതുവരെ ലഭിച്ച അപേക്ഷ പ്രകാരം 177 ലക്ഷം രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(സി) സ്ഥിരം തസ്തികയിൽ നാളിതുവരെ ആർക്കും ആശ്രിത നിയമനം നൽകിയിട്ടില്ല.

(ഡി) കോങ്ങോട് മണ്ഡലത്തിൽ പാലക്കാട് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 6 പേർ പാമ്പുകടിയേറ്റ് മരണപ്പെട്ടിട്ടുണ്ട്. ഇതിൽ 3 പേരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ളവർക്ക് നടപടിക്രമം പൂർത്തിയാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. ടി മണ്ഡലത്തിൽ മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ വന്യജീവി ആക്രമണത്തിൽ ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരിച്ചയാളിന്റെ ആശ്രിതന് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി**

124(822) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ മുഖാന്തരം നടപ്പിലാക്കുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയത്;

(സി) വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങളെ ശരിയായ രീതിയിൽ പരിപാലിക്കുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെപ്കോ മുഖാന്തിരം നടപ്പിലാക്കുന്ന 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളൊഴികെ ബാക്കി 11 ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കപ്പെട്ട സ്കൂളുകളുടെ വിവരം അനുബന്ധം 1* ആയി ഉള്ളടക്കം ചെയ്യുന്നു.

(സി) വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ശരിയായി പരിപാലിക്കുന്നുണ്ടോ എന്നറിയാൻ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ ഇടയ്ക്കിടയ്ക്ക് ഗുണഭോക്താക്കളായ കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും സ്കൂൾ അധികൃതരുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിച്ചും ആവശ്യമായ പരിപാലന നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുന്നു.

**ഗോസമൃദ്ധി ഇൻഷ്വറൻസ്**

125(823) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ.ആർ. രാമചന്ദ്രൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗോ സമൃദ്ധി എന്ന പേരിൽ കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുന്നുണ്ടോ; വിശദവിവരം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കന്നുകാലി വിലയുടെ എത്ര ശതമാനമാണ് ഇൻഷ്വറൻസ് പ്രീമിയം നിരക്കായി നിശ്ചയിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രീമിയത്തിന്റെ എത്ര ശതമാനമാണ് ഗുണഭോക്താവ് അടക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കന്നുകാലികളുടെ മരണംമൂലവും ഉൽപ്പാദനശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതു വഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീരകർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽനിന്നും സംരക്ഷണം ഉറപ്പുവരുത്തുവാൻ കഴിയും എന്നതാണ് പ്രത്യേകത. ഗോസമൃദ്ധി പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കിവച്ചിരിക്കുന്നു. ടി പദ്ധതിപ്രകാരം 60000 ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനുപുറമെ ഇൻഷ്വറൻസ് പരിരക്ഷ, മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) കന്നുകാലി വിലയുടെ 3% പ്രതിവർഷ ഇൻഷ്വറൻസ് പ്രീമിയം നിരക്കായി നിശ്ചയിച്ചിരിക്കുന്നു.

(സി) ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ പ്രീമീയം തുകയുടെ 50%വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 30% വും വഹിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഇൻഷ്വറൻസ് പദ്ധതി വാർഷിക പദ്ധതിയിലുൾപ്പെടുത്തുകയാണെങ്കിൽ ജനറൽ കാറ്റഗറിയിൽപ്പെട്ട ഗുണഭോക്താക്കൾ പ്രീമിയം തുകയുടെ 25%-വും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർ പ്രീമിയം തുകയുടെ 15%-വും വഹിച്ചാൽ മതിയാകും. ബാക്കിതുക പഞ്ചായത്തുകൾ വഹിക്കും (യഥാക്രമം 25%-വും 15%-വും)

## പശു/ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

126(824) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പശു, ആട് എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് പശു, ആട് എന്നിവ വളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന കന്നുകുട്ടിപരിപാലന പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്ത് ജനിക്കുന്ന മുഴുവൻ പശു/എരുമ കുട്ടികൾക്ക് (പ്രതിവർഷം 2 ലക്ഷം പശുക്കുട്ടികൾ) ലഭിക്കുംവിധം പുനക്രമീകരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു. പ്രത്യേക കന്നുകുട്ടി പരിപാലനത്തിലൂടെ 2016-17 സാമ്പത്തിക വർഷം എൻറോൾ ചെയ്ത 25778 കന്നുകുട്ടികൾക്ക് 2017-18-ൽ രണ്ടാംവർഷം സഹായം ലഭിക്കും. 2017-18 സാമ്പത്തിക വർഷം ഈ പദ്ധതിയിൽ 20622 കന്നുകുട്ടികളെ എൻറോൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഗോവർദ്ധിനി പദ്ധതിയിലൂടെ 2016-17 സാമ്പത്തികവർഷം എൻറോൾ ചെയ്ത 47760 കന്നുകുട്ടികൾക്ക് രണ്ടാം വർഷം സഹായം ലഭിക്കും. 2017-18 സാമ്പത്തിക വർഷം 14448 കന്നുകുട്ടികളെ ഈ പദ്ധതിയിലൂടെ എൻറോൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കർഷകർക്ക് കറവയന്ത്രം സ്ഥാപിക്കുന്നതിനുവേണ്ടി 25,000 രൂപയുടെ ധനസഹായം നൽകിവരുന്നുണ്ട്. 184 ക്ഷീരകർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. 2017-18 സാമ്പത്തിക വർഷം കന്നുകാലി ഇൻഷ്വറൻസിനുവേണ്ടി 5 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തി ഗോസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുത്ത പഞ്ചായത്തുകൾ വഴി ആട് വളർത്തുന്നതിന് ഒരു യൂണിറ്റിന് 25,000 രൂപ വച്ച് മൃഗസംരക്ഷണ വകുപ്പുവഴി ധനസഹായം നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം 12,500 രൂപവീതം 400 ഗുണഭോക്താക്കൾക്ക് ചാണകം ജൈവവളമാക്കി മാറ്റുന്നതിനുള്ള ധനസഹായവും നൽകിവരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കർഷകർക്ക് സൗജന്യമായി പശുക്കൾക്ക് ബീജധാനം നടത്തുന്നതിനുള്ള പദ്ധതി, പരിശീലന പരിപാടികൾ, വെറ്ററിനറി സേവനം തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. 14 ജില്ലകളിലും ഒരു പഞ്ചായത്തിനെ മാതൃകാ ഗ്രാമപഞ്ചായത്തായി തെരഞ്ഞെടുത്ത് 5 ലക്ഷം രൂപ ചെലവഴിച്ച് മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. രാത്രികാല വെറ്ററിനറി സേവനം ഉറപ്പുവരുത്തുന്നതിനുവേണ്ടി 85 ബ്ലോക്കുകളിൽ ഡോക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## കൊല്ലം ജില്ലാമൃഗസംരക്ഷണ ഓഫീസിലെ ക്രമക്കേടുകൾ

127(825) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാമൃഗസംരക്ഷണ ഓഫീസിൽ കാലാകാലങ്ങളായി നടക്കുന്ന വിവിധ ക്രമക്കേടുകളെക്കുറിച്ച് മനുഷ്യാവകാശ പ്രവർത്തകൻ അഡ്വ.മേക്കോൺ മുരുകൻ എന്നയാൾ വകുപ്പുതല ഉദ്യോഗസ്ഥർക്ക് 12-5-2017-ന് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ സത്യസന്ധമായി അന്വേഷിച്ച് നടപടി സ്വീകരിക്കുമോ;

(സി) ഈ ഓഫീസിൽ 15-ഉം 20-ഉം വർഷങ്ങളായി ക്ലാർക്ക് തസ്തികയിൽ 2 ഉദ്യോഗസ്ഥർ സ്ഥലം മാറ്റം ഇല്ലാതെ അനധികൃതമായി തുടരുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇവരുടെ പേരും, അഡ്രസ്സും ഉദ്യോഗപ്പേരും അറിയിക്കുമോ;

(ഡി) ഈ ഓഫീസിൽ ജോലിചെയ്യുന്ന എ.എ.-യുടെ പേര് എന്താണ്; ടിയാൻ എന്നാണ് ഇവിടെ എ. എ. ആയി ചാർജ്ജ് എടുത്തത്; എത്ര കൊല്ലമായി ടിയാൻ ഈ ഓഫിസിൽ ജോലിചെയ്യുന്നു; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത ഓഫീസിൽ അനുവദനീയമായ സ്റ്റാഫുകളുടെ എണ്ണം എത്ര; ഓരോ വിഭാഗത്തിന്റെ ഇനം തിരിച്ച് വിശദമാക്കുമോ;

(എഫ്) ഇപ്പോൾ ഈ ഓഫീസിൽ എത്ര ഉദ്യോഗസ്ഥർ ജോലിചെയ്യുന്നു; ഇവരുടെ പേരും, ഉദ്യോഗപേരും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ പരാതി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ 25-7-2017, സർക്കാരിൽ 4-8-2017 എന്നീ തീയതികളിലാണ് ലഭിച്ചത്. ആയതിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലാ മൃഗസംരക്ഷണ ആഫീസിൽ ക്ലാർക്ക് തസ്തികയിൽ 15 വർഷത്തിൽ കൂടുതലായി ജോലി ചെയ്യുന്ന രണ്ട് ഉദ്യോഗസ്ഥരുണ്ട്. ശ്രീ. സോണി. ജി, തിരുവാതിര, പള്ളിമൺ. പി.ഒ, കൊല്ലം-സീനിയർ ക്ലർക്ക് (16 വർഷം). ശ്രീ. സിറിൽ എം. പുതുക്കുളം ഹൗസ്, കടപ്പാക്കട. പി.ഒ., കൊല്ലം-സീനിയർ ക്ലാർക്ക് (ടൈപ്പിസ്റ്റ് തസ്തികയിൽ 10 വർഷവും തസ്തികമാറ്റം വഴി ക്ലാർക്കായി 11 വർഷവും).

(ഡി) ശ്രീ. ബി. ബാലചന്ദ്രൻ, കൊല്ലം ജില്ലാ മൃഗസംരക്ഷണ ആഫീസിൽ 2-3-2015 മുതൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായി ജോലി ചെയ്യുന്നു. 21-5-1992 മുതൽ 1-11-2004 വരെ യു.ഡി. ക്ലാർക്കായും 19-10-2007 മുതൽ 1-8-2011 വരെ ജൂനിയർ സൂപ്രണ്ടായും 22-2-2013 മുതൽ 7-2-2014 വരെ സീനിയർ സൂപ്രണ്ടായും ടിയാൻ കൊല്ലം ജില്ലാ മൃഗസംരക്ഷണ ആഫീസിൽ ജോലി ചെയ്തിട്ടുണ്ട്.

(ഇ) കൊല്ലം ജില്ലാ മൃഗസംരക്ഷണ ആഫീസിൽ അനുവദനീയമായ സ്റ്റാഫുകളുടെ എണ്ണം-31.

| | | |
|---|---|---|
| ജില്ലാ മൃഗസംരക്ഷണ ആഫീസർ | - | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | - | 1 |
| വെറ്റിനറി സർജൻ | - | 1 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് | - | 1 |
| സീനിയർ സൂപ്രണ്ട് | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ക്ലാർക്ക് | - | 8 |
| സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് | - | 3 |
| എന്യൂമറേറ്റർ | - | 2 |
| ഫോഡർ സൂപ്പർവൈസർ | - | 1 |
| എ.റ്റി. അസിസ്റ്റന്റ് (ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ) | - | 1 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | - | 1 (സൂപ്പർ ന്യൂമററി) |
| ടൈപ്പിസ്റ്റ് | - | 4 (1 സൂപ്പർ ന്യൂമററി) |
| ഡ്രൈവർ | - | 1 |
| ഓഫീസ് അന്റൻഡ് | - | 2 |
| മെസഞ്ചർ | - | 1 |
| അറ്റൻഡ് | - | 1 |

(എഫ്) കൊല്ലം ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ നിലവിൽ 30 ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നു. ഇവരുടെ വിവരം ചുവടെ ചേർക്കുന്നു :

1. ഡോ. അനിൽ കുമാർ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ
2. ഡോ. ജ്യോതി, വെറ്ററിനറി സർജൻ
3. ശ്രീ. ബി. ബാലചന്ദ്രൻ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
4. ശ്രീ. കെ. രാമൻ, ജൂനിയർ സൂപ്രണ്ട്,
5. ശ്രീ. സിറിൽ എം. സീനിയർ ക്ലാർക്ക്

6. ശ്രീ. ജി. സോണി, സീനിയർ ക്ലാർക്ക്
7. ശ്രീ അനീഷ് എസ്. സീനിയർ ക്ലാർക്ക്
8. ശ്രീ. ദീപു. പി., സീനിയർ ക്ലാർക്ക്
9. ശ്രീമതി ജയശ്രീ. എം. ജി., സീനിയർ ക്ലാർക്ക്
10. ശ്രീമതി മിനിമോൾ ജെ., സീനിയർ ക്ലാർക്ക്
11. ശ്രീ. പി. പ്രകാശ്, ക്ലാർക്ക്
12. ശ്രീമതി രഹ്ന ചന്ദ്രൻ, ക്ലാർക്ക്
13. ശ്രീ. ബിജു ജോറോം, സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്
14. ശ്രീമതി സീജ എ., സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്
15. ശ്രീമതി മുംതാസ്, ബി. സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്
16. ശ്രീമതി ഷൈല. കെ. കെ., എന്യൂമറേറ്റർ
17. ശ്രീ. അജിത് എസ്., എന്യൂമറേറ്റർ
18. ശ്രീമതി മിനി. എസ്., ഫോഡർ സൂപ്പർവൈസർ
19. ശ്രീ. പി. ഇ. പ്രമോദ്, എ.റ്റി. അസിസ്റ്റന്റ്
20. ശ്രീമതി ദർശന, സീനിയർ ക്ലർക്ക്
21. ശ്രീ. സുരേഷ് ബാബു, സെലക്ഷൻ ട്രേഡ് ടൈപ്പിസ്റ്റ്
22. ശ്രീമതി ജസ്സി എ. സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ്
23. ശ്രീമതി ബിന്ദു, എൻ., എൽ.ഡി. ടൈപ്പിസ്റ്റ്
24. ശ്രീമതി വൽസല. എ. എൽ.ഡി. ടൈപ്പിസ്റ്റ്
25. ശ്രീമതി ഉഷ കെ., യു.ഡി. ടൈപ്പിസ്റ്റ്
26. ശ്രീമതി ശ്രീകല, യു.ഡി. ടൈപ്പിസ്റ്റ്
27. ശ്രീ. പത്മകുമാർ വി., ഡ്രൈവർ
28. ശ്രീമതി റോജി, ഓഫീസ് അറ്റൻഡന്റ്
29. ശ്രീ ബിജു. എസ്. ഓഫീസ് അറ്റൻഡന്റ്
30. ശ്രീ. ശ്രീകുമാർ. എൻ, മെസഞ്ചർ.

## നല്ലയിനം കന്നുക്കുട്ടികളുടെ വിതരണം

128(826) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ലയിനം കന്നുകുട്ടികളെ ഉത്പാദിപ്പിച്ച് കർഷകർക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതിന് വകുപ്പുതലത്തിൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തുമ്പൂർമുഴി കന്നുകാലി ബ്രീഡിംഗ് സെന്ററിൽ വികസിപ്പിച്ചെടുത്ത ഉല്പാദന ശേഷി കൂടിയ കന്നുകുട്ടികളെ ക്ഷീര കർഷകർക്ക് ന്യായമായ വിലയ്ക്ക് നൽകാനുള്ള സൗകര്യം ഏർപ്പെടുത്തുമോ?

### ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളിൽനിന്നും നല്ലയിനം കന്നുകുട്ടികളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് ഇപ്പോൾ വിതരണം നടത്തുന്നുണ്ട്. കൂടാതെ കെ.എൽ.ഡി. ബോർഡ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്) മുന്തിയ ഇനം വിദേശ ജനുസ്സ് വിത്തുകാളകളുടെ ബീജമാത്രകളും ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകളും (sex sorted semen) ഇറക്കുമതി ചെയ്തിട്ടുണ്ട്. ആയത് വകുപ്പിന്റെ കീഴിലുള്ള കന്നുകാലി വളർത്തൽ കേന്ദ്രങ്ങളായ ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം കുടപ്പനക്കുന്ന്, ബഫല്ലോ ബ്രീഡിംഗ് ഫാം, കര്യോട്ടുമല, ജെഴ്സി ഫാം, വിതുര, ജേഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ എന്നീ കേന്ദ്രങ്ങളിൽ വിതരണം നടത്തി അത്യുൽപ്പാദന ശേഷിയുള്ള കിടാരികളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുവാനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) തുമ്പൂർമുഴി കന്നുകാലി പ്രജനന കേന്ദ്രത്തിൽ ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഫീൽഡ് പ്രോജനി ടെസ്റ്റിന്റെ ഭാഗമായി ഫ്രീസ് വാൾ ഇനത്തിൽപ്പെട്ട വിത്തുകാളകളിൽ നിന്നുള്ള പശുക്കുട്ടികളെയാണ് ഉൽപ്പാദിപ്പിക്കുന്നത്. ആകെ ഒരു വർഷത്തിൽ ശരാശരി 100 പ്രസവത്തിനുള്ള സൗകര്യമാണ് നിലവിൽ ഫാമിലുള്ളത്. ഇതിൽനിന്ന് ശരാശരി 50 പശുക്കുട്ടികളെയാണ് ഒരു വർഷം ഈ കേന്ദ്രത്തിൽനിന്നും ഉൽപ്പാദിപ്പിക്കാൻ കഴിയുന്നത്. ഇതിൽ 40 എണ്ണം ഫാമിലെ തന്നെ ഉൽപ്പാദനക്ഷമത കുറയുന്നവയെ മാറ്റുന്നതിനായി ആവശ്യമായി വരുന്നുണ്ട്. ശേഷിച്ച 10 കുട്ടികളെ നിലവിൽ മറ്റ് സർക്കാർ ഫാമുകളിലേയ്ക്കും സർവ്വകലാശാല ഫാമുകളിലേയ്ക്കുമാണ് നൽകുന്നത്. തുമ്പൂർമുഴി കന്നുകാലി ബ്രീഡിംഗ് സെന്ററിൽ വികസിപ്പിച്ചെടുത്ത ഉൽപ്പാദനശേഷി കൂടിയ കന്നുകുട്ടികളെ പ്രോജനി ടെസ്റ്റിംഗിന്റെ ഭാഗമായുള്ള പാലുൽപ്പാദന വിശദാംശങ്ങൾ നൽകുവാൻ കഴിയുന്ന സമീപ പ്രദേശത്തെ ക്ഷീരകർഷകർക്ക് നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ദേവികുളം നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

129 (827) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്ന പഞ്ചായത്തുകൾ ഏതെല്ലാം ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

- ഗോവർദ്ധിനി - കന്നുകുട്ടി പരിപാലന പദ്ധതി
- കാഫ് അഡോപ്ഷൻ പ്രോഗ്രാം - കന്നുകുട്ടി പരിപാലന പദ്ധതി
- സ്കൂൾ വഴി നടപ്പാക്കുന്ന ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ബ്ലോക്ക് ലെവൽ എക്സ്റ്റൻഷൻ പ്രോഗ്രാം
- താറാവ് വളർത്തൽ പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- താലൂക്കുതല എന്റർപ്രണർ മീറ്റ്
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ-പശു ഇൻഷ്വറൻസ് പദ്ധതി
- ജൈവമാലിന്യം വളമാക്കൽ പദ്ധതി
- മൃഗാശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൽ പദ്ധതി
- മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ മെക്കാനിസം പദ്ധതി നടത്തിപ്പ്

(ബി) താഴെപ്പറയുന്ന പഞ്ചായത്തുകളിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്:

<u>മറയൂർ:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ജൈവമാലിന്യം വളമാക്കൽ പദ്ധതി
- മെയിന്റനൻസ് ഓഫ് ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ മെക്കാനിസം പദ്ധതി നടത്തിപ്പ്

<u>മൂന്നാർ:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ജൈവമാലിന്യം വളമാക്കൽ പദ്ധതി
- ബ്ലോക്ക് ലെവൽ എക്സ്റ്റൻഷൻ പ്രോഗ്രാം
- മൃഗാശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൽ പദ്ധതി

<u>മാങ്കുളം:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

<u>കാന്തല്ലൂർ:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ജൈവമാലിന്യം വളമാക്കൽ പദ്ധതി

<u>വട്ടവട:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

<u>ബൈസൺവാലി ടീ കമ്പനി:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ഗോവർദ്ധിനി

<u>ചിന്നക്കനാൽ:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

<u>വെള്ളത്തൂവൽ:</u>

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ഗോവർദ്ധിനി
- കാഫ് അഡോപ്ഷൻ പ്രോഗ്രാം
- താറാവ് വളർത്തൽ പദ്ധതി

<u>അടിമാലി:</u>

- കാഫ് അഡോപ്ഷൻ പ്രോഗ്രാം
- താറാവ് വളർത്തൽ പദ്ധതി
- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- താലൂക്കുതല എന്റർപ്രണർ മീറ്റ്
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ജൈവമാലിന്യം വളമാക്കൽ പദ്ധതി
- മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ മെക്കാനിസം പദ്ധതി നടത്തിപ്പ്
- മൃഗാശുപത്രിക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങിക്കൽ പദ്ധതി

പള്ളിവാസൽ:

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ

ദേവികുളം:

- ബാക്ക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പദ്ധതി
- ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി
- നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ
- ജൈവമാലിന്യം വളമാക്കൽ പദ്ധതി
- മെയിന്റനൻസ് ഓഫ് ഡിസ്ഇൻഫെക്ഷൻ & സാനിട്ടേഷൻ മെക്കാനിസം പദ്ധതി നടത്തിപ്പ്

**കന്നുകാലി ഇൻഷ്വറൻസ്**

130(828) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനുള്ള തുക എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ 2016-17 പ്രകാരം 20392 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേയ്ക്ക് കേന്ദ്ര സർക്കാർ 173.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ നടത്തിപ്പ് അന്തിമ ഘട്ടത്തിലാണ്. 2017-18 സാമ്പത്തിക വർഷം കേരള സർക്കാരിന്റെ ഗോസമൃദ്ധി ഇൻഷ്വറൻസ് പദ്ധതി പ്രകാരം 60000 കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിലേക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

(ബി) കർഷകന്റെ ഉരുക്കൾക്ക് അസുഖം, പ്രകൃതി ദുരന്തങ്ങൾ മൂലമുള്ള മരണത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക, അതോടൊപ്പം വന്ധ്യതമൂലമോ അകിടുവീക്കം പോലുള്ള രോഗങ്ങൾമൂലമോ പാലുല്പാദനം നിലയ്ക്കുന്നതുമൂലമോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ മുഖേന 2016-17 സാമ്പത്തിക വർഷം 173.8 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് ഇതിലേക്ക് അനുവദിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയായ ഗോസമൃദ്ധി പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

131(829) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ പ്രവർത്തിക്കുന്ന സ്ഥിരം/കരാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപയുടെ ആനുകൂല്യമാണ് ഈ ശമ്പളപരിഷ്കരണത്തിലൂടെ ജീവനക്കാർക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിന് മുമ്പ് ഏത് വർഷമാണ് ശമ്പളപരിഷ്കരണം നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾക്ക് കീഴിലുള്ള ഫാമുകളിലെ സ്ഥിരം/കാഷ്വൽ തൊഴിലാളികൾക്ക് സ.ഉ.(അച്ചടി)നമ്പർ 8/2017/കൃഷി തീയതി 17-5-2017 പ്രകാരം ശമ്പളം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രാബല്യ തീയതി 1-7-2014 മുതലാണ്. ശമ്പള പരിഷ്കരണത്തോടൊപ്പം വിവിധ അലവൻസുകളും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ 23 ഫാമുകളിലായി 153 സ്ഥിരം തൊഴിലാളികളും 356 കാഷ്വൽ തൊഴിലാളികളും പണിയെടുക്കുന്നുണ്ട്. പ്രതിവർഷം ശമ്പള പരിഷ്കരണംമൂലം ഏകദേശം ഒരു കോടി രൂപയുടെ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. ഫാമുകളിൽ ശമ്പള കുടിശ്ശിക കണക്കാക്കിവരുന്നു. ക്ഷീരവികസന വകുപ്പിൽ ശമ്പള പരിഷ്കരണം മൂലമുണ്ടാകുന്ന അധിക ബാധ്യത കണക്കാക്കിയിട്ടില്ല.

(സി) മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിൽ 27-6-2012-ൽ പുറപ്പെടുവിച്ച ഉത്തരവ് സ.ഉ.(പി)156/2012/കൃഷി പ്രകാരമാണ് ഇതിനുമുമ്പ് ശമ്പള പരിഷ്കരണം അനുവദിച്ചത്.

## സംസ്ഥാനത്തെ കോഴിവില

132(830) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴിവില യാതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രിക്കുന്നതിനായി സർക്കാർ ഫാമുകളിൽ ഇറച്ചിക്കോഴികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;

(സി) കേരളത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്കും, സ്വയം സഹായ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള എന്തെങ്കിലും പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പൗൾട്രി വികസന കോർപ്പറേഷൻ, കുടുംബശ്രീ, മൃഗസംരക്ഷണ വകുപ്പ് എന്നിവയിലൂടെ സംയുക്ത സംരംഭമായി ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കാനുള്ള പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കുടുംബശ്രീ യൂണിറ്റുകൾക്ക് ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ താരതമ്യേന കുറഞ്ഞ നിരക്കിൽ നൽകി ഇറച്ചിക്കോഴി വളർത്തൽ വ്യാപകമാക്കുന്നതിനുള്ള ഒരു പദ്ധതിക്ക് രൂപം നൽകിവരുന്നു.

## അന്യസംസ്ഥാന ഇറച്ചിക്കോഴികൾ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ

133(831) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഇറച്ചിക്കോഴികളിൽ വ്യാപകമായ രീതിയിൽ ആന്റിബയോട്ടിക്കുകളും ഹോർമോണുകളും കുത്തിവയ്ക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഇറച്ചി കഴിച്ചാൽ മനുഷ്യരിൽ എന്തെല്ലാം ആരോഗ്യ പ്രശ്നങ്ങളാണ് ഉണ്ടാകാൻ സാധ്യതയുള്ളത്എന്നറിയാമോ; വ്യക്തമാക്കുമോ;

(സി) ഇത്തരം ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുന്ന ഇറച്ചിയുടെ വില്പന നിയന്ത്രിക്കാനും തദ്ദേശീയമായി കോഴികൃഷി വ്യാപിപ്പിക്കാനും എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്;

(ഡി) മനുഷ്യനിലേക്ക് പകരുന്ന വൈറസ് ബാധിച്ച കോഴികൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ വ്യാപകമാകുന്നു എന്ന സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണത്തിന്റെ നിജസ്ഥിതി ബോധ്യപ്പെട്ടിട്ടുണ്ടോ? എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹോർമോണുകൾ കുത്തിവയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഈ വിഷയത്തിൽ പഠനങ്ങളൊന്നുംതന്നെ നടത്തിയിട്ടില്ല. ഫുഡ് സേഫ്റ്റി കമ്മീഷണറുടെ കാര്യാലയത്തിൽ ഇറച്ചിക്കോഴികളിൽ ആന്റിബയോട്ടിക്കുകളും ഹോർമോണുകളും ടെസ്റ്റ് ചെയ്യുന്നതിനു വേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഇതിന് സംവിധാനങ്ങളുള്ള FSSAI അംഗീകൃത ലാബുകളിൽ പരിശോധിച്ചിട്ടുണ്ട്. അതിൽ ഒരു സാമ്പിൾ മാത്രം വളരെ നേരിയ അളവിൽ ആന്റിബയോട്ടിക്കിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. ആന്റിബയോട്ടിക് അടങ്ങിയ ഇറച്ചി കഴിച്ചാൽ മനുഷ്യരിലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ആധികാരികമായി പഠനം നടത്തേണ്ടത് ഇന്ത്യാ ഗവൺമെന്റ് നിയമിച്ചിട്ടുള്ള FSSAI ആണ്.

(സി) സർക്കാർ നിയന്ത്രിത ഉല്പാദന വിപണന സംവിധാനത്തിന് ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കാനാകും. കെപ്കോ വഴി ഇന്റഗ്രേഷൻ മാതൃകയിൽ ഇറച്ചിക്കോഴി വളർത്തലിൽ തീറ്റ, മരുന്ന് തുടങ്ങിയവ നൽകി വളർച്ചയെത്തിയ കോഴികളെ പരിശോധനയ്ക്ക് വിധേയമാക്കി മീറ്റ് പ്രോസസിംഗ് പ്ലാന്റിൽ സംസ്കരിച്ച് വിതരണം നടത്തുന്നു. ഈ രീതിയിൽ കോഴികളുടെ ഉറവിടം വ്യക്തമാണ്. ബ്രോയിലർ കോഴി ഇറച്ചിയുടെ ഗുണനിലവാരം വിപണി വില നിയന്ത്രണം എന്നിവ ലക്ഷ്യമിട്ട് കുടുംബശ്രീ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പ് എന്നിവയുടെ സംയുക്ത സംരംഭം എന്ന നിലയിൽ 1000 കോഴികളുടെ 1000 യൂണിറ്റ് തുടങ്ങുവാൻ നടപടികൾ കൈക്കൊണ്ട് വരുന്നു.

(ഡി) മനുഷ്യനിലേയ്ക്ക് പകരുന്ന വൈറസ് ബാധിച്ച കോഴികൾ തമിഴ്നാട്ടിൽ നിന്നും കേരളത്തിൽ വ്യാപകമാകുന്നുവെന്ന സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണത്തിന്റെ നിജസ്ഥിതി വിലയിരുത്തിയിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങളിലെ പ്രചരണം ശ്രദ്ധയിൽ പ്പെട്ടതിനെ അടിസ്ഥാനമാക്കി തമിഴ്നാട് ആരോഗ്യ രംഗത്തെയും നാമക്കൽ, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിലെ മൃഗസംരക്ഷണ രംഗത്തെ വിദഗ്ദ്ധരുമായും വിഷയത്തെ സംബന്ധിച്ച് അന്വേഷിച്ചിരുന്നു. അന്വേഷണത്തിൽ പ്രസ്തുത പ്രചരണം അടിസ്ഥാന രഹിതമാണെന്ന് വിലയിരുത്തുന്നു.

## മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ

134(832) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കേന്ദ്രം നടപ്പിലാക്കുന്ന കശാപ്പ് നിയന്ത്രണം പോലെയുള്ള നയങ്ങൾ കേരളത്തിലെ ക്ഷീരകർഷകരെ ബാധിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പുതിയതലമുറ കാലിവളർത്തലിൽ ശ്രദ്ധിക്കുന്നതിനുവേണ്ടി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിരവധി പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നു. സംസ്ഥാനത്ത് മൊത്തം 905 സർക്കാർ/എയ്ഡഡ് അപ്പർ പ്രൈമറി സ്കൂൾ/ഹൈസ്കൂൾ ക്ലാസുകളിലെ 50 വീതം വിദ്യാർത്ഥികൾക്ക് 46/60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളെ നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുൻസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ എന്നിവയിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു. വകുപ്പിന് കീഴിൽ രണ്ട് പുതിയ ഹാച്ചറികൾ - കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കും. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ഇതുകൂടാതെ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുട്ടയുടെയും മാംസത്തിന്റെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഇന്റഗ്രേഷൻ പദ്ധതി
2. കോഴിവളർത്തൽ പദ്ധതി (കുടുംബശ്രീ യൂണിറ്റുകൾ വഴി)
3. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2014-15)
4. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി (2016-17)
5. കെപ്കോ ആശ്രയ പദ്ധതി
6. റൂറൽ ബാക്ക് യാർഡ് പദ്ധതി
7. കെപ്കോ നഗരപ്രിയ പദ്ധതി
8. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
9. കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി
10. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴിവളർത്തൽ പദ്ധതി
11. ഇന്റഗ്രേഷൻ പദ്ധതി.

(ബി) ഉണ്ട്. കാലിവളർത്തൽ നടത്തി ഉപജീവനം കഴിക്കുന്ന കർഷകർക്ക് അവരുടെ ഉല്പാദന പ്രത്യുല്പാദന ക്ഷമത കുറഞ്ഞതും പ്രായാധിക്യം ഉള്ളതുമായ കന്നുകാലികളെ കശാപ്പിനായി വിൽക്കുവാൻ സാധിക്കാതെ വരികയും അതുമൂലം ഭീമമായ സാമ്പത്തിക നഷ്ടം വരികയും ചെയ്യും. തന്മൂലം ടി മേഖലയിൽനിന്നും കർഷകർ പിൻവാങ്ങുവാൻ വളരെയേറെ സാധ്യതയുണ്ട്. മേൽ സാഹചര്യത്തിൽ പ്രസ്തുത നിയമം പിൻവലിക്കുകയോ അല്ലെങ്കിൽ ആവശ്യമായ ഭേദഗതി ചെയ്യുകയോ വേണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് അയച്ചിട്ടുണ്ട്.

(സി) പുതിയ തലമുറയെ മൃഗസംരക്ഷണ മേഖലയിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി വകുപ്പിന് കീഴിലുള്ള വിവിധ പരിശീലന കേന്ദ്രങ്ങൾവഴി സംരംഭക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ 2 എണ്ണം വീതം 28 പരിശീലന പരിപാടികൾ നടപ്പുവർഷം വിഭാവനം ചെയ്യുന്നു. കൂടാതെ മൃഗസംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങളെ സംബന്ധിച്ച് തുടർച്ചയായ പരിശീലന പരിപാടികളും ഈ പരിശീലന കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. ആദ്യ പ്രസവം നേരത്തെയാക്കുക, പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുക, തീറ്റ ചെലവ് കുറയ്ക്കുക, ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി ഉല്പാദന ക്ഷമത പരിപാലിച്ച് പാലുല്പാദനം വർദ്ധിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട് 4-6 മാസം പ്രായമുള്ള 35070 പശുക്കുട്ടികളെ തെരഞ്ഞെടുത്ത് കന്നുക്കുട്ടി പരിപാലന പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. ഫാം പ്രവർത്തനം സുഗമവും ആകർഷകവുമാക്കുന്നതിനും കറവക്കാരുടെ ക്ഷാമം പരിഹരിക്കുന്നതിനും ക്ഷീര കർഷകർക്ക് 25,000 രൂപ ധനസഹായം നൽകി കറവ യന്ത്രം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടത്തിവരുന്നു. കന്നുകാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ 2016-17, ഗോസമൃദ്ധി 2017-18 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ക്ഷീര കർഷക പെൻഷൻ

135(833) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷക പെൻഷൻ എന്ന് മുതലാണ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചതെന്നും ഇപ്പോൾ എത്ര രൂപയാണ് പെൻഷനെന്നും വ്യക്തമാക്കാമോ ;

(ബി) വർദ്ധിപ്പിച്ചതനുസരിച്ചുള്ള ആനുകൂല്യങ്ങൾ കൃഷിക്കാർക്ക് നൽകി തുടങ്ങിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ക്ഷീരകർഷക പെൻഷൻ കുടിശ്ശിക ഉടനെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ഷീരകർഷക പെൻഷൻ 2017 ജനുവരി മാസം മുതൽ 500 രൂപയിൽ നിന്നും 1000 രൂപയായും ഏപ്രിൽ മാസം മുതൽ 1100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ ക്ഷീരകർഷകർക്ക് നൽകിത്തുടങ്ങിയിട്ടുണ്ട്.

(സി) ക്ഷീര കർഷക പെൻഷൻ കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

## കവർ പാലിന്റെ ഗുണനിലവാരം

136(834) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കുന്ന കവർ പാലുകളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിശ്ചിത ഗുണനിലവാരം ഇല്ലാത്ത കവർപാലുകൾ വിതരണം ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളുടെ പാലുകളാണ് നിലവാരം ഇല്ലാത്തതായി കണ്ടെത്തിയതെന്നും ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നും അറിയിക്കാമോ?

ഉത്തരം

(എ)നിലവിൽ പാൽ പരിശോധിച്ച് നടപടിയെടുക്കുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഈ വകുപ്പിന്റെ

നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന പാലും പാലുല്പന്നങ്ങളും ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. 2011-ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് മിൽക്ക് ആന്റ് മിൽക്ക് പ്രോഡക്ട്സ് ഓർഡർ (MMPO) 1992 പ്രകാരം ക്ഷീരവികസന വകുപ്പിന് അധികാരമുണ്ടായിരുന്നപ്പോൾ എല്ലാ ജില്ലകളിലും പാലിന്റെ മാർക്കറ്റ് സാമ്പിൾ എടുത്ത് പരിശോധിച്ചിരുന്നത് തുടർന്നും നടത്തിപ്പോരുന്നു. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്ഷീര വികസന വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും മാർക്കറ്റിൽനിന്ന് ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് റീജിയണൽ ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡയറി ഡയറക്ടറേറ്റിനോടനുബന്ധിച്ച് NABL (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരവികസന വകുപ്പ് ജില്ലാതലത്തിൽ നടത്തിയ പാൽ പരിശോധനയിൽ ചില സന്ദർഭങ്ങളിൽ താഴെപ്പറയുന്ന കമ്പനികളുടെ പാൽ സാമ്പിളുകൾ നിശ്ചിത ഗുണനിലവാരം പുലർത്തിയിരുന്നില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്:

1. PDDP
2. മലനാട്
3. വാഗമൺ
4. ഗോപിക
5. ശക്തി
6. മിൽക്കോ
7. എ-വൺ
8. ഒമേഗ
9. കൗമ
10. അമൃത
11. ക്ഷീര
12. ജീവ
13. അമ്പാടി
14. ഹിമ.

ഭക്ഷ്യസുരക്ഷാ നിയമം 2011 പ്രാബല്യത്തിൽ വന്നതിനുശേഷം പാലിന്റെ നിയമപരമായ സാമ്പിൾ ശേഖരിക്കുന്നതിനും പരിശോധന നടത്തി ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന് മാത്രമാണ് അധികാരമുള്ളത്. ആയതിനാൽ ക്ഷീരവികസന വകുപ്പ് ഇക്കാര്യത്തിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല. ഭക്ഷ്യസുരക്ഷാ വകുപ്പ് പാലിന്റെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്നവ നിശ്ചിത ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്:

1. അമ്പാടി പശുവിൻപാൽ
2. ഹൈടെക് ഡെയറി മിൽക്ക്
3. മാറനല്ലൂർ ക്ഷീര വ്യവസായ സഹകരണ സംഘം
4. അക്ഷയ് മിൽക്ക്
5. വരളുർ മിൽക്ക് സൊസൈറ്റി
6. ഓം കൃഷ്ണ മിൽക്ക്
7. മിൽവെ മിൽക്ക്
8. ജി.എസ്.എം. പാല
9. നാഞ്ചിൽ മിൽക്ക്
10. സോഫിയ രാജാ മിൽക്ക് ഫാം
11. ഐ.ഡി. മിൽക്ക്, കോവളം
12. തിരുമല മിൽക്ക്
13. ഏറനാട് കൗ മിൽക്ക്
14. റിച്ച് ഡെയറി അണ്ണനാട്
15. ആർ.കെ.ബി. ഫുഡ് പ്രോഡക്ട്സ്
16. ജി.എസ്.എം. ഡെയറി പള്ളിയാർ
17. ഏറനാട് പശുവിൻ പാൽ
18. ഗോകുലം ഡെയറി അഖിലാണ്ടപുരം, പൊള്ളാച്ചി.

ഈ കമ്പനികൾക്കെതിരെ കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി

137(835) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മേഖലയിൽ ഉൽപാദനത്തിൽ ഉണ്ടായ വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി 2017-18-ൽ ക്ഷീര വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്:

| | | | |
|---|---|---|---|
| (1) | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| (2) | തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| (3) | ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| (4) | എം.എസ്.ഡി.പി.(മിൽക്ക് ഷെഡ് വികസന പദ്ധതി) | - | 4179 ലക്ഷം |
| (5) | കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| (6) | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| (7) | ക്ഷീരകർഷക ക്ഷേമനിധിക്കുള്ള ധനസഹായം | - | 25 ലക്ഷം |
| (8) | വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - | 25 ലക്ഷം |
| | ആകെ | - | 9775 ലക്ഷം |

(ബി) വിലയിരുത്തിയിട്ടുണ്ട്. 2016-17-ൽ കടുത്ത വേനൽ അനുഭവപ്പെട്ട സമയത്തുപോലും പാൽ ഉല്പാദനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടില്ല. ഈ സമയത്ത് ശുദ്ധജലത്തിന്റെ ലഭ്യതക്കുറവും കാലിത്തീറ്റയുടെയും നാണ്യവിളകളുടെയും അഭാവംമൂലവും തീറ്റച്ചെലവ് ഗണ്യമായി വർദ്ധിച്ചതിനാൽ കർഷകരെ സഹായിക്കുന്നതിനായി പച്ചപ്പുല്ല്, വയ്ക്കോൽ എന്നിവ ഇതര സംസ്ഥാനങ്ങളിൽനിന്നും

ശേഖരിച്ച് ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കിയിരുന്നു. സർക്കാർ ഈ മേഖലയിൽ നടപ്പിലാക്കിയ ഫലപ്രദമായ ഇടപെടലുകൾമൂലം സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി മിൽമ അന്യസംസ്ഥാനങ്ങളിൽ നിന്നായി 2.5 ലക്ഷം ലിറ്റർ പാൽ കൊണ്ടുവന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ 1.5 ലക്ഷം ലിറ്റർ പാൽ മാത്രമാണ് കൊണ്ടുവരുന്നത്. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

<u>മലബാർ മേഖലാ യൂണിയൻ:</u>

1. കിടാരി സംരക്ഷണ പദ്ധതി
2. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.
3. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി.
4. പച്ചപ്പുല്ലും മറ്റ് ഉൽപാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി.
5. ഫാം സപ്പോർട്ട് പദ്ധതി വഴി ഡെയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

<u>തിരുവനന്തപുരം മേഖലാ യൂണിയൻ:</u>

1. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡെയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം
4. ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. അകിടുരോഗ നിർമ്മാർജ്ജനം
6. ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

<u>എറണാകുളം മേഖലാ യൂണിയൻ:</u>

1. ഉല്പാദകർക്ക് വേനൽക്കാല ഇൻസെന്റീവ്
2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്

3. ബാങ്ക് വായ്പയെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2,000 രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി

4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി

5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചു നൽകൽ

6. ഡെയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം

7. ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവ പശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി

**ക്ഷീര കർഷകക്ഷേമം**

138(836) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കടക്കെണിയിലായ ക്ഷീര കർഷകർക്കായി ഏർപ്പെടുത്തിയ പ്രത്യേക കടാശ്വാസ പദ്ധതിയുടെ ആനുകൂല്യങ്ങൾ കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ക്ഷീര കർഷകർക്ക് ഡയറിഫാം ആധുനികവൽക്കരിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്ത് മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ക്ഷീരകർഷകരുടെ ക്ഷേമത്തിനായി ക്ഷീരവികസന വകുപ്പ് 2017-18-ൽ താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്:

| | | | |
|---|---|---|---|
| 1. | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| 2. | തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| 3. | ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| 4. | എം.എസ്.ഡി.പി. | - | 4179 ലക്ഷം |
| 5. | കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| 6. | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| 7. | ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം | - | 25 ലക്ഷം |
| 8. | വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - | 25 ലക്ഷം |
| | ആകെ | - | 9775 ലക്ഷം |

കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന സഹായങ്ങൾ നൽകിവരുന്നു:

1. ക്ഷേമനിധി അംഗമായ ക്ഷീരകർഷകൻ പ്രതിവർഷം 500 ലിറ്റർ പാൽ അഞ്ച് വർഷം സംഘത്തിൽ അളക്കുകയും 60 വയസ്സ് പൂർത്തിയാകുകയും ചെയ്യുന്ന മുറയ്ക്ക് പെൻഷൻ അനുവദിച്ചുവരുന്നു. 500 രൂപ നിരക്കിൽ അനുവദിച്ചിരുന്ന പെൻഷൻ ജനുവരി 2017 മുതൽ 1,000 രൂപയായും 2017 ഏപ്രിൽ മുതൽ 1,100 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

2. മരണപ്പെടുന്ന ക്ഷീരകർഷകന്റെ ആശ്രിതർക്ക് 150 രൂപ പ്രതിമാസം കുടുംബപെൻഷൻ അനുവദിച്ചുവരുന്നു.

3. ക്ഷേമനിധി അംഗങ്ങളായ ക്ഷീര കർഷകർക്ക് ചികിത്സാ ധനസഹായവും അപകട മരണം സംഭവിക്കുന്ന ക്ഷീര കർഷകന്റെ ആശ്രിതർക്ക് 50,000 രൂപ സമാശ്വാസ ധനസഹായവും നൽകിവരുന്നു.

4. ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചെലവുകൾക്ക് 3,000 രൂപ അടിയന്തര ധനസഹായം നൽകിവരുന്നു.

5. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000 രൂപ ധനസഹായം നൽകിവരുന്നു.

6. ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1000 രൂപ മുതൽ 2500 രൂപ വരെ അനുവദിച്ചുവരുന്നു.

(ബി) 2016-17-ൽ കടക്കെണിയിലായ ക്ഷീരകർഷകരെ സഹായിക്കുന്നതിനായി അഞ്ച് കോടി രൂപയുടെ കാർഷിക കടാശ്വാസ പദ്ധതി നടപ്പിലാക്കുകയും ഇതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. 2017-18-ൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല. ഇത്തരമൊരു പദ്ധതി നടപ്പിലാക്കുന്നില്ല.

(സി) ക്ഷീരവികസന വകുപ്പ് എം.എസ്.ഡി.പി. പദ്ധതിയിലൂടെ (മിൽക്ക് ഷെഡ് വികസന പദ്ധതി) ഡയറി ഫാം ആധുനികവത്ക്കരിക്കുന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. ശാസ്ത്രീയമായ കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ചാഫ് കട്ടർ, വീൽ ബാരോ, സ്പ്രിംഗ്ലർ, വാട്ടർ ഡ്രിംഗിങ് ബൗൾ സിസ്റ്റം, ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത സഹായം തുടങ്ങിയവയ്ക്കാണ് പ്രധാനമായും സഹായം നൽകുന്നത്.

(ഡി) തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്ന പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "Risk Management and Insurance" എന്ന ഘടകത്തിൽ 2016-17-ൽ 104.28 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാന വിഹിതം 69.52 ലക്ഷം രൂപ കൂടി ലഭ്യമാക്കി മൊത്തം 173.8 ലക്ഷം അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകി കന്നുകാലികൾക്ക് സംരക്ഷണം നൽകുന്നതിനും അതുവഴി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. ടി പദ്ധതി പ്രകാരം 20932 കറവപശുക്കളെ ഇൻഷ്വർ ചെയ്യുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. 2017-18 ബഡ്ജറ്റിൽ സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് "ഗോസമൃദ്ധി പദ്ധതിക്കായി" അഞ്ച് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം 60000 ഉരുക്കളെ ഇൻഷ്വർ ചെയ്യാൻ കഴിയും.

## കൃത്രിമ പാൽ വിതരണം

139(837) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃത്രിമപാൽ വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും മാർക്കറ്റിൽ നിന്ന് ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് റീജിയണൽ ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡയറി ഡയറക്ടറേറ്റിനോടനുബന്ധിച്ച് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രെഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു. അന്യസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ഇടവിട്ടുള്ള അവസരങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്താറുണ്ട്. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ പുതുതായി തുടങ്ങിയ രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റുകളിൽ ഉൾപ്പെടെ പരിശോധനയ്ക്കായി വിനിയോഗിക്കുന്നുണ്ട്. മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽനിന്നും ലഭിക്കുന്ന പാൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിന് ശേഷമാണ് സ്വീകരിക്കുന്നത്. കേരളത്തിലെ മിൽമ പ്ലാന്റുകളിലെല്ലാംതന്നെ ഇതിനായുള്ള സുസജ്ജമായ ലബോറട്ടറികൾ ഉണ്ടാക്കിയിട്ടുണ്ട്. മിൽമ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ്, ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമെയുള്ള എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റഡ് ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ് ആന്റിബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

**നിലവാരം കുറഞ്ഞ പാലിന്റെ വിതരണം**

140(838) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാൽ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരിശോധന നടത്തുന്നതിന് സർക്കാർ സംവിധാനം നിലവിലുണ്ടോ;

(ബി) 2016 മേയ് മുതൽ 2017 ജൂൺ വരെ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു അന്വേഷണം നടത്തിയിട്ടുണ്ടെന്നും ആരെയെല്ലാം ശിക്ഷിച്ചുവെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും മാർക്കറ്റിൽ നിന്ന് ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നുണ്ട്. ഇതിനായി ലബോറട്ടറികളും സജ്ജീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് റീജിയണൽ ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡയറി ഡയറക്ടറേറ്റിനോടനുബന്ധിച്ച് എൻ.എ.ബി.എൽ. (നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡയറി ലാബും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന പാലും പാലുല്പന്നങ്ങളും ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്.

(ബി) 2011-ലെ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി പാലുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഗുണനിലവാരം കുറഞ്ഞ പാൽ വിതരണം ചെയ്തതായി പ്രസ്തുത വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മായം കലർന്നതോ മനുഷ്യ ശരീരത്തിൽ ഹാനികരമായതോ ആയ പാലുകൾ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലെന്ന് ഫുഡ് അനലിസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഒരു കേസും തൃശ്ശൂർ ജില്ലയിൽ രണ്ട് കേസുകളും പത്തനംതിട്ടയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമ്പാടി പശുവിൻപാൽ, ഹൈടെക് ഡെയറി മിൽക്ക്, അക്ഷയ് മിൽക്ക്, വരളുർ മിൽക്ക് സൊസൈറ്റി, ജി.എസ്.എം. പാല, നാഞ്ചിൽ മിൽക്ക്, സോഫിയ രാജാ മിൽക്ക് ഫാം, ഐ.ഡി. മിൽക്ക് കോവളം, തിരുമല മിൽക്ക്, ഏറനാട് കൗ മിൽക്ക്, റിച്ച് ഡെയറി അണ്ണനാട്, ആർ.കെ.ബി. ഫുഡ് പ്രോഡക്ട്സ്, ജി.എസ്.എം. ഡെയറി പള്ളിയാർ, ഏറനാട് പശുവിൻ പാൽ എന്നീ കമ്പനികളുടെ പാലുകളുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾക്കെതിരെ കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എറണാകുളത്ത് വിതരണം ചെയ്തിരുന്ന ഗോകുലം ഡയറിയുടെ (ഗോകുലം ഡയറി, അഖിലാണ്ടപുരം, പൊള്ളാച്ചി) പാൽ പാക്കറ്റ് സാമ്പിൾ എടുത്ത് പരിശോധന നടത്തിയപ്പോൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തുകയും ടി സ്ഥാപനത്തിനെതിരെ 50,000 രൂപ പിഴ ചുമത്തി ശിക്ഷിച്ചിട്ടുമുണ്ട്.

## സംസ്ഥാനത്തെ പാൽ ഉപഭോഗം

141(839) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ പാൽ ഉപഭോഗത്തിന്റെ പ്രതിദിന കണക്ക് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിനു പുറത്ത് നിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്ന കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രതിദിനം ഏകദേശം 87 ലക്ഷം ലിറ്റർ പാൽ ഉപയോഗിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) കൃത്യമായ കണക്ക് ലഭ്യമല്ല. സഹകരണ പ്രസ്ഥാനമായ മിൽമ 2017 ജൂലൈ മാസത്തിൽ പ്രതിദിനം ശരാശരി 1,50,000 ലിറ്റർ പാൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നിരുന്നു. സ്വകാര്യ ഡയറികൾ കൊണ്ടുവരുന്ന പാലിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല.

## കൊയിലാണ്ടിയിലെ കാലിത്തീറ്റ ഫാക്ടറി

142(840) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊയിലാണ്ടിയിലെ കാലിത്തീറ്റ ഫാക്ടറിയോടനുബന്ധിച്ച് ലഭ്യമായ സ്ഥലത്ത് മൃഗസംരക്ഷണ മേഖലയിലെ ഉപയോഗപ്രദമായ അനുബന്ധ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

പ്രസ്തുത സ്ഥലത്ത് മൃഗസംരക്ഷണ വകുപ്പ് അനുബന്ധ പദ്ധതികളൊന്നും തന്നെ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

## ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കിയ പദ്ധതികൾ

143(841) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പാലുല്പാദനത്തിൽ എത്ര വർഷത്തിനകം സ്വയം പര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷീര മേഖലയിലെ പ്രശ്നങ്ങൾ സമഗ്രമായി ചർച്ച ചെയ്യുന്നതിന് 'ക്ഷീര കർഷക പാർലമെന്റ്' ചേർന്നിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2017-18-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

| | | | |
|---|---|---|---|
| 1. | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| 2. | തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| 3. | ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |
| 4. | എം.എസ്.ഡി.പി.(മിൽക്ക് ഷെഡ് വികസന പദ്ധതി) | - | 4179 ലക്ഷം |
| 5. | കാറ്റിൽ ഫീഡ് സബ്സിഡി | - | 1400 ലക്ഷം |
| 6. | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - | 2585 ലക്ഷം |
| 7. | ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം | - | 25 ലക്ഷം |
| 8. | വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - | 25 ലക്ഷം |
| | ആകെ | - | 9775 ലക്ഷം |

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു:

മലബാർ മേഖലാ യൂണിയൻ:

1. കിടാരി സംരക്ഷണ പദ്ധതി
2. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ സ്ഥലങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.

3. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി.

4. പച്ചപ്പുല്ലും മറ്റ് ഉൽപ്പാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി.

5. ഫാം സപ്പോർട്ട് പദ്ധതി വഴി ഡെയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

<u>തിരുവനന്തപുരം മേഖലാ യൂണിയൻ:</u>

1. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡെയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം
4. ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. അകിടുരോഗ നിർമ്മാർജ്ജനം
6. ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്

<u>എറണാകുളം മേഖലാ യൂണിയൻ:</u>

1. ഉല്പാദകർക്ക് വേനൽക്കാല ഇൻസെന്റീവ്

2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്

3. ബാങ്ക് വായ്പയെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000 രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി

4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി

5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചുനൽകൽ

6. ഡെയറി റിഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം

   ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവ പശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി

(ബി) പാലുല്പാദനത്തിൽ 2018 അവസാനത്തോടെ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(സി) 2016-17 വാർഷിക പദ്ധതി പ്രകാരം പട്ടാമ്പിയിൽ വച്ച് നടത്തിയ സംസ്ഥാന ക്ഷീരകർഷക സംഘമത്തിൽ സംസ്ഥാനത്തെ 162 ക്ഷീര വികസന യൂണിറ്റുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കർഷകരെ സംഘടിപ്പിച്ചുകൊണ്ട് ക്ഷീരകർഷക പാർലമെന്റ്, സംഘടിപ്പിക്കുകയും ഇതിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾകൂടി 2017-18-ലെ പദ്ധതി രൂപീകരണത്തിൽ പരിഗണിക്കുകയും ചെയ്തിട്ടുണ്ട്.

**ക്ഷീരോല്പാദന പദ്ധതികൾ**

144(842) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) എതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കിയത്; വിശദമാക്കാമോ;

(സി) ക്ഷീരോൽപ്പാദന മേഖലയിലേക്ക് ചെറുപ്പക്കാരെ ആകർഷിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2017-18-ൽ 9775 ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത് :

(ബി) ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് 2017-18-ൽ 9775 ലക്ഷം രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ഇതിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| 1. | ക്ഷീരവിജ്ഞാന വ്യാപന പ്രവർത്തനം | - | 495 ലക്ഷം |
| 2. | തീറ്റപ്പുൽകൃഷി വികസന പദ്ധതി | - | 600 ലക്ഷം |
| 3. | ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ശാക്തീകരണം | - | 466 ലക്ഷം |

| | | |
|---|---|---|
| 4. | (മിൽക്ക് ഷെഡ് വികസന പദ്ധതി) എം.എസ്.സി.പി. | - 4179 ലക്ഷം |
| 5. | കാറ്റിൽ ഫീഡ് സബ്സിഡി | - 1400 ലക്ഷം |
| 6. | ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം | - 2585 ലക്ഷം |
| 7. | ക്ഷീരകർഷക ക്ഷേമനിധിയ്ക്കുള്ള ധനസഹായം | - 25 ലക്ഷം |
| 8. | വയനാട് ജില്ലയ്ക്കുള്ള സമഗ്ര ക്ഷീര വികസന പദ്ധതി | - 25 ലക്ഷം |
| | ആകെ | - 9775 ലക്ഷം |

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

മലബാർ മേഖലാ യൂണിയൻ:

1. കിടാരി സംരക്ഷണ പദ്ധതി
2. നിലമ്പൂർ, അട്ടപ്പാടി, പട്ടാമ്പി, കോട്ടക്കൽ എന്നിവിടങ്ങളിലെ കർഷകർക്ക് പശുക്കളെ വാങ്ങുന്നതിന് സംഘങ്ങൾക്ക് മിൽമയുടെ ഫണ്ടുപയോഗിച്ച് റിവോൾവിംഗ് ഫണ്ട് നൽകി.
3. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സാമ്പത്തിക സഹായത്തോടെ പശുക്കളെ വിതരണം ചെയ്യുന്ന പദ്ധതി.
4. പച്ചപ്പുല്ലും മറ്റ് ഉൽപാദനോപാധികളും മിൽമ വക സബ്സിഡിയോടെ കർഷകർക്ക് ലഭ്യമാക്കുന്ന പദ്ധതി.
5. ഫാം സപ്പോർട്ട് പദ്ധതി വഴി ഡെയറി ഫാമുകൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ:

1. കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
2. മിനി ഡയറി പദ്ധതി
3. കാലിത്തൊഴുത്ത് നവീകരണം
4. ആട്ടോമാറ്റിക് മിൽക്കിംഗ് മെഷീൻ
5. അകിടുരോഗ നിർമ്മാർജ്ജനം
6. ക്ഷീരസംഘം ജീവനക്കാർക്കായുള്ള ഇൻസെന്റീവ്.

എറണാകുളം മേഖലാ യൂണിയൻ:

1. ഉല്പാദകർക്ക് വേനൽക്കാല ഇൻസെന്റീവ്

2. പ്രതിദിനം 50 ലിറ്ററിൽ കൂടുതൽ പാൽ സംഘത്തിന് നൽകുന്ന ക്ഷീര കർഷകർക്ക് ലിറ്ററിന് 50 പൈസ നിരക്കിൽ ഫാം ഇൻസെന്റീവ്

3. ബാങ്ക് വായ്പയെടുത്ത് പശുക്കളെ വാങ്ങുന്ന കർഷകർക്ക് പശു ഒന്നിന് 2000 രൂപ നിരക്കിൽ ഒരു കർഷകന് 4 പശുക്കൾക്ക് വരെ പലിശ സബ്സിഡി

4. ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കിൽ പശുക്കളെ മാസ്റ്റർ പോളിസിക്ക് കീഴിൽ ഇൻഷ്വർ ചെയ്യുന്ന പദ്ധതി

5. കുറഞ്ഞ നിരക്കിൽ വൈക്കോൽ കർഷകർക്ക് എത്തിച്ചുനൽകൽ

6. ഡെയറി ഫാമുകളുടെ യന്ത്രവൽക്കരണത്തിന് ധനസഹായം

7. ബന്ധപ്പെട്ട വകുപ്പുകളുടെ ധനസഹായത്തോടെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് കറവ പശുക്കളെയും കിടാരികളെയും നൽകുന്ന പദ്ധതി.

(സി) ആവിഷ്കരിച്ചിട്ടുണ്ട്. ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നതിന് പുതിയ സംരംഭകർക്ക് പ്രത്യേകിച്ച് യുവതീയുവാക്കൾക്ക് ആവശ്യമായ സാങ്കേതിക അറിവും സാമ്പത്തിക സഹായവും ക്ഷീര വികസന വകുപ്പ് നൽകുന്നു. ഈ ലക്ഷ്യത്തോടെ വകുപ്പിന് കീഴിലുള്ള ക്ഷീരപരിശീലന കേന്ദ്രങ്ങൾ മുഖേന മികച്ച പരിശീലനം നൽകുന്നു. ക്ഷീരവികസന വകുപ്പിന്റെ മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരഗ്രാമം, ഡെയറി സോൺ പദ്ധതികളിലൂടെ യുവാക്കൾക്ക് പ്രത്യേക പരിഗണന നൽകി ഡെയറി യൂണിറ്റ്, കിടാരി വളർത്തൽ യൂണിറ്റ്, ഹൈടെക് ഡെയറി യൂണിറ്റ് (20 പശു യൂണിറ്റ്) എന്നിവ ആരംഭിക്കുന്നതിനുള്ള ധനസഹായം നൽകുന്നു.

**തിരുവനന്തപുരം മൃഗശാലയുടെ ശോചനീയാവസ്ഥ**

145(843) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയുടെ ശോചനീയമായ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ ഇവിടെ എത്തുന്ന കാഴ്ചക്കാർ ദുഃഖിതരായി മടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗശാലകളിൽ ജനങ്ങളെ കൂടുതൽ ആകർഷിക്കുന്ന ആനകൾ, ജിറാഫുകൾ, സീബ്രകൾ, മലയണ്ണാനുകൾ, വിവിധതരം സിംഹങ്ങൾ, ഒട്ടകങ്ങൾ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലി, വെള്ളസിംഹം, ജാഗ്വാർ ഇങ്ങനെ ഒട്ടനവധി മൃഗങ്ങൾ തിരുവനന്തപുരം കാഴ്ചബംഗ്ലാവിൽ ഇല്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം മൃഗശാലയിൽ നിലവിൽ ജോലി ചെയ്യുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ;

(ഡി) ഒരു മാസം മൃഗശാലയിലെ ഉദ്യോഗസ്ഥർക്ക് ശമ്പള ഇനത്തിൽ ചെലവാകുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) മൃഗശാല അടിയന്തരമായി നവീകരിയ്ക്കാനും, പുതിയ മൃഗങ്ങളെ എത്തിയ്ക്കാനും, മുകളിൽ സൂചിപ്പിച്ച ഇല്ലാത്ത മൃഗങ്ങളെ ലഭ്യമാക്കാനും പദ്ധതി തയ്യാറാക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മൃഗശാല ശോചനീയാവസ്ഥയിലല്ല പ്രവർത്തിക്കുന്നത്. കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം ലഭിച്ച മാസ്റ്റർ പ്ലാൻ പ്രകാരം നവീകരണ പ്രവർത്തനങ്ങൾ മൃഗശാലയിൽ നടത്തിവരുന്നു. കാഴ്ചക്കാർ ദുഃഖിതരായി മടങ്ങേണ്ട സാഹചര്യം മൃഗശാലയിലില്ല.

(ബി) ചോദ്യത്തിൽ പറഞ്ഞിട്ടുള്ള മൃഗങ്ങളിൽ മലയണ്ണാനുകൾ, ഹൈബ്രിഡ് സിംഹങ്ങൾ എന്നിവ ഒഴികെയുള്ള മൃഗങ്ങൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തിരുവനന്തപുരം മൃഗശാലയിൽ നിലവിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) 15,84,906 രൂപയാണ് ഒരു മാസം മൃഗശാലയിൽ ജീവനക്കാരുടെ ശമ്പളയിനത്തിൽ ചെലവാകുന്ന തുക.

(ഇ) തിരുവനന്തപുരം മൃഗശാലയിലെ നവീകരണത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങുകയും പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. മൃഗശാലയിൽ ലഭ്യമല്ലാത്ത ഏഷ്യൻ സിംഹങ്ങളെയും കഴുതപ്പുലികളെയും ഹൈദ്രാബാദ്, കാൺപൂർ മൃഗശാലകളിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി മൃഗങ്ങളെ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജിറാഫ്, സീബ്ര, വൈറ്റ് ലയൺ, ജാഗ്വാർ എന്നീ വിദേശയിനം മൃഗങ്ങളെ ബഹുമാനപ്പെട്ട ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം തിരുവനന്തപുരം മൃഗശാലയിൽ കൊണ്ടുവരുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരം വാങ്ങി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നേമം നിയോജക മണ്ഡലത്തിൽ കുളങ്ങളുടെ നവീകരണം

146(844) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി.)-യുടെ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കുളങ്ങളാണ് നേമം നിയോജക മണ്ഡലത്തിൽ തിരഞ്ഞെടുത്തിട്ടുള്ളതെന്നും അതിൽ എത്ര കുളങ്ങളുടെ നവീകരണം പൂർത്തീയായിട്ടുണ്ടെന്നും ഇനി ഏതൊക്കെ കുളങ്ങളാണ് പണി പൂർത്തീകരിക്കുവാനുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന 14 കുളങ്ങളാണ് നേമം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ളത്. (കുളങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*) അതിൽ 11 കുളങ്ങളുടെ നവീകരണം പൂർത്തിയായി. പൊന്നുമംഗലം വാർഡിലെ നെടുംകുളം, മേലാങ്കോട് വാർഡിലെ ആമീൻകുളം, എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കുളം എന്നീ മൂന്ന് കുളങ്ങളുടെ പണിയാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) ഉണ്ട്. സമയബന്ധിതമായി പണികൾ പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നത് 3 കുളങ്ങളാണ്. (1) പൊന്നുമംഗലം വാർഡിലെ നെടുംകുളം. കുളത്തിന്റെ അതിര് തർക്കവുമായി ബന്ധപ്പെട്ട് അതിര് തീരുമാനിക്കാനായി റസിഡന്റ്സ് അസോസിയേഷൻ നേമം വില്ലേജ് ഓഫീസർക്ക് അപേക്ഷ നൽകിയിരുന്നു. അതിൻപ്രകാരം റീ സർവ്വേയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ നൽകിയിരിക്കുകയാണ്. (2) മേലങ്കോട് വാർഡിലെ ആമീൻകുളത്തിനോട് ചേർന്ന് കോർപ്പറേഷന്റെ കീഴിൽ ഓട നിർമ്മാണം നടക്കുകയാണ്. അത് പൂർത്തിയാകുന്നവരെ കുളത്തിന്റെ പണികൾ നിർത്തിവച്ചിരിക്കുന്നു. (3) എസ്റ്റേറ്റ് വാർഡിലെ നന്തൻകോട് കുളം നവീകരണം പൂർത്തിയായെങ്കിലും കുളത്തിനോട് ചേർന്ന് വരുന്ന ഇറിഗേഷൻ കനാലിൽ നിന്നും വൻതോതിൽ ഒഴുകിയെത്തുന്ന മലിനജലം കുളത്തിന്റെ ഒരു ഭാഗത്ത് നാശനഷ്ടങ്ങൾക്ക് കാരണമാകുകയും അതിന് പരിഹാരമായി പ്രസ്തുത കുളത്തിന് ചുറ്റും ഓട നിർമ്മിച്ച് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തമിഴ്നാട് നടത്തുന്ന ജലചൂഷണം

147(845) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഡാമുകളിൽനിന്ന് തമിഴ്നാട് ജലചൂഷണം നടത്തുന്നതായിട്ടുള്ള എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) ജലചൂഷണം തടയുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തിന്റെ ഡാമുകളിൽനിന്ന് തമിഴ്നാട് ജലചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഡാമിലേയ്ക്ക് ഒഴുകിയെത്തുന്ന നദികളിൽ നിന്നോ കൈവഴികളിൽ നിന്നോ കുടിവെള്ളത്തിനുവേണ്ടിയും മറ്റും ജലം തിരിച്ചുവിടുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കേരള സംസ്ഥാനത്തിന്റെ ജലസമ്പത്ത് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് അനധികൃതമായി കടത്തുന്നോയെന്ന് പരിശോധിക്കാൻ ജലസേചന വകുപ്പിൽ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു. വിജിലൻസ് കോ-ഓർഡിനേറ്ററായും അതാത് നദീതടങ്ങളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥർ എല്ലാ മാസവും ഇൻസ്പെക്ഷൻ നടത്തി നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ ബന്ധപ്പെട്ട സംസ്ഥാനങ്ങളെയും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്.

## കാളിപ്പാറ പദ്ധതി

148(846) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ടൗൺ എൻ.എച്ച്. റോഡിൽ കാളിപ്പാറ പദ്ധതി പ്രകാരം പൈപ്പ് സ്ഥാപിക്കുന്നതിന്റെ നടപടികൾ പൂർത്തിയായോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(സി) കാളിപ്പാറ പദ്ധതി ഏത് വർഷത്തിൽ ആണ് ആരംഭിച്ചതെന്നും ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം എന്തു കൊണ്ടാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നെയ്യാറ്റിൻകര ടൗണിൽ 700 മി.മീ. വ്യാസമുള്ള ഡക്ടൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതിക്കായി അപേക്ഷകൾ സമർപ്പിച്ചിരുന്നെങ്കിലും എൻ.എച്ച്. അധികാരികളിൽനിന്നും ഇതുവരെയും അനുവാദം ലഭിച്ചിട്ടില്ല. ടി അനുമതിയും ആശുപത്രി ജംങ്ഷനിലെ റെയിൽവേ ക്രോസിംഗ് അനുമതിയും ലഭ്യമാവുകയും പണ്ടാരക്കോണം, പൂഴിക്കുന്ന്, പൊൻവിള എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട ഘടകങ്ങൾക്കാവശ്യമായ സ്ഥലവും ലഭ്യമാവുകയും ചെയ്താൽ മാത്രമേ പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

(സി) കേന്ദ്ര സർക്കാരിന്റെ ത്വരിത ഗ്രാമീണ പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റശേഖരമംഗലം ഘട്ടം 1-നും 2-നും 2002-ൽ ഭരണാനുമതി നൽകുകയും 2003-ൽ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്ത് ശുദ്ധജല വിതരണം നടത്തിവരുന്നു. നെയ്യാറ്റിൻകര ആലുംമൂട് ജങ്ഷനിലെ എൻ.എച്ച്. ക്രോസിംഗ് അനുമതിയും ആശുപത്രി ജങ്ഷനിലെ റെയിൽവേ ക്രോസിംഗ് അനുമതിയും ലഭ്യമാകാത്തതും പണ്ടാരക്കോണം, പൂഴിക്കുന്ന്, പൊൻവിള എന്നിവിടങ്ങളിൽ നിർമ്മിക്കേണ്ട ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകാത്തതുമാണ് പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസമുണ്ടാകുന്നത്.

**നെൽകൃഷി നശിക്കുന്നത് തടയുന്നതിന് നടപടി**

149(847) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപ്പുവെള്ളം കയറി നെൽകൃഷി നശിക്കുന്നത് തടയുന്നതിനായി തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളിൽ താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിനായി വർഷം തോറും തുക ചെലവഴിക്കുന്നതിന് പകരം ലീക്ക് പ്രൂഫ് റബ്ബറൈസ്ഡ് ഷട്ടറുകൾ നിർമ്മിക്കുന്നതിന് സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## അണക്കെട്ടുകളിലെ മണലും കളിമണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി

150(848) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽനിന്നും മണലും കളിമണ്ണും നീക്കം ചെയ്യുന്നതിനുള്ള പദ്ധതി പുനരുജ്ജീവിപ്പിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) അണക്കെട്ടുകളിലെ മണൽ വാരലിനെക്കുറിച്ച് ശാസ്ത്രീയമായി പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പരീക്ഷണാടിസ്ഥാനത്തിൽ മുമ്പ് നടത്തിയ മണൽ വാരലിലെ പോരായ്മകൾ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; ആധുനിക സാങ്കേതികവിദ്യ ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തുമോ;

(ഡി) ജലസംഭരണികളിലെ വെള്ളത്തിന്റെ കലങ്ങൽ എങ്ങനെ പരിഹരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ മണലും കളിമണ്ണും നീക്കം ചെയ്ത് സംഭരണശേഷി പൂർവ്വ രൂപത്തിൽ ആക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. സ.ഉ.(ആർ.റ്റി.)നമ്പർ 898/2016/ജ.വി.വ. തീയതി 18-11-2016 പ്രകാരം റിസർവോയറുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണലും കളിമണ്ണും മറ്റ് പദാർത്ഥങ്ങളും നീക്കംചെയ്യുന്നതിനായി (ഡീസിൽറ്റിംഗ്) തയ്യാറാക്കിയ സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) സർക്കാർ പരിശോധിച്ചു വരുന്നു. സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡുവറിൽ പറഞ്ഞിരിക്കുന്ന ഡീസിൽറ്റിംഗ് നടത്തുന്നതിനുള്ള പൈലറ്റ് പദ്ധതികളായി ചുള്ളിയാർ, മംഗലം എന്നീ അണക്കെട്ടുകളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ മുമ്പ് നടത്തിയ മണൽ വാരലിലെ പോരായ്മകൾ പരിഹരിച്ച് ആധുനിക സാങ്കേതികവിദ്യ ഉൾപ്പെടുത്തിയിട്ടുള്ള സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡുവർ (SOP) ആണ് പരിഗണനയിലുള്ളത്.

(ഡി) ന്യൂമാറ്റിക് ഡ്രില്ലിംഗ് പമ്പ് (Pneumatic drilling pump) പ്രയോജനപ്പെടുത്തി ചെളിയും മണലും നീക്കം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. പമ്പ് ഉപയോഗിച്ച് വലിച്ചെടുക്കുന്ന ദ്രവപദാർത്ഥം പൈപ്പുവഴി തരംതിരിക്കുന്ന സ്ഥലത്ത് എത്തിക്കുകയാണ് ചെയ്യുന്നത്.

സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ (SOP) പ്രകാരം ഡീസിൽറ്റിംഗ് ചെയ്യുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റാന്റേർഡ് പ്രകാരമുള്ള ടർബിഡിറ്റിയേ പാടുള്ളൂവെന്ന് പ്രതിപാദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ഇൻടേക്ക് വെല്ലിന്റെ പരിസരത്തും സെഡിമെന്റ് മാറ്റിയതിനുശേഷം റിസർവോയർ അഥവാ വിവിധ ജലസ്രോതസ്സുകളിലേയ്ക്കും കടത്തിവിടുന്ന ജലത്തിന്റെയും ടർബിഡിറ്റി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ നിരീക്ഷണവും ആവശ്യമാണെന്ന് എസ്.ഒ.പി.-യിൽ നിഷ്കർഷിച്ചിട്ടുണ്ട്.

## ജല അതോറിറ്റി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടം

151(849) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 36 കോടി രൂപ ചെലവ് ചെയ്ത് ജല അതോറിററി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടവും അനുബന്ധ സോഫ്റ്റ് വെയറും ഉദ്ഘാടനം കഴിഞ്ഞ് മാസങ്ങൾ പിന്നിട്ടിട്ടും ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിൽ ഗ്രീൻ ബെൽറ്റിൽ നിർമ്മിച്ച ഈ കെട്ടിടത്തിന് ഉദ്ഘാടന സമയത്തും കെട്ടിടത്തിനാവശ്യമായ ഒരു അനുമതിയും ഒരിടത്ത് നിന്നും ലഭിച്ചിരുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(സി) എങ്കിൽ കെട്ടിടനിർമ്മാണം ക്രമവൽക്കരിച്ച് പ്രവർത്തനസജ്ജമാക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(ഡി) കെട്ടിടം എന്നത്തേക്ക് പ്രവർത്തന സജ്ജമാക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെട്ടിട പണി പൂർത്തീകരിച്ച ശേഷമാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫയർ ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധനയ്ക്ക് ശേഷം ചില പുതിയ സംവിധാനങ്ങൾ സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇവ പൂർത്തീകരിച്ച് ഫൈനൽ എൻ.ഒ.സി.-ക്കായി സമർപ്പിച്ചിരിക്കുകയാണ്. ഇതാണ് കാലതാമസത്തിനിടയാക്കിയത്. ജല അതോറിറ്റി ആസ്ഥാനത്ത് നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്ത 2017 ഫെബ്രുവരി 27 മുതൽ തന്നെ സോഫ്റ്റ്വെയർ ഭാഗികമായി പ്രവർത്തനം ആരംഭിച്ചിരുന്നു. മാർച്ച് മാസത്തോടു കൂടി കേരളത്തിലെ എല്ലാ ജല അതോറിറ്റി ഓഫീസുകളെയും ഉൾപ്പെടുത്തി പൂർണ്ണമായ തോതിൽ പ്രവർത്തിച്ചുവരുന്നു. നിലവിൽ പൊതുജനങ്ങൾക്ക് നേരിട്ട് പരാതികൾ രജിസ്റ്റർ ചെയ്യാനും തുടർന്ന് പരാതിയുടെ തുടർ നടപടികളുടെ നിലവാരം അറിയാനുമുള്ള സൗകര്യം ലഭ്യമാണ്.

(ബി&സി) ഈ കെട്ടിടത്തിന്റെ പെർമിറ്റിന് ആവശ്യമായ എല്ലാ രേഖകളും 22-8-2014-നുതന്നെ തിരുവനന്തപുരം നഗരസഭയ്ക്ക് നൽകുകയുണ്ടായി. എന്നാൽ 21-2-2017-നാണ് കെട്ടിടത്തിന്റെ കുറച്ചുഭാഗം സർക്കാർ അംഗീകൃത ഡി.റ്റി.പി. സ്കീമിലാണ് നിർമ്മിച്ചിരിക്കുന്നതെന്ന വിവരം നഗരസഭ അറിയിച്ചത്. തുടർന്ന് ഈ വിഷയം പരിശോധിക്കുകയും 1-7-2017-ലെ സ.ഉ. നമ്പർ 2218/2017/ത.സ്വ.ഭ.വ. പ്രകാരം ഈ കെട്ടിടത്തിന്റെ നിർമ്മാണം ക്രമവത്ക്കരിച്ച് നൽകുകയുമുണ്ടായി. കേരള ബിൽഡിംഗ് റൂൾസ് (കെ.ബി.ആർ.) പ്രകാരമാണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്.

(ഡി) കെട്ടിടം 2017 ആഗസ്റ്റ് 17-ാം തീയതി മുതൽ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുംവരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ**

152(850) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മഴയുടെ അളവ് വളരെയധികം കുറവായതിനാൽ സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കൊടും വരൾച്ചയെ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത മുന്നൊരുക്കങ്ങളുടെ ഭാഗമായി കേരളാ വാട്ടർ അതോറിറ്റിയും മൈനർ/മേജർ ഇറിഗേഷൻ വകുപ്പുകളും നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സമീപഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കൊടുംവരൾച്ച നേരിടുന്നതിനായി ജലവിഭവ വകുപ്പ് പല പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണവും പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ടുള്ള ഹരിത കേരളം പദ്ധതി, ഭൂജല വകുപ്പ് നടപ്പിലാക്കുന്ന ചെറുകിട കുടിവെള്ള പദ്ധതികൾ, ഹാന്റ് പമ്പ് സ്കീമുകൾ, ഭൂജലസംരക്ഷണത്തിനായുള്ള കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ, കിണർ/കുഴൽക്കിണർ, റീചാർജ്ജ്, ജലനിധി മുഖേന നടപ്പാക്കുന്ന മഴവെള്ള സംഭരണികളുടെ നിർമ്മാണം, ജലസംരക്ഷണം, ജലവിനിയോഗം സംബന്ധിച്ച വിവിധ ബോധവൽക്കരണ പരിപാടികൾ എന്നിവ ഇവയിലുൾപ്പെടുന്നു. ഇതിനുപുറമെ ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിനായി വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം, പ്രശ്നബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ എന്നിവ കണ്ടെത്താനുമുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

(ബി) ജലവിഭവ വകുപ്പിന്റെ മേജർ/മൈനർ/പ്രോജക്ട് വിഭാഗങ്ങൾ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്ന ഹരിത കേരളം പദ്ധതിയിലൂടെ ഒരു സമഗ്ര നദീതട വികസനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജലസ്രോതസ്സുകളുടെയും കുളങ്ങളുടെയും നവീകരണവും പരിപാലനവും ഇതിലുൾപ്പെടുന്നു. ജലസംഭരണത്തിനുതകുന്നതായ തടയണകൾ, റെഗുലേറ്ററുകൾ, വി.സി.ബി. (വെന്റഡ് ക്രോസ് ബാർ) എന്നിവ നിർമ്മിക്കുകയും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ വിവിധ സ്കീമുകളിലായി ആവിഷ്കരിച്ചിട്ടുണ്ട്. റിസർവോയറുകളിലെ മണലും ചെളിയും നീക്കി സംഭരണശേഷി വർദ്ധിപ്പിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു. PMSKY (Pradhan Manthri Krishi Sinchayee Yojana) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി, കൃഷിക്കാണ് മുൻതൂക്കം നൽകുന്നതെങ്കിലും അതിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളായ തടയണകൾ, വി.സി.ബി., കുളം നവീകരണം എന്നിവ ജലസംരക്ഷണത്തിനുതകുന്നവയാണ്. എന്നാൽ കേന്ദ്ര സഹായം ലഭിക്കാത്തതിനാൽ പ്രസ്തുത പദ്ധതികളൊന്നും നടപ്പിലാക്കാൻ കഴിയുന്നില്ല. വിവിധ ജില്ലകളിൽ മഴക്കുറവ് കാരണം പ്രശ്ന ബാധിത സ്ഥലം, പ്രശ്നരഹിത സ്ഥലം പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങളുടെ പട്ടിക, രൂക്ഷമായ പ്രശ്നമുള്ള സ്ഥലം എന്നിങ്ങനെ തരംതിരിക്കാനും പ്രശ്നങ്ങൾ, പരിഹാര മാർഗ്ഗങ്ങൾ എന്നിവ കണ്ടെത്താനുമുള്ള നിർദ്ദേശം ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിനെപ്പറ്റി ജില്ലാടിസ്ഥാനത്തിൽ ചർച്ചകൾ നടത്തുന്ന കാര്യവും പരിഗണിച്ചുവരുന്നു. ഇത്തരം ചർച്ചകളുടെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് ഭാവിയിൽ ഉണ്ടാകാൻ സാധ്യതയുള്ള വരൾച്ച ഒരു പരിധിവരെ തടയാൻ കഴിയുന്നതാണ്.

## ജലനിധി പദ്ധതി

153(851) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതി നടപ്പിലാക്കുന്നതിന് ലോകബാങ്കിൽനിന്ന് പുതുതായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഫണ്ട് ലഭ്യമാക്കാൻ സാധ്യതയുണ്ടോ;

(സി) ഏതെല്ലാം പഞ്ചായത്തുകളെയാണ് ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശം എന്ന നിലയിലും പിന്നോക്ക മേഖല എന്ന നിലയിലും കാസർഗോഡ് ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളെയും ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഇ) കാസർഗോഡ് ജില്ലയിൽ മുമ്പ് ജലനിധി പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ജലനിധി രണ്ടാംഘട്ട പദ്ധതിക്കായി ലോകബാങ്കിൽനിന്നും അധികഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അധികഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ കൂടുതൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുകയുള്ളൂ.

(ഇ) കാസർഗോഡ് ജില്ലയിൽ ജലനിധി ഒന്നാംഘട്ടത്തിൽ കൊടംബെള്ളൂർ, കാറടുക്ക എന്നീ രണ്ട് പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബെള്ളൂർ, ദേലംപാടി, പുല്ലൂർപെരിയ, പടന്ന, പുത്തിഗെ, ബലാൽ, കിനാനൂർ, കരിന്തളം, ഈസ്റ്റ് എളേരി, മീഞ്ച, പൈവളികെ എന്നീ പഞ്ചായത്തുകളിൽ ജലനിധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്.

**ജലവിഭവ വകുപ്പിലെ പെൻഷൻ പരിഷ്കരണം**

154(852) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ പെൻഷൻ പരിഷ്കരണ നടപടികൾ ഏത് ഘട്ടത്തിൽ വരെ ആയി എന്നു വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകൾ എന്തെങ്കിലും ഇറങ്ങിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് എന്നത്തേയ്ക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 14-3-2017-ലെ സ.ഉ.(അച്ചടി)36/2017/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള വാട്ടർ അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ 1-7-2014 മുതൽ പ്രാബല്യം നൽകിക്കൊണ്ട് പരിഷ്കരിച്ചിട്ടുണ്ട്.

(സി) മേൽ പ്രസ്താവിച്ച സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ 4-4-2017-ലെ കെ.ഡബ്ല്യു.എ./ജെ.ബി./ഇ 1-7878/2017 നമ്പർ ഉത്തരവ് പ്രകാരം രണ്ട് പെൻഷൻ റിവിഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലുകളുടെ മേൽനോട്ടത്തിൽ പി.പി.ഒ. നമ്പർ 1 മുതൽ 4500 വരെയുള്ളവരുടെ പെൻഷൻ പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന 3500 പെൻഷൻകാരുടെ പെൻഷൻ പരിഷ്കരണ നടപടികൾ 30-9-2017-ൽ പൂർത്തിയാക്കാവുന്ന രീതിയിൽ പുരോഗമിച്ചുവരുന്നു. പുതുക്കിയ നിരക്കിലുള്ള പെൻഷൻ എത്രയുംവേഗം വിതരണം ചെയ്യുന്നതിനുള്ള നടപടികളും കേരള ജല അതോറിറ്റി സ്വീകരിച്ചു വരുന്നു.

## അരൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങൾ കല്ല് കെട്ടി സംരക്ഷിക്കുന്നതിന് നടപടി

155(853) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന അരൂർ മണ്ഡലത്തിലെ കുടപുറം, തൈക്കാട്ടുശ്ശേരി, കോടംതുരുത്ത്, പള്ളിപ്പുറം, അരൂർ, ചന്തിരൂർ തുടങ്ങി വേമ്പനാട് കായലിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാകെ 'ഏറ്റവും ഇറക്കവും' എന്ന നിത്യേനയുള്ള പ്രതിഭാസത്തിന്റെ ഭാഗമായി വെള്ളം കയറി, തീരദേശവാസികളുടെ വീടുകൾ താമസിക്കാനാവാതെ നശിക്കുന്ന അവസ്ഥ ഉണ്ടാകുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ബി) തീരപ്രദേശങ്ങൾ കല്ല് കെട്ടി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ; ഇക്കാര്യത്തിൽ വകുപ്പ് അധികൃതരുടെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടാകാതിരിക്കാൻ ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീരപ്രദേശങ്ങൾ കല്ലുകെട്ടി സംരക്ഷിക്കുന്നതിന് പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ആവശ്യപ്രകാരം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## പാടശേഖര വികസന ജലസേചന പദ്ധതി

156(854) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ മുളക്കുളം ഇടയാറ്റുപാടം പാടശേഖര വികസന ജലസേചന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഈ വർഷത്തെ സംസ്ഥാന ബജറ്റിൽ ഈ പദ്ധതിക്ക് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; ആയതിന്റെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര ദിവസത്തിനകം ഭരണാനുമതി ലഭ്യമാക്കാൻ കഴിയും എന്നറിയിക്കാമോ;

(സി) ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കണമെന്ന് കാണിച്ച് 29-3-2017-ൽ ബഹു മന്ത്രിയ്ക്ക് സ്ഥലം എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; ചീഫ് എഞ്ചിനീയരുടെ ഓഫീസിലേയും മന്ത്രി ഓഫീസിലേയും ഫയൽ നമ്പർ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല. ബാധകമല്ല.

(സി) പ്രസ്തുത പ്രൊപ്പോസൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.കെ.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17-ലെ പി.എം.എസ്.കെ.വൈ.-യുടെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) അംഗീകരിച്ച ആനുവൽ ആക്ഷൻ പ്ലാനിൽ (എ.എ.പി.) പ്രസ്തുത പ്രൊപ്പോസൽ ഉണ്ടായിരുന്നതിനാൽ ഡി.പി.ആർ. (ഡീറ്റൈൽഡ് പ്രോജക്ട് റിപ്പോർട്ട്) അംഗീകാരത്തിനുവേണ്ടി സെൻട്രൽ വാട്ടർ കമ്മീഷനിൽ (സി.ഡബ്ല്യൂ.സി.) 31-7-2017-ന് സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ സി.ഡബ്ല്യൂ.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ പി.എൽ.1(എ) മോൺ/18125-കോട്ടയം-പി.എം.കെ. എസ്.വൈ.-ഡി.പി.ആർ./17. മന്ത്രി ഓഫീസിൽ ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്റെ റഫറൻസ് നമ്പർ 2147/എം.(ഡബ്ല്യൂ.ആർ.)/വി.ഐ.പി./2017.

**താനൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

157(855) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന 100 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന താനൂർ നിയോജക മണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തറക്കല്ലിട്ട് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കി കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിന് നിലവിൽ തടസ്സമെന്തെങ്കിലുമുണ്ടോയെന്ന് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) താനൂരും സമീപ പഞ്ചായത്തുകൾക്കുംവേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തിയ ജലവിതരണ പദ്ധതി മൂന്ന് പാക്കേജായിട്ടാണ് നടപ്പിലാക്കുന്നത്. പാക്കേജ് 1,2 എന്നിവയുടെ ടെണ്ടറുകളുടെ സൂക്ഷ്മ പരിശോധന നടന്നുവരികയാണ്. പാക്കേജ് 3-ന്റെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരികയാണ്.

(സി) ടെണ്ടറുകൾക്ക് അംഗീകാരം നൽകി ഒന്നര വർഷത്തിനകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) ഇല്ല.

## മങ്കേരി പാടശേഖര സമിതി

158(856) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മങ്കേരി പാടശേഖര സമിതി ചെയർമാൻ ശ്രീ. കെ. വി. പരമേശ്വരൻ നായർ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) മങ്കേരി പാടശേഖരത്തിൽ ഒരു സ്ഥിരം തടയണ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ;

(സി) ജലവിഭവ വകുപ്പിലുള്ള ഫയലിന്റെ വിശദമായ വിവരം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ മങ്കേരി പാടശേഖരത്തിലെ കനാൽ മുഴുവനായും കോൺക്രീറ്റ് ചെയ്യുക, ഇനിയും പ്രവർത്തനക്ഷമമാക്കാത്ത മോട്ടോറുകൾക്കു ചെയ്യുക ഒരു സ്ഥിരം തടയണ നിർമ്മിക്കുക തുടങ്ങിയവയാണ് ശ്രീ. കെ. വി. പരമേശ്വരൻ നായരുടെ നിവേദനത്തിലെ ആവശ്യം. ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ 1994-ൽ പ്രവർത്തനമാരംഭിച്ച ചെറുകിട ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ള മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ ആശ്രയിച്ചാണ് മങ്കേരി പാടശേഖരത്തിലെ നെൽകൃഷി നടന്നുവരുന്നത്. 40 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിച്ച് ഭാരതപ്പുഴയിൽ നിന്നും 1940 മീറ്റർ നീളമുള്ള കനാലിലൂടെ വെള്ളം പമ്പ് ചെയ്താണ് നിലവിൽ ഈ സ്കീം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനു വേണ്ടി 'മിർപ്പ്' പദ്ധതിയിൽ ലഭിച്ച 40 എച്ച്.പി. മോട്ടോർ ഇവിടെ സ്ഥാപിക്കുന്നതിനും ഈ മോട്ടോർ കൂടി പ്രവർത്തിക്കുന്നതിനാവശ്യമായ പൈപ്പുകളുടെയും കൂടാതെ പമ്പ് ഹൗസിന് ചുറ്റുമതിൽ ഉൾപ്പെടെ 30 ലക്ഷം രൂപയുടെ പ്രവർത്തികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ആകെയുള്ള 1940 മീറ്റർ കനാലിൽ ചെയിനേജ് 0 മുതൽ 1100 മീറ്റർ വരെ മേസൻറി കനാൽ നിലവിലുണ്ട്. (ഇതിൽ 400 മീറ്റർ കോൺക്രീറ്റ് ലൈനിംഗുമുണ്ട്.) തുടർന്നുള്ള 840 മീറ്റർ മൺ കനാലിൽ നിന്നും 200 മീറ്റർ കോൺക്രീറ്റ് കനാൽ നിർമ്മിക്കുന്ന പ്രവൃത്തി 70% പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി പാടത്ത് വിളവെടുത്ത ശേഷം മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) കുറ്റിപ്പുറം പഞ്ചായത്തിലെ ആനപ്പടി എന്ന സ്ഥലത്ത് ഒരു സ്ഥിരം തടയണ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ മേൽ പദ്ധതിക്ക് താഴ്ഭാഗത്തായി കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ കിഫ്ബി ധനസഹായത്തോടെ ഒരു റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ആർ.സി.ബി. നിലവിൽ വന്നാൽ എൽ.ഐ. സ്കീമിന് പമ്പ് ചെയ്യാൻ ആവശ്യമുള്ള ജലം ലഭിക്കും. ആയതിനാൽ തടയണയുടെ ആവശ്യമില്ല.

(സി) ഇതുസംബന്ധിച്ച MI2/62/2017/ജ.വി.വ. ഫയലിൽ ചീഫ് എഞ്ചിനീയർ (ഐ&എ)യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ആനപ്പാറ പൊറ്റമ്പൽ കടവ് തടയണ**

159(857) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിലെ കൂട്ടിലങ്ങാടി പഞ്ചായത്തിലെ ആനപ്പാറ പൊറ്റമ്പൽ കടവ് തടയണയ്ക്ക് നടപ്പ് സാമ്പത്തിക വർഷമോ, അടുത്ത സാമ്പത്തിക വർഷമോ ബജറ്റിൽ തുക വകയിരുത്തുമോ;

(ബി) ഇത് സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ ലഭിച്ച മറുപടി പ്രകാരം വകുപ്പ് തലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18-ലേയ്ക്കുള്ള ബജറ്റ് എസ്റ്റിമേറ്റിൽ 4711-01-103-99 എന്ന ശീർഷകത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) മുൻഗണനാക്രമത്തിന്റെ അടിസ്ഥാനത്തിൽ ധനപുനർവിനിയോഗം വഴി തുക കണ്ടെത്തുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ദേവികുളം നിയോജക മണ്ഡലത്തിലെ പുതിയ പദ്ധതികൾ**

160(858) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ, പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) ഭൂജല വകുപ്പ്:

ദേവികുളം നിയോജക മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക ഫണ്ട് ഉപയോഗിച്ച് പോലീസ് സ്റ്റേഷൻ-മറയൂർ, ഗവൺമെന്റ് എൽ.പി.എസ്.-ചെണ്ടുവര, ദേവികുളം ഗ്രാമപഞ്ചായത്തിലെ ചിറ്റിവര

മസ്റ്ററിന് സമീപം വാർഡ് 3, ചിറ്റിവര സി.എസ്.ഐ. ചർച്ചിന് സമീപം വാർഡ് 3, ചിറ്റിവര ഹോസ്പിറ്റലിന് സമീപം വാർഡ് 3 എന്നിവിടങ്ങളിൽ കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

<u>ജലസേചന വകുപ്പ്:</u>

1. നബാർഡ് - 21 പദ്ധതിക്ക് കീഴിൽ മൂന്നാറിൽ കണ്ണിമല ഭാഗത്ത് 4.35 കോടി രൂപയുടെ ചെക്ക്ഡാം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു.

2. കാവേരി നദീതടത്തിൽ ചെറുകിട ജലസേചന പദ്ധതി കൾക്കായി 2017-18-ലെ ബഡ്ജറ്റിൽ തുക വകയിരു ത്തിയിട്ടുണ്ട്. ഇതനുസരിച്ച് പാമ്പാർ ഉപ നദീതടത്തിൽ ചെക്ക്ഡാമുകളും ജലസംഭരണികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

<u>കേരള ജല അതോറിറ്റി:</u>

ദേവികുളം താലൂക്കിലെ മൂന്നാർ, ബൈസൻവാലി, ദേവികുളം, പള്ളിവാസൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക പഠനങ്ങൾ നടന്നുവരുന്നു.

## തലശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

161(859) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ വികസന പ്രവർത്തങ്ങളാണ് ജലവിഭവ വകുപ്പ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ജലവിഭവ വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ആയതിനുവേണ്ട നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിന് കീഴിൽ തലശ്ശേരി മുനിസിപ്പാലിറ്റിയിലെ കുണ്ടുചിറ കനാലിന്റെ അഭിവൃദ്ധിപ്പെടുത്തൽ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തലശ്ശേരിയിൽ സി.പി. സ്റ്റോൺ 2175-ന് അടുത്ത് തകർന്ന കടൽഭിത്തിയുടെ അടിയന്തര

അറ്റകുറ്റപ്പണികൾ, പാലിശ്ശേരിയിൽ സി.പി. സ്റ്റോൺ 2182-ന് സമീപം തകർന്ന കടൽഭിത്തിയുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ചെയ്യാനുള്ള എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ കീഴിൽ യു.ഐ.ഡി.എസ്.എസ്.എം.ടി. പദ്ധതി പ്രകാരം നിലവിലുള്ള തലശ്ശേരി ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണം തുടർന്നുവരുന്നു. ഈ പ്രവൃത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജലവകുപ്പ് 2016-17 സാമ്പത്തിക വർഷത്തിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ കതിരൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ 1,28,446 രൂപ ചെലവഴിച്ച് കൃത്രിമഭൂജല സംപോഷണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. തലശ്ശേരി നിയോജക മണ്ഡലത്തിൽ കതിരൂർ പഞ്ചായത്തിനെ ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ തെരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരികയും ചെയ്യുന്നു.

(ബി) ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് ജലസേചന വകുപ്പ് നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ച്ചറിന്റെ പുനരുദ്ധാരണത്തിനായുള്ള പ്രവൃത്തികളുടെ ഡി.പി.ആർ. (നദീതടാടിസ്ഥാനത്തിൽ) തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. കൂടാതെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ, പുഴയുടെ സംരക്ഷണ ഭിത്തി നിർമ്മിക്കൽ എന്നിവ ആവശ്യകതയും ഫണ്ട് ലഭ്യതയ്ക്കുമനുസരിച്ച് നടപ്പിലാക്കുന്നതാണ്. 2017-18 ബജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. കേരള ജലഅതോറിറ്റിക്ക് കീഴിൽ തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17-ൽ ഉൾപ്പെടുത്തി 5 ലക്ഷം രൂപയുടെ വയലളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി - പാർസിക്കുന്ന് ഉന്നതതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ച തലശ്ശേരി നിയോജക മണ്ഡലത്തിൽപ്പെട്ട ചൊക്ലി ഗ്രാമപഞ്ചായത്തിലും കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലുൾപ്പെട്ട പാനൂർ നഗരസഭയിലെ ഏതാനും പ്രദേശങ്ങളിലേയ്ക്കും കുടിവെള്ള വിതരണത്തിനായി 8350 ലക്ഷം രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിക്കാവശ്യമായ സ്ഥലം വിട്ടുതരുന്നതിന് സാങ്കേതിക കാരണങ്ങളാൽ സമ്മതമല്ലെന്ന് നാരായണഗുരുകുലവും തലശ്ശേരി ഗവൺമെന്റ് കോളേജ് അധികൃതരും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. സർവ്വേ പ്രകാരം മറ്റൊരു ഉചിതമായ സ്ഥലം സമീപ പ്രദേശങ്ങളിൽ കണ്ടെത്താൻ സാധിക്കാത്തതിനാൽ പ്രസ്തുത സ്ഥലങ്ങൾ വിട്ടുകിട്ടുന്നതിന് പാനൂർ നഗരസഭ, ചൊക്ലി ഗ്രാമപഞ്ചായത്ത്, ജനപ്രതിനിധികൾ എന്നിവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഏലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് വിനിയോഗം

162(860) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 2016-17-ൽ ജലവിഭവ വകുപ്പ് എലത്തൂർ നിയോജക മണ്ഡലത്തിലെ എത്ര പ്രവൃത്തികളുടെ അംഗീകാരത്തിനായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്റ്റിമേറ്റ് ഒന്നുംതന്നെ സമർപ്പിച്ചിട്ടില്ല.

(ബി) 2015-16-ൽ കൈതപ്രം ഭാഗത്തെ സ്റ്റീൽ ലാറ്റിസ് ബ്രിഡ്ജിന് ആസ്തി വികസന ഫണ്ടിൽനിന്നും ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തി പുരോഗതിയിലാണ്.

## തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിലെ കൃഷി

163(861) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ 30000 ഏക്കർ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കുന്നതിനായി ഇടിയഞ്ചിറ, ഏനാമാങ്കൽ, മുളയം തുടങ്ങിയ താൽക്കാലിക ചിറകളുടെ നിർമ്മാണത്തിനായി സ്വീകരിച്ച് നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ചിറകളുടെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എസ്റ്റിമേറ്റ് തുക എത്രയാണ്; ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ കനാലുകളുടെയും ചിറകളുടെയും അറ്റകുറ്റ പണികൾക്കും നിർമ്മാണത്തിനുമായി ബഡ്ജറ്റ് വിഹിതത്തിന് പുറമെ എത്ര തുക അനുവദിക്കുകയുണ്ടായി; വിശദാംശങ്ങൾ നൽകാമോ;

(ഡി) മുൻവർഷം യഥാസമയം ചിറകളുടെ നിർമ്മാണം നടത്താൻ കഴിയാതിരുന്നതുമൂലം ഉപ്പുവെള്ളം കയറി കൃഷി നശിച്ച സാഹചര്യത്തിൽ ഈ വർഷം യഥാസമയം ചിറകൾ നിർമ്മിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ 30000 ഏക്കർ കോൾ നിലങ്ങളിലെ കൃഷി സംരക്ഷിക്കുന്നതിനായി ഇടിയഞ്ചിറ, ഏനാമാക്കൽ, മുനയം തുടങ്ങിയ താൽക്കാലിക ചിറകളുടെ നിർമ്മാണ പ്രവൃത്തികൾ 2017-18 വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ബഡ്ജറ്റ് വിഹിതത്തിന് പുറമെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) 2017-18 വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത ചിറകളുടെ നിർമ്മാണ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. 2017 നവംബർ മാസത്തോടെ ടെണ്ടർ ചെയ്യാമെന്ന് പ്രതീക്ഷിക്കുന്നു.

## ചിറ്റൂർ താലൂക്കിലെ ഡാമുകളിലെ ജലനിരപ്പ്

164 (862) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ വിവിധ ഡാമുകളിൽ നിലവിലുള്ള ജലനിരപ്പിന്റെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകുമോ; കഴിഞ്ഞ വർഷത്തെ അളവ് എത്രയായിരുന്നുവെന്നും വിശദമാക്കുമോ;

(ബി) പറമ്പിക്കുളം, ആളിയാർ കരാർ പ്രകാരം ഈ വർഷം എത്ര ടി.എം.സി. ജലമാണ് നമുക്ക് ലഭിച്ചത് എന്ന് വിശദമാക്കുമോ;

(സി) അർഹതപ്പെട്ട മുഴുവൻ ജലവും ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ (പി.എ.പി.) പദ്ധതിയിൽ ഉൾപ്പെട്ട പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളും വാളയാർ, മീങ്കര, ചുള്ളിയാർ എന്നീ ഡാമുകളും ചിറ്റൂർ താലൂക്കിലാണ് സ്ഥിതിചെയ്യുന്നത്. പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം ഡാമുകളിലെ ഈ വർഷം 1-8-2017-നും കഴിഞ്ഞ വർഷം 1-8-2016-നും ഉള്ള ജലനിരപ്പും ജലസംഭരണ നിലയും വ്യക്തമാക്കുന്ന പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.* വാളയാർ, മീങ്കര, ചുള്ളിയാർ ഡാമുകളിലെ ഈ വർഷം 1-8-2017-നും കഴിഞ്ഞ വർഷം 1-8-2016-നും ഉള്ള ജലനിരപ്പും ജലത്തിന്റെ അളവും വ്യക്തമാക്കുന്ന പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജൂലൈ 1 മുതൽ ജൂൺ 30 വരെയുള്ള കാലയളവാണ് ഒരു ജലവർഷം. പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽനിന്ന് 2016-17 (കഴിഞ്ഞ ജലവർഷം) കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| മണക്കടവ് വിയർ | - | 4378 എം.സി.എഫ്.ടി. |
| കേരള ഷോളയാർ | - | 8204 എം.സി.എഫ്.ടി. |
| അപ്പർ നീരാറിലെ തനത് നീരൊഴുക്ക് | - | 665 എം.സി.എഫ്.ടി. |

നടപ്പ് ജല (2017-18) വർഷം 1-7-2017-ന് ആണ് ആരംഭിച്ചത്. നടപ്പ് ജല വർഷ (2017-18)-ത്തിൽ 1-8-2017-വരെ കേരളത്തിന് ലഭിച്ച ജലത്തിന്റെ അളവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| മണക്കടവ് വിയർ | - | 151 എം.സി.എഫ്.ടി. |
| കേരള ഷോളയാർ | - | 18.41 എം.സി.എഫ്.ടി. |

(സി) 2016-17 ജലവർഷത്തിൽ നാളിതുവരെ പറമ്പിക്കുളം ആളിയാർ പദ്ധതിയിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം മുഴുവൻ ലഭിച്ചിട്ടില്ല. പറമ്പിക്കുളം-ആളിയാർ പദ്ധതി കരാർ വ്യവസ്ഥാ ലംഘനങ്ങളെല്ലാം തന്നെ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലും കേരളം യഥാസമയം തമിഴ്നാടിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്ത് അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമവും കാർഷികാവശ്യങ്ങൾക്കുള്ള ജലദൗർലഭ്യവും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 2016 സെപ്റ്റംബർ രണ്ടാം ദ്വൈവാരത്തിൽ 700 എം.സി.എഫ്.ടി. ജലമാണ് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും 250 ക്യൂസെക്സ് എന്ന തോതിൽ വെള്ളം തരാമെന്നാണ് തമിഴ്നാട് അറിയിച്ചിരുന്നത്. പറമ്പിക്കുളം ഡാമിലെ ഉപയോഗിക്കാനാവുന്ന വെള്ളം ആളിയാർ റിസർവോയറിൽ എത്തിച്ച് അവിടെ നിന്ന് ചിറ്റൂരിലെ കൃഷിക്കാവശ്യമായ വെള്ളം മണക്കടവിൽ നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് 16-9-2016-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയുണ്ടായി. ഇതിന് പുറമെ 2016 ഒക്ടോബർ ഒന്നാം ദ്വൈവാരത്തിൽ കരാർ പ്രകാരം കേരളത്തിന് ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേക്ക് ലഭ്യമാക്കേണ്ട 700 എം.സി.എഫ്.ടി. ജലം (540 ക്യൂസെക്സ് എന്ന തോതിൽ) മണക്കടവ് വിയറിൽ നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ വളരെ കുറഞ്ഞ തോതിലാണ് തമിഴ്നാട് മണക്കടവിൽ ജലം ലഭ്യമാക്കിവന്നത്. ഇതിനെ തുടർന്ന് രൂക്ഷമായ ജലക്ഷാമം പരിഹരിക്കാൻ കരാർ പ്രകാരമുള്ള ജലം (കുടിശ്ശിക ഉൾപ്പെടെ) കഴിഞ്ഞ ജലവർഷത്തിലെ ശേഷിക്കുന്ന കാലയളവിൽ ലഭ്യമാക്കണമെന്നും തമിഴ്നാട് ഷോളയാർ പവർ ഹൗസ് II പൂർണ്ണമായി പ്രവർത്തിപ്പിച്ച് കേരള ഷോളയാർ

ജലനിരപ്പ് എത്രയും പെട്ടെന്ന് പൂർണ്ണ ജലനിരപ്പിൽ (എഫ്.ആർ.എൽ.) എത്തിക്കണമെന്നും തമിഴ്നാട് ഷോളയാർ പവർഹൗസ് I-ന്റെ പ്രവർത്തനവും പറമ്പിക്കുളത്തേയ്ക്ക് ജലം തിരിച്ചുവിടുന്നതും നിർത്തുകയും ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരളാ ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട തമിഴ്നാട് പൊതുമരാമത്ത് മന്ത്രിക്ക് കത്തയയ്ക്കുകയുമുണ്ടായി. കൂടാതെ രൂക്ഷമായ ജലക്ഷാമം കണക്കിലെടുത്ത് ഈ പ്രശ്നത്തിൽ ഇടപെട്ട് കരാർ പ്രകാരമുള്ള ജലം കേരളത്തിന് ലഭ്യമാക്കാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നാവശ്യപ്പെട്ട് കേരള ജലവിഭവ വകുപ്പുമന്ത്രി 8-10-2016-ന് ബഹുമാനപ്പെട്ട കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിക്കും കത്തയയ്ക്കുകയുണ്ടായി. കേരളത്തിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്ന് തമിഴ്നാട് സംയുക്ത ജലക്രമീകരണ ബോർഡിന്റെ യോഗത്തിൽ പങ്കെടുക്കാൻ തയ്യാറാവുകയുണ്ടായി. തുടർന്ന് സംയുക്ത് ജല ക്രമീകരണ ബോർഡിന്റെ (JWRB) 97-ാമത് യോഗം 26-10-2016-ന് പാലക്കാട് വെച്ച് ചേർന്നു. ഈ യോഗത്തിൽ കേരളം കീഴ് നദീതട അവകാശത്തിന്റെ അടിസ്ഥാനത്തിൽ പി.എ.പി. കരാർ പ്രകാരം ഉറപ്പാക്കിയിട്ടുള്ള ജലം ഏതൊരു സാഹചര്യത്തിലും ലഭ്യമാക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടു. ഇതിനുശേഷം 98-ാമത് JWRB യോഗം 13-12-2016-ന് തമിഴ്നാട്ടിലെ പൊള്ളാച്ചിയിൽ വച്ച് ചേരുകയുണ്ടായി. ഈ യോഗത്തിൽ പി.എ.പി. കരാർ പ്രകാരമുള്ള ജലം നൽകണമെന്ന് കേരളം ശക്തമായി ആവശ്യപ്പെട്ടു. മണക്കടവ് വിയറിൽ 7.25 ടി.എം.സി.എഫും കേരള ഷോളയാറിൽ 12.3 ടി.എം.സി.എഫും കരാർ പ്രകാരം കേരളത്തിന് ഉറപ്പാക്കിയിട്ടുള്ളതാണെന്നും ഇത് കേരളത്തിന് നൽകിയതിന് ശേഷമേ തമിഴ്നാടിന് പി.എ.പി.-യിൽ നിന്നും ജലം എടുക്കുവാൻ സാധിക്കുകയുള്ളൂവെന്നും കേരളം വാദിക്കുകയും ആയതിനാൽ കുടിവെള്ളത്തിന് വേണ്ടിയുള്ള ജലം മാത്രം എടുത്തശേഷം ബാക്കി ജലം മുഴുവൻ കേരളത്തിന് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടു. മാത്രമല്ല 97-ാമത് JWRB യോഗത്തിൽ സമ്മതിച്ചതുപോലെ തമിഴ്നാട് മണക്കടവ് വിയറിൽ 2016 നവംബർ II, 2016 ഡിസംബർ I എന്നീ ദ്വൈവാരങ്ങളിൽ ജലം നൽകിയിട്ടില്ലെന്ന കാര്യവും കേരളം ചൂണ്ടിക്കാട്ടി. എന്നാൽ 13-12-2016 മുതൽ ഡിസംബർ അവസാനവാരം വരെ മണക്കടവിൽ 175 ക്യൂസെക്സ് എന്ന തോതിൽ മാത്രമേ ജലം നൽകാൻ സാധിക്കുകയുള്ളൂവെന്ന് 98-ാമത് JWRB യോഗത്തിൽ തമിഴ്നാട് അറിയിക്കുകയും തുടർന്ന് മണക്കടവിലേയ്ക്കുള്ള ജലവിതരണ തോത് ഇരു ഗവൺമെന്റുകളുടെയും തീരുമാന പ്രകാരമാകാമെന്ന് ധാരണയുമായി. ഇതിനുപുറമെ തമിഴ്നാട് ഷോളയാറിലെ ജലസംഭരണ നിലവച്ച് നോക്കുമ്പോൾ ഫെബ്രുവരി 1-ാം തീയതി കേരളാ ഷോളയാർ റിസർവോയർ പൂർണ്ണ ജലനിരപ്പിലാക്കുക അസാധ്യമായതിനാൽ തമിഴ്നാട് ഷോളയാറിലെ മുഴുവൻ ജലവും കേരള ഷോളയാറിലേയ്ക്ക് തമിഴ്നാട് ഷോളയാർ പവർഹൗസ് II വഴിയോ, By-pass വഴിയോ, കരാർ പ്രകാരമുള്ള ജല വിഹിതം ലഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളം ആവശ്യപ്പെട്ടു.

7-1-2017-ൽ ജലവിഭവ വകുപ്പുമന്ത്രി വീണ്ടും ബഹുമാനപ്പെട്ട തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയച്ചതിനെ തുടർന്ന് 28-1-2017-ന് തിരുവനന്തപുരത്തുവച്ച് അന്തർസംസ്ഥാന സെക്രട്ടറിതല ചർച്ച നടക്കുകയും മണക്കടവ് വിയറിൽ 2017 മാർച്ച് അവസാനം വരെ 290 ക്യൂസെക്സ് എന്ന തോതിൽ ജലം നൽകണമെന്നും കേരള ഷോളയാറിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കണമെന്നും കേരളം തമിഴ്നാടിനോട് ആവശ്യപ്പെടുകയും ചെയ്തു. രൂക്ഷമായ വരൾച്ചയുടെ അടിസ്ഥാനത്തിൽ പി.എ.പി.-യിലെ ജലദൗർലഭ്യം കണക്കിലെടുത്ത് കേരളം തമിഴ്നാടുമായി സഹകരിക്കണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും എന്നാൽ കീഴ് നദീതട അവകാശപ്രകാരം കേരളത്തിന് മുഴുവൻ ജലവും ലഭിക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി കേരളം അത് നിരാകരിച്ചു. 2017 ഫെബ്രുവരി 15 വരെ 200 ക്യൂസെക്സ് എന്ന തോതിൽ മണക്കടവിൽ ജലം ലഭ്യമാക്കണമെന്നത് തമിഴ്നാട് തത്വത്തിൽ അംഗീകരിച്ചു. എന്നാൽ ശിരുവാണിയിൽ നിന്ന് ജലം പമ്പ് ചെയ്ത് തമിഴ്നാടിന് ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ ഇതിന് ഉയർന്ന തലത്തിലുള്ള തീരുമാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി കേരളം പ്രസ്തുത ആവശ്യം തൽക്കാലം നിരാകരിച്ചു. 28-1-2017-ലെ സെക്രട്ടറിതല ചർച്ചയിലുണ്ടായ തീരുമാനപ്രകാരം 6-2-2017 മുതൽ 15-2-2017 വരെ മണക്കടവ് വിയറിൽ 200 ക്യൂസെക്സിലധികം ജലം ലഭിക്കുകയും തുടർന്ന് 16-2-2017-ൽ നടന്ന ഉദ്യോഗസ്ഥതല ചർച്ചയെത്തുടർന്ന് 28-2-2017 വരെ ആളിയാറിൽ നിന്ന് 250 ക്യൂസെക്സ് ജലം തുറന്നുവിടാമെന്നും മണക്കടവിൽ ഏകദേശം 190-200 ക്യൂസെക്സ് വരെ ജലം ലഭ്യമാക്കാമെന്നും തമിഴ്നാട് സമ്മതിക്കുകയും ചെയ്തു. പി.എ.പി. കരാർ പ്രകാരം കേരളത്തിന് ഏപ്രിൽ ഒന്നും രണ്ടും ദ്വൈവാരങ്ങളിലും മേയ് ഒന്നാം ദ്വൈവാരത്തിലും മണക്കടവിൽ ജലവിഹിതമില്ല. എന്നാൽ കേരളത്തിന്റെ laison officers-ന്റെ സമയോചിതമായ ഇടപെടലുകളുടെ ഫലമായി രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മണക്കടവ് വിയറിൽ 100 ക്യൂസെക്സ് എന്ന തോതിൽ ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് ജലവിഭവ വകുപ്പ് അധികൃതരുമായി ധാരണയിലായിരുന്നു. എന്നാൽ ആളിയാർ ഡാമിനും മണക്കടവ് വിയറിനുമിടയിൽ നദിയിൽ നിന്ന് തമിഴ്നാട് കർഷകരും മറ്റ് ഉണഭോക്താക്കളും ഗണ്യമായ തോതിൽ ജലം പമ്പ് ചെയ്തെടുക്കുന്നതിനാൽ 100 ക്യൂസെക്സിനെക്കാൾ കുറഞ്ഞ തോതിലാണെങ്കിലും മണക്കടവിൽ ജലം ലഭ്യമായിരുന്നു. നടപ്പ് ജല(2017-18) വർഷം 1-7-2017-ന് ആണ് ആരംഭിച്ചത്. ഇതിന് മുമ്പ് തന്നെ ഈ വർഷത്തിലെ കൃഷിക്കും വൈദ്യുതോല്പാദനത്തിനും വേണ്ട ജലം പി.എ.പി.-യിൽ നിന്നും ലഭ്യമാക്കാനുള്ള തീവ്രശ്രമങ്ങൾ കേരള സർക്കാരും ജലസേചന വകുപ്പും കേരള വൈദ്യുതി ബോർഡും ആരംഭിച്ചിട്ടുണ്ട്. 27-6-2017-ലെ സർക്കാർ കത്ത് നമ്പർ ISWC2/85/2017/WRD പ്രകാരം പി.എ.പി. ഡാമിന്റെ ഡെഡ് സ്റ്റോറേജിൽ ഉള്ള ജലം തമിഴ്നാടിന്റെ കുടിവെള്ളാവശ്യത്തിനായി ഉപയോഗിച്ചു കൊണ്ട് ആളിയാർ ഡാമിലുള്ള 600mcft live storage ആയിട്ടുള്ള ജലം ചിറ്റൂർ പുഴയുടെ ആവശ്യത്തിനായി തുറന്നുവിടണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്നും ഈ വിഷയത്തിൽ കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നതായിരിക്കും.

**ജലസംരക്ഷണം**

165(863) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിന്റെ ഭാഗമായി തോട് സംരക്ഷണം, തോടിന്റെ വശങ്ങൾ കെട്ടൽ തുടങ്ങിയ പ്രവൃത്തികൾക്ക് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) 2016-17 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിൽ ഈ പദ്ധതികൾക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കുളങ്ങളുടെ സംരക്ഷണത്തിന് വേണ്ടിയുള്ള സർക്കാർ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജലസംരക്ഷണത്തിന്റെ ഭാഗമായി തോടുകളുടെ പാർശ്വഭിത്തി സംരക്ഷണം, ആഴംകൂട്ടൽ, ശുചീകരണം, പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ വിവിധ പദ്ധതികളായ നബാർഡ് പദ്ധതി, ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ, പ്ലാൻ സ്കീം, സ്റ്റേറ്റ് ഫണ്ട് (പ്ലാൻ/നോൺ പ്ലാൻ), ഹരിത കേരളം എന്നിവയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

(സി) 2016-17 സാമ്പത്തിക വർഷം സ്റ്റേറ്റ് ഫണ്ടിന്റെ നോൺ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിൽ 5 പ്രവൃത്തികൾക്കായി 85 ലക്ഷം രൂപ അനുവദിച്ചു. പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. നിലമ്പൂർ നിയോജക മണ്ഡലത്തിൽ ചുങ്കത്തറ പഞ്ചായത്തിൽ മാതാ ചെക്ക് ഡാമിന്റെ മുകൾഭാഗവും താഴ്ഭാഗവും സംരക്ഷണ പ്രവൃത്തി - 15 ലക്ഷം രൂപ

2. വണ്ടൂർ നിയോജക മണ്ഡലത്തിലെ ഒലിപ്പുഴയ്ക്ക് കുറുകെ കുണ്ടോട ചെക്ക് ഡാമിന്റെ മുകൾഭാഗത്ത് വലതുകര സംരക്ഷണ പ്രവൃത്തി- 20 ലക്ഷം രൂപ

3. പുലാമന്തോൾ പഞ്ചായത്തിലെ ചിറ്റാടിപ്പാടം സംരക്ഷണ പ്രവൃത്തി - 10 ലക്ഷം രൂപ

4. മലപ്പുറം ജില്ലയിലെ കാലടി പഞ്ചായത്തിൽ നരിപ്പറമ്പ് തോടിന്റെ അടിയന്തര പാർശ്വ സംരക്ഷണ പ്രവൃത്തി - 20 ലക്ഷം രൂപ

5. വേങ്ങര നിയോജക മണ്ഡലത്തിലെ വേങ്ങര പഞ്ചായത്തിലെ പാണ്ടിശാലയ്ക്ക് സമീപം വലിയോറ വലിയ തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പ്രവർത്തികൾ - 20 ലക്ഷം രൂപ

(ഡി) ഹരിത കേരളം പദ്ധതി, ആസ്തി വികസന ഫണ്ട്, സംസ്ഥാന പ്ലാൻ ഫണ്ട് മുതലായവ ഉപയോഗിച്ച് കുളങ്ങളുടെ സംരക്ഷണം ചെയ്തുവരുന്നുണ്ട്.

## പ്ലാച്ചിമട കൊക്കകോള ദുരിതബാധിതരായവർക്ക് നഷ്ടപരിഹാരം

166(864) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലചൂഷണത്തിനെതിരായ ജനകീയ സമരംമൂലം പൂട്ടിയ പ്ലാച്ചിമടയിലെ കൊക്കകോള ഫാക്ടറിയുടെ പ്രവർത്തനഫലമായി ദുരിതബാധിതരായവർക്ക് നഷ്ട പരിഹാരം നൽകാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഈ ആവശ്യത്തിനായി പാസ്സാക്കിയ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ നിയമം രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാതെ പിൻവലിച്ച സാഹചര്യത്തിൽ പുതിയ നിയമനിർമ്മാണം സാധ്യമാണോ എന്ന പരിശോധിച്ചിരുന്നോ;

(സി) സ്പെഷ്യൽ ട്രൈബ്യൂണൽ വഴി അല്ലാതെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മറ്റ് നിയമ നടപടികളെ കുറിച്ച് പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ?

ഉത്തരം

(എ-സി) നിയമ വകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവരുടെ അഭിപ്രായം ആരാഞ്ഞ് തുടർ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പുലിമുട്ട് നിർമ്മാണ പദ്ധതി

167(865) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ ബജറ്റിൽ 135 കോടിയുടെ പുലിമുട്ട് നിർമ്മാണ പദ്ധതിയിൽ കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിലെ കടൽ ഭിത്തി നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവുകളെന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

**മീനച്ചിൽ റിവർവാലി പദ്ധതി**

168(866) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ റിവർവാലി പദ്ധതിയുടെ കീഴിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ച പ്രവൃത്തിക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ പദ്ധതിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ആയതു ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇതുസംബന്ധിച്ച് എം.എൽ.എ. 29-3-2017-ൽ നൽകിയ പരാതിയിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ആയതിന്റെ മന്ത്രിയാഫീസിലെയും സി.ഇ. ഓഫീസിലെയും ഫയൽ നമ്പരുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുത്തി കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പ്ലാവിൽ മീനച്ചിൽ നദിക്ക് കുറുകെ മിനി ഡാമും റഗുലേറ്റർ കം ഫുഡ് ബ്രിഡ്ജും നിർമ്മിക്കുന്നതിന് 7 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിരുന്നുവെങ്കിലും 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(ബി) ഈ പ്രവൃത്തിക്ക് 13/TS/CE P II/2014-15 തീയതി 31-3-2015 പ്രകാരം 8.05 കോടി രൂപയ്ക്ക് (DSR 2014 പ്രകാരം) സാങ്കേതികാനുമതി നൽകിയിരുന്നുവെങ്കിലും ബജറ്റ് വിഹിതം ലഭിക്കാതിരുന്നതിനാൽ ടി പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിച്ചിരുന്നില്ല. ഇപ്പോൾ കിഫ്ബി പദ്ധതിയിൽ സംസ്ഥാനത്ത് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന റഗുലേറ്ററുകളുടെ പട്ടികയിൽ കിടങ്ങൂർ പഞ്ചായത്തിലെ ചെമ്പ്ലാവിൽ മിനിഡാമും റഗുലേറ്ററും നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനുവേണ്ടി DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഈ വിവരം ബഹുമാനപ്പെട്ട എം.എൽ.എ.-യെ 2-8-2017-ലെ ഐ.ആർ.3/25/17/ജവിവ നമ്പർ സർക്കാർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ടി വിഷയം സംബന്ധിച്ച ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ഓഫീസിൽ ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ കത്തിന്റെ റഫറൻസ് നമ്പർ 2146/M(WR)/VIP/2017-ഉം ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2 ഓഫീസിലെ ഫയൽ നമ്പർ WP2/6691/13/D16-ഉം ആണ്.

## പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ

169(*T867) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-ലെ പ്ലാച്ചിമട നഷ്ടപരിഹാര ട്രൈബ്യൂണൽ രൂപീകരണ ബിൽ രാഷ്ട്രപതി തിരിച്ചയച്ച സാഹചര്യത്തിൽ ആവശ്യമായ ഭേദഗതികളോടെ പുതിയ ബിൽ അവതരിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ?

ഉത്തരം

നിയമ വകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി കൂടിയാലോചിച്ച് തുടർന്ന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## കാട്ടാക്കട മണ്ഡലത്തിലെ ജലസമൃദ്ധി പദ്ധതി

170(868) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ നടപ്പാക്കിവരുന്ന ജലസമൃദ്ധി പദ്ധതിയുടെ ഭാഗമായി നൽകിയ അപേക്ഷ (നമ്പർ 2570/WR/VIP/17) യിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷയുടെ നിലവിലെ സ്ഥിതിയെന്താണെന്നും തുടർ നടപടി എന്താണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർ (I&A)ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ടി അപേക്ഷ തുടർ നടപടികൾക്കായി ബന്ധപ്പെട്ട ചെറുകിട ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സൂപ്രണ്ടിംഗ് എഞ്ചിനീയറിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടാക്കട നിയോജക മണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഇരുമ്പിളിയം-കൈതക്കടവ്, കുറ്റിപ്പുറം-കങ്കക്കാവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി

171(869) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പിളിയം-കൈതക്കടവ്, ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുറ്റിപ്പുറം-കങ്കക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ടെണ്ടർ നടപടികളായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രണ്ട് പദ്ധതികളുടെയും നിലവിലെ അവസ്ഥയെക്കുറിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല.

(സി) ഇരുമ്പിളിയം-കൈതക്കടവ് റഗുലേറ്റർ ഭാരതപ്പുഴയുടെയും തൂതപ്പുഴയുടെയും സംഗമ സ്ഥാനത്തിൽനിന്നും തൂതപ്പുഴയിൽ ഏകദേശം 2 കി.മീ. അപ്സ്ട്രീമിലായാണ് പ്രൊപ്പോസ് ചെയ്തിരുന്നത്. എന്നാൽ ഭാരതപ്പുഴയിൽ തൂതപ്പുഴയുടെ സംഗമ സ്ഥാനത്തിന് തൊട്ടുതാഴെ കൂട്ടക്കടവിൽ ജലസേചന വകുപ്പിന്റെ കീഴിൽ ഒരു റഗുലേറ്ററിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. കൈതക്കടവ് ആർ.സി.ബി.-യുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഐ.ഡി.ആർ.ബി.യിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിരുന്നെങ്കിലും കൂട്ടക്കടവ് റഗുലേറ്ററിൽ ശേഖരിക്കുന്ന വെള്ളം കൈതക്കടവ് ഭാഗത്തും എത്തുമെന്നതിനാൽ പദ്ധതിയുടെ ആവശ്യകത പുനഃപരിശോധനയിലാണ്. കുറ്റിപ്പുറം-കങ്കക്കടവ് ആർ.സി.ബി.-ക്കുവേണ്ടി 100 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ഈ പ്രവൃത്തി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊട്ടാരക്കര രവിനഗറിൽ ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം

172(870) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര രവിനഗറിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ ഉള്ള സ്ഥലത്തിന്റെ വിസ്തൃതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) രവിനഗറിൽ നിലവിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെയും കെട്ടിടങ്ങൾ ഒഴിഞ്ഞു കിടപ്പുണ്ടെങ്കിൽ അവയുടെയും വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) കൊട്ടാരക്കര രവിനഗറിൽ ജലവിഭവ വകുപ്പിന്റെ അധീനതയിൽ 2 ഹെക്ടർ 80 ആർ 90 ചതുരശ്ര മീറ്റർ സ്ഥലമുണ്ട്. ടി സ്ഥലത്ത് നിലവിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

കെ.ഐ.പി.(ആർ.ബി.) സർക്കിൾ ഓഫീസ്

കെ.ഐ.പി.(ആർ.ബി.) ഡിവിഷൻ ഓഫീസ്

കെ.ഐ.പി.(എൽ.ബി.) സബ് ഡിവിഷൻ നമ്പർ 17 ഓഫീസ്

കെ.ഐ.പി.(എൽ.ബി.) സെക്ഷൻ 47/17

കെ.ഐ.പി.(എൽ.ബി.) സെക്ഷൻ 49/17

കെ.ഐ.പി.(എൽ.ബി.) സെക്ഷൻ 51/17

ഇറിഗേഷൻ സെക്ഷൻ

ക്വാളിറ്റി കൺട്രോൾ ഡിവിഷൻ ഓഫീസ്

ക്വാളിറ്റി കൺട്രോൾ സബ് ഡിവിഷൻ

ക്വാളിറ്റി കൺട്രോൾ സെക്ഷൻ ഓഫീസ്

സബ് ട്രഷറി ഓഫീസ്

എം.ഐ. സബ് ഡിവിഷൻ ഓഫീസ്

മൈനർ ഇറിഗേഷൻ സെക്ഷൻ

രവിനഗറിൽ നിലവിൽ ഒരു ഗോഡൗൺ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

## ഉപ്പുവെള്ളം കയറുന്നതുമൂലം നേരിടുന്ന കൃഷിനാശം

173(871) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലെ കാർഷിക മേഖലകളായ തൃക്കരിപ്പൂർ, അന്നൂർ, കുന്നിയൻ, കാറമേൽ, കരിവെള്ളൂർ പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറുന്നതുമൂലം നേരിടുന്ന കൃഷിനാശം പരിഹരിക്കാൻ നെൽകൃഷിക്കാർ ആവശ്യപ്പെട്ടു വരുന്ന ഉളിയംകടവിലെ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) തടിപ്പാലം അണക്കെട്ട് വർഷങ്ങളായി കേടുപാടുകൾമൂലം പ്രവർത്തന രഹിതമായതിനാൽ ഈപ്രദേശത്തുള്ളവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉളിയംകടവിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രാഥമിക പഠനങ്ങൾ മാത്രമേ നടത്തിയിട്ടുള്ളൂ. പദ്ധതിയുടെ വിശദമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി സാധ്യതാ പഠനത്തിനുശേഷം വിശദമായ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതാണ്.

(ബി) തൃക്കരിപ്പൂർ പ്രദേശത്തെ തലച്ചാൽ അണക്കെട്ടിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## കാഞ്ഞിരപ്പുഴ ഡാമിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം

174(872) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഡാമിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനം സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; വിശദവിവരം നൽകുമോ;

(ബി) ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ രണ്ടാം ഘട്ടമായി ഭാരതപ്പുഴയുടെ കൈവഴിയായ തൂപ്പനാട് പുഴയിൽ ഒരു അണകെട്ടി അതിൽ നിന്നുള്ള ജലം ഉപയോഗിച്ച് 5957 ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്തുവാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത പദ്ധതി പ്രാവർത്തികമായില്ല.

(ബി) ഇല്ല.

## കടലാക്രമണവും കടൽഭിത്തി നിർമ്മാണവും

175(873) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഈ വർഷം കടൽ ആക്രമണംമൂലം ഉണ്ടായിട്ടുള്ള നാശ നഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;;

(ബി) ഈ ദുരന്തം ഇനി ഉണ്ടാകാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽഭിത്തി നിർമ്മാണത്തിന് നീക്കിവച്ചതും ചെലവഴിച്ചതുമായ തുക ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കടലാക്രമണം തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നു ; ഇതിന് വേണ്ടി എത്ര തുക ചെലവഴിച്ചിരുന്നു ;

(ഇ) കേരളത്തിൽ ഏതെല്ലാം ജില്ലകളിൽ എത്ര കിലോമീറ്റർ നിളത്തിൽ കടൽ ഭിത്തി നിർമ്മിക്കാൻ ബാക്കിയുണ്ട്; അതിന് ആവശ്യമായി വരുന്ന ഫണ്ട് എത്രയാണ്; ഈ ഫണ്ട് എങ്ങനെ കണ്ടെത്തും ; വിശദാംശം നൽകുമോ ?

### ഉത്തരം

(എ) നാശനഷ്ടങ്ങൾ വിലയിരുത്തുന്നത് സംസ്ഥാന ദുരന്തനിവാരണ വിഭാഗമാണ്.

(ബി) തകർന്നടിഞ്ഞ കടൽഭിത്തികൾ പുനർ നിർമ്മിക്കുന്നതിനോടൊപ്പം IIT Madras/CWPRS, Pune-യുടെ പഠനപ്രകാരം കൂടുതൽ കടലാക്രമണ സാധ്യതയുള്ള സ്ഥലങ്ങളിൽ (vulnerable reaches) കരിങ്കല്ല് ഉപയോഗിച്ചുള്ള കടൽഭിത്തി/ പുലിമുട്ടുകൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിർമ്മാണം നടത്തിവരുന്നു. ഫലപ്രദമായ മറ്റ് മാർഗ്ഗങ്ങൾ അതായത് Geo-tube മണൽ ചാക്കുകൾ തുടങ്ങിയ soft solutions ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും നടത്തിയിട്ടുണ്ട്. അവയുടെ ഗുണദോഷങ്ങൾ വിലയിരുത്തിവരുന്നു. കൂടാതെ കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭാവിയിലെ നിർമ്മാണങ്ങൾക്ക് അവരുടെ നിർദ്ദേശവും കണക്കിലെടുക്കുന്നതാണ്.

(സി) വിശദാംശം അനുബന്ധം 1-ൽ ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) IIT, Madras/CWPRS, Pune-യുടെ പഠനപ്രകാരം കടൽഭിത്തി/ പുലിമുട്ടുകൾ ഇവ നിർമ്മിക്കുകയും ലഭ്യമായ ഫണ്ടുപയോഗിച്ച് കടൽഭിത്തി പുനർനിർമ്മിക്കുകയും ചെയ്യു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 14871.50 ലക്ഷം രൂപ പ്ലാൻ ഹെഡിലും 4589.24 ലക്ഷം രൂപ നോൺ പ്ലാൻ ഹെഡിലും ചെലവാക്കിയിട്ടുണ്ട്.

(ഇ) ഇക്കാര്യത്തിൽ കോസ്റ്റൽ ഇറോഷൻ ഫീൽഡ് സ്റ്റഡീസിന്റെ (CEFS) പഠനപ്രകാരമുള്ള ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 2-ൽ ചേർക്കുന്നു.* IIT, Madras/CWPRS, Pune-യുടെ പഠനപ്രകാരവും കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശവും കണക്കിലെടുത്താണ് കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കു വേണ്ട പരിഹാരമാർഗ്ഗങ്ങൾ നിശ്ചയിക്കുന്നത്. ഇതിനുവേണ്ടിവരുന്ന തുക സംസ്ഥാന ഫണ്ട്, നബാർഡ് ഫണ്ട്, പ്രത്യേക നിക്ഷേപ പദ്ധതി (കിഫ്ബി) എന്നിവ മുഖേനയാണ് കണ്ടെത്തുന്നത്.

**കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി**

176(874) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുമായി ബന്ധപ്പെട്ട 143/എം.ഐ 2/2017 ജലവിഭവ വകുപ്പ്, 1231989/ എം.ഐ 2/2017 ജലവിഭവ വകുപ്പ്, 1231956/ എം.ഐ 2/2017 ജലവിഭവ വകുപ്പ് എന്നീ ഫയലുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഫയലുകളിലെ പ്രവൃത്തികൾക്ക് വിശദമായ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മങ്കേരി പാടശേഖര നെല്ലുല്പാദന സമിതി ചെയർമാൻ ശ്രീ. പരമേശ്വരൻ നായർ മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടും തടയണ നിർമ്മാണം സംബന്ധിച്ചും ജലവിഭവ വകുപ്പുമന്ത്രിക്ക് നൽകിയ നിവേദനം സംബന്ധിച്ചതാണ് 1231989/എം.ഐ.2./ 2017/ജവിവ നമ്പർ ഫയൽ. 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ നിർദ്ദേശിച്ചുകൊണ്ട് വേണ്ട നടപടി സ്വീകരിക്കുന്നതിനായി കോട്ടയ്ക്കൽ നിയോജകമണ്ഡലം എം.എൽ.എ. ജലവിഭവ വകുപ്പ് സെക്രട്ടറിക്കും ജലവിഭവ വകുപ്പുമന്ത്രിക്കും സമർപ്പിച്ച കത്തുകൾ സംബന്ധിച്ചതാണ് 143/എം.ഐ.2/2017/ജ.വി.വ., 1231956/എം.ഐ.2/2017/ജ.വി.വ. നമ്പർ ഫയലുകൾ. പ്രസ്തുത ഫയലുകളിൽ ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമായിരുന്നില്ല. എന്നാൽ 7-8-2017-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) നൽകിയ റിപ്പോർട്ടിലെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ 1994-ൽ പ്രവർത്തനമാരംഭിച്ച ചെറുകിട ജലസേചന വിഭാഗത്തിന്റെ അധീനതയിലുള്ള മങ്കേരി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിനെ ആശ്രയിച്ചാണ് മങ്കേരി പാടശേഖരത്തിലെ നെൽകൃഷി നടന്നുവരുന്നത്. 40 എച്ച്.പി. മോട്ടോർ പ്രവർത്തിപ്പിച്ച് ഭാരതപ്പുഴയിൽനിന്ന് 1940 മീറ്റർ നീളമുള്ള കനാലിലൂടെ വെള്ളം പമ്പ് ചെയ്താണ് നിലവിൽ ഈ സ്കീം പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്. പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി മിർപ്പ പദ്ധതിയിൽ ലഭിച്ച 40 എച്ച്.പി. മോട്ടോർ ഇവിടെ സ്ഥാപിക്കുന്നതിനും ഈ മോട്ടോർ കൂടി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പൈപ്പുകളുടെയും കൂടാതെ പമ്പ് ഹൗസിന് ചുറ്റുമതിൽ ഉൾപ്പെടെ 30 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ആകെയുള്ള 1940 മീറ്റർ കനാലിൽ ചെയിനേജ് 0 മുതൽ 1100 മീറ്റർ വരെ മേസൻറി കനാൽ നിലവിലുണ്ട്. തുടർന്നുള്ള 840 മീറ്റർ മൺകനാലിൽനിന്നും 200 മീറ്റർ കോൺക്രീറ്റ് കനാൽ നിർമ്മിക്കുന്ന പ്രവൃത്തി 70 ശതമാനം പൂർത്തീകരിച്ചു. ബാക്കി പ്രവൃത്തി പാടത്ത് വിളവെടുത്ത ഉടൻ പൂർത്തീകരിക്കുന്നതാണ്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മൺകനാലിന്റെ ചോർച്ച തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കുറ്റിപ്പുറം പഞ്ചായത്തിലെ ആനപ്പടി എന്ന സ്ഥലത്ത് ഒരു സ്ഥിരം തടയണ നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ മേൽ പദ്ധതിക്ക് താഴ്ഭാഗത്തായി കുറ്റിപ്പുറം പഞ്ചായത്തിലെ കാങ്കക്കടവിൽ കിഫ്ബി ധനസഹായത്തോടെ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ ആർ.സി.ബി. നിലവിൽ വന്നാൽ എൽ.ഐ. സ്കീമിന് പമ്പ് ചെയ്യാൻ ആവശ്യമുള്ള ജലം ലഭിക്കും. ആയതിനാൽ തടയണയുടെ ആവശ്യമില്ല. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ 2017-18 വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കേണ്ട സമയപരിധി കഴിഞ്ഞതിനാൽ പ്രവൃത്തികൾ ബജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ 2018-19 വർഷത്തിലെ പുതിയ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

## പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനി

177(875) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ. കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് 2000-ത്തിൽ അനുമതി നൽകിയ പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനി ഇനി തുറക്കുവാൻ ഉദ്ദേശമില്ലെന്ന് കമ്പനി അധികൃതർ സുപ്രീംകോടതിയിൽ നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരിസ്ഥിതി നിയമങ്ങളുടെ നഗ്നമായലംഘനം നടത്തി ജനജീവിതം ദുസ്സഹമാക്കിയ കമ്പനിയിൽനിന്നും നഷ്ടപരിഹാര തുക ഈടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട ട്രൈബ്യൂണൽ ബില്ലിന് രാഷ്ട്രപതി അനുമതി നിഷേധിച്ച സാഹചര്യത്തിൽ പുതിയ ബിൽ അവതരിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ നിയമോപദേശം തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സംസ്ഥാനവും ഹിന്ദുസ്ഥാൻ കൊക്കോകോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡും തമ്മിലുണ്ടായിരുന്ന സിവിൽ അപ്പീൽ നമ്പർ 4034/2009, 4035/2009, 4036/2009 എന്നീ കേസുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ 13-7-2017 തീയതിയിൽ പരിഗണനയ്ക്കായി വന്നപ്പോൾ ടി കമ്പനിയുടെ സീനിയർ അഭിഭാഷകൻ ഇനിമുതൽ ഫാക്ടറി പ്രവർത്തിപ്പിക്കാൻ കമ്പനി ഉദ്ദേശിക്കുന്നില്ലെന്നും ആകയാൽ ലൈസൻസ് പുതുക്കി നൽകുന്നതിന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നൽകിയ നിർദ്ദേശത്തിന്റെ സാധുത പരിഗണിക്കേണ്ടതില്ലെന്നും ബോധിപ്പിക്കുകയുണ്ടായി. ടി പ്രസ്താവം ബഹുമാനപ്പെട്ട സുപ്രീം കോടതി രേഖപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സിവിൽ അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തു.

(ബി&സി) നിയമവകുപ്പ്, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി കൂടിയാലോചിച്ച് തുടർ നടപടി സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

## ബീമാപള്ളിയിൽ പുലിമുട്ട്

178(876) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബീമാപള്ളിയിൽ പുലിമുട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നമ്പർ 515/2014/ഡബ്ല്യൂ.ആർ.ഡി., തീയതി: 21-5-2014 പ്രകാരം എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത്; എത്ര പുലിമുട്ടുകൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്;

(ബി) ഈ പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത് ആരാണ്; കരാർ വ്യവസ്ഥ പ്രകാരം കാലാവധി ഏതുവരെയാണ്;

(സി) ഇതുവരെ എത്ര തുകയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്; പാർട്ട് ബിൽ നൽകിയിട്ടുണ്ടോ;

(ഡി) പുലിമുട്ട് ഉദ്ഘാടനം എന്നാണ് നടന്നത്; ഉദ്ഘാടന ചടങ്ങിന് ചെലവായ തുകയെത്ര ?

<u>ഉത്തരം</u>

(എ) ബീമാപള്ളിയിൽ പുലിമുട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ.ഉ. നമ്പർ 515/2014/ഡബ്ല്യു.ആർ.ഡി., തീയതി 21-5-2014 പ്രകാരം 1670 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. 15 പുലിമുട്ടുകൾ നിർമ്മിക്കാനാണ് വിഭാവനം ചെയ്തത്.

(ബി) ശ്രീ. പി. പ്രഭാകരൻ, കമലാഭവൻ, കൊഞ്ചിറ പി.ഒ., വെമ്പായം, തിരുവനന്തപുരം എന്ന കരാറുകാരനാണ് ടി പ്രവൃത്തി ഏറ്റെടുത്തത്. കരാർ കാലാവധി 4-4-2018 വരെയാണ് (18 മാസം)

(സി) നാളിതുവരെ 61 ലക്ഷം രൂപയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. പാർട്ട് ബിൽ നൽകിയിട്ടില്ല.

(ഡി) ഗുണഭോക്താക്കൾ സംഘടിപ്പിച്ച ഉദ്ഘാടന ചടങ്ങ് 25-2-2016-ൽ നടന്നു. ജലസേചന വകുപ്പ് തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**പെരിന്തൽമണ്ണ മണ്ഡലത്തിലെ പദ്ധതികൾ**

179(877) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതിയും പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുക എത്രയാണെന്നും അറിയിക്കുമോ;

(സി) ഓരോ പദ്ധതിയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2017-18 വർഷത്തിൽ ജലസേചന വകുപ്പ് ഏതെല്ലാം പുതിയ പദ്ധതികളാണ് ഈ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2017-18 ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾ; കൂടാതെ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ, പുഴയുടെയും തോടുകളുടെയും സംരക്ഷണ ഭിത്തി നിർമ്മിക്കൽ, കുളങ്ങളുടെ പുനരുദ്ധാരണം, നിലവിലുള്ള ഇറിഗേഷൻ സ്ട്രക്ച്ചേഴ്സിന്റെ അറ്റകുറ്റപ്പണികൾ എന്നിവ ആവശ്യകതയും ഫണ്ട് ലഭ്യതയും അനുസരിച്ച് നടപ്പിലാക്കുന്നതാണ്.

**കാലവർഷത്തിൽ വന്ന കുറവ്**

180(878) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ തുടർച്ചയായി മഴ കുറയുന്ന പശ്ചാത്തലത്തിൽ ജലസംഭരണം, വിനിയോഗം, ജലസേചനം തുടങ്ങിയ രംഗങ്ങളിൽ ആസൂത്രിതനയം രൂപീകരിക്കുവാനും ശാസ്ത്രീയമാറ്റങ്ങൾ അവലംബിക്കുവാനും ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കുമോ?

ഉത്തരം

ജലസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പുതിയ തടയണകൾ, റെഗുലേറ്ററുകൾ, വി.സി.ബി.-കൾ (വെന്റഡ് ക്രോസ് ബാർ) എന്നിവ നിർമ്മിക്കാനുള്ള നടപടിയെടുത്തിട്ടുണ്ട്. നിലവിൽ പ്രവർത്തിക്കാത്തവ, പുനരുജ്ജീവിപ്പിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹരിത കേരളം പദ്ധതിയിലൂടെ കുളങ്ങളും ജലസ്രോതസ്സുകളും സംരക്ഷിച്ച് ജലസംഭരണ ശേഷി വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചുവരുന്നു. ഡാം റിസർവോയറുകളുടെ ശേഷി വർദ്ധിപ്പിക്കാൻ അതിൽ അടിഞ്ഞിരിക്കുന്ന മണൽ, ചെളി എന്നിവ നീക്കം ചെയ്യാനുള്ള പദ്ധതിയും പരിഗണനയിലാണ്. നിലവിലുള്ള ജലസേചന രീതികൾ മൂലമുള്ള ജലനഷ്ടം കുറയ്ക്കുവാൻ സൂക്ഷ്മ ജലസേചനം, സ്പ്രിംഗ്ലർ ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയ ജലസേചന രീതികൾക്ക് മുൻതൂക്കം നൽകുന്നുണ്ട്. ഓരോ തുള്ളിയിൽ നിന്നും കൂടുതൽ വിള എന്ന ഉദ്ദേശ്യത്തിൽ ശാസ്ത്രീയ മാറ്റങ്ങൾ അവലംബിക്കുന്നുണ്ട്. മഴയുടെ ലഭ്യതക്കുറവ് മൂലമുണ്ടാകുന്ന വരൾച്ചയെ നേരിടുന്നതിനായി ജലവിനിയോഗത്തിൽ നിയന്ത്രണം പാലിക്കണമെന്നുള്ള അവബോധം ജനങ്ങളിൽ വരുത്തുന്നതിനായി ദൃശ്യ മാധ്യമങ്ങൾ വഴിയും പരസ്യങ്ങൾ മുഖേനയും ബോധവൽക്കരണ പ്രവർത്തനങ്ങൾ സർക്കാർ നടത്തുന്നുണ്ട്. ഭൂജലവകുപ്പ് ഭൂജല പരിപോഷണത്തിനായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ഭൂജലത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്ന പദ്ധതിയിൻ കീഴിൽ പൊതുജനങ്ങൾക്ക് ഭൂജലത്തിന്റെ ഫലപ്രദമായ വിനിയോഗത്തിനും സംരക്ഷണത്തിനും സംപോഷണത്തിനുമായുള്ള അവബോധ ക്ലാസുകൾ എല്ലാ ജില്ലകളിലും ഭൂജല വകുപ്പ് സംഘടിപ്പിക്കുന്നുണ്ട്.

ജലനിധിയുടെ ഭാഗമായ മഴകേന്ദ്രം സംസ്ഥാന തലത്തിൽ മഴവെള്ള സംഭരണ മേഖലയിൽ 2004 മുതൽ ഏറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുന്നു. മഴകേന്ദ്രത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പൂർണ്ണമായും മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, ആവശ്യകത തുടങ്ങി സന്ദേശങ്ങൾ ജനമധ്യത്തിൽ എത്തിക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ ബജറ്റിൽ തുക അനുവദിക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുന്നതിന് ആരംഭം കുറിച്ചു. 2012-13 സാമ്പത്തിക വർഷം മുതൽ മഴകേന്ദ്രത്തിന്റെ നേതൃത്വത്തിൽ വ്യക്തിഗത കുടുംബങ്ങൾക്കും സർക്കാർ വിദ്യാലയങ്ങൾക്കും മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്ന പദ്ധതി ആരംഭിച്ചു. ഇതിനോടകം പദ്ധതിക്കായി 22.42 കോടി രൂപ ലഭിക്കുകയും ആറ് ജില്ലകളിലെ 15 ഗ്രാമപഞ്ചായത്തുകളിലും 840 സർക്കാർ സ്കൂളുകളിലുമായി 4840 മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്ന പദ്ധതി അവസാനഘട്ടത്തിൽ എത്തിനിൽക്കുന്നു. 2016-17 സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്ന 10 കോടി രൂപ ഉപയോഗിച്ച് 6 ജില്ലകളിലെ 9 ഗ്രാമ പഞ്ചായത്തുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകുന്നതിന്റെ നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചിരിക്കുന്ന 18.20 കോടി രൂപ ഉപയോഗിച്ച് വ്യക്തിഗത കുടുംബങ്ങൾക്കും വിദ്യാലയങ്ങൾക്കും ഗ്രാമപഞ്ചായത്തുകൾക്കും മഴവെള്ള സംഭരണികൾ നിർമ്മിച്ച് നൽകുവാൻ ലക്ഷ്യമിടുന്നു. കൂടാതെ തുറന്ന കിണറുകളിൽ മഴവെള്ളം കടത്തിവിട്ട് കിണർ റീചാർജ്ജ് ചെയ്യുന്നതിലൂടെ ഭൂഗർഭജല വിതാനത്തിന്റെ തോത് വർദ്ധിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. ഇപ്രകാരം മഴ കുറയുന്ന സാഹചര്യം മുന്നിൽ കണ്ടുകൊണ്ട് ശാസ്ത്രീയമായ പരിപാടികൾ നടപ്പിലാക്കി മഴവെള്ളത്തെ ഉപയുക്തമാക്കുന്നു.

**ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം**

181(879) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ;

(ബി) ഹരിത കേരളം മിഷന്റെ ഭാഗമായി പത്തനംതിട്ടയിലെ ആദിപമ്പ-വരട്ടാർ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ജനപ്രതിനിധികൾ പങ്കെടുത്ത 'ജലമൊഴുകും മുമ്പ് ജനമൊഴുകട്ടെ' വിളംബര ജാഥയുടെയും 'പുഴ നടത്ത'ത്തിന്റെയും ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ജലസ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ, നദികൾ, കായലുകൾ എന്നിവയുടെ പുനരുജ്ജീവന പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് മുഖേന നിർവ്വഹിച്ചു വരുന്നത്. ഇവയുടെ പുനരുജ്ജീവനത്തിനായി ആവശ്യമനുസരിച്ച് സംരക്ഷണ പ്രവൃത്തികൾ, തടയണകളുടെ നിർമ്മാണം, ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നു. കൂടാതെ നഗര പ്രദേശങ്ങളിൽ നദികളിലേയ്ക്ക് മാലിന്യം നേരിട്ട് നിക്ഷേപിക്കാതിരിക്കാൻ കമ്പിവേലികൾ നിർമ്മിക്കുന്ന നടപടിയും സ്വീകരിക്കുന്നു. ഹരിത കേരളം മിഷന്റെ ഭാഗമായ ജലം-മണ്ണ് സംരക്ഷണ ഉപമിഷന്റെ പ്രവർത്തനങ്ങളിലും ആദ്യഘട്ടത്തിൽ ജല സ്രോതസ്സുകളായ കുളങ്ങൾ, തോടുകൾ എന്നിവയുടെ ശുദ്ധീകരണം, പുനരുജ്ജീവനം തുടങ്ങിയവയ്ക്ക് മുൻഗണന നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ഭൂജല വകുപ്പിൽ ഭൂജല സംരക്ഷണത്തിനും സംപോഷണത്തിനുമായി കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ജലസ്രോതസ്സുകളുടെ പുനരുജ്ജീവനത്തിന് വേണ്ടിയുള്ള ജലനിധിയുടെ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കിണറുകളിൽ ആഴം കൂട്ടുക, പാരപറ്റ്/സ്റ്റീനിംഗ്, കെട്ടിക്കിടക്കുന്ന അഴുക്കായ വെള്ളം പമ്പ് ചെയ്ത് മാലിന്യം/മണ്ണ് നീക്കൽ എന്നിവ നടപ്പിലാക്കി വരുന്നു. പുതിയ പമ്പ് സെറ്റ് സ്ഥാപിച്ചും വെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തിയും കുടിക്കാൻ യോഗ്യമാക്കിത്തീർക്കുന്നു.

(ബി) ആദി പമ്പ, വരട്ടാർ എന്നീ ജലസ്രോതസ്സുകൾ ജനകീയ പങ്കാളിത്തതോടെ (സാമ്പത്തിക സമാഹരണം ഉൾപ്പെടെ) പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടപ്പിലാക്കിവരുന്നു. ആദ്യഘട്ട പ്രവർത്തനങ്ങൾക്ക് ഹരിത കേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചന വകുപ്പ്, റവന്യൂ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി തുടങ്ങിയവയുടെ പൂർണ്ണതോതിലുള്ള സഹകരണവും പിന്തുണയും ഉണ്ടായിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ പരിസ്ഥിതി ആഘാത പഠനം നടത്തി, സർവ്വേ കല്ലുകൾ സ്ഥാപിച്ച് അതിർത്തിതിരിക്കുന്നതിനും അതിനോട് ചേർന്ന് നടപ്പാതകൾ നിർമ്മിച്ച് തദ്ദേശീയ വൃക്ഷങ്ങൾ നടുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ, ജല ഒഴുക്ക് സുഗമമാക്കുന്നതിനായി നദിക്ക് കുറുകെയുള്ള ചെറിയ പാലങ്ങൾ, ചപ്പാത്തുകൾ, നടപ്പാതകൾ എന്നിവ പുനർനിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ വർഷം കേരളം നേരിട്ട രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം പൊതുവിൽ മുഖ്യ ചർച്ചാവിഷയമായിരുന്നു. ജലസ്രോതസ്സുകളുടെ സംരക്ഷണം, മാലിന്യമുക്തമാക്കി സംരക്ഷിക്കുക, അധികമായി അടിഞ്ഞുകൂടിയിട്ടുള്ള ചെളി/മണ്ണ് നീക്കം ചെയ്യുക, ജലസംരക്ഷണം/ജലഉപഭോഗം എന്നിവയെക്കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുക, ജനപങ്കാളിത്തം ഉറപ്പാക്കുക തുടങ്ങിയവയായിരുന്നു വിളംബര ജാഥയുടെയും പുഴ നടത്തത്തിന്റെയും ലക്ഷ്യങ്ങൾ.

**കുടിവെള്ള പ്രശ്നവും ഭൂഗർഭ ജലവർദ്ധന സംരംഭങ്ങളും**

182(880) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ച നേരിട്ട സാഹചര്യത്തിൽ കുടിവെള്ള പ്രശ്നവും വരൾച്ചയും നേരിടുന്നതിന് ജലവിഭവ വകുപ്പ് എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിരുന്നോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പുതിയ വീടിന് ലൈസൻസ് നൽകുമ്പോൾ, മഴക്കുഴി ഉൾപ്പെടെയുള്ള സംരംഭങ്ങൾ നിർബന്ധമാക്കുന്ന കാര്യം പരിഗണിക്കുമോ; ഇതിനായി ബന്ധപ്പെട്ട വകുപ്പുമായി സഹകരിച്ച് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കടുത്ത വരൾച്ച നേരിട്ട സാഹചര്യത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ജലസേചന വകുപ്പ്, ഡാം റിസർവ്വോയറുകളിൽ നിലവിലുണ്ടായിരുന്ന ജലം പൂർണ്ണമായി ജലസേചനത്തിന് ഉപയോഗിക്കാതെ കുടിവെള്ളത്തിന് മുൻതൂക്കം നൽകി ഉപയോഗിക്കുവാൻ നടപടി എടുത്തിരുന്നു. തലസ്ഥാനത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നെയ്യാർ റിസർവ്വോയറിൽ നിന്നുള്ള ജലം പൈപ്പ് വഴി അരുവിക്കര റിസർവ്വോയറിൽ എത്തിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിരുന്നു. റിസർവ്വോയറുകളിലെ ചെളിയും മണ്ണും നീക്കി സംഭരണ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ആസൂത്രണം ചെയ്യുന്നുണ്ട്. വരൾച്ച നേരിടുന്നതിനായി പൂർത്തീകരിച്ച തടയണകൾ/വി.സി.ബി.-കൾ/ആർ.സി.ബി.-കൾ എന്നിവയിൽ ഷട്ടറിട്ട് വെള്ളം സംഭരിച്ചിരുന്നു. കൂടാതെ കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യത്തോടെ പുതിയ തടയണകൾ/വി.സി.ബി.കൾ/ആർ.സി.ബി.-കൾ എന്നിവയുടെ നിർമ്മാണം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടത്തിവരുന്നു. കുളങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളും ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലവർഷത്തിലുണ്ടായ കുറവ് പരിഗണിച്ച് 2016 സെപ്റ്റംബർ മാസം മുതൽ തന്നെ ജലസംരക്ഷണത്തിനാവശ്യമായ നടപടികൾ കൈക്കൊള്ളുവാൻ ജല അതോറിറ്റി ഉദ്യോഗസ്ഥർക്ക്

നിർദ്ദേശം നൽകിയിരുന്നു. ജല അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ എല്ലാംതന്നെ കഴിഞ്ഞ വർഷത്തെ ജലലഭ്യത കുറവാണെന്നത് പരിഗണിച്ച് സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ കീറിയും പരമാവധി ജലലഭ്യത ഉറപ്പുവരുത്തുവാൻ സാധിച്ചു. സ്രോതസ്സുകളിൽ നിലവിലുണ്ടായിരുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനും ഓരുജലത്തിന്റെ കടന്നുകയറ്റം നിയന്ത്രിക്കുന്നതിനുമായി 2017 മാർച്ചിന് മുമ്പുതന്നെ 40 തടയണകൾ പൂർത്തിയാക്കുകയുണ്ടായി. പോയ വർഷം മാർച്ച്, ഏപ്രിൽ മാസങ്ങളിലായാണ് 35 തടയണകൾ നിർമ്മിച്ചത് എന്നത് വിലയിരുത്തുമ്പോൾ ഈ വർഷം സമയബന്ധിതമായി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതിനാൽ ലഭ്യമായ ജലം സംരക്ഷിക്കാൻ കഴിഞ്ഞതിനാലാണ് വേനൽ രൂക്ഷമായ സാഹചര്യത്തിലും പല കുടിവെള്ള പദ്ധതികളിലും ജലലഭ്യത ഉണ്ടായത്. കൂടാതെ മഴയുടെ കുറവ് കാരണം അണക്കെട്ടുകളിലെ ജലശേഖരത്തിലുണ്ടായ കുറവ് അണക്കെട്ടുകളെ ആശ്രയിച്ചുള്ള ജലവിതരണ പദ്ധതികളെ മഴക്കാലം വരെ ബാധിക്കാതിരിക്കാൻ ഇറിഗേഷൻ, വൈദ്യുതി വകുപ്പുകളുമായി സഹകരിച്ച് ജലവിതരണത്തിനാവശ്യമായ ജലം കരുതൽ ശേഖരമായി പരിരക്ഷിച്ച് മാത്രമേ മറ്റാവശ്യങ്ങൾക്ക് ജലം ഉപയോഗിക്കുവാൻ അനുമതി നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ഇതുകൂടാതെ ജലനഷ്ടം ഒഴിവാക്കുന്നതിനായി പൈപ്പ് ലൈനുകളിലെ ചോർച്ച പരിഹരിക്കുക, കേടായ പമ്പ് സെറ്റുകൾ നന്നാക്കി തടസ്സരഹിത പമ്പിംഗ് ഉറപ്പുവരുത്തുക, വാൽവുകൾ ക്രമീകരിച്ച് എല്ലാ സ്ഥലത്തും വെള്ളമെത്തിക്കുക എന്നീ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വരൾച്ചയുടെ കാഠിന്യം കാരണം ശുദ്ധജലവിതരണത്തിൽ ഏറ്റവും ബുദ്ധിമുട്ട് അനുഭവപ്പെട്ടത് തിരുവനന്തപുരം, മലപ്പുറം, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലാണ്. ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, വാമനപുരം നദി എന്നിവ നീരൊഴുക്ക് വളരെ കുറഞ്ഞ നിലയിലായിരുന്നു. ജല ലഭ്യത തീരെ കുറഞ്ഞതിനാലും ലവണാംശം അനുവദനീയമായ അളവിലും വളരെ കൂടിയതിനാലും കാസർഗോഡ് ജില്ലയിലെ രണ്ട് സ്കീമുകളും പാലക്കാട് ജില്ലയിലെ ഒരു സ്കീമും മലപ്പുറം ജില്ലയിലെ മൂന്ന് സ്കീമുകളും താല്ക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു. അടിയന്തര സാഹചര്യം കണക്കിലെടുത്ത് ഈ സ്ഥലങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും ടാങ്കർ ലോറി വഴിയും പുതിയ കുഴൽക്കിണറുകൾ കുഴിച്ച് ഭൂഗർഭ ജലം ഉപയോഗിച്ചും ജലലഭ്യതയുള്ള സമീപ സ്കീമുകളിൽ നിന്നും ഇന്റർ കണക്ഷൻ നൽകിയും ജലവിതരണം നടത്തി പൊതുജനങ്ങളുടെ പ്രശ്നം ലഘൂകരിക്കുവാൻ കഴിഞ്ഞു.

തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള ജലവിതരണ സ്രോതസ്സായ പേപ്പാറ ഡാമിൽ മഴക്കാലം വരെ വിതരണം ചെയ്യുവാൻ ആവശ്യമായ ജലം ലഭ്യമല്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ തന്നെ മറ്റൊരു സ്രോതസ്സായ നെയ്യാറിൽനിന്നും ആവശ്യമായ ജലം എത്തിക്കുവാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പൈപ്പുകൾ സ്ഥാപിച്ച് നെയ്യാർ കാപ്പുകാടിൽനിന്നും അണിയിലക്കടവ് വഴി കരമനയാറ്റിലേയ്ക്ക് മതിയായ അളവിൽ ജലലഭ്യത ഉറപ്പുവരുത്തുവാനുള്ള പ്രവൃത്തികൾ ഈ കാലയളവിൽ നടപ്പിലാക്കി. രണ്ട് ഡ്രഡ്ജറുകൾ, പമ്പ് സെറ്റുകൾ എന്നിവവഴി ഏകദേശം 117

ദശലക്ഷം ലിറ്റർ ജലം പ്രതിദിനം ഇത്തരത്തിൽ പമ്പ് ചെയ്തതിന്റെ ഫലമായി നഗരത്തിൽ ശുദ്ധജലവിതരണം സാധാരണ നിലയിൽ തന്നെ നിലനിർത്തുവാൻ സാധിച്ചു. നീരൊഴുക്ക് കാര്യമായി കുറഞ്ഞ നദികളിൽ ചാലുകീറൽ, ജലലഭ്യതയുള്ള സ്ഥലത്തുനിന്നും താല്ക്കാലിക പമ്പിംഗ് നടത്തി ഇൻടേക്കിനടുത്ത് ജലം എത്തിക്കൽ തുടങ്ങിയ താല്ക്കാലിക പ്രവൃത്തികൾ നടത്തി പരിമിതമായ അളവിലാണെങ്കിലും ജലലഭ്യത ഉറപ്പുവരുത്തുകയുണ്ടായി. കൂടാതെ പാറമടകൾ, കളിമൺ ക്വാറികൾ എന്നിവയിൽനിന്നും താല്ക്കാലിക ശുദ്ധീകരണ ശാലകൾ വഴി ജലവിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചു. വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തിരമായി പൂർത്തിയാക്കുവാൻ കഴിയുന്ന പദ്ധതികൾ കണ്ടെത്തി കമ്മീഷൻ ചെയ്യുന്നതിന്റെ ഭാഗമായി ആലപ്പുഴ UIDSSMT പദ്ധതി പൂർത്തീകരിച്ചു. വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലായി സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പുവരുത്തുന്ന പ്രവൃത്തികൾ, മറ്റ് സ്രോതസ്സുകളിൽനിന്നും ജലം നൽകുന്ന പ്രവൃത്തികൾ, ശുദ്ധീകരണ ശാലകളുടെ അറ്റകുറ്റപ്പണികൾ, ഇന്റർ കണക്ഷൻ പ്രവൃത്തികൾ, പുതിയ കുഴൽക്കിണർ നിർമ്മാണവും അനുബന്ധ പ്രവൃത്തികൾ, ടാങ്കർ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മാണം, പമ്പുകളുടെയും മോട്ടോറുകളുടെയും മറ്റ് അനുബന്ധ വൈദ്യുത ഉപകരണങ്ങളുടെയും അടിയന്തര അറ്റകുറ്റപ്പണികൾ, ജലവിതരണ നിയന്ത്രണത്തിനായുള്ള വാൽവ് സ്ഥാപിക്കൽ തുടങ്ങി വിവിധ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകുകയുണ്ടായി.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചിരുന്നു. ഇതുകൂടാതെ 24x7 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിലും പ്രവർത്തിച്ചിരുന്നു. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി ഒരു ഡ്രൗട്ട് മാനേജ്മെന്റ് സെൽ രൂപീകരിച്ചു. മേൽപ്പറഞ്ഞ നടപടികൾ കൂടാതെ വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിച്ചു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ മേഖലാടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ അവലോകന യോഗം നടത്തിയിരുന്നു. കൂടാതെ സെക്രട്ടറി തലത്തിലും മാനേജ്മെന്റ് തലത്തിലും അതോറിറ്റി ഉദ്യോഗസ്ഥരുമായി വീഡിയോ കോൺഫറൻസ് വഴി സ്ഥിതിഗതികൾ വിലയിരുത്തി തീരുമാനങ്ങൾ എടുത്തിരുന്നു. ജലത്തിന്റെ പാഴ്ച്ചെലവും ദുരുപയോഗവും ഒഴിവാക്കാൻ സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുകയും കൂടുതൽ ജലം ഉപയോഗിക്കുന്ന വ്യാവസായിക, വാണിജ്യ കണക്ഷനുകളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. അതോടൊപ്പം ജലത്തിന്റെ നിയന്ത്രിത ഉപയോഗം സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ നടത്തുകയുണ്ടായി. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷം ഒരു കോടി രൂപ കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള

പദ്ധതികളും കുഴൽക്കിണർ കൈപമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബഡ്ജറ്റ് വിഹിതമായി ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 327 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5834 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 23 കുഴൽക്കിണൽ കൈപമ്പ് പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കിവരുന്നു. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതികൾക്കായി ആകെ 39.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം ഭൂഗർഭജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻ കീഴിൽ ഒരു കോടി രൂപ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കടുത്ത വരൾച്ച നേരിട്ട സാഹചര്യത്തിൽ വരൾച്ചയെ നേരിടുന്നതിനും കുടിവെള്ള ക്ഷാമം പരിഹരിക്കാനും ജലനിധി പഞ്ചായത്തുകളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും ജലദുരുപയോഗം ചെയ്യാതിരിക്കാനും പമ്പിംഗ് സമയം ക്രമീകരിക്കുന്നതിനുംവേണ്ടി ജലനിധി പ്രചാരണ പരിപാടികളും ബോധവത്ക്കരണ പരിപാടികളും നടത്തിവരുന്നു. കൂടാതെ ജലസംരക്ഷണത്തിന് ഭൂജലപരിപോഷണം, റൂഫ് വാട്ടർ ഹാർവെസ്റ്റിംഗ്, കിണർ റീചാർജ്ജിംഗ്, ചെക്ക്ഡാം പണിയൽ, വെർട്ടിക്കൽ ക്രോസ് ബാർ, കുളങ്ങളുടെ സംരക്ഷണം എന്നീ കർമ്മ പരിപാടികളും ജലനിധി പദ്ധതിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) മഴവെള്ള സംഭരണമോ മഴക്കുഴി നിർമ്മിച്ച് ഭൂജല പരിപോഷണം തുടങ്ങിയ സംരംഭങ്ങൾ ഉറപ്പുവരുത്തി പുതിയ വീടുകൾക്ക് ലൈസൻസ് നൽകുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്.

**പെരുമാട്ടി പഞ്ചായത്തിലെ കിണറുകൾ മുഖേന ഭൂജല സംപോഷണം**

183(881) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ട പരിഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ പ്രകാരം പെരുമാട്ടി പഞ്ചായത്തിൽ ജല

ലഭ്യതയില്ലാതെ ഉപേക്ഷിക്കപെട്ട കിണറുകൾ മുഖേന ഭൂജല സംപോഷണം നടത്തുന്നതിന് ഭൂജല വകുപ്പിന്റെ പഠന റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇതനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ നാശനഷ്ടവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ ജലലഭ്യതയില്ലാതെ ഉപേക്ഷിക്കപ്പെട്ട കുഴൽക്കിണറുകൾ മുഖേന ഭൂജല സംപോഷണം നടത്തുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിന് ഭൂജല വകുപ്പിന് ചുമതലപ്പെടുത്തിയിരുന്നു. ഇത് സംബന്ധിച്ച പഠനങ്ങൾ ഭൂജല വകുപ്പ് നടത്തി വരുന്നു. റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**വരൾച്ചയും ജലക്ഷാമവും നേരിടുന്നതിനായുള്ള പദ്ധതികൾ**

184(882) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ഭൂജല വകുപ്പ് നടപ്പിലാക്കിയതെന്ന് വിശദമാക്കുമോ;

(ബി) ദുരന്ത നിവാരണ പരിപാടിയുടെ സ്വഭാവത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിവരിക്കുമോ;

(സി) കുടിവെള്ള പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ വരൾച്ച നേരിടാൻ എന്തെല്ലാം തയ്യാറെടുപ്പുകളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിൽപ്പെടുത്തി 2016-17 സാമ്പത്തിക വർഷം കുഴൽക്കിണറുകൾ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികളും കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും നടപ്പിലാക്കുന്നതിനുവേണ്ടി ബജറ്റ് വിഹിതമായി 1 കോടി രൂപ ഭൂജല വകുപ്പിന് അനുവദിച്ചിരുന്നു. ഇതുകൂടാതെ 1240.33 ലക്ഷം രൂപ കൂടി ഈ പദ്ധതിയിൽപ്പെടുത്തി വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി

അനുവദിച്ചിരുന്നു. 32 ചെറുകിട കുടിവെള്ള പദ്ധതികളും 99 കുഴൽക്കിണർ നിർമ്മാണവും 327 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും 5834 കൈപമ്പുകളുടെ അറ്റകുറ്റപ്പണികളും 23 കുഴൽക്കിണർ കൈപ്പമ്പ് പദ്ധതികളും ഈ പദ്ധതിയിൻ കീഴിൽ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂജല വകുപ്പ് ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും പദ്ധതിയിൻ കീഴിൽ ഉറ കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷം കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ അനുവദിച്ചിരുന്നു. തുറന്ന കിണർ വഴിയുള്ള 41 കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ വിവിധ ജില്ലകളിലായി 2016-17 സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കി. പ്രസ്തുത പദ്ധതികൾക്കായി ആകെ 39.68 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2017-18 സാമ്പത്തിക വർഷം ഭൂഗർഭ ജലാധിഷ്ഠിത കുടിവെള്ള പദ്ധതിയിൻകീഴിൽ ഒരു കോടി രൂപയും കൃത്രിമ ഭൂജല സംപോഷണ പ്രവർത്തനങ്ങൾക്കായി 1.57 കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. കടുത്ത വരൾച്ചയുടെ പശ്ചാത്തലത്തിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന 5507 കുഴൽക്കിണറുകൾ പ്രവർത്തനക്ഷമമാക്കുകയും 327 ചെറുകിട കുടിവെള്ള പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ നവീകരിച്ച് പൂർത്തീകരിച്ച് ഏകദേശം 63,000-ത്തോളം കുടുംബങ്ങൾക്ക് നേരിട്ട് കുടിവെള്ളം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടാങ്കർ ലോറികൾ വഴിയും വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചും കുടിവെള്ള വിതരണം നടത്തുന്നതിന് ദുരന്ത നിവാരണ (റവന്യൂ-കൈ) വകുപ്പ് അനുമതി നൽകിയിരുന്നു.

## വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

185(883) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള വാട്ടർ ടാങ്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസമെന്തൊണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പാമ്പായിമൂലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ശുദ്ധജല സംഭരണിയുടെ പ്രവൃത്തിക്കായി 278 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മണ്ണ് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡിസൈൻ പ്രകാരം പൈലിന്റെ നീളവും എണ്ണവും കൂടിയതിനാൽ എസ്റ്റിമേറ്റ് തുക 346 ലക്ഷമായി ഉയർന്നിട്ടുണ്ട്. ആയതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

## കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കൽ

186(884) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച കൂടി വരുന്ന സാഹചര്യത്തിൽ വരും വർഷങ്ങളിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുവാൻ സമഗ്ര കുടിവെള്ള പദ്ധതിയ്ക്ക് രൂപം നൽകുമോ;

(ബി) കുടിവെള്ളം സംഭരിക്കുന്നതിനായി നദികളിൽ കൂടുതൽ തടയണകൾ നിർമ്മിക്കുന്നതുൾപ്പെടെയുള്ള പ്രവൃത്തികൾക്ക് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) കുപ്പിവെള്ളം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി ജലവിഭവ വകുപ്പ് സ്വന്തമായി പ്ലാന്റുകൾ നിർമ്മിച്ച് കുപ്പിവെള്ളം വിതരണം ചെയ്യുന്നതിനായി നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) KIIFB, AMRUT, NRDWP, NABARD, State Plan തുടങ്ങിയവയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. ലോകബാങ്ക് ധനസഹായത്തോടുകൂടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് ജന പങ്കാളിത്തത്തോടുകൂടി ഗ്രാമീണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതിയാണ് ജലനിധി പദ്ധതി. പദ്ധതിയിൽ അംഗങ്ങളാകുന്ന എല്ലാ കുടുംബങ്ങൾക്കും വീടുകളിൽ കുടിവെള്ളമെത്തിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിൽ ഏറ്റെടുത്ത പദ്ധതി പ്രവർത്തനങ്ങൾ 2018 ഡിസംബറിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. കൂടുതൽ പഞ്ചായത്തുകളിലെ വീടുകളിൽ കുടിവെള്ളമെത്തിക്കുന്ന (ഏതാനും ബൃഹത് പദ്ധതികൾ ഉൾപ്പെടെയുള്ള) വിവിധ പദ്ധതികളടങ്ങുന്ന പ്രൊപ്പോസൽ ലോകബാങ്കിന്റെ അധിക സഹായം ലഭ്യമാക്കുന്നതിനായി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി ചെറുതുരുത്തി പാലത്തിന് സമീപം ഭാരതപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മിക്കുന്നതിന് 35 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ ദർഘാസ് നടപടികൾ പുരോഗമിച്ചുവരുന്നു. 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 റെഗുലേറ്ററുകൾ കിഫ്ബി മുഖേന നിർമ്മിക്കുന്നതിന് 600 കോടി രൂപ ചെലവാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുകൂടാതെ നേവൽ അക്കാഡമി, കയ്യൂർ ചീമേനി കുടിവെള്ള പദ്ധതികൾക്കുവേണ്ടി കാര്യാങ്കോട് പുഴയിലും എൻമകജെ

കുടിവെള്ള പദ്ധതിക്കുവേണ്ടി കാസർഗോഡ് ഷിരിയ പുഴയിലും സ്ഥിരം തടയണയുടെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കൂടാതെ വേനൽക്കാലങ്ങളിൽ കുടിവെള്ളം സംഭരിക്കുന്നതിനായി താൽക്കാലിക തടയണകൾ നിർമ്മിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ജലനിധി പദ്ധതികളിൽ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പുവരുത്താൻ നദികളിൽ തടയണകൾ നിർമ്മിക്കുന്നുണ്ട്.

(സി) തിരുവനന്തപുരം അരുവിക്കരയിൽ ഒരു കുപ്പിവെള്ള പ്ലാന്റിന്റെ (7200 ലിറ്റർ/മണിക്കൂർ) പണി നടന്നുവരികയാണ്. സിവിൽ ജോലികൾ 95 ശതമാനം പൂർത്തിയായി. ഇലക്ട്രിക്കൽ, മെക്കാനിക്കൽ ജോലികൾ നടന്നുവരുന്നു. കുപ്പിവെള്ളം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നത് MRP (Maximum Retail Price) നിശ്ചയിക്കുന്ന സമയത്ത് വിവിധ വില നിർണ്ണയ ഘടകങ്ങൾ പരിശോധിച്ചശേഷം പരിഗണിക്കാവുന്നതാണ്.

## പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനിമൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട കേസ്

187(885) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചിമടയിൽ കൊക്കോകോള കമ്പനി മൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം കൊക്കോകോള കമ്പനിക്കെതിരെ പെരുമാട്ടി ഗ്രാമ പഞ്ചായത്ത് സുപ്രീംകോടതിയിൽ നടത്തുന്ന കേസ്സിൽ ഹാജരാകുന്നതിനു സർക്കാർ അഭിഭാഷകന്റെ സേവനം ലഭ്യമാക്കുമെന്ന തീരുമാനത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

കേസിൽ ഹാജരാകുവാൻ സംസ്ഥാനത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലിന് നിർദ്ദേശം നൽകുന്ന കാര്യം നിയമവകുപ്പിൽ പരിശോധിച്ചുവരുന്നു.

## ശുദ്ധജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് നടപടി

188(886) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും ശുദ്ധജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കുമോ;

(ബി) സ്വകാര്യ വ്യക്തികളുടെ ഭൂമിയിലുള്ള കുളങ്ങൾ നികത്തുന്നത് തടയുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ജലസേചന വകുപ്പ് മുഖേന സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും ശുദ്ധജല സ്രോതസ്സുകളും സംരക്ഷിക്കുന്നതിന് ഹരിതകേരളം, പ്ലാൻ ഫണ്ട്, നോൺ പ്ലാൻ ഫണ്ട്, എൽ.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കുളങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും സംഭരണശേഷി വർദ്ധിപ്പിക്കൽ, ശുചീകരണം, പാർശ്വഭിത്തിയിൽ കയർ, ഭൂവസ്ത്രം, പുല്ല് എന്നിവ വച്ചുപിടിപ്പിച്ച് ബലപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കുളങ്ങളുടെയും ശുദ്ധജല സ്രോതസ്സുകളുടെയും പുനരുദ്ധാരണവും സംരക്ഷണവും പരിമിതമായ തോതിൽ വാട്ടർ അതോറിറ്റിയും ഏറ്റെടുത്ത് നടത്താറുണ്ട്. ലോക ബാങ്കിന്റെ ധനസഹായത്തോടുകൂടി ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ജലസ്രോതസ്സായി കിണറുകൾ സംരക്ഷിച്ചുവരുന്നു. അതിന്റെ ഭാഗമായി ചെറിയ തടയണകൾ, മണ്ണിന്റെ അടിയിൽ തടയണകൾ, കിണർ റീചാർജ്ജ് എന്നിവ നടപ്പിലാക്കിവരുന്നു.

(ബി) ജലവിഭവ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ലാത്ത 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ വ്യവസ്ഥകളനുസരിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പ് അതാത് സമയം നടപടികൾ സ്വീകരിക്കാറുണ്ട്.

**നേമം നിയോജക മണ്ഡലത്തിലെ ശുദ്ധജല വിതരണം**

189(887) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ തിരുവല്ലം സെക്ഷന് കീഴിൽ വരുന്ന കാക്കാമൂല, പാച്ചല്ലൂർ, വാഴമുട്ടം എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രദേശങ്ങളിൽ ശുദ്ധീകരിച്ച ജലം ലഭ്യമാക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ പ്രദേശങ്ങളിൽ പുതുതായി കമ്മീഷൻ ചെയ്ത "സി.ഡബ്ല്യൂ. എസ്.എസ്.-കല്ലിയൂർ, വെങ്ങാനൂർ പഞ്ചായത്ത്, വിഴിഞ്ഞം കോർപ്പറേഷൻ" പ്രദേശവും, കോവളം ടൂറിസ്റ്റ് പ്രദേശവും ഉൾപ്പെടുത്തിയ പദ്ധതിയിൽനിന്നും ശുദ്ധജലം ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്.

**മീനാട് കുടിവെള്ള പദ്ധതി**

190(888) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയിൽ അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ കരാറുകാരൻ ഉപേക്ഷിച്ച നിലയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പരവൂർ മുനിസിപ്പാലിറ്റിയ്ക്കും 13 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള മീനാട് ശുദ്ധജല വിതരണ പദ്ധതിയിൽ പാക്കേജ് III-ൽ ഉൾപ്പെട്ട 963 കി.മീ. വിതരണ ശൃംഖലയിൽ മുൻകരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനുകളിൽ അവശേഷിക്കുന്ന ഗ്യാപ്പുകൾ ഉൾപ്പെടെ ഇനി 135 കി.മീ. വിതരണ ശൃംഖല സ്ഥാപിക്കാനും 620 കി.മീ. വിതരണ ശൃംഖല കമ്മീഷൻ ചെയ്യുന്നതിനുമുള്ള പണികൾ അവശേഷിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) 31-7-2017-ൽ ടെർമിനേറ്റ് ചെയ്ത നിലവിലെ കരാറുകാരനായ M/s. Tecpro Infra Ltd.-ന്റെ സ്റ്റോക്ക് യാർഡുകളിലും റോഡ് സൈഡുകളിലും സൂക്ഷിച്ചിട്ടുള്ള ബാലൻസ് പൈപ്പുകളും സ്പെഷ്യലുകളും എണ്ണിത്തിട്ടപ്പെടുത്തി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിനും അവശേഷിക്കുന്ന പണികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ പുതിയ ടെണ്ടറുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി പണികൾ പൂർത്തിയാക്കി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്നതിന് ഏകദേശം 12 മുതൽ 18 മാസം വരെ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

**തഴക്കര കുടിവെള്ള പദ്ധതി**

191(889) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി ഡി.പി.ആർ. അനുമതി ലഭ്യമാക്കുന്നതിനായി നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിന്റെ ഡി.പി.ആർ. അനുമതി അടിയന്തിരമായി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വിശദമാക്കുമോ ; എത്രയും വേഗം ഈ കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) മാവേലിക്കര തഴക്കര കുടിവെള്ള പദ്ധതിക്കായി 52.5 കോടി രൂപയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശങ്ങളായ മാവേലിക്കര നഗരസഭയിലും തഴക്കര, ചെട്ടികുളങ്ങര എന്നീ പഞ്ചായത്തുകളിലും വിശദമായ ഭൂതല സർവ്വേ നടത്തി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

**മാടായി കുടിവെള്ള പദ്ധതി**

192(890) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും ?

ഉത്തരം

ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി കുടിവെള്ള പദ്ധതിയിൽ 4.5 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി, ഗ്രാവിറ്റിമെയിൻ, വിതരണ ശൃംഖല എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 4.5 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി, ജലസംഭരണിയുടെ പാർശ്വഭിത്തിയുടെ 2.6 മീ. നീളത്തിൽ കോൺക്രീറ്റ് പണി എന്നിവ പൂർത്തിയായി. 6500 മീ. ദൈർഘ്യമുള്ള 250 എം.എം. D1 ഗ്രാവിറ്റി മെയിൻ പൈപ്പിടൽ ഇതുവരെ 4250 മീ. പൂർത്തിയായി. 1300 മീ. ദൈർഘ്യമുള്ള D1 മെയിൻ വിതരണ ശൃംഖലയുടെ പ്രവൃത്തി 1150 മീ. പൂർത്തിയായി. 5000 മീ. ദൈർഘ്യമുള്ള PVC വിതരണ ശൃംഖലയുടെ പ്രവൃത്തിയായി. മൊത്തം പദ്ധതിയുടെ 85 ശതമാനത്തോളം പൂർത്തിയായി. PWD റോഡിൽ കൂടിയുള്ള പൈപ്പിടൽ പ്രവൃത്തിയാണ് ബാക്കിയുള്ളത്. ഇതിനാവശ്യമായ തുക PWD-യിൽ അടച്ച് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. PWD-യുടെ അനുമതി ലഭിച്ചുകഴിഞ്ഞാൽ ഏകദേശം 3 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ചൊവ്വര വാട്ടർ സപ്ലൈ സ്കീം

193(891) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി നൽകിയിരുന്ന ചൊവ്വര വാട്ടർ സപ്ലൈ സ്കീം ഏതെല്ലാം മേഖലയ്ക്ക് വേണ്ടിയാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പറവൂർ-വൈപ്പിൻ മേഖലയുടെ കുടിവെള്ളാവശ്യം നിർവ്വഹിക്കുന്നതിന് ചൊവ്വര പദ്ധതിയിൽനിന്നും എത്ര എം.എൽ.ഡി. വെള്ളമാണ് കൊടുക്കുക എന്ന് വിശദമാക്കാമോ;

(സി) വൈപ്പിൻ മേഖലയ്ക്ക് ആവശ്യമുള്ള വെള്ളവും ഇപ്പോൾ വിതരണം ചെയ്യുന്ന വെള്ളവും എത്ര എം.എൽ.ഡി. വീതമാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2025 - ഓടുകൂടി വൈപ്പിൻ മേഖലയ്ക്ക് എത്ര എം.എൽ.ഡി. വെള്ളം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പറവൂർ മുനിസിപ്പാലിറ്റി, ചേന്ദമംഗലം, ഏഴിക്കര, കോട്ടുവള്ളി, കുഴുപ്പിള്ളി, പള്ളിപ്പുറം, എടവനക്കാട്, വടക്കേക്കര, ചിറ്റാറ്റുകര, നായരമ്പലം എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും ഞാറക്കൽ പഞ്ചായത്തിൽ ഭാഗീകമായും ശുദ്ധജലം എത്തിക്കുന്നതിന് വേണ്ടിയാണ് ചൊവ്വര പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

(ബി) 50 എം.എൽ.ഡി. വള്ളം.

(സി) വൈപ്പിൻ മേഖലയ്ക്ക് ആവശ്യമായ 27 എം.എൽ.ഡി. ജലം ഇപ്പോൾ വിതരണം ചെയ്യുന്നുണ്ട്.

(ഡി) 2025-ഓടുകൂടി വൈപ്പിൻ മേഖലയ്ക്ക് 31 എം.എൽ.ഡി. വെള്ളം വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

## പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

194(892) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-22 ൽ ഉൾപ്പെടുത്തി 1495 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ;

(ബി) രണ്ടാം ഘട്ടത്തിൽ സ്റ്റേറ്റ്പ്ലാനിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) ഈ പ്രവൃത്തികൂടി പൂർത്തിയായാൽ പട്ടുവം കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര കിലോ മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നബാർഡിന്റെ ആർ.ഐ.ഡി.എഫ്-22-ൽ ഉൾപ്പെടുത്തി 1495 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തി 5 പഞ്ചായത്തുകളിൽ (ചെറുകുന്ന്, മാട്ടൂൽ, പട്ടുവം, കടന്നപ്പള്ളി-പാണപ്പുഴ, ഏഴോം) പൂർത്തീകരിച്ചു. കണ്ണപുരം, കല്ല്യാശ്ശേരി എന്നീ പഞ്ചായത്തുകളിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. റോഡ് കട്ടിംഗ് പെർമിഷൻ ലഭ്യമായാൽ 15-11-2017-നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ 31-3-2018-നുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി)

| പഞ്ചായത്ത് | ദൈർഘ്യം (കി.മീ.) |
|---|---|
| കല്ല്യാശ്ശേരി | 99.35 |
| ചെറുകുന്ന് | 51.00 |
| മാട്ടൂൽ | 41.72 |
| കണ്ണപുരം | 77.22 |
| പട്ടുവം | 41.72 |
| കടന്നപ്പള്ളി-പാണപ്പുഴ | 152.84 |
| ഏഴോം | 83.50 |

**മഴവെള്ളം സംഭരിക്കുന്നതിനും ജലദുരുപയോഗം തടയുന്നതിനും നടപടി**

195(893) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴ കുറഞ്ഞതിനെ തുടർന്ന് രൂക്ഷമായ ജലദൗർലഭ്യം നേരിട്ട സാഹചര്യത്തിൽ ലഭ്യമായ മഴവെള്ളം ശരിയായ രീതിയിൽ സംഭരിക്കുന്നതിനും ജലത്തിന്റെ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മഴവെള്ള സംഭരണം സംബന്ധിച്ചും ജലത്തിന്റെ മിതമായ ഉപയോഗം സംബന്ധിച്ചും ജനങ്ങൾക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിച്ചിട്ടുള്ളത്; ഇതിനായി ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പ്രചരണം നടത്തിയിട്ടുണ്ടോ;

(സി) ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിനായി എന്തെല്ലാം കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രം 'മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പദ്ധതി'-യിലൂടെ മഴവെള്ള സംഭരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കിവരുന്നു. ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ബജറ്റിൽ അനുവദിക്കുന്ന തുക ഉപയോഗിച്ച് വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികൾ ഫെറോസിമന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നിർമ്മിച്ചുനൽകുന്നു. കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഗ്രാമപഞ്ചായത്തുകളിലെ കുടുംബങ്ങൾക്ക് പദ്ധതിയുടെ ആനുകൂല്യം സബ്സിഡിയോടെ നൽകിവരുന്നു. മഴവെള്ളം ശാസ്ത്രീയമായി സംഭരിച്ച് വേനൽ മാസങ്ങളിൽ ഉപയോഗയോഗ്യമാക്കുവാൻ കുടുംബങ്ങൾക്ക് സാധിക്കുന്നു. കൂടാതെ ഈ പദ്ധതിയുടെ ഭാഗമായി സർക്കാർ വിദ്യാലയങ്ങളിലും മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകിവരുന്നു. വിദ്യാലയങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വിദ്യാർത്ഥികളിൽ മഴവെള്ള സംഭരണത്തിന്റെ പ്രാധാന്യം, ആവശ്യകത മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കുന്നു. വിദ്യാർത്ഥികളിലൂടെ മഴവെള്ള സംഭരണത്തിന്റെ സന്ദേശം അവരുടെ വീടുകളിലേയ്ക്കും ജനസമൂഹത്തിലേയ്ക്കും എത്തിക്കുവാൻ പദ്ധതി ലക്ഷ്യമിടുന്നു. വിവിധ സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 22.02 കോടി രൂപ ഉപയോഗിച്ച് വ്യക്തിഗത വീടുകൾക്കും സർക്കാർ വിദ്യാലയങ്ങൾക്കുമായി 4840 മഴവെള്ള സംഭരണികൾ നിർമ്മിച്ചുനൽകി. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിരിക്കുന്ന തുക ഉപയോഗിച്ച് കൂടുതൽ വീടുകൾക്കും വിദ്യാലയങ്ങൾക്കും ഗ്രാമ പഞ്ചായത്തുകൾക്കും മഴവെള്ള സംഭരണി നിർമ്മിച്ചുനൽകുവാൻ ലക്ഷ്യമിടുന്നു. കൂടാതെ ജലസംരക്ഷണപ്രവർത്തനങ്ങളുടെ ഭാഗമായി കിണർ റീചാർജ്ജ് പദ്ധതിയും നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. മഴവെള്ള സംഭരണത്തിലൂടെ സമീപ പ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്തുകയും വേനൽക്കാലത്തും കുളത്തിലെ ജലലഭ്യത ഉറപ്പുവരുത്തുകയുമാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്. ഇതുകൂടാതെ ജല അതോറിറ്റിയുടെ കേന്ദ്രകാര്യാലയത്തിനടുത്തായി മഴവെള്ള സംഭരണത്തിനായി ഒരു കുളത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പമ്പ്

ഹൗസുകളുടെ ജലസ്രോതസ്സിന് സമീപത്തായി മഴക്കുഴികൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ചുവരുന്നു. ജലദുർവിനിയോഗം തടയുന്നതിനും ജലത്തിന്റെ ഉപഭോഗം പരിമിതപ്പെടുത്തുന്നതിനും പത്രമാധ്യമങ്ങളിലൂടെ നിരന്തരമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തുവരുന്നു. സ്രോതസ്സുകൾക്ക് സമീപം നദികളിൽ സ്ഥിരം/താൽക്കാലിക തടയണകൾ സ്ഥാപിച്ച് സ്രോതസ്സിലെ ജലലഭ്യത ഉറപ്പു വരുത്തുന്നു.

(ബി) കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയുടെ ഭാഗമായ മഴകേന്ദ്രത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ പരിപൂർണ്ണമായും ജനങ്ങളിൽ മഴവെള്ള സംഭരണവും അനുബന്ധ പ്രവർത്തനങ്ങളുമായുള്ള അറിവും സന്ദേശവും എത്തിക്കുന്നതായിരുന്നു. ആയതിനുവേണ്ടി മാതൃകായൂണിറ്റുകൾ, കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, പരസ്യങ്ങൾ, ഡോക്യുമെന്ററികൾ തുടങ്ങിയവ തയ്യാറാക്കി പ്രചരിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നു. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണവും മഴവെള്ളസംഭരണ പരിപാടികളും നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവിധ തരത്തിലുള്ള കൈപ്പുസ്തകങ്ങളും ലഘുലേകളും തയ്യാറാക്കി വിതരണം തുടർന്നും ചെയ്തുവരുന്നു. I&PR വകുപ്പുമായി സഹകരിച്ച് മഴവെള്ള സംഭരണം, കിണർ റീചാർജ്ജ് പദ്ധതികളെ സംബന്ധിച്ച് അവബോധം നൽകുന്നതിന് ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിരുന്നു. FM Radio മുഖാന്തരം മഴവെള്ള സംഭരണത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുകയുണ്ടായി. എക്സിബിഷൻ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി മഴവെള്ള സംഭരണത്തിന്റെയും കിണർ റീചാർജ്ജ് തുടങ്ങിയ പരിപാടികളുടെ മാതൃകകൾ പൊതുജനങ്ങൾക്ക് അറിവ് പകരുന്നവിധത്തിൽ പ്രദർശിപ്പിക്കുന്നു.

(സി) വരൾച്ചാബാധിതമായി സംസ്ഥാനത്തെ എല്ലാ ജില്ലകളെയും പ്രഖ്യാപിച്ചതിനെ തുടർന്ന് കുഴൽക്കിണർ കുഴിക്കുന്ന സംഗതിയിലും കുഴൽ കിണറുകളിൽനിന്ന് എടുക്കുന്ന ജലം നിയന്ത്രിക്കുന്ന കാര്യത്തിലും ദുരന്തനിവാരണ അതോറിറ്റി വ്യവസ്ഥകൾ നിഷ്കർഷിച്ചിരിക്കുന്നു.

## കുളിമാട് പ്ലാന്റിൽനിന്ന് വെള്ളം എത്തിക്കുന്നതിന് നടപടി

196(894) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഐ.സി.എ. (ജിക്ക) പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ, ചാത്തമംഗലം പഞ്ചായത്തുകൾക്ക് കുളിമാട് പ്ലാന്റിൽനിന്ന് വെള്ളം എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) എൻ.ഐ.ടി, എം.വി.ആർ. കാൻസർ സെന്റർ, കെ.എം.സി.ടി. എന്നീ സ്ഥാപനങ്ങളും, ഗ്രാമപഞ്ചായത്തും ഡെഡിക്കേറ്റഡ് ലൈനുകൾ വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇവയ്ക്കെല്ലാം വ്യത്യസ്ഥ സമയങ്ങളിൽ റോഡ് മുറിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ ഒരു പൊതു എസ്റ്റിമേറ്റ് തയ്യാറാക്കാൻ കഴിയുമോ; ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) കുളിമാട് പ്ലാന്റിൽനിന്നും മാവൂർ ഗ്രാമപഞ്ചായത്തിലേയ്ക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് വേണ്ടി മൂന്ന് കോടി രൂപയുടെ ഒരു പ്രൊപ്പോസലിന് കിഫ്ബിയുടെ അംഗീകാരവും ഭരണാനുമതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചാത്തമംഗലത്തിനും സമീപ ഒൻപത് പഞ്ചായത്തുകൾക്കുമായുള്ള കുടിവെള്ള പദ്ധതിയുടെ ഡിസൈൻ റിപ്പോർട്ട് പി.പി.ഡി. വിഭാഗം വിശദമായ പഠനത്തിനുശേഷം തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ട്.

(ബി) എൻ.ഐ.റ്റി. എം.വി.ആർ. കാൻസർ സെന്റർ എന്നീ സ്ഥാപനങ്ങളുടെ ഡെഡിക്കേറ്റഡ് ലൈൻ വേണമെന്ന ആവശ്യം ലഭിച്ചിട്ടുണ്ട്.

(സി) എല്ലാ സ്ഥാപനങ്ങളും ഡെഡിക്കേറ്റഡ് ലൈനുകൾ വേണമെന്ന് ആവശ്യപ്പെട്ട് പണം നിക്ഷേപിക്കാൻ തയ്യാറായാൽ പൊതു എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സാധ്യത പരിശോധിക്കാവുന്നതാണ്.

## വാട്ടർ അതോറിറ്റിയെ ലാഭകരമാക്കാൻ കർമ്മപദ്ധതികൾ

197 (895) ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ഈ സർക്കാരിന്റെ കാലത്ത് ലാഭകരമാക്കി പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി എന്തല്ലാം കർമ്മ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദീകരിക്കുമോ;

(സി) ഭരണതലത്തിൽ എന്തെല്ലാം പരിഷ്കാര നടപടികളാണ് ഇതിനായി കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 5 വർഷംകൊണ്ട് വെള്ളക്കരം വർദ്ധിപ്പിക്കാതെ വാട്ടർ അതോറിറ്റിയെ ലാഭകരമായ സ്ഥാപനമാക്കുമെന്ന് 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി സർക്കാരിന് നൽകാനുള്ള 1004 കോടി രൂപയുടെ പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും 713 കോടി രൂപയുടെ സർക്കാർ വായ്പകൾ ബോർഡിന്റെ ഓഹരി മൂലധനമാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ ജല വിതരണ ശൃംഖലയിലെ ജല ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റിസ്ഥാപിക്കുക, കൂടുതൽ പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക, നഗര മേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തീകരിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുക എന്നിവയിലൂടെ കേരള വാട്ടർ അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതാണ്.

(സി) കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തീകരണത്തിനായി കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർ (പ്രോജക്ട്)-ന്റെ കീഴിൽ ഓപ്പറേഷൻസ് & മോണിറ്ററിംഗ് വിഭാഗം രൂപീകരിച്ചു. സംസ്ഥാനത്ത് ഒട്ടാകെ കുടിവെള്ള പദ്ധതികൾക്കുവേണ്ടി സർവ്വേ നടത്തുവാനും പുതിയ പ്രോജക്ട് തയ്യാറാക്കുന്നതിനുമായി വാസ്കോൺ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രോജക്ട് പ്ലാനിംഗ് & ഡവലപ്മെന്റ് (പി. പി. ഡി. യൂണിറ്റ്) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കേരള ജല അതോറിറ്റിയുടെ ദൈനംദിന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനായി കാലഹരണപ്പെട്ട് കിടന്നിരുന്ന തസ്തികകളെ മീറ്റർ റീഡർ തസ്തികകളായി പുനർനാമകരണം ചെയ്യുന്നതിനുള്ള പ്രാഥമിക നടപടികൾ എടുത്തുവരുന്നു. പൈപ്പ് ലൈനുകളിലുണ്ടാകുന്ന ചോർച്ചകൾ സമയബന്ധിതമായി പരിഹരിക്കാൻ ബ്ലൂബ്രിഗേഡ് സംവിധാനം ജില്ലാ ആസ്ഥാനങ്ങളിലും പ്രധാന പദ്ധതികളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ പൈപ്പ് ലൈനുകളിലെ ചോർച്ചയും മറ്റ് പരാതികളും സമയബന്ധിതമായി പരിഹരിക്കാൻ 24X7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നു.

**പെരുനാട് അത്തിക്കയം കുടിവെള്ള പദ്ധതി**

198(896) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട്-അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; എത്ര രൂപയാണ് ഇതിന് ആദ്യഘട്ടത്തിൽ വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) പദ്ധതിയുടെ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്; ഇനി എന്തൊക്കെ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്; ഇത് എന്നത്തേക്ക് പൂർത്തീകരിക്കും;

(സി) പദ്ധതിയുടെ അടുത്ത ഘട്ടത്തിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പെരുനാട്-അത്തിക്കയം ശുദ്ധജലവിതരണ പദ്ധതിയുടെ ശേഷി എത്രയാണ്;

(ഇ) പദ്ധതി പൂർത്തിയാക്കി എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാകും എന്ന് പറയാമോ?

<u>ഉത്തരം</u>

(എ) പെരുനാട്-അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ നിർമ്മാണം 2013-ൽ ആരംഭിച്ചു. പദ്ധതിയുടെ ആദ്യഘട്ടത്തിന് 1400 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

1. 8 MLD ശേഷിയുള്ള ജലശുദ്ധീകരണശാല
2. റോ വാട്ടർ പമ്പിംഗ് മെയിൻ
3. കോട്ടുപാറ ശുദ്ധജല സംഭരണിയിലേയ്ക്കും ഇടപ്രാമല ശുദ്ധജല സംഭരണിയിലേയ്ക്കുമുള്ള ക്ലീയർ വാട്ടർ പമ്പിംഗ് മെയിനുകളും മുക്കംവരെയുള്ള ഗ്രാവിറ്റി മെയിനും
4. നിലവിലുള്ള ഇൻടേക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നവീകരണം.
5. ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം
6. ചെമ്പൻമുടി, പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം
7. പമ്പ് സെറ്റുകൾ സ്ഥാപിക്കൽ.

(ബി) പെരുനാട് അത്തിക്കയം ശുദ്ധജല വിതരണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഘടകങ്ങളിൽ ജലശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഗ്രാവിറ്റി മെയിൻ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. അവശേഷിക്കുന്ന ഘടകങ്ങളായ ഇൻടേക്ക് കിണറിന്റെ

നവീകരണം, ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ നിർമ്മാണം, ചെമ്പൻമുടി പഞ്ചാരമുക്ക് എന്നിവിടങ്ങളിലെ ജലസംഭരണികളുടെ നിർമ്മാണം, പമ്പ് സെറ്റുകൾ സ്ഥാപിക്കൽ എന്നിവ ഒറ്റ പാക്കേജായി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചാൽ 10 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരി ക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 2016-17-ലെ പുതുക്കിയ ബജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി പ്രഖ്യാപിച്ച പെരുനാട് അത്തിക്കയം കുടിവെള്ള വിതരണ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 41.4 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബി-യുടെ അംഗീകാരവും ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ശുദ്ധീകരണശാല മുതൽ മന്നമ്പുഴ സബ് വരെയും അവിടെനിന്നും ടാങ്ക് വരെയും ശുദ്ധീകരണശാല മുതൽ മുണ്ടൻമല സബ് വരെയും അവിടെനിന്നും മുണ്ടൻമല ടാങ്ക് വരെയും കോട്ടുപാറ ടാങ്ക് മുതൽ മാമ്പാറ ടാങ്ക് വരെയും ജലശുദ്ധീകരണശാല മുതൽ പഞ്ചാരമുക്ക് ടാങ്ക് വരെയും പഞ്ചാരമുക്ക് ടാങ്ക് മുതൽ ചെമ്പനൂടി ടാങ്ക് വരെയുമുള്ള ശുദ്ധജല പമ്പിംഗ് മെയിനുകൾ

2. മുണ്ടൻമല പമ്പ് ഹൗസിന്റെയും മുണ്ടൻമല ടാങ്കിന്റെയും നിർമ്മാണം

3. വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തികൾ

4. മുണ്ടൻമല, മന്നമ്പുഴ, പഞ്ചാരമുക്ക്, ചെമ്പനൂടി എന്നീ സ്ഥലങ്ങളിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുള്ള പമ്പ് സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ.

5. വൈദ്യുതീകരണ പ്രവർത്തനങ്ങൾ.

(ഡി) 8 ദശലക്ഷം ലിറ്റർ.

(ഇ) KIIFB മുഖേന അംഗീകാരം നൽകിയ പദ്ധതി 2 പാക്കേജുകളിലായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ പാക്കേജ്-1ന് കേരള വാട്ടർ അതോറിറ്റി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ GST പ്രാബല്യത്തിൽ വന്നതുകൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുവാനുള്ള സമയം നീട്ടി ചോദിച്ചിരിക്കുകയാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസംമൂലം പാക്കേജ്-II-ന്റെ ടെണ്ടർ ഇതുവരെ വിളിക്കാൻ സാധിച്ചിട്ടില്ല. 2019 ജൂൺ 30-നകം പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.

**കുടിവെള്ളക്ഷാമം**

199(897) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ മുൻകൂട്ടി കണ്ട് നടപ്പിലാക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തിരുവനന്തപുരം നഗരത്തിലെ പല പ്രദേശങ്ങളിലും വാട്ടർ അതോറിറ്റി ജീവനക്കാർ യാതൊരു മാനദണ്ഡവും ഇല്ലാതെ വാൽവുകൾ പൂട്ടുന്നതു കാരണം കുടിവെള്ളം ലഭിക്കാതെ വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പേരൂർക്കട, മണ്ണാംമൂല ഭാഗത്തെ വാൽവ് ശരിയായ രീതിയിൽ തുറക്കാത്തതുമൂലം മണ്ണാംമൂല റസിഡന്റ് അസോസിയേഷൻ ഭാഗത്ത് കുടിവെള്ളം ലഭിയ്ക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത പരാതികൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(എഫ്) അലംഭാവം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിലെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം നിലവിലുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതികൾ മുൻകൂട്ടി കണ്ട് ആവശ്യമായ പ്രൊപ്പോസലുകൾ തയ്യാറാക്കുകയും അനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കഴിഞ്ഞ രൂക്ഷമായ വരൾച്ചയുടെ ഭാഗമായി ആവശ്യത്തിനുള്ള ശുദ്ധജലം പേപ്പാറ, അരുവിക്കര ഡാമുകളിൽനിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ നെയ്യാർ ഡാമിൽനിന്നുള്ള വെള്ളമാണ് തിരുവനന്തപുരം നഗരപ്രദേശത്ത് എത്തിച്ചത്. ആവശ്യത്തിനുള്ള ജലം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം നഗരപ്രദേശങ്ങളിൽ ജലക്ഷാമം നേരിട്ടുവെന്നത് വസ്തുതയാണ്. ആയതിനാൽ ഉയർന്ന പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിന് വേണ്ടി വാൽവുകൾ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ നിയന്ത്രിച്ച് ജലം ലഭ്യമാക്കിയിരുന്നു.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പേരൂർക്കട, മണ്ണാംമൂല തുടങ്ങിയ പ്രദേശങ്ങളിൽ പേരൂർക്കട ടാങ്കിന്റെ പരിധിയിൽ വരുന്ന ഉയർന്ന പ്രദേശങ്ങളാണ്. കഴിഞ്ഞ വരൾച്ചാകാലത്ത് പേരൂർക്കട ടാങ്കിൽ ആവശ്യമായ ജലവിതാനം ലഭിക്കാത്തതിനാൽ ഈ പ്രദേശങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെട്ടിരുന്നു. ഇതിനെത്തുടർന്ന് ഈ പ്രദേശങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി മറ്റ് പ്രദേശങ്ങളിലേയ്ക്കുള്ള ജലവിതരണം നടത്തുന്ന വാൽവുകൾ രണ്ടുദിവസത്തിലൊരിക്കൽ ക്രമീകരിച്ചിരുന്നു. ഇപ്പോൾ ഈ പ്രദേശങ്ങളിൽ ആവശ്യത്തിനുള്ള ജലം ലഭിക്കുന്നുണ്ട്.

(എഫ്) ജലവിതരണം കാര്യക്ഷമമായി നടത്തുന്നതിൽ ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

**അരുവിക്കര ഡാമിലെ ജലശുദ്ധീകരണ പ്ലാന്റ്**

200(898) ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിലെ ജലശുചീകരണ പ്ലാന്റ് നവീകരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചു;

(സി) കരാർ ഏറ്റെടുത്ത തമിഴ്നാട്ടിലെ കമ്പനിയുടെ അലംഭാവം കാരണം നവീകരണ പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അരുവിക്കര സ്ഥിതിചെയ്യുന്ന 72 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണ ശാലയുടെയും വെള്ളയമ്പലത്ത് സ്ഥിതി ചെയ്യുന്ന 36 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാലയുടെയും നവീകരണ പ്രവർത്തനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഉപകരണങ്ങൾ 90 ശതമാനവും സ്ഥാപിച്ചുകഴിഞ്ഞു. പദ്ധതിയിൽ ഏഴ് പുതിയ കെട്ടിടങ്ങൾ നിർമ്മാണം ഉൾക്കൊള്ളിച്ചിട്ടുള്ളതിൽ 6 കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും ഒരു കെട്ടിടത്തിന്റെ പണികൾ അന്തിമ ഘട്ടത്തിലുമാണ്. അരുവിക്കര, വെള്ളയമ്പലം എന്നീ ശുദ്ധീകരണശാലകളിൽ നിലവിലുള്ള 17 ഫിൽറ്റർ ബെഡ്ഡുകളിൽ 5 എണ്ണത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു. അരുവിക്കരയിലുള്ള സെറ്റ്-ലിങ് ടാങ്കിന്റെ നവീകരണം,

നിലവിലെ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച യന്ത്രസാമഗ്രികളുടെ പ്രവർത്തിപ്പിക്കൽ, 12 ഫിൽറ്റർ ബഡ്ഡുകളുടെ നവീകരണം മുതലായ പ്രവൃത്തികൾ അവശേഷിക്കുന്നു. നവീകരണ പ്രവൃത്തികൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

(ബി) 29 കോടി രൂപ.

(സി) കരാർ ഏറ്റെടുത്ത കമ്പനിയുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും തൊഴിലാളികളുടെ ക്ഷാമവും കാരണം കരാറുകാരന്റെ ഭാഗത്തുനിന്നും പണികൾ ഇടയ്ക്ക് മുടങ്ങിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം നഗരത്തിൽ ശുദ്ധജലവിതരണം നടത്തുന്ന അരുവിക്കരയിലെ 72 ദശലക്ഷം ശേഷിയുള്ള പ്ലാന്റും വെള്ളയമ്പലത്ത് സ്ഥിതിചെയ്യുന്ന 36 ദശലക്ഷം ശേഷിയുള്ള പ്ലാന്റും പൂർണ്ണമായോ ഭാഗീകമായോ നിർത്തിവച്ചാൽ മാത്രമെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഏറെക്കുറെ പണികളും ചെയ്യുവാൻ കഴിയുകയുള്ളൂ. മുൻവർഷങ്ങളിൽ തിരുവനന്തപുരം നഗരത്തിൽ അനുഭവപ്പെട്ട രൂക്ഷമായ വരൾച്ച കാരണം ജലവിതരണം തടസ്സപ്പെടാതിരിക്കാൻ പ്ലാന്റുകൾ നിർത്തിവച്ച് പണികൾ ചെയ്യുവാൻ സാധിച്ചിട്ടില്ല. ഇക്കാരണത്താലും പണികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 20-7-2017-ൽ ചീഫ് എഞ്ചിനീയർ (ജിക്ക)-യുടെ ഓഫീസിൽ കൂടിയ അവലോകന യോഗത്തിൽ ബന്ധപ്പെട്ട കരാറുകാരനോട് നവീകരണ പ്രവർത്തനങ്ങൾ 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ബാക്കി പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## വൈപ്പിൻ ശുദ്ധജല വിതരണ പദ്ധതി

201(899) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ഞാറയ്ക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ നിർമ്മിച്ചുവരുന്ന ശുദ്ധജല ടാങ്കുകളുടെ നിർമ്മാണം നിലവിൽ എത്ര ശതമാനമാണ് പൂർത്തീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഞാറക്കലിൽ സ്ഥാപിക്കുന്ന ശുദ്ധജല ടാങ്കിന്റെ പ്രവൃത്തികൾ ഏകദേശം 68%-ഉം മുരിക്കുംപാടത്ത് സ്ഥാപിക്കുന്ന ടാങ്കിന്റെ പ്രവൃത്തികൾ ഏകദേശം 58%-ഉം പൂർത്തീകരിച്ചു.

(ബി) പ്രസ്തുത പ്രവൃത്തികൾ ഒരു വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുനാവായ കുടിവെള്ള പദ്ധതി**

202(900) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ തിരുനാവായ കുടിവെള്ള പദ്ധതിയുടെ പ്രയോജനം വളാഞ്ചേരി പ്രദേശത്തെ ഉയർന്ന പ്രദേശങ്ങളിൽ ലഭ്യമാക്കണമെന്നത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 2715/M(WR)VIP/2017 എന്ന നമ്പരിലുള്ള ഫയലിൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) വളാഞ്ചേരിയിലെ ഉയർന്ന പ്രദേശങ്ങളിൽ ജലം ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) ജലവിഭവ വകുപ്പ് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് തിരുനാവായ കുടിവെള്ള പദ്ധതിയിൽനിന്നും പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായുള്ള പ്രവൃത്തികൾ എം.പി. ഫണ്ട് ലഭ്യമാക്കി ദർഘാസ് ചെയ്ത് കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 30-6-2017 തീയതിയിലുള്ള 2715/M(WR)/VIP/2017 എന്ന നമ്പരിലുള്ള തപാൽ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ട്. ഇതിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വളാഞ്ചേരി പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ തോന്നക്കൽ, ചീരാണി കോളനികളിലേയ്ക്കും കർത്താലയിലേയ്ക്കും കുടിവെള്ളം എത്തിക്കുന്നതിന് ബഹുമാനപ്പെട്ട എം.പി. ഇ.ടി. മുഹമ്മദ് ബഷീറിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും യഥാക്രമം 10.20 ലക്ഷം, 5 ലക്ഷം എന്നീ തുകകൾ അനുവദിച്ചതിനെ തുടർന്ന് പ്രവൃത്തികൾ ദർഘാസ് ചെയ്ത് കരാർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) മേൽ പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചേർത്തല താലൂക്കിലെ ജിക്ക പദ്ധതി

203(901) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ JICA പദ്ധതിയുമായി ബന്ധപ്പെട്ട് നിലവാരം കുറഞ്ഞ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എടുത്ത തീരുമാന പ്രകാരം നിലവാരം കുറഞ്ഞ പൈപ്പുകൾ ഇടാനുണ്ടായ സാഹചര്യത്തെക്കുറിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഈ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് എടുത്ത നടപടികൾ വിശദമാക്കാമോ;

(ബി) മറവൻതുരുത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി മുറിഞ്ഞ പുഴയിലും ഇത്തിപ്പുഴയിലും സ്പിൽവേകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(സി) മറവൻതുരുത്തിൽ പൈപ്പ് ലൈൻ മാറ്റുമ്പോൾ തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് അനുബന്ധ റോഡുകൾ പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്എന്നറിയിയ്ക്കുമോ;

(ഡി) പൈപ്പ് മാറ്റൽ നാലുമാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ; ഇത് സംബന്ധിച്ച് എടുത്ത മുൻകരുതലുകൾ വിശദമാക്കാമോ?

### ഉത്തരം

(എ) ആലപ്പുഴ ജില്ലാ പോലീസ് വിജിലൻസിന്റെ കീഴിൽ ഇതിനെ സംബന്ധിച്ച അന്വേഷണം നടന്നുവരികയാണ്. ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കാനായി എ.ബി.ജി. എഞ്ചിനീയറിംഗ് എന്ന കമ്പനിക്ക് കരാർ നൽകിയിട്ടുണ്ട്. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന ജോലികൾ 2017 നവംബറിൽ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ബി) 2017-18 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ KIIFB ധനസഹായത്തോടെ മറവൻതുരുത്തിൽ ഉപ്പുവെള്ളം കയറുന്നത് തടയാനായി മുറിഞ്ഞപുഴയിലും ഇത്തിപ്പുഴയിലും 2 റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് ടെൻഡർ നടപടികൾ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരുന്നു.

(സി) മറവൻതുരുത്തിൽ പൈപ്പ് ലൈൻ മാറ്റുമ്പോൾ തദ്ദേശവാസികളുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന്, സമാന്തര റോഡുകൾ പുനരുദ്ധരിക്കുവാൻവേണ്ട പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ മറവൻതുരുത്ത് പഞ്ചായത്തിനോട് കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനുവേണ്ടിയാണ് തുക കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് നൽകി പഞ്ചായത്ത് മുഖാന്തരം ഒക്ടോബർ മാസത്തിൽ സമാന്തര റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്.

(ഡി) പൈപ്പ് മാറ്റൽ 2017 നവംബർ മാസത്തിൽ തുടങ്ങി നാല് മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു. 960 മീറ്റർ പൈപ്പ് സപ്ലൈ ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി പൈപ്പുകളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണശൃംഖല**

204(902) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണ ശൃഖലയിലെ 37 വാൽവുകളുടെ ക്രമീകരണം ഒരു മാസത്തിൽ എത്ര ഇടവേളകളിലായാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2017 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസത്തിൽ ഏതെല്ലാം ദിവസങ്ങളിൽ ക്രമീകരണം നടത്തിയെന്നും ആരാണ് നിർവ്വഹിച്ചതെന്നും വ്യക്തമാക്കാമോ;

(സി) ചുമതലപ്പെട്ട ആൾക്കാരല്ലാതെ മറ്റാരെങ്കിലും വാൽവുകളുടെ നിയന്ത്രണം ഏറ്റെടുത്തു നിർവ്വഹിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) ഇക്കാര്യത്തിൽ വകുപ്പ് സ്വീകരിച്ച തുടർ നടപടി വിശദമാക്കാമോ;

(ഇ) വാൽവുകളുടെ നിയന്ത്രണം ഉത്തരവാദപ്പെട്ടവരല്ലാതെ മറ്റാരെങ്കിലും നിർവ്വഹിച്ചാൽ അത്തരക്കാർക്കെതിരെ സ്വീകരിക്കാനാകുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 37 വാൽവുകളിൽ 3 വാൽവുകൾ ഒന്നിടവിട്ട ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യുന്നു. മറ്റ് വാൽവുകൾ ലൈനിലെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ടാണ് സാധാരണ ഓപ്പറേറ്റ് ചെയ്യുന്നത്.

(ബി) ഏപ്രിൽ മുതൽ ജൂൺവരെ എല്ലാ ഒന്നിടവിട്ട ദിവസങ്ങളിലും പ്രസ്തുത 3 വാൽവുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. അണിയിൽ ടാങ്കിന് സമീപം 2 വാൽവുകൾ ക്രമീകരിച്ചത് ശ്രീ. അനിൽകുമാർ എന്ന കരാറുകാരനാണ്. മാലിപ്പുറം ടാങ്കിന് സമീപത്തെ വാൽവ് ക്രമീകരിച്ചത് ശ്രീ. സുഗതൻ എ.ആർ. എന്ന കരാറുകാരനാണ്. മറ്റ് വാൽവുകൾ അറ്റകുറ്റപ്പണികൾക്ക് വേണ്ടിയാണ് ക്രമീകരണം നടത്തിയിട്ടുള്ളത്. ഇതിന് ചുമതലപ്പെടുത്തിയിരുന്നത് താഴെപ്പറയുന്ന കരാറുകാരെയാണ്. പള്ളിപ്പുറം പഞ്ചായത്ത്-ശ്രീ. ജോജി. കുഴുപ്പിളി & എടവനക്കാട്-ശ്രീ. അനിൽകുമാർ. നായരമ്പലം & ഞാറക്കൽ-ശ്രീ. ഷാജൻ, എളംകുന്നപ്പുഴ-ശ്രീ. സുഗതൻ.

(സി) ഉണ്ട്. എടവനക്കാട് അണിയിൽ ടാങ്കിന് സമീപമുള്ള വാൽവ് അനധികൃതമായി ഓപ്പറേറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് കേരള വാട്ടർ അതോറിറ്റി പോലീസിൽ പരാതി നൽകിയിട്ടുണ്ട്.

(ഇ) വാൽവുകളുടെ നിയന്ത്രണം ഉത്തരവാദപ്പെട്ടവരല്ലാതെ മറ്റാരെങ്കിലും നിർവ്വഹിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ കേസ് രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ഒറ്റപ്പാലം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

205(903) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നു കൊടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാമെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പഞ്ചായത്തുകളിൽ ഏതെല്ലാം കുടിവെള്ള പദ്ധതികൾ ആണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്; ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) സംഘമിത്ര (106 ഗുണഭോക്തൃ കുടുംബങ്ങൾ)-കമ്മീഷൻ ചെയ്ത് ജലവിതരണം നടത്തിവരുന്നു.

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ അമ്പലപ്പാറ, തച്ചനാട്ടുകര, ലക്കിടി പേരൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ താഴെപ്പറയുന്ന രണ്ട് കുടിവെള്ള പദ്ധതികൾ കിഫ്ബി-യിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട് :

1. തച്ചനാട്ടുകര, അലനല്ലൂർ, കോട്ടോപ്പാടം പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി - 22 കോടി രൂപ.

2. അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതി - 10 കോടി രൂപ

   മേൽപ്പറഞ്ഞ 2 പദ്ധതികളുടെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

3. ലക്കിടി പേരൂർ ഗ്രാപഞ്ചായത്ത് ജലനിധിക്ക് കൈമാറുകയും അവിടെ ജലനിധി പദ്ധതിയിലുൾപ്പെടുത്തി ജലശുദ്ധീകരണ ശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

4. ഞാവലിൻ കടവ് CWSS 1350 ഗുണഭോക്തൃ കുടുംബങ്ങൾക്കായുള്ള ഡി.എസ്.ആർ. തയ്യാറായിട്ടുണ്ട്.

## ഇടക്കൊച്ചി കുടിവെള്ള പദ്ധതി

206(904) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടക്കൊച്ചി കുടിവെള്ള പദ്ധതിയുടെ അരൂർ പാലം മുതൽ പാവുമ്പായി മൂലയിലെ പദ്ധതി പ്രദേശം വരെയുള്ള പൈപ്പിടൽ പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭാഗത്തിന്റെ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ;

(ഡി) ഭരണാനുമതി നൽകുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അരുവിക്കര പാലം മുതൽ പാമ്പായിമൂല വരെ പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിയിൽ അരുവിക്കര പൂജപ്പുര ജംഗ്ഷൻ മുതൽ ഇടക്കൊച്ചി പാലംവരെയുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഭാഗം പ്രവൃത്തി 21-2-2017-ന് ആരംഭിച്ചു. ഇടക്കൊച്ചി പാലംമുതൽ പാമ്പായിമൂല വരെയുള്ള 2700 മീറ്ററിൽ (രണ്ടാം ഭാഗം) 1050 മീറ്റർ നീളത്തിലുള്ള 450 mm DI K9 പൈപ്പും 650 മീറ്റർ നീളത്തിലുള്ള 500 mm HDPE പൈപ്പും സ്ഥാപിക്കുന്ന 495 ലക്ഷം രൂപയ്ക്കുള്ള ദർഘാസ് നടപടികൾ കേരള വാട്ടർ അതോറിറ്റി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ ദർഘാസിനുള്ള പ്രാഥമിക നടപടികൾ 2017 ഫെബ്രുവരിയിൽ ആരംഭിച്ചിരുന്നു. എന്നാൽ ആദ്യ ശ്രമത്തിൽ ആരുംതന്നെ കരാറിൽ പങ്കെടുക്കാത്തതിനാൽ കരാർ തീയതി 6-6-2017 വരെ നീട്ടുകയുണ്ടായി. അതിൻപ്രകാരം ലഭിച്ച ദർഘാസുകൾ കേരള വാട്ടർ അതോറിറ്റി തുറന്ന് പരിശോധിച്ചുവരുന്നു. ദർഘാസ് നടപടികൾ പൂർത്തീകരിച്ച് സെപ്റ്റംബർ ആദ്യ വാരത്തോടുകൂടി പ്രവൃത്തി ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയ ഭാഗത്തിന്റെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

**വണ്ടിച്ചിറ കുടിവെള്ള പദ്ധതി**

207(905) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജക മണ്ഡലത്തിൽ പാറശ്ശാല, കൊല്ലയിൽ ഗ്രാമ പഞ്ചായത്തുകളിലായി നടപ്പിലാക്കുന്ന വണ്ടിച്ചിറ കുടിവെള്ള പദ്ധതി അശാസ്ത്രീയമായ നിർമ്മാണംമൂലം പൂർത്തിയാക്കാനായിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വണ്ടിച്ചിറ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിച്ച്, കമ്മിഷൻ ചെയ്ത്, പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പദ്ധതിയുടെ ജലശുദ്ധീകരണശാലയുടെ പ്രവൃത്തികൾ 70% പൂർത്തിയായി. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്ക് പൊതുമരാമത്ത്, നാഷണൽ ഹൈവേ വകുപ്പുകളുടെ അനുമതി ലഭിക്കേണ്ടതുണ്ട്. ആയത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അമ്പലപ്പാറ കുടിവെള്ള പദ്ധതി**

208(906) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പാറ, തച്ചനാട്ടുകര എന്നീ കുടിവെള്ള പദ്ധതികൾക്ക് എന്നാണ് ഫണ്ട് അനുവദിച്ചത് ;

(ബി) എത്ര തുക വീതമാണ് അമ്പലപ്പാറ കുടിവെള്ള പദ്ധതിക്കും, തച്ചനാട്ടുകര കുടിവെള്ള പദ്ധതിക്കും അനുവദിച്ചതെന്ന് വിശദമാക്കാമോ ;

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 ബഡ്ജറ്റിൽ കിഫ്ബി ധനസഹായത്തോടുകൂടി പാലക്കാട് ജില്ലയിലെ അമ്പലപ്പാറ പഞ്ചായത്തിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്ക് 10 കോടി രൂപയുടെയും തച്ചനാട്ടുകര, അലനല്ലൂർ, കൊട്ടോപ്പാടം എന്നീ പഞ്ചായത്തുകളിലേയ്ക്കുള്ള കുടിവെള്ള പദ്ധതിക്ക് 22 കോടി രൂപയുടെയും ഭരണാനുമതിയും നൽകിയിട്ടുണ്ട്. അമ്പലപ്പാറ പഞ്ചായത്തിനുവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കും തച്ചനാട്ടുകരയുടെ ഒരു പാക്കേജിനും വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ ജി.എസ്.റ്റി. പ്രാബല്യത്തിൽ വന്നതുകൊണ്ട് സെൻട്രൽ എക്സൈസ് ഡ്യൂട്ടിയിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് വ്യക്തത ആവശ്യപ്പെട്ട് കോൺട്രാക്ടർ എഗ്രിമെന്റ് വെക്കാനുള്ള സമയം നീട്ടിചോദിച്ചിരിക്കുകയാണ്.

**കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ**

209(907) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളും നടപടികളും വിശദമാക്കാമോ?

<u>ഉത്തരം</u>

<u>ഭൂജലവകുപ്പ്:</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂജല വകുപ്പ് വഴി കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

<u>ജലനിധി:</u>

ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ ജലനിധി പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നടുവണ്ണൂർ പഞ്ചായത്തിൽ 20 ചെറുകിട പദ്ധതികൾ
   (1433 ഗുണഭോക്തൃ കുടുംബങ്ങൾ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. കോട്ടൂർ പഞ്ചായത്തിൽ 30 ചെറുകിട പദ്ധതികൾ (1368 ഗുണഭോക്തൃ കുടുംബങ്ങൾ)

3. എടച്ചേരി പഞ്ചായത്തിൽ 6 ചെറുകിട പദ്ധതികൾ (374 ഗുണഭോക്തൃ കുടുംബങ്ങൾ)

4. പുറമേരി പഞ്ചായത്തിൽ 8 ചെറുകിട പദ്ധതികൾ (448 ഗുണഭോക്തൃ കുടുംബങ്ങൾ)

5. കട്ടിപ്പാറ പഞ്ചായത്തിൽ 5 ചെറുകിട പദ്ധതികൾ (334 ഗുണഭോക്തൃ കുടുംബങ്ങൾ)

6. ചോറോട് പഞ്ചായത്തിൽ 8 ചെറുകിട പദ്ധതികൾ (382 ഗുണഭോക്തൃ കുടുംബങ്ങൾ)

7. ചക്കിട്ടപ്പാറ പഞ്ചായത്തിൽ 4 ചെറുകിട പദ്ധതികൾ (358 ഗുണഭോക്തൃ കുടുംബങ്ങൾ)

8. വില്ല്യപ്പള്ളി പഞ്ചായത്തിൽ 4 ചെറുകിട പദ്ധതികൾ (284 ഗുണഭോക്തൃ കുടുംബങ്ങൾ)

9. ആയഞ്ചേരി പഞ്ചായത്തിൽ 2 ചെറുകിട പദ്ധതികൾ (80 ഗുണഭോക്തൃ കുടുംബങ്ങൾ)

<u>ജലസേചന വകുപ്പ്:</u>

ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ ജലസേചന വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

<u>കേരള ജല അതോറിറ്റി:</u>

ഈ സർക്കാർ അധികാരമേറ്റശേഷം കോഴിക്കോട് ജില്ലയിൽ പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും നടപ്പിലാക്കിവരുകയും ചെയ്യുന്നു :

1. കിഫ്ബി-യിൽ ഉൾപ്പെടുത്തി കൊയിലാണ്ടി മുനിസ്സിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതി 3 പാക്കേജായി നടപ്പിലാക്കുന്നു. ഇതിൽ ഒന്നും രണ്ടും പാക്കേജുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. - 8500 ലക്ഷം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. അമൃത് പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനിലെ പഴയ പൈപ്പുകളുടെയും വാൽവുകളുടെയും പുനരുദ്ധാരണം, നിലവിലുള്ള പൈപ്പ് ലൈൻ ഇന്റർ കണക്ട് ചെയ്യൽ, വാട്ടർ മീറ്റർ സ്ഥാപിക്കൽ എന്നിവ- 1787 ലക്ഷം

3. നബാർഡ് - കൂരാച്ചുണ്ട് പഞ്ചായത്തിലെ മല്ലത്തോട് ശുദ്ധജല വിതരണ പദ്ധതി - 50 ലക്ഷം

4. മോഡേൺ ബസാർ കാടിക്കുന്ന് കുടിവെള്ള പദ്ധതി കിണർ നവീകരണവും പമ്പിംഗ് ലൈൻ സ്ഥാപിക്കലും - 20 ലക്ഷം

5. കിഴക്കോത്ത് പഞ്ചായത്തിലെ കാടിക്കുന്ന് പ്രദേശത്തേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ - 14.5 ലക്ഷം

6. ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കുടികുളം, അരയാക്കോട്, താത്തൂർ, പനച്ചിങ്ങൽ, ചിറ്റാരിപ്പിലാക്കിൽ തുടങ്ങിയ പ്രദേശങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ - 20 ലക്ഷം.

7. എം.എൽ.എ.എ.ഡി.എസ്. ഡബ്ല്യു.എസ്.എസ്. ചെക്കോറ വാർഡ് നമ്പർ 12 മരുതോങ്കര പഞ്ചായത്ത് - 25 ലക്ഷം

8. എൽ.എ.സി.എ.ഡി.എസ്. ഡബ്ല്യൂ.എസ്.എസ്. വാളാൻതോട്, താന്നിമേൽ പഞ്ചായത്ത് - 35 ലക്ഷം.

9. എൽ.എ.സി.എ.ഡി.എസ്. മിനി വാട്ടർ സപ്ലൈ സ്കീം ബാലവാടി ഏരിയ, തൂണേരി പഞ്ചായത്ത് - 35 ലക്ഷം

10. എൽ.എ.സി.എ.ഡി.എസ്. മിനി വാട്ടർ സപ്ലൈ സ്കീം കയ്യടിപ്പാറ വാർഡ് - 14 ആയഞ്ചേരി പഞ്ചായത്ത് - 40 ലക്ഷം

11. എൽ.എ.സി.എ.ഡി.എസ്. ഡബ്ല്യു.എസ്.എസ്. എരഞ്ഞോട് മുത്തങ്ങയ്യാൽ ചെക്യാട് പഞ്ചായത്ത് - 21.30 ലക്ഷം.

## മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതി

210(908) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര കുറത്തികാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര കുറത്തികാട് എന്നീ പ്രദേശങ്ങളുൾപ്പെടുന്ന കുടിവെള്ള പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭരണിക്കാവ് കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഉള്ളതാണ്. ഇതിൽ ഇൻടേക്ക് വെൽ, റോ വാട്ടർ പമ്പ് സെറ്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ക്ലിയർ വാട്ടർ പമ്പ് സെറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പ്രായിക്കര പാലത്തിന് സമാന്തരമായുള്ള ലൈൻ അടക്കം 500 മീറ്ററോളം വരുന്ന ഗ്യാപ്പുകൾ ഒഴിച്ച് ബാക്കി പൂർത്തീകരിച്ചു. കുറത്തിക്കാട് ഉന്നതതല ജലസംഭരണിയുടെ വെർട്ടിക്കൽ കണക്ഷൻ ഒഴികെയുള്ള ബാക്കി പണികൾ പൂർത്തീകരിച്ചു. ജലശുദ്ധീകരണ ശാലയോടനുബന്ധിച്ച് 400 KVA ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ സ്ഥാപിക്കേണ്ടതുണ്ട്. റെയിൽവെ പാലത്തിന് സമാന്തരമായി ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ സമർപ്പിക്കുവാൻ റെയിൽവേ ആവശ്യപ്പെട്ടിരിക്കുകയാണ്. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധനാഫലം ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പൈപ്പ് ലൈൻ ബ്രിഡ്ജ് പണിയുന്നതിനുള്ള ഡിസൈൻ തയ്യാറാക്കിവരുന്നു.

(ബി) ലഭ്യമായിട്ടില്ല.

(സി&ഡി) പൈപ്പ് ലൈൻ ബ്രിഡ്ജിന്റെ ഡിസൈൻ സമർപ്പിക്കുവാനായി റെയിൽവെ ആവശ്യപ്പെട്ടതനുസരിച്ച് കേരള വാട്ടർ അതോറിറ്റി ഡിസൈൻ തയ്യാറാക്കി വരുന്നു. തുടർന്ന് റെയിൽവെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കഴിയുകയുള്ളൂ.

## സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതി

211(909) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിക്ക് തുടക്കം കുറിച്ചുവോ; എങ്കിൽ എന്നാണ്എന്ന് അറിയിക്കുമോ ;

(ബി) ഏതു സർക്കാരിന്റെ കാലത്താണ് പദ്ധതിക്ക് തുടക്കം കുറിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ആയതിലേയ്ക്ക് എത്ര തുകയാണ് വകയിരുത്തിയിരിയ്ക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പണികൾ ആരംഭിച്ചുവോ; ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ സംബന്ധിച്ച് ഒരു വിശദീകരണം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) സീതത്തോട് പഞ്ചായത്തിൽ നിലയ്ക്കലുമായി ബന്ധപ്പെട്ട കുടിവെള്ള പദ്ധതിക്ക് 3-2017-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 21-6-2014-ൽ ആണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്.

(സി) 909 ലക്ഷം രൂപ.

(ഡി) ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണികൾ ആരംഭിച്ചു. 35% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഇ) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ ഇൻടേക്ക് കിണറിന്റെയും പമ്പ് ഹൗസിന്റെയും നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ജലശുദ്ധീകരണ ശാലയുടെയും ഇൻടേക്ക് കിണറിന്റെയും കരാർ ഉറപ്പിച്ചപ്പോൾ ഭരണാനുമതി തുകയിൽനിന്നും മിച്ചം വന്ന തുക ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിച്ച റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും ഇലക്ട്രിക്കൽ സബ്സ്റ്റേഷന്റെയും എസ്റ്റിമേറ്റ്, കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. രണ്ടാംഘട്ടത്തിൽ വിഭാവനം ചെയ്തിരിക്കുന്ന ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ട്രാൻസ്മിഷൻ ലൈനുകൾ, ജലസംഭരണികൾ, പമ്പ് ഹൗസുകൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു.

**കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം**

212(910) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിന്റെ നിർമ്മാണം തുടർന്ന് നടത്തുന്നതിന് തടസ്സമായി നിൽക്കുന്ന പൈപ്പ് ലൈൻ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ജലനിധിക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കഞ്ഞിപ്പുര-മൂടാൽ റോഡിന്റെ പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ എസ്റ്റിമേറ്റ് മലപ്പുറം വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ജലനിധിയുമായി യോജിപ്പിച്ച് പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തിയാക്കുവാൻ ആവശ്യമായ നിർദ്ദേശം ജലനിധി എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകുമോ;

(ഡി) പൈപ്പ് ലൈൻ മാറ്റുന്നതിനാവശ്യമായ ഫണ്ട് ജലനിധിയിൽനിന്നും വഹിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) പ്രസ്തുത പൈപ്പ് ലൈൻ ജലനിധിയുടേതല്ല. കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് റോഡിൽക്കൂടി ജലനിധി ഉൾപ്പെട്ട കുറ്റിപ്പുറം പഞ്ചായത്തിലേയ്ക്ക് ബൾക്ക് വാട്ടർ സപ്ലൈ കൊടുക്കുന്നതിനുവേണ്ടി 200 എം.എം. DI പൈപ്പ് കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുണ്ട്. ബൈപ്പാസ് വീതി കൂട്ടുന്ന പ്രവൃത്തി നടന്നാൽ പ്രസ്തുത പൈപ്പ് റോഡിന്റെ മദ്ധ്യഭാഗത്തേയ്ക്ക് മാറും. അതിനാൽ ബൈപ്പാസ് റോഡ് വീതി കൂട്ടുന്ന പ്രവൃത്തി തുടങ്ങുന്നതിനുമുമ്പ് ഈ പൈപ്പ് ലൈൻ റോഡിന്റെ സൈഡിലേക്ക് മാറ്റി സ്ഥാപിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം ഘട്ടമായ 2100 മീറ്റർ നീളത്തിൽ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് 2014 DSR പ്രകാരം 30 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതി**

213(911) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽ ഉണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് ഏജൻസി മുഖാന്തരമാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്; ഇതിന്റെ നിലവിലെ സ്ഥിതി എന്താണ്;

(സി) ഈ പദ്ധതി ത്വരിതപ്പെടുത്തുന്നതിന് നാളിതുവരെ എന്തെല്ലാം നിർദ്ദേശം നൽകിയിട്ടുണ്ട്; ഏത് തലത്തിലാണ് കാലതാമസമുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ ഭരണാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിവഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ രാമൻചാടി-അലിഗർ കുടിവെള്ള പദ്ധതിയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ആവശ്യമായ പഠനം നടത്തിവരുന്നു.

(ബി) ജല അതോറിറ്റിയുടെ പി.പി.ഡി. വിഭാഗം തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം പ്രോജക്ട് ഡിവിഷൻ, മലപ്പുറം ആണ് പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നത്. ആയത് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി&ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിൽ ഭൂമി കൈമാറുന്നതിന് ആവശ്യമായ ചർച്ചകൾ പുരോഗമിച്ചുവരികയാണ്.

**ജലാശയങ്ങളിലെ പോള നീക്കം ചെയ്യൽ**

214(912) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലാശയങ്ങളിലെ പോള നീക്കംചെയ്യുന്നതിന് ജൈവീകമായി പോള നിയന്ത്രണം സാധ്യമാണെന്ന കാർഷിക ശാസ്ത്രജ്ഞരുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജൈവീക പോള നിയന്ത്രണത്തിന്റെ സാധ്യതകൾ എത്രത്തോളമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി സമഗ്ര സമീപനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കുട്ടനാടൻ ജലാശയങ്ങളിൽ തിങ്ങി നിറഞ്ഞിരിക്കുന്ന പോളയുടെ നിർമ്മാർജ്ജനത്തെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും കുട്ടനാട്ടിൽ നിറഞ്ഞിരിക്കുന്ന പോള കാരണം കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗൗരവപൂർവ്വം പരിശോധിക്കുന്നതിനുമായി കേന്ദ്ര കൃഷി മന്ത്രാലയ വിദഗ്ദ സമിതിയിലെ ജബൽപ്പൂരിലുള്ള ദേശീയ കള ഗവേഷണ കേന്ദ്രം (ICAR-Directorate of Weed Research, Jabalpur) ഡയറക്ടർ ഡോ.എ.ആർ. ശർമ്മയുടെ നേതൃത്വത്തിലുള്ള

വിദഗ്ധ സംഘം 24-1-2017-ന് കുട്ടനാട്ടിൽ ഒരു സർവ്വെ നടത്തുകയും ജലസസ്യങ്ങൾ (പ്രധാനമായും കുളവാഴ) മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിശോധിക്കുകയും ചെയ്തു. തുടർന്ന് മങ്കൊമ്പിലുള്ള നെല്ല് ഗവേഷണ കേന്ദ്രത്തിൽ വച്ച് നടന്ന യോഗത്തിൽ പോള നിവാരണം ചെയ്യുന്നതിന് ജൈവിക മാർഗ്ഗമായി സിട്രോബാഗസ് സാൽവീനിയ എന്ന വണ്ടിനെ ഫലപ്രദമായി വിനിയോഗിക്കാമെന്ന് സമിതി വിലയിരുത്തി. മുൻപ് വിതരണം നടത്തിയിരുന്ന നിയോചേറ്റിന എകോർണിയ, നിയോചേറ്റിന ബ്രൂചി എന്നീ വണ്ടുകൾ ഭൂരിഭാഗം സ്ഥലങ്ങളിലും വ്യാപിച്ചിട്ടുണ്ട്. തൊഴിലാളികൾ, കർഷകർ, സ്വയംസഹായ സംഘങ്ങൾ എന്നിവരുടെ സഹായത്തോടെ പോള നീക്കം ചെയ്യണമെന്നാണ് സമിതിയുടെ നിർദ്ദേശം. നീക്കംചെയ്യുന്ന പോള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റാവുന്നതാണ്. ഉപ്പുവെള്ളം കയറ്റിവിട്ടാൽ പോള നശിക്കുമെന്നത് ശാസ്ത്രീയമായി കുട്ടനാട്ടിൽ തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മേൽപ്പറഞ്ഞ രീതിയിലുള്ള പോളനിയന്ത്രണം സംബന്ധിച്ച പഠനങ്ങൾ ആലപ്പുഴ കനാൽ ക്ലീനിംഗുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് നടത്തിയിട്ടുണ്ട്.

(സി) ഡോ. കെ. ജി. പത്മകുമാറിന്റെ (ഡയറക്ടർ, ഇന്റർനാഷണൽ റിസർച്ച് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്, ആലപ്പുഴ) നേതൃത്വത്തിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിലെ ജില്ലാ കൃഷി ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആലപ്പുഴ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി, മത്സ്യബന്ധന വകുപ്പ് പ്രതിനിധി, കുമരകം RARS-ലെയും മങ്കൊമ്പ് RARS-ലെയും ശാസ്ത്രജ്ഞർ, ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കുട്ടനാട്ടിൽ നിറഞ്ഞിരിക്കുന്ന പോള നീക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ സമഗ്ര പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ടെക്നിക്കൽ കമ്മിറ്റി തയ്യാറാക്കിവരുന്നുണ്ട്.

## കിളിമാനൂരിൽ കേരള വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ്

215(913) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ കേരള വാട്ടർ അതോറിറ്റിയുടെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. എന്നാൽ ഒരു കളക്ഷൻ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ സാന്നിദ്ധ്യം

216(914) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതൊക്കെ ജില്ലയിലെ ഏതൊക്കെ ഗ്രാമങ്ങളിൽ കുടിവെള്ളത്തിൽ ഫ്ലൂറൈഡ്, ആർസെനിക് എന്നിവയുടെ അംശം കണ്ടെത്തുകയുണ്ടായെന്ന് അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ഇങ്ങനെ കണ്ടെത്തിയ ഗ്രാമങ്ങൾക്കുവേണ്ടി കേന്ദ്ര പദ്ധതികൾ ഏതെങ്കിലും ഉള്ളതായി അറിയാമോ; അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) അങ്ങനെയുള്ള ഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുവാനായി പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതിയിൽ ഉൾപ്പെടുത്തി എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുകയുണ്ടായോ; ഈ പദ്ധതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ നൽകാമോ; ഇതിനായി എന്തെങ്കിലും നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്ത് പാലക്കാട് ജില്ലയിൽ 33 വാർഡുകളും ഇടുക്കിയിൽ ഒരു വാർഡും ആണ് ഫ്ലൂറൈഡ് ബാധിത വാർഡായി കേന്ദ്രസർക്കാർ രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത വാർഡുകളുടെ പട്ടിക അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു. കൂടാതെ ജലനിധി ഒന്നാംഘട്ടത്തിൽ നടപ്പിലാക്കിയതും രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കിപ്പോരുന്നതുമായ പദ്ധതി ജില്ലകളിൽ സ്കീമുകളുടെ സോഴ്സിൽ നടത്തിയ വാട്ടർ ക്വാളിറ്റി ടെസ്റ്റുകളുടെ അടിസ്ഥാനത്തിൽ ഫ്ലൂറൈഡിന്റെ അംശം കണ്ടെത്തിയ ഗ്രാമങ്ങളുടെ ലിസ്റ്റ് അനുബന്ധം-2* ആയി ചേർക്കുന്നു. കേരളത്തിൽ കുടിവെള്ളത്തിൽ ആർസെനിക്കിന്റെ അംശം കണ്ടെത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കേരള വാട്ടർ അതോറിറ്റി എല്ലാ ജില്ലകളിലും കുടിവെള്ളത്തിന്റെ പരിശോധന നടത്തി വിവിധ ഘടകങ്ങളുടെ അളവ് തിട്ടപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ വെബ്സൈറ്റിൽ (IMIS) പ്രസിദ്ധീകരിക്കാറുണ്ട്. കൂടാതെ, മലിനീകരണ നിയന്ത്രണ ബോർഡ്, CWRDM, ഭൂജലവകുപ്പ് തുടങ്ങിയവയും പരിശോധന നടത്താറുണ്ട്. ജല അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗം കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ജല ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ മാതൃക അനുബന്ധം -3 *ആയി ചേർത്തിരിക്കുന്നു.

(സി) ഫ്ലൂറൈഡ് ബാധിത വാർഡുകളിലേയ്ക്ക് 8 മുതൽ 10 ലിറ്റർ വരെ പ്രതിശീർഷ ശുദ്ധജലലഭ്യത താൽക്കാലിക അടിസ്ഥാനത്തിൽ ഉറപ്പാക്കുവാൻ വേണ്ടി നീതി ആയോഗ് 19.73 കോടി രൂപ കേരളത്തിനായി നൽകിയിട്ടുണ്ട്. ഈ ഫണ്ട് ഉപയോഗിച്ച് സാമൂഹ്യ ജലശുദ്ധീകരണ സംവിധാനങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് ജില്ലകളിലെ ഫ്ലൂറൈഡ് ബാധിത വാർഡുകളിലേയ്ക്ക് പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും റിവേഴ്സ് ഒസ്മോസിസ് പ്ലാന്റുകൾ സ്ഥാപിച്ചും ശുദ്ധജലം ലഭ്യമാക്കുവാൻ 16.29 കോടി രൂപയുടെ പ്രൊപ്പോസലുകൾ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ ഫ്ലൂറൈഡ് ബാധിത വാർഡുകളിൽ 2020-ഓടുകൂടി പുതിയ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി ശുദ്ധജലം ലഭ്യമാക്കുവാൻ പ്രത്യേക ദേശീയ ജല ഗുണനിലവാര ഉപപദ്ധതിയും പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) ഫ്ലൂറൈഡ് ബാധിത വാർഡിലേയ്ക്ക് കുടിവെള്ളം എത്തിക്കുവാൻ ആവശ്യമായ ചെലവിന്റെ അൻപത് ശതമാനം മാത്രമെ കേന്ദ്ര സർക്കാർ വഹിക്കുകയുള്ളൂ. ബാക്കി അൻപത് ശതമാനവും കൂടാതെ പദ്ധതിയിൽ ഉൾപ്പെട്ട ഫ്ലൂറൈഡ് ബാധിതമല്ലാത്ത വാർഡുകളിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിന്റെ മുഴുവൻ ചെലവും സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. ഫ്ലൂറൈഡ് ബാധിത വാർഡുകൾക്ക് മാത്രമായി ശുദ്ധജലം എത്തിക്കുന്നതിന് പദ്ധതി തയ്യാറാക്കാൻ കഴിയില്ല. ഇത്തരത്തിൽ 19 പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന 34 വാർഡുകളിൽ സമഗ്രപദ്ധതികൾ നടപ്പാക്കാനായി കോടിക്കണക്കിന് രൂപയുടെ ബാധ്യത സംസ്ഥാന സർക്കാർ വഹിക്കേണ്ടിവരും ഈ പദ്ധതിയുടെ മാർഗ്ഗരേഖ അനുബന്ധം-4 ആയി ചേർക്കുന്നു.*

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതി

217(915) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് കുടിവെള്ള പദ്ധതിയായ എൻ.ആർ. ഡി.ഡബ്ല്യു.പി പദ്ധതിയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പ്രോജക്റ്റിന് അംഗീകാരം ലഭ്യമായോ ; വിശദാംശം ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര തുകയ്ക്കുള്ള പ്രോജക്ടാണ് തയ്യാറാക്കിയിട്ടുള്ളത് ;

(സി) പ്രസ്തുത കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുവാൻ കഴിയും ; വിശദീകരിക്കാമോ ?

ഉത്തരം

(എ-സി) പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിന് മാത്രമായി എൻ.ആർ.ഡി. ഡബ്ല്യൂ.പി. പദ്ധതിയിൽ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. എന്നാൽ ശ്രീകൃഷ്ണപുരം, വെള്ളിനേഴി, കടമ്പഴിപുരം, പൂക്കോട്ടുകാവ് എന്നീ പഞ്ചായത്തുകൾക്കായി നബാർഡ് സഹായത്തോടെ പൂർത്തീകരിച്ച പദ്ധതിയുടെ തുടർച്ചയായി പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിന് എൻ.ആർ.ഡി.പി.ഡബ്ല്യൂ.പി-യിൽ 800 ലക്ഷം രൂപയുടെ അംഗീകാരം ലഭിക്കുകയും പണി പൂർത്തീകരിച്ച് 12-1-2016-ൽ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## പുലമൺ തോടിന്റെ നവീകരണം

218(916) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ പുലമൺതോടിന്റെ നവീകരണത്തിനായി എത്ര തുകയാണ് അനുവദിച്ചിരുന്നത് ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) നിലവിൽ കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച നിലയിൽ ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രവൃത്തിയുടെ ഭാഗമായി കരാറുകാരന് പണം നൽകിയിട്ടുണ്ടോ ; എത്ര തുക നൽകിയിട്ടുണ്ട് ;

(ഇ) കരാർ പ്രകാരം പണിപൂർത്തീകരിക്കാത്തതിനാൽ, ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 225 ലക്ഷം രൂപ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ഇതുവരെ തോടിന്റെ ഇരുകരകളിലെയും കാട് വെട്ട്, കൊട്ടാരക്കര ഫയർ സ്റ്റേഷൻ മുതൽ മൈലം പാലംവരെ ഭാഗികമായി മണ്ണ് നീക്കം ചെയ്യൽ, കോളേജ് റോഡ് മുതൽ മീൻപിടിപ്പാറ വരെയുള്ള ട്രാക്ടർ പാസ്സേജ് നിർമ്മാണം, 70% ത്തോളം കരിങ്കല്ല് സംരക്ഷണ ഭിത്തി, 13%-ത്തോളം കോൺക്രീറ്റ് ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തി, ഭാഗികമായി വേലി നിർമ്മാണം എന്നിവയാണ് ചെയ്തിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഒരു പാർട്ട് ബില്ല് നൽകിയിട്ടുണ്ട്. 57,43,903 രൂപ.

(ഇ) കോൺട്രാക്ടർക്ക് ജോലി പൂർത്തിയാക്കുവാൻ പല പ്രാവശ്യം രജിസ്റ്റേർഡ് നോട്ടീസ് നൽകിയിട്ടുണ്ട്. സമയത്ത് ജോലി പൂർത്തിയാക്കാത്തതിന് പിഴ ചുമത്തിയിട്ടുണ്ട്. കരാർ റദ്ദ് ചെയ്യുമെന്ന് കാണിച്ച് അന്തിമ നോട്ടീസും നൽകിയിട്ടുണ്ട്.

## വൈപ്പിനിലേയ്ക്കുള്ള ശുദ്ധജല വിതരണ പൈപ്പ്

219(917) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപ്പാടം റെയിലിനു താഴെ ഭാഗത്ത് താത്കാലികമായി സ്ഥാപിച്ചിട്ടുള്ള വൈപ്പിനിലേക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിനും വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്നതിനുമുള്ള ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി രൂപീകൃതമായതിനുശേഷം നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത യോഗങ്ങളുടെ മിനിട്സിന്റെ പകർപ്പുകൾ നൽകാമോ;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) എന്നത്തേക്ക് ഈ പ്രശ്നം പരിഹരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 20-12-2016-ൽ കമ്മിറ്റി രൂപീകരിച്ചു.

(ബി) പ്രസ്തുത കമ്മിറ്റി രൂപീകൃതമായതിനുശേഷം ഒരു യോഗം 21-4-2017-ൽ ചേർന്നിരുന്നു. മിനിട്ട്സ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടില്ല.

(സി&ഡി) പരിഗണനയിൽ വന്ന മൂന്ന് ഓപ്ഷനുകൾ വിശദമായി നിരീക്ഷിച്ച് പഠിച്ചതിനുശേഷം, ഒരു ഇൻസ്പെക്ഷൻ ചേമ്പർ നിർമ്മിച്ച് നിലവിലുള്ള ജലവിതരണ പൈപ്പിന്റെ നിജസ്ഥിതി പരിശോധിച്ച് സാധ്യമെങ്കിൽ വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്ന ഓപ്ഷന് മുൻഗണന നൽകാമെന്നതാണ് കമ്മിറ്റിയുടെ അഭിപ്രായം. അതനുസരിച്ച്, റെയിൽവെ ലൈനിന്റെ അടിയിൽ കൂടിയുള്ള പൊട്ടിയ 800 എം.എം. എം.എസ്. പൈപ്പിനകത്ത് സ്ഥാപിച്ചിരിക്കുന്ന 400 എം.എം പി.വി.സി. പൈപ്പ് പുറത്തെടുത്ത് കൂടുതൽ വ്യാസമുള്ള പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പ്രായോഗികതാ പരിശോധനയ്ക്ക് അനുമതി നൽകിയിരുന്നു. എന്നാൽ സ്ഥലത്തെ വിപരീത സാഹചര്യം വെള്ളക്കെട്ടിന്റെ ഉയർന്ന വിതാനവും റെയിൽവെ സുരക്ഷാ പ്രശ്നങ്ങളും കാരണം പരിശോധന നടത്താനായിട്ടില്ല. ടി പരിശോധന നടത്തി പൈപ്പ് ലൈനിന്റെ നിജസ്ഥിതി കണ്ടുപിടിച്ചതിനുശേഷം പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കുടിവെള്ളത്തിന്റെ ഗുണനിലവാരം

220(918) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലകളിൽ കുടിവെള്ളത്തിൽ കൂടി പകരുന്ന മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മൂവാറ്റുപുഴ കേന്ദ്രമാക്കി ഒരു അനലിറ്റിക്കൽ ലാബ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എല്ലാ ജില്ലകളിലും ഓരോ ജില്ലാ ലാബുകളും 33 സബ് ഡിവിഷണൽ ലാബുകളും എറണാകുളം ജില്ലയിൽ ഒരു സ്റ്റേറ്റ് ലാബും പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ കുടിവെള്ളത്തിന്റെ ഉൽപ്പാദനത്തിന്റെയും വിതരണത്തിന്റെയും ഗുണനിലവാരം വിവിധ ഘട്ടങ്ങളിൽ പരിശോധിച്ച് ഉറപ്പു വരുത്തുന്നു. കൂടാതെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെ ലാബുകൾ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ലാബുകൾ എന്നിവിടങ്ങളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കാവുന്നതാണ്.

(ബി) ആലുവ ക്വാളിറ്റി കൺട്രോൾ ജില്ലാ ലാബിന്റെ കീഴിൽ മൂവാറ്റുപുഴയിൽ ജല ഗുണനിലവാര പരിശോധനയ്ക്കായി ജല അതോറിറ്റിയുടെ ഒരു സബ് ഡിവിഷണൽ ലാബ് ഇപ്പോൾത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്.

## തൃപ്പൂണിത്തുറയിലെ കുടിവെള്ളക്ഷാമം

221(919) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മേഖല ഉൾപ്പെടെയുള്ള പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിലേക്കായി ചൂണ്ടിയിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) വളരെ അത്യന്താപേക്ഷിതമായ ഈ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) തൃപ്പൂണിത്തുറ മേഖല ഉൾപ്പെടെയുള്ള പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിലേയ്ക്കായി ചൂണ്ടിയിൽ സ്ഥിരം തടയണ നിർമ്മിക്കുന്ന പ്രവൃത്തിയുടെ ആദ്യ ദർഘാസ് ക്ഷണിച്ചപ്പോൾ പങ്കെടുത്ത കരാറുകാരിൽ ആരും പ്രീ ക്വാളിഫിക്കേഷൻ നേടാത്തതിനാൽ പുനർ ദർഘാസ് ക്ഷണിച്ചിരിക്കുകയാണ്. ഈ പ്രവൃത്തി ജല അതോറിറ്റിയുടെ നിക്ഷേപ പദ്ധതിയായാണ് ജലസേചന വകുപ്പ് നടപ്പിലാക്കുന്നത്. പുനർദർഘാസിന്റെ നടപടികൾ വേഗത്തിൽ നടന്നുവരുന്നു.

## സ്വകാര്യ തൊഴിൽദാന ഏജൻസികൾ

222(920) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ തൊഴിൽമേഖലയിൽ തൊഴിൽ നൽകുന്നതിന് സ്വകാര്യ റിക്രൂട്ടിംഗ്ഏജൻസികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം ഏജൻസികൾക്ക് ലൈസൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ഏജൻസികളുടെ ചൂഷണത്തിൽനിന്നും ഉദ്യോഗാർത്ഥികളെ സംരക്ഷിക്കാൻ എന്തെങ്കിലും നിയന്ത്രണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഇത്തരം ഏജൻസികൾ യാതൊരു നിയന്ത്രണവുമില്ലാതെ രജിസ്ട്രേഷൻ ഫീസ് പിരിക്കുന്നതും മാസശമ്പളത്തിൽ നിന്നും കമ്മീഷൻ ഈടാക്കുന്നതും തടയുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) സർക്കാർ തലത്തിൽ ഇത്തരമൊരു ഏജൻസി ആരംഭിക്കാൻ ആലോചിക്കുമോ ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. എന്നാൽ ഇത്തരം ഏജൻസികളുടെ ഓഫീസുകൾക്ക് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് എന്ന നിലയിൽ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, സെക്ഷൻ 5 എ പ്രകാരമുള്ള രജിസ്ട്രേഷൻ ബാധകമാണ്.

(സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

(ഇ) സ്വകാര്യ മേഖലയിലെ തൊഴിൽ സാധ്യതകൾ കണ്ടെത്തി റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള ജോബ് പോർട്ടൽ 2012-ൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എങ്കിലും തദ്ദേശമായുള്ള റിക്രൂട്ട്മെന്റുകൾക്ക് തൊഴിൽദാതാക്കൾ റിക്രൂട്ട്മെന്റ് ഏജൻസികളെക്കാൾ കരാറുകാരുടെ സേവനങ്ങൾക്കാണ് മുൻഗണന നൽകുന്നത്.

## ഇ.എസ്.ഐ. ചികിത്സാപരിധിയിൽ വരുന്ന തൊഴിലാളികൾ

223(921) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ വിഭാഗം തൊഴിലാളികളെയാണ് ഇ.എസ്.ഐ. ചികിത്സാപരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാന പരിധി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ ഇ.എസ്.ഐ. ചികിത്സാ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലി ചെയ്യുന്ന താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്. ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതിനുള്ള പ്രതിമാസ വേതന പരിധി 21,000 രൂപയാണ്.

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ
2. ഹോട്ടൽ/റെസ്റ്റോറന്റ്
3. സിനിമ തിയേറ്ററുകൾ
4. റോഡ് ഗതാഗത സ്ഥാപനങ്ങൾ
5. പത്ര മാദ്ധ്യമ സ്ഥാപനങ്ങൾ
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ
8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭ്യമാണ്.

(ബി) ഇ.എസ്.ഐ. ചികിത്സാ പരിധിയിൽ ഉൾപ്പെടുന്നതിനുള്ള വരുമാന പരിധി 1-1-2017-ൽ 15,000 രൂപയിൽനിന്നും 21,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വരുമാന പരിധി ഉയർത്തുന്ന കാര്യം നിശ്ചയിക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

(സി) അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി 1-10-2016 മുതൽ അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും ഓട്ടോറിക്ഷാ തൊഴിലാളികൾക്കും കൂടി ഇ.എസ്.ഐ. മെഡിക്കൽ ആനുകൂല്യങ്ങൾ നൽകാൻ തീരുമാനം ആയിട്ടുണ്ട്. എന്നാൽ ഈ തീരുമാനം പരീക്ഷണാടിസ്ഥാനത്തിൽ ഹൈദ്രാബാദ്, ദില്ലി എന്നീ സ്ഥലങ്ങളിൽ മാത്രമെ നടപ്പാക്കിയിട്ടുള്ളൂ. നിലവിൽ കേരളത്തിലെ അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ.എസ്.ഐ. പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ**

224(922) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ബാബു :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധുനിക കാലഘട്ടത്തിലെ ജോലികൾക്ക് യുവതീയുവാക്കളെ പ്രാപ്തരാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമെന്ന വാഗ്ദാനത്തിന്റെയടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (കേയ്സ്) നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കുമോ;

(സി) എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്കിൽ ഡെലിവറി പ്ലാറ്റ്ഫോം പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence)-ന്റെ മേൽനോട്ടത്തിൽ നഴ്സിംഗ്, ഓയിൽ & റിഗ്ഗ് ഇൻഡസ്ട്രി, ടീച്ചിംഗ്, ഫിനാൻഷ്യൽ സർവ്വീസസ്, മെക്കാനിക്കൽ കൺസ്ട്രക്ഷൻ, ഇൻഡസ്ട്രി ഓട്ടോമേഷൻ, ബ്യൂട്ടി &വെൽനെസ്സ്, മറൈൻ, ഫിസിയോതെറാപ്പി, ആയുർവ്വേദ-ടൂറിസം & ഹോസ്പിറ്റാലിറ്റി, സെക്യൂരിറ്റി, മൾട്ടിമീഡിയ ഡിസൈൻ, വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് തുടങ്ങിയ മേഖലകളിൽ ഇതിനോടകം പരിശീലന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി താഴെപ്പറയുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളും തുടങ്ങിയിട്ടുണ്ട്.

1. <u>സെന്റർ ഫോർ എക്സലൻസ്</u>

- NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
- CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
- ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
- CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
- CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)
- KGNLA (കേസ് ഗ്രോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാഡമി)
- SWAT (സ്കൂൾ ഓഫ് വാട്ടർ ടെക്നോളജി)

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

III കൗശൽ കേന്ദ്രങ്ങൾ

IV എംപ്ലോയബിലിറ്റി സെന്ററുകൾ

V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

VI കരിയർ ഡെവലപ്മെന്റ് സെന്റർ

ഇതോടൊപ്പം നൈപുണ്യവികസനം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്കും തൊഴിൽദാതാക്കൾക്കും ഒരുപോലെ ഉപയോഗ പ്രദമാകത്തക്ക രീതിയിൽ ഒരു വെബ് അധിഷ്ഠിത ജോബ് പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ KASE-ന്റെ കീഴിൽ പുരോഗമിച്ചുവരുന്നു. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഗ്രാമീണ വികസന മന്ത്രാലയം 'ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന' (DDUGKY) എന്ന പേരിൽ കുടുംബശ്രീ മുഖേന നടത്തി വരുന്ന പദ്ധതിയുടെ ടെക്നിക്കൽ സപ്പോർട്ട് ഏജൻസിയായും KASE പ്രവർത്തിച്ചുവരുന്നു.

അക്രെഡിറ്റേഷൻ:

കൂടാതെ വിവിധ വ്യവസായ മേഖലകളിൽനിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപകൽപ്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിക്കൊടുക്കുകയെന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(ബി) ഉണ്ട്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോട് അനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന ചെറുതും വലുതുമായ തൊഴിൽ മേളകളിലൂടെ സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു. നിലവിൽ കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കോട്ടയം, ആലപ്പുഴ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. മലപ്പുറം തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. മറ്റ് ജില്ലകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോ വർഷവും കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന 50,000 വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ. ടി.ഐ.എൽ.) എന്ന ഏജൻസി മുഖേന നടപ്പാക്കാനുദ്ദേശിച്ച് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽസ് ഡലിവറി പ്ലാറ്റ്ഫോം കേരള. കേരളത്തിലെ 150 എഞ്ചിനീയറിംഗ് കോളേജുകളെ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ബന്ധിപ്പിക്കാവുന്ന ഹൈടെക് ക്ലാസ് മുറികൾ സജ്ജീകരിച്ച് കമ്പനികളിലെ പ്രമുഖ വ്യക്തികൾക്കും വ്യവസായ മേഖലയിൽ ഉയർന്ന സ്ഥാനം വഹിക്കുന്നവർക്കും വിദ്യാർത്ഥികളുമായി സംവദിക്കാൻ ഉതകുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്കിൽസ് ഡലിവറി പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന കോഴ്സുകൾ വ്യവസായ മേഖലയിലെ പ്രമുഖ കമ്പനികളുമായി ചേർന്ന് അവരുടെ സഹായത്തോടെയാണ് വികസിപ്പിക്കുന്നത്. ഇത്തരത്തിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ഒരു ഡാറ്റാബേസ് പ്രസ്തുത പ്ലാറ്റ്ഫോമിൽ രൂപീകരിക്കുന്നതുവഴി തൊഴിൽ ദാതാക്കൾക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളിലേയ്ക്ക് നേരിട്ട് എത്തിച്ചേരാനും സാധിക്കും. ടി പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ജൂനിയർ ഇൻസ്ട്രക്ടർ (ഷീറ്റ് മെറ്റൽ വർക്കർ) തസ്തികയിലെ ഒഴിവുകൾ

225(923) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഷീറ്റ്മെറ്റൽ വർക്കർ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത ഒഴിവുകളുടെ വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഷീറ്റ് മെറ്റൽ വർക്കർ) തസ്തികയിൽ കണ്ണൂർ ഐ.ടി.ഐ.-യിൽ ഒരൊഴിവുണ്ട്. ടി ഒഴിവ് 30-06-2017-ൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ അറിയിച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. കോർപ്പറേഷൻ തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുന്നതിനെതിരെ നടപടി

226(924) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. കോർപ്പറേഷൻ 2016 നവംബർ 16-ന് പുറത്തിറക്കിയ സർക്കുലർ, തൊഴിലാളികൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നിഷേധിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളുന്നതാണോ;

(ബി) എങ്കിൽ ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇതിന്മേലുള്ള ഇ.എസ്.ഐ. കോർപ്പറേഷന്റെ നിലപാട് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ 7-11-2016-ലെ v-14/11/5/2012-Med.I (policy) നമ്പർ കത്ത് പ്രകാരം പുതുക്കി നിശ്ചയിക്കുകയുണ്ടായി. ആയത് പ്രകാരം സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് അർഹതനേടാൻ പ്രധാനമായും താഴെപ്പറയുന്ന യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ് :

1. സൂപ്പർസ്പെഷ്യാലിറ്റി ചികിത്സയ്ക്കുള്ള അസുഖം കണ്ടെത്തുന്ന തീയതിക്ക് തൊട്ടുമുമ്പുള്ള രണ്ട് വർഷം ഐ.പി. തുടർച്ചയായി തൊഴിലിൽ ഉണ്ടായിരിക്കേണ്ടതാണ്.

2. രോഗം ആരംഭിക്കുന്നതിനുമുമ്പായി നാല് അംശാദായ കാലയളവുകളിലായി 156 ദിവസത്തെ അംശാദായം അടയ്ക്കുകയും മേൽപ്പറഞ്ഞ നാല് അംശാദായ കാലയളവിൽ ഏതെങ്കിലും രണ്ടെണ്ണത്തിൽ രോഗാനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുകയും വേണം.

ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് ദോഷകരമായ ഈ വ്യവസ്ഥകൾ റദ്ദാക്കണമെന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി 28-4-2017-നും 12-5-2017-നും കത്തുകൾ അയച്ചിട്ടുണ്ട്. കൂടാതെ തീരുമാനം പുനഃപരിശോധിക്കുന്ന വിഷയം ഇ.എസ്.ഐ. കോർപ്പറേഷൻ ഡയറക്ടർ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നാളിതുവരെ കേന്ദ്ര സർക്കാരോ ഇ.എസ്.ഐ. കോർപ്പറേഷനോ നിലപാട് അറിയിച്ചിട്ടില്ല.

## ഇ.എസ്.ഐ. ഡിസ്പെൻസറികളിലെയും ആശുപത്രികളിലെയും ഡോക്ടർമാരുടെയും പാരാ മെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക

227(925) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ഇൻഷ്വറൻസ് ക്ലെയിം ഉള്ള ഇൻഷ്വേർഡ് പേഴ്സൺസ് (ഐ.പി)-ന്റെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി സംസ്ഥാനത്തെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലെയും ആശുപത്രികളിലെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എണ്ണവും വർദ്ധിപ്പിക്കണമെന്ന വിവിധ ട്രേഡ് യൂണിയനുകളുടെ ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ ഈ ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്ന് വിശദീകരിക്കുമോ;

(ബി) സംസ്ഥാനത്തെ ഇൻഷ്വേർഡ് പേഴ്സൺസ്-ന്റെ എണ്ണം ജില്ല തിരിച്ച് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കൊല്ലം ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ ഉടൻ നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും ജീവനക്കാരുടെ എണ്ണം ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമല്ലായിരുന്നു. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഗുണഭോക്താക്കൾക്കനുസൃതമായി ജീവനക്കാരെ

പുനർവിന്യസിച്ച് 5-6-2017-ലെ സ.ഉ.(സാധാ)നമ്പർ 720/2017/തൊഴിൽ പ്രകാരവും 12-7-2017-ലെ സ.ഉ.(സാധാ) നമ്പർ 898/2017/തൊഴിൽ പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഇൻഷ്വേർഡ് പേഴ്സൺസ് (ഐ.പി.)-ന്റെ എണ്ണത്തിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയവും പരിശോധിച്ച് വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ഇൻഷ്വേർഡ് പേഴ്സൺസിന്റെ ജില്ല തിരിച്ചുള്ള എണ്ണം ലഭ്യമല്ല. ഇ.എസ്.ഐ. കോർപ്പറേഷൻ സബ് റീജിയൺ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (31-3-2017 വരെ)

| സബ് റീജിയണൽ ഓഫീസ് | ഐ.പി.-കളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 120480 |
| കൊല്ലം | 126800 |
| എറണാകുളം | 394640 |
| തൃശ്ശൂർ | 141990 |
| കോഴിക്കോട് | 145250 |
| ആകെ | 929160 |

(സി) കൊല്ലം ജില്ലയിൽ സംസ്ഥാന സർക്കാർ നിയന്ത്രണത്തിൽ ഇ.എസ്.ഐ. ആശുപത്രികളൊന്നുമില്ല. ഇ.എസ്.ഐ. ഡിസ്പെൻസറികൾ മാത്രമാണുള്ളത്. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ (എ.ഐ.എം.ഒ.) തസ്തികയുടെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റാങ്ക് ലിസ്റ്റിന്റെ കാലാവധി 10-10-2013-ൽ തീർന്നതിനാലാണ് സ്ഥിരം ഡോക്ടർമാരെ നിയമിക്കാൻ കഴിയാത്തത്. എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. 28-6-2017-ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി തസ്തികയുടെ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് എല്ലാ ഒഴിവുകളും നികത്തുന്നതാണ്. കൊല്ലം ജില്ലയിൽ നിലവിലുള്ള എ.ഐ.എം.ഒ. (ഹോമിയോ) തസ്തികയുടെ ഒരു ഒഴിവും ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയുടെ 6 ഒഴിവുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇ.എസ്.ഐ. കോർപ്പറേഷന്റെ സ്ഥാപനങ്ങളിലെ ഒഴിവുകളിൽ ഇ.എസ്.ഐ.സി. ഹെഡ്ക്വാർട്ടേഴ്സിൽ നിന്നാണ് നിയമനം നടത്തുന്നത്.

## ഇതര സംസ്ഥാന തൊഴിലാളികൾ

228(926) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വളരെയധികം ഇതര സംസ്ഥാന തൊഴിലാളികൾ യാതൊരു നിയന്ത്രണവുമില്ലാതെ ജോലി ചെയ്തുവരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇവരെ നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) ഇവരുടെ കടന്നുവരവുമൂലം സംസ്ഥാനത്ത് കൊലപാതകങ്ങളും അക്രമങ്ങളും മോഷണങ്ങളും കഞ്ചാവ് വില്പനകളും ഉൾപ്പെടെയുള്ള ജനവിരുദ്ധ പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇവരെ നിർബന്ധമായും തിരിച്ചറിയൽ കാർഡ് ധരിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതര സംസ്ഥാന തൊഴിലാളികളിൽ അധികവും നിർമ്മാണ-ഹോട്ടൽ-കൃഷി-ഗാർഹിക-പ്ലൈവുഡ് മേഖലകളിലാണ് ജോലി ചെയ്യുന്നത്. ഇപ്രകാരം വന്നെത്തുന്ന ഇതരസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ചുള്ള വ്യക്തിഗത വിവരങ്ങളോ, എവിടെ ജോലി എടുക്കുന്നുവെന്നോ, എത്രപേർ കേരളത്തിൽ വന്നുചേരുന്നുണ്ടെന്നോ, മടങ്ങി പോകുന്നുണ്ടെന്നോ എന്നത് സംബന്ധിച്ച വ്യക്തമായ വിവരം നിലവിൽ ലഭ്യമല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണവും വിവര ശേഖരണവും തിരിച്ചറിയൽ കാർഡ് വിതരണവും ലക്ഷ്യമിട്ട് "ആവാസ്" എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി) നിർബന്ധമായി തിരിച്ചറിയൽ കാർഡ് ധരിപ്പിക്കുന്നതിന് നിയമപരമായി പിൻബലമില്ല.

## ഇതര സംസ്ഥാന തൊഴിലാളികൾ

229(927) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് കണക്കുകൾ നൽകാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിനുള്ള രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കുമോ?

ഉത്തരം

(എ) ലഭ്യമല്ല.

(ബി) "ആവാസ്" പദ്ധതിപ്രകാരം രജിസ്ട്രേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സത്വരം പുരോഗമിക്കുകയാണ്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക്

230(928) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് പ്രത്യേക ഐഡന്റിറ്റി കാർഡ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ടി പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനൊപ്പം 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷകൂടി ഉറപ്പ് വരുത്തിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ പരിശോധനകൾ നടത്തി നിയമ നടപടികൾ സ്വീകരിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന "അപ്നാഘർ" ഭവനപദ്ധതി പ്രകാരം ഇതര സംസ്ഥാന തൊഴിലാളികൾക്ക് വേണ്ടി നിർമ്മിക്കുന്ന ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയത്തിന്റെ ആദ്യ സ്കീം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുക്കുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് 25,000 രൂപ വരെയുള്ള ചികിത്സാസഹായം, 25,000 രൂപ വരെയുള്ള ആശ്വാസ

ധനസഹായം, 2500 രൂപ വരെയുള്ള ടെർമിനൽ ബെനഫിറ്റ്, 10,000 രൂപ സ്വാഭാവിക മരണാനന്തര ആനുകൂല്യം, അപകട മരണം സംഭവിക്കുന്നവർക്ക് 50,000 രൂപ മരണാനന്തര ആനുകൂല്യം, ഭൗതികശരീരം സ്വന്തം നാട്ടിലെത്തിക്കാൻ 15,000 രൂപ വരെയുള്ള സഹായം എന്നീ ആനുകല്യങ്ങളും ലഭ്യമാണ്.

(ബി) ഇല്ല. ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

231 (929) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം നിർണ്ണയിക്കാൻ എന്തെങ്കിലും സംവിധാനം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തി തിരിച്ചറിയൽ കാർഡുകൾ നൽകി ജോലി ലഭിക്കുന്നതിനുള്ള സംവിധാനം സർക്കാർ ഏർപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആരോഗ്യപരിരക്ഷയും സൗജന്യ ചികിത്സാ സഹായവും നൽകുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് "ആവാസ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയിലൂടെ തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും നൽകുന്നതിന് സാധിക്കുന്നതാണ്.

## വേതന സുരക്ഷാ പദ്ധതി

232(930) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള 75 തൊഴിൽ മേഖലകൾ എതെല്ലാമെന്നും ഓരോ മേഖലയിലും വിജ്ഞാപനം ചെയ്തിട്ടുള്ള മിനിമം വേതനം (അസംഘടിത/ സംഘടിത മേഖല തരം തിരിച്ച്) എത്രയെന്നും ഇതിൽ അസംഘടിത/ സംഘടിത മേഖലാ തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കാനായി ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്വകാര്യ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ലഭിയ്ക്കുന്നില്ല എന്ന പരാതി സർക്കാർ ശ്രദ്ധയിൽപ്പെട്ടുവോ, എങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി തിരുവനന്തപുരം ജില്ലയിൽ തുടങ്ങിയ വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) യുടെ വിജയകരമായ നടത്തിപ്പ് മുൻനിർത്തി കൂടുതൽ തൊഴിലാളികളുള്ള പാലക്കാട് ഉൾപ്പെടെ എല്ലാ ജില്ലകളിലും ആയത് നടപ്പാക്കാൻ എന്തു നടപടി സ്വീകരിയ്ക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) നിയമം അനുശാസിയ്ക്കുന്ന കുറഞ്ഞ വേതനം എല്ലാ മേഖലകളിലേയും തൊഴിലാളികൾക്ക് ലഭിയ്ക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനും ഇതു സംബന്ധിച്ച് വകുപ്പിനു ലഭിയ്ക്കുന്ന പരാതികൾ സമയബന്ധിതമായി തീർപ്പാക്കാനും കുറ്റക്കാർക്കെതിരെ കർശന ശിക്ഷാനടപടികൾ കൈക്കൊള്ളാനും സ്വീകരിച്ചുവരുന്ന നടപടികൾ എന്ത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള 78 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഓരോ മേഖലയിലും വിജ്ഞാപനം ചെയ്തിട്ടുള്ള മിനിമം വേതനത്തിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്ത് 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരെയും കൂടാതെ 14 എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരെയും 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഇൻസ്പെക്ടർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇവർ മിനിമം കൂലി ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. നിശ്ചിത ഇടവേളകളിലുള്ള സ്ഥാപന പരിശോധനകളിലൂടെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ക്വാഡ് പരിശോധനയിലൂടെയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക്വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) സംസ്ഥാന വ്യാപകമായി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമലംഘനങ്ങൾ നടക്കുന്നതായി പരാതികൾ ലഭിക്കുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമ ലംഘനങ്ങൾക്ക് നോട്ടീസ് നൽകി നിയമ നടപടികൾ ഉൾപ്പെടെയുള്ള തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. നിശ്ചിത ഇടവേളകളിലുള്ള ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരുടെ നേതൃത്വത്തിൽ സ്ഥാപന പരിശോധനകളിലൂടെയും സ്ക്വാഡ് പരിശോധനകളിലൂടെയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർ നോട്ടീസ് നൽകി തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക്വഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്.

(സി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ തുടങ്ങിയ വേതന സുരക്ഷാ പദ്ധതി സംസ്ഥാന വ്യാപകമായി ഇപ്പോൾ നടപ്പിലാക്കിവരുന്നു.

(ഡി) നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം എല്ലാ മേഖലകളിലെയും തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും ഇതുസംബന്ധിച്ച് വകുപ്പിന് ലഭിക്കുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും സംസ്ഥാനത്തെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു. വേതന സുരക്ഷാപദ്ധതിയിലൂടെ നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. വേതന സുരക്ഷാ പദ്ധതി വഴി വേതനം വിതരണം ചെയ്യുന്നത് നിർബന്ധമാക്കിക്കൊണ്ട് 1948 മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വ്യവസ്ഥയുടെ ലംഘനം മിനിമം വേതന ചട്ടത്തിന്റെ ലംഘനമായി കണക്കാക്കുന്നു. നിലവിൽ മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള ശിക്ഷ 500 രൂപയാണ്. ആയത് ഭേദഗതി ചെയ്ത് 1 ലക്ഷം രൂപ മുതൽ 2 ലക്ഷം രൂപ വരെയായി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ്

233(931) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ) കഴിഞ്ഞ സർക്കാർ കാലയളവിൽ ഓരോ വർഷവും തൊഴിലാളികൾക്കും, തൊഴിലാളി യൂണിയൻ പ്രവർത്തകർക്കുമായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നും എത്ര തുക ചെലവായിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ടുണ്ടായ നേട്ടങ്ങൾ/കോട്ടങ്ങൾ എന്തെല്ലാമെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഓരോ വർഷവും എത്ര തൊഴിലാളികൾ/തൊഴിലാളി യൂണിയൻ പ്രവർത്തകർ സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയിൽ പങ്കെടുത്തു എന്നും ഇവയിൽ പങ്കെടുത്ത സർക്കാർ/പഞ്ചായത്ത് ഉദ്യോഗസ്ഥർ എത്ര എന്നും പ്രസ്തുത മേഖലയിലെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന പ്രഗത്ഭരായ വിദഗ്ദ തൊഴിലാളികളെയും ഓരോ തൊഴിൽ മേഖലകളിലേയും വിദഗ്ദരായവരേയും മാത്രം ഉൾക്കൊള്ളിച്ച് (പഞ്ചായത്ത്, മറ്റ് സർക്കാർ ഉദ്യോഗസ്ഥരെ ഒഴിവാക്കിയും) തൊഴിലാളികൾക്ക് ഉപയോഗപ്രദമായ രീതിയിൽ ബോധവൽക്കരണം, നൈപുണ്യ വികസനം തുടങ്ങിയവ മെച്ചപ്പെട്ട രീതിയിൽ നടത്തുവാനും ഇതുമായി ബന്ധപ്പെട്ട പഠനങ്ങളും ഗവേഷണങ്ങളും നടത്തുവാനും സംസ്ഥാനത്ത് പ്രസ്തുത മേഖലകളിലെ വിദഗ്ദരെ കണ്ടെത്തി, അവരെക്കൊണ്ടു മാത്രം ആയത് നടത്തുവാനും വേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) തൊഴിലാളികൾക്കും തൊഴിലാളി സംഘടനാ പ്രതിനിധികൾക്കും തൊഴിൽ നിയമങ്ങളെക്കുറിച്ചും തൊഴിൽ അവകാശങ്ങളെക്കുറിച്ചും തൊഴിൽ മേഖലയിൽ സംജാതമാകുന്ന വിവിധ പ്രശ്നങ്ങളുടെ പരിഹാര മാർഗ്ഗങ്ങളെക്കുറിച്ചും പരിശീലനം, നേതൃത്വവികസന പരിശീലനം ശിൽപ്പശാലകൾ, സെമിനാറുകൾ, അനുസ്മരണ പ്രഭാഷണങ്ങൾ എന്നിവ നടത്തുകയുണ്ടായി. കൂടാതെ തൊഴിൽ മേഖലയുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട സാമൂഹിക പ്രസക്തമായ വിഷയങ്ങളിൽ ഗവേഷണ പഠനങ്ങൾ നടത്തുകയും ആയവ സംസ്ഥാന സർക്കാരിനും പ്ലാനിംഗ് ബോർഡിനും യഥാസമയം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കിലെ ന്യൂസ് 'ഞാനും എന്റെ തൊഴിൽ നിയമങ്ങളും' എന്ന ശീർഷകത്തിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് നിയമങ്ങളും പദ്ധതികളും കേരള ചുമട്ടുതൊഴിലാളി നിയമം

1978, 'തൊഴിൽ നൈപുണ്യ വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ' തുടങ്ങി തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും പ്രയോജനപ്പെടുന്ന കൈപ്പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ തൊഴിലാളികൾക്കും തൊഴിലാളി യൂണിയൻ പ്രവർത്തകർക്കും ബോധവൽക്കരണം നടത്തുകവഴി സംസ്ഥാനത്ത് മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും വ്യാവസായിക അന്തരീക്ഷവും സൃഷ്ടിക്കുന്നതിന് സഹായകരമായി പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രത്യേകിച്ച് കോട്ടങ്ങൾ ഒന്നും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഓരോ വർഷവും നടത്തിയ പ്രവർത്തനങ്ങളുടെ പട്ടികയും ചെലവായ തുകയും അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ പ്രസ്തുത പ്രവർത്തനങ്ങളിലൂടെ ഓരോ വർഷവും എത്ര തൊഴിലാളികൾ/തൊഴിലാളി യൂണിയൻ പ്രവർത്തകർ സെമിനാറുകൾ, ശിൽപ്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയിൽ പങ്കെടുത്തുവെന്നും ഇവയിൽ പങ്കെടുത്ത സർക്കാർ/പഞ്ചായത്ത് ഉദ്യോഗസ്ഥർ എത്രയെന്നുമുള്ള വിവരങ്ങൾ അനുബന്ധം II* ആയും കില-യുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദരുടെ വിവരങ്ങൾ അനുബന്ധം III* ആയും ചേർക്കുന്നു.*

(സി) പരിശോധിക്കാവുന്നതാണ്.

## അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ

234(932) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച് ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ആയതിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) വസ്ത്ര, സ്വർണ്ണം വ്യാപാര മേഖലയിലെ അസംഘടിതരായ തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തുന്നതിനും എട്ട് മണിക്കൂർ തൊഴിൽ ക്ലിപ്തത ഉറപ്പു വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത മേഖലയിൽ സെയിൽസ്മാൻ/സെയിൽസ് ഗേൾ ആയി ജോലി നോക്കുന്നവർക്ക് വിശ്രമമില്ലാതെ തുടർച്ചയായിനിന്നുമാത്രം ജോലിചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം തൊഴിൽ ചൂഷണങ്ങൾ സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പഠനം നടത്തിയിട്ടില്ല.

(ബി) വസ്ത്ര-സ്വർണ്ണ വ്യാപാര മേഖലകളിലെ തൊഴിലാളികൾക്ക് തൊഴിൽ നിയമപ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ഉറപ്പുവരുത്തുന്നതിന് സംസ്ഥാന തൊഴിൽ വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധനകൾ നടത്താറുണ്ട്. മിനിമം വേതനം, ഓവർ-ടൈം വേതനം എന്നിവ നൽകാത്തതായി പരിശോധനയിൽ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ക്ലെയിം പെറ്റീഷൻ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അസംഘടിത മേഖലയിൽ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുവഴി നൽകുന്നതിനുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതു വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജോലിക്കിടയിലെ ഇടവേളകളിൽ ഇരിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് ഭേദഗതി വരുത്തുന്ന വിഷയം സർക്കാർ പരിശോധനയിലാണ്.

(ഡി) ലേബർ കമ്മീഷണർ ഓഫീസിലും സബ് ഓഫീസുകളിലുമായി 36 പരാതികൾ ലഭിച്ചിട്ടുണ്ട്. ടി പരാതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി ആയത് പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി നിയമലംഘനങ്ങൾ പരിഹരിച്ച് രേഖകൾ ഹാജരാക്കാത്തതും ക്രോസ് പരിശോധനയിൽ നിയമലംഘനങ്ങൾ പരിഹരിച്ചിട്ടില്ലാത്തതുമായ സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി**

235(933) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ആഞ്ചലോസ്, മാവുങ്കൽ, അരൂർ പി. ഒ. എന്നയാൾ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗമായിരിക്കെ തടിമില്ലിനിടയിൽപ്പെട്ട് ടിയാന്റെ കൈവിരൽ മുറിച്ചുമാറ്റിയതിന് എത്ര രൂപയുടെ ധനസഹായമാണ് ടിയാന് നൽകാൻ ഉത്തരവായത് ;

(ബി) തള്ളവിരൽ നഷ്ടമായതിനെ തുടർന്ന് ജോലിയിൽ തുടർന്ന് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്ത് ടിയാന്റെ അപേക്ഷ പരിഗണിച്ച് നഷ്ട പരിഹാര തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. ആഞ്ചലോസ്, മാവുങ്കൽ, അരൂർ പി.ഒ.യ്ക്ക് തടിമില്ലിനിടയിൽപ്പെട്ട് കൈവിരൽ മുറിച്ചുമാറ്റിയതുമായി ബന്ധപ്പെട്ട് ടിയാൻ അനുബന്ധമായി സമർപ്പിച്ച രേഖകളുടെ അടിസ്ഥാനത്തിൽ 700 രൂപ ആലപ്പുഴ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) 1998-ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് നിയമത്തിലെ അപകട ധനസഹായ പദ്ധതിപ്രകാരം ജോലി സ്ഥലത്ത് സംഭവിക്കുന്ന അപകടത്തെ തുടർന്ന് സ്ഥായിയും സ്ഥിരവുമായ അവശത സംഭവിക്കുന്നവർക്ക് മെഡിക്കൽ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷം രൂപ ബോർഡിൽനിന്ന് അപകട ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. ശ്രീ. ആഞ്ചലോസ് അവശത തെളിയിക്കുന്ന മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അപകട ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിച്ച് ഉചിത നടപടി സ്വീകരിക്കുന്നതാണ്.

**തൊഴിൽ നയം**

236(934) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിനും കേരളത്തെ ഒരു തൊഴിൽ സൗഹൃദ സംസ്ഥാനമാക്കി ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാനത്ത് തൊഴിൽ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികൾക്ക് അർഹമായ വേതനവും സാമൂഹ്യ സുരക്ഷയും ഉറപ്പ് വരുത്തുന്നതിനും സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ തൊഴിലിടങ്ങളിൽ ലിംഗസമത്വം ഉറപ്പാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഉൽപ്പാദനക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിക്കുകയും അതിലൂടെ ലിംഗസമത്വം ഉറപ്പുവരുത്തുകയും ചെയ്യുക, തൊഴിലാളികൾക്ക് ന്യായമായ വേതനം, തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും എന്നിവ ഉറപ്പുവരുത്തി തൊഴിലാളികൾക്ക് മികച്ച തൊഴിലന്തരീക്ഷം

സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പിലാക്കി തൊഴിൽ സമൂഹത്തിന് സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യസംരക്ഷണവും ഉറപ്പുവരുത്തി കൊണ്ട് തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങളെ സംരക്ഷിക്കുക, യഥാസമയത്ത് സൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക, എന്നിവയിലൂടെ സമസ്ത മേഖലയിലെയും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുകയാണ് സംസ്ഥാന തൊഴിൽ നയത്തിന്റെ നിയുക്ത ലക്ഷ്യം.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## വാമനപുരം നിയോജകമണ്ഡലത്തിലെ കരിയർ ഡെവലപ്മെന്റ് സെന്റർ

237(935) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പാലോട് കേന്ദ്രമാക്കി കരിയർ ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച് കിട്ടിയ അപേക്ഷ പരിശോധിച്ചുവരികയാണ്.

## ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ കൂലി

238(936) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ എത്രയാണ്; ഇതു സംബന്ധിച്ച തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ തൊഴിലുകളെയാണ് ഗാർഹിക തൊഴിൽ എന്നത് കൊണ്ട് വിവക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രഖ്യാപിച്ച കൂലി തൊഴിലാഴികൾക്ക് കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഗാർഹിക തൊഴിലാളികളുടെ കുറഞ്ഞ വേതനം 9,379 രൂപയാണ്. മിനിമം വേതനം 2017 ജനവരി മുതൽ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 24-12-2016-ലെ സ.ഉ. (അച്ചടി) നമ്പർ 202/2016/ തൊഴിൽ നമ്പർ വിജ്ഞാപനപ്രകാരം

1. തുണി അലക്കൽ
2. പാത്രം കഴുകൽ
3. വീട് തൂത്തുവാരുക, അടിച്ച് വൃത്തിയാക്കുക, പരിസരം തൂക്കുക, നിലം തുടയ്ക്കുക, വീടും പരിസരവും വൃത്തിയാക്കുക
4. ഭക്ഷണത്തിനുള്ള പലവ്യഞ്ജനങ്ങളും പച്ചക്കറികളും പാത്രങ്ങളും ഉപകരണങ്ങളും മറ്റും വാങ്ങിക്കൊണ്ടുവരിക
5. ഭക്ഷണം പാകം ചെയ്യുന്നതിന് സഹായിക്കുക
6. കുട്ടികളെ പരിപാലിക്കുക, വിദ്യാലയത്തിൽ കൊണ്ടുപോകുകയും തിരികെ കൊണ്ടുവരികയും ചെയ്യുക.
7. പ്രായം ചെന്നവരെയും രോഗികളെയും ഭിന്നശേഷിയുള്ളവരെയും പരിപാലിക്കുക
8. ഭക്ഷണം പാകം ചെയ്യുക
9. വ്യക്തിയുടെയോ കുടുംബത്തിന്റെയോ താമസവുമായി ബന്ധപ്പെട്ട് വീട്ടിലും പരിസരത്തും മറ്റു ജോലികൾ ചെയ്യുക.
10. വാഹന ഡ്രൈവർ, ഗാർഡനർ, ഹോംനഴ്സ്, സെക്യൂരിറ്റി, വാർഡൻ, തോട്ടപ്പണിക്കാർ.

(സി) ഉണ്ട്. സംസ്ഥാനത്ത് 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാരെയും കൂടാതെ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസർമാരെയും 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഇൻസ്പെക്ടർമാരായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. ഇവർ മിനിമം കൂലി ലഭിക്കുന്നില്ലെന്ന പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും സ്ഥാപനങ്ങളിലും മറ്റ് തൊഴിലിടങ്ങളിലും പരിശോധന നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക്

---

*

നോട്ടീസ് നൽകി ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കാറുണ്ട്. കൂടാതെ ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ സ്ക്വാഡ് പരിശോധനകളും നടത്താറുണ്ട്. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യമേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുമെന്നതാണ്. ഇതുമൂലം നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന തൊഴിലുടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും കഴിയും.

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

239(T 937) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം എത്ര രൂപയായി നിജപ്പെടുത്തണമെന്നാണ് സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്;

(സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കുവാനുള്ള തീരുമാനം മിനിമം വേജസ് കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ഡി) സുപ്രീംകോടതി നിയമിച്ച കമ്മിറ്റിയുടെ ശിപാർശക്ക് വിരുദ്ധമായ തീരുമാനം മിനിമം വേജസ് കമ്മിറ്റി കൈക്കൊണ്ടത് ഏത് സാഹചര്യത്തിലാണ് ; വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സ്വകാര്യ ആശുപത്രിയിലെ നഴ്സമാരുടെ സമരം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ കൂടിയ വിവിധ വ്യവസായ ബന്ധ സമിതി യോഗങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും എക്സൈസ് വകുപ്പുമന്ത്രി ഈ വിഷയത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 20-7-2017-ൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുകയും സമരം അവസാനിപ്പിക്കുന്നതിനുതകുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

(ബി)
- 50 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ-ഏറ്റവും കുറഞ്ഞ വേതനം- 20,000 രൂപ
- 51 മുതൽ 100 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ- സർക്കാർ നഴ്സമാരുടെ വേതനത്തിൽ നിന്നും 25%-ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 101 മുതൽ 200 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ- സർക്കാർ നഴ്സമാരുടെ വേതനത്തിൽനിന്നും 10% -ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.
- 200-ന് മുകളിൽ കിടക്കകളുള്ള സ്ഥാപനങ്ങൾ-സർക്കാർ നഴ്സിന് തുല്യമായ വേതനം.

(സി) 10-7-2017-ൽ കൂടിയ മിനിമം വേതന ഉപദേശക സമിതിയുടെ യോഗത്തിൽ ജി.എൻ.എം. നഴ്സിന്റെ അടിസ്ഥാന വേതനം 17,200 രൂപയായി നിശ്ചയിക്കുകയും നിലവിലുണ്ടായിരുന്ന അഡീഷണൽ അലവൻസുകൾ അതേ നിരക്കിൽ തുടർന്നും നൽകുവാനും നഴ്സിംഗ് അലവൻസിൽ ആനുപാതികമായ വർദ്ധനവ് വരുത്തുന്നതിനും ധാരണയായിരുന്നു.

(ഡി) സ്വകാര്യ ആശുപത്രി മേഖലയിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും (170 ഓളം തസ്തികകൾ) മിനിമം വേതനം നിശ്ചയിക്കുന്നതിനായി നിയമിതമായ കമ്മിറ്റി മിനിമം വേതനം സംബന്ധിച്ച ഒരു മാനദണ്ഡം തയ്യാറാക്കുകയും ആയത് കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുകയുമാണുണ്ടായത്. എന്നാൽ ഇക്കാര്യത്തിൽ വിയോജിപ്പ് രേഖപ്പെടുത്തപ്പെട്ട സാഹചര്യത്തിൽ മിനിമം വേതനം സംബന്ധിച്ച ശിപാർശകളൊന്നും കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടില്ല.

## സ്വകാര്യ ആശുപത്രികളിലെ നഴ്സമാരുടെ വേതനം

240(938) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്വകാര്യാശുപത്രികളിലെ നഴ്സമാരുടെ വേതന വർദ്ധനവിനായി തൊഴിലാളി സംഘടനകൾ നടത്തിയ സമരത്തെത്തുടർന്ന് മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) തീരുമാനങ്ങൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാന തലത്തിലും ജില്ലാതലങ്ങളിലും ഔദ്യോഗിക സമിതികൾ രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത സമിതികളുടെ ഘടന എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സമിതികൾ രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 1. 29-1-2016-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് നിയോഗിച്ച കമ്മിറ്റി നിർദ്ദേശിച്ച രീതിയിൽ 50 കിടക്കവരെയുള്ള സ്വകാര്യ ആശുപത്രികളിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ഏറ്റവും കുറഞ്ഞ ശമ്പളം 20,000 രൂപയായി നിശ്ചയിക്കുന്നതിന് തീരുമാനിച്ചു.

2. 50 കിടക്കകളിൽ കൂടുതലുള്ള ആശുപത്രികളിലെ നഴ്സുമാരുടെ ശമ്പളം നിർണ്ണയിക്കുന്നതിനും നഴ്സിംഗ് ട്രെയിനിമാരുടെ സ്റ്റൈപ്പന്റ് കാലോചിതമായി വർദ്ധിപ്പിക്കൽ, ട്രെയിനിംഗ് കാലാവധി തുടങ്ങിയ വിഷയങ്ങൾ പരിശോധിക്കുന്നതിനും ശിപാർശ സമർപ്പിക്കാനുമായി തൊഴിൽ-ആരോഗ്യ-നിയമ സെക്രട്ടറിമാരും ലേബർ കമ്മീഷണറും അംഗങ്ങളായി ഒരു സമിതിയെ നിയോഗിക്കും. ഒരു മാസത്തിനകം സമിതി റിപ്പോർട്ട് സമർപ്പിക്കണം.

3. മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുള്ള അധികാരം മിനിമം വേജസ് കമ്മിറ്റിക്കാണ്. സർക്കാർ നിയോഗിക്കുന്ന സമിതിയുടെ നിർദ്ദേശങ്ങൾ മിനിമം വേജസ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കും.

4. സമരത്തിന്റെ പേരിൽ മാനേജ്മെന്റുകൾ പ്രതികാര നടപടികൾ സ്വീകരിക്കാൻ പാടില്ല. സമരം അവസാനിപ്പിക്കുകയും ജീവനക്കാർ ആശുപത്രി പ്രവർത്തനങ്ങളിൽ പൂർണ്ണമായി സഹകരിക്കുകയും ചെയ്യുക.

(ബി-ഡി) തീരുമാനങ്ങൾ നടപ്പിലാക്കുന്നത് മോണിട്ടർ ചെയ്യുന്നതിന് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഔദ്യോഗിക സമിതികൾ രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടില്ല.

## കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

241(939) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്ര പേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്;

(ബി) സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദമാക്കുമോ ?

### ഉത്തരം

(എ) കോതമംഗലം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 31-7-2017 വരെ 28,179 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 159 പേർക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നാല് സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഓരോ പദ്ധതിപ്രകാരവും സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിനുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു*.

## നോക്കുകൂലി

242(940) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ ഒരംഗം തന്നെ നോക്കുകൂലിക്കെതിരെ പരസ്യമായി രംഗത്ത് വരികയും നോക്കുകൂലി ചോദിക്കുന്നവരെ ജനങ്ങൾ കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നോ; എങ്കിൽ അതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കുമോ;

(ബി) നോക്കുകൂലിക്കെതിരെ ഗുണ്ടാ നിയമപ്രകാരം കേസെടുക്കണമെന്ന് 2014 ഡിസംബർ 4-ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് നോക്കുകൂലിയുടെ പേരിൽ നടക്കുന്ന പിടിച്ചുപറിക്കെതിരെ ക്രിയാത്മക നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കയറ്റിറക്കുമായി ബന്ധപ്പെട്ട് നോക്കുകൂലി ആവശ്യപ്പെട്ട വിഷയത്തിൽ വാർത്തകളും പ്രസ്താവനകളും മാധ്യമങ്ങളിൽ വന്നിരുന്നത് ശ്രദ്ധിച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നോക്കുകൂലിക്കെതിരെ ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു.

**നോക്കുകൂലി നിരോധിക്കുന്നതിന് നടപടികൾ**

243(941) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നോക്കുകൂലി നിലനിൽക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നോക്കുകൂലി നിരോധിക്കുന്നതിനും അത് ആവശ്യപ്പെട്ടുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാവുമോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നോക്കുകൂലി നിരോധിക്കുന്നതിന് കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്ത് ചുമട്ടുതൊഴിൽ മേഖലയിലെ നോക്കുകൂലി സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നിർത്തലാക്കുന്നതിനുമായി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്കുകൂലി നടപ്പിലാക്കുകയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 ജില്ലകളെ നോക്കുകൂലി ജില്ലകളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഇതുസംബന്ധിച്ച് ധാരണയായിട്ടുണ്ട്. കൂലി ഏകീകരിക്കാത്ത ഇടുക്കി കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. കൂടാതെ, ജില്ലകളിലെ പ്രധാന കവലകളിൽ റെസിഡന്റ്സ് അസോസിയേഷനുകളുമായി ചേർന്ന് കയറ്റിറക്കുകൂലി പ്രസിദ്ധപ്പെടുത്തിയ ബോർഡുകൾ സ്ഥാപിക്കുകയും ഏകീകരിച്ച കയറ്റിറക്ക് കൂലി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ഈ കൂലി നിരക്ക് പ്രകാരം ചുമട്ടുതൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് തൊഴിലാളികളുടെ സേവനം ആവശ്യപ്പെടാവുന്നതാണ്. നോക്കുകൂലി, അമിതകൂലി എന്നിവ ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസറെ ഫോണിൽ വിളിച്ച് വിവരം ബോധിപ്പിക്കുകയോ, കോൾ സെന്റർ മുഖേന പരാതി രേഖപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

## മലയിൻകീഴ് ഐ.ടി.ഐ.

244(942) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് ഐ.ടി.ഐ.-യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകൾ ആണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലയിൻകീഴ് ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊയിലാണ്ടി ഐ.ടി.ഐ. വികസനം

245(943) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ സർക്കാർ ഐ.ടി.ഐ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി

(ബി) അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനായി തെരെഞ്ഞെടുത്ത പത്ത് ഐ.ടി.ഐ.-കളിൽ കൊയിലാണ്ടി ഐ.ടി.ഐ. മാത്രമാണ് രണ്ടാം ഗ്രേഡ് ഐ.ടി.ഐ. എന്നത് പരിഗണിച്ച്, സ്ഥാപനത്തെ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടിയുണ്ടാകുമോ;

(സി) കൊയിലാണ്ടി ഐ.ടി.ഐ. അപ്ഗ്രേഡ് ചെയ്യുന്നതിനൊപ്പം അംഗീകരിക്കപ്പെടേണ്ട തസ്തികളെയും കോഴ്സുകളെയും വിശദമാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ കൈക്കൊണ്ട തുടർനടപടികൾ വിശദമാക്കുമോ;

(ഡി) പുതിയ കോഴ്സുകൾ ആരംഭിക്കുമെന്ന മന്ത്രിയുടെ പ്രഖ്യാപനം യാഥാർത്ഥ്യമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കിഫ്ബി ധനസഹായത്തോടെ കൊയിലാണ്ടി ഐ.ടി.ഐ. ഉൾപ്പെടെ 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി-ഡി) പ്ലാൻ റൈറ്റ് അപ്പ്-ൽ ഇല്ലാത്ത സാഹചര്യത്തിലാണ് കൊയിലാണ്ടി ഐ.ടി.ഐ.-യുടെ കാര്യത്തിൽ അനുകൂല തീരുമാനം കൈക്കൊള്ളാൻ കഴിയാതിരുന്നത്. എന്നിരിക്കിലും പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത ഡയറക്ടറുമായി ബന്ധപ്പെട്ട് പരിശോധിച്ചുവരുന്നു.

## സംസ്ഥാനത്തെ വിവിധ തൊഴിലാളികൾ

246(944) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണമേഖല, മരപ്പണി, സ്വർണ്ണപ്പണി, ഇരുമ്പുപണി, തുകൽപ്പണി, മൺപാത്ര നിർമ്മാണം, ഈറ്റ/ചണം/തഴപ്പായ നെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെട്ട ആർട്ടിസാൻസ് തൊഴിലാളികൾ എന്നിങ്ങനെ ഓരോ വിഭാഗത്തിലും എത്ര തൊഴിലാളികൾ വീതമുണ്ട് എന്ന തൊഴിൽ വകുപ്പിന്റെ കണക്ക് ലഭ്യമാക്കുമോ;

(ബി) ഇവരുടെ കൃത്യമായ കണക്കെടുക്കുവാനും, അവരവരുടെ തൊഴിൽ മേഖലകൾ വികസിപ്പിക്കാനും സഹായങ്ങൾ നല്കുവാനും മുൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ എന്നും, ഈ സർക്കാർ അതിനായി എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(സി) ഇവരുടെ കൃത്യമായ കണക്കെടുക്കുവാനും അവർക്ക് വേണ്ട സഹായങ്ങൾ നല്കുവാനുമായി സംസ്ഥാനത്തു ലാഭകരമായി പ്രവർത്തിക്കുന്ന കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 18,40,059 തൊഴിലാളികളും മരപ്പണി, ഇരുമ്പുപണി, തുകൽ പണി മൺപാത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം തുടങ്ങി 150-ഓളം തൊഴിൽ മേഖലകൾ ഉൾപ്പെട്ട കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ് വർക്കേഴ്സ് വെൽഫെയർ സ്കീമിൽ അംഗങ്ങളായ 4,23,549 തൊഴിലാളികളും സ്വർണ്ണപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 17,100 തൊഴിലാളികളും ഈറ്റ, തഴപ്പായ നെയ്ത്ത് എന്നീ മേഖലകളിൽ ജോലി ചെയ്യുന്ന കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ 65,655 തൊഴിലാളികളുമുണ്ട്.

(ബി) ക്ഷേമനിധി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമുള്ള സർക്കാർ വിഹിതവും സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡുകൾക്ക് പെൻഷൻ നൽകുന്നതിനുള്ള ധനസഹായവും സർക്കാരിൽനിന്നും നൽകിവരുന്നു. കൂടാതെ 2010-11 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന ധനസഹായം നൽകിവരുന്നു. ബീഡി, ഖാദി, മുള, ചൂരൽ, മത്സ്യബന്ധനവും സംസ്കരണവും കയർ, കൈത്തറി തുടങ്ങിയ മേഖലകളിൽ തൊഴിൽ ചെയ്യുന്ന

തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 244.55 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 9-9-2016 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1151/2016/ തൊഴിൽ പ്രകാരം 32.5 കോടി രൂപയും 28-3-2017-ലെ സ.ഉ. (സാധാ) നമ്പർ 414/2017/തൊഴിൽ പ്രകാരം 32.5 കോടി രൂപയും ചേർത്ത് 65 കോടി രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ടി തൊഴിൽ മേഖലയിൽ ജോലിചെയ്യുന്നവർക്ക് ധനസഹായം നൽകുന്നതിന് 65 കോടി രൂപ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷേമനിധി ബോർഡ് മുഖേന തൊഴിലാളികൾക്ക് വിവിധങ്ങളായ ധനസഹായം നൽകിവരുന്നുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## ആറ്റിങ്ങൽ മണ്ഡലത്തിൽ പുതിയ അസിസ്റ്റന്റ് ലേബർ ഓഫീസ്

247(945) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ കേന്ദ്രമാക്കി അസിസ്റ്റന്റ് ലേബർ ഓഫീസ് ആരംഭിക്കുവാൻ ശിപാർശയുണ്ടോ;

(ബി) എങ്കിൽ ആയതിനായി എത്ര തസ്തികകളാണ് അധികമായി സൃഷ്ടിക്കേണ്ടത്; വ്യക്തമാക്കുമോ ;

(സി) ആറ്റിങ്ങൽ ലേബർ ഓഫീസിന്റെ ചുമതലയിൽ എത്ര ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും ഉൾപ്പെട്ടിട്ടുണ്ട്;

(ഡി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനപരിധിയുടെ ബാഹുല്യം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 3 തസ്തികകൾ.

| | | |
|---|---|---|
| അസിസ്റ്റന്റ് ലേബർ ഓഫീസർ | - | 1 |
| ക്ലാർക്ക് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 1 |

(സി)

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | - | 11 |
| നഗരസഭ | - | 1 |

(ഡി) പരാതികളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

## അസിസ്റ്റന്റ് ലേബർ ആഫീസർ തസ്തികയിലെ നിയമനം

248(946) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് ലേബർ ആഫീസർ തസ്തികയിൽ നിലവിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് എത്ര തസ്തികകളിലേക്കാണ് നേരിട്ടുള്ള നിയമനം എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ വകുപ്പിൽ എത്ര എ.എൽ.ഒ.മാരെയാണ് പി.എസ്.സി. വഴി നിയമിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) ഉദ്യോഗക്കയറ്റംവഴി എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ എ.എൽ.ഒ. തസ്തികയിൽ എത്ര ഒഴിവുകൾ നിലനിൽക്കുന്നു എന്നറിയിക്കുമോ?

ഉത്തരം

(എ) 3:1 എന്ന അനുപാതത്തിലാണ് നിലവിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലേക്ക് ബൈട്രാൻസ്ഫർ വഴിയും നേരിട്ടും ഉള്ള നിയമനം.

(ബി) നിലവിൽ 25 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ്-II മാരെയാണ് പി.എസ്.സി. വഴി നിയമിച്ചിട്ടുള്ളത്.

(സി) നിലവിൽ ബൈട്രാൻസ്ഫർ വഴി 73 നിയമനം നടത്തിയിട്ടുണ്ട്.

(ഡി) 6 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## തൊഴിലാളികളുടെ താൽപ്പര്യസംരക്ഷണത്തിനായി നിയമഭേദഗതികൾ

249(947) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അധികാരമേറ്റതിനുശേഷം നിലവിലുണ്ടായിരുന്ന തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്തതുമൂലം തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഹനിക്കപ്പെട്ടപ്പോൾ സംസ്ഥാനത്തെ തൊഴിലാളികളുടെ താല്പര്യ സംരക്ഷണത്തിനായി സർക്കാർ നടപ്പാക്കിയ നിയമഭേദഗതികൾ എന്തെല്ലാമാണ്; അവ പ്രാബല്യത്തിലായോ;

(ബി) തൊഴിലാളികൾക്കായുള്ള വിവിധ സാമൂഹ്യ സുരക്ഷാ നിയമങ്ങൾ യുക്തിസഹമാക്കാനെന്ന പേരിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2017 എന്ന ബിൽ പ്രതിലോമകരമാണെന്ന തൊഴിലാളി സംഘടനയുടെ ആശങ്കയുടെ അടിസ്ഥാനത്തിൽ കേന്ദ്ര നിർദ്ദേശത്തെ കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;വിശദാംശം അറിയിക്കാമോ ;

(സി) കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധ സാമ്പത്തിക നയങ്ങളുടെ കെടുതിയിൽനിന്ന് സംസ്ഥാനത്തെ തൊഴിലാളികൾക്ക് പരിരക്ഷ നൽകുന്നതിനായി നടപ്പിലാക്കിയ വിവിധ ക്ഷേമ നടപടികൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് 1948-ലെ മിനിമം വേതന നിയമത്തിലും 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമത്തിലും ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ നിയമസഭ അംഗീകരിച്ചിട്ടുണ്ട്. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം, പേയ്മെന്റ് ഓഫ് വേജസ് നിയമം, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവെൽ ഹോളിഡേയ്സ്) നിയമം തുടങ്ങിയ നിയമങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഉണ്ട്. ലേബർ കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി & വെൽഫെയർ എന്ന നിയമനിർദ്ദേശത്തിന്റെ കരടുരൂപം കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇ.പി.എഫ്. നിയമം, എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ് നിയമം, മറ്റേണിറ്റി ബെനഫിറ്റ് നിയമം, പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം, എംപ്ലോയീസ് കോമ്പൻസേഷൻ നിയമം, അൺ ഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം, വിവിധ ക്ഷേമ സെസ്/ ക്ഷേമനിധി നിയമങ്ങൾ എന്നിവയ്ക്ക് പകരമാണ് ഈ ഏകീകൃത നിയമം വിഭാവനം ചെയ്യുന്നത്. തൊഴിലാളികളിൽനിന്നും തൊഴിലുടമകളിൽനിന്നും നിശ്ചിത വിഹിതം ഈടാക്കി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന നിയമങ്ങളും തൊഴിലാളിയിൽ നിന്നും വിഹിതമൊന്നും ഈടാക്കാതെ തൊഴിലുടമ ആനുകൂല്യങ്ങൾ നിർബന്ധമായും നൽകാൻ വ്യവസ്ഥ ചെയ്യുന്ന നിയമങ്ങളും ഒരു നിയമത്തിൻകീഴിൽ കൊണ്ടുവരാനാണ് കേന്ദ്ര സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ തൊഴിലുടമ ഇ.പി.എഫ്/ഇ.എസ്.ഐ. വിഹിതമായി അടയ്ക്കുന്ന 18.11% വിഹിതം 17.5% ആയി കുറയും. ഇതിനു പുറമെ 2% ഗ്രാറ്റുവിറ്റി വിഹിതമായും അടയ്ക്കണം. തൊഴിലാളി വിഹിതമായി 12.5% അടയ്ക്കണം. ഈ ഫണ്ട് ഉപയോഗിച്ചുകൊണ്ടായിരിക്കും നിയമം നടപ്പിലാകുന്നതോടെ ഇ.എസ്.ഐ/ഇ.പി.എഫ്/പ്രസവാനുകൂല്യം ഉൾപ്പെടെ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നത്. തൊഴിലാളി ക്ഷേമനിധി ബോർഡുകളും മറ്റ് സാമൂഹ്യ സുരക്ഷാ

പദ്ധതികളും വ്യാപകമായിട്ടുള്ള നമ്മുടെ സംസ്ഥാനത്ത് പുതിയ നിയമം ഒട്ടേറെ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കും. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ അപ്രസക്തമാകും. ക്ഷേമനിധി ബോർഡുകളിൽ നാമമാത്രമായ തുക മാത്രം അംശാദായമായി അടച്ചുവരുന്നു. തൊഴിലാളികൾ 12.5% തുക അംശാദായമായി അടയ്ക്കേണ്ടിവരും. ഇ.എസ്.ഐ./ പി.എഫ്. കവറേജിന് പുറത്തുള്ള അസംഘടിത മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ഭാരിച്ച തുക തൊഴിലാളി വിഹിതമായി അടയ്ക്കാൻ കഴിയാതെ വന്നാൽ ആനുകൂല്യങ്ങൾ ലഭിക്കാത്ത അവസ്ഥ സംജാതമാകും. ഫണ്ട് മാനേജ്മെന്റിലെ അതാര്യതയും തൊഴിലാളി താൽപര്യങ്ങൾക്ക് വിരുദ്ധമാവുമെന്നാണ് കരുതപ്പെടുന്നത്. ഈ വിഷയങ്ങളിലുള്ള ആശങ്ക ചൂണ്ടിക്കാട്ടി കേന്ദ്ര സർക്കാരിന് വിശദമായ കത്ത് അയച്ചിട്ടുണ്ട്.

(സി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ കർശനമാക്കിയും ക്ഷേമപദ്ധതികൾ വ്യാപകമാക്കിയും കേന്ദ്ര സർക്കാരിന്റെ തൊഴിലാളി വിരുദ്ധ സാമ്പത്തിക നയങ്ങളുടെ കെടുതിയിൽനിന്ന് തൊഴിലാളികളെ സംരക്ഷിക്കാൻ കഴിയുമെന്നാണ് സംസ്ഥാന സർക്കാർ കരുതുന്നത്.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ആധുനികവൽക്കരണം**

250(948) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ആധുനികവത്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഓൺലൈനായി പേർ രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആധുനികവൽക്കരിക്കുന്നതുമായി ബന്ധപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷത്തോളം തൊഴിലന്വേഷകരുടെ വിവരം digitise ചെയ്ത് e-employment exchange എന്ന ഓൺലൈൻ പോർട്ടൽ മുഖേന 3-5-2017 മുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. www.employment.kerala.gov.in എന്ന വെബ് സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്നും തൊഴിലന്വേഷകർക്ക് ലഭ്യമാകുന്ന പ്രത്യക്ഷമായ സേവനങ്ങൾ എല്ലായ്പ്പോഴും എവിടെനിന്നും ലഭ്യമാണ്. കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസുകളാക്കുക എന്ന ലക്ഷ്യത്തോടു കൂടി ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരികയാണ്. 2017-18 പദ്ധതി കാലയളവിന്റെ അവസാനത്തോടെ പ്രസ്തുത പദ്ധതി എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും

നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്വകാര്യ മേഖലയിൽ ലഭ്യമായ തൊഴിലവസരങ്ങൾ യഥാസമയം തൊഴിലന്വേഷകർക്ക് ലഭ്യമാക്കുന്നതിലേക്കായി e-employment exchange എന്ന ഓൺലൈൻ സോഫ്റ്റ്വെയറുമായി ബന്ധപ്പെടുത്തി കൊണ്ട് ഒരു പ്രൈവറ്റ് ജോബ് പോർട്ടൽ കൂടി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. തൊഴിലന്വേഷകർക്ക് വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും നൂതന പ്രവണതകളെക്കുറിച്ചും കാലാനുസൃതമായി ഉണ്ടാകുന്ന മാറ്റങ്ങളെ കുറിച്ചും അറിവും പരിശീലനവും നൽകി ഉന്നത വിദ്യാഭ്യാസവും അനുയോജ്യമായ തൊഴിലും നേടിയെടുക്കുവാൻ സഹായിക്കുന്ന കരിയർ ഡവലപ്മെന്റ് സെന്ററുകളും സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി എംപ്ലോയബിലിറ്റി സെന്ററുകളും പ്രവർത്തിച്ചുവരികയാണ്.

(ബി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ഇ-സേവനങ്ങൾ നൽകുന്നതിനായി e-employment exchange എന്ന ഓൺലൈൻ പോർട്ടൽ ആരംഭിക്കുകയും ആയതിന്റെ സംസ്ഥാനതല ഉൽഘാടനം 3-5-2017-ന് ബഹുമാനപ്പെട്ട കേരള തൊഴിലും എക്സൈസും വകുപ്പുമന്ത്രി നിർവ്വഹിക്കുകയുമുണ്ടായി. www.employment.kerala.gov.in എന്ന വെബ്സൈറ്റ് വഴി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിലവിൽ സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ, പുതുക്കൽ, അഡീഷൻ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, ഉൾപ്പെടെയുള്ള എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സേവനങ്ങളും ഉദ്യോഗാർത്ഥികൾക്ക് എവിടെനിന്നും എപ്പോഴും ലഭ്യമാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ

251(949) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ താൽകാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നേരിട്ട് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ നിയമനം നടത്തിയവർക്കെതിരെ ഔദ്യോഗിക തലത്തിൽ എന്തെങ്കിലും കേസുകൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല. താൽക്കാലിക നിയമനങ്ങൾ എംപ്ലൊയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നേരിട്ട് നടത്തുന്നതായുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഓഫീസുകളിൽ പരിശോധന നടത്തുകയും നേരിട്ട് നിയമനം ലഭിച്ചവരെ പരിച്ചുവിട്ട് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## അഭ്യസ്തവിദ്യരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

252(950) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അഭ്യസ്തവിദ്യരായ തൊഴിൽരഹിതരിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കായി സ്വയംതൊഴിൽ പദ്ധതിയായ കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ ദ് രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) എന്ന പദ്ധതി, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി, ശരണ്യ പദ്ധതി, ഭിന്നശേഷിക്കാർക്കുള്ള കൈവല്യ പദ്ധതി എന്നിവ പ്രാവർത്തികമാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവസരം ഒരുക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസസുമായി സഹകരിച്ച് എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന നൈപുണ്യ വികസന പദ്ധതി നടപ്പാക്കിവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും കഴിവും അഭിരുചിയും മനസ്സിലാക്കി അതിനനുസൃതമായ പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും എംപ്ലോയബിലിറ്റി സെന്ററുകൾ സംഘടിപ്പിക്കുന്ന തൊഴിൽ മേളകളിലൂടെ സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

(സി) ഉണ്ട്. മുൻവർഷങ്ങളെ അപേക്ഷിച്ച് സംസ്ഥാനത്ത് എംപ്ലോയ്മെന്റിൽ രജിസ്റ്റർ ചെയ്ത തൊഴിൽ രഹിതരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 2016 മാർച്ച് വരെ | - | 36,15,076 |
| 4-8-2017 വരെ | - | 38,64,156 |

## തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുള്ള പരിശോധനയും രോഗികൾക്കുള്ള സഹായവും

253(951) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ ശാലകളിൽ ജോലിചെയ്യുന്നവർക്ക് ഉണ്ടാകുന്ന തൊഴിൽജന്യരോഗങ്ങൾ തടയുന്നതിനാവശ്യമായ സാഹചര്യം വ്യവസായശാലകൾ ഒരുക്കിയിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കാറുണ്ടോ;

(ബി) ഇത്തരത്തിൽ തൊഴിൽജന്യ രോഗങ്ങൾ ബാധിക്കുന്നവർക്കും ഇത്തരം രോഗബാധയെത്തുടർന്ന് തൊഴിൽ നഷ്ടപ്പെടുന്നവർക്കും എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിൽജന്യരോഗങ്ങൾ കാരണം ജോലിചെയ്യുവാൻ കഴിയാതെ വരുന്ന തൊഴിലാളികളെ സഹായിക്കുന്നതിന് ആവശ്യമായ സംവിധാനമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തൊഴിൽജന്യ രോഗംമൂലം ജോലി നഷ്ടപ്പെടുന്നവർക്ക് പ്രത്യേകിച്ച് ആനുകൂല്യങ്ങൾ നൽകുന്ന പദ്ധതി നിലവിലില്ല.

(സി) ഫാക്ടറി നിയമം അനുശാസിക്കുന്ന പ്രകാരം തൊഴിൽ സ്ഥലങ്ങളിൽ തൊഴിൽജന്യ രോഗങ്ങൾക്ക് കാരണമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ജോലി ചെയ്യുവാൻ കഴിയാതെ വരുന്ന തൊഴിലാളികളെ മറ്റ് ജോലികളിൽ പുനർവിന്യ സിക്കുന്നതിനും വേണ്ട നിർദ്ദേശം നൽകിവരുന്നുണ്ട്.

## കശുവണ്ടിത്തൊഴിലാളികൾക്ക് ബോണസ്

254(952) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ കശുവണ്ടി ഫാക്ടറികളിൽ 2017 ജനുവരി 1 മുതൽ ജൂലൈ 15 വരെ എത്ര ദിവസത്തെ തൊഴിൽ നൽകുന്നതിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും കൂടി എത്ര ടൺ കശുവണ്ടി സ്റ്റോക്കുണ്ടെന്നും എത്ര ദിവസത്തെ തൊഴിൽ നൽകുന്നതിന് കഴിയുമെന്നും വിശദീകരിക്കുമോ;

(സി) കശുവണ്ടിത്തൊഴിലാളികൾക്ക് ഓണക്കാലത്ത് എത്ര ശതമാനം ബോണസ് നൽകുന്നതിന് കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 70 ദിവസവും കാപെക്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 78 ദിവസവും ജോലി നൽകിയിട്ടുണ്ട്.

(ബി) കശുവണ്ടി വികസന കോർപ്പറേഷനിൽ 1666 മെട്രിക് ടൺ തോട്ടണ്ടിയും കാപെക്സിൽ 1000 മെട്രിക് ടൺ തോട്ടണ്ടിയും സ്റ്റോക്കുണ്ട്. പ്രസ്തുത തോട്ടണ്ടി ഉപയോഗിച്ച് കശുവണ്ടി വികസന കോർപ്പറേഷനിൽ 21 ദിവസവും കാപ്പെക്സിൽ 25 ദിവസവും തൊഴിൽ നൽകാൻ കഴിയും.

(സി) കശുവണ്ടി മേഖലയിൽ ബോണസ് സംബന്ധമായ തീരുമാനങ്ങൾ എടുക്കുന്നത് IRC ആണ്. ബോണസ് സംബന്ധമായ തീരുമാനമായിട്ടില്ല.

## ഐ.ടി.ഐ.-കൾക്ക് സ്ഥലം

255(953) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലം നൽകാമെന്ന വ്യവസ്ഥയിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച ഏതെല്ലാം ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്;

(ബി) ഐ.ടി.ഐ.-കൾക്ക് സ്ഥലം നൽകാമെന്ന നിബന്ധന പാലിക്കാത്തവർക്ക് സ്ഥലം നൽകാൻ സമയം നൽകിയിരുന്നുവോ;

(സി) സ്ഥലം ലഭിക്കാത്ത ഐ.ടി.ഐ.-കൾ സ്ഥലം ലഭിക്കുന്ന ഇടങ്ങളിലേക്ക് മാറ്റാൻ സർക്കാർ തയ്യാറാവുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 14 ഐ.ടി.ഐ.-കളിൽ പള്ളിപ്പാട് (ആലപ്പുഴ), കൂത്തുപറമ്പ് (കണ്ണൂർ), കൊഴിഞ്ഞാംപാറ (പാലക്കാട്) എന്നീ മൂന്ന് ഐ.ടി.ഐ.-കൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട തദ്ദേസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് സർക്കാർ ഐ.ടി.ഐ.-കൾ അനുവദിക്കുന്നത്. സ്ഥലം ലഭ്യമാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

## ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാക്കുന്ന പദ്ധതി

256(954) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരമുള്ള ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളാക്കി മാറ്റുന്നതിനായി എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചാലക്കുടി ഗവ. ഐ.ടി.ഐ.-യുടെ വികസനത്തിനും, വിദ്യാഭ്യാസ, ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുമായി എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവൺമെന്റ് ഐ.ടി.ഐ. കോഴിക്കോട് എന്നീ ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര ഐ.ടി.ഐ.-കളാക്കുന്നതിന് ജി.ഒ.(ആർ.ടി.) നമ്പർ 118/17/തൊഴിൽ നമ്പരായുള്ള 28-1-2017-ലെ ഉത്തരവ് പ്രകാരം ചാക്ക ഐ.ടി.ഐ.-യിൽ നിർമ്മാണ പ്രവർത്തങ്ങൾ നടത്തുന്നതിന് 5,23,58,914 രൂപയും കോഴിക്കോട് ഐ.ടി.ഐ.-യിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 2,76,25,000 രൂപയും ഉൾപ്പെടെ ആകെ 7,99,83,914 രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ വികസനത്തിനും വിദ്യാഭ്യാസ ട്രെയിനിംഗ് നിലവാരം ഉയർത്തുന്നതിനുള്ള താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | പദ്ധതി | അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| (1) | (2) | (3) | (4) |
| 2013-14 | അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ രണ്ടാം നില നിർമ്മാണം | 1,15,00,000 | നിർമ്മാണം പൂർത്തിയായി |
| | ട്രാൻസ്ഫോർമർ ക്യാബിന്റെ നിർമ്മാണം | 7,60,000 | നിർമ്മാണം പൂർത്തിയായി |

| (1) | (2) | (3) | (4) |
|---|---|---|---|
| 2014-15 | ചുറ്റുമതിൽ, ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിന് | 14,90,000 | നിർമ്മാണം പൂർത്തിയായി |
| | എച്ച്.ടി. കണക്ഷൻ എടുക്കുന്നതിന് | 32,00,000 | ഇതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2015-16 | വിവിധ വർക്ക് ഷോപ്പ് ട്രേഡുകളുടെ ഇലക്ട്രിഫിക്കേഷൻ, പഴയ ബ്ലോക്കുകളുടെ റീവയറിംഗ്, സ്ട്രീറ്റ് ലൈറ്റിന്റെ സ്ഥാപനം | 98,00,000 | പദ്ധതി പുരോഗമിക്കുന്നു |
| | എം.എം.വി. ട്രേഡിന്റെ ഗ്യാരേജ് കൺസ്ട്രക്ഷൻ | 30,00,000 | പദ്ധതി പുരോഗമിക്കുന്നു |
| | എം.ആർ.ടി.വി. ലാബ് നവീകരണം | 6,00,000 | പദ്ധതി പുരോഗമിക്കുന്നു |
| 2016-17 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾ | 24,22,000 | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

**മാടായി ഐ.ടി.ഐ.**

257(955) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഐ.ടി.ഐ.-യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) പുതുതായി അനുവദിച്ച കോഴ്സുകളിൽ ഈ വർഷം തന്നെ ക്ലാസ്സ് തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇലക്ട്രീഷ്യൻ, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് മാടായി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ നിലവിലുള്ളത്.

(ബി) ഉണ്ട്. 16-5-2017-ലെ സ.ഉ.(കൈ) 34/2017/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം മാടായി ഐ.ടി.ഐ.-യിൽ ഇലക്ട്രീഷ്യൻ ട്രേഡിന്റെ രണ്ട് യൂണിറ്റ് പുതുതായി അനുവദിച്ചിരുന്നു. ടി ഇലക്ട്രീഷ്യൻ ട്രേഡിന്റെ ഒരു യൂണിറ്റിൽ ഈ വർഷം (2017 ആഗസ്റ്റ് സെഷൻ) ട്രെയിനികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

**തൊഴിൽ പരിശീലന പദ്ധതികൾ**

258(956) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം നൽകുവാൻ സർക്കാർഎന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര തുകയാണ് കേരള സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളത് ;

(സി) നേമം നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഉണ്ട് ; എന്തൊക്കെ പരിശീലന പരിപാടികളാണ് അവിടെ നൽകുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഐ.ടി. ഇതര മേഖലകളിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള പരിശീലനം നൽകുന്നതിനായി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യാ E(DI), അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് (CEED) എന്ന പേരിൽ ഒരു മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തനസജ്ജമായി. നവസംരംഭങ്ങൾക്ക് ആവശ്യമായ നടപടിക്രമങ്ങളെക്കുറിച്ചും പ്രവർത്തനരീതിയെക്കുറിച്ചും പരിശീലനം ലഭ്യമാക്കുകയും യുവസംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് CEED ലക്ഷ്യമിടുന്നത്. ഇതുകൂടാതെ തൊഴിൽ രഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് കുടുംബശ്രീ മുഖേന താഴെപ്പറയുന്ന പദ്ധതികളും നടത്തിപ്പോരുന്നു.

1. ദേശീയ നഗര ഉപജീവന മിഷൻ-(എൻ.യു.എൽ.എം.)-കേന്ദ്രാവിഷ്കൃത പദ്ധതി

2. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന-(ഡി.ഡി.യു.ജി.കെ.വൈ.)

3. സൂക്ഷ്മ സംരംഭം-സംസ്ഥാന പദ്ധതി.

(ബി) CEED-ന്റെ നടത്തിപ്പിനായി കേന്ദ്രസർക്കാരിൽനിന്നും സഹായം ലഭ്യമായിട്ടില്ല. എന്നാൽ ദേശീയ നഗര ഉപജീവന മിഷൻ പദ്ധതികൾ നടപ്പിലാക്കുവാൻ 2017-18 സാമ്പത്തിക വർഷം ആകെ 1438.65 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന പദ്ധതികൾ നടപ്പിലാക്കുന്നതിന് 2014-15 മുതൽ 2017-18 വരെ ആകെ 6304.24 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ നേമം നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ നൈപുണ്യവികസന പരിശീലന കേന്ദ്രങ്ങളൊന്നും തന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ കുടുംബശ്രീയുടെ കീഴിലുള്ള ഡി.ഡി.യു.ജി.കെ.വൈ. കേന്ദ്രാവിഷ്കൃത പദ്ധതിയുടെ അപ്പോളോ മെഡ്സ്കിൽ എന്ന പരിശീലന കേന്ദ്രം കരമനയിൽ പ്രവർത്തിക്കുന്നു. പ്രസ്തുത സ്ഥാപനത്തിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്, ഫാർമസി അസിസ്റ്റന്റ് എന്നീ കോഴ്സുകൾ പരിശീലിപ്പിക്കുന്നുണ്ട്.

### മണലൂർ മണ്ഡലത്തിലെ ഐ.ടി.ഐ.

259(957) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ ഗവൺമെന്റ് ഐ.ടി.ഐ.യിൽ പുതുതായി നിർമ്മിക്കുന്ന ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ടി.ഐ.-യ്ക്ക് കൂടുതൽ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മണലൂർ ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ, ഫസ്റ്റ് ഫ്ലോർ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) മണലൂർ ഗവൺമെന്റ് ഐ.ടി.ഐ.-യിൽ കൂടുതൽ ട്രേഡുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ശിപാർശകളൊന്നും ലഭിച്ചിട്ടില്ല.

## താനൂർ കേന്ദ്രമാക്കി കരിയർ ഡെവലപ്മെന്റ് സെന്റർ

260(958) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ കേന്ദ്രമാക്കി തൊഴിൽ വകുപ്പിന്റെ കീഴിൽ കരിയർ ഡെവലപ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് സ്ഥലസൗകര്യം ലഭ്യമാണെന്ന വിവരം സൂചിപ്പിച്ച് നൽകിയ അപേക്ഷയിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പ്രദേശത്ത് മേൽ സൂചിപ്പിച്ച സ്ഥാപനം ആരംഭിക്കുന്നതിന് തുടർ നടപടികൾ വേഗത്തിലാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുമോ;

(സി) ഈ സ്ഥാപനം എന്നേക്ക് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ-സി) പരിശോധിച്ചുവരുന്നു.

## തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കെട്ടിടം

261(959) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗപരിമിതി ഉള്ളവരും മറ്റും എത്തിപ്പെടാൻ പ്രയാസം അനുഭവിക്കുന്നതും നിലവിൽ ഒരു സ്വകാര്യ കെട്ടിടത്തിന്റെ മൂന്നാം നിലയിൽ സ്ഥിതി ചെയ്യുന്നതുമായ തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസ് സർക്കാർ അധീനതയിലുള്ള ഒരു കെട്ടിടത്തിലേക്ക് മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

തലശ്ശേരി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രവർത്തിക്കാൻ 2018 മാർച്ച് 31 വരെ സർക്കാർ കെട്ടിടം ലഭ്യമല്ലെന്ന് തലശ്ശേരി പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം അറിയിച്ചിട്ടുണ്ട്. സർക്കാർ അധീനതയിലുള്ള കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ഓഫീസ് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി ഐ.ടി.ഐ.-യുടെ വികസനം

262(960) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സർക്കാർ ഐ.ടി.ഐ.യുടെ വികസനം ലക്ഷ്യമാക്കി അതിനോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി വേണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ട്രെയിനിംഗ് ഡയറക്ടറേറ്റിൽനിന്ന് കൊയിലാണ്ടി ഐ.ടി.ഐ.യിലേക്ക് അയച്ച കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കൊയിലാണ്ടി ഐ.ടി.ഐ.-യുടെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന കാര്യത്തിൽ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ കൊയിലാണ്ടി ഐ.ടി.ഐ. പ്രിൻസിപ്പാളിന് ട്രെയിനിംഗ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

## മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഐ.ടി.ഐ.

263(961) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂരിൽ ആരംഭിക്കുവാൻ തീരുമാനിച്ച ഐ.ടി.ഐ. നടപ്പുവർഷം തന്നെ ആരംഭിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുവാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പടിയൂർ ഐ.ടി.ഐ. നടത്തിപ്പിനാവശ്യമായ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പടിയൂരിൽ പുതിയ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായുള്ള ശിപാർശ സർക്കാർ സജീവമായി പരിശോധിച്ചുവരുന്നു.

## തൊഴിലില്ലായ്മ വേതനം

264(T*962) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെഎണ്ണം എത്രയാണ് ; ഓരോവർഷവും എത്ര രൂപയാണ് ഈ ഇനത്തിൽ ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രതിമാസം എത്ര രൂപയാണ് ഓരോ വ്യക്തിക്കും തൊഴിലില്ലായ്മ വേതനമായി ഇപ്പോൾ നൽകുന്നത് എന്നറിയിക്കാമോ ; ഈ തുക കാലാനുസൃതമായി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) തൊഴിലില്ലായ്മ വേതനം വാങ്ങുന്നവർക്ക് അധിക വേതനം നൽകി സർക്കാരിന്റെ മറ്റ് പൊതുവായ വികസനകാര്യങ്ങളിൽ ഇവരെ പങ്കാളികളാക്കുന്ന കാര്യം പരിശോധിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) നിലവിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം 1,93,071 ആണ്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ തൊഴിൽ രഹിത വേതന വിതരണത്തിന് ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2014-15 | 35,04,36,215 |
| 2015-16 | 30,97,95,930 |
| 2016-17 | 28,95,35,430 |

(ബി) നിലവിൽ ഒരു വ്യക്തിക്ക് തൊഴിൽ രഹിത വേതനമായി പ്രതിമാസം 120 രൂപ (നൂറ്റിയിരുപത് രൂപ മാത്രം) ആണ് അനുവദിക്കുന്നത്. തൊഴിൽ രഹിത വേതന തുക വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയതിന്റെ കണക്കുകൾ

265(963) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ എത്രയെന്നും നിലവിലെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവർ എത്രയെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് അക്കാലയളവിൽ സ്ഥിര നിയമനം നൽകി എന്നും ഈ സർക്കാർ കാലയളവിൽ ഇവയുടെ കണക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(സി) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കഴിഞ്ഞ സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്രയെന്നും എത്ര പേർക്ക് അക്കാലയളവിൽ നിയമനം നൽകി എന്നും ആയത് ഈ സർക്കാർ കാലയളവിലെ കണക്കുകൾ എത്രയെന്നും മേഖലകൾ തിരിച്ച് വ്യക്തമാക്കുമോ;

(ഡി) എംപ്ലോയ്മെന്റ്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് സ്വയംതൊഴിൽ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികൾ വഴി മുൻ സർക്കാർ കാലയളവിൽ എത്രപേർക്ക് സ്വയംതൊഴിൽ സഹായങ്ങൾ നൽകി എന്നും ആയത് ഈ സർക്കാർ കാലയളവിൽ എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം-3615076 (2016 മാർച്ച് വരെ), നിലവിലെ കണക്ക്-3864156 (4-8-2017 വരെ), (2016 ഏപ്രിൽ മാസം മുതൽ On line Registration ആരംഭിച്ചതിനാലും പുതിയ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തതിനാലും പഴയ രജിസ്ട്രേഷനുകൾ Computer Data Base-ലേയ്ക്ക് ചേർത്തതിനാൽ നിലവിൽ 2016 ഏപ്രിലിനുശേഷം നാളിതുവരെ 249080 ഉദ്യോഗാർത്ഥികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്.)

(ബി) കഴിഞ്ഞ സർക്കാർ കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം-45436, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഒരു വർഷക്കാലയളവിൽ വിവിധ വകുപ്പുകളിൽ തൊഴിൽ ലഭിച്ചവരുടെ എണ്ണം-10872, വിവിധ വിഭാഗത്തിൽപ്പെട്ട സ്ഥിര നിയമനം ലഭിച്ചവരുടെ എണ്ണം

| വിഭാഗം | കഴിഞ്ഞ സർക്കാർ കാലയളവിൽ | ഈ സർക്കാരിന്റെ ഒരു വർഷ കാലയളവിൽ |
|---|---|---|
| ഓപ്പൺ | 2913 | 932 |
| എസ്.സി. | 1506 | 385 |
| എസ്.ടി. | 193 | 56 |
| ഒ.ബി.സി. | 3944 | 1204 |
| ആകെ | 8556 | 2577 |

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ രജിസ്റ്റർ ചെയ്തവരുടെ ആകെ എണ്ണം-1,15,210, കഴിഞ്ഞ സർക്കാർ കാലയളവിൽ ജോലി ലഭിച്ചവർ-1881, ഈ സർക്കാരിന്റെ ഒരു വർഷ കാലയളവിൽ പുതുതായി പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം-40,107, ഈ സർക്കാർ കാലയളവിൽ ജോലി ലഭിച്ചവർ-666

| മേഖലകൾ | കഴിഞ്ഞ സർക്കാർ | ഈ സർക്കാർ |
|---|---|---|
| CGQ | 22 | 25 |
| SG | 510 | 329 |
| SG(Q) | 1243 | 301 |
| LB | 10 | 8 |
| PVT | 96 | 3 |
| Total | 1881 | 666 |

പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും രജിസ്റ്റർ ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | കഴിഞ്ഞ സർക്കാർ | ഈ സർക്കാർ |
|---|---|---|
| തിരുവനന്തപുരം | 41468 | 12567 |
| എറണാകുളം | 31529 | 11395 |
| കോഴിക്കോട് | 42213 | 16145 |
| ആകെ | 115210 | 40107 |

(ഡി) (a) കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ് (KESRU)

(b) മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ് പദ്ധതി

(c) ശരണ്യ

(d) കൈവല്യ

കെസ്റു പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ) ആകെ 3201 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചുനൽകി. ഈ സർക്കാരിന്റെ കാലത്ത് (2016-17, 2017-18 സാമ്പത്തിക വർഷം 2017 ജൂലൈ 30 വരെ) 967 പേർക്ക് സ്വയം തൊഴിൽ വായ്പ നൽകി.

മൾട്ടി പർപ്പസ്/ജോബ് ക്ലബ് പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ) ആകെ 371 പേർക്ക് സ്വയംതൊഴിൽ വായ്പ അനുവദിച്ചു. ഈ സർക്കാരിന്റെ കാലത്ത് (2016-17, 2017-18 സാമ്പത്തിക വർഷം 2017 ജൂലൈ 30 വരെ) 188 പേർക്ക് സ്വയം തൊഴിൽ വായ്പ നൽകി.

ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ) ആകെ 12659 വനിതകൾക്ക് സ്വയം തൊഴിൽ വായ്പ നൽകി. ഈ സർക്കാരിന്റെ കാലത്ത് (2016-17, 2017-18 സാമ്പത്തിക വർഷം 2017 ജൂലൈ 30 വരെ) 4811 പേർക്ക് സ്വയം തൊഴിൽ വായ്പ നൽകി.

ഈ സർക്കാരിന്റെ കാലത്ത് കൈവല്യ പദ്ധതി പ്രകാരം ഇതുവരെ 477 ഭിന്നശേഷിക്കാരായ ആൾക്കാർക്ക് സ്വയംതൊഴിൽ വായ്പ നൽകി.

**ആവാസ് പദ്ധതി**

266(964) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികൾക്കായി 'ആവാസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഇതര സംസ്ഥാന തൊഴിലാളികളെ ഇൻഷ്വർ ചെയ്തുവെന്നും എത്രപേർക്ക് ആനുകൂല്യം നൽകിയെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. പദ്ധതിയിൽ അംഗമാകുന്ന തൊഴിലാളികൾക്ക് ഓരോരുത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽനിന്നും ലഭ്യമാക്കുന്നതാണ്. ആരോഗ്യ ഇൻഷ്വറൻസിനോടൊപ്പം അംഗങ്ങൾക്ക് 2 ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പരിരക്ഷ കൂടി ഉറപ്പ് വരുത്തുന്നുണ്ട്. വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ

കാർഡാണ് നൽകുന്നത്. ചിപ്പ് അധിഷ്ഠിതമായ തിരിച്ചറിയൽ കാർഡിൽ സവിശേഷ തിരിച്ചറിയൽ നമ്പർ, ക്യൂആർ കോഡ് എന്നിവ ഉണ്ടായിരിക്കും. ആവാസ് പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വ്യക്തിഗത വിവരശേഖരണം നടത്തി ഒരു ഡേറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യാനും കഴിയും. ആവാസ് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ ഡിസൈൻ, തിരിച്ചറിയൽ കാർഡ് നിർമ്മാണം, പ്രിന്റിംഗ്, വിതരണം, എ.എം.സി. എന്നിവയ്ക്കായി സിസ്റ്റം ഇന്റഗ്രേറ്ററായി ഇ-ടെണ്ടറിംഗ് മുഖേന 'സ്മാർട്ട് ഐ.ടി. സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്, കൊൽക്കത്ത' എന്ന ഏജൻസിയെ നിയോഗിച്ചിട്ടുണ്ട്. ആവാസ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർ നിർദ്ദേശം നൽകുന്നതിനും പദ്ധതിയുടെ പുരോഗതി മോണിറ്ററിംഗ് ചെയ്യുന്നതിനുമായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കൽ, പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരണം തുടങ്ങിയവ സർക്കാർ പരിഗണനയിലാണ്. 'ആവാസ്' പദ്ധതി പ്രകാരം ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കാർഡ് നൽകുന്ന മുറയ്ക്ക് മാത്രമേ ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുകയുള്ളൂ. എൻറോൾമെന്റ് ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ലഹരി വർജ്ജന മിഷൻ**

267(965) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി വർജ്ജന മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത മിഷൻവഴി നടപ്പാക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) രൂപീകരിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കു മരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ വിമുക്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സമൂഹത്തിന്റെ സമസ്തമേഖലകളിലും വ്യാപരിക്കുന്ന വിപത്തിനായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ടുവരുന്നതിനും നിയമവിരുദ്ധമായി ലഹരി വസ്തുക്കൾ കൈകാര്യം ചെയ്യുന്നത് കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് വിമുക്തി മിഷൻ ലക്ഷ്യമാക്കുന്നത്. നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി ലഹരിയുടെ നീരാളിപിടുത്തത്തിൽ നിന്നും മോചിപ്പിക്കുക എന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പ്രധാനലക്ഷ്യം. മദ്യ-മയക്കുമരുന്ന്-പുകയില ഉൽപ്പന്നങ്ങളുടെ ഉപഭോഗത്തിനെതിരെയുള്ള അതിശക്തമായ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി അവ ഇല്ലായ്മ ചെയ്യുന്നതിനുമായി ബഹുജന പങ്കാളിത്തത്തോടു കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ഡി-അഡീക്ഷൻ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ് വിമുക്തി പദ്ധതി. അതിനോടനുബന്ധിച്ച് സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി 'ലഹരി മുക്ത കേരളം' സൃഷ്ടിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ ജില്ലകളിൽ വിമുക്തി പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ മന്ത്രിമാരെ വീതം പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ലഹരിക്കെതിരെ യുവത്വം എന്ന സന്ദേശമുയർത്തി സംസ്ഥാനത്തെ മുഴുവൻ സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ വിവിധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെ ലഹരിക്ക് എതിരെയുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി കയ്യെഴുത്ത് മാസിക തയ്യാറാക്കൽ, സ്കൂൾ നോട്ടീസ് ബോർഡുകളിൽ ലഹരി വിരുദ്ധ സന്ദേശ മടങ്ങിയ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, ലഹരി വിരുദ്ധ ക്ലബ്ബ് അംഗങ്ങൾക്കായുള്ള ക്വിസ്സ് മത്സരം, ഉപന്യാസം, ഗ്രൂപ്പ് ആക്ടിവിറ്റി മത്സരങ്ങൾ, ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശില്പശാല വിമുക്തി തീം സോംഗ് തയ്യാറാക്കി ചിത്രീകരണം നടത്തൽ, SEARC-ൽ അഡ്വാൻസ്ഡ് ട്രെയിനിംഗ് സെന്റർ & ഡിജിറ്റൽ തിയേറ്റർ, വിഷ്വൽ മീഡിയാ പരസ്യങ്ങൾ, എഫ്.എം. റേഡിയോ വഴിയുള്ള ലഹരി വിരുദ്ധ പരസ്യ പ്രക്ഷേപണം, പാതയോരങ്ങളിൽ വിമുക്തി ഹോർഡിംഗ്സ് സ്ഥാപിക്കൽ, ആദിവാസി-തീരദേശ മേഖലകളിൽ പ്രത്യേക ബോധവത്കരണം പ്രവർത്തനം, സ്പോർട്സ് ആക്ടിവിറ്റികൾ, ഔട്ട് റീച്ച് ആക്ടിവിറ്റികൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, ലൈബ്രറി കൗൺസിൽ എന്നിവ മുഖേനയുള്ള ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കെ.എസ്.എഫ്.ഡി.സി.-യുടെ സഹകരണത്തോടെ ഷോർട്ട് ഫിലിം നിർമ്മാണം, ലഹരി വിരുദ്ധ സന്ദേശമുൾക്കൊള്ളുന്ന

പോസ്റ്ററുകൾ, ആൽബങ്ങൾ, പരസ്യങ്ങൾ, വീഡിയോകൾ, ആനിമേഷൻ എന്നിവ തയ്യാറാക്കി പ്രചരിപ്പിക്കൽ, ഡിജിറ്റൽ മീഡിയാ കാംപയിൻ, മോഡൽ കൗൺസിലിംഗ് സെന്റർ സ്ഥാപിക്കൽ, എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ഡി-അഡീക്ഷൻ സെന്റർ രൂപീകരണം, അട്ടപ്പാടി ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡീക്ഷൻ സെന്റർ ആരംഭിക്കുന്നതിന്റെ ആദ്യഘട്ട പ്രവർത്തനം, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ലഹരി വിരുദ്ധ പ്രവർത്തനം എന്നീ പദ്ധതികളാണ് 2017-18 വർഷത്തിൽ വിമുക്തി മിഷൻവഴി നടപ്പിലാക്കുന്നത്.

**ലഹരി വസ്തുക്കളുടെ ഉപയോഗം**

268(966) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ഉപയോഗം മലയാളികൾക്കിടയിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വിപണനം തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗത്തിന് എതിരെ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഹരി വസ്തുക്കളുടെ ഉപയോഗം, കടത്ത്, വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയാണ് ഉണ്ടായതെങ്കിൽ 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസ്സുകളും 2017 ജൂൺ മാസം വരെ 2524 എൻ.ഡി.പി.എസ്. കേസ്സുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കണക്കുകൾ മലയാളികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ച് വരുന്നതിന്റെ സൂചനയായി വിലയിരുത്തുന്നു.

(ബി) അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ് സേനകളുമായി ചേർന്നുള്ള സംയുക്ത പരിശോധന അതിർത്തി പ്രദേശങ്ങളിൽ നടത്തുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്,

റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ലഹരി വസ്തുക്കളുടെ കടത്ത്, വ്യാപനം, വിപണനം തടയുന്നതിനുള്ള പരിശോധനകൾ എക്സൈസ് വകുപ്പ് നടത്തിവരുന്നുണ്ട്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നതും ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെയുള്ള കള്ളക്കടത്ത് തടയുന്നതിന് റോഡുകളിലും ദേശീയ പാതകളിലും എക്സൈസ് വകുപ്പിന്റെ ദേശീയ പാതകളിലും എക്സൈസ് വകുപ്പിന്റെ പരിശോധന ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നുണ്ട്. വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരങ്ങളും പരാതികളും പൊതു ജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ഇടയിലെ ലഹരി ഉപയോഗം തടയുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നതും നാളിതുവരെ 1385 ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതുമാണ്.

(സി) ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ അടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ കൂടി സഹകരണത്തോടെ ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാത്താക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന ബോധവത്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു.

## പുതിയ മദ്യനയം

269(967) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മദ്യലഭ്യത വർദ്ധിക്കുന്നതുമൂലം സമൂഹത്തിൽ ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് മതമേലദ്ധ്യക്ഷന്മാരും സാംസ്കാരിക പ്രവർത്തകരും അവരുടെ ആശങ്ക സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 13-6-2017-ലെ G.O.(MS) No. 43/2017/TD ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയ അബ്കാരി നയം പ്രഖ്യാപിക്കുകയുണ്ടായി. കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശിപാർശകൾ കണക്കിലെടുത്ത് ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്കുമരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ടാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്.

(ബി) സംസ്ഥാനത്തിലെ ഇത്തരത്തിലുള്ള എല്ലാ വിഭാഗങ്ങളുടെയും ആശങ്കകൾ അകറ്റുന്നതിനുതകുന്ന വിധം മദ്യവർജ്ജനത്തിലൂന്നി വ്യാജമദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം പരമാവധി കുറയ്ക്കുന്നതിനുതകുന്ന പദ്ധതികൾ ഉൾക്കൊള്ളിച്ചാണ് പുതിയ മദ്യനയം പ്രഖ്യാപിച്ചിട്ടുള്ളത്.

(സി) സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശിപാർശകൾ കണക്കിലെടുത്ത് ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്കുമരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ട് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. ആയതിന് പൊതുസമൂഹത്തിൽനിന്ന് വളരെ മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

## പുതിയ മദ്യനയം

270(968) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പാക്കിയതിനെത്തുടർന്ന് എത്ര വിദേശമദ്യശാലകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ മദ്യനയം നടപ്പിലാക്കിയതിനെത്തുടർന്ന് ബാർ ലൈസൻസ് ലഭിച്ച വിദേശമദ്യശാലകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) മുൻപ് ബാർ ലൈസൻസ് ഇല്ലാതിരുന്ന എത്ര സ്ഥാപനങ്ങൾക്ക് പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നടപ്പാക്കിയതിനെത്തുടർന്ന് 94 വിദേശമദ്യശാലകൾക്ക് ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

(ബി) പുതിയ മദ്യനയം നടപ്പാക്കിയതിനെത്തുടർന്ന് ബാർ ലൈസൻസ് ലഭിച്ച വിദേശ മദ്യശാലകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 14 |
| കൊല്ലം | - | 4 |
| പത്തനംതിട്ട | - | ഇല്ല |
| ആലപ്പുഴ | - | 3 |
| കോട്ടയം | - | 9 |
| എറണാകുളം | - | 23 |
| ഇടുക്കി | - | 1 |
| തൃശ്ശൂർ | - | 9 |
| പാലക്കാട് | - | 6 |
| കോഴിക്കോട് | - | 8 |
| മലപ്പുറം | - | 4 |
| വയനാട് | - | 2 |
| കണ്ണൂർ | - | 11 |
| കാസർഗോഡ് | - | ഇല്ല |

(സി) മുൻപ് ബാർ ലൈസൻസ് ഇല്ലാതിരുന്ന 5 സ്ഥാപനങ്ങൾക്ക് പുതുതായി ബാർ ലൈസൻസ് നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. എമെറാൾസ് റീജൻസി, വാകത്താനം, കോട്ടയം
2. കാസിൽ റെസിഡൻസി, ഉഴവൂർ, കോട്ടയം
3. വി.കെ.ജെ. ഇന്റർനാഷണൽ, കുട്ടമ്പുഴ, കോതമംഗലം, എറണാകുളം
4. പറവൂർ ഗാലക്സി ഹോട്ടൽസ് (പ്രൈവറ്റ്) ലിമിറ്റഡ്, നോർത്ത് പറവൂർ, എറണാകുളം
5. ജെ.കെ. റെസിഡൻസി, കേളകം, കണ്ണൂർ.

## പുതിയ മദ്യനയം

271(969) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ പുതിയ മദ്യനയംമൂലം 2017 ജൂലൈ 31 വരെ അധികമായി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെന്ന് വ്യക്തമാക്കാമോ; ഈ കാലയളവിൽ സർക്കാരിന്റെ റവന്യു വരുമാനത്തിൽ ഉണ്ടായ വർധനവ് എത്രയെന്ന് വിശദമാക്കാമോ?

### ഉത്തരം

പുതിയ മദ്യനയംമൂലം ബാറുകൾ തുറന്നത് വഴി 457 തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ സമാന കാലയളവിലെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷം ജൂലൈ മാസം വരെയുള്ള ആകെ വരുമാനത്തിൽ 3.2 ശതമാനം കുറവുണ്ടായിട്ടുള്ളതാണ്. ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ മദ്യവിൽപ്പന ശാലകൾ പ്രവർത്തിക്കുന്നതിനെതിരായ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2016-17 സാമ്പത്തിക വർഷം പ്രവർത്തിച്ചിരുന്ന 110 ഓളം എഫ്.എൽ.1 റീടൈൽ ഔട്ട്ലെറ്റുകളും 7 എഫ്.എൽ.3 ബാർ ഹോട്ടലുകളും 18 എഫ്.എൽ.4 എ. ക്ലബ്ബുകളും 480 ഓളം എഫ്.എൽ-11 ബിയർ&വൈൻ പാർലറുകളും 2017 ഏപ്രിൽ ഒന്നുമുതൽ തുറന്ന് പ്രവർത്തിക്കുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതാണ്. ആയതുമൂലം മദ്യത്തിന്റെ വിൽപ്പനയിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളതിനാലും മേൽപ്രകാരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് അടക്കമുള്ള ഇനങ്ങളിൽ വരുമാന നഷ്ടം ഉണ്ടായിട്ടുള്ളതിനാലുമാണ് എക്സൈസ് വകുപ്പ് വഴിയുള്ള വരുമാനത്തിൽ ഇടിവ് സംഭവിച്ചിട്ടുള്ളത്. എന്നിരുന്നാലും പുതിയ മദ്യനയത്തിന്റെ അടിസ്ഥാനത്തിൽ 100 ഓളം എഫ്.എൽ.11 ഷോപ്പുകൾ എഫ്.എൽ.3 ഷോപ്പുകളുമായി പരിവർത്തനം ചെയ്തതുമൂലം മേൽപ്രകാരമുള്ള വരുമാന നഷ്ടം ഒരു പരിധിവരെ കുറയ്ക്കുന്നതിന് സാധിച്ചിട്ടുള്ളതാണ്.

## വനിതാ സിവിൽ എക്സൈസ് ഓഫീസർ നിയമനം

272(970) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ നിലവിൽ വന്ന വനിതാ സിവിൽ എക്സൈസ് ഓഫീസർ പി.എസ്..സി റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടുണ്ടെന്ന കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ലകളിലും റേഞ്ച് അടിസ്ഥാനത്തിൽ നിയമനം നൽകുമ്പോൾ പാലക്കാട് ജില്ലയിൽ റേഞ്ച് അടിസ്ഥാനത്തിലല്ല നിയമനം നൽകിയിട്ടുള്ളത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മദ്യനിരോധന മേഖലയായ അട്ടപ്പാടിയിലെ ജനമൈത്രി എക്സൈസിൽ പ്രസ്തുത ലിസ്റ്റിൽനിന്നും കൂടുതൽ നിയമനം നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-ൽ നിലവിൽ വന്ന വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും 156 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. നിയമനം നൽകിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 16 |
| കൊല്ലം | - | 17 |
| പത്തംതിട്ട | - | 16 |
| ആലപ്പുഴ | - | 2 |
| കോട്ടയം | - | 16 |
| എറണാകുളം | - | 16 |
| ഇടുക്കി | - | 8 |
| തൃശ്ശൂർ | - | 11 |
| പാലക്കാട് | - | 9 |
| കോഴിക്കോട് | - | 14 |
| മലപ്പുറം | - | 13 |
| വയനാട് | - | 4 |
| കണ്ണൂർ | - | 6 |
| കാസർഗോഡ് | - | 8 |
| ആകെ | - | 156 |

(ബി) ഇല്ല. വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ നിയമന രീതി ജില്ലാടിസ്ഥാനത്തിലാണ്.

(സി) മദ്യനിരോധന മേഖലയായ അട്ടപ്പാടിയിലെ ജനമൈത്രി എക്സൈസ് സ്ക്വാഡിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക നിലവിൽ ഇല്ലാത്തതാണ്. എന്നാൽ 138 റെയിഞ്ച് ഓഫീസുകൾക്കായി സൃഷ്ടിച്ച് 138 വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽ 6 എണ്ണം പാലക്കാട് ജനമൈത്രി സ്ക്വാഡിലേയ്ക്ക് മാറ്റുന്നതിനായി എക്സൈസ് കമ്മീഷണർ സമർപ്പിച്ച് അപേക്ഷ സർക്കാർ പരിഗണിച്ചുവരുന്നു.

**മദ്യനയം**

273(971) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മദ്യനയം വിശദമാക്കുമോ ;

(ബി) ബാറുകളുടെ പ്രവർത്തന സമയം വ്യക്തമാക്കുമോ ; ടൂറിസം മേഖലയുമായി ബന്ധപ്പെട്ട ബാറുകളിൽ വ്യത്യസ്തമായ പ്രവർത്തന സമയം ഉണ്ടാകുമോ ;

(സി) ബിയർ-വൈൻ പാർലറുകളിൽ മദ്യം കൊടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) ലൈസൻസ് ഫീസിൽ വരുത്തിയിട്ടുള്ള വർദ്ധനവിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) 13-6-2017-ലെ G.O.(MS)No.43/2017/TD ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പുതിയ അബ്കാരി നയം പ്രഖ്യാപിക്കുകയുണ്ടായി. കേരള സമൂഹത്തിൽ വർദ്ധിച്ചു വരുന്ന മദ്യാസക്തിയും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ വ്യാപനവും പരമാവധി കുറച്ച് മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന ശക്തമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കി വാർത്തെടുക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. സമ്പൂർണ്ണ മദ്യ നിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളിലെ ശിപാർശകൾ കണക്കിലെടുത്ത് ചെറുപ്പക്കാർക്കിടയിലെ ലഹരി ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്. മദ്യത്തിന്റെ ലഭ്യതയിലുള്ള കർശനമായ നിയന്ത്രണങ്ങൾ സമാന്തര വ്യാജമദ്യ വിൽപ്പനയ്ക്കും മയക്കുമരുന്ന് ഉപഭോഗത്തിന്റെ വർദ്ധനവിനും കാരണമാകുന്നുവെന്ന് കണ്ടാണ് സർക്കാർ പുതിയ അബ്കാരി നയം പ്രഖ്യാപിച്ചത്.

(ബി) ബാറുകളുടെ പ്രവർത്തന സമയം നിലവിലെ 12.30 മണിക്കൂറിൽ (രാവിലെ 9.30 മണി മുതൽ രാത്രി 10.00 മണിവരെ) നിന്നും 12 മണിക്കൂറായി (രാവിലെ 11 മണി മുതൽ രാത്രി 11.00 മണിവരെ) ക്രമപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലയിൽ പ്രവർത്തന സമയം രാവിലെ 10 മണി മുതൽ രാത്രി 11.00 മണി വരെയായും നിജപ്പെടുത്തിയിട്ടുള്ളതാണ്.

(സി) ബിയർ-വൈൻ പാർലറുകളിൽ ബിയറും വൈനും വിളമ്പുന്നതിന് മാത്രമേ അനുമതിയുള്ളൂ.

(ഡി)

| ഇനം | തരം | നിലവിലുള്ളത് (രൂപ) | പുതുക്കിയത് (രൂപ) |
|---|---|---|---|
| എഫ്.എൽ1 | കെ.എസ്.ബി.സി., കൺസ്യൂമർഫെഡ് ഔട്ട്ലെറ്റ് | 3.00,000 | 4,00,000 |
| എഫ്.എൽ.3 | ബാർ | 23,00,000 | 28,00,000 |
| എഫ്.എൽ.5 | ഔഷധം ചേർക്കുന്ന വൈൻ വിൽക്കുന്നത് | 500 | 1000 |
| എഫ്.എൽ.8 | മിലിറ്ററി ക്യാന്റീൻ | 500 | 1000 |
| എഫ്.എൽ.8 എ | പാരാ മിലിറ്ററി ക്യാന്റീൻ | 500 | 1000 |
| എഫ്.എൽ.8 ബി | സി.ആർ.പി.എഫ്. ക്യാന്റീൻ | 500 | 1000 |

## എക്സൈസ് വകുപ്പിന് ഓഫീസ് കെട്ടിടം

274(972) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന് ഓഫീസ് കെട്ടിടം പണിയുന്നതിന് നീക്കിവച്ചതും, ചെലവഴിച്ചതുമായ തുക എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എക്സൈസ് വകുപ്പിന് കെട്ടിടം പണിയുന്നതിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയാണെന്ന് ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന് ഓഫീസ് കെട്ടിടം പണിയുന്നതിനുവേണ്ടി ഫണ്ട് വകയിരുത്തുന്നത് '4059-00-051-94-സ്റ്റേറ്റ് എക്സൈസ്-16-വൻകിട മരാമത്ത് പണികൾ' എന്ന ശീർഷകത്തിൽ നിന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിന് ഓഫീസ് കെട്ടിടം പണിയുന്നതിന് നീക്കിവച്ചതും, ചെലവഴിച്ചതുമായ തുകയുടെ ജില്ല തിരിച്ചുള്ള പട്ടിക താഴെ വിവരിച്ചിരിക്കുന്നു.

| ജില്ലയുടെ പേര് | നീക്കിവച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| തിരുവനന്തപുരം | 44,52,000 | 35,63,771 |
| കൊല്ലം | ഇല്ല | |
| കോട്ടയം | ഇല്ല | |
| ആലപ്പുഴ | 565.68 ലക്ഷം രൂപ | ചെലവാക്കിയിട്ടില്ല |
| പത്തനംതിട്ട | 4.50 കോടി രൂപ | ചെലവാക്കിയിട്ടില്ല |
| തൃശ്ശൂർ | ഇല്ല | |
| ഇടുക്കി | ഇല്ല | |
| എറണാകുളം | 1547 ലക്ഷം രൂപ | 1071.07 ലക്ഷം രൂപ ചെലവഴിച്ചു |
| കോഴിക്കോട് | 45 ലക്ഷം രൂപ | ചെലവാക്കിയിട്ടില്ല |
| പാലക്കാട് | 450 ലക്ഷം രൂപ | ചെലവാക്കിയിട്ടില്ല |
| മലപ്പുറം | ഇല്ല | |
| വയനാട് | 75 ലക്ഷം രൂപ | ചെലവാക്കിയിട്ടില്ല |
| കണ്ണൂർ | ഇല്ല | |
| കാസർഗോഡ് | 78,00,000 | 60,74,852 |

(ബി) കഴിഞ്ഞ പത്തുവർഷക്കാലയളവിൽ എക്സൈസ് വകുപ്പിന് കെട്ടിടം പണിയുന്നതിന് അനുവദിച്ചതും ചെലവഴിച്ചതുമായ തുക അനുബന്ധം ആയി ചേർത്തിരിക്കുന്നു. *

(സി) 1. ബദിയടുക്ക എക്സൈസ് റെയിഞ്ച് ഓഫീസിന് 78 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.

1. ബദിയടുക്ക എക്സൈസ് റേയ്ഞ്ച് ആഫീസിന് 78 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കിയിട്ടുണ്ട്.
2. ബദിയടുക്ക എക്സൈസ് റെയിഞ്ച് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി ഉത്തരവ് 30-7-2017-ന് ലഭ്യമാക്കിയിട്ടുണ്ട്.
3. കാസർഗോഡ് എക്സൈസ് ടവർ നിർമ്മിക്കുന്നതിനായി പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**എക്സൈസ് വകുപ്പിന് ലഭിച്ച പദ്ധതി വിഹിതം**

275(973) ശ്രീ. ബി.സത്യൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷ കാലയളവിൽ എക്സൈസ് വകുപ്പിന് ലഭിച്ച പദ്ധതി വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മുഴുവൻ വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി തുക മൊത്തം വിനിയോഗിക്കുവാൻ കഴിയാതിരുന്ന സാഹചര്യം എന്താണെന്നും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2016-17 വർഷ കാലയളവിൽ എക്സൈസ് വകുപ്പിന് 4 കോടി രൂപ പദ്ധതി വിഹിതം അനുവദിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. എക്സൈസ് വകുപ്പിന് അനുവദിച്ച പദ്ധതി വിഹിതത്തിലെ 4 കോടി രൂപയിൽ 2,71,97,972 രൂപ 2016-17 വർഷകാലയളവിൽ വിനിയോഗിച്ചിട്ടുള്ളതാണ്.

(സി) 4 കോടി രൂപയ്ക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് ഇ-ടെണ്ടർ ക്ഷണിച്ച് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കമ്പനികൾക്ക് വർക്ക് ഓർഡർ നൽകിയെങ്കിലും ചില പദ്ധതികൾ 2017 മാർച്ചിനുമുമ്പായി പൂർത്തീകരിക്കാത്തതിനാൽ മുഴുവൻ ഫണ്ടും ചെലവഴിക്കാൻ കഴിഞ്ഞില്ല. ബാക്കിവന്ന 1,28,02,028 രൂപ ഇ-ലാംസിൽ പോസ്റ്റ് ചെയ്യുകയും 2017 സെപ്റ്റംബറിന് മുമ്പായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തിട്ടുണ്ട്. പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും മുനഃപൂർവ്വമായവീഴ്ചവരുത്തിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.

## പൂട്ടിയ മദ്യശാലകൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് അനുമതി

276(974) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും, പിന്നീട് ബഹു.സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണവും പൂട്ടിയ മദ്യശാലകൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഈ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ അങ്ങനെ തുറന്നു പ്രവർത്തനമാരംഭിച്ച ബാറുകൾ/മദ്യശാലകൾ ഏതെല്ലാം ; വ്യക്തമാക്കുമോ;

(സി) പുതുതായി ഇനിയും എത്ര ബാറുകൾ/മദ്യശാലകൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മദ്യശാലകൾ തുറന്ന് പ്രവർത്തിക്കുന്നതോടുകൂടി ഓരോ മാസവും സംസ്ഥാന ഖജനാവിൽ എത്ര തുക അധികമായി ലഭ്യമാകും; വ്യക്തമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാർ ബിയർ/വൈൻ പാർലറാക്കി മാറ്റിയ ഹോട്ടലുകൾക്ക് 2017-18-ലെ അബ്കാരി നയത്തിന്റെ വെളിച്ചത്തിലും പുതുക്കിയ വിദേശമദ്യചട്ട പ്രകാരവും മൂന്നോ അതിന് മുകളിലോ നക്ഷത്രപദവികൾ നിലവിലുണ്ടെങ്കിൽ ബാർ പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയനുസരിച്ച് ദേശീയ സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിലുള്ള ലൈസൻസുകളൊന്നും തുറന്നു പ്രവർത്തിക്കുന്നില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂട്ടുകയും 2017-18-ലെ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ തുറന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന വിദേശ മദ്യശാലകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) പുതിയ അബ്കാരി നയത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകളിൽ ബാർ ലൈസൻസിന് യോഗ്യതയുള്ള അപേക്ഷകൾ നിയമാനുസരണം പരിഗണിക്കുന്നതാണ്. എന്നാൽ പുതിയ വിദേശമദ്യ ചില്ലറ വിൽപ്പനശാലകൾക്ക് അനുമതി നൽകാൻ തീരുമാനിച്ചിട്ടില്ല.

(ഡി) ഓരോ മാസവും എത്ര തുക സംസ്ഥാന ഖജനാവിൽ അധികമായി ലഭ്യമാകുമെന്ന് പറയാൻ കഴിയില്ല. ലഭ്യമാകുന്ന അപേക്ഷകളുടെയും വിറ്റുതീരുന്ന മദ്യത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ആയത് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ഇ) ഈ സർക്കാരിന്റെ 2017-18-ലെ മദ്യനയം 13-6-2017 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ G.O.(MS) No.43/2017/TD പ്രകാരം പ്രഖ്യാപിച്ചിട്ടുണ്ട്.

## സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നുകളുടെ ഉപയോഗം

277(975) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നുകളുടെ ഉപയോഗം തടയുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആലോചിക്കുന്നുണ്ടോ;

(ബി) 2017 ജനുവരി മുതൽ ജൂൺ വരെ സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻവേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ പരമപ്രധാനമായ ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുടെ ഭാഗമായി സ്കൂൾ, കോളേജ് അടക്കം എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിക്കുകയും നാളിതുവരെ 1385-ഓളം പരാതിപ്പെട്ടികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ, കോളേജ് പരിസരങ്ങൾ കേന്ദ്രീകരിച്ച് ലഹരി മരുന്നുകളുടെ വിപണനം, ഉപയോഗം തുടങ്ങിയ പ്രവർത്തനങ്ങൾ തടയുന്നതിന് എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും ഉപയോഗിച്ച് രഹസ്യ നിരീക്ഷണം നടത്തുകയും വിവരങ്ങൾ ശേഖരിക്കുകയും ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ലഹരിവിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.-യുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) 2017 ജനുവരി മുതൽ ജൂൺ വരെ സ്കൂൾ കേന്ദ്രീകരിച്ചുള്ള ലഹരി മരുന്നിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് 56 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തിക

278(976) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകളുണ്ട്;

(ബി) ഒഴിവുണ്ടെങ്കിൽ ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആശ്രിത നിയമനത്തിനായി ഈ തസ്തികയിൽ ഒഴിവുകൾ നീക്കി വച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയുടെ ആകെ എണ്ണം 306 ആണ്. നിലവിൽ ഈ തസ്തികയിൽ 160 ഒഴിവുകളുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. 29 എണ്ണം.

(ഡി) നിലവിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

## കാസർഗോഡ് ജില്ലയിലെ ഭീമനടിയിൽ എക്സൈസ് സർക്കിൾ ഓഫീസ്

279(977) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിലെ ഭീമനടിയിൽ എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യാജമദ്യവും അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യ വിപണനവും തടയുന്നതിനായി ഭീമനടി കേന്ദ്രീകരിച്ച് എക്സൈസ് സർക്കിൾ എന്നത്തേയ്ക്ക് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ടിൽ ഒരു എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തസ്തിക സൃഷ്ടിക്കുന്നത് ഉൾപ്പെടെയുള്ള മേൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനത്തെ മദ്യവിൽപ്പന ശാലകൾ

280(978) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബാറുകൾ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ കീഴിലായി എത്ര മദ്യവിൽപ്പന ശാലകൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഇപ്പോൾ 117 ബാറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ബിവറേജസ് കോർപ്പറേഷന്റെ 222-ഉം കൺസ്യൂമർ ഫെഡിന്റെ 29-ഉം വിദേശമദ്യ ചില്ലറ വിൽപ്പനശാലകളും കൺസ്യൂമർഫെഡിന്റെ തന്നെ 3 ബിയർ (FL12) ശാലകളും പ്രവർത്തിക്കുന്നുണ്ട്.

## കലാലയങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ ലഭ്യത

281(979) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കലാലയങ്ങളിലേയ്ക്ക് അയൽ സംസ്ഥാനങ്ങളിൽനിന്ന് വൻതോതിൽ ലഹരി പദാർത്ഥങ്ങൾ എത്തുന്ന പുതിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) മാനസിക രോഗത്തിന് നൽകുന്ന അലോപ്പതി ഗുളികകളും കാപ്സ്യൂളുകളുമാണ് ലഹരിക്കായി വിദ്യാർത്ഥികളിൽ എത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തമിഴ്നാട്, പുതുച്ചേരി, ഗോവ, ബംഗളൂരു എന്നിവിടങ്ങളിൽ നിന്നാണ് ഇത്തരം ഗുളികകളെത്തുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) കൂടാതെ കലാലയങ്ങളിൽ മുൻകാലത്തെ അപേക്ഷിച്ച് കഞ്ചാവ് വിൽപ്പന സജീവമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 999 ഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്തത് കഞ്ചാവിന്റെ ലഭ്യത എളുപ്പമാക്കുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും വിവിധ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ലഹരി വസ്തുക്കൾ സംസ്ഥാനത്തെ കലാലയങ്ങളിലും എത്തി ച്ചേരുന്നതിനുള്ള സാധ്യത നിലനിൽക്കുന്ന സാഹചര്യം പരിഗണിച്ച് കലാലയങ്ങളിലും പരിസരങ്ങളിലും കർശന നിരീക്ഷണവും പരിശോധനകളും നടത്തി വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ലഹരിക്കായി ദുരുപയോഗം ചെയ്യുന്ന ഗുളികളുടെയും കാപ്സ്യൂളുകളുടെയും ഉറവിടം സംബന്ധിച്ച് എക്സൈസ് വകുപ്പ് അന്വേഷണം നടത്തിവരുന്നു. ഡോക്ടറുടെ കുറിപ്പ് പ്രകാരം മാത്രം നൽകേണ്ട ഇത്തരം മരുന്നുകളുടെ അനധികൃത വിൽപ്പന തടയുന്നതിന് ഡ്രഗ്സ് കൺട്രോൾ വിഭാഗവുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ സംയുക്ത പരിശോധനകൾ നടത്തിവരുന്നു.

(ഡി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസ്സുകളുടെ എണ്ണത്തിലുണ്ടായ വൻ വർദ്ധനവിന് ആനുപാതികമായി കലാലയങ്ങളുടെ പരിസരങ്ങളിൽനിന്നും കണ്ടെടുക്കുന്ന കേസ്സുകളുടെ എണ്ണത്തിലും പ്രതികളാകുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ കലാലയങ്ങൾക്കുള്ളിൽ കഞ്ചാവ് വിൽപ്പന നടത്തുന്നതുമായി ബന്ധപ്പെട്ട് കേസ്സുകൾ കണ്ടെടുത്തിട്ടില്ല.

(ഇ) 999 ഗ്രാം വരെ കഞ്ചാവ് കൈവശം വയ്ക്കുന്നവർക്ക് ജാമ്യം ലഭിക്കുന്ന തരത്തിൽ കേന്ദ്രനിയമം ഭേദഗതി ചെയ്യുതുമൂലം 999 ഗ്രാം വരെ കഞ്ചാവ് വിൽപ്പനക്കായോ ഉപയോഗത്തിനായോ കൈവശംവച്ച കുറ്റത്തിന് പിടിക്കപ്പെടുന്നവർ ജാമ്യത്തിലിറങ്ങി സമാനമായ കുറ്റകൃത്യം ആവർത്തിക്കുന്നതിന് സാധ്യത കൂടുതലാണ്. ആയതുമൂലം കഞ്ചാവിന്റെ ലഭ്യത വർദ്ധിക്കുന്നതിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്.

## മദ്യവർജ്ജന ബോധവൽക്കരണ പരിപാടി

282(980) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവർജ്ജന ബോധവൽക്കരണ പരിപാടി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത വിഷയത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമാണ്;

(സി) സ്കൂൾ, കോളേജ് തുടങ്ങിയവ കേന്ദ്രീകരിച്ച് സ്ഥിരം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി സ്കൂൾ/കോളേജുകളിൽ രൂപീകരിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തിരം വിവിധ പരിപാടികൾ നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 14 ജില്ലകളിലും ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനും അട്ടപ്പാടി പ്രോജക്റ്റിന്റെ ഭാഗമായി കോട്ടത്തറ ഗവൺമെന്റ് ആശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. സ്കൂൾ പരിസരങ്ങളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം വൈവിധ്യമാർന്ന ബോധവത്കരണ പരിപാടികളും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് സ്കൂൾ/കോളേജ് തലത്തിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിന് 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു

വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 100 വാരചുറ്റളവിനുള്ളിൽ പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന നിരോധിച്ചിട്ടുണ്ട് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ വിൽപ്പന/ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400 ഓളം സ്കൂൾ/കോളേജ് കാമ്പസ്സുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിയുടെ വിൽപ്പനയും ഉപഭോഗവും നിയന്ത്രിക്കുന്നതിൽ പ്രത്യേക നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാവർഷവും ജൂൺ 26 അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്കൂൾ/കോളേജ് തലത്തിൽ മികച്ച ലഹരി വിരുദ്ധ ക്ലബ്ബിനും ക്ലബ്ബ് അംഗത്തിനും ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകിവരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ബോധവൽക്കരണ സൃഷ്ടികൾ ഉൾപ്പെടുത്തിയ കയ്യെഴുത്ത് മാസികയ്ക്ക് അവാർഡ് നൽകിവരുന്നു.

### ബാറുകൾക്ക് പ്രവർത്തനാനുമതി

283(981) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യദുരന്തം ഒഴിവാക്കുന്നതിനായി ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയതിന് ശേഷവും വ്യാജമദ്യദുരന്തം ഉണ്ടാകുവാനിടയായ സാഹചര്യം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കോഴിക്കോട് കുന്ദമംഗലത്ത് വ്യാജസ്പിരിറ്റ് കഴിച്ച് 3 പേർ മരണപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുകയുണ്ടായോ; വ്യാജ സ്പിരിറ്റിന്റെ ഉറവിടം കണ്ടെത്തിയോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ മദ്യനയത്തിനനുസൃതമായി ബാറുകൾക്ക് പ്രവർത്തനാനുമതി നൽകിയതിനുശേഷം വ്യാജമദ്യദുരന്തം ഉണ്ടായിട്ടില്ല.

(ബി) ആശുപത്രിയിൽ ക്ലീനിംഗിനും മറ്റും ഉപയോഗിക്കുന്ന മെഥിലേറ്റഡ് സ്പിരിറ്റ് അടങ്ങിയ മെഡിസോൾ എന്ന ദ്രാവകം കോയാസ് ആശുപത്രിയിലെ സെക്യൂരിറ്റി ജീവനക്കാരൻ കൊണ്ടുവന്ന് തന്റെ സുഹൃത്തുക്കളുമായി ചേർന്ന് മദ്യത്തിന് പകരമായി ഉപയോഗിച്ചതാണ് പ്രസ്തുത സംഭവത്തിന് കാരണമായതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ തെളിഞ്ഞിട്ടുള്ളത്. പ്രസ്തുത സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടന്നുവരുന്നു.

### അടച്ചുപൂട്ടിയ മദ്യവിൽപ്പനശാലകൾ

284(982) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടിയ എത്ര മദ്യവില്പനശാലകളാണ് ഈ സർക്കാരിന്റെ കാലത്ത് വീണ്ടും തുറന്നു പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ലൈസൻസ് നൽകിയിട്ടുള്ള ബാറുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കുമോ;

(സി) ലൈസൻസ് പുതുക്കി നൽകിയ ബാറുകൾക്ക് നിലവിലുണ്ടായിരുന്ന ബിയൽ വൈൻ പാർലർ ലൈസൻസ് തുടരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാർ അടച്ചുപൂട്ടിയ 89 ബാർ ഹോട്ടലുകൾക്കാണ് ഈ സർക്കാർ പുതിയ മദ്യനയപ്രകാരം തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി 5 ബാറുകൾക്കാണ് 5-8-2017 വരെ ലൈസൻസ് നൽകിയിട്ടുള്ളത്.

(സി) തുടരുന്നുണ്ട്.

**മദ്യശാലകൾക്ക് എൻ.ഒ.സി.**

285(983) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യശാലകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനുമതി പത്രം (എൻ. ഒ.സി.) വേണമെന്ന വ്യവസ്ഥ എടുത്തുകളഞ്ഞിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്തായിരുന്നു എന്ന് അറിയിക്കുമോ;

(ബി) ബാറുകൾ പ്രവർത്തിപ്പിക്കുവാൻ എൻ.ഒ.സി. ലഭിക്കുന്നതിൽ തടസ്സം നേരിടുന്നതായി പരാതി ലഭിച്ചിരുന്നോ; നിയമഭേദഗതി ഓർഡിനൻസായി കൊണ്ടു വന്നതിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(സി) അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിലകൊള്ളുന്ന സർക്കാർ നയത്തിന് കടകവിരുദ്ധമാണ് ഈ തീരുമാനം എന്ന ആക്ഷേപം പരിശോധിച്ചിരുന്നുവോ;

(ഡി) മദ്യവർജ്ജനമെന്ന സർക്കാർ നയം നടപ്പിലാക്കുന്നതിന് ഈ ഭേദഗതി എപ്രകാരമാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടുത്തുകളഞ്ഞിട്ടുണ്ട്. സംസ്ഥാനത്താകെ ഒരേതരത്തിലുള്ള അബ്കാരി നയം നടപ്പാക്കുന്നതിനും വിവിധ അപേക്ഷകർ തമ്മിലും നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ളതുമായ വിവേചനം അവസാനിപ്പിക്കുന്നതിനുമാണ് കേരള മുനിസിപ്പാലിറ്റി ആക്ട് 447-ാം വകുപ്പും കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും ഭേദഗതി ചെയ്ത് ഓർഡിനൻസ് പുറപ്പെടുവിച്ചത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മദ്യവർജ്ജനം തന്നെയാണ് സർക്കാരിന്റെ മുഖ്യലക്ഷ്യം. മദ്യശാലകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന് നിബന്ധന മദ്യവർജ്ജനത്തെയോ മദ്യനിരോധനത്തെയോ സഹായിക്കുന്നതായി കരുതുന്നില്ല. എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്തോടെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് മദ്യവർജ്ജനത്തിലേയ്ക്ക് ജനങ്ങളെ എത്തിച്ചേർക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## ദേശീയപാതയോരത്തെ മദ്യശാലകൾ

286(984) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയോരത്തെ മദ്യശാലകളുടെ നിരോധനത്തിൽ നിന്നും കള്ളു ഷാപ്പുകളെ ഒഴിവാക്കാൻ ഏതെങ്കിലും സംഘടനകൾ/അസോസിയേഷൻ അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ ദേശീയപാതയോരത്ത് എത്ര കള്ളുഷാപ്പുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനെ സംബന്ധിച്ച് എന്തെങ്കിലും കേസ് കോടതിയിൽ നിലവിൽ ഉണ്ടോ; എങ്കിൽ ഈ കേസിന്റെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ദേശീയ പാതയോരത്തെ മദ്യശാലകളുടെ നിരോധനത്തിൽനിന്നും കള്ളു ഷാപ്പുകളെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കേരള സംസ്ഥാന കള്ളു ചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ (സി.ഐ.റ്റി.യു.), ദേശീയ കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ, കള്ളുഷാപ്പ് ലൈസൻസി അസോസിയേഷൻ തുടങ്ങിയ സംഘടനകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നിലവിലുള്ള അബ്കാരി നിയമമനുസരിച്ച് മദ്യശാലകളുടെ പരിധിയിൽ കള്ളുഷോപ്പുകൾ വരുന്നത് കാരണം ടി അപേക്ഷയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയെത്തുടർന്ന് സംസ്ഥാനത്തുള്ള ദേശീയ പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ നിലവിൽ കള്ളുഷോപ്പുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) ഉണ്ട്. കേരള സംസ്ഥാന കള്ളുചെത്ത് വ്യവസായ തൊഴിലാളി ഫെഡറേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 7588/2017 നമ്പർ കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

## അതിരപ്പിള്ളിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ്

287(985) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് അനുവദിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മദ്യവിൽപ്പനശാലകൾ ആരംഭിക്കുവാൻ എൻ.ഒ.സി.

288(986) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യവില്പനശാലകൾ ആരംഭിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എൻ.ഒ.സി. വേണമെന്ന നിബന്ധന മറികടക്കാൻ ഓർഡിനൻസ് ഇറക്കുകയുണ്ടായോ;

(ബി) എങ്കിൽ ഇതിനായി നഗരപാലികാ ബില്ലിലെ 447-ാം വകുപ്പും പഞ്ചായത്ത് രാജ് ആക്ടിലെ 232-ാം വകുപ്പും ഭേദഗതി ചെയ്യുകയുണ്ടായോ;

(സി) പ്രസ്തുത ഓർഡിനൻസിനെതിരെ സംസ്ഥാനത്ത് വിവിധ മേഖലകളിൽ നിന്നുയർന്നു വന്നിട്ടുള്ള ജനരോക്ഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ എതിർപ്പു കാരണം നേരത്തേ പൂട്ടിയതും പുതുതായി തുടങ്ങാൻ കഴിയാതെ പോയതുമായ എത്ര മദ്യവില്പനശാലകൾ പുതിയ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ തുറന്നു പ്രവർത്തിക്കാനാകും; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഭേദഗതി ചെയ്യുകയുണ്ടായി.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 4 എഫ്.എൽ.-1 ഷോപ്പുകൾ തുറന്നുപ്രവർത്തിക്കാനാകും. ആലപ്പുഴ ജില്ലയിൽ രണ്ടും ഇടുക്കി, വയനാട് ജില്ലകളിൽ ഓരോ മദ്യവിൽപ്പനശാലകളുമാണ് ഇത്തരത്തിൽ തുറക്കുന്നത്.

## മദ്യവിൽപ്പനശാലകളുടെ പ്രവർത്തന സമയത്തിൽ മാറ്റം

289(987) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഭാഗമായി മദ്യവില്പനശാലകളുടെ പ്രവർത്തന സമയത്തിൽ എന്തെങ്കിലും മാറ്റംവരുത്തിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു ;

(ബി) ബിവറേജസ് കോർപ്പറേഷന്റെയും, കൺസ്യൂമർ ഫെഡിന്റെയും മദ്യവില്പന ശാലകളുടെ പ്രവർത്തന സമയത്തിൽ ഈ നയത്തിന്റെ ഭാഗമായി മാറ്റംവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ ബാർ, ഹോട്ടലുകൾ, ബിയർ/ വൈൻ പാർലറുകൾ, ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തന സമയത്തിൽ അരമണിക്കൂർ കുറവുവരുത്തി പ്രവർത്തന സമയം രാവിലെ 11.00 മണിമുതൽ രാത്രി 11.00 മണി വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാര മേഖലകളിൽ പ്രവർത്തന സമയം രാവിലെ 10 മണിമുതൽ രാത്രി 11.00 മണിവരെയായും ക്രമീകരിച്ചിട്ടുണ്ട്. മദ്യനയത്തിൽ വരുത്തിയിട്ടുള്ള പൊതുക്രമീകരണങ്ങളുടെ ഭാഗമായാണ് പ്രവർത്തസമയം പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

(ബി) ഇല്ല.

## ലഹരിമരുന്നുവിൽപ്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ

290(988) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരിമരുന്നുവില്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം ലഹരി മരുന്ന് സംഘങ്ങളുടെ പ്രവർത്തനം അടിച്ചമർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം ഇതുവരെ കഞ്ചാവും മറ്റ് ലഹരിപദാർത്ഥങ്ങളും പിടിച്ചെടുക്കുന്നതിന് എത്ര റെയിഡുകൾ നടത്തിയെന്നും ഓരോ മാസവും പിടിച്ചെടുത്ത ലഹരി പദാർത്ഥങ്ങളുടെ അളവെത്രയെന്നും വിശദമാക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ലഹരിമരുന്നുവിൽപ്പനയും ഉപഭോഗവും വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ സംബന്ധിച്ച് എക്സൈസ് വകുപ്പ് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ മുൻ സർക്കാരിന്റെ മദ്യനയം നിലവിൽ വന്നതിനുശേഷം ലഹരി വസ്തുക്കളുടെ ഉപയോഗം, കടത്ത്, വിൽപ്പന തുടങ്ങിയവയുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) നിയമവിരുദ്ധ ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിന് ചെക്കുപോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസ്സേനയുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ് റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹനപരിശോധന നടത്തുകയും ചെക്ക്പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ളതിനാൽ റോഡുകളിലും ദേശീയപാതകളിലും വാഹനപരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിന് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുള്ളതും സംസ്ഥാനത്തുടനീളം എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. വ്യാജമദ്യം, മയക്കുമരുന്നുകൾ, പുകയില ഉൽപ്പന്നങ്ങൾ മുതലായവയുടെ ഉൽപ്പാദനം, കടത്ത്, വിപണനം, വിൽപ്പന, ഉപഭോഗം തുടങ്ങിയ അബ്കാരി/ എൻ.ഡി.പി.എസ്./എം.&റ്റി.പി./കോട്പ കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിവരങ്ങളും പരാതികളും പൊതുജനങ്ങളിൽനിന്നും ഫോൺ, ഇ-മെയിൽ, വാട്ട്സ്-ആപ്പ്, ഫെയ്സ്-ബുക്ക് തുടങ്ങി വിവിധ മാർഗ്ഗങ്ങളിലൂടെ സ്വീകരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും 24 മണിക്കൂർ പ്രവർത്തിക്കുന്ന സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ വർഷം ജൂൺ 30 വരെ എക്സൈസ് വകുപ്പ് 68485 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. ഓരോ മാസവും പിടിച്ചെടുത്ത ലഹരി പദാർത്ഥങ്ങളുടെ അളവ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) ഈ വർഷം ജൂൺ 30 വരെ എക്സൈസ് വകുപ്പ് എൻ.ഡി.പി.എസ്. ആക്ട് പ്രകാരം 2524 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി കേസ്സുകളിൽ 2612 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

**വ്യാജമദ്യത്തിന്റെയും മയക്കമരുന്നിന്റെയും കടത്ത് തടയുന്നതിന് നടപടി**

291(989) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് ചെക്ക് പോസ്റ്റുകൾ ഇല്ലാതാകുമ്പോൾ സംസ്ഥാനത്തിനു പുറത്ത് നിന്ന് എത്തുന്ന വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും കടത്ത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) മേജർ ചെക്ക് പോസ്റ്റുകളിൽ സ്കാനർ സ്ഥാപിച്ച് വ്യാജമദ്യത്തിന്റെയും, മയക്കമരുന്നിന്റെയും വ്യാപനം തടയും എന്ന നയത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ചെക്ക് പോസ്റ്റിൽ സ്കാനർ സ്ഥാപിച്ചിട്ടുണ്ടോ;

(സി) ജി.എസ്.റ്റി. നടപ്പിലാക്കിയശേഷം എത്ര ലിറ്റർ വ്യാജമദ്യവും സ്പിരിറ്റും മയക്കമരുന്നും ചെക്ക് പോസ്റ്റുകളിൽ പിടികൂടി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷവും എക്സൈസ് വകുപ്പിന്റെ ചെക്കുപോസ്റ്റുകൾ മുമ്പുണ്ടായിരുന്ന രീതിയിൽ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ 20-5-2017-ലെ ജി.ഒ.(എം.എസ്.)36/2017/നി.വ. ഉത്തരവ് പ്രകാരം സംയോജിത ചെക്ക്പോസ്റ്റുകളുടെ നോഡൽ ഡിപ്പാർട്ടുമെന്റായിരുന്ന വാണിജ്യ നികുതി വകുപ്പിന് പകരമായി എക്സൈസ് വകുപ്പിനെ നോഡൽ ഡിപ്പാർട്ടുമെന്റായി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) എക്സൈസ് ചെക്കുപോസ്റ്റുകളിൽ സ്കാനർ സ്ഥാപിച്ചിട്ടില്ല.

(സി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം 2017 ജൂലൈ മാസത്തിൽ 130.615 ലിറ്റർ വ്യാജമദ്യവും 6.233 കിലോഗ്രാം കഞ്ചാവും എക്സൈസ് ചെക്ക്പോസ്റ്റുകളിൽ പിടികൂടിയിട്ടുള്ളതാണ്. ഈ കാലയളവിൽ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സ്പിരിറ്റ് പിടികൂടിയിട്ടില്ലാത്തതാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 AM]

## II അനുസ്മരണം

### ക്വിറ്റ് ഇന്ത്യാദിനം

മി. സ്പീക്കർ: ഇന്ന് ആഗസ്റ്റ് 9, 'ക്വിറ്റ് ഇന്ത്യ' സമരത്തിന്റെ ഓർമ്മകൾ പുതുക്കുന്ന ദിനമാണ്. നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങൾ രൂപപ്പെട്ടതും വളർന്നുവന്നതും വൈവിദ്ധ്യമാർന്ന ധാരകളിലൂടെയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. ബോംബെയിലെ സോഷ്യലിസ്റ്റ് പ്രവർത്തകനും യുവ നേതാവുമായിരുന്ന യൂസഫ് മെഹറലി രൂപപ്പെടുത്തിയ 'ക്വിറ്റ് ഇന്ത്യ' എന്ന മുദ്രാവാക്യം മഹാത്മാഗാന്ധി രാഷ്ട്രത്തിന് സമർപ്പിക്കുകയാണുണ്ടായത്. 1942-ൽ മുംബൈയിലെ ഗോവാലിയ ടാങ്ക് മൈതാനത്തിൽ സ്വാതന്ത്ര്യ സമര സേനാനികളെ അഭിസംബോധന ചെയ്ത ഗാന്ധിജി "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മഹത്തായ സന്ദേശം രാജ്യത്തിന് നൽകുകയുണ്ടായി. 'ആഗസ്റ്റ് വിപ്ലവം' എന്ന് ചരിത്രത്തിൽ അറിയപ്പെടുന്ന ഈ മഹത്തായ പോരാട്ടം നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ സമരാനുഭവങ്ങളിൽ ഏറ്റവും തീക്ഷ്ണതയാർന്ന ഒന്നായിരുന്നു.

538 വെടിവയ്പുകളാണ് ഇതിന്റെ അനുബന്ധമായി നടന്നത്. ഒരു ലക്ഷം പേർ അറസ്റ്റ് ചെയ്യപ്പെട്ടു. രാജ്യത്തിന്റെ ചരിത്രത്തിലെ ഏറ്റവും തീവ്രമായ സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ അനുഭവങ്ങളിൽ ഒന്നായിരുന്നു 'ക്വിറ്റ് ഇന്ത്യ' പ്രക്ഷോഭം. "പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക" എന്ന മുദ്രാവാക്യമാണ് ആ സമരം മുന്നോട്ടു വച്ചത് എന്ന് നമുക്കെല്ലാവർക്കുമറിയാം. അന്നുതന്നെ രാജ്യത്തെ വിഭജിച്ചു ഭരിക്കുക എന്ന തന്ത്രം ബ്രിട്ടീഷ് സാമ്രാജ്യത്വം സ്വീകരിച്ചിരുന്നു. ഭാരതീയരുടെ ഇടയിൽ അനൈക്യം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള ആസൂത്രിതമായ നീക്കങ്ങൾ അന്ന് സംഭവിച്ചിരുന്നു. തൽഫലമായി സ്വാതന്ത്ര്യം നമുക്ക് ലഭിച്ച കൂട്ടത്തിൽ മരണവും നമ്മെ തേടി വരികയുണ്ടായി. ലോകചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യ കുരുതിക്ക് ഇന്ത്യാ വിഭജനം കാരണമായി എന്നത് ചരിത്രം അടയാളപ്പെടുത്തിയ വസ്തുതയാണ്. 'ക്വിറ്റ് ഇന്ത്യ' സമരം ഇന്ത്യയിൽനിന്ന് ബ്രിട്ടീഷ് സാമ്രാജ്യത്തെ ആട്ടിയോടിക്കുന്നതിനു വേണ്ടി നടത്തിയ ഏറ്റവും തീവ്രമായ സ്വാതന്ത്ര്യ സമരത്തിന്റെ അനുഭവമായിരുന്നു. ആ അനുഭവത്തിൽ പങ്കാളികളായവരെയും രക്ഷസാക്ഷികളായവരേയും ഈ സഭ ആവേശപൂർവ്വം സ്മരിക്കുന്നു. ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## III അടിയന്തരപ്രമേയം

### വിലക്കയറ്റം

മി. സ്പീക്കർ: സംസ്ഥാനത്ത് പൊതുവിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും അതിരൂക്ഷമായ വിലക്കയറ്റംമൂലം ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും ആശങ്കകളും പരിഹരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. വി. ഇബ്രാഹിം, കെ. സി. ജോസഫ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റവുമായി ബന്ധപ്പെട്ട് അടിയന്തര പ്രമേയത്തിൽ പറയുന്ന പ്രകാരമുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംസ്ഥാനത്ത് ഉണ്ടായിട്ടില്ല എന്നാണ് എനിക്കിവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. മലയാളികൾ നിത്യോപയോഗ സാധനങ്ങൾ എന്നുപറയുന്നതിൽ ഏറ്റവും പ്രധാനം അരിയാണ്. അരിയുടെ വിലയിൽ മേയ്, ജൂൺ, ജൂലൈ മാസങ്ങളിലാണ് നേരിയ വർദ്ധനവുണ്ടായത്. ആ സന്ദർഭത്തിൽ സംസ്ഥാന സർക്കാർ ഉണർന്ന് പ്രവർത്തിച്ചു. സംസ്ഥാനത്തൊട്ടാകെ അരിക്കടകൾ വ്യാപകമായി തുടങ്ങി ന്യായവിലയ്ക്ക് അരി വിതരണം ചെയ്യാനുള്ള സംവിധാനങ്ങൾ ഒരുക്കിയാണ് ആ സാഹചര്യത്തെ നേരിട്ടത്. ഇപ്പോൾ ജയ അരി 36 രൂപയ്ക്കും ഏറ്റവും നല്ല കുത്തരി 38 രൂപയ്ക്കും ഏറ്റവും നല്ല സുരേഖ അരി 33 രൂപയ്ക്കും വാങ്ങാൻ കിട്ടും. കുറുവ അരി 32.50 രൂപ, പച്ചരി സുരേഖ 24 രൂപ, പഞ്ചാബ് പച്ചരി 30 രൂപ എന്നിങ്ങനെയാണ് അരിയുടെ വില ഇന്ന് മാർക്കറ്റിലുള്ളത്. ഏറ്റവുമൊടുവിൽ ഇന്നലെ സപ്ലൈകോയുടെ അരിയുടെ ടെണ്ടറിൽ ഏറ്റവും ലോവസ്റ്റ് ക്വാട്ട് ചെയ്തത് 34 രൂപയാണ്. കഴിഞ്ഞ ആഴ്ചയേക്കാൾ ഒരു രൂപ കുടി കുറഞ്ഞു. അങ്ങനെ കുറയാനുള്ളൊരു സാഹചര്യമുണ്ട്. ഓണം വരികയാണ്. ഈ സന്ദർഭത്തിലാണ് സാധാരണഗതിയിൽ അരിക്കും മറ്റ് നിത്യോപയോഗ സാധനങ്ങൾക്കും വില കൂട്ടുന്നത്. അത് കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ വളരെ കാലേക്കൂട്ടിത്തന്നെ പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് അരിയുടെ വില വീണ്ടും കുറഞ്ഞത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്ക് മുൻപ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് ആവശ്യപ്പെട്ടതനുസരിച്ച് ആന്ധ്രയിൽപ്പോയി ആന്ധ്ര സർക്കാരുമായി നമുക്ക് അരി നേരിട്ട് കിട്ടാനുള്ള സാധ്യതകളെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. എന്നോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നതിനു മുൻപുതന്നെ മുഖ്യമന്ത്രി ആന്ധ്രയിൽ പോയ സന്ദർഭത്തിൽ അവിടത്തെ മുഖ്യമന്ത്രിയുമായും ഉപമുഖ്യമന്ത്രിയുമായും നമുക്കാവശ്യമുള്ള അരി തരാനുള്ള സംവിധാനം ഒരുക്കണമെന്ന് പറഞ്ഞപ്പോൾ വളരെ അനുകൂലമായ മറുപടി അവരിൽനിന്ന് ഉണ്ടായി. മാത്രമല്ല, അതിന്റെ അടിസ്ഥാനത്തിൽ അവർ ഞങ്ങളെ അങ്ങോട്ട് ക്ഷണിക്കുകയും ചെയ്തു. ആ നിലപാടിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടതനുസരിച്ച് ഞാൻ ആന്ധ്രയിൽ പോയത്. ആന്ധ്രയുടെ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായും ആന്ധ്ര സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായും ആന്ധ്ര ഉപമുഖ്യമന്ത്രിയുമായും ഞങ്ങൾ സംസാരിച്ചപ്പോൾ നമുക്ക് ആവശ്യമുള്ളത്രയും അരി ആന്ധ്ര സിവിൽ സപ്ലൈസ് കോർപ്പറേഷനെക്കൊണ്ട് സംഭരിച്ച് ഇടനിലക്കാരില്ലാതെ നമ്മുടെ സിവിൽ സപ്ലൈസ് കോർപ്പറേഷന് തരാം എന്നുപറഞ്ഞു. അതിന്റെ ഒരു ധാരണാ പത്രം ഒപ്പിടുന്നതിനുവേണ്ടി കാര്യങ്ങൾ നീങ്ങുന്ന പശ്ചാത്തലത്തിലാണ് അരിയുടെ വില ഇങ്ങനെ കുറഞ്ഞതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സാധാരണഗതിയിൽ ഇത്തരം സന്ദർഭങ്ങളിൽ അരിയുടെ വില വർദ്ധിക്കുകയാണ് ചെയ്യുന്നത്. ഇന്നലെ പ്രൈസ് ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ റേറ്റ് 34 രൂപയ്ക്കാണ്. അങ്ങനെ അരിയുടെ

വിലയിൽ കാര്യമായൊരു വർദ്ധനവ് ഈ സന്ദർഭത്തിൽ ഉണ്ടായില്ലെന്നു മാത്രമല്ല കുറയുകയാണ് ചെയ്തത്. കഴിഞ്ഞ രണ്ടു മാസങ്ങൾക്കുമുൻപ് അരിയുടെ വില നേരിയ തോതിൽ വർദ്ധിക്കുകയുണ്ടായി. അതിനുശേഷം സർക്കാർ ഇടപെട്ടപ്പോൾ കുറച്ചു കുറഞ്ഞു. എന്നാൽ വീണ്ടും മാധ്യമങ്ങളിൽ അരിയുടെ വില കുതിച്ചു കയറുന്നു എന്ന വാർത്ത വന്നതിനെത്തുടർന്ന് എല്ലാ കളക്ടർമാരോടും ഡി.എസ്.ഒ.-മാരോടും ഓരോ പ്രദേശത്തെയും ജില്ലകളിലെയും ഹോൾസെയിൽ ഉടമകളുടെ യോഗം വിളിച്ചു കൂട്ടണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ഹോൾസെയിൽ ഉടമകളുടെ യോഗം വിളിച്ചുകൂടി അരിയുടെ വില ചർച്ച ചെയ്യുമ്പോൾ അവർ പറഞ്ഞത്, മാധ്യമങ്ങളിൽ പറയുന്ന പ്രകാരമുള്ള വിലവർദ്ധനവ് അരിയെ സംബന്ധിച്ച് ഉണ്ടായിട്ടില്ലെന്നും അസംബന്ധമാണ് പറയുന്നതെന്നുമാണ്. ഏതായാലും ആ ഒരു ക്യാമ്പയിൻ അതോടുകൂടി അവസാനിച്ചു. അരി ഇപ്പോൾ ആവശ്യത്തിന് മാർക്കറ്റിൽ കിട്ടുന്ന സ്ഥിതിയുണ്ട്. നമ്മുടെ കൈവശം ആവശ്യത്തിന് സ്റ്റോക്കുണ്ട്. ഇനിയും വാങ്ങാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ കൺസ്യൂമർഫെഡും നല്ല തയ്യാറെടുപ്പോടുകൂടി ഇന്ന് പൊതുമാർക്കറ്റിൽ ഇടപെടുന്നു എന്നതുകൊണ്ട് അക്കാര്യത്തിൽ ഒരു ആശങ്കയും സംസ്ഥാനത്ത് ഇല്ല.

അരിയുടെ സ്ഥിതി ഇതാണെങ്കിൽ പലവ്യഞ്ജനങ്ങൾക്ക് പലതിനും വില കുറയുകയാണുണ്ടായത്. ജി.എസ്.ടി. നടപ്പിലായ സന്ദർഭത്തിൽ അത് ബാധകമാകുന്ന ഉൽപ്പന്നങ്ങൾക്ക് വില കൂടുമെന്ന് എല്ലാവർക്കും ആശങ്കയുണ്ടായിരുന്നു. എന്നാൽ ഉഴുന്ന്, മല്ലി, മുളക് എന്നീ ഉൽപ്പന്നങ്ങളുടെ വില താഴോട്ട് പോകുകയാണ് ചെയ്തത്. ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് മുളകിന് 133 രൂപയാണ് ഹോൾസെയിൽ റേറ്റ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 60 രൂപയ്ക്ക് നമ്മുടെ സാധാരണ കടയിൽ കിട്ടുന്ന സ്ഥിതിയായിട്ടുണ്ട്. അത്ര ഭയങ്കരമായ വിലയിടിവാണ് മുളകിന്റെ കാര്യത്തിൽ ഉണ്ടായിട്ടുള്ളത്. ചെറുപയർ 77 രൂപയായിരുന്നത് 54 രൂപയായും കടല 64 രൂപയായിരുന്നത് 63 രൂപയായും ഉഴുന്ന് 150 രൂപയായിരുന്നത് 57 രൂപയായും തുവരപ്പരിപ്പ് 127 രൂപയുണ്ടായിരുന്നത് 56 രൂപയായും മല്ലി 88 രൂപയായിരുന്നത് 61 രൂപയായും കുറഞ്ഞു. അങ്ങനെ മിക്കവാറും എല്ലാ പലവ്യഞ്ജനങ്ങൾക്കും പയറുവർഗ്ഗങ്ങൾക്കും വില കുറഞ്ഞ സ്ഥിതിയാണ് കഴിഞ്ഞ ഒരു വർഷക്കാലമായി നമ്മൾ കാണുന്നത്. ആ വിലക്കുറവിന്റെ നേട്ടം സംസ്ഥാനത്തെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാൻ വളരെ നല്ല ഇടപെടലുകളാണ് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രമേയാവതാരകൻ എഴുതി തന്നിരിക്കുന്നത് പച്ചക്കറിക്ക് വിലകൂടിയെന്നാണ്. പച്ചക്കറിക്ക് വില കൂടിയിട്ടുണ്ട് എന്നത് ശരിയാണ്. കാലാവസ്ഥയിലുണ്ടായ വ്യതിയാനവും അതിഭയങ്കരമായ വരൾച്ചയും നമ്മുടെ സംസ്ഥാനവും തമിഴ്നാടും കർണ്ണാടകയും ഏറ്റുവാങ്ങേണ്ടിവന്നപ്പോൾ പച്ചക്കറി ഉൽപ്പാദനത്തിൽ ഗണ്യമായ തിരിച്ചടിയുണ്ടായി. ആ സന്ദർഭത്തിൽ പച്ചക്കറിക്ക് വില വർദ്ധിച്ചു. എല്ലായിനം

പച്ചക്കറികൾക്കും വിലകൂടി. എന്നാൽ അതിൽ നിന്ന് വ്യത്യസ്തമായ സാഹചര്യം ഇപ്പോൾ ഉണ്ടായിരിക്കുകയാണ്, അതിന് രണ്ടുമൂന്ന് കാരണങ്ങളുണ്ട്. സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം ഇന്ന് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. ജനങ്ങൾക്ക് നമ്മൾ ഉൽപ്പാദിപ്പിക്കുന്ന ജൈവ പച്ചക്കറിതന്നെ വേണമെന്ന നിർബന്ധം ഉണ്ടായിട്ടുണ്ട്, അത്തരത്തിൽ ആ കാര്യത്തെ കാണുകയാണ്. സംസ്ഥാനത്തിന് പുറത്തുനിന്ന് വരുന്ന പച്ചക്കറിയോട് ജനങ്ങൾക്ക് വലിയ ആഭിമുഖ്യം ഇന്നുണ്ടാകുന്നില്ല. എന്നാലും വില അല്പം കൂടുതലാണെന്ന കാര്യം സത്യമാണ്. ഇടയ്ക്കുണ്ടായ വില വർദ്ധനവിൽനിന്നും അല്പം താഴോട്ട് പോയിട്ടുണ്ട്. ഞാൻ രാവിലെ അന്വേഷിക്കുമ്പോൾ പച്ചക്കറി മാർക്കറ്റിൽ പയർ - 50 രൂപ, തക്കാളി - 50 രൂപ, പാവയ്ക്ക - 35-40 രൂപ, സവാള 28-30 രൂപ, ഉള്ളി - 85 രൂപ, ഇളവൻ - 15 രൂപ, വെള്ളരിക്ക - 22 രൂപ, ചേന - 32 രൂപ, പച്ചമുളക് - 60 രൂപ, കത്തിരിക്ക - 40 രൂപ മുരിങ്ങയ്ക്ക - 36 രൂപ, കാരറ്റ് - 56 രൂപ, ഏത്തയ്ക്ക - 65 രൂപ, കോവയ്ക്ക - 50 രൂപ, ബീൻസ് - 50 രൂപ, കാബേജ് - 30 രൂപ ഇപ്രകാരമാണ് ഇതിന്റെ വില. അത്ര വലിയ വില വർദ്ധനവ് ഇപ്പോഴുണ്ടെന്ന് പറയാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ വിലക്കയറ്റംകൊണ്ട് കേരളത്തിലെ ജനങ്ങൾ പൊറുതിമുട്ടുന്നു, വരാൻ പോകുന്ന ഓണത്തിന് എന്തായിരിക്കും സ്ഥിതി എന്നൊക്കെയുള്ള ആശങ്ക പ്രകടിപ്പിക്കേണ്ട ഒരു കാര്യവുമില്ല. ഓണത്തിന് നല്ല ഒരുക്കങ്ങൾ ഞങ്ങൾ നടത്തിയിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി കൂടി പങ്കെടുത്തുകൊണ്ട് 1470 ഓണച്ചന്തകളാണ് സപ്ലൈകോ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നത്. ഇത് ഏതു കാലത്തേക്കാളും കൂടുതലാണ്. കൂടാതെ പുതിയതായി മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന സ്ഥലത്തും ഓണച്ചന്ത ഉണ്ടാകും. എം.എൽ.എ.-മാർ കൂടുതൽ കേന്ദ്രങ്ങളിൽ ഓണച്ചന്ത വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവ കൂടിയാകുമ്പോൾ തീർച്ചയായും എണ്ണം അതിനേക്കാൾ കൂടാനാണ് സാധ്യത. കൺസ്യൂമർഫെഡ് ഓരോ സഹകരണ സ്ഥാപനങ്ങൾ വഴിയും കൂടുതൽ ഓണച്ചന്തകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്, അതായത് 3500 ഓണച്ചന്തകൾ. മാർക്കറ്റ് റേറ്റിനേക്കാൾ 30-40 ശതമാനം വില കുറച്ച് ന്യായവിലയ്ക്ക് പച്ചക്കറി വിപണനം നടത്തുന്നതിനായി കൃഷിവകുപ്പിന്റെ വി.എഫ്.പി.സി.കെ.-യും ഹോർട്ടികോർപ്പും രണ്ടായിരം പച്ചക്കറി ചന്തകൾ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തുന്ന മുഴുവൻ ഓണച്ചന്തകളിലും കൃഷി വകുപ്പിന്റെ ഇത്തരത്തിലുള്ള ഓണച്ചന്തകൾ ഉണ്ടാകണമെന്ന് അറിയിച്ചിട്ടുണ്ട്. ഇന്ന് അതിന്മേൽ തീരുമാനമെടുക്കാൻ പോകുകയാണ്. ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ പച്ചക്കറി സ്റ്റാളുകൾ ഇല്ലാത്ത എല്ലാ സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകളിലും അവ തുടങ്ങാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യങ്ങളാണ് സംസ്ഥാനത്ത് ഓണത്തിനുവേണ്ടി തയ്യാറായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന ചരിത്രത്തിൽ ആദ്യമായി വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും വില മോണിറ്റർ ചെയ്യുന്നതിനുമായി പ്രൈസ് മോണിറ്ററിംഗ് സംവിധാനത്തിന് രൂപം കൊടുത്ത് അത് പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ആ പ്രൈസ് മോണിറ്ററിംഗ് സെൽ അതാത് സന്ദർഭങ്ങളിൽ സംസ്ഥാനത്തെയും

ഇതര സംസ്ഥാനങ്ങളിലേയും വിലനിലവാരം സൂക്ഷ്മമായി പഠിച്ച് ഗവൺമെന്റിന് യഥാസമയം നിർദ്ദേശം തരാനുള്ള എല്ലാ നടപടികളും പൂർത്തിയായിട്ടുണ്ട്. അത് ഫലപ്രദമായി ഇന്ന് മാർക്കറ്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതാണ് സാഹചര്യമെന്നിരിക്കെ വിലക്കയറ്റത്തിന്റെ ഒരു വ്യാധിയും ഈ ഓണക്കാലത്ത് നമ്മളെ പിടികൂടുമെന്ന് ആരും വിചാരിക്കേണ്ടതില്ല. കഴിഞ്ഞ ഓണത്തേക്കാൾ വിലക്കയറ്റമില്ലാത്ത ഒരു ഓണം ഒരുക്കുന്നതിനായി ഈ ഗവൺമെന്റ് എല്ലാ സംവിധാനവും ഉപയോഗപ്പെടുത്തും, അങ്ങനെ പ്രവർത്തിക്കും എന്നാണ് എനിക്ക് ഇതു സംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങൾ അനുഭവിക്കുന്ന ഗുരുതരമായ വിലക്കയറ്റത്തിന്റെ സാഹചര്യം ബഹുമാനപ്പെട്ട മന്ത്രി ഇത്ര ലാഘവത്തോടുകൂടി കാണുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. സത്യത്തിൽ മന്ത്രിയുടെ പ്രസ്താവന എന്നെ അത്ഭുതപ്പെടുത്തിയിരിക്കുകയാണ്. മന്ത്രി പറയുന്നത് വിലക്കയറ്റം ഉണ്ടായിട്ടില്ല എന്നാണ്. അരണയുടെ ബുദ്ധിയാണോ മന്ത്രിക്ക് എന്നുള്ളതാണ് എനിക്ക് സംശയം. കഴിഞ്ഞദിവസം 7-8-2017-ന് ശ്രീ. സി.എഫ്. തോമസ് ചോദിച്ച 'സംസ്ഥാനത്ത് അരിയുടെ വില ഗണ്യമായി വർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ' എന്ന ചോദ്യത്തിന് മന്ത്രി നൽകിയിരിക്കുന്ന ഉത്തരം, 'സംസ്ഥാനത്ത് അരിയുടെ വില വർദ്ധിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്' എന്നാണ്. അതേ മറുപടിതന്നെ ശ്രീ. പാറയ്ക്കൽ അബ്ദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. കെ. കൃഷ്ണൻകുട്ടി എന്നീ എം.എൽ.എ.മാർക്കും കൊടുത്തത്. എല്ലാം 7-ാം തീയതി കൊടുത്ത മറുപടികളാണ്. ഇന്നലെ കൊടുത്ത മറുപടി ഇന്നുതന്നെ മന്ത്രി നിഷേധിക്കുമെന്ന് ഞാൻ ഒരിക്കലും പ്രതീക്ഷിച്ചതല്ല. മാത്രമല്ല, മന്ത്രി ഇങ്ങനെ നിഷേധിച്ചതുകൊണ്ടു മാത്രം പറയുകയാണ്, ഇന്നലെ ഹോർട്ടികോർപ്പിൽനിന്ന് എടുത്ത വിലനിലവാര പട്ടികയാണ് ഇത്. (വിലനിലവാരപ്പട്ടിക ഉയർത്തിക്കാണിച്ചു.) ഈ വിലനിലവാര പട്ടികയിലെ റേറ്റും ഇന്ന് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ റേറ്റും തമ്മിൽ പച്ചക്കറിയുടെ വിലയിൽ കിലോയ്ക്ക് 10-15 രൂപയുടെ വ്യത്യാസം വരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വായിച്ച ലിസ്റ്റിൽ പറഞ്ഞിരിക്കുന്നത് ബീൻസിന് കിലോയ്ക്ക് 50 രൂപ എന്നാണ്. ഇന്നലെ ഹോർട്ടികോർപ്പിൽനിന്നു വാങ്ങിയ ഈ ലിസ്റ്റിൽ 60 രൂപയാണ് കാണിച്ചിരിക്കുന്നത്. എല്ലാം ഇതുപോലെയാണ്. മാത്രമല്ല മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുന്നുവെന്ന ഗുരുതരമായ അവസ്ഥാവിശേഷം കൂടി ഇവിടെയുണ്ട്. ഇതൊന്നും ഞാൻ പ്രദർശിപ്പിക്കണമെന്ന് വിചാരിച്ചതല്ല, മന്ത്രി ഇങ്ങനെ പറഞ്ഞതുകൊണ്ട് പറയുകയാണ്. അരിക്ക് വില കൂടിയിട്ടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ സൈറ്റിൽ നിന്നെടുത്ത അരിയുടെ വിലപ്രകാരം മാർക്കറ്റിൽ മട്ട അരിയുടെ വില സ്റ്റേറ്റ് ആവറേജ് കാണിക്കുന്നത് 43 രൂപ 14 പൈസയാണ്. അതുപോലെ നാടൻ

അരിയുടെ വില കാണിക്കുന്നത് 'Rice red - open market (nadan)'- 41.57 രൂപയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സുരേഖ അരിയുടെ വിലയെക്കുറിച്ച് പറഞ്ഞു. സാധാരണ എന്റെ വീട്ടിൽ സുരേഖ അരിയാണ് വാങ്ങുന്നത്. കൊണ്ടോട്ടിയിൽ അരി ഹോൾസെയിലായി വിതരണം ചെയ്യുന്ന ആളിനോട് ഇന്ന് രാവിലെ ഞാൻ ടെലിഫോണിൽക്കൂടി വില അന്വേഷിച്ചപ്പോൾ അദ്ദേഹം സുരേഖ അരിയുടെ വില പറഞ്ഞിരിക്കുന്നത് കിലോയ്ക്ക് 40 രൂപ എന്നാണ്. എന്നാൽ മന്ത്രി ഇവിടെ പറഞ്ഞത് കിലോയ്ക്ക് 31 രൂപ എന്നാണ്. അങ്ങനെയെങ്കിൽ ആ അരി കുറച്ച് കിട്ടിയിരുന്നെങ്കിൽ എനിക്ക് കൊണ്ടുപോയി വിറ്റ്, ലാഭമുണ്ടാക്കാമായിരുന്നു. മന്ത്രി അത് എനിക്ക് തന്നാൽ വളരെ നന്നായിരുന്നു എന്നാണ് പറയാനുള്ളത്. എനിക്ക് പശ്ചാത്തലമായി ഒരു കാര്യം പറയാനുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നപ്പോൾ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള ദേശാഭിമാനിയുടെ വാർത്തയാണിത്. എല്ലാ പ്രാവശ്യവും ഇങ്ങനെ ആവർത്തിക്കേണ്ടതില്ല, 5 വർഷവും ഇനി വിലകൂടില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. ഇന്ന് വില കൂടിയിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് ആർക്കും നിഷേധിക്കാനാകാത്തവിധം കൂടിയിട്ടുണ്ട്. മന്ത്രിതന്നെ കഴിഞ്ഞ നിയമസഭയിൽ പറഞ്ഞത് പച്ചക്കറിയുടെയും മറ്റു പലവ്യഞ്ജനങ്ങളുടെയും അരിയുടെയും വിലയിൽ 21 ശതമാനംവരെ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നാണ്. പണ്ടൊക്കെ ഇത് ആഗോളവൽക്കരണമാണ്, ഉദാരവൽക്കരണമാണ്, കേന്ദ്രഗവൺമെന്റിന്റെ നയമാണ് എന്നൊക്കെയുള്ള കാരണങ്ങളാണ് പറഞ്ഞിരുന്നത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റിനെ പറയുന്നില്ല, അത് ശ്രീ. നരേന്ദ്ര മോദിയെ പേടിച്ചിട്ടാണോയെന്ന് ഞങ്ങൾക്കറിയില്ല. വില നിയന്ത്രിക്കാൻവേണ്ടി സർക്കാരിന്റെ മെഷിനറിയുണ്ട്, പൊതുമാർക്കറ്റിൽ സർക്കാർ ഇടപെടണം, കരിഞ്ചന്തക്കാരെ പിടിച്ചുകെട്ടണം....... (ബഹളം).......

<u>മി. സ്പീക്കർ:</u> പ്ലീസ്....പ്ലീസ്.....നിങ്ങൾതന്നെ ബഹളമുണ്ടാക്കിയാൽ എങ്ങനെയാണ്, അദ്ദേഹം സംസാരിക്കട്ടെ.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, അതൊന്നും ചെയ്യാത്ത മന്ത്രി, പകരമെന്താണ് ചെയ്യുന്നത്? ഈ സാധനങ്ങളുടെ വിലനിലവാരമൊന്നും ഞാൻ ഇനി പ്രദർശിപ്പിക്കാനോ, പറയാനോ ആഗ്രഹിക്കുന്നില്ല. വലിയ ഉള്ളിക്ക് ഇപ്പോഴുള്ള വില 34 രൂപയാണ്, ചെറിയ ഉള്ളിയുടെ വില 100 രൂപ വരെയായി. മുളകിന്റെ വില ഈ ഗവൺമെന്റ് വന്നപ്പോൾ 40 രൂപയായിരുന്നത് ഇപ്പോൾ 80 രൂപയായി. ഇന്നത്തെ മാധ്യമം പത്രം ഞാൻ വായിക്കാം. 'പലചരക്കിന് പൊള്ളും വില, ജി.എസ്.ടി.-യുടെ പേരിൽ അവശ്യസാധന വില കുതിക്കുന്നു'. ടൈറ്റിൽ മാത്രം ഞാൻ വായിച്ചു പോകാം. ഇന്നത്തെ മാധ്യമം പത്രത്തിൽ പറയുന്നു, - 'പിടിച്ചു കെട്ടാനാകാതെ അരിവില, കൈപൊള്ളി വെളിച്ചെണ്ണ, മൈദയ്ക്കും വെല്ലത്തിനും രക്ഷയില്ല, വില കുറയാതെ

ധാന്യങ്ങൾ, ബിരിയാണി അരിക്കും നെയ്യിനും പെരുംവില, ഭാരം ഇരട്ടിപ്പിച്ച് ഗ്യാസ് വില, തക്കാളിക്ക് ആശ്വാസം; സവാള കുതിക്കുന്നു'. ഇപ്പോൾ ഉള്ളിക്ക് പൊന്നുംവില, മനുഷ്യന്റെ തലയ്ക്ക് പുല്ലുവില എന്നുള്ളതാണ് അവസ്ഥ. ഈ പത്രത്തിൽ തന്നെ പറയുന്ന മറ്റൊരു കാര്യമുണ്ട്. വില കുറഞ്ഞത് ഐസക്കിന്റെ കോഴിക്കു മാത്രം. മിനിഞ്ഞാന്നത്തെ കൗമുദിയിൽ പറയുന്നു,-തക്കാളിക്കും ഉള്ളിക്കും പിന്നാലെ സവാളയ്ക്കും പൊന്നുവില; വിപണിയിൽ ഇടനിലക്കാരുടെ കൈപൊള്ളുകയാണ്.

കേരള കൗമുദി പത്രത്തിൽ പറയുന്നു- 'ഇരുപത്തി ഒൻപത് രൂപയുടെ അരിക്ക് നാല്പത്തി ഏഴ് രൂപ'. 10-4-2017 -ലെ മാതൃഭൂമി പത്രത്തിൽ വന്ന വാർത്ത - 'മൂന്ന് മാസംകൊണ്ട് അരിവില കുതിച്ചുയർന്നുവെന്ന് സർക്കാർ റിപ്പോർട്ട് '. ഇങ്ങനെ വില നിലവാരം കുതിച്ചുയരുകയാണ്. വിലനിലവാരം പിടിച്ചു കെട്ടാൻ സർക്കാർ ഇടപെടണ്ടേ? സർക്കാർ ഇതിൽ ഇടപെടുന്നില്ല, കൈയും കെട്ടി നോക്കി നിൽക്കുകയാണ്. സർക്കാരിന്റെ ജോലി തല്ലാനും കൊല്ലിക്കാനും അത് കഴിഞ്ഞ് സമാധാനം പറയലുമാണ്. തല്ലിക്കുകയും കൊല്ലിക്കുകയും ചെയ്തു ശേഷമുള്ള സമാധാന ചർച്ചകൾ ടോൾസ്റ്റോയിയുടെ 'വാർ ആന്റ് പീസ് 'എന്ന ബുക്ക് പോലെയാണ്, യുദ്ധവും സമാധാനവും എന്ന രൂപത്തിലാണ് സർക്കാർ ചെയ്യുന്നത്.

<u>മി. സ്പീക്കർ</u>: ശ്രീ. ടി. വി. ഇബ്രാഹിം, അരിയാണ് ചർച്ചാ വിഷയം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇതിലാണ് സർക്കാരിന്റെ ശ്രദ്ധ. സർക്കാർ അടിയന്തരമായി വിലക്കയറ്റത്തിന്റെ വിഷയത്തിൽ ഇടപെടാനാണ് ഇത് പറയുന്നത്. വില കൂടുന്നത് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുക, കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സംസാരിക്കുക എന്നുള്ള ജോലി മാത്രമാണ് ഞങ്ങൾ നിർവ്വഹിക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ അതിനെ വിലകുറച്ച് കാണുകയും, ഞങ്ങൾ പറയുന്നത് അസംബന്ധമാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയും ചെയ്തു. 'അസംബന്ധം' എന്ന പദം മന്ത്രി പ്രയോഗിച്ചതിൽ സങ്കടമുണ്ട്. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുകയാണ്. വില നിയന്ത്രിക്കാൻ പൊതു മാർക്കറ്റിൽ ഇടപെടുന്നില്ല എന്നുമാത്രമല്ല, അവിടെയുള്ള സാധനത്തിന്റെ ക്വാളിറ്റിയും വളരെ മോശമാണ് (ഒരു ധാന്യപ്പൊടിയുടെ പായ്ക്കറ്റ് ഉയർത്തിക്കാട്ടി) ഇത് ഒരു പായ്ക്കറ്റ് ഉഴുന്നാണ്.......(ബഹളം).....

<u>മി. സ്പീക്കർ</u>: ഇത് എന്ത് പൊടിയാണ് ?

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഇത് ഉഴുന്നാണ്. ഒന്നര മാസം മുൻപ് കമലേശ്വരത്തെ സപ്ലൈ-കോ ഔട്ട്ലെറ്റിൽനിന്നും ഒരു ഉപഭോക്താവ് വാങ്ങിയതാണ്. ഇപ്പോൾ ഉപയോഗിക്കാൻ കഴിയാതെ പൊടിയായിരിക്കുന്നു. ഉപഭോക്താവ് അത് തിരിച്ചു കൊടുക്കുമ്പോൾ അത് തിരികെ എടുക്കുന്നില്ല. 'സപ്ലൈകോ' വിതരണം ചെയ്ത സാധനമാണ്. അതിന്റെ ഗുണനിലവാരം ഒന്ന് ചിന്തിച്ചുനോക്കു....(ബഹളം)..... സപ്ലൈകോ വഴി പാക്ക് ചെയ്ത് വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളിലെ കവറുകളിൽ പായ്ക്ക് ചെയ്ത തീയതി, അളവ് മുതലായവ നിർബന്ധമായും രേഖപ്പെടുത്തണം.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്........ ശ്രീ. എ. എൻ. ഷംസീർ..... ഇരിക്കു....

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സപ്ലൈകോ വിതരണം ചെയ്ത ഈ സാധനം എന്നാണ് മാനുഫാക്ച്ചർ ചെയ്തത്?....(ബഹളം)...

മി. സ്പീക്കർ: സഭാചട്ടങ്ങൾക്ക് വിരുദ്ധമായ പല കാര്യങ്ങളും ഇവിടെ നടക്കുന്നുണ്ട്, നിങ്ങൾ അവിടെ ഇരിക്കു......ബാനർ ഒന്നും പാടില്ല. ഇരിക്കു... അദ്ദേഹം പറഞ്ഞ് പൂർത്തീകരിക്കട്ടെ, നിങ്ങൾ അവിടെ ഇരിക്കു...പ്ലീസ്..ശ്രീ. പി. കെ. ബഷീർ ക്ഷുഭിതനാകേണ്ട. ഞാൻ സംസാരിക്കുന്നുണ്ട്, നിങ്ങൾ ഇടപെടേണ്ട. നിങ്ങൾക്കു വേണ്ടിയാണ്, പ്രതിപക്ഷത്തിന് വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്....... ഇരിക്കു...

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മന്ത്രിക്ക് മറുപടി പറയാമല്ലോ, അതിനാൽ ഭരണകക്ഷി അംഗങ്ങൾ ഇങ്ങനെ ബഹളം ഉണ്ടാക്കിയിട്ട് എന്താണ് കാര്യം. ഇതിനെല്ലാം മറുപടി പറയാനുള്ള കഴിവ് മന്ത്രിക്കുണ്ടല്ലോ, അദ്ദേഹം പറയട്ടെ.

മി. സ്പീക്കർ: മന്ത്രി മറുപടി പറയും. ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങ് വേഗം പൂർത്തിയാക്കണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൂഴ്ത്തിവയ്പുകാരോടും കരിഞ്ചന്തക്കാരോടും സർക്കാർ പറയുന്നത് ......(ബഹളം)....

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് ഇരിക്കു.....പ്ലീസ്....പ്ലീസ്...മന്ത്രി നല്ല സമർത്ഥമായി മറുപടി പറയും. നിങ്ങൾ ഇരിക്കു... പ്ലീസ്.... അദ്ദേഹം മാത്രം സംസാരിക്കട്ടെ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊതുവിപണിയിൽ സർക്കാർ ഇടപെടുന്നില്ല. വിലനിലവാരം കുറയ്ക്കാൻ സർക്കാർ ഒന്നും ചെയ്യുന്നില്ല. കരിഞ്ചന്തക്കാർക്കും പൂഴ്ത്തിവയ്പുകാർക്കും ഇഷ്ടംപോലെ വിഹരിക്കാൻ സമയം കൊടുത്തിരിക്കുകയാണ്. 'വില കൂട്ടിക്കോളൂ, സർക്കാർ ഒപ്പമുണ്ട് 'എന്നുള്ളതാണ് ഇപ്പോഴത്തെ മുദ്രാവാക്യമായി സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇവിടെ യു.ഡി.എഫ്.-ന്റെ കാലത്ത് തുടങ്ങിയ കുറേ നന്മ ഷോപ്പുകൾ ഉണ്ടായിരുന്നു. നന്മ ഷോപ്പുകളൊക്കെ പൂട്ടി, മദ്യ ഷാപ്പുകൾ തുറക്കുകയാണ് സർക്കാർ ചെയ്തിട്ടുള്ളത്. ആ രീതിയിലേയ്ക്ക് കാര്യങ്ങൾ പോകുമ്പോൾ ഹോർട്ടികോർപ്പ് ഉൾപ്പെടെയുള്ള സർക്കാർ ഔട്ട്ലെറ്റുകളിൽ വിതരണം ചെയ്യുന്ന ഒന്നിനും ക്വാളിറ്റിയില്ല എന്നതിനുള്ള ഉദാഹരണമാണ് ഞാൻ പറഞ്ഞത്. ഇതു തന്നെയാണ് പത്രങ്ങളും പറയുന്നത്; ചാലയിൽ ഉള്ളി വില 80 രൂപ, ഹോർട്ടികോർപ്പിൽ 125 രൂപ.... പത്രകട്ടിംഗാണിത്. അതുപോലെ മറ്റൊരു വാർത്ത, കാപ്പിപ്പൊടി കരാറിലും വൻ അഴിമതി. ഇതൊക്കെയാണ് സർക്കാരിന്റെ ഔദ്യോഗിക

സംവിധാനത്തിന്റെ കീഴിൽ നടക്കുന്നത്. സപ്ലൈകോയിൽ കരാറുകാർ സംഘടിതമായി അവശ്യസാധനങ്ങളുടെ വില കൂട്ടി. ഇങ്ങനെ സർക്കാർ സംവിധാനത്തിൽത്തന്നെ നടക്കുമ്പോൾ എവിടെയാണ് ഇടപെടുന്നത്? ഇങ്ങനെ തോന്നുംപോലെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒന്നും നടക്കുന്നില്ല എന്നുപറയും. 'ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ' എന്ന രൂപത്തിൽ കുന്തംപിടിച്ചിരിക്കുന്ന മന്ത്രിയും, മന്ത്രിസഭയുമാണുള്ളത്. ഉത്തമനായ മന്ത്രി അദ്ദേഹത്തിന്റെ ആ നന്മ മുഴുവൻ ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ഇടപെടണം. അതുകൊണ്ട് ഈ വിഷയം വളരെ അടിയന്തരമായി സഭ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, അരിയുടെ വില ഒട്ടും വർദ്ധിച്ചിട്ടില്ല എന്ന് ഞാൻ പറഞ്ഞില്ല. അരിയുടെ വിലയിൽ കഴിഞ്ഞ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ സഭയിലും ആ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. ആന്ധ്രയിൽനിന്നും വാങ്ങിയിരുന്ന ജയ അരിക്കാണ് പ്രധാനമായും കൂടുതലായി വില വർദ്ധിച്ചത്. ആ അരി കേരളീയർ മാത്രമല്ല തമിഴ്നാടും കർണ്ണാടകയും കൂടുതൽ ഉപയോഗിക്കുവാൻ തുടങ്ങി. പിന്നെ ശ്രീലങ്കയിലേയ്ക്കും കയറ്റുമതി വന്ന സാഹചര്യത്തിലാണ് ജയ അരിക്ക് വില വർദ്ധിച്ചത്. എന്നു മാത്രമല്ല, ജയ അരി സംസ്ഥാനത്ത് എത്തിച്ച് ഇവിടെ വിതരണം ചെയ്യുന്ന ഒരു ലോബി ഉണ്ട്. വില കൂട്ടാനുള്ള വളരെ ഫലപ്രദമായ ഇടപെടലുകളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ആ സാഹചര്യത്തിലാണ് ആന്ധ്രയിൽ പോയി അവിടത്തെ സംസ്ഥാന ഗവൺമെന്റിനെ കാണുന്നതും അവരുടെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നമ്മുടെ സംസ്ഥാനത്തിനാവശ്യമായ അരി സംഭരിച്ചു തരണമെന്ന് ആവശ്യപ്പെടുന്നതും.

ശ്രീ. രമേശ് ചെന്നിത്തല: സർ, ആന്ധ്രയിൽ നിന്ന് അരി വാങ്ങാനുള്ള കോൺട്രാക്ട്, എം.ഒ.യു. സൈൻ ചെയ്തു എന്ന് അങ്ങ് പറഞ്ഞു. എത്ര രൂപ നിരക്കിലാണ് ആന്ധ്രയിലെ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി നമ്മൾ എഗ്രിമെന്റിൽ ഏർപ്പെട്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, എം.ഒ.യു. സൈൻ ചെയ്യാനുള്ള പേപ്പറൊക്കെ കൈമാറിക്കൊണ്ടിരിക്കുകയാണ്, അതിന്റെ ഫൈനൽ ഡിസിഷൻ ആയില്ല. അവർ പറഞ്ഞിരിക്കുന്നത്, നിങ്ങൾ ഏത് സന്ദർഭത്തിൽ വാങ്ങുന്നതിനേക്കാളും വില കുറച്ച് തരാമെന്നാണ്. പൊതുവിലുള്ള ധാരണ അതാണ്, അതിന്റെ അടിസ്ഥാനത്തിലുള്ള നീക്കങ്ങൾ വേഗത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഓണത്തിന് നമുക്ക് ആവശ്യമായ അരിയുടെ ഒരു ഭാഗം അങ്ങനെ എത്തിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതു കഴിഞ്ഞാൽ തുടർച്ചയായി അരി ലഭിക്കാനുള്ള അവസരമുണ്ടാകും എന്നാണ് അവിടെ നടന്ന ചർച്ചയിലുണ്ടായ ധാരണ. തീർച്ചയായും ഇടനിലക്കാരനില്ലാതെ അരി കിട്ടുന്ന സാഹചര്യമുണ്ടായാൽ അരിയുടെ വിലയിൽ ഗണ്യമായ കുറവുണ്ടാകുമെന്ന കാര്യം ഉറപ്പാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, മുഖ്യമന്ത്രി അക്കാര്യം എന്നോടും പറഞ്ഞതാണ്. ആന്ധ്രയിലെ ഉപമുഖ്യമന്ത്രിയാണ് ഈ നിർദ്ദേശം വച്ചത്, അതനുസരിച്ച് ആന്ധ്രയിൽ നിന്ന് ഇടനിലക്കാരില്ലാതെ നേരിട്ട് അരി വാങ്ങാൻ പോകുന്നു എന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. അതുകഴിഞ്ഞ് അങ്ങ് പോയി. മുഖ്യമന്ത്രി പറഞ്ഞിട്ട് ഒരു മാസമായി. അവിടത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷനുമായാണ് എഗ്രിമെന്റ് വയ്ക്കുന്നതെങ്കിൽ എത്ര രൂപയ്ക്കാണ് അരി കിട്ടുക, അങ്ങനെയൊരു ഓഫർ ഉണ്ടോ; ഉണ്ടെങ്കിൽ അതനുസരിച്ച് എഗ്രിമെന്റ് എന്ന് സൈൻ ചെയ്യും; എത്ര രൂപയ്ക്കായിരിക്കും ഗവൺമെന്റ് സൈൻ ചെയ്യുന്നത്?

10.00AM]

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ആ കാര്യങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. പോയ ഉടനെതന്നെ കച്ചവടം നടത്തുകയില്ലല്ലോ, അതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചശേഷമേ ചെയ്യുകയുള്ളൂ. ജയ അരി എന്ന് അവിടെപോയി പറഞ്ഞപ്പോൾ അവർ അത്ഭുതപ്പെടുകയാണ്. 1967-ന് ശേഷം ജയ അരി അവിടെ കൃഷി ചെയ്തിട്ടില്ലെന്നാണ് അവർ പറഞ്ഞത്. നമ്മൾ ജയ അരിയുടെ സാമ്പിൾ അയച്ചു കൊടുക്കണമെന്ന് പറഞ്ഞപ്പോൾ നമ്മൾ വാങ്ങുന്ന ജയ അരിയുടെ രണ്ട് സാമ്പിൾ അയച്ചു കൊടുത്തു. സാമ്പിൾ കണ്ടപ്പോൾ അവർ പറയുന്നത്, ആ അരി ജയ അല്ല, ബോണ്ടാലു ആണെന്നാണ്. അതുകൊണ്ട് നമുക്ക് വീണ്ടും കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതായി വന്നു. ഈ അവസ്ഥയിൽ വിലയെ സംബന്ധിച്ചും ധാരണയുണ്ടാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. അവർ അടുത്ത ദിവസം ഇങ്ങോട്ടു വരുന്നു എന്നതാണ് ഇന്നലെ കിട്ടിയ വിവരം.

ഇടനിലക്കാരില്ലാതെ നമ്മുടെ സംസ്ഥാനത്ത് ആവശ്യമായ ജയ അരിയും മട്ട അരിയും ഗുണ്ടൂരിന്റെ ഏറ്റവും നല്ല മുളകും വാങ്ങാനുള്ള സന്ദർഭമുണ്ടാവുകയാണ്. അത്തരമൊരു സാഹചര്യമുണ്ടായപ്പോൾ അരി കച്ചവടക്കാർക്കിടയിലും അരി ലോബികളിലും ചില മാറ്റങ്ങളുണ്ടായിട്ടുണ്ട്. അതാണ് ഇന്നലത്തെ ടെണ്ടറിൽ ഒരു രൂപ വീണ്ടും കുറച്ച് ഏറ്റവും കുറഞ്ഞ റേറ്റ് കണ്ടത്. അരിയുടെ വില കൂടിക്കൊണ്ടിരിക്കുകയല്ല, കൂടിയ അരി വില താഴേക്ക് വരികയാണെന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പറഞ്ഞത് നാലഞ്ച് മാസങ്ങൾക്ക് മുമ്പുള്ള കാര്യങ്ങളായിരിക്കും. വളരെ കൃത്യമായ കാര്യങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്. മുളക് ഉൾപ്പെടെ എല്ലാ പലവ്യഞ്ജനങ്ങൾക്കും വില വളരെ കുറയുകയാണ് ചെയ്തത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം ചെയ്യുന്ന 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് 5 വർഷവും വില കൂട്ടുകയില്ലെന്ന് ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ജനങ്ങൾക്ക് നൽകിയ വാഗ്ദാനം കഴിഞ്ഞ ഒരു വർഷം നടപ്പിലാക്കി. സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷം 446 കോടി രൂപയുടെ സബ്സിഡി ഉല്പന്നങ്ങൾ

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. മുളക്, മല്ലി, ഉഴുന്ന് എന്നിവയുടെ വില അന്നത്തെ വിലയെക്കാൾ കുറയ്ക്കുകയാണ് ചെയ്തത്. ഇനിയും ചില ഉല്പന്നങ്ങൾക്ക് വില കുറയ്ക്കാനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുസംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി ചർച്ച ചെയ്യാനിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റിൽ സപ്ലൈകോയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷനു വേണ്ടി നീക്കിവച്ചത് 70 കോടി രൂപയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആദ്യ ക്യാബിനറ്റ് യോഗത്തിലെടുത്ത മൂന്നാമത്തെ തീരുമാനം സബ്സിഡി തുക 150 കോടി രൂപയാക്കി വർദ്ധിപ്പിച്ചതാണ്. ചരിത്രത്തിൽ ആദ്യമായി സപ്ലൈകോയ്ക്ക് മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി 150 കോടി രൂപയാക്കി വർദ്ധിപ്പിച്ച് തീരുമാനമെടുക്കുന്നത് ഈ ഗവൺമെന്റാണ് എന്ന കാര്യത്തിൽ സംശയമില്ല. മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമാകാൻ ഫണ്ട് കൊടുക്കുകയാണ് ചെയ്തത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സപ്ലൈകോയിലെ സബ്സിഡി ഉല്പന്നങ്ങൾക്ക് വില നിശ്ചയിച്ചിരുന്നത് എങ്ങനെയായിരുന്നു. അന്നത്തെ ഭക്ഷ്യവകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബ് ഇവിടെയുണ്ടല്ലോ. മാർക്കറ്റ് വിലയെക്കാൾ 20 ശതമാനം കുറച്ചാണ് സബ്സിഡി ഉല്പന്നങ്ങൾക്ക് വില നിശ്ചയിച്ചിരുന്നത്. ഈ ഗവൺമെന്റ് അങ്ങനെയൊരു തീരുമാനമല്ല എടുത്തത്. ഏത് സാഹചര്യത്തിൽ വില കൂടിയാലും സബ്സിഡി ഉല്പന്നങ്ങൾക്ക് വില കൂട്ടുന്ന പ്രശ്നമേയില്ല എന്ന തീരുമാനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. ആ തീരുമാനം ഇപ്പോൾ അക്ഷരാർത്ഥത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു മാറ്റവും അക്കാര്യത്തിൽ ഉണ്ടായിട്ടില്ല. പച്ചക്കറിയുടെ കാര്യം, ഞാൻ മാർക്കറ്റിലെ വിലയാണ് പറഞ്ഞത്. ഇപ്പോൾ പച്ചക്കറിക്ക് വർദ്ധിച്ച വിലയിൽ അൽപ്പം കുറവുണ്ടായി എന്നാണ് പറഞ്ഞത്, അത് ശരിയാണ്. പത്രത്തിൽ ഒരു കിലോ ഉള്ളിക്ക് 125 രൂപ എന്നാണ് കാണുന്നത്. ഉള്ളിക്ക് ചാല കമ്പോളത്തിൽ 80 രൂപയേ ഉള്ളൂവെന്ന് അങ്ങുതന്നെ ഇവിടെ വായിച്ചു. പത്രത്തിലെ വിലയും യഥാർത്ഥ വിലയും തമ്മിൽ വ്യത്യാസമുണ്ട്, അതാണ് വസ്തുത. പത്രത്തിൽ വരുന്ന വില പ്രോസസ്സ് ചെയ്യുന്നത് വളരെ നാളുകൾക്കുമുമ്പുള്ള വിവരങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഇപ്പോൾ എത്രയാണ് വിലയെന്ന് മാർക്കറ്റിൽ അന്വേഷിച്ചാൽ അറിയാം. അങ്ങ് പറയുന്നതുപോലെ വിലക്കയറ്റത്തിന്റെ പ്രയാസകരമായ അന്തരീക്ഷം സംസ്ഥാനത്തില്ല. ജനങ്ങൾ വല്ലാതെ പ്രയാസപ്പെടുന്നു എന്നുപറഞ്ഞു. ജനങ്ങൾക്ക് പ്രയാസമുണ്ടാകുമെന്ന കാര്യം ശരിയാണ്. കാരണം ഒരു രൂപ കൂടിയാലും വിലവർദ്ധനവാണ്. അരിയുടെ വില കൂടി, രണ്ട് തവണ നെല്ലിന്റെ സംഭരണ വില കൂട്ടി. സംസ്ഥാന ഗവൺമെന്റും ഒരു തവണ കൂട്ടി. വീണ്ടും കേന്ദ്രം നെല്ലിന്റെ സംഭരണ വില കൂട്ടി. അടുത്ത സംഭരണ വിലയിൽ അത് പ്രതിഫലിക്കും. 22 രൂപ 50 പൈസയ്ക്ക് സംസ്ഥാനത്ത് നെല്ല് സംഭരിക്കുമ്പോൾ അത് കുറച്ചുകൂടി വർദ്ധിക്കാൻ പോവുകയാണ്. ആ വർദ്ധനവ് അരിയുടെ വിലയിലും പ്രതിഫലിക്കും എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ പച്ചക്കറി വിലയിൽ വർദ്ധനവുണ്ടായതിൽ കുറവുണ്ടായിട്ടുണ്ട്. ഓണക്കാലത്ത് പച്ചക്കറിക്ക് വിലവർദ്ധിക്കാതിരിക്കാൻ ആവശ്യമായ മുന്നൊരുക്കങ്ങൾ

സംസ്ഥാനത്താകെ കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.-യും ചേർന്ന് നടത്തുകയാണ്. സപ്ലൈകോയും കൺസ്യൂമർഫെഡും ആ പ്രവർത്തനങ്ങളെ സഹായിക്കാനുള്ള എല്ലാ ഒരുക്കങ്ങളും നടത്തുകയാണ്. അതുകൊണ്ട് പച്ചക്കറിക്ക് വില വർദ്ധനവുണ്ടാകില്ല. ഒരു കിലോ അരിയുടെ വില 45-50 രൂപ എന്നു പറയുന്നത് സൂപ്പർമാളുകളിലെ ബ്രാൻഡഡ് അരിക്കാണ്. ജി.എസ്.ടി. നടപ്പാക്കിയപ്പോൾ അരി വിലയിൽ വർദ്ധനവുണ്ടായെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തപ്പോൾ തന്നെ ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിനോട് ഇതുസംബന്ധിച്ച പരിശോധന നടത്താൻ ആവശ്യപ്പെട്ടു. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട ഷോപ്പിംഗ് മാളുകളിലും ലീഗൽ മെട്രോളജി റെയ്ഡ് നടത്തി. അവിടെ കണ്ട വസ്തുത ഇവിടെ പറഞ്ഞതു പോലെയാണ്. പഴയ എം.ആർ.പി.-യുടെ പുറത്ത് പേപ്പറിൽ പുതിയ എം.ആർ.പി. എഴുതി ഒട്ടിച്ചിരിക്കുകയാണ്. ബ്രാൻഡഡ് ഉല്പന്നങ്ങളുടെ കാര്യത്തിൽ അത് നിയമവിരുദ്ധമായ നടപടിയാണ്. ഇത്തരം 2565 കേസ്സുകളാണ് സംസ്ഥാനത്ത് ശ്രദ്ധയിൽപ്പെട്ടത്. കഴിഞ്ഞ രണ്ടാഴ്ച കൊണ്ട് 70,06,000 രൂപ രാജി ഫീസായി അക്കാര്യത്തിൽ ഈടാക്കി. ബ്രാൻഡഡ് ഉല്പന്നങ്ങൾ അന്യായമായി വില വർദ്ധിപ്പിച്ച് വിൽക്കുന്ന ഷോപ്പിംഗ് മാളുകളിൽ വളരെ ഫലപ്രദമായ ഇടപെടൽ ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ് നടത്തി. അതുപോലെ ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റും സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും പോലീസിന്റെ സഹായത്തോടെ സംസ്ഥാന വ്യാപകമായി ഇത്തരം റെയ്ഡുകൾ നടത്തണമെന്നാണ് ഞങ്ങൾ നിർദ്ദേശം കൊടുത്തിരിക്കുന്നത്. ആ റെയ്ഡുകൾ തുടർച്ചയായി നടക്കും. വില വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കാനുള്ള ശ്രമങ്ങളെ കർശനമായി നേരിടുമെന്ന കാര്യം ഉറപ്പാണ്. വിലക്കയറ്റമില്ലാത്ത ഓണം ആഘോഷിക്കാനുള്ള ഒരുക്കമാണ് സംസ്ഥാനത്താകെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): Sir, The Prices Went Up - Admits Minister - The State Government finally admitted that the prices of essential commodities have indeed gone up. ഇന്നലത്തെ ഡെക്കാൺ ക്രോണിക്കിൾ ദിനപത്രത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യമാണ്. അതിൽ മറ്റൊന്നുകൂടി പറയുന്നുണ്ട്.......the prices of certain oils, spices and vegetables have shot above ₹ 60 percent. The prices of various varieties of rice have gone up by an average of ₹ 22/kg after the LDF came to power. In the case of vegetables, the average rise in prices was ₹ 60/kg. ഇന്നലെ ഡെക്കാൺ ക്രോണിക്കിളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പേരിൽ വന്ന വാർത്തയാണ് ഇത്.

അദ്ദേഹം മാധ്യമങ്ങളെയാണ് കുറ്റപ്പെടുത്തുന്നത്. കേരളത്തിൽ ഇടതുമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു കാര്യത്തിൽ മാത്രമേ വിലക്കുറവുണ്ടായിട്ടുള്ളൂ, അത് വിവാദങ്ങൾക്കാണ്. ഈ ഗവൺമെന്റ് വിവാദങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറിയാണെന്നാണ് സി.പി.ഐ. സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ പറഞ്ഞത്. വിവാദങ്ങളല്ലാതെ വിലക്കുറവിന് ഒരു നടപടിയും സ്വീകരിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ടി. വി. ഇബ്രാഹിം വളരെ ഫലപ്രദമായി എല്ലാ കാര്യങ്ങളും ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇത് മാധ്യമങ്ങളുടെ സൃഷ്ടിയാണെന്നാണ്. മാധ്യമപ്രവർത്തകരും മാർക്കറ്റിൽ പോയി സാധനങ്ങൾ വാങ്ങുന്നവരാണ്. മന്ത്രി ഇവിടെ പറഞ്ഞതെല്ലാം സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വിലയുടെ കാര്യമാണ്. പത്രകട്ടിംഗ് ഉയർത്തിക്കാണിച്ചാണ് ശ്രീ. ടി. വി. ഇബ്രാഹിം ഓരോന്നോരോന്നായി പറഞ്ഞത്. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ഗവൺമെന്റ് സബ്സിഡി നൽകുകയും വിലക്കുറവുണ്ടാവുകയും ചെയ്യും. പൊതുമാർക്കറ്റിലെ സ്ഥിതി ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. വളരെ ഗുരുതരമായ അവസ്ഥയാണുള്ളത്. അരി ഉൾപ്പെടെയുള്ള എല്ലാ നിത്യോപയോഗ സാധനങ്ങൾക്കും വില കുതിച്ചുകയറുകയാണ്. പിടിച്ചു നിർത്താൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. 'പുലി വരുന്നു പുലി വരുന്നു' എന്ന് പറയുന്നതു പോലെ ഒരു മാസംമുമ്പ് ആന്ധ്രയിൽ നിന്ന് അരിവരുന്നു എന്ന് പറഞ്ഞു കേട്ടതല്ലാതെ അരി വരുന്നില്ല. എല്ലാ അരിയുടെയും വില 22 ശതമാനം വർദ്ധിച്ചുവെന്ന് അദ്ദേഹം തന്നെ പറഞ്ഞതാണ്. സംസ്ഥാനത്ത് എല്ലാ സാധനങ്ങളുടെയും വില കുതിച്ചുയരുകയാണ്. ബഹുമാനപ്പെട്ട മന്ത്രി കണ്ണടച്ച് ഇരുട്ടാക്കുകയാണ്. കേരളത്തിലെ വീട്ടമ്മമാർക്ക് മന്ത്രിയുടെ മറുപടി ഒട്ടും ആശ്വാസകരമല്ല.

അരിയും പച്ചക്കറിയും ഉൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങൾക്ക് തൊട്ടാൽ പൊള്ളുന്ന വിലയാണ്. ഇതൊന്നും സർക്കാർ അറിഞ്ഞഭാവം നടിക്കുന്നില്ല. അരിയുടെ വില കുതിച്ചുയരുന്നുവെന്നുള്ളത് സത്യമാണ്. ഓരോ മാർക്കറ്റിലും അരിക്ക് ഓരോ വിലയാണ്. അമിതമായി അരിയുടെ വില കൂട്ടുന്ന ആളുകളെ നിയന്ത്രിക്കാൻ ഗവൺമെന്റിന് കഴിയില്ലേ? വിപണിയിൽ ഇടപെടുക മാത്രമല്ല, കരിഞ്ചന്തക്കാരുടെയും പൂഴ്ത്തിവയ്പുകാരുടെയും വില അമിതമായി കൂട്ടുന്നവരുടെയും പേരിൽ കർശനമായ നടപടി സ്വീകരിക്കണം. കേരളീയർ പൊതുവെ ഉപയോഗിക്കുന്ന സുരേഖ, ജയ തുടങ്ങിയ അരിക്ക് ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 32-34 രൂപയായിരുന്നത് ഇപ്പോൾ 50 രൂപയിലും അതിൽക്കുറഞ്ഞ അരി 44-46 രൂപയിലും എത്തിനിൽക്കുന്നു. പച്ചരിക്ക് 30 രൂപയായിരുന്നത് ഇപ്പോൾ 46 രൂപയാണ്. പച്ചക്കറികൾക്ക് മിക്കതിനും ഇരട്ടി വിലയാണ്. മുമ്പ് 100-200 രൂപയ്ക്ക് ചാലയിൽനിന്നും ഒരു ചാക്ക് പച്ചക്കറി ലഭിക്കുമായിരുന്നു. ഇപ്പോൾ 500 രൂപയ്ക്ക് വാങ്ങിയാലും ഒരു സഞ്ചിയിൽ കൊള്ളുന്ന പച്ചക്കറി കിട്ടാത്ത അവസ്ഥയാണുള്ളത്. ഒരു ചെറിയ കുടുംബത്തിന് അവിയൽ വയ്ക്കണമെങ്കിൽ 50 രൂപയുടെ പച്ചക്കറി ആവശ്യമാണ്. മൂന്ന് മാസം മുമ്പ് ചാലയിൽ

20 രൂപയ്ക്ക് 1.5 കിലോഗ്രാം തക്കാളി ലഭിക്കുമായിരുന്നെങ്കിൽ ഇപ്പോൾ 80-100 രൂപയാണ് വില. മലബാറിൽ തക്കാളിയുടെ വില 120 രൂപയാണ്. ചെറിയ ഉള്ളി മുറിച്ചാലല്ല, അത് കണ്ടാൽത്തന്നെ കണ്ണിൽ നിന്നും വെള്ളം വരുന്ന സ്ഥിതിയാണ് ഇന്ന് കേരളത്തിലുള്ളത്. അത്ര വില വർദ്ധനവാണ് കേരളത്തിലുള്ളത്. ഇടയ്ക്ക് വില കുറച്ച് താഴ്ന്നുവെങ്കിലും ഓണം, ബക്രീദ് ഫെസ്റ്റിവൽ സീസൺ വരുന്നതുകൊണ്ട് വില ഉയരാനുള്ള സാധ്യതയുണ്ട്. അതുകൂടി കണ്ടുകൊണ്ട് ഗവൺമെന്റ് മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി വിലവർദ്ധനവ് പിടിച്ചുനിർത്തുകയെന്നുള്ളതാണ് ഏറ്റവും ആവശ്യം. സവാളയുടെ വില 20 രൂപയിൽ നിന്നും 40 രൂപയിലെത്തിനിൽക്കുന്നു. പച്ചമുളക്, വെള്ളരിയ്ക്ക, പാവയ്ക്ക, അമരയ്ക്ക തുടങ്ങിയ എല്ലാ പച്ചക്കറികൾക്കും വലിയ വിലയാണ്. പഴവർഗ്ഗങ്ങൾക്ക് മുൻകാലത്ത് ഇല്ലാത്ത വിലവർദ്ധനവാണ് ഇപ്പോഴുള്ളത്. മുമ്പ് 50 രൂപ വിലയുണ്ടായിരുന്ന രസകദളി പഴത്തിന് ഇപ്പോൾ 100 രൂപയാണ് വില. ഏത്തപ്പഴത്തിന് കിലോഗ്രാമിന് 80 രൂപയാണ് വില. ഒരിക്കലും വില വർദ്ധിക്കാതിരുന്ന പാളയംതോടൻ പഴത്തിന് 25-30 രൂപ വില ഉണ്ടായിരുന്നത് ഇപ്പോൾ 50-55 രൂപയായി. ചെറുപയർ, പരിപ്പ്, വറ്റൽമുളക് തുടങ്ങി തൊട്ടതിനെല്ലാം തീപിടിച്ച വിലയാണ്. അതിന്റെ വിശദാംശങ്ങൾ ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. ഇത്രയൊക്കെ ആയിട്ടും സർക്കാർ ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടൽ നടത്തുന്നില്ലെന്നുള്ളതാണ് പരാതി. കൂനിൻമേൽ കുരുവെന്നപോലെ ജി.എസ്.ടി. വന്നു. അതിനെക്കുറിച്ച് ഇന്നലെ വിശദമായി സംസാരിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഹോട്ടൽ ഭക്ഷണത്തിന് വില കൂടി. എല്ലാ സാധനങ്ങൾക്കും വില കൂടിയതുകൊണ്ട് മാർക്കറ്റിൽ പോയി സാധനങ്ങൾ വാങ്ങാൻ കഴിയാത്ത അവസ്ഥയാണ്. സംസ്ഥാനത്ത് ഇത്രയും വില വർദ്ധനവ് ഉണ്ടായിട്ടും സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകുന്നില്ല. ഹോർട്ടികോർപ്പിൽ പല സാധനങ്ങൾക്കും മാർക്കറ്റിൽ ഉള്ളതിനെക്കാൾ വിലയുണ്ട്. അതുസംബന്ധിച്ച് ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചിരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പച്ചക്കറിയും സാധനങ്ങളും കൊണ്ടുവരാൻ കഴിയണം. അതിനാണ് ഗവൺമെന്റ് ഏജൻസികൾ നിലവിലുള്ളത്. ഓണത്തിന് 'ഒരു മുറം പച്ചക്കറി' എന്നാണ് ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത്. എല്ലാവരും ആവേശത്തോടെയാണ് ആ പ്രഖ്യാപനം കേട്ടത്. ഓണം കഴിഞ്ഞാൽ മാത്രമേ ഒരു മുറം പച്ചക്കറി ലഭിക്കുകയുള്ളുവെന്നാണ് ഇപ്പോൾ അറിയുന്നത്. സംസ്ഥാനത്ത് എല്ലാ സാധനങ്ങൾക്കും ഉയർന്ന വിലയാണുള്ളത്. വിലക്കയറ്റം കൊണ്ട് ജനങ്ങൾ പ്രയാസപ്പെടുമ്പോൾ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുന്നില്ലെന്ന് മാത്രമല്ല, വിലക്കയറ്റത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നത്. സംസ്ഥാനത്തെ വിലക്കയറ്റംമൂലം ജനങ്ങൾ അനുഭവിക്കുന്ന

ബുദ്ധിമുട്ടിന് പരിഹാരം ഉണ്ടാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇപ്പോൾ ഈ വിലയാണെങ്കിൽ ഓണം, ബക്രീദ് ഫെസ്റ്റിവൽ സീസണിൽ ഉണ്ടാകുന്ന വിലക്കയറ്റം അമിതവും ഭയാനകവുമായിരിക്കും. അത് നിയന്ത്രിക്കാൻ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു എന്നുതന്നെയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, വിലക്കയറ്റത്തെക്കുറിച്ച് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയ ശ്രീ. ടി. വി. ഇബ്രാഹിം സംസാരിക്കുന്നതു പോലും സഹിഷ്ണുതയോടെ കേൾക്കാൻ ഭരണപക്ഷത്തുള്ളവർക്ക് താല്പര്യമില്ല എന്നുള്ളത് വളരെ ഖേദകരമാണ്. വിലക്കയറ്റം എന്നത് അൺപാർലമെന്ററിയല്ല. അതുകൊണ്ട് വിലക്കയറ്റം എന്ന് കേൾക്കുമ്പോൾ ഇത്രയും ക്ഷോഭിക്കേണ്ട കാര്യവുമില്ല. ശ്രീ. എം. സ്വരാജ് തൃപ്പൂണിത്തുറയിൽനിന്നും വരുന്ന ആളാണ്. ഏതാനും ദിവസം കഴിയുമ്പോൾ അത്തച്ചമയം ആരംഭിക്കും. അത്തം ആരംഭിച്ച് പത്താം ദിവസം ഓണമാണ്. ഓണത്തിനുശേഷമുള്ള നാല് ദിവസം ഉൾപ്പെടെ 14 ദിവസം കേരളത്തിലെ ജനങ്ങൾ ജാതി-മത-വർഗ്ഗ-വർണ്ണ വ്യത്യാസമില്ലാതെ ആഘോഷിക്കുന്നതാണ്. ആ ദിവസങ്ങളിൽ വിലക്കയറ്റമില്ലാതെ സാധാരണക്കാരനും ഓണം ആഘോഷിക്കാവുന്ന അവസ്ഥ ഉണ്ടാക്കണമെന്നാണ് ശ്രീ. ടി. വി. ഇബ്രാഹിം പറഞ്ഞത്. അതുകേട്ട് ആരും ക്ഷോഭിക്കേണ്ട കാര്യമില്ല. ബക്രീദിന്റെ കാര്യം ബഹുമാനപ്പെട്ട മന്ത്രി വിട്ടുപോയി. ബക്രീദും ഓണവും ഒരേ സമയം വരുന്നതുകൊണ്ട് തീർച്ചയായും വിലക്കയറ്റം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോഴത്തെ പ്രവണത മോശമാണ്. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി ബംഗാളിൽ നിന്നും അരി കൊണ്ടു വരുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ എത്തിയിട്ടില്ല. ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി പറഞ്ഞ ഒന്നു രണ്ട് കാര്യങ്ങളുണ്ട്. ഏത്തക്കായ്ക്ക് 65 രൂപ വിലയുണ്ടെന്ന് അദ്ദേഹം തന്നെ പറഞ്ഞു. ഓണത്തിന് ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് ഏത്തക്കായാണ്. അതിന് ഇത്രയും വിലവർദ്ധനവ് കേരളത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ല. 30-40 രൂപയ്ക്ക് ലഭിച്ചിരുന്ന ഏത്തക്കായാണ് ഇപ്പോൾ 65 രൂപയ്ക്ക് ലഭിക്കുമെന്ന് മന്ത്രി സമ്മതിക്കുന്നത്. ഇപ്പോഴത് 80 രൂപയായി വർദ്ധിച്ചിട്ടുണ്ട്. വിലക്കയറ്റം അതിന്റെ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് പോവുകയാണ്. അതുപോലെ ജി.എസ്.ടി., പാചകവാതകത്തിന്റെ അടിക്കടിയുള്ള വില വർദ്ധനവ് തുടങ്ങിയ സംഭാവനകളും ലഭിച്ചിട്ടുണ്ട്. കേരളത്തിലെ ജനങ്ങളെ വറചട്ടിയിൽനിന്നും എരിതീയിലേയ്ക്ക് വലിച്ചെറിയപ്പെട്ടുകൊണ്ടിരിക്കുന്ന

അവസ്ഥയാണിത്. ബഹുമാനപ്പെട്ട മന്ത്രി മാർക്കറ്റ് ഇന്റർവെൻഷനെക്കുറിച്ച് സൂചിപ്പിച്ചു. മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടക്കാത്തതുകൊണ്ടാണ് വിലവർദ്ധനവുണ്ടാകുന്നത്. അതോടൊപ്പം കെട്ടുകാര്യസ്ഥതയുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയും ഉദ്യോഗസ്ഥരും ഹൈദ്രാബാദിൽ പോയി ചർച്ച നടത്തിയെന്ന് പറഞ്ഞു. ഞാനും ആ വിവരം അറിഞ്ഞതാണ്. ഓണത്തിന് അരി എത്തുമെന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ വളരെ വൈകിപ്പോയി. ബി.ജെ.പി.-യാണ് രാജ്യം ഭരിക്കുന്നത്. അരി കൊണ്ടു വരുന്ന ഗുഡ്സ് ട്രെയിൻ വൈകിയാൽ നമ്മുടെ സ്ഥിതി എന്താകുമെന്ന് നമുക്കെല്ലാമറിയാം. വാസ്തവത്തിൽ വിലക്കയറ്റം ഒരു രാക്ഷസനെപ്പോലെ ഉഗ്ര പ്രതാപിയായി സാധാരണക്കാരുടെ മേൽ ചാടിവീഴുന്ന അവസ്ഥയിൽപ്പോലും ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പത്രങ്ങളിൽ വരുന്ന വാർത്ത അസംബന്ധ മാണെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറയുന്നത്. കഴിഞ്ഞ കാലങ്ങളിൽ സഭാതലത്തിൽ വന്ന പല ചർച്ചകളും പത്രവാർത്തകളുടെ അടിസ്ഥാന ത്തിലായിരുന്നു. അന്ന് പ്രതിപക്ഷത്തിരുന്ന ഇടതുപക്ഷം ഉന്നയിച്ചിരുന്നത് അസംബന്ധ മായിരുന്നോ? ഇവിടെ വരുന്ന വാർത്തകൾ മുഖവിലയ്ക്ക് എടുക്കാൻപോലും ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നുള്ളതാണ് മന്ത്രിയുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്. കോർപ്പറേഷൻ വാങ്ങുന്ന വില അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. പൊതുവിപണിയിലെ വിലയാണ് ജനങ്ങളുടെ വിഷയം. പൊതുവിപണിയിൽ വില വർദ്ധനവ് ഉണ്ടാകുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിലും ഉണ്ടാകുമെന്ന് കരുതുന്നു. അങ്ങ് വായിച്ച തുകകളല്ല 2017 ആഗസ്റ്റ് മാസത്തെ കണക്കുപ്രകാരം എന്റെ കയ്യിലുള്ളത്. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്ക് ഡിപ്പെന്റ് ചെയ്യാൻ കഴിയുമെന്നുണ്ടെങ്കിൽ തീർച്ചയായും കേരളത്തിലെ വില മന്ത്രി പറഞ്ഞതല്ല. വലിയൊരു വിലക്കയറ്റം കേരളത്തിൽ കാണാൻ കഴിയുന്നുണ്ട്.

യു.ഡി.എഫ്. ഭരിക്കുമ്പോൾ മാവേലി സ്റ്റോറുകൾ വഴി 50-60 ശതമാനം വിലക്കുറവിൽ സാധനങ്ങൾ കൊടുത്തിരുന്നു. 20 ശതമാനം മാത്രമാണ് കുറവ് എന്നുള്ള നിലയിൽ പറയുന്നത് ശരിയല്ല. ശരിയായ രീതിയിൽ കാര്യങ്ങൾ പരിശോധിച്ച് സഭയിൽ മറുപടി പറയണം. സബ്സിഡി സാധനങ്ങൾക്ക് വില കൂട്ടുന്നില്ലെന്ന് പറയുന്നത് സ്വാഗതാർഹമാണ്. എന്നാൽ സബ്സിഡി സാധനങ്ങൾ

മാവേലി സ്റ്റോറുകളിൽ ലഭ്യമല്ല. വില കൂട്ടിയിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യവും സന്തോഷകരവുമാണ്. വില കൂട്ടാതിരിക്കുമ്പോൾ സാധനങ്ങൾ ലഭ്യമാകണം. അല്ലെങ്കിൽ അതുകൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല. സാധനങ്ങൾക്ക് വില കൂട്ടിയിട്ടില്ലെന്ന് പത്രങ്ങളിൽ വാർത്ത കൊടുക്കുകയും സഭയിൽ പ്രസംഗിക്കുകയും ചെയ്യാം. സബ്സിഡി സാധനങ്ങളുടെ ലഭ്യത വളരെ കുറഞ്ഞിരിക്കുന്നുവെന്നും ഞാൻ ചൂണ്ടിക്കാട്ടുന്നു. ഈ വിഷയം വളരെ ലഘുവായി കാണുന്ന ഗവൺമെന്റിന്റെ സമീപനം തികച്ചും പ്രതിഷേധാർഹമാണ്. സഭയിൽ ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ജനങ്ങൾ ബുദ്ധിമുട്ടുന്ന ഈ സന്ദർഭത്തിൽ വിലക്കയറ്റംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് സാധ്യമായ ഇടപെടൽ നടത്തുകയാണ് വേണ്ടത്. ഓണക്കാലവും ബക്രീദും വരുന്നതിനുമുമ്പായി ഈ പ്രശ്നത്തെക്കുറിച്ച് ഗൗരവതരമായ ഒരു ചർച്ചയും സാധ്യമായ നടപടികൾക്കുവേണ്ടി ആത്മാർത്ഥമായ ഇടപെടലും ഗവൺമെന്റ് നടത്തേണ്ടതാണ്. ആ ഒരു ഗൗരവത്തോടെ ഈ വിഷയം കാണാൻ തയ്യാറാകാതിരിക്കുകയും ഗവൺമെന്റിന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് നിലപാട് സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ ജനങ്ങളുടെ ദുരിതം വേണ്ടതുപോലെ കാണാൻ സർക്കാരിന് കഴിയുന്നില്ല എന്നുള്ളതാണ് നമുക്ക് വിലയിരുത്താൻ കഴിയുന്നത്. വിലക്കയറ്റം രൂക്ഷമായ സാഹചര്യത്തിൽ ജി.എസ്.ടി. കൂടി വന്നതോടെ പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമായെന്ന് നേതാക്കൾ സൂചിപ്പിക്കുകയുണ്ടായി. അഡീഷണലായി കൊടുക്കേണ്ട നികുതി കൃത്യമായി ബില്ലിൽ അടിച്ചുതരികയാണ്. ഇതെല്ലാം ജനങ്ങൾ സഹിക്കേണ്ടി വരികയാണ്. ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കപ്പെടുന്ന അധികഭാരംകൂടി ചേരുമ്പോൾ സ്വാഭാവികമായും ഉണ്ടാകുന്ന വിലക്കയറ്റവുമെല്ലാം വിലയിരുത്തുമ്പോൾ ജനങ്ങൾക്ക് താങ്ങാൻ കഴിയാത്ത, ജീവിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷം നമ്മുടെ സംസ്ഥാനത്ത് സംജാതമായിരിക്കുന്നു. ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാൻ ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. അതിന് തയ്യാറാകാത്ത നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് കേരള കോൺഗ്രസ് പാർട്ടി അംഗങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ടു പുറത്തുപോയി. പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) പാലക്കാട് റെയിൽ കോച്ച് ഫാക്ടറി

ശ്രീ. കെ. വി. വിജയദാസ്: സർ, നിർമ്മാണോദ്ഘാടനം നടത്തിയിട്ടുള്ള കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കണമെന്നതാണ് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. പാലക്കാട് റെയിൽവേ ഡിവിഷൻ വെട്ടിമുറിച്ച് സേലം ഡിവിഷൻ രൂപീകരിച്ചപ്പോൾ കോച്ച് ഫാക്ടറി അനുവദിക്കുമെന്നത് കേരളത്തിന് നൽകിയ വാഗ്ദാനമായിരുന്നു. അന്നത്തെ റെയിൽവേ മന്ത്രി ശ്രീ. ലാലു പ്രസാദ് യാദവാണ് ആ പ്രഖ്യാപനം നടത്തിയത്. അതിന്റെ ചുവടുപിടിച്ചു കൊണ്ട് 2008-09-ലെ റെയിൽവേ ബഡ്ജറ്റിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുമെന്ന് പ്രഖ്യാപനം നടത്തി. ഔദ്യോഗികമായി ബഡ്ജറ്റ് രേഖകളിൽ ഉണ്ടാകുകയാണ് ചെയ്തത്. 600 കോടി രൂപ ചെലവഴിച്ച് കോച്ച് ഫാക്ടറി നിർമ്മിക്കാൻ സംസ്ഥാന സർക്കാർ സ്ഥലം വിട്ടുകൊടുക്കണമെന്നായിരുന്നു ഒരു വ്യവസ്ഥയുള്ളത്. പൊതുമേഖലയിൽ കോച്ച് ഫാക്ടറി നിർമ്മിക്കുക എന്ന ആശയത്തിന് ദശാബ്ദങ്ങളോളം പഴക്കമുണ്ടായിരുന്നു. അതെല്ലാം അവസാനിച്ച് കോച്ച് ഫാക്ടറി ലഭ്യമാകുമെന്നാണ് അന്ന് കരുതിയിരുന്നത്. ഇതിനായി എൽ.ഡി.എഫ്. സർക്കാർ യുദ്ധകാലാടിസ്ഥാനത്തിൽത്തന്നെ 439 ഏക്കർ സ്ഥലം ഏറ്റെടുത്ത് സൗജന്യമായി റെയിൽവേയ്ക്ക് കൈമാറുകയും ചെയ്തു. അങ്ങനെ റെയിൽവേ കോച്ച് ഫാക്ടറി കേരളത്തിന് ലഭിക്കുമെന്ന പ്രതീതിയാണ് ആ കാലഘട്ടത്തിലുണ്ടായത്. കോച്ച് ഫാക്ടറിയുടെ നിർമ്മാണച്ചെലവ് പൂർണ്ണമായും വഹിക്കുമെന്നും റെയിൽവേ അന്ന് അറിയിച്ചിരുന്നു. ഒന്നാം യു.പി.എ. സർക്കാരിന്റെ കാലത്തുതന്നെ ഇതേ ബഡ്ജറ്റിൽ റായ്ബറേലിയിലും കോച്ച് ഫാക്ടറി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ബഹുമാന്യയായ സോണിയ ഗാന്ധിയുടെ നിയോജകമണ്ഡലമായിരുന്ന റായ്ബറേലി. അവിടെ കോച്ച് ഫാക്ടറി നിർമ്മാണം പൂർത്തിയാക്കുക മാത്രമല്ല ഉത്പാദനവും തുടങ്ങിയിട്ടുണ്ട്. എന്നാൽ, കേരളത്തിന് അനുവദിക്കപ്പെട്ട കോച്ച് ഫാക്ടറി ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. ബഹുമാന്യരായ എ. കെ. ആന്റണി, വയലാർ രവി തുടങ്ങിയ സീനിയർ മന്ത്രിമാരുൾപ്പെടെ 8 മന്ത്രിമാർ അന്നത്തെ കേന്ദ്ര മന്ത്രിസഭയിലുണ്ടായിരുന്നിട്ടും കേരളത്തിലെ കോച്ച് ഫാക്ടറിക്കു വേണ്ടി ഫലപ്രദമായ ഇടപെടൽ നടത്തിയില്ല എന്നുള്ളത് ദുഃഖകരമായ ഒരവസ്ഥയായി ഇന്നും അവശേഷിക്കുകയാണ്. പൊതുമേഖലയിലെ കോച്ച് ഫാക്ടറിയെന്ന സങ്കൽപ്പത്തിൽ നിന്ന് പൊതു സ്വകാര്യ പങ്കാളിത്തത്തിലേയ്ക്ക് ഈ കോച്ച് ഫാക്ടറി മാറ്റണമെന്ന ആശയം മുന്നോട്ടുവച്ചതും അന്നത്തെ യു.പി.എ. ഗവൺമെന്റ് തന്നെയാണ്. സ്വകാര്യ പങ്കാളിയെ

ക്ഷണിച്ചുകൊണ്ട് റെയിൽവേ വിജ്ഞാപനമിറക്കുകയും ചെയ്തു. പക്ഷേ, ഒരു ചൈനീസ് കമ്പനി മാത്രമാണ് ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുവന്നത്. ചൈനീസ് കമ്പനിയായതു കൊണ്ട് സുരക്ഷാ കാരണങ്ങളാൽ അനുവദിക്കില്ല എന്ന് ഗവൺമെന്റ് വ്യക്തമാക്കുകയും ചെയ്തു. തുടർന്ന്, പാലക്കാട് എം. പി., ശ്രീ. എം. ബി. രാജേഷ് ഇടപെട്ടുകൊണ്ട് സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യയുമായി ചർച്ച നടത്തി. സ്റ്റീൽ അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡിന് റെയിൽവേ കോച്ച് ഫാക്ടറിക്ക് ആവശ്യമായ എല്ലാ സഹായവും വാഗ്ദാനം ചെയ്തുകൊണ്ട് ഔദ്യോഗികമായി സർക്കാരിന് കത്തെഴുതുകയും ചെയ്തു. തുടർന്ന്, സർക്കാർ ഇതുസംബന്ധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ SAIL-ന് ഇക്കാര്യം ഏറ്റെടുക്കുന്നതിന് കഴിയില്ല എന്ന രീതിയിൽ ആസൂത്രണ കമ്മീഷൻ ഇവിടെ തടസ്സവാദം ഉന്നയിച്ചു. ഇതോടുകൂടി കോച്ച് ഫാക്ടറി അട്ടിമറിക്കപ്പെട്ടുവെന്ന പ്രതീതിയാണുണ്ടായത്. പലതവണ നിവേദനം നൽകിയിട്ടും പലതവണ ഇക്കാര്യങ്ങൾ പാർലമെന്റിലും അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാർ ഉൾപ്പെടെ കേന്ദ്രമന്ത്രിസഭയിൽ സമ്മർദ്ദം ചെലുത്തിയിട്ടും കോച്ച് ഫാക്ടറിയുടെ പണി ആരംഭിക്കാൻ കഴിഞ്ഞില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇതിനിടയിൽ 2012 ഫെബ്രുവരി 21-ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ സാന്നിദ്ധ്യത്തിൽ പാലക്കാട് കോച്ച് ഫാക്ടറി നിർമ്മാണോദ്ഘാടനവും നടത്തി. കഞ്ചിക്കോട് കോച്ച് ഫാക്ടറി പാലക്കാട് കോട്ടമൈതാനിയിൽനിന്നും 15 കിലോമീറ്റർ അകലെയാണ്. നിർദ്ദിഷ്ട കോച്ച് ഫാക്ടറി സ്ഥാപിക്കേണ്ട കഞ്ചിക്കോട് തറക്കല്ലിടുന്നതിനുപകരം കോട്ടമൈതാനത്ത് വന്ന് തറക്കല്ലിട്ട് പോകുകയാണ് അന്ന് കേന്ദ്ര റെയിൽവേ സഹമന്ത്രി ചെയ്തത്. അതിനുശേഷം 2017 ആയിട്ടും ഇന്നുവരെ കോച്ച് ഫാക്ടറിയെക്കുറിച്ചോ അതിന്റെ നിർമ്മാണത്തെ സംബന്ധിച്ചോ ഒരു ചർച്ചയും ഒരിടത്തുമുണ്ടായിട്ടില്ല. ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് വന്നതോടുകൂടി ശ്രീ. ഡി. വി. സദാനന്ദ ഗൗഡ റെയിൽവേ മന്ത്രിയായി. കേരളത്തിലെ എം.പി.-മാർ അദ്ദേഹത്തെകണ്ട് നിവേദനം നൽകിയപ്പോൾ കോച്ച് ഫാക്ടറി പൂർണ്ണമായും സ്വകാര്യമേഖലയിൽത്തന്നെ പണി ആരംഭിക്കുമെന്നും അതിനുവേണ്ട നീക്കം നടത്താമെന്നും ഉറപ്പുനൽകുകയുണ്ടായി. ഇപ്പോൾ ശ്രീ. സദാനന്ദ ഗൗഡ മാറി, ശ്രീ. സുരേഷ് പ്രഭു കേന്ദ്രമന്ത്രിയായി ചാർജെടുത്തതിനുശേഷം കോച്ച് ഫാക്ടറിയെ സംബന്ധിച്ച് യാതൊരു നീക്കവുമില്ല. കോച്ച് ഫാക്ടറി എന്നെന്നേയ്ക്കുമായി നഷ്ടപ്പെടുമോ എന്ന രീതിയിലേയ്ക്കാണ് ഇപ്പോൾ ചർച്ചകൾ നടക്കുന്നത്. മറ്റൊരു സംസ്ഥാനമായ ഹരിയാനയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കാൻ പോകുന്നു, അതിന്റെ പ്രവർത്തനങ്ങൾ അവിടെ നടക്കാൻ പോകുന്നു, എന്നാണ് പത്രവാർത്തകൾവഴി ഇപ്പോൾ അറിയുന്നത്. ദശാബ്ദങ്ങളോളം കേരളത്തിന്റെ ആവശ്യമായിരുന്ന റെയിൽവേ കോച്ച് ഫാക്ടറി, പതിനായിരത്തോളം ആളുകൾക്ക് പ്രത്യക്ഷമായും

അത്രതന്നെ ആളുകൾക്ക് പരോക്ഷമായും ജോലി ലഭിക്കാവുന്ന ഒരു മേഖലയാണ്. ഒരു ടൗൺഷിപ്പ്, അതുമായി ബന്ധപ്പെട്ടുവരുന്ന കച്ചവട സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിങ്ങനെ ഏതാണ്ട് അമ്പതിനായിരം ആളുകൾക്ക് ഇതുമായി ബന്ധപ്പെട്ട് തൊഴിൽ സാധ്യതയുള്ള ഒരു ബൃഹത്തായ തൊഴിൽ സംരംഭമാണ് കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി. അത് കേരളത്തിന് നഷ്ടപ്പെടുമെന്നുള്ളത് കേരളത്തിന് തീരാനഷ്ടംതന്നെയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെയും കേന്ദ്രമന്ത്രിസഭയുടെയും ശ്രദ്ധയിൽപ്പെടുത്തി കേരളത്തിൽ കോച്ച് ഫാക്ടറിയുടെ പണി ആരംഭിക്കാനും അത് യാഥാർത്ഥ്യമാക്കാനുംവേണ്ടി നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ച ഈ പ്രശ്നം, അദ്ദേഹം തന്നെ നൽകിയ വിശദീകരണത്തിൽനിന്ന് ദീർഘകാലമായിട്ടുള്ള കേരളത്തിന്റെ ആവശ്യം മാറിമാറി വരുന്ന കേന്ദ്ര സർക്കാരുകൾ അവഗണിച്ചിരിക്കുന്നുവെന്ന കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് തറക്കല്ലിട്ടിട്ട് ഇപ്പോൾ 9 വർഷം കഴിഞ്ഞു എന്നു പറഞ്ഞ കാര്യം ഏറ്റവും ഒടുവിലത്തെ സംഭവമാണ്. 1952-ൽ ആദ്യത്തെ പാർലമെന്റ് നിലവിൽ വന്നപ്പോൾ തന്നെ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന എ. കെ. ജി. ഈ ഇഷ്യൂ ആ വർഷം പാർലമെന്റിൽ ഉന്നയിച്ചിരുന്നു. ഇപ്പോൾ 65 വർഷമായി. അദ്ദേഹം അന്തരിച്ചിട്ട് 44 വർഷമായി. തറക്കല്ലിട്ടിട്ട് 9 വർഷമായി. ഇതാണ് കേരള റെയിൽവേ വികസനത്തോടുള്ള കേന്ദ്രത്തിന്റെ അങ്ങേയറ്റം അവഗണനാപരമായ സമീപനം. ഇതിൽക്കൂടുതൽ ഉദാഹരണം വേറെ പറയാനില്ല. അവഗണനയുടെ അടിസ്ഥാന രീതിയിൽ മാറ്റമുണ്ടായിട്ടില്ല. ചില നല്ല കാര്യങ്ങളൊക്കെ ഇപ്പോൾ ചെയ്യുന്നുണ്ട്. അതുപോലെ, ആലപ്പുഴ കഞ്ഞിക്കുഴിയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഒരു സ്റ്റീൽ ഫാക്ടറിയുണ്ട്. ശ്രീ. എളമരം കരീം വ്യവസായ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ആ സ്ഥാപനവും കേന്ദ്ര റെയിൽവേയുമായി റെയിൽവേ വാഗണിനുവേണ്ടി ഒരു എഗ്രിമെന്റ് ഒപ്പുവച്ചു. ശ്രീമതി മമതാ ബാനർജി അത് ക്യാൻസൽ ചെയ്തു. അതുപോലുള്ള നിരവധി കാര്യങ്ങളിൽ അവഗണന തന്നെയാണുള്ളത്. ചില കാര്യങ്ങൾ ചെയ്തിട്ടില്ലായെന്ന് ഞാൻ പറയുന്നില്ല. പാലക്കാട് റെയിൽ കോച്ച് ഫാക്ടറി എന്ന പദ്ധതി കേന്ദ്ര ഗവൺമെന്റ് 2008-09-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതാണ്. 1215 കോടി രൂപയാണ് ചെലവ് പറഞ്ഞിരുന്നത്. പദ്ധതി തുടങ്ങാൻ പാലക്കാട് 430.59 ഏക്കർ സ്ഥലം വേണമെന്ന് പറഞ്ഞിരുന്നു. 239 ഏക്കർ സ്ഥലം റെയിൽവേയ്ക്ക് കൈമാറാൻ 28-1-2012-ൽ ഗവൺമെന്റ് ഉത്തരവിറക്കിയിരുന്നു. കൂടാതെ 94.85 ഏക്കർ സ്ഥലം കൂടി പദ്ധതിക്ക് വേണമെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത 94.85 ഏക്കർ ഭൂമിയിൽ 92.75 ഏക്കർ വനഭൂമിയും 1.47 ഏക്കർ സ്വകാര്യ ഭൂമിയുമടക്കം ഭൂമി നൽകാൻ സംസ്ഥാന

ഗവൺമെന്റ് തയ്യാറായി നടപടികൾ സ്വീകരിച്ചുതുടങ്ങി. പക്ഷേ ഒന്നാംഘട്ടത്തിൽ 230 ഏക്കർ ഭൂമി മാത്രമേ ആവശ്യമുള്ളൂവെന്ന് റെയിൽവേ ബോർഡ് തീരുമാനിച്ചതായി സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ കേരള ഗവൺമെന്റിനെ അറിയിച്ചു. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവച്ചു. അവർക്ക് ആവശ്യമുള്ള ഭൂമി കൊടുത്തുകഴിഞ്ഞു. പിന്നീട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാപ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുകയുണ്ടായി :

പുതുക്കിയ ബിസിനസ്സ് പ്ലാൻ പ്രകാരം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ നാലായിരത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കാനുള്ള പദ്ധതിയാണ് അവർ അറിയിച്ചിട്ടുള്ളത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡ് അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപര്യം പ്രകടിപ്പിച്ചില്ല അതുകൊണ്ടാണ് തുടക്കത്തിൽ പ്രൊപ്പോസൽ ഉണ്ടാകാതിരുന്നതും റെയിൽവേ ബോർഡ് അതുവരെ പരിഗണിക്കാത്തതുമായ സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ താൽപ്പര്യം പ്രകടിപ്പിച്ചതെന്നും അറിയിച്ചിരുന്നു. നാഷണൽ അലുമിനിയം കമ്പനി കൂടി ചേർന്ന് 23 ശതമാനം ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം പരിഹരിക്കണമെന്നും റെയിൽവേ അറിയിച്ചു. പി.പി.പി മോഡൽ വഴിയായി 26 ശതമാനം ഓഹരി പങ്കാളിത്തം അവിടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അധികാരികൾ അറിയിച്ചു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലുമിനിയം കോച്ചുകൾതന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുകൊണ്ടിരിക്കുക യാണെന്നും റെയിൽവേ അധികാരികൾ ഇപ്പോൾ അറിയിച്ചിരിക്കുകയാണ്. കഞ്ചിക്കോടിലെ റെയിൽവേ കോച്ച് ഫാക്ടറി ഇനിയും ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ശക്തിയായി ആവശ്യപ്പെട്ടതുപോലെ കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിക്ക് നിരവധി കത്തുകൾ അയയ്ക്കുകയും എം.പി.-മാരുടെ സമ്മേളനങ്ങളിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശക്തമായി ഉന്നയിക്കുകയും ഉദ്യോഗസ്ഥ തലത്തിൽ ഡൽഹിയിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. റെയിൽവേയുടെ ചാർജ്ജുള്ള മിനിസ്റ്റർ ഏറ്റവും ഒടുവിൽ 7-8-2017-ന് തന്നെ വിശദമായി കത്ത് അയച്ചു. മാത്രവുമല്ല, അടിസ്ഥാന വികസനത്തിൽ ഏറ്റവും വലിയ പ്രാധാന്യം നൽകുന്ന ഈ ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ നിരവധി തവണ മന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ചർച്ച ചെയ്തപ്പോഴൊന്നും 'No' പറഞ്ഞിട്ടില്ല. കേരളത്തോടുള്ള പരമ്പരാഗതമായ

അവഗണനയുടെ കാര്യത്തിൽ ഇപ്പോഴും അടിസ്ഥാനപരമായ മാറ്റമുണ്ടായിട്ടില്ല. ആര് അധികാരത്തിൽ വന്നാലും അവഗണന ഉണ്ടാകുന്നുണ്ട്. ചെറിയ വ്യത്യാസങ്ങളൊക്കെ ഉണ്ടായിട്ടുണ്ട്. ചില അനുകൂല തീരുമാനങ്ങളുമുണ്ടായിട്ടുണ്ട്. അതൊന്നും ഞങ്ങൾ നിഷേധിക്കുന്നില്ല. തീർച്ചയായും തിരുവനന്തപുരത്തുള്ള നേമത്തെ സാറ്റലൈറ്റ് ടെർമിനലും ട്രിവാൻഡ്രം ഡിവിഷനും പാലക്കാട് ഡിവിഷനും വെട്ടിക്കുറയ്ക്കാതിരിക്കുന്നതടക്കമുള്ള കാര്യങ്ങൾക്കും ഇപ്പോഴുള്ള ഫെസിലിറ്റികൾ ഇല്ലാതാക്കുന്ന ശ്രമങ്ങൾക്കെതിരെയും നമ്മുടെ കോച്ച് ഫാക്ടറി നേടിയെടുക്കുന്നതിനും ശക്തമായ സമ്മർദ്ദങ്ങളും ഗവൺമെന്റ് ഇടപെടലുകളും തുടർന്നും ഉണ്ടാകും. ഗവൺമെന്റ് ചെയ്യാവുന്നതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇനിയും ചെയ്യും. അക്കാര്യത്തിൽ പാലക്കാട്ടെ ജനങ്ങൾ ശക്തമായി മുന്നോട്ടുവരണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷി സംഘം പ്രധാനമന്ത്രിയെ കാണുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് പിന്നീട് തീരുമാനിക്കാം.

## (2) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് - കേരളയുടെയും രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെയും പ്രവർത്തനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ സഭയുടെ രണ്ട് ഭാഗത്തുള്ളവർക്കും കേരള സമൂഹത്തിനും ഒരുപോലെ യോജിക്കാവുന്ന കാര്യമാണ് സ്പോർട്സിന്റെ കാര്യം. കേരളത്തിലെ ട്രാക്കുമുതൽ ഒളിമ്പിക്സ് വില്ലേജ് വരെയുള്ള വലിയ ചരിത്രം കേരള അത്‌ലറ്റ്സിനുണ്ട്. അവരെ പരിശീലിപ്പിക്കുന്നതിനാവശ്യമായ സംരംഭങ്ങൾ വേണമെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഈ അടുത്ത കാലത്തും സ്പോർട്സ് രംഗത്തുള്ള പലവിധ കാര്യങ്ങളെക്കുറിച്ച് ഇവിടെ ചർച്ചാ വിഷയമായിട്ടുണ്ട്. ഇന്ത്യക്ക് ഏറ്റവും കൂടുതൽ അഭിമാനകരമായി അനുസ്മരിക്കാൻ കഴിയുന്ന താരങ്ങൾ കേരള ട്രാക്കുകളിൽനിന്നു വന്നിട്ടുള്ളവരാണ്. പ്രത്യേകിച്ച് കേരളത്തിലെ പെൺകുട്ടികൾ. സ്പോർട്സിലുള്ള അവരുടെ ടാലന്റ് ഒരിക്കലും കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. ഇപ്പോഴത്തെ ഗവൺമെന്റും നേരത്തെയുള്ള ഗവൺമെന്റും സ്പോർട്സ് താരങ്ങൾക്ക് ചെയ്യാവുന്നതിന്റെ മാക്സിമം സഹായങ്ങൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ ഒരു പോരായ്മയുള്ളത് പരിശീലനം കൊടുക്കുന്നതിനുള്ള പ്രത്യേക സംവിധാനങ്ങളില്ല എന്നതാണ്. ഒരു കാലത്ത് കേരളത്തിലെ ട്രാക്കുകളിൽ ഓടാൻ കഴിയാത്ത അവസ്ഥ വന്നപ്പോൾ ഒരു സിന്തറ്റിക് ട്രാക്കിനുവേണ്ടി കേരളം വിട്ടുപോകേണ്ടിവന്ന നിരവധി താരങ്ങളുടെ കഥ ദുഃഖത്തോടുകൂടി ഓർക്കേണ്ടി വരും. കോട്ടയം ചിങ്ങവനത്തെ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച്, കേരള (ഐസ്പാർക്ക്) യുടെ പ്രവർത്തനത്തിന് ആവശ്യമായിട്ടുള്ള ഭൂമി ഏറ്റെടുത്ത് അതിന്റെ പ്രിലിമിനറി സംരംഭങ്ങളെല്ലാം പൂർത്തിയാക്കി, അതിനൊരു ഡയറക്ടറേയും അസിസ്റ്റന്റ് പ്രൊഫസറെയും ക്ലറിക്കൽ സ്റ്റാഫിനെയും നിയമിച്ചു. ഇതെല്ലാം ഗവൺമെന്റ് സാങ്ഷൻ ചെയ്ത് കൃത്യമായി അതിന്റെ നടപടിക്രമങ്ങളിലേയ്ക്ക് വന്നതാണ്. കെട്ടിടം പണിയുന്നതിനുള്ള മാസ്റ്റർ പ്ലാനും അംഗീകരിച്ചിട്ടുണ്ട്. പതിമൂന്നര ഏക്കർ സ്ഥലം അതിനുവേണ്ടി ഏറ്റെടുത്തിട്ടുണ്ട്. നാലേക്കർ ഭൂമികൂടി ഏറ്റെടുക്കാൻ പോകുന്നുവെന്നു പറഞ്ഞത് സ്വാഗതാർഹമാണ്. സ്പോർട്സ് സയൻസിന്റെ സഹായത്തോടുകൂടി മികച്ച കായികതാരങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള ഇന്ത്യയിലെ ഏറ്റവും പ്രമുഖ സ്ഥാപനമായി അതിനെ വളർത്തിക്കൊണ്ടുവരിക എന്നത് കേരളത്തിലെ സ്പോർട്സ് പ്രേമികളെ സംബന്ധിച്ചിടത്തോളം ഒരു സുന്ദര മുഹൂർത്തമാണ്. ഒരു വലിയ സ്വപ്നമാണ്. നമുക്ക് ആ ലക്ഷ്യത്തിലേയ്ക്ക് പോകാൻ കഴിയണം. സ്പോർട്സ് സയൻസിന്റെ സ്പെഷ്യൽ കോച്ചുകളെ അവിടെനിന്ന് പഠിപ്പിച്ച് പുറത്തിറക്കാൻ കഴിയണം. സ്പോർട്സ് സൈക്കോളജി, സ്പോർട്സ് മെഡിസിൻ, പെർഫോമൻസ് അനാലിസിസ് തുടങ്ങിയവ ഈ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് നടത്തുന്നതിനുവേണ്ടിയുള്ള പ്രാഥമിക നടപടികൾ നടന്നിട്ടുണ്ട്. ഈ ലക്ഷ്യം സഫലമാകത്തക്ക വിധത്തിലുള്ള നടപടികൾ വേണം. അതിന്റെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണ്. ആ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളുണ്ടാകണം. കോട്ടയത്തെ രാജീവ് ഗാന്ധി ഇന്റർനാഷണൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ പണിയെല്ലാം പൂർത്തിയായി. പതിനഞ്ചേകാൽകോടിരൂപ മുടക്കിയാണ് ആ സ്റ്റേഡിയം പണിതത്. അതിൽ നമ്മുടെ സ്പോർട്സ് ഡിപ്പാർട്ട്മെന്റ് ഒമ്പതേകാൽകോടിരൂപ മുടക്കിയിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇന്ത്യ 6 കോടി രൂപ അതിനുവേണ്ടി നൽകിയിട്ടുണ്ട്. വോളിബോൾ, ബാസ്കറ്റ് ബോൾ, ഹാൻഡ് ബോൾ, ബാറ്റ്മിൻഡൺ, ബോക്സിംഗ്, ജൂഡോ, റെസ്ലിംഗ് തുടങ്ങി ഏഴ് ഇനങ്ങൾ പരിശീലിപ്പിക്കാൻ കഴിയത്തക്ക വിധത്തിൽ ലേറ്റസ്റ്റായിട്ടുള്ള ഫ്ലോറിംഗോടുകൂടിയ ഒരു ഇന്റർനാഷണൽ സ്റ്റേഡിയമാണ് അവിടെ ഉയർന്നിരിക്കുന്നത്. ആ ഇന്റർനാഷണൽ സ്റ്റേഡിയം ജനങ്ങൾക്കായി തുറന്നുകൊടുക്കണം. കായിക താരങ്ങൾക്ക് അതിന്റെ പ്രയോജനം കിട്ടുന്നില്ല. അത്യന്താധുനിക ഫ്ലോറിംഗോടുകൂടിയുള്ള ഈ ഇൻഡോർ സ്റ്റേഡിയത്തിൽ 2500 ആളുകൾക്ക് ഇരിക്കാനുള്ള സംവിധാനമുണ്ട്. അതിന്റെ എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. 80 കുട്ടികൾക്ക് താമസിച്ച് പരിശീലനം നടത്താനുള്ള സൗകര്യവും അത് ജനങ്ങളെ അറിയിക്കുന്നതിനുള്ള മീഡിയ സെന്ററും ദിവസവും ഉപയോഗിക്കാൻ കഴിയുന്ന ഫിറ്റ്നസ് റൂം സെന്ററും 200 കാർ പാർക്ക് ചെയ്യത്തക്ക വിധത്തിലുള്ള സംവിധാനവും ആ കോംപ്ലക്സിനകത്തുണ്ട്. ചുറ്റുമതിൽ കെട്ടണം, അതോടൊപ്പം കറണ്ടിന്റെ കണക്ഷനെടുക്കണം. ഇങ്ങനെയുള്ള ഒന്നുരണ്ട് ചെറിയ

കാര്യങ്ങൾ മാത്രമേ ഇനി അവിടെ ചെയ്യാനുള്ളൂ. ഒരു കൊട്ടാരം പോലെ ഈ സ്റ്റേഡിയം നമുക്ക് പണിയാൻ സാധിച്ചു. അത്യാവശ്യ കാര്യങ്ങൾ പൂർത്തിയാക്കി സ്റ്റേഡിയം കായിക പ്രേമികൾക്കായി തുറന്നുകൊടുക്കുന്ന ഒരു ചെറിയ സംരംഭം മാത്രമേ ഇനി ചെയ്യാനുള്ളൂ. കേരളത്തിലെ സ്പോർട്സ് രംഗത്ത് ഉണ്ടാക്കുന്ന ഒരു ഉണർവ് മനസ്സിലാക്കിക്കൊണ്ട് അടിയന്തരമായി ഗവൺമെന്റ് അതിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കോട്ടയം ജില്ലയിലെ കോട്ടയം താലൂക്കിൽ നാട്ടകം വില്ലേജിൽ ടെസിൽ കെമിക്കൽസിന് സർക്കാർ പാട്ടത്തിന് നൽകിയിട്ടുള്ള 11.25 ഏക്കർ ഭൂമി ചമയങ്ങളടക്കം നിരുപാധികം നഷ്ടപരിഹാരം കൂടാതെ സർക്കാരിലേക്ക് തിരികെ എടുത്ത് ലാന്റ് ബാങ്കിൽ ചേർക്കുവാനും ഈ ഭൂമിയിൽ നിന്നും ആവശ്യമായ സ്ഥലം നിർദ്ദിഷ്ട സ്പോർട്സ് കോളേജിന് അനുവദിക്കാനും 20-3-2015-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രസ്തുത കോളേജിന്റെ സ്പെഷ്യൽ ഓഫീസർ ചുമതല അന്നത്തെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയായിരുന്ന ഡോ. ബിനു ജോർജ് വർഗ്ഗീസിന് നൽകുകയും സ്പോർട്സ് കോളേജ് സ്ഥാപിക്കുന്നതിന് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ചെലവ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽനിന്ന് വഹിക്കാൻ 16-4-2015-ലെ കായിക യുവജന വകുപ്പിന്റെ ഉത്തരവുപ്രകാരം സർക്കാർ ഉത്തരവായിരുന്നു. 2-2-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം സ്പോർട്സ് കോളേജിന് പകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് കേരള (ISPARK) എന്ന് പുനർ നാമകരണം ചെയ്യുകയും പ്രാരംഭഘട്ടമെന്ന നിലയിൽ ഡയറക്ടർ, പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നിവരുടെ ഓരോ തസ്തികകളും രണ്ട് അസിസ്റ്റന്റുമുൾപ്പെടെ ആകെ അഞ്ച് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവാകുയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലത്ത് ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിൽ നിന്നും ലഭിച്ച മൂന്ന് പ്രീ ഫാബ് യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ISPARK സ്ഥാപിക്കുന്നതിനായി സുതാര്യ നടപടികളിലൂടെ ഭൂമിയേറ്റെടുത്ത് 2013-ലെ പുനരധിവാസവും ന്യായമായ പരിഹാരത്തുകയും ഉറപ്പാക്കാനുള്ള നിയമമനുസരിച്ച് കോട്ടയം താലൂക്കിലെ നാട്ടകം വില്ലേജ് സർവ്വേയിൽപ്പെട്ട 235.04 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതു പ്രകാരം പൊന്നുംവില നിയമമനുസരിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഈ സ്ഥലമേറ്റെടുക്കുന്നതിനെത്തുടർന്ന് അതിന്റെ വികസനപ്രവർത്തനത്തിന് ആവശ്യമായ നടപടികൾ അതിവേഗം സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കോട്ടയം മൾട്ടിപർപ്പസ് ഇൻഡോർ ഹാളിന്റെ ഔദ്യോഗിക ഉദ്ഘാടനം 2016 ഫെബ്രുവരി 28-ന് നടന്നുവെങ്കിലും അതിനുശേഷമാണ് ഇൻഡോർ ഹാളിൽ പ്രത്യേകതരം മരംകൊണ്ടുള്ള പ്രതലം, മേപ്പിൾ വുഡ് ഫ്ലോറിംഗിനായി ഒരു കോടി മുപ്പത്തിയാറുലക്ഷത്തി അറുപത്തി ഏഴായിരത്തി അഞ്ഞൂറ് രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയത്. അതുപ്രകാരം കായിക യുവജന കാര്യാലയത്തിലെ സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗ് മുഖേന ഇൻഡോർ ഹാളിൽ ഇറക്കുമതി ചെയ്ത മേപ്പിൾ തടികൊണ്ടുള്ള ഇരിപ്പിടങ്ങൾ സ്ഥാപിച്ചും സ്റ്റേഡിയത്തിന് ചുറ്റുമതിൽ കെട്ടുന്നതിനും കായിക യുവജനകാര്യ സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതുപ്രകാരം സ്ഥാപനം ദർഘാസ് ക്ഷണിച്ച് കരാർ നൽകി അതുപ്രകാരമുള്ള മേൽനടപടികൾ വേഗത്തിൽ സ്വീകരിച്ചുവരികയാണ്. അഗ്നിസുരക്ഷാ സംവിധാനത്തിലെ നടപടികളിലെ അപാകതകൾ പരിഹരിക്കുന്നതിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിംഗിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും കോട്ടയം ജില്ലാ ഫയർ ആന്റ് റെസ്ക്യൂ ഓഫീസുമായി ബന്ധപ്പെട്ട് മേൽനടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. കൂടാതെ താത്കാലികമായി കെട്ടിട നമ്പർ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി, വെള്ളം എന്നിവ ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഇൻഡോർ ഹാളിന് അഗ്നിസുരക്ഷ എൻ.ഒ.സി.-യും വൈദ്യുതി, വാട്ടർ എന്നിവയ്ക്കായി കണക്ഷൻ ലഭ്യമാക്കുന്നതിന് അതിവേഗത്തിലുള്ള നടപടികളാണ് സ്വീകരിക്കുന്നത്. അത് ലഭ്യമാകുന്ന മുറയ്ക്ക് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഉപയോഗം കായികതാരങ്ങളുടെ പരിശീലനത്തിനുവേണ്ടി അതിവേഗം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കായകതാരങ്ങൾക്കുവേണ്ടി അത് എന്നുമുതൽ പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്നുള്ള അഷ്വറൻസ് നൽകാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഫയർ ആന്റ് റെസ്ക്യൂ സംവിധാനങ്ങൾ പൂർണ്ണമാകണം. എന്തെങ്കിലും പ്രശ്നമുണ്ടായാൽ പിന്നീട് സമാധാനം പറയേണ്ടി വരും. അതിവേഗത്തിൽ അതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. താത്കാലിക നമ്പർ ലഭ്യമാക്കി വെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുസംബന്ധിച്ച പരിശോധന നടത്താം. വളരെ വേഗത്തിൽ കാര്യങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## V സബ്മിഷൻ

### (1) എം.ബി.ബി.എസ്. അഡ്മിഷൻ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ ഗുരുതരവും അതോടൊപ്പം മാനുഷികവശം ഉൾക്കൊള്ളുന്നതുമായ പ്രശ്നമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജ്, പാലക്കാട് കരുണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ 2016-17 വർഷത്തിൽ പ്രവേശനം

ലഭിച്ച 181 വിദ്യാർത്ഥികൾക്ക് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ പഠനം നിർത്തേണ്ടിവന്നിരിക്കുകയാണ്. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ 150 വിദ്യാർത്ഥികൾക്കും പാലക്കാട് കരുണ മെഡിക്കൽ കോളേജിലെ 31 വിദ്യാർത്ഥികൾക്കുമാണ് ഈ പ്രശ്നമുണ്ടായിട്ടുള്ളത്. പ്രവേശനം സംബന്ധിച്ച് കോളേജ് അധികൃതർ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശം പാലിച്ചില്ലെന്നുള്ളതാണ് കുറ്റം. അതുകൊണ്ടാണ് രണ്ട് കോളേജുകളുടെയും വിദ്യാർത്ഥി പ്രവേശനം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി റദ്ദാക്കിയത്. കണ്ണൂർ അഞ്ചരക്കണ്ടി മെഡിക്കൽ കോളേജിലെ 150 വിദ്യാർത്ഥികളുടെയും കരുണയിലെ 31 വിദ്യാർത്ഥികളുടെയും പ്രവേശനമാണ് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി റദ്ദാക്കിയത്. ഇതിനെതിരെ ഹൈക്കോടതിയിൽ പോയിട്ടും പ്രയോജനമുണ്ടായില്ല. 2017-ൽ ഒന്നാംവർഷ പരീക്ഷയെഴുതാൻ തയ്യാറെടുത്തുകൊണ്ടിരുന്ന അവസരത്തിലാണ് ഹൈക്കോടതി കുട്ടികളുടെ പ്രവേശനം റദ്ദാക്കി പ്രവേശന മേൽനോട്ട കമ്മിറ്റിയുടെ നിർദ്ദേശം ശരിവച്ചത്. അതിനെതിരെ വിദ്യാർത്ഥികൾ സുപ്രീംകോടതിയിൽ പോയി. ബഹുമാനപ്പെട്ട സുപ്രീംകോടതിയും ഹൈക്കോടതി വിധി അംഗീകരിക്കുകയാണുണ്ടായത്. ഫലത്തിൽ 181 വിദ്യാർത്ഥികൾ വഴിയാധാരമായി. കുട്ടികളുടെ കുറ്റംകൊണ്ടല്ല പ്രശ്നമുണ്ടായിരിക്കുന്നത്. തങ്ങളുടേതല്ലാത്ത കുറ്റംകൊണ്ട് ശിക്ഷ അനുഭവിക്കേണ്ടി വന്നത് വിദ്യാർത്ഥികൾക്കാണ്. കോളേജ് അധികൃതർ ക്രമക്കേടുകളോ, കുറ്റങ്ങളോ, വീഴ്ചകളോ ചെയ്തിട്ടുണ്ടെങ്കിൽ ശക്തമായ നടപടി സ്വീകരിക്കുന്നതിന് ഞങ്ങളെല്ലാവരും അനുകൂലമാണ്. ഇവിടെ മാനേജ്മെന്റിനെ ശിക്ഷിക്കുന്നത് നല്ലകാര്യമാണ്. എന്നാൽ കുട്ടികളുടെ കാര്യത്തിൽ ഗൗരവമായ സമീപനം നമ്മൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പല കുട്ടികളും ആത്മഹത്യ ചെയ്യുന്ന നിലയിലേയ്ക്കാണ് കാര്യങ്ങൾ എത്തുന്നത്. അവരുടെ പഠനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വർഷമാണ് നഷ്ടപ്പെടുന്നത്. കുട്ടികളിൽ പലരും നിരാശയിലും സാമ്പത്തിക ബുദ്ധിമുട്ടിലുമാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടൽ ഉണ്ടെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഇതിന് നിയമനിർമ്മാണം വേണമെങ്കിൽ അത് കൊണ്ടുവരണം. എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിടത്തോളം നിയമനിർമ്മാണം സാധ്യമാണ്. ഇക്കാര്യം മുഖ്യമന്ത്രിക്ക് അറിയാവുന്നതാണ്. അദ്ദേഹം ഈ വിഷയം ചർച്ച ചെയ്തിട്ടുള്ളതാണ്. കുട്ടികളുടെ ഭാവിയെകരുതി മനുഷ്യത്വപരമായ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കണം. അതിന് ഗവൺമെന്റ് സ്വീകരിക്കുന്ന ഏത് നടപടിയോടും പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണയുണ്ടാകും. നിയമനിർമ്മാണം വേണമെങ്കിൽ കൊണ്ടുവരാൻ മടിക്കരുതെന്നാണ് ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അതീവ ഗൗരവതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. അദ്ദേഹം ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥികളും രക്ഷകർത്താക്കളും വല്ലാത്തൊരു വിഷമഘട്ടത്തിൽത്തന്നെയാണ് പെട്ടിരിക്കുന്നത്. 2016-17 വർഷത്തെ മെഡിക്കൽ അഡ്മിഷന് എല്ലാ അപേക്ഷകളും ഓൺലൈനായി ചെയ്യണമെന്ന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. കണ്ണൂർ, പാലക്കാട് കരുണാ മെഡിക്കൽ

കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെടുകയോ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുകയോ ചെയ്തില്ല. 2-10-2016-ൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ഈ രണ്ട് കോളേജുകളും നടത്തിയ അഡ്മിഷൻ റദ്ദുചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെതിരെ ബന്ധപ്പെട്ട മാനേജ്മെന്റുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിക്കുകയും 6-10-2016-ൽ ഈ രണ്ട് കോളേജുകളും നടത്തിയ അഡ്മിഷനുകളും പ്രോസ്പെക്ടസും പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ച് ഉത്തരവാകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരിശോധന നടത്തുകയും അഡ്മിഷൻ നടത്തിയതിൽ സുതാര്യതയില്ലെന്നും അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ നിർദ്ദേശങ്ങളൊന്നും തന്നെ ഈ രണ്ട് കോളേജുകളും പാലിച്ചിട്ടില്ലെന്നും കണ്ടെത്തുകയുണ്ടായി. തുടർന്ന് സർക്കാർ പ്രസ്തുത കോളേജുകളിലേയ്ക്ക് കേന്ദ്രീകൃത അലോട്ടുമെന്റ് നടത്താൻ ഉത്തരവ് നൽകി. അതോടൊപ്പം കോളേജ് അധികാരികളോട് സ്പോട്ട് അഡ്മിഷൻ നടത്തുന്ന സ്ഥലത്ത് ഹാജരാകാനും നിർദ്ദേശിച്ചു. എന്നാൽ കമ്മീഷന് മുമ്പാകെ കണ്ണൂർ മെഡിക്കൽ കോളേജ് അധികാരികൾ രേഖകളൊന്നും സമർപ്പിച്ചില്ല. കരുണാ മെഡിക്കൽ കോളേജ് അധികാരികൾ രേഖകൾ സമർപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതി പാലക്കാട് കരുണാ മെഡിക്കൽ കോളേജിലെ 30 വിദ്യാർത്ഥികൾ യോഗ്യരാണെന്ന് കണ്ടെത്തുകയും ഈ അദ്ധ്യയന വർഷം 2017-18 ൽ പ്രവേശനം നൽകണമെന്ന് ഉത്തരവാകുകയും ചെയ്തു. കണ്ണൂർ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥി പ്രവേശനം റദ്ദാക്കുകയുണ്ടായി. നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിക്കാതെ മാനേജ്മെന്റുകൾ സ്വന്തം നിലയ്ക്ക് അഡ്മിഷൻ നടത്തിയതാണ് ഇത്തരമൊരു സാഹചര്യത്തിന് കാരണം. ഇതിന് മാനേജ്മെന്റുകൾ മാത്രമാണ് ഉത്തരവാദി. ഇതുമൂലം വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതാവസ്ഥയിലായിട്ടുണ്ട്. വിദ്യാർത്ഥികളും രക്ഷിതാക്കളും ബഹുമാന്യനായ പ്രതിപക്ഷ നേതാവും എല്ലാ രാഷ്ട്രീയ പാർട്ടികളും പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും പരീക്ഷ എഴുതാനുമുള്ള സൗകര്യമൊരുക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ഈ കോളേജിലെ വിദ്യാർത്ഥികളിൽ പലരും മെറിറ്റടിസ്ഥാനത്തിൽ പരിശോധിച്ചാൽ മറ്റ് ചില മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിച്ചവരേക്കാൾ യോഗ്യതയുള്ളവരുമാണ്. ഈ വിദ്യാർത്ഥികളുടെ കാര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും അവർക്ക് തുടർപഠനം നടത്താനും സഹായകരമായ നിയമനടപടികൾ സർക്കാർ സ്വീകരിക്കും. ഈ വിദ്യാർത്ഥികളുടെ കാര്യങ്ങൾ മെറിറ്റടിസ്ഥാനത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ, പ്രവേശനവും ഫീസും നിർണ്ണയിക്കാൻ നിയമാനുസൃതം ചുമതലപ്പെട്ട അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ ചുമതലപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയോട് സർക്കാർ ആവശ്യപ്പെടുന്നത്. ഇത്തരം നിയമപരമായ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## (2) 'ബ്ലൂ വെയ്ൽ' ഗെയിം നിരോധനം

ശ്രീ. രാജു എബ്രഹാം: സർ, ലോകത്തിലെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലെയും കൗമാരക്കാരുടെ ഭാവിയിൽ വലിയ പ്രശ്നങ്ങളുണ്ടാക്കിയിരിക്കുന്ന 'ബ്ലൂ വെയ്ൽ' ഗെയിം ഏറ്റവുമൊടുവിൽ കേരളത്തിലുമെത്തിയിരിക്കുന്നു. രണ്ടായിരത്തിലധികം കുട്ടികൾ ഇന്നലെവരെ ഈ ഗെയിം ഡൗൺലോഡ് ചെയ്തുകഴിഞ്ഞിരിക്കുന്നു വെന്നാണ് പുറത്തുവന്ന വിവരം. മാനസിക പിരിമുറുക്കം, അത് മാനസിക വിഭ്രാന്തിയിലേയ്ക്ക് എത്തിക്കുക, വയലൻസും അതുപോലെതന്നെ സാഹസികതയും ഇതിനെ അടിസ്ഥാനമാക്കിയുള്ള ഒരു മൈൻഡ് മാനുപുലേറ്റിംഗ് ഗെയിമാണ്. ഏറ്റവുമൊടുവിൽ പാലക്കാട് നിന്ന് 4 കുട്ടികൾ ചാവക്കാട് കടപ്പുറത്തെത്തിയ സംഭവത്തെത്തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് അവരും ബ്ലൂ വെയ്ൽ ഗെയിമിന്റെ അടിമകളായിരുന്നുവെന്ന് കണ്ടെത്തിയത്. നാലായിരത്തിൽക്കൂടുതൽ കൗമാരക്കാർ ഇതിനോടകം ലോകത്തിൽ ആത്മഹത്യ ചെയ്തുകഴിഞ്ഞിരിക്കുന്നു. രാത്രി ഒറ്റയ്ക്കിരുന്ന് ഹൊറർ സിനിമ കാണുക, പ്രത്യേക തരം മുറിവുണ്ടാക്കുക, പ്രത്യേക സമയങ്ങളിൽ ഉണരുക, പട്ടിയെപ്പോലെ കുരയ്ക്കുക തുടങ്ങി വളരെ ഭീകരമായ പരീക്ഷണങ്ങളാണ് നടത്തുന്നത്. ഗ്രൂപ്പ് അഡ്മിൻ ഓരോ ദിവസവും പറയുന്ന ചാലഞ്ചുകൾ ഏറ്റെടുത്ത് ചെയ്യുകയും അതിന്റെ ക്ലിപ്പിംഗ് അഡ്മിന് എത്തിച്ചുകൊടുക്കുകയുമാണ് ചെയ്യുന്നത്. വളരെ അപകടകരമായ, സാഹസികമായ സംഭവങ്ങൾ 'ചാലഞ്ചുകൾ' എന്നാണ് ഇതിന് ഓമനപ്പേരിട്ടിരിക്കുന്നത്. ഒരിക്കൽ ഈ ആപ്ലിക്കേഷൻ ഡൗൺലോഡ് ചെയ്തുകഴിഞ്ഞാൽ പിന്നീടൊരിക്കലും ഡിലീറ്റ് ചെയ്യാൻ കഴിയില്ല. ഈ മൊബൈൽ ആപ്പിലൂടെ എല്ലാ വിവരങ്ങളും ഹാക്ക് ചെയ്യുന്ന ഗെയിം ഡെവലപ്പേഴ്സ് പിന്നീട് ആവശ്യപ്പെടുന്നതെല്ലാം ചെയ്യാൻ ഇവർ നിർബന്ധിതരാകും. പതിനാലുകാരൻ മുംബൈയിൽ ആത്മഹത്യ ചെയ്തതോടു കൂടിയാണ് ഇന്ത്യയിലും ഇതെത്തിയെന്നുള്ള വിവരം ലഭ്യമായത്. ഇതിനോടകം തന്നെ ഈ ഗെയിം ലോകത്തിലെ പല രാജ്യങ്ങളും നിരോധിച്ചുകഴിഞ്ഞു. കേരളത്തെ സംബന്ധിച്ചിടത്തോളം നിരോധിക്കാൻ നിയമമുണ്ടോ എന്നറിയില്ല. കൊല്ലം പോലീസ് സൂപ്രണ്ട് ഉൾപ്പെടെ ഇതിനായി ഒരു ക്യാമ്പെയിൻ ആരംഭിച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. ഈ ഗെയിമിലൂടെ കൗമാരക്കാർ വളരെ അപകടകരമായ അവസ്ഥയാണ് നേരിടുന്നത്. സ്കൂളുകൾ, കോളേജുകൾ, പോലീസ്, സംഘടനകൾ ഇവയെല്ലാം വളരെ ജാഗ്രതയോടെ ഉണർന്ന് പ്രവർത്തിച്ചെങ്കിൽ മാത്രമേ നമ്മുടെ കുട്ടികളെ ഇതിൽനിന്ന് തടയാൻ കഴിയുകയുള്ളൂ. അവർ ആരും അറിയാതെ ആത്മഹത്യ മുനമ്പിലേയ്ക്ക് പോകുകയാണ്. വളരെ അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെട്ട് ഇന്ത്യക്ക് മാതൃകയായി കേരളത്തിന് എന്താണ് ചെയ്യാൻ കഴിയുക? ഇക്കാര്യത്തിൽ കേരളം അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കൗമാരക്കാരേയും കുട്ടികളേയും വളരെ വേഗം സ്വാധീനിക്കുന്ന ഒന്നാണ് കമ്പ്യൂട്ടർ ഗെയിമുകൾ. ഇതിൽ ഏറ്റവുമൊടുവിൽ വന്നിട്ടുള്ള 'ബ്ലൂ വെയ്ൽ' ഗെയിം അപകടകാരിയായ ഇന്റർനെറ്റ് അധിഷ്ഠിത ഗെയിമാണ്. കളിക്കാരൻ ഗെയിം അഡ്മിനിസ്ട്രേറ്ററുടെ നിയന്ത്രണത്തിലായിരിക്കും. ഗെയിം അഡ്മിനിസ്ട്രേറ്റർ ഓരോ ഘട്ടത്തിലും നൽകുന്ന നിർദ്ദേശ പ്രകാരം ഓരോ കാര്യങ്ങൾ ചെയ്യാൻ നിർബന്ധിതനാകുന്നു. അങ്ങനെ അവസാനം കളിക്കാരനെ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുകയും ചെയ്യുന്നതായാണ് ലഭ്യമായ വിവരങ്ങൾ കാണിക്കുന്നത്. ഇത്തരം പ്രേരണമൂലം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കളിക്കാർ ആത്മഹത്യ ചെയ്തതായി ദൃശ്യ-മാധ്യമങ്ങൾ വഴി അറിയുന്നു. ഈ വെബ്സൈറ്റുകൾ നിരോധിക്കുന്നതിന്റെ അധികാരം ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീമിനാണ്. സാമൂഹിക വിപത്തായി മാറിയ ഈ ഗെയിം നിരോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്. ഇക്കാര്യത്തിൽ അതീവ ജാഗ്രത ആവശ്യമാണ്. മാതാപിതാക്കൾ ഇത്തരത്തിലുള്ള ഗെയിമുകളെക്കുറിച്ച് മനസ്സിലാക്കുകയും കുട്ടികൾ ഇത്തരം ഗെയിമുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെങ്കിൽ അവ നീക്കം ചെയ്യുകയും വേണം. കുട്ടികൾ ഇന്റർനെറ്റ് ഗെയിം ഉപയോഗിക്കുമ്പോഴും കമ്പ്യൂട്ടർഗെയിം കളിക്കുമ്പോഴും കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതുണ്ട്. ഈ ഗെയിമിനെതിരെ ആവശ്യമായ മുന്നറിയിപ്പ് എല്ലാ മാധ്യമങ്ങൾ വഴിയും പോലീസ് ഇതിനകംതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട്. അതോടൊപ്പം ഇന്റർനെറ്റിലെ ബ്ലൂ വെയ്ൽ ഗെയിം ഉപഭോക്താക്കളെ പോലീസ് വളരെ കൃത്യമായി നിരീക്ഷിക്കുന്നതുമാണ്.

### (3) കോവളം കൊട്ടാര കൈമാറ്റം

ശ്രീ. പി. സി. ജോർജ്: സർ, 14000 കോടി രൂപ വില മതിക്കുന്ന കോവളം കൊട്ടാരം ഈ ഗവൺമെന്റ് കൊല്ലത്തെ ഒരു മുതലാളിക്ക് വിറ്റുതുലച്ചു. കോടതി വിധി എന്നുപറഞ്ഞാണ് ഈ കോപ്രായങ്ങളൊക്കെ നടത്തുന്നത്. അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ട്രാവൻകൂർ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം ഏറ്റെടുത്ത 22 ഏക്കർ സ്ഥലത്താണ് വേനൽക്കാല വസതിക്കുവേണ്ടി തിരുവിതാംകൂർ മഹാരാജാവ് ഹാൽസിയൻ കൊട്ടാരം നിർമ്മിച്ചത്. അതിനുശേഷം നടന്ന റീസർവ്വേയിൽ പുറമ്പോക്ക് ഉൾപ്പെടെ 62 ഏക്കർ സ്ഥലം രാജാവിന്റെ ഉടമസ്ഥതയിൽ വന്നു ചേർന്നു. 1962-ൽ 5 ലക്ഷം രൂപ വിലകൊടുത്ത് രാജാവിൽ നിന്നും പ്രസ്തുത ഭൂമി കേരള സർക്കാർ വാങ്ങുകയായിരുന്നു. അങ്ങനെ കേരള സർക്കാരിന്റെ പൂർണ്ണ ഉടമസ്ഥതയിലും കൈവശത്തിലുമുള്ള ഭൂമിയായിരുന്നു ഇത്. കേരള സർക്കാരിന്റെ ടൂറിസം വികസന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ സ്ഥലം വാങ്ങിയത്. ലോകപ്രശസ്തമായ കോവളം ബീച്ചിന്റെ കണ്ണായ സ്ഥലമായതു കൊണ്ടാണ് കേരള

സർക്കാർ ഇത്ര വലിയ തുക കൊടുത്ത് അന്ന് ഈ ഭൂമി വാങ്ങാൻ നിർബന്ധിതമായത്. 8 വർഷത്തിനുശേഷം 1970-ൽ കൊട്ടാരവും അനുബന്ധ ഭൂമിയും ഐ.ടി.ഡി.സി.ക്ക് അശോക ബീച്ചിൽ റിസോർട്ട് തുടങ്ങുന്നതിന് കൈമാറി. അന്നത്തെ ഉത്തരവിൽ ഭൂമിയുടെയും കൊട്ടാരത്തിന്റെയും കൈവശാവകാശം മാത്രമാണ് ഐ.ടി.ഡി.സി.-ക്ക് കൈമാറിയത്. 2002-ൽ ബി.ജെ.പി. സർക്കാർ ഡിസ്ഇൻവെസ്റ്റ്മെന്റ് നയത്തിന്റെ ഭാഗമായി ഇത് എംഫാർ ഗ്രൂപ്പിന് വിറ്റിരുന്നു. ഈ വില്പന നിയമപ്രകാരമായിരുന്നില്ല. ഇത് തുടരുകയാണ്. മുൻ ടൂറിസം വകുപ്പുമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ ഫയൽ പുറത്തുകൊണ്ടുവന്നു. തുടർന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിൽ നടന്ന സമരത്തിന്റെ ഭാഗമായി കൊട്ടാരവും സ്ഥലവും 2004-ൽ സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും ഹൈക്കോടതി ഇത് റദ്ദാക്കി. തുടർന്ന് 2005-ൽ വീണ്ടും ഒരു ഓർഡിനൻസ് പ്രകാരം സർക്കാർ ഭൂമി ഏറ്റെടുത്തെങ്കിലും 2011-ൽ ഈ ഓർഡിനൻസ് നിലനിൽക്കുന്നതല്ല എന്ന് ഹൈക്കോടതി പ്രഖ്യാപിച്ചു. ഈ നിയമം കൊണ്ടുവരുന്നതിനുമുമ്പ് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടണമായിരുന്നു വെന്നാണ് ഹൈക്കോടതി പറഞ്ഞത്. അത് എങ്ങനെ സാധിക്കും? കേന്ദ്ര ഗവൺമെന്റാണ് വിൽക്കുന്നത്; അത് വേണ്ടെന്നുള്ള ഓർഡിനൻസ് കൊണ്ടു ചെന്നാൽ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുമോ? ബഹുമാനപ്പെട്ട കോടതിവിധിയും അത്ഭുതകരമാണെന്ന് പറയാതിരിക്കാൻ കഴിയില്ല. പണത്തിനുമീതെ പരുന്തും പറക്കില്ലെന്ന് പറയുന്നത് ഇതൊക്കെ കാണുമ്പോഴാണ്. ഈ കാലയളവിൽ എംഫാർ ഗ്രൂപ്പിൽ നിന്ന് ലീലാ ഗ്രൂപ്പിന് ഈ ഹോട്ടൽ കൊടുത്തു. പിന്നീട് ലീലാ ഗ്രൂപ്പ് കൊല്ലത്തുള്ള ആർ.പി. ഗ്രൂപ്പിന് കൈമാറി. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തും ഈ വിഷയം വന്നു. ഇതിൽ ഒരു കാര്യമേയുള്ളൂ. കോടതിയിൽ കേസ് നടക്കുമ്പോൾ സിവിൽകേസ് ഫയൽ ചെയ്യണമെന്ന് അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റിനോട് പറഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.... പ്ലീസ്..... കൺക്ലൂഡ്....

11 .00 AM]

ശ്രീ. പി. സി. ജോർജ് : സർ, ഇത് കേരളത്തെ വിറ്റുതുലച്ച കാര്യമാണ്. സിവിൽ കേസ് ഫയൽ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട അഡ്വക്കേറ്റ് ജനറൽ പറഞ്ഞത്. അല്ലെങ്കിൽ ഈ വസ്തുക്കൾ മുഴുവൻ മുതലാളി കൊണ്ടുപോകും, ഇദ്ദേഹം എല്ലാം***. കൊല്ലത്ത് കടലിനകത്ത് പോലും കെട്ടിടം പണിതിട്ടുള്ളവനാണ്. ഏത് രാഷ്ട്രീയക്കാരെയും കൈകാര്യം ചെയ്യാൻ വിദഗ്ദ്ധനാണ് ഈ*** ആ*** കയ്യിലാണ് ഈ സർക്കാർ വസ്തു ഏൽപ്പിച്ചിരിക്കുന്നത്. അത്ര ഭീകരമാണ്. കേരള സർക്കാരിന്റെ

*** ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻ ഉത്തരവ് പ്രകാരം സഭാരേഖയിൽ നിന്നും നീക്കംചെയ്തു.

ഉടമസ്ഥതയിലുള്ള കൊട്ടാരവും അനുബന്ധ ഭൂമിയും കൈവശാവകാശത്തിന്റെ മറവിൽ വിട്ടുകൊടുത്താൽ എന്താകും സ്ഥിതി? അഡ്വക്കേറ്റ് ജനറൽ കേസ് ഫയൽ ചെയ്യണമെന്ന് പറഞ്ഞിട്ടും സർക്കാർ സിവിൽ കേസ് ഫയൽ ചെയ്യാത്തത് എന്തുകൊണ്ടാണ്? അതാണ് ഇവിടെ അറിയേണ്ടത്. അവിടെയാണ് ഇതിന്റെ കള്ളക്കളി. കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ അഴിമതിയാണിതെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. സർക്കാരിന്റെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ടാണ് വിറ്റുനൽകിയതെന്നാണ് നിബന്ധന. ആ നിബന്ധന എങ്ങനെയാണ് നിലനിൽക്കുന്നത്? കേരളത്തിൽ സിവിൽ കേസ് ഫയൽ ചെയ്തിട്ടില്ല. ആ നിലയ്ക്ക് അയാൾ കൊണ്ടുപോയില്ലേ? ഇനി എങ്ങനെ തിരിച്ചുകിട്ടും. ഇതിൽ വലിയ അഴിമതിയുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അപമാനിക്കത്തക്ക രീതിയിൽ നടക്കുന്ന പ്രചരണങ്ങൾ കളവാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ മുഖ്യമന്ത്രിയെ അപമാനിക്കുന്നതിനോട് ഞാൻ യോജിക്കുന്നില്ല. രാജ്യത്ത് നടക്കുന്ന പ്രചരണം അങ്ങും അറിയണം. അങ്ങയുടെ വേണ്ടപ്പെട്ട ഒരു കുട്ടിക്ക് അവിടെ ജോലി കൊടുത്തതുകൊണ്ടാണ് ഇങ്ങനെ ചെയ്തതെന്നാണ് പറയുന്നത്. ഇത് ശുദ്ധ അസംബന്ധമാണ്. ഇക്കാര്യം ഞാൻ അന്വേഷിച്ചപ്പോൾ മകളോ, ബന്ധുക്കളോ ഈ*** സ്ഥാപനത്തിൽ ജോലി ചെയ്യുന്നില്ലെന്ന കാര്യം മനസ്സിലായി. ഞാനത് ഔദ്യോഗികമായി പറയുകയാണ്. ആ തെറ്റിദ്ധാരണ കേരളത്തിൽ ഉണ്ടാകാൻ പാടില്ല. എന്നാൽ വേറെ ചില ആളുകളുണ്ട്. അക്കാര്യം ഞാൻ ഇവിടെ പറയുന്നില്ല. ഇക്കാര്യത്തിൽ സർക്കാർ ശക്തമായി ഇടപെടണം. കോവളം കൊട്ടാരം തിരികെ കിട്ടണം. സർക്കാർ ഭൂമി തിരികെ കിട്ടാനുള്ള സംവിധാനമുണ്ടാക്കണം. ഇതിനുമുമ്പ് ഭൂമിയുമായി ബന്ധപ്പെട്ട് ചർച്ച നടന്നപ്പോൾ കൊട്ടാരവും അതിനോട് ചേർന്ന സ്ഥലവും സർക്കാരിന് വിട്ടുനൽകാമെന്നും ബാക്കി മതിയെന്നുമുള്ള അഭിപ്രായമാണ് ശ്രീ. രവിപിള്ള രേഖപ്പെടുത്തിയത്. ഇത് പത്രത്തിൽ വന്ന കാര്യമാണ്. പുതിയ തീരുമാനത്തിൽ അക്കാര്യവുമില്ല. അപ്പോൾ പൂർണ്ണമായും വിട്ടുകൊടുക്കുകയല്ലേ? ഒരു കാരണവശാലും ഇത് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിന്റെ പൈതൃക സ്വത്താണിത്. വളരെ പ്രധാനപ്പെട്ട ഒരു കെട്ടിടമാണ്. ഈ കെട്ടിടം എങ്ങനെ വിട്ടുകൊടുക്കാൻ പറ്റും; കൊട്ടാരം പുരാവസ്തുവകുപ്പിന്റെ കൈവശം ഇരിക്കേണ്ടതല്ലേ; കേരളത്തിന്റെ അഭിമാന സ്ഥാപനമല്ലേ? അതുകൊണ്ട് നിർബന്ധമായും കോവളം കൊട്ടാരവും അതിനോടനുബന്ധിച്ചുള്ള സ്ഥലവും തിരിച്ചെടുക്കാനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

*** ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻ ഉത്തരവ് പ്രകാരം സഭാരേഖയിൽ നിന്നും നീക്കംചെയ്തു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കോവളം കൊട്ടാരത്തിന്റെ കാര്യത്തിൽ സർക്കാരിന്റെ ഇപ്പോഴത്തെ നടപടി തികച്ചും വിചിത്രമാണ്. പെട്ടി പോയി താക്കോൽ കയ്യിലുണ്ടെന്നാണ് സർക്കാർ ഇപ്പോൾ പറയുന്നത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും വിധിയുണ്ടായിരുന്നു. ആ സന്ദർഭങ്ങളിലൊക്കെ അന്നത്തെ യു.ഡി.എഫ്. സർക്കാരിന്റെ നിലപാട് ജനങ്ങൾക്കറിയാവുന്നതാണ്. ഈ നിയമസഭയിൽ ശ്രീ. കെ. സി. വേണുഗോപാൽ നിയമം കൊണ്ടുവന്ന് പാസ്സാക്കിയിട്ടുള്ളതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ സർക്കാരിന്റെ നടപടിയോട് യോജിക്കാൻ നിവൃത്തിയില്ല. സർക്കാരിന്റെ ഈ നടപടി ഒരു കാരണവശാലും കേരളത്തിലെ ജനങ്ങളും അംഗീകരിക്കില്ല. കോവളം കൊട്ടാരം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് എത്ര സമരങ്ങളാണ് നടന്നത്; ആരാണ് ഈ സമരങ്ങളെല്ലാം നടത്തിയത്? യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഞങ്ങൾ ഇതെല്ലാം വിൽക്കുന്നുവെന്ന് പറഞ്ഞ് സമരം നടത്തിയിരുന്നു. അതുകൊണ്ട് ഈ നടപടി സർക്കാർ റദ്ദാക്കണം. ഇത് ശരിയായ നടപടിയല്ല, മന്ത്രിസഭാ തീരുമാനം റദ്ദാക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പി.സി. ജോർജ് വിഷയത്തിനുള്ളിലേയ്ക്ക് കടക്കുന്നില്ലെന്ന് പറഞ്ഞാണ് പ്രസംഗം തുടങ്ങിയത്. പക്ഷേ, ഇതിൽ കൂടുതൽ വിഷയത്തിനുള്ളിലേയ്ക്ക് കടക്കാൻ എന്താണുള്ളതെന്ന് എനിക്കറിയില്ല. എല്ലാ വിശദാംശങ്ങളും അദ്ദേഹം പറഞ്ഞു കഴിഞ്ഞു. എനിക്ക് വളരെക്കൂടുതൽ കാര്യങ്ങൾ പറയേണ്ടതില്ലെന്നാണ് തോന്നുന്നത്.

വിനോദസഞ്ചാര വകുപ്പ് 1962-ലാണ് കോവളം കൊട്ടാരം ഉൾപ്പെടുന്ന സർവ്വേ നമ്പർ 385/1-ൽപ്പെട്ട 10.18993 ഏക്കർ വസ്തു ഉൾപ്പെടെ 19.13782 ഏക്കർ ഭൂമി ഏറ്റെടുത്തത്. വസ്തുവിന്റെ മുൻ അവകാശിയായ രാമവർമ്മ വലിയകോയിത്തമ്പുരാന് നഷ്ടപരിഹാരം നൽകിയാണ് വസ്തു ഏറ്റെടുത്തത്. തുടർന്ന് 1970-ൽ ഈ ഭൂമിയുൾപ്പെടെ 43 ഏക്കർ കേന്ദ്ര വിനോദസഞ്ചാര വകുപ്പിന് കൈമാറി. 2002-ൽ കേന്ദ്ര സർക്കാർ ഐ.ടി.ഡി.സി.-യുടെ 9 ഹോട്ടലുകൾ വിറ്റഴിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി കോവളം അശോക ബീച്ച് റിസോർട്ട് സ്വകാര്യ ഹോട്ടൽ ഗ്രൂപ്പിന് കൈമാറി. കോവളം കൊട്ടാരം ഉൾപ്പെടുന്ന 64.5 ഏക്കർ ഭൂമിയാണ് വിറ്റത്. ഇതിനെത്തുടർന്ന് സംസ്ഥാനത്ത് ജനകീയ പ്രക്ഷോഭം ഉണ്ടാവുകയും 2004-ൽ കോവളം കൊട്ടാരവും അതിനോട് ചേർന്ന 4.1330 ഹെക്ടർ അനുബന്ധ ഭൂമിയും സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഇതിനെതിരെ അന്നത്തെ ഹോട്ടൽ ഉടമയായ എംഫാർ ഗ്രൂപ്പ് നൽകിയ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ 2005-ൽ ഹൈക്കോടതി ഈ ഉത്തരവുകൾ റദ്ദ് ചെയ്തു. തുടർന്ന് The Kovalam Palace (Taking over by

Resumption) Act 2005 എന്ന നിയമം പാസ്സാക്കി കോവളം കൊട്ടാരവും അനുബന്ധ ഭൂമിയും സർക്കാർ ഏറ്റെടുത്തു. ഈ നടപടിയെ ചോദ്യം ചെയ്തുകൊണ്ട് കോവളം ഹോട്ടൽസ് ലിമിറ്റഡും കൂട്ടരും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിന്മേൽ 2011-ൽ പുറപ്പെടുവിച്ച വിധിയിൽ ആക്ട് ഭരണഘടനാ വിരുദ്ധമാണെന്ന് പ്രഖ്യാപിച്ചു. ഇതിനെതിരെ സംസ്ഥാന സർക്കാർ സമർപ്പിച്ച റിട്ട് അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയിരുന്നു. ഈ വിധിന്യായത്തെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സുപ്രീംകോടതിയിൽ സമർപ്പിച്ച സ്പെഷ്യൽ ലീവ് ഹർജി 2016 മാർച്ച് 8-ന് സുപ്രീംകോടതിയും തള്ളി. ഇതിനെതിരെ അപ്പീലോ റിവിഷൻ പെറ്റീഷനോ ഫയൽ ചെയ്യുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചെങ്കിലും റിവ്യൂ സാധ്യതയില്ലെന്ന് അഡ്വക്കേറ്റ് ജനറലും അറ്റോർണി ജനറലും നിയമോപദേശം നൽകുകയും കോടതി വിധി അടിയന്തരമായി നടപ്പിലാക്കണമെന്ന് ഉപദേശിക്കുകയുമുണ്ടായി. ഇതിനിടെ ഇപ്പോൾ ഹോട്ടൽ നടത്തുന്ന ആർ.പി. ഗ്രൂപ്പ് ഓഫ് കമ്പനീസ് 2017 മാർച്ചിൽ 353/2017S നമ്പരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കോടതിയലക്ഷ്യ കേസ് ഫയൽ ചെയ്തു. കോടതിയലക്ഷ്യ നടപടികൾ സർക്കാർ നേരിടേണ്ടി വരുമെന്ന സാഹചര്യത്തിലാണ് കോവളം കൊട്ടാരം തിരികെ ഹോട്ടൽ ഗ്രൂപ്പിന് കൈമാറാൻ സർക്കാർ തീരുമാനമെടുത്തത്. ഭാവിയിൽ അധികാരപ്പെട്ട കോടതിയിൽ അവകാശമുന്നയിക്കാൻ സിവിൽ സ്യൂട്ട് ഫയൽ ചെയ്യുന്നതിന് സാധിക്കുന്ന വിധത്തിൽ സംസ്ഥാന സർക്കാരിന്റെ അവകാശം നിലനിർത്തിക്കൊണ്ടാണ് കൊട്ടാരം കൈമാറിയത്.

## (4) വിനായകന്റെ ആത്മഹത്യ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 17-7-2017-ന് പാവറട്ടി പോലീസ് സ്റ്റേഷൻ അതിർത്തിയിൽ സുഹൃത്തായ ശരത്തിനോടൊപ്പം മറ്റൊരു പെൺ സുഹൃത്തുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോഴാണ് ശ്രീജിത്ത്, സാജൻ എന്നീ പോലീസുകാർ ഏങ്ങണ്ടിയൂർ ചക്കാണ്ടൻ കൃഷ്ണൻകുട്ടിയുടെ മകൻ വിനായകനെ പിടിച്ചുകൊണ്ടുപോകുന്നത്. വിനായകനെ പോലീസ് സ്റ്റേഷനിൽ വച്ച് മർദ്ദിക്കുകയും അന്ന് വൈകുന്നേരം വിനായകന്റെ അച്ഛൻ കൃഷ്ണൻകുട്ടിയോടൊപ്പം പോലീസ് പറഞ്ഞു വിടുകയും ചെയ്തു. എന്നാൽ 18-ാം തീയതി രാവിലെ വിനായകൻ വീട്ടിൽ ആത്മഹത്യ ചെയ്ത നിലയിൽ കാണപ്പെട്ടു. ഈ രണ്ടുപേരെയും പോലീസ് മർദ്ദിച്ചതായാണ് പറയപ്പെടുന്നത്. അവിടെ ഉയർന്നുവന്ന ജനവികാരത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ബന്ധപ്പെടുകയുണ്ടായി. ഇതിൽ രണ്ട് പോലീസുകാർക്കെതിരെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ സ്ഥലം സന്ദർശിക്കുകയുണ്ടായി. പട്ടികജാതിക്ഷേമ വകുപ്പ് ധനസഹായം അനുവദിച്ചതായുള്ള അറിയിപ്പ് ഇന്നലെ

ലഭിച്ചു. ഈ വിഷയം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം അടിയന്തരമായി പൂർത്തീകരിച്ച് ഇതിൽ കൂടുതൽ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പോലീസ് മർദ്ദനമേറ്റ് മരണപ്പെട്ട സാഹചര്യത്തിൽ കൂടുതൽ ധനസഹായം അനുവദിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, 17-7-2017-ന് വിനായകൻ എന്ന ദളിത് യുവാവിനെ പാവറട്ടി പോലീസ് കസ്റ്റഡിയിലെടുത്ത് വിട്ടയച്ചശേഷം ടിയാൻ ആത്മഹത്യ ചെയ്യുകയുണ്ടായി. പോലീസ് സ്റ്റേഷനിൽവച്ച് ക്രൂരമായ മർദ്ദനമേറ്റതിനെ തുടർന്നാണ് ടിയാൻ ആത്മഹത്യ ചെയ്തതെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ പാവറട്ടി പോലീസ് സ്റ്റേഷനിലെ സിവിൽ പോലീസ് ഓഫീസറായ ശ്രീജിത്ത്, സീനിയർ സിവിൽ പോലീസ് ഓഫീസർ സാജൻ എന്നിവരെ തൃശ്ശൂർ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യുകയും ഇവർക്കെതിരെ വാടാനപ്പള്ളി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 826/2017 പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിരുന്നു. കേസിന്റെ ഗൗരവം പരിഗണിച്ച് ക്രൈം ബ്രാഞ്ചിനെ അന്വേഷണ ചുമതല ഏല്പിച്ചിരിക്കുകയാണ്. കൂടാതെ ഗുരുവായൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ഇ. ബാലകൃഷ്ണൻ, പാവറട്ടി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ ശ്രീ. അരുൺഷാ എന്നിവർക്കെതിരെ തൃശ്ശൂർ റെയ്ഞ്ച് ഐ.ജി.-യുടെ ഉത്തരവ് പ്രകാരം അച്ചടക്ക നടപടിക്ക് ഉത്തരവായിട്ടുണ്ട്. നിലവിലെ ക്രൈം ബ്രാഞ്ച് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പോലീസുകാരെ സസ്പെന്റ് ചെയ്യുക മാത്രമാണ് ചെയ്തത്. നഷ്ടപരിഹാരം കൊടുക്കുന്നതിനെക്കുറിച്ച് ഒന്നും പറഞ്ഞില്ല....(ബഹളം)...

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്......ഇരിക്കു.........(ബഹളം)........ സബ്മിഷനിടയിൽ ഇതൊന്നുമില്ലാത്തതാണ്. ശ്രീ. എം. സ്വരാജ്, അങ്ങ് സംസാരിക്കു.

## (5) ചലച്ചിത്ര നയം

ശ്രീ. എം. സ്വരാജ്: സർ, ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മണ്ഡലങ്ങളിലെ മഹത്തായ വിസ്ഫോടനങ്ങളുടെ ഫലമായി മനുഷ്യരാശിക്ക് ലഭിച്ച സാങ്കേതിക തികവാർന്ന ആധുനിക കലാരൂപമാണ് സിനിമ. 1800-കളുടെ അന്ത്യപാദത്തിലാണ് ലൂമിയർ സഹോദരന്മാർ സിനിമ വികസിപ്പിച്ചെടുക്കുന്നത്......(ബഹളം).....

മി. സ്പീക്കർ: ദയവായി സീറ്റിലിരിക്കു. പ്ലീസ്....

ശ്രീ. എം. സ്വരാജ്: സർ, ലോകമെമ്പാടും ചലച്ചിത്രത്തിന് ജനങ്ങളിൽ ഉണ്ടാക്കാൻ കഴിയുന്ന സ്വാധീനം ഒട്ടും ചെറുതല്ലെന്ന് നമുക്ക് അറിയാവുന്നതാണ്. ........(ബഹളം).....ജനങ്ങളുടെ മനോഭാവത്തെ സ്വാധീനിക്കുക മാത്രമല്ല പലപ്പോഴും നിർണ്ണയിക്കുക കൂടി ചെയ്യാൻ സിനിമയ്ക്ക് സാധിക്കുന്നുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്.........(ബഹളം).....അതുകൊണ്ടാണ് അനശ്വര കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയിട്ടുള്ള ചലച്ചിത്രകാരന്മാർ ജനങ്ങളുടെ ആരാധനയ്ക്ക് പാത്രമായിട്ടുള്ളത്.

(പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നു നിന്ന് ബഹളം വച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്... ദയവായി സീറ്റിലിരിക്കൂ. അദ്ദേഹം സംസാരിച്ച് തീരട്ടെ. എന്നിട്ട് പ്രതിപക്ഷനേതാവിന് അവസരം തരാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, ഞാൻ ശ്രീ. എം. സ്വരാജിനെ വിളിച്ചു, അദ്ദേഹം സംസാരിച്ചതിനു ശേഷം അങ്ങേയ്ക്ക് അവസരം തരാം.........(ബഹളം).....ഇതൊന്നും ശരിയല്ല. സബ്മിഷനിടയിൽ ഇത്തരം നീക്കങ്ങൾ ശരിയല്ല.

ശ്രീ. വി. ടി. ബൽറാം: സർ, നഷ്ടപരിഹാരം കൊടുക്കണമെന്ന് അംഗം പറഞ്ഞിട്ട് അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞോ?.... (ബഹളം).....

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... ഇതൊന്നും ശരിയല്ല. നിങ്ങൾ സീറ്റിൽ പോയിരിക്കൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ അവസരം കൊടുക്കുന്നുണ്ട്......(ബഹളം).....ശ്രീ. എം. സ്വരാജിന് തുടരാം. സബ്മിഷൻ അവതരിപ്പിച്ച അംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേട്ട് അവിടെ ഇരുന്നല്ലോ.....(ബഹളം)......ശ്രീ. എം. സ്വരാജ് സംസാരിച്ച് പകുതിയായി കഴിഞ്ഞു.

ശ്രീ. വി. ടി. ബൽറാം: സർ, പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരം കൊടുക്കണം.

മി. സ്പീക്കർ: അതൊന്നും നടക്കില്ല......(ബഹളം)....ശ്രീ. എം. സ്വരാജ് സംസാരിച്ച് പൂർത്തിയാക്കിയതിനുശേഷമേ പ്രതിപക്ഷനേതാവിന് അവസരം നൽകൂ. ..... (ബഹളം).....പ്രതിപക്ഷനേതാവിന് ഞാൻ അവസരം കൊടുക്കാമെന്ന് പറഞ്ഞില്ലേ. ശ്രീ. എം. സ്വരാജ് അങ്ങ് സബ്മിഷൻ അവതരിപ്പിക്കുന്നുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ സബ്മിഷൻ അവതരിപ്പിച്ചു കൊണ്ടിരിക്കുകയായിരുന്നു. ....(ബഹളം)..

മി. സ്പീക്കർ: ഇരിക്കൂ.....ഇരിക്കൂ.....നിങ്ങളിരിക്കൂ. അദ്ദേഹം സംസാരിക്കട്ടെ. ദയവായി ശ്രീ. എം. സ്വരാജ് സംസാരിക്കട്ടെ. ........(ബഹളം)...... മറുപടി കിട്ടാൻ വേണ്ടിയാണോ ബഹളം വയ്ക്കുന്നത്. നിങ്ങൾക്ക് മറുപടി കിട്ടാനാണെങ്കിൽ പ്രതിപക്ഷനേതാവിന് സമയം കൊടുക്കാമെന്ന് ഞാൻ പറഞ്ഞു. പ്രതിപക്ഷത്തിന് ഒരു നേതാവുണ്ട്. ദയവായി നിങ്ങളത് മനസ്സിലാക്കണം.

(ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽനിന്ന് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപോയി)

ശ്രീ. എം. സ്വരാജ്: സർ, അങ്ങ് അനുവദിച്ചതനുസരിച്ച് ഇവിടെ സബ്മിഷൻ അവതരിപ്പിക്കുകയായിരുന്നു ഞാൻ. പൊടുന്നനെ ബഹളമുണ്ടായപ്പോൾ എന്താണെന്നറിയാതെ നിർത്തിയതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സീറ്റിലിരുന്നപ്പോൾ ഞാൻ കരുതിയത് പ്രതിപക്ഷനേതാവ് പറഞ്ഞാൽ പ്രതിപക്ഷാംഗങ്ങൾ കേൾക്കുമെന്നാണ്. എന്തായിരുന്നാലും ഞാൻ വിഷയത്തിലേയ്ക്ക് വരാം.

ലോകമെമ്പാടുമുള്ള ജനങ്ങൾക്കിടയിൽ ചലച്ചിത്രത്തിനുണ്ടാക്കാൻ കഴിയുന്ന സ്വാധീനത്തെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. ജനങ്ങളുടെ മനോഭാവത്തെ സ്വാധീനിക്കാൻ മാത്രമല്ല നിർണ്ണയിക്കാൻകൂടി സിനിമയ്ക്ക് കഴിയുന്നതുകൊണ്ടാണ് അനശ്വര കഥാപാത്രങ്ങൾക്ക് ജീവൻ നൽകിയ അഭിനേതാക്കൾ ജനങ്ങളുടെ ആരാധനാ പാത്രങ്ങളായി മാറുന്നതും ആരാധക സംഘടനകളുണ്ടാകുന്നതും. മലയാള സിനിമ ശതാബ്ദി ആഘോഷിക്കാൻ പോകുകയാണ്. ഈ വേളയിലും മലയാള സിനിമ പ്രതിഫലിപ്പിക്കുന്ന ആശയങ്ങൾ പലതും സ്വാഗതാർഹമല്ലെന്ന് പറയേണ്ടി വരികയാണ്. ദളിത് വിരുദ്ധത, സ്ത്രീ വിരുദ്ധത, അരാഷ്ട്രീയ വാദം, ഫ്യൂഡൽ മൂല്യങ്ങളുടെ മഹത്വവൽക്കരണം, ചരിത്ര നിരാസം എന്നിവയെല്ലാം സിനിമയുടെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ കേരളത്തിൽ ഒരു ചലച്ചിത്ര നയം പ്രഖ്യാപിക്കേണ്ടതുണ്ട്. കേരളത്തിലെ പുരോഗമന മൂല്യങ്ങളെ മുന്നോട്ട് കൊണ്ടുപോകുന്നതും കേരളീയ സമൂഹത്തെ കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് ആനയിക്കുന്നതുമായ ഒരു ചലച്ചിത്ര സംസ്കാരം ഇവിടെയുണ്ടാകണം. അങ്ങനെയൊരു സിനിമാനയം രൂപീകരിക്കുന്നതോടൊപ്പം സിനിമയെ ഒരു വ്യവസായമായി പരിഗണിക്കാനും കഴിയണം. ക്രിയാത്മക സേവന വ്യവസായം അഥവാ Creative Service Industry ആയി സിനിമയെ പരിഗണിക്കേണ്ടതുണ്ട്. സിനിമാ രംഗത്ത് കാലാനുസൃതമായ നിയമനിർമ്മാണം അത്യാവശ്യമായി വന്നിരിക്കുകയാണ്. ഈ കാര്യങ്ങളെക്കുറിച്ച് പരിശോധന നടത്തിയ പ്രശസ്ത ചലച്ചിത്രകാരൻ ശ്രീ. അടൂർ ഗോപാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിനെക്കൂടി മുൻനിർത്തിക്കൊണ്ട് നിയമനിർമ്മാണം നടത്താനാകണം. 1958-ലാണ് ചലച്ചിത്ര രംഗത്ത് ആദ്യത്തെ നിയമമുണ്ടാകുന്നത്. പക്ഷേ ഈ നിയമം അഭിസംബോധന ചെയ്യുന്നത് വിതരണം, പ്രദർശനം തുടങ്ങിയ മേഖലകളെ മാത്രമാണ്. ചലച്ചിത്ര നിർമ്മാണം ഈ നിയമത്തിന്റെ പരിധിയിൽപ്പെടുന്നില്ല. ചലച്ചിത്ര നിർമ്മാണത്തെക്കൂടി ഉൾക്കൊള്ളാൻ കഴിയുന്ന പുതിയ നിയമനിർമ്മാണമാണ് വേണ്ടത്. ഇപ്പോൾ ഒരു സിനിമ നിർമ്മിക്കണമെങ്കിൽ ഫിലിം രജിസ്ട്രേഷനും പബ്ലിസിറ്റി ക്ലിയറൻസുമെല്ലാം സ്വകാര്യ സ്വഭാവമുള്ള ഫിലിം ചേംബറിന്റെ

നിയന്ത്രണത്തിലാണ് നടക്കുന്നത്. ഒരാൾക്ക് ഒരു സിനിമ എടുക്കണമെങ്കിൽ ഫിലിം ചേംബറിൽ പോയി 25000 രൂപ കൊടുക്കണമെന്നതാണ് സ്ഥിതി. ഒരു വർഷം എത്ര സിനിമ ഇറങ്ങുന്നുണ്ട്, ഈ സിനിമ നിർമ്മിക്കുന്നതാരാണ്, ഇതിന് എത്ര പണം ചെലവഴിക്കപ്പെടുന്നുണ്ട്, ഈ പണത്തിന്റെ ഉറവിടം എവിടെയാണ്, ഇത് കള്ളപ്പണമാണോ എന്നീ കാര്യങ്ങളിലൊന്നും സർക്കാരിന് ഒരു നിയന്ത്രണവുമില്ല, ഒരറിവുമില്ല. സിനിമ രജിസ്ട്രേഷനും പബ്ലിസിറ്റി ക്ലിയറൻസിനുമുള്ള അധികാരം സർക്കാർ ഏറ്റെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ചലച്ചിത്ര അക്കാഡമിയെയോ ചലച്ചിത്ര വികസന കോർപ്പറേഷനെയോ ഇതിന്റെ ഉത്തരവാദിത്വം ഏല്പിക്കണം. ഈ രംഗത്ത് നിലനിൽക്കുന്ന സാംസ്കാരിക ഗുണ്ടായിസം അനുവദിക്കാൻ പാടില്ല. വിലക്ക്, ഭ്രഷ്ട് ഇങ്ങനെയൊക്കെയുള്ള വാർത്തകളൊക്കെ പുറത്തുവന്നു കൊണ്ടിരിക്കുന്നു. സബ്മിഷനായതുകൊണ്ട് സമകാലിക സംഭവങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതോടൊപ്പം മലയാള ചലച്ചിത്ര നിർമ്മാണ രംഗത്തിന്റെ മുഖമുദ്രയാണ് സ്ത്രീ വിരുദ്ധത എന്ന തരത്തിലുള്ള വിവരങ്ങൾ പുറത്തുവന്നു കൊണ്ടിരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ്..... സമയം കഴിഞ്ഞു.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ അവസാനിപ്പിക്കാം. പൂഞ്ഞാർ അംഗം ആറേകാൽ മിനിട്ടെടുത്തു. എന്റെ ആദ്യത്തെ നാല് മിനിട്ട് വെറുതെയായി.

മി. സ്പീക്കർ: അങ്ങ് അങ്ങയുടെ നിലപാടിൽ നിന്നാൽ മതി.

ശ്രീ. എം. സ്വരാജ്: സർ, Vishakha and others Vs State of Rajasthan കേസിന്റെ പശ്ചാത്തലത്തിൽ തൊഴിലിടങ്ങളിൽ സ്ത്രീകൾക്കുനേരെയുള്ള ലൈംഗികാതിക്രമങ്ങളെ സംബന്ധിച്ച പരാതികൾ പരിശോധിക്കാനും പരിഹരിക്കാനുമുള്ള പ്രത്യേക സംവിധാനം എല്ലാ സ്ഥലത്തും വേണ്ടതാണ്. പക്ഷേ ചലച്ചിത്ര നിർമ്മാണ രംഗത്ത് അതില്ല. അതുകൊണ്ടാണ് അവിടെനിന്നും അങ്ങേയറ്റം വേദനാജനകമായ അസ്വസ്ഥതകൾ ഉളവാക്കുന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. Sexual harassment സംബന്ധിച്ച പരാതികൾ പരിഹരിക്കാനുള്ള സംവിധാനമുണ്ടാകണം. സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യുന്ന മേഖലയാണ് സിനിമാ ലൊക്കേഷൻ. മൂത്രമൊഴിക്കാൻപോലും സൗകര്യമില്ലാത്ത ലൊക്കേഷനുകളെക്കുറിച്ച് കേൾക്കുന്നുണ്ട്. ഇത്തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളൊക്കെ ഈ മേഖലയിലുണ്ടാകണമെന്ന് ഉറപ്പുവരുത്താനും ചലച്ചിത്ര പ്രേക്ഷകരുടെ അവകാശങ്ങൾ സംരക്ഷിക്കാനും കഴിയണം. തമിഴ്നാട്ടിലും മറ്റും സിനിമാ തിയേറ്ററുകളിൽ പാവപ്പെട്ടവർക്ക് സിനിമ കാണാൻ കുറഞ്ഞ നിരക്കിൽ നിശ്ചിത ശതമാനം സീറ്റുകൾ ലഭ്യമാകുന്നുണ്ടെന്നാണ് കേൾക്കുന്നത്. അതിന് റിസർവ്വേഷനില്ല. ആദ്യം ക്യൂ നിൽക്കുന്നവർക്കാണ് ആ സീറ്റുകൾ ലഭിക്കുക. ഇവിടെ സാധാരണക്കാരെ സിനിമാരംഗത്തുനിന്നും അകറ്റുന്ന

നിലപാട് ടിക്കറ്റ് നിരക്കുമായി ബന്ധപ്പെട്ടുണ്ട്. അതും പരിഹരിക്കാനാകണം. ചലച്ചിത്രനയം പ്രഖ്യാപിക്കണം, ചലച്ചിത്ര നിർമ്മാണമേഖല ഉൾക്കൊള്ളുന്ന നിയമം നിർമ്മിക്കാൻ സാധിക്കണം, ഈ രംഗത്തെ അനഭിലഷണീയമായ പ്രവണതകൾ അവസാനിപ്പിക്കാൻ കഴിയണം എന്നിവയാണ് ഞാൻ ആവശ്യപ്പെടുന്നത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സിനിമാ മേഖലയിലെ തെറ്റായ ചില പ്രവണതകളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. അത് വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. ചലച്ചിത്ര നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾ പലവിധ ചൂഷണങ്ങൾക്ക് വിധേയരാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിനിമാ മേഖലയിൽ പുതിയതായി രൂപംകൊണ്ട "വിമൺ ഇൻ സിനിമാ കളക്ടീവ്" എന്ന സംഘടന ഈ രംഗത്ത് സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു മെമ്മോറാണ്ടം സർക്കാരിന് നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് ഹേമ ചെയർപേഴ്സണായും ശ്രീമതി ശാരദ, ശ്രീമതി കെ.വി. വൽസലകുമാരി (ഇരുവരും ഐ.എ.എസ്. റിട്ടയേർഡ്) എന്നിവർ അംഗങ്ങളുമായിട്ടുള്ള ഒരു വിദഗ്ദ്ധ സമിതിയെ 1-7-2017-ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും ആ കമ്മീഷന്റെ പ്രവർത്തനത്തിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായ ശേഷം ഈ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെയും അവരുടെ സുരക്ഷയ്ക്കാവശ്യമായ നടപടികളെയും സംബന്ധിച്ച് ശക്തമായ നിലപാട് സർക്കാർ സ്വീകരിക്കുന്നതായിരിക്കും.

സിനിമാ രംഗത്തെ പ്രശ്നങ്ങൾ പഠിച്ച് ആ മേഖലയിലെ സമഗ്ര പരിഷ്കരണത്തിന് ശ്രീ. അടൂർ ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിഗണിച്ചുവരികയാണ്. സിനിമാ നിർമ്മാണം, വിതരണം, പ്രദർശനം തുടങ്ങിയ മേഖലകളിലെ പ്രതിനിധികളും വിദഗ്ദ്ധ അംഗങ്ങളും സർക്കാർ പ്രതിനിധികളും അടങ്ങുന്ന സിനിമ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. പ്രസ്തുത നിയമത്തിൽ സിനിമാ നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ പ്രശ്നങ്ങൾ കൂടി പരിഗണിക്കുന്നതാണ്. ചലച്ചിത്ര നിർമ്മാണത്തെ ഒരു വ്യവസായമായി ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ആ മേഖലയിലെ സങ്കീർണ്ണമായ തൊഴിൽ പ്രശ്നങ്ങൾ കണക്കിലെടുത്താണ് ഇതുവരെയും ചലച്ചിത്ര നിർമ്മാണത്തെ വ്യവസായമായി കണക്കാക്കാത്തത്. സിനിമാ രംഗത്തെ

എല്ലാ വിഭാഗവുമായും വിശദമായ ചർച്ചകൾ ഇതിന്റെ ഭാഗമായി ആവശ്യമാണ്. എന്നാൽ ചലച്ചിത്ര മേഖലയിൽ ജോലി ചെയ്യുന്ന അഭിനേതാക്കൾ മുതൽ സാങ്കേതിക പ്രവർത്തകർ വരെയുള്ള എല്ലാ വിഭാഗം ആളുകൾക്കും നിലവിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധിക്കുകീഴിൽ പെൻഷൻ, ചികിത്സാ സഹായം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1,000 രൂപയായിരുന്ന പെൻഷൻ 2000 രൂപയാക്കി വർദ്ധിപ്പിച്ചു. ചികിത്സാ സഹായം ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. അത് ഇനിയും വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. സിനിമ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഡക്ഷൻ യൂണിറ്റുകളിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ പറയുന്ന സേവന വേതന വ്യവസ്ഥകളും ആനുകൂല്യങ്ങളും ബാധകമാക്കും. ചലച്ചിത്ര ടെലിഫിലിം നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ട മിനിമം വേതനം തൊഴിൽ വകുപ്പ് നിശ്ചയിച്ചിട്ടുണ്ട്. 17-8-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം മിനിമം വേതനം നിശ്ചയിച്ചിരുന്നു. ഇതിനോടകം തന്നെ ഇതും കാലോചിതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടി തൊഴിൽ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. സിനിമാ ചരിത്രത്തെ സംബന്ധിച്ചും മറ്റും സൂചിപ്പിക്കേണ്ട കാര്യമില്ല. അനുദിനം സാങ്കേതിക മേഖല മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കുറെ കാര്യങ്ങൾ പുതിയതായി മനസ്സിലാക്കേണ്ടതുണ്ട്. അതെല്ലാം അടങ്ങുന്ന സമഗ്രമായിട്ടുള്ള നിയമനിർമ്മാണത്തിനായിരിക്കും സർക്കാർ രൂപം നൽകുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) സർ,........

മി. സ്പീക്കർ: സബ്മിഷൻ അവതരിപ്പിച്ച് മറുപടി പറഞ്ഞു കഴിഞ്ഞാൽ അതിന്മേൽ ചർച്ച അനുവദിക്കാറില്ല. ഇപ്പോൾത്തന്നെ അങ്ങ് ഒന്നോ രണ്ടോ തവണ ഇടപെട്ടുകഴിഞ്ഞു. അതൊരു കീഴ്വഴക്കമായി എടുക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വളരെ സുപ്രധാനമായൊരു കാര്യമായതു കൊണ്ടാണ് ഞാൻ ഇടപെട്ടത്. വിനായകന്റെ അച്ഛനും അമ്മയും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെ കാണാൻ ഇന്നലെ നിയമസഭയിൽ വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവരെ കാണാൻ വിസമ്മതിച്ചതായി ഇന്നത്തെ എല്ലാ വാർത്താ മാധ്യമങ്ങളിലും വാർത്ത വന്നിട്ടുണ്ട്. അത് ശരിയാണോയെന്ന് എനിക്കറിയില്ല, മാധ്യമങ്ങളിൽ വരുന്ന വാർത്തയാണ്. അതുമാത്രമല്ല ആ കുടുംബത്തിന് നഷ്ട പരിഹാരം കൊടുക്കണം. വിനായകനെ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്. അത്രമാത്രം ഗുരുതരമായ പീഡനമാണ് ആ കുട്ടിയുടെമേൽ ഉണ്ടായത്. ആ സംഭവം പറയാനാണ് ശ്രീ. അബ്ദുൾ ഖാദർ സംസാരിച്ചപ്പോൾ സമയം ആവശ്യപ്പെട്ടത്.

മി. സ്പീക്കർ: സബ്മിഷൻ നൽകാൻ എല്ലാവർക്കും അവസരമുണ്ടായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രതിപക്ഷനേതാവെന്ന നിലയിൽ ഞങ്ങളുടെ മെമ്പർമാർ ഞാൻ പറഞ്ഞാൽ അനുസരിക്കും. അതിൽ യാതൊരു സംശയവുമില്ല. ശ്രീ. എം. സ്വരാജിനോ മറ്റാർക്കെങ്കിലുമോ അക്കാര്യത്തിൽ സംശയം വേണ്ട. അതുകൊണ്ട് ഇക്കാര്യം ഗൗരവമുള്ളതാണ്. പാവപ്പെട്ട ദളിത് കുടുംബമാണ്. അക്കാര്യം പറയുന്നുവെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: അങ്ങ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അവർ എന്നെ കാണാൻ വന്നുവെന്ന് പറയുന്നത് ശരിയാണോയെന്ന് എനിക്കറിയില്ല. കാരണം ഞാൻ സഭയിലായിരുന്നു. ഇവിടെ സാധാരണ ചില ഘട്ടങ്ങളിൽ ആളുകൾ എന്നെ വന്ന് കാണാറുണ്ട്. എന്നെ കാണാൻ വേണ്ടി സമയം ചോദിച്ചിട്ട് കാണാതിരുന്നുവെന്ന നില ഇക്കാര്യത്തിലെന്നല്ല ഒരു കാര്യത്തിലും ഉണ്ടായിട്ടില്ല. ഈ പ്രശ്നം എന്റെ ശ്രദ്ധയിലുള്ളതുമല്ല. മറ്റ് കാര്യങ്ങൾ അന്വേഷണത്തിനുശേഷം തീരുമാനിക്കാവുന്നതാണ്.

## (6) ക്ലാപ്പന ഹൗസിംഗ് കോളനി

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽപ്പെട്ട ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ 1985-ലെ 'ഫയലിൽ നിന്നും വയലിലേയ്ക്ക് ' എന്ന പരിപാടിയുടെ ഭാഗമായി ദുർബല വിഭാഗത്തിൽപ്പെട്ടവരുടെ പുനരധിവാസത്തിനായി നിർമ്മിതി കേന്ദ്രം നിർമ്മിച്ച 40 വീടുകളുടെ, ഹൗസിംഗ് കോളനിയുടെ ഇപ്പോഴത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ഇതിൽ രണ്ട് വീടുകൾ തകർന്ന് വീഴ്ന്നിട്ടുള്ളതും ബാക്കിയുള്ളവ താമസയോഗ്യമല്ലാത്തതുമാണ്. ഇവിടേയ്ക്കുള്ള റോഡുകളും കോളനിയുടെ കെട്ടിടങ്ങൾ നിൽക്കുന്ന പ്രദേശവും മഴക്കാലത്ത് വെള്ളക്കെട്ടായി മാറുന്നു. തീർത്തും താമസയോഗ്യമല്ലാത്ത വീടുകളുള്ളവരെ താൽക്കാലികമായി മാറ്റി താമസിപ്പിച്ചിരിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിന്റെ വൈദ്യുതിച്ചാർജ് നൽകുന്നതിന് ഗവൺമെന്റിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ സഹായം ലഭിക്കുന്നില്ല. സമൂഹത്തിലെ ഏറ്റവും ദുർബല ജന വിഭാഗത്തിൽപ്പെടുന്ന ഇവിടത്തെ താമസക്കാരുടെ ദുരിതം ശാശ്വതമായി പരിഹരിക്കപ്പെടുന്നതിലേയ്ക്കായി ഇവിടെ താമസിക്കുന്ന പട്ടയ ഉടമകളായവർക്ക് നിലവിലുള്ള വീടുകൾ പൊളിച്ചുമാറ്റി പുതിയ വീട് നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയോ സർക്കാർ പ്രഖ്യാപിച്ച പുതിയ ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ വീട് അനുവദിക്കുകയോ ചെയ്യണമെന്നാണ് എന്റെ അഭ്യർത്ഥന. അവരുടെ ഇപ്പോഴത്തെ ജീവിത സാഹചര്യം വളരെ ദയനീയമാണെന്നുള്ളത് മനസ്സിലാക്കി അനുഭാവപൂർവ്വമായ സമീപനമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കരുനാഗപ്പള്ളി താലൂക്കിൽ ക്ലാപ്പന വില്ലേജിൽ ബ്ലോക്ക് നമ്പർ 2-ലെ സർവ്വേ നമ്പർ 43-ാം പാർട്ടിൽപ്പെട്ട 64.45 ആർ ഭൂമിയിൽ 40 വീടുകൾ 1984-ൽ കൊല്ലം ജില്ലാ കളക്ടർ സംഘടിപ്പിച്ച 'ഫയലിൽ നിന്നും വയലിലേയ്ക്ക്' എന്ന പരിപാടിയുടെ ഭാഗമായി നടത്തിയ സമൂഹ വിവാഹത്തിൽ വിഹാഹിതരായ നിർദ്ധന ദമ്പതികളുടെ പുനരധിവാസത്തിന്റെ ഭാഗമായി നിർമ്മിച്ചു നൽകിയിട്ടുള്ളവയാണ്. പദ്ധതിയുടെ ആരംഭകാലത്തുണ്ടായിരുന്ന ഗുണഭോക്താക്കളിൽ പലരും വീട് മുദ്രപത്രത്തിൽ എഴുതി കൈമാറിയിട്ടുള്ളതാണ്. 2006 കാലഘട്ടത്തിലാണ് പട്ടയം നൽകിയിട്ടുള്ളത്. ആകെയുള്ള 40 കുടുംബങ്ങളിൽ 38 കുടുംബങ്ങൾക്ക് ഏകദേശം 3 സെന്റ് വീതം പട്ടയം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 2 കുടുംബങ്ങൾക്കുകൂടി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 40 വീടുകളിൽ 2 വീടുകളൊഴികെ ബാക്കി എല്ലാ വീടുകളും കാലപ്പഴക്കത്തിൽ ജീർണ്ണിച്ച് വാസയോഗ്യമല്ലാതായി തീർന്നിട്ടുള്ളതാണ്. 2 വീടുകൾ അതിലെ താമസക്കാർ സ്വന്തം ചെലവിൽ പുനർനിർമ്മിച്ചിട്ടുള്ളവയാണ്. ഈ സാഹചര്യത്തിൽ ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇവരെ പുനരധിവസി പ്പിക്കാവുന്നതാണ്.

## (7) എം.സി.ഐ. അംഗീകാരം ലഭ്യമാക്കൽ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇടുക്കി മെഡിക്കൽ കോളേജിൽ 2018-19 അധ്യയനവർഷം മുതൽ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് എം.സി.ഐ.-യുടെ അംഗീകാരം നേടിയെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ആരോഗ്യ, വിദ്യാഭ്യാസ, ചികിത്സാ രംഗത്ത് ഇടുക്കിക്ക് ഒട്ടേറെ പ്രതീക്ഷ നൽകുന്ന മെഡിക്കൽ കോളേജാണ് 2011-ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 2013-ൽ തറക്കല്ലിട്ട് 2014-ൽ ആരംഭിച്ചത്. 2014-ൽ 50 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതിന് ആരോഗ്യവകുപ്പ് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ തീരുമാനപ്രകാരം 2015-16-ൽ വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കാൻ സാധിച്ചു. രണ്ടുവർഷം അവിടെ പ്രവേശനത്തിന് അനുമതിയും കൊടുത്തു. ഏറ്റവും നല്ല റിസൾട്ടും ഇടുക്കി മെഡിക്കൽ കോളേജിന് നേടാൻ സാധിച്ചു. അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇന്ന് 72 കോടി രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും പത്തരക്കോടി രൂപയുടെ അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് 2016 ജൂൺ മാസം 21-ാം തീയതി ആരോഗ്യ വകുപ്പ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അവിടെ പഠിച്ച വിദ്യാർത്ഥികളെ മറ്റ് അഞ്ച് മെഡിക്കൽ കോളേജുകളിലായി പുനർവിന്യസിക്കുകയും അവിടെയുണ്ടായിരുന്ന ഡോക്ടർമാരെയും

നഴ്സുമാരെയും പാരിപ്പള്ളി മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയുമുണ്ടായത്. ഇന്ന് അവിടെ ഡോക്ടർമാരുടെ അഭാവവും ചികിത്സ ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവന്നു. വളരെ അനുകൂലമായ നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അതിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും ഗവൺമെന്റ് ചെയ്തുതരുന്നുവെന്ന കാര്യത്തിൽ ഏറെ സന്തോഷമുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ആഴ്ചതോറും ജില്ലാ കളക്ടറേറ്റിൽ റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങളും മറ്റും വിലയിരുത്താൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയെ ഇടുക്കിയിലേയ്ക്ക് അയയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെയും അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയേയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നു. അതനുസരിച്ച് ജനപ്രതിനിധികളും ജില്ലാ അഡ്മിനിസ്ട്രേഷനും കിഫ്കോയും ഇക്കാര്യങ്ങളിൽ വളരെ നല്ല നിലയിലുള്ള പ്രവർത്തനങ്ങൾക്കാണ് നേതൃത്വം കൊടുത്തുവരുന്നത്. 2018-19-ൽ അവിടെ അഡ്മിഷൻ എടുക്കാൻ സാധിക്കുന്ന വിധത്തിൽ നേതൃത്വം കൊടുക്കാൻ ശ്രദ്ധിക്കുന്നത് വളരെയേറെ സന്തോഷകരമാണ്. അതോടൊപ്പം അവിടെ നിന്നും മാറ്റപ്പെട്ട കുട്ടികളെ ഇടുക്കിയിൽ തിരിച്ചെത്തിച്ച് അവർക്ക് പരീക്ഷ എഴുതാനുള്ള അവസരവും ഉണ്ടാക്കണം. എം.സി.ഐ. പല ഒബ്ജക്ഷനുകളും ഇതിനോടകം ഉന്നയിച്ചിട്ടുണ്ട്. 131 വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായിരിക്കുന്ന ഈ വിഷയം ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്തതാണ്. 50 വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് മെരിറ്റിൽ പഠിക്കാനുള്ള സാഹചര്യം ഉണ്ടാക്കുന്നതിന് സാധിക്കണം. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇക്കാര്യത്തിലെടുക്കുന്ന തീരുമാനത്തെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇടുക്കിയുടെ സ്വപ്നപ്രതീക്ഷ മാത്രമല്ല, ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത്, ഏറ്റവും കൂടുതൽ പ്രയോജനകരമായ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിയുന്ന ഈ സ്ഥാപനം നല്ല നിലയിൽ കൊണ്ടുപോകാൻ കാണിക്കുന്ന താൽപ്പര്യത്തെ ഒരിക്കൽക്കൂടി വിലമതിക്കുകയാണ്. 2018-19-ൽ അഡ്മിഷനെടുക്കാനുള്ള എല്ലാ സൗകര്യങ്ങളും ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ മാനദണ്ഡമനുസരിച്ചുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ഇടുക്കി മെഡിക്കൽ കോളേജിന്റെ 2016-17 അദ്ധ്യയന വർഷത്തെ അംഗീകാരം നഷ്ടപ്പെടാൻ ഇടയാക്കിയത്. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം കാരണം 2014-15, 2015-16 എന്നീ അദ്ധ്യയനവർഷങ്ങളിലായി ഇടുക്കി മെഡിക്കൽ കോളേജിൽ പ്രവേശനം ലഭിച്ച 100 വിദ്യാർത്ഥികളുടെ (50, 50 വീതം) പഠനം മുടങ്ങാതിരിക്കാൻ ഈ വിദ്യാർത്ഥികളെ 21-6-2016-ലെ ഉത്തരവനുസരിച്ച് മറ്റ് അഞ്ച് സർക്കാർ മെഡിക്കൽ

കോളേജുകളിലേക്ക് മാറ്റുകയുണ്ടായി. പ്രസ്തുത മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി കുട്ടികൾക്ക് പ്രവേശനം നൽകുന്നതിനായി ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഹോസ്റ്റലുകൾ, ഇന്റേൺസ് ഹോസ്റ്റൽ, ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനായി 102 കോടി രൂപയുടെ ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എം.സി.ഐ. നിഷ്കർഷിച്ചിട്ടുള്ള 300 കിടക്കകളുള്ള ആശുപത്രികൾക്ക് ആവശ്യമായ കെട്ടിടത്തിന്റെ പണികൾ ഇപ്പോൾ ത്വരിതഗതിയിൽ നടക്കുന്നുണ്ട്. നിലവിലെ പഴയ ആശുപത്രി കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ, നിർമ്മാണ പ്രവർത്തനങ്ങളുടെ ഭരണാനുമതി, തസ്തിക സൃഷ്ടിക്കുക എന്നിവയുടെ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. അക്കാദമിക് ബ്ലോക്കിന്റെ നിർമ്മാണം ഈ വർഷം ഡിസംബറോടുകൂടി പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എം.സി.ഐ. മാനദണ്ഡപ്രകാരമുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ഇത്തരത്തിൽ 2018-19-ൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് ഗവൺമെന്റ് പരിശ്രമിച്ചുവരുന്നു. അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള പ്രവേശനാനുമതിക്കുള്ള അപേക്ഷ എം.സി.ഐ.-ക്ക് സമർപ്പിച്ചുകഴിഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കുന്നതിന് പ്രഥമ പരിഗണന നല്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അവിടെയുള്ള കുട്ടികളുടെ ഭാവി ബുദ്ധിമുട്ടിലാകാതിരിക്കാൻ കുട്ടികൾക്ക് അംഗീകാരം കിട്ടുന്ന രീതിയിൽ, നിയമപരമായി തടസ്സമില്ലാത്ത രീതിയിൽ ഇപ്പോൾ മറ്റ് കോളേജുകളിലേക്ക് വിന്യസിച്ചിട്ടുള്ള കുട്ടികളുടെ പഠനം പൂർത്തിയാക്കാനും സർക്കാർ പരിശ്രമിച്ചു വരുന്നുണ്ട്. ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. വളരെ താൽപ്പര്യത്തോടുകൂടി ഇടപെടുകയും എല്ലാമാസവും അതിന്റെ റിവ്യൂ നടത്തി പരിശോധിക്കുകയും ചെയ്യുന്നുണ്ട്. എം.പി.-യും അക്കാര്യം പരിശോധിക്കുന്നുണ്ട്. പൊതുവെ എല്ലാവരും ചേർന്ന്, ഒരുമയോടുകൂടിയുള്ള പ്രവർത്തനമാണ് ഇടുക്കി മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ നടക്കുന്നത്. ഇടുക്കി മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാക്കാനുള്ള എല്ലാ നടപടികളും ഈ സർക്കാർ ചെയ്യുമെന്ന് പ്രഖ്യാപിക്കുകയാണ്.

## (8) സേവനം-വേതന വ്യവസ്ഥകൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, സിനിമാമേഖലയിൽ ചലച്ചിത്ര നയം പ്രഖ്യാപിക്കുന്നതു സംബന്ധിച്ച് ശ്രീ. എം. സ്വരാജ് സബ്മിഷൻ അവതരിപ്പിച്ചു കഴിഞ്ഞു. സിനിമ-ടെലിവിഷൻ രംഗത്ത് സ്ത്രീകൾ ഉൾപ്പെടെയുള്ള കലാകാരന്മാരും സാങ്കേതികവിദഗ്ദ്ധരും വിതരണക്കാരും മറ്റ് അനുബന്ധ തൊഴിലാളികളും ഉൾപ്പെടെ ആയിരക്കണക്കിന് തൊഴിലാളികൾക്ക് ജീവിത സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ബീഡിമേഖലയിലെ തൊഴിലാളികൾക്കും സിനിമാരംഗത്തെ തൊഴിലാളികൾക്കും ഒരു കേന്ദ്രനിയമത്തിന്റെ അടിസ്ഥാനത്തിൽ ക്ഷേമ

നിധിയുടെ ഭാഗമായി ഒരു കമ്മിറ്റി ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ആ കമ്മിറ്റി കൃത്യമായി കൂടുകയോ ഈ രംഗത്തുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്ത് തൊഴിലാളികൾക്ക് അനുകൂലമായ സമീപനം സ്വീകരിക്കുകയോ ചെയ്യുന്നില്ല. ഈ രംഗം സംഘടിതരാണെന്ന് പറയുന്നുണ്ടെങ്കിലും ഏറ്റവും താഴെത്തട്ടിൽ ജോലി ചെയ്യുന്ന പലരും അസംഘടിതരാണ്. അവർക്ക് സ്ഥിരമായി ജോലി കിട്ടാത്ത സാഹചര്യമുണ്ട്. ടെലിവിഷൻ രംഗത്ത് പണിയെടുക്കുന്ന നിരവധിപേർക്ക് മാസങ്ങളായി ശമ്പളം കിട്ടാത്ത സാഹചര്യവുമുണ്ട്. ടെലിവിഷൻ-സിനിമ മേഖലയിലെ തൊഴിലിടങ്ങളിൽ സ്ത്രീകളടക്കമുള്ള നിരവധിപ്പേർ ചൂഷണത്തിന് ഇരയാകുന്നുണ്ട്. അതിനാൽ സിനിമ-ടി.വി. രംഗത്ത് പണിയെടുക്കുന്നവരുടെ സുരക്ഷിതത്വവും സേവന-വേതന വ്യവസ്ഥകളുമെല്ലാം സംരക്ഷിക്കുന്നതിനായി ഇതിനെ ഒരു വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ടുള്ള സമഗ്ര നിയമം കൊണ്ടുവന്ന് ഇവരെ സംരക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിതരണത്തിന് പെട്ടിചുമന്നു കൊണ്ടുപോകുന്നവരും സിനിമാ തിയേറ്ററിൽ ടിക്കറ്റ് കീറുന്നവരും അടക്കം ഇതിന്റെ പരിധിക്കുള്ളിൽ വരേണ്ടതാണ്. ഇവരെയെല്ലാം ഉൾക്കൊള്ളുന്ന സമഗ്രമായ ഒരു നിയമം കൊണ്ടുവന്ന് ചലച്ചിത്രമേഖല അടക്കം ഒരു വ്യവസായമായി പ്രഖ്യാപിച്ചുകൊണ്ട് തൊഴിൽ സുരക്ഷിതത്വവും സേവന വ്യവസ്ഥയും ഉറപ്പു വരുത്താൻ ആവശ്യമായ നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, സർക്കാരിന്റെ 12-8-2011-ലെ ജി.ഒ.(എം.എസ്.) നമ്പർ123/2011/തൊഴിൽ എസ്.ആർ.ഒ. നമ്പർ 530/2011 ഉത്തരവുപ്രകാരം സംസ്ഥാനത്തെ ചലച്ചിത്ര ടെലിഫിലിം നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്നതായ തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ദിവസവേതന നിരക്കിൽ ആറ് വിഭാഗങ്ങളിലായും ഓഫീസ് ജീവനക്കാർക്ക് പ്രതിമാസവേതന നിരക്കിലുമാണ് മിനിമം വേതനം നിശ്ചയിച്ചിട്ടുള്ളത്. ടെലിഫിലിം ആന്റ് മോഷൻ പിക്ച്ചർ മേഖലയിലെ മിനിമം വേതനം അവസാനമായി പുതുക്കിയത് ജി.ഒ. (എം.എസ്.)നമ്പർ123/2011/LBR തീയതി 17-8-2011-ലെ വിജ്ഞാപന പ്രകാരമാണ്. ഈ മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി ഉപദേശക സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സിനിമാമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളിൽ സിനി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് ക്ഷേമനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഡിസ്പെൻസറികളിൽ സൗജന്യ ചികിത്സ ലഭിക്കുന്നതിനും മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1.30 ലക്ഷം രൂപമുതൽ 3 ലക്ഷം രൂപവരെ സ്പെഷ്യൽ ചികിത്സാ ധനസഹായത്തിനും അർഹതയുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ ഒന്നുമുതൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 200 രൂപ മുതൽ 15,000 രൂപ വരെ സ്കോളർഷിപ്പ് നൽകുന്ന പദ്ധതികൾ നിലവിലുണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും പ്രൊഡക്ഷൻ യൂണിറ്റിന്റെ സ്ഥാപനങ്ങളുടെ കീഴിൽ തൊഴിലെടുക്കുന്നവർക്ക് 1960-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പറയുന്ന

സേവന-വേതന വ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ബാധകമാണ്. എന്നാൽ സിനിമാ വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കലാകാരന്മാർ ഉൾപ്പെടെയുള്ള എല്ലാ തൊഴിലാളികൾക്കും ഈ മേഖലയിലെ പ്രത്യേക സാഹചര്യം കൊണ്ട് ഈ നിയമം ബാധകമാക്കാൻ കഴിയില്ല. ഈ നില പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## (9) ടൂറിസം പദ്ധതികൾ

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ മുഖമുദ്രയായ വിനോദസഞ്ചാരമേഖല സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നൽകിക്കൊണ്ടിരിക്കുന്ന സംഭാവനകൾ വളരെ വിലപ്പെട്ടതാണ്. ഇതുവരെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ സംസ്ഥാനത്തെത്തുന്ന വിദേശ സഞ്ചാരികളിൽ ഏതാണ്ട് 97 ശതമാനത്തോളം പേരും സന്ദർശനത്തിനായി തെരഞ്ഞെടുക്കുന്നത് എറണാകുളം, തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ, കോട്ടയം തുടങ്ങിയ മധ്യതെക്കൻ ജില്ലകളെയാണ്. എന്നാൽ ഒട്ടേറെ ടൂറിസം സാധ്യതകളുള്ള വടക്കൻ കേരളം കാലാകാലങ്ങളായി അവഗണിക്കപ്പെടുകയാണ്. വിദേശസഞ്ചാരികളുടെ വരവിൽ ഈ പ്രദേശങ്ങളുടെ സംഭാവന വെറും മൂന്ന് ശതമാനത്തിൽ താഴെയായിരുന്നു. ഉത്തരകേരളം ഈ മേഖലയിൽ നേരിടുന്ന കടുത്ത വെല്ലുവിളിക്ക് കാരണം ഗതാഗതമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. റോഡ്, റെയിൽ വ്യോമഗതാഗത മേഖലയിൽ ഈ ഇല്ലായ്മ നിലനിൽക്കുന്നു. അടുത്ത വർഷം കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാകുന്നതോടെ ഈ പ്രശ്നങ്ങളുടെ 50 ശതമാനവും പരിഹരിക്കപ്പെടും. രാജ്യാന്തര യാത്രാപ്രസിദ്ധീകരണമായ ലോൺലി പ്ലാനെറ്റിന്റെ വാർഷിക പട്ടികയിൽ ഇടംപിടിച്ചതോടെ മലബാർ പ്രദേശം ഉൾപ്പെടുന്ന ഉത്തരകേരളത്തിന് രാജ്യാന്തര പ്രശസ്തി കൈവന്നിരിക്കുകയാണ്. ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് പ്രദേശങ്ങളിൽ മലേഷ്യയേയും സിംഗപ്പൂരിനേയും പിൻതള്ളി വടക്കൻകേരളം മൂന്നാം സ്ഥാനം നേടിയിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഏതാണ്ട് 600 കോടി രൂപയുടെ ടൂറിസം പദ്ധതികൾ ഉത്തരകേരളത്തിൽ നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ എന്റെ നിയോജക മണ്ഡലത്തിലെ അതിപുരാതനമായ രണ്ട് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതും സാങ്കേതിക കാരണങ്ങളാൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുന്നതുമായ ലോകനാർക്കാവ് ക്ഷേത്രം ടൂറിസം പദ്ധതിയും പയംകുറ്റിമല ടൂറിസം പദ്ധതിയും സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കണമെന്നാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ രണ്ട് പദ്ധതികൾക്കും 20 ലക്ഷം രൂപ വീതം അനുവദിച്ചെങ്കിലും പിന്നീട് ഇതിനാവശ്യമായ ഫണ്ട് അനുവദിക്കപ്പെട്ടില്ല. പയംകുറ്റിമലയിൽ ഒരു വാനനിരീക്ഷണ ടവർ നിർമ്മിച്ചു.

ലോകനാർക്കാവിൽ പാതിവഴിയിൽ നിർമ്മാണം നിലച്ച ഒരു കെട്ടിടവുമുണ്ട്. ഇവ രണ്ടുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിനനുകൂലമായ നടപടിയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അന്താരാഷ്ട്ര യാത്രാ പ്രസിദ്ധീകരണമായ ലോൺലി പ്ലാനെറ്റ് തയ്യാറാക്കിയ ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് സ്ഥലങ്ങളുടെ വാർഷിക പട്ടികയിൽ ചൈനയിലെ ഗാൻഷു, ജപ്പാനിലെ സൗത്ത് ടോക്കിയോ കഴിഞ്ഞാൽ തൊട്ടടുത്ത സ്ഥാനം വടക്കൻ കേരളത്തിനാണ്. കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കിയത് സംസ്ഥാന ടൂറിസം വകുപ്പിന് ലഭിച്ച അംഗീകാരമാണ്. വടക്കൻ കേരളത്തിലെ ടൂറിസം വികസനത്തിനായി 600 കോടിയോളം രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലോകോത്തര അംഗീകാരം കൂടുതൽ പ്രോത്സാഹനമാകും. മലബാറിന്റെ മനോഹാരിതയും പ്രത്യേകതകളും ലോകമെമ്പാടും പ്രചരിപ്പിക്കാൻ നടത്തിയ പ്രവർത്തനങ്ങളിൽ വിജയം കണ്ടുവെന്നത് സന്തോഷകരമാണ്. വടക്കൻ കേരളത്തിലെ ടൂറിസം വ്യവസായം പ്രോത്സാഹിപ്പിക്കാൻ നടത്തിയ ശില്പശാലയിൽ 30 രാജ്യങ്ങളിൽ നിന്നുള്ള 30 ബ്ലോഗേഴ്സിനെ പങ്കെടുപ്പിച്ചത് മലബാറിലെ ടൂറിസം രംഗത്തിന്റെ ഉണർവ്വിന് കാരണമായിട്ടുണ്ട്. അന്താരാഷ്ട്ര തലത്തിലെ ശ്രദ്ധേയരായ വിനോദസഞ്ചാരികൾക്ക് വടക്കൻ കേരളത്തിലെ വിനോദസഞ്ചാര മേഖലകൾ നേരിൽക്കണ്ട് അനുഭവിക്കാൻ അവസരം നൽകിയത് ലോകത്തിന്റെ ശ്രദ്ധയിൽ വടക്കൻ കേരളത്തിന്റെ മനോഹാരിത പരിചയപ്പെടുത്താൻ സഹായിച്ചിട്ടുണ്ട്. കേവലം ഒരു വർഷത്തിനുള്ളിൽത്തന്നെ വടക്കൻ മലബാറിന്റെ ടൂറിസം വികസനത്തിന് വിവിധ പദ്ധതികളിലായി 600 കോടിയോളം രൂപയുടെ പരിപാടികൾക്ക് വകുപ്പ് രൂപം നൽകിയിട്ടുണ്ട്. കണ്ണൂരിലെ അന്താരാഷ്ട്ര വിമാനത്താവളം പ്രവർത്തനമാരംഭിക്കുന്നതോടുകൂടി മലബാറിലെ ടൂറിസം വികസനത്തിൽ വലിയ തോതിലുള്ള വളർച്ചയാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പരാമർശിച്ചതായ കുറ്റ്യാടി മണ്ഡലത്തിലെ പയംകുറ്റിമല, ലോകനാർക്കാവ് എന്നിവിടങ്ങളിലെ ടൂറിസം പദ്ധതിയെ സംബന്ധിച്ച് അവ പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) മംഗളവനം സംരക്ഷിക്കൽ

ശ്രീ. ഹൈബി ഈഡൻ: സർ, എറണാകുളം നഗരത്തിന്റെ ഹൃദയഭാഗത്ത് ഹൈക്കോടതിക്ക് പിൻവശത്ത് സ്ഥിതിചെയ്യുന്ന മംഗളവനം ഏഴ് ഏക്കർ പ്രദേശം ഒരുപാട് ജൈവ സവിശേഷതകളുള്ള ഒരു സ്ഥലമാണ്. ഇത് ഇപ്പോൾ സംസ്ഥാന വനം വകുപ്പിന്റെ കീഴിൽ ഐഡന്റിഫൈ ചെയ്യപ്പെട്ടിട്ടുള്ള വനപ്രദേശമാണ്. കൂടാതെ ഇതൊരു പക്ഷി സങ്കേതമാണ്. 7 ഏക്കറിൽ സ്ഥിതിചെയ്യുന്ന ഈ പ്രദേശത്ത് കണ്ടലുകളും 108 സ്പീഷീസ് സ്പൈഡറുകളും ഏകദേശം 32 സ്പീഷീസ് പക്ഷികളുമടക്കം

ഒരുപാട് സവിശേഷതകളുള്ള ഒരു പ്രദേശമാണ്. ഇതിന് ചുറ്റും ഒരു ഗ്രീൻ കവറായി നിൽക്കുന്ന ഇന്ത്യൻ റെയിൽവേയുടെയും ഭാരത് പെട്രോളിയം കോർപ്പറേഷന്റെയും സ്ഥലം കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതിനുമുമ്പും മംഗളവനത്തിന്റെ ഫ്യൂച്ചർ എക്സിസ്റ്റൻസ് നിലനിർത്തുന്നതിന് ഒരു ബഫർ സോണായി ഡിക്ലെയർ ചെയ്യണമെന്നുള്ള ഒരു പ്രൊപ്പോസൽ കൊടുത്തിരുന്നു. ഇന്ത്യൻ റെയിൽവേ അവിടെയുള്ള 188-ഓളം മരം മുറിച്ച് പഴയ റെയിൽവേ സ്റ്റേഷൻ റിവൈവ് ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ഇത് ചരിത്രപ്രാധാന്യമുള്ള ഒരു റെയിൽവേ സ്റ്റേഷനാണ്. മഹാത്മാഗാന്ധിയും സ്വാമി വിവേകാനന്ദനും ശ്രീനാരായണ ഗുരുവുമെല്ലാം വന്നിറങ്ങിയ ഈ പ്രദേശം ഒരു ഹെറിറ്റേജ് റെയിൽവേ സ്റ്റേഷനായി സംരക്ഷിക്കുകയും വേണം. അതോടൊപ്പം തന്നെ മംഗളവനത്തിന്റെ സവിശേഷമായ പ്രദേശം ഫ്യൂച്ചർ എക്സിസ്റ്റൻസ് നിലനിർത്തുന്നതിന്റെ ഭാഗമായി സംരക്ഷിക്കാൻ വനംവകുപ്പ് തീരുമാനമെടുക്കുകയും ബഹുമാനപ്പെട്ട മന്ത്രി അവിടെ സന്ദർശിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് അഡ്വൈസറി കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. മംഗളവനം സംരക്ഷിക്കുന്നതിനും ഇത് ഒരു ബഫർ സോൺ ആയി ഡിക്ലെയർ ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മംഗളവനം സംരക്ഷിക്കണമെന്ന സബ്മിഷന് വളരെ സുദീർഘമായ മറുപടി ഞാൻ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ചുരുക്കിപ്പറയാം. 2.74 ഹെക്ടർ വിസ്തീർണ്ണമുള്ള മംഗളവനം പക്ഷിസങ്കേതത്തിന്റെ അതിർത്തിയിൽ നിന്ന് പരമാവധി 100 മീറ്റർ ദൂരത്തിലുള്ള പ്രദേശങ്ങളെ ഉൾപ്പെടുത്തി ഇക്കോ-സെൻസിറ്റീവ് സോണായി പ്രഖ്യാപിക്കുന്നതിനുള്ള കരട് വിജ്ഞാപനം തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സതേൺ റെയിൽവേയുടെ അധികാര പരിധിയിലുള്ള പഴയ റെയിൽവേ സ്റ്റേഷൻ നിലനിൽക്കുന്ന 3.74 ഹെക്ടർ സ്ഥലവും ഭാരത് പെട്രോളിയം കോർപ്പറേഷന്റെ പരിധിയിലുള്ള 9 ഹെക്ടർ സ്ഥലവും ഇത്തരത്തിൽ മംഗളവനം പക്ഷി സങ്കേതത്തിന്റെ നിർദ്ദിഷ്ട ഇക്കോ-സെൻസിറ്റീവ് സോണിന്റെ പരിധിയിൽ വരുന്നതാണ്. പ്രസ്തുത പക്ഷി സങ്കേതത്തിന്റെ ഇക്കോ-സെൻസിറ്റീവ് സോണിന്റെ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പൊതു സ്ഥലങ്ങളിലുള്ള മരം മുറിക്കുന്നതിനുള്ള അനുമതി നൽകുന്നത് 2010-ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ അതത് ജില്ലകളിലെ ട്രീ കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായാണ്. എറണാകുളം മംഗളവനത്തിന് സമീപമുള്ള പഴയ റെയിൽവേ സ്റ്റേഷൻ നവീകരണവുമായി ബന്ധപ്പെട്ട് 182 വൃക്ഷങ്ങൾ മുറിക്കുന്നതിന് സതേൺ ട്രീ കമ്മിറ്റിയുടെ കൺവീനറായ എറണാകുളം സാമൂഹ്യ വനവൽക്കരണ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകുകയും 17-7-2017-ൽ ട്രീ കമ്മിറ്റി ചെയർമാൻ ബഹുമാനപ്പെട്ട കൊച്ചി

മേയറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുകയും നവീകരണ പ്രവർത്തനങ്ങൾക്ക് 182 മരങ്ങൾ മുറിക്കേണ്ട ആവശ്യമില്ലെന്ന് കണ്ടെത്തുകയും പുതിയ അപേക്ഷ സമർപ്പിക്കാൻ സതേൺ റെയിൽവേയോട് നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലത്ത് 182 മരങ്ങൾ മുറിക്കുവാനുള്ള സതേൺ റെയിൽവേയുടെ നീക്കത്തിനെതിരെ Lawyers Environmental Awareness Forum എന്ന സംഘടന ദേശീയ ഹരിത ട്രിബ്യൂണലിന്റെ ദക്ഷിണ മേഖലാ ബഞ്ചിൽ ആപ്ലിക്കേഷൻ നമ്പർ 447/2013 ഹർജി ഫയൽ ചെയ്തിട്ടുള്ളതും പ്രസ്തുത ഹർജി ഇപ്പോൾ നിലവിലുള്ളതുമാണ്. എറണാകുളം ജില്ലയുടെ നഗരഹൃദയത്തിൽ ഒരു പച്ചത്തുരുത്തായി നിലകൊള്ളുന്നതാണ് മംഗളവനം എന്നുപറയുന്ന ഈ പ്രദേശം. അത് സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം വളരെ വലുതാണ്. തീർച്ചയായും അത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ തന്നെയായിരിക്കും ഗവൺമെന്റ് സ്വീകരിക്കുന്നത്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2)അനുസരിച്ചുള്ള ലിസ്റ്റ് പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 130, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1258, 1367 രണ്ടാം സമ്മേളനത്തിലെ 2614, 2725, 3120, 4177, 6470, നാലാം സമ്മേളനത്തിലെ 43, 46, 93, 123, 164, 189, 199, 211, 1879, 1882, 1907, 1927, 1943, 2005, 3449, 3496, 3518, 3519, 3561, 4023, അഞ്ചാം സമ്മേളനത്തിലെ 23, 26, 28, 51, 74, 88, 101, 110, 111, 120, 135, 138, 139, 144, 161, 167, 168, 174, 179, 181, 187, 199, 201, 202, 203, 204, 205, 210, 211, 218, 220, 1416, 1436, 1440, 1458, 1482, 1502, 1511, 1515, 1519, 1522, 1535, 1536, 1563, 1569, 1571, 1573, 1574, 1582, 1585, 2272, 2861, 2868, 2870, 2878, 2914, 2919, 2923, 2924, 2970, 2978, 2979, 2999, 3003, 3005, 4217, 5475, 5513, 5516, 5536 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 3857, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5662, നാലാം സമ്മേളനത്തിലെ 796 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1302, പതിനൊന്നാം സമ്മേളനത്തിലെ 7125, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 913, നാലാം സമ്മേളനത്തിലെ 1357, 3005, അഞ്ചാം സമ്മേളനത്തിലെ 978, 990, 1025, 1026, 2437, 3172 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 3293, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6199, അഞ്ചാം സമ്മേളനത്തിലെ 1011, 1199, 1200, 1261, 1285, 1288, 1310, 2709, 2715, 2735, 5282 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2433 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1623, നാലാം സമ്മേളനത്തിലെ 603, 828, അഞ്ചാം സമ്മേളനത്തിലെ 1888 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2796, പതിനാറാം സമ്മേളനത്തിലെ 201, പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 1025, അഞ്ചാം സമ്മേളനത്തിലെ 775, 788, 2187, 2193 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2192, നാലാം സമ്മേളനത്തിലെ 1255, 2824, അഞ്ചാം സമ്മേളനത്തിലെ 2372, 3779 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ 2084, 3632, 3649, 4054, അഞ്ചാം സമ്മേളനത്തിലെ 244, 293, 1610, 1620, 1623, 1627, 1686, 5667 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

10. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1339, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2235, 2314 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ 1580, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1043, 1053, അഞ്ചാം സമ്മേളനത്തിലെ 3859, 3959 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

12. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5594 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

13. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 262, നാലാം സമ്മേളനത്തിലെ 391, 2030, അഞ്ചാം സമ്മേളനത്തിലെ 343 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

14. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 5168, നാലാം സമ്മേളനത്തിലെ 1723, 1732, 3314, 3334, 3356, അഞ്ചാം സമ്മേളനത്തിലെ 1340, 1356, 1368, 1384 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

15. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2405, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4375, 5472, 6656, നാലാം സമ്മേളനത്തിലെ 422, 430, 2400, 3792, അഞ്ചാം സമ്മേളനത്തിലെ 418, 440, 450, 1298, 1768, 1806, 1851, 4497, 4527 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## VII റിപ്പോർട്ട് സമർപ്പണം

### (1) സബ്ജക്ട് കമ്മിറ്റി III -ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്) : സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) <u>മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്</u>

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

<u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും</u>

<u>മി. സ്പീക്കർ</u>: കാര്യവിവരപ്പട്ടിക പ്രകാരം മൂന്ന് ബില്ലുകളാണ് ഇന്ന് സഭ പരിഗണിക്കുന്നത്. എന്നാൽ കാര്യവിവരപ്പട്ടികയിലെ ക്രമം ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് ഇനിപ്പറയുന്ന ക്രമത്തിലായിരിക്കും ബില്ലുകൾ പരിഗണിക്കുന്നത്.

(i) 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

(ii) 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(i) <u>2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ)</u> : സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു. 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ)</u> : സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇത് സ്വയം വിശദീകരിക്കുന്ന ഒന്നായതുകൊണ്ട് ആമുഖമായി കൂടുതൽ പറയേണ്ട കാര്യമില്ല.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ടി. തോമസിന് 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. മുരളീധരനുവേണ്ടി ശ്രീ. പി. ടി. തോമസ്: Sir, I move that - " This House resolves to disapprove The Kerala Public Service Commission (Additional Functions as respects the Services under the Kerala Administrative Tribunal) Ordinance, 2017 (Ordinance No. 16 of 2017)."

1985-ലെ 13-ാം കേന്ദ്ര ആക്ടിന്റെ 4-ാം വകുപ്പിൽ 2-ാം ഉപവകുപ്പ് പ്രകാരമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിലവിൽ വന്നിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ടാണ് ഇവിടെ ഈ ബിൽ വന്നിരിക്കുന്നത്. 2017-ലെ 16-ാം നമ്പർ ഓർഡിനൻസായി ജൂലൈ 15-ാം തീയതി 1476-ാം നമ്പർ അസാധാരണ ഗസറ്റിൽ പബ്ലിഷ് ചെയ്തിട്ടുള്ള പ്രസ്തുത ഓർഡിനൻസിനെ റീപ്ലേയ്സ് ചെയ്തുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ വന്നിരിക്കുന്നത്. ഈ ആക്ടിലെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷനുമായും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് ബില്ലിലെ 4-ാം വകുപ്പ് സർക്കാരിന് അനുവാദം നൽകുന്നതാണ് ഈ ബില്ലിന്റെ ആകെ തുകയെന്ന് പറയുന്നത്. പ്രധാനമായും ഇതിൽ ചൂണ്ടി കാണിക്കാനുള്ളത് 1963-1970-കളിൽ പി.എസ്.സി.-ക്ക് വിട്ട പല നിയമനങ്ങളും ഇന്നും പരിപൂർണ്ണമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്നതാണ്. കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ നിയമനങ്ങൾ, ലോകായുക്തയുമായി ബന്ധപ്പെട്ട നിയമനങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡിലെ നിയമനങ്ങൾ തുടങ്ങി വളരെ പ്രധാനപ്പെട്ടതും കാലിക പ്രാധാന്യമുള്ളതുമായ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടതാണ്. എന്നാൽ ഇന്നുവരെ ഒന്നും നടന്നിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, നിയമനം പി.എസ്.സി.-ക്ക് വിടുകയും സ്വീപ്പർ തസ്തികയിൽ ആളുകളെ നിയമിച്ച് പ്രൊമോഷൻ കൊടുത്ത് മുകളിലേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നു എന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ, പി.എസ്.സി.-യെ നോക്കുകുത്തിയാക്കുകയും നിയമനങ്ങൾ പഴയതുപോലെ ആര് ചെയ്തുകൊണ്ടിരുന്നോ അവരുതന്നെ ചെയ്യുന്നതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കള്ളക്കളി. അത് തടയുന്നതിനു വേണ്ടിയുള്ള ഒരു നടപടിക്രമം വേണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമില്ലേ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുല്ലക്കര രത്നാകരൻ]

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട കോട്ടയം മെമ്പർ പറഞ്ഞ ഈ അഭിപ്രായം വളരെ ഗൗരവമുള്ളതാണ്. മാത്രമല്ല, ബഹുമാന്യനായ എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ സഹകരണ മേഖലയിലെ നിയമനം പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനമുണ്ടായി. അങ്ങ് ചൂണ്ടിക്കാണിച്ച വസ്തുത ഇന്ന് ഏറ്റവും പ്രകടമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത് സഹകരണ മേഖലയിലാണ്. സഹകരണ മേഖലയിൽ താഴെത്തട്ടിലുള്ള ഒരു പ്യൂണായി/ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായി ഒരാളെ നിയമിക്കുകയും 'കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ കണ്ടില്ലെന്ന് നടിക്കുന്നതും ഭവാൻ' - എന്ന് പറയുന്നതുപോലെ മാളികമുകളിലേയ്ക്ക് പതുക്കെ പതുക്കെ കയറുകയുമാണ്. അല്പം കഴിയുമ്പോൾ അയാൾ എൽ.ഡി. ക്ലാർക്കാകും പിന്നീട് യു.ഡി. ക്ലാർക്കാകും അതുകഴിഞ്ഞ് പറ്റുകയാണെങ്കിൽ സെക്രട്ടറിയുമാകും. ഇങ്ങനെ കയറി വരികയാണ്. അപ്പോൾ പി.എസ്.സി.-യെ മറികടക്കുകയാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് 100 ശതമാനം ശരിയാണ്. നിയമനിർമ്മാണസഭയേയും കേരളത്തിലെ ജനങ്ങളെയുമെല്ലാം കബളിപ്പിച്ച് കൊണ്ട്, പി.എസ്.സി.-ക്ക് നിയമനം വിടുകയെന്ന് പറഞ്ഞാൽ 20-25 വർഷത്തേയ്ക്ക് തന്നിഷ്ട പ്രകാരം നിയമനം നടത്താമെന്നുകൂടി അതിന്റെ അടിയിൽ എഴുതിച്ചേർക്കേണ്ട ഒരു സ്ഥിതി ഇന്ന് കേരളത്തിലുണ്ട്. ദയവായി ഇക്കാര്യത്തിലെങ്കിലും ഒരു തീരുമാനമുണ്ടാകണം, അതിന് ശക്തമായ നടപടിയുണ്ടാകണം. എനിക്ക് ഒരു നിർദ്ദേശം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ മുന്നിൽ വയ്ക്കാനുണ്ട്. പി.എസ്.സി.-ക്ക് വിടുന്നതിനൊപ്പം അതിന്റെ സ്പെഷ്യൽ റൂൾ ഉണ്ടാക്കാനുള്ള ഒരു ടൈം ലിമിറ്റ് തീരുമാനിക്കണം. ഈ നിയമനം പി.എസ്.സി.-ക്ക് വിട്ടാൽ ഇത്ര ദിവസത്തിനകം അതിന്റെ സ്പെഷ്യൽ റൂൾ ഉണ്ടാക്കിയിരിക്കണം എന്നൊരു നിബന്ധന വേണം. അങ്ങനെ ഉണ്ടാകുന്നില്ലെങ്കിൽ ഗവൺമെന്റിന് ഉത്തരവിറക്കാനുള്ള പ്രൊവിഷനുണ്ട്. കഴിഞ്ഞ തവണ യൂണിവേഴ്സിറ്റി നിയമനങ്ങൾ അങ്ങനെ ഉത്തരവിറക്കി നിയമനം നടത്തിയിട്ടുണ്ട്. ഈ നിയമനങ്ങളുടെ സ്പെഷ്യൽ റൂൾ സമയത്ത് ഉണ്ടാക്കുന്നില്ലെങ്കിൽ നിയമനങ്ങൾ നടത്തുന്നതിന് ഉത്തരവിറക്കാനും ടൈം ഷെഡ്യൂൾ/ടൈം ഫ്രെയിം തീരുമാനിക്കാനുമുള്ള നടപടിയുണ്ടാകണം. ഈ രണ്ടു കാര്യങ്ങളും നടക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുതലവൻ ഇതിന് സമാധാനം പറയണമെന്ന വ്യവസ്ഥ ഇതിൽ വേണം. നിയമനിർമ്മാണസഭയുടെ നിരവധി സമയം അപഹരിച്ചെടുത്ത് ഇതിനെപ്പറ്റി വളരെ വിശദമായി ചർച്ച നടത്തി നിയമനം പി.എസ്.സി.-ക്ക് വിട്ടുവെന്ന് കേൾക്കുമ്പോൾ കേരളത്തിലെ തൊഴിലിനായി അലഞ്ഞുനടക്കുന്ന ചെറുപ്പക്കാരായ ആളുകൾ മുഴുവൻ ആഹ്ലാദചിത്തരായി കഴിയും. ഇതിന് സ്പെഷ്യൽ റൂൾ ഉണ്ടാക്കിയിട്ടില്ലെന്ന് അറിയുമ്പോൾ അവർ നിരാശരായി പോകുന്ന ഒരു സാഹചര്യവുമുണ്ടാകും. ഞാൻ ഗ്രന്ഥശാലാ സംഘത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന കൗൺസിൽ അംഗമാണ്. ഗ്രന്ഥശാലാ സംഘത്തിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുമെന്ന് പറഞ്ഞതല്ലാതെ പി.എസ്.സി.-ക്ക് വിട്ടോ? ഈ അടുത്ത ദിവസമെങ്ങാനും അത് പി.എസ്.സി.-ക്ക് വിട്ടോയെന്ന് എനിക്കറിയില്ല. നിയമനങ്ങളെ സംബന്ധിച്ച് തർക്കമുണ്ട്. ഗ്രന്ഥശാലാ സംഘത്തിന്റെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ടെങ്കിൽ ഞാൻ പറയുന്ന പ്രസംഗം അതിന് വിധേയമാണ്.

സാംസ്കാരിക സ്ഥാപനങ്ങളിൽ 99 ശതമാനത്തിലും പിൻവാതിൽ നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. എന്തിനാണ് ഇങ്ങനെയൊരു പി.എസ്.സി.; പബ്ലിക് സർവ്വീസ് കമ്മീഷനെപോലുള്ള വലിയൊരു സ്ഥാപനം ഇവിടെ നിലനിൽക്കുമ്പോൾ എല്ലാ യുവജന വിദ്യാർത്ഥി സംഘടനകളും വിവിധ രാഷ്ട്രീയ പാർട്ടികളുടെ യുവജന വിദ്യാർത്ഥി സംഘടനകളും തൊഴിലില്ലാത്ത ചെറുപ്പക്കാരെപ്പറ്റി ആവേശംകൊണ്ടിരിക്കുന്ന കാലഘട്ടത്തിലും വർഷങ്ങളായി നിയമനം പി.എസ്.സി.-ക്കുവിട്ട സ്ഥാപനങ്ങളിൽ ഇന്നുവരെ സ്പെഷ്യൽ റൂൾ ഉണ്ടാക്കാത്തതിന്റെ പേരിൽ നിയമനം നടന്നിട്ടില്ല. ഉദാ: യൂണിവേഴ്സിറ്റിയിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നുവെന്ന് വളരെ നാളുകൾക്കു മുമ്പുതന്നെ തീരുമാനിച്ചു. അത് പി.എസ്.സി.-ക്ക് വിടാതെ ഒരു ഗവൺമെന്റ് ഉത്തരവിലൂടെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ നിയമനം നടത്താൻ തീരുമാനിച്ചു. എന്നാൽ കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ എഞ്ചിനീയേഴ്സ് അടക്കമുള്ള മറ്റ് നിരവധി നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടില്ല. അവിടെ കാലാകാലങ്ങളിൽ വരുന്ന സിൻഡിക്കേറ്റ് അംഗങ്ങളും അല്ലാത്തവരും ഇഷ്ടം പോലെ നിയമിച്ചുകൂട്ടുകയാണ്. നിയമസഭാ കമ്മിറ്റിയിൽ വച്ച് കേരളത്തിലെ ഒരു പ്രമുഖ സർവ്വകലാശാലയ്ക്ക് എത്ര ജീവനക്കാരുണ്ടെന്നതിനെ സംബന്ധിച്ച് നേരത്തെ ചോദിച്ച ചോദ്യമാണെങ്കിൽപ്പോലും ഉത്തരം പറയാൻ സാധിച്ചില്ല. കാരണം, ഇങ്ങനെ നിയമനം നടന്നുകൊണ്ടിരിക്കുകയാണ്. അതുകഴിഞ്ഞ് സർവ്വകലാശാലയ്ക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ട് വരികയാണ്. യാതൊരു ക്വാളിറ്റിയുമില്ലാത്തവരെ തെരഞ്ഞെടുക്കുകയാണ്. അതുകൊണ്ട് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നുവെന്ന് മാത്രം പറഞ്ഞാൽ പോരാ, ടൈം ഫ്രെയിം വച്ച് അത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നില്ലെങ്കിൽ കേരളത്തിൽ തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ചെറുപ്പക്കാരോട് ചെയ്യുന്ന വലിയൊരു അപരാധമാകുമെന്ന് വീണ്ടും പറയുകയാണ്. ഉദാഹരണമായി, പൊല്യൂഷൻ കൺട്രോൾ ബോർഡിന് ഇപ്പോൾ സ്ഥിരമായി ബന്ധപ്പെട്ട എഞ്ചിനീയർമാരില്ല, പരിശോധിക്കാൻ ജീവനക്കാരില്ലെന്ന് പറയുന്നത് എത്രയോ മോശമാണ്. താൽക്കാലിക ജീവനക്കാരാണുള്ളത്. വലിയ കമ്പനികളുമായാണ് അവർ ഇടപാട് നടത്തേണ്ടത്.

12.00 Noon]

ഡോ. എൻ. ജയരാജ് : സർ, പി.എസ്.സി.-യെപ്പറ്റി ഇത്രയും ആവേശകരമായി സംസാരിക്കുമ്പോൾ മറ്റൊരു പ്രധാനപ്പെട്ട കാര്യംകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആരംഭിച്ചുതന്നെ ഹൈക്കോടതിയിൽ സർവ്വീസ് മാറ്ററുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണം വർദ്ധിച്ച സാഹചര്യത്തിലാണ്. റാങ്ക് ലിസ്റ്റിൽ വരുന്ന ഉദ്യോഗാർത്ഥികൾ പബ്ലിക് സർവ്വീസ് കമ്മീഷന് എതിരായുള്ള കേസ്സുകളിൽ ട്രൈബ്യൂണലിന്റെ വിധി വാങ്ങിവന്നാൽ പി.എസ്.സി. ആദ്യം ചെയ്യുന്നത് ഹൈക്കോടതിയിൽ അപ്പീലിന് പോകുകയാണ്. ഹൈക്കോടതിയിൽ അപ്പീലിന് പോയാൽ വളരെക്കാലം കഴിഞ്ഞായിരിക്കും അതിന്മേൽ ഉത്തരവുണ്ടാകുന്നത്. വളരെയേറെ കേസ്സുകൾ അതുമായി ബന്ധപ്പെട്ട് ഇപ്പോൾ വന്നിട്ടുണ്ട്. ട്രൈബ്യൂണൽ ഏത് സാഹചര്യത്തിൽ, എന്തിനുവേണ്ടിയാണ് രൂപീകരിക്കപ്പെട്ടത് എന്നുള്ള മാനദണ്ഡം പലപ്പോഴും പി.എസ്.സി. തന്നെ മറികടക്കുന്നതായുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ടി. തോമസ് : തീർച്ചയായും, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്തുന്ന തോടൊപ്പം പി.എസ്.സി.-യുടെ നടപടികൾ തൊഴിൽ അന്വേഷകരോട് പ്രതിബദ്ധത തെളിയിക്കുന്നതായിരിക്കണം. ഒരു വിധിക്കെതിരെ അപ്പീലിന് പോകുമ്പോൾ എത്രയോ തൊഴിലന്വേഷകരുടെ നിയമനങ്ങളാണ് തടയപ്പെടുന്നത്. ഉദാ. പി.എസ്.സി.-യുടെ എൽ.ഡി.സി. പരീക്ഷ കഴിഞ്ഞപ്പോൾ മനസ്സിലായത് ചോദ്യങ്ങൾ മുഴുവൻ ഗൈഡുകളിൽ നിന്നും പകർത്തിവച്ചതായിരുന്നുവെന്നും ഗൈഡിലുണ്ടായിരുന്നതും ഇവർ പകർത്തി വച്ചതും തെറ്റായ ചോദ്യങ്ങളായിരുന്നു എന്നുമാണ്. അതുകൊണ്ട് പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്; അതോടൊപ്പം പി.എസ്.സി.-യുടെ ഇന്റേണൽ വിജിലൻസ് ശക്തിപ്പെടുത്തണം. ചോദ്യപേപ്പറുകളും മറ്റും തയ്യാറാക്കുമ്പോൾ വളരെ ഇന്റഗ്രിറ്റിയുള്ള ആളുകളുടെ ഒരു പാനൽ ഉണ്ടാക്കുകയും പി.എസ്.സി.യെ സമഗ്രമായി പരിഷ്കരിക്കുകയും വേണം. അക്കാര്യത്തിൽ ശക്തമായ നടപടിയുണ്ടാകണം. കഴിഞ്ഞ ദിവസത്തെ മംഗളം ദിനപത്രത്തിൽ വന്ന ഒരു വാർത്തയാണ്. "റദ്ദാക്കിയ പി.എസ്.സി. പരീക്ഷ വീണ്ടും നടത്തിയപ്പോൾ ക്രമക്കേട്, പകുതിയിലധികം ചോദ്യങ്ങളും ഗൈഡുകളിൽ നിന്ന്". അതുപോലെ, പി.എസ്.സി.യുടെ ഞെട്ടിപ്പിക്കുന്ന മറ്റൊരു സംഭവം, അവാർഡ് ജേതാവിനെ പ്രഖ്യാപിക്കുന്നതിനുമുമ്പ് ഉദ്യോഗാർത്ഥികളെ ഞെട്ടിച്ച പി.എസ്.സി.-യുടെ പരീക്ഷണമാണ്. വിഷയമെന്തെന്ന് വച്ചാൽ, കോഡ് 'A' പ്രകാരം 2016-ലെ ജെ. സി. ഡാനിയേൽ പുരസ്കാര ജേതാവ് ആരാണ് എന്നതായിരുന്നു 82-ാമത്തെ ചോദ്യം. പരീക്ഷയ്ക്കു ശേഷമാണ് 2016-ലെ അവാർഡ് ജേതാവിനെ പ്രഖ്യാപിച്ചത്. അതിനുമുമ്പുതന്നെ 2016-ലെ അവാർഡ് ജേതാവ് ആരാണെന്ന് ചോദിച്ചു. ശരിയായ ഉത്തരം അടൂർ ഗോപാലകൃഷ്ണൻ എന്നായിരുന്നു. പക്ഷെ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, അദ്ദേഹത്തിന്റെ പേര് പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ പി.എസ്.സി. അത് ചോദ്യമായി രംഗത്തുകൊണ്ടുവന്നു. ഉദ്യോഗാർത്ഥിയുടെ ആ അവസ്ഥയെപ്പറ്റി പ്രത്യേകിച്ച് പറയേണ്ട ആവശ്യമുണ്ടോ? അതുപോലെതന്നെ പി.എസ്.സി. രണ്ട് തവണ പുറത്തിറക്കിയ ഉത്തരസൂചികയിൽ അഞ്ച് ചോദ്യങ്ങളുടെ ഉത്തരങ്ങളാണ് തെറ്റായി ചേർത്തിരിക്കുന്നത്.

ഡോ. എൻ. ജയരാജ് : സർ, പത്തനംതിട്ടയിലും പാലക്കാട് ജില്ലയിലും പി.എസ്.സി. നടത്തിയ എൽ.ഡി.സി. പരീക്ഷയിൽ ചോദിച്ച ചോദ്യങ്ങളിൽ ഭാഷാ സന്ധിയാണോ സംസ്കൃത സന്ധിയാണോ എന്നുപോലും അറിയാൻ കഴിയാത്ത ആളുകളെക്കൊണ്ടാണ് ചോദ്യം തയ്യാറാക്കുന്നത്. 'ഋഗ്വേദം' എന്ന വാക്കിന്റെ സന്ധിയേതെന്നാണ് ചോദിച്ചത്. അതിൽ കൊടുത്തിരുന്ന ഉത്തരം ലോപസന്ധി എന്നാണ്. 'ഋഗ്വേദം' എന്ന വാക്ക് യഥാർത്ഥത്തിൽ സംസ്കൃതസന്ധിയിൽ വരുന്നതാണ്. ഭാഷാസന്ധി/സംസ്കൃതസന്ധിയാണോ എന്ന് തിരിച്ചറിയാൻ കഴിയാത്ത ആളുകളെ കൊണ്ടാണ് ചോദ്യം തയ്യാറാക്കിയിട്ടുള്ളത്. അമ്മ കുഞ്ഞിന് പാൽ കൊടുക്കുന്നത്

ഏത് വിഭക്തിയെന്നായിരുന്നു മറ്റൊരു ചോദ്യം. അതിന് നാല് ഓപ്ഷൻ കൊടുത്തിരുന്നു. നാല് ഓപ്ഷനും തെറ്റായിരുന്നു. യഥാർത്ഥത്തിൽ 'ഉദ്ദേശിക' എന്ന സമാസത്തിൽപ്പെടുന്നതാണ്. ഓപ്ഷനിൽ ഉദ്ദേശിക എന്നത് ഒഴിച്ച് ബാക്കിയെല്ലാം കൊടുത്തിരുന്നു. മാത്രമല്ല, ആ പരീക്ഷയിൽ ചോദിച്ച പതിമൂന്ന് ചോദ്യങ്ങൾ കേരള സംസ്ഥാനവും ഇന്ത്യയുമായും ബന്ധമില്ലാത്ത ചോദ്യങ്ങളായിരുന്നു. സുഡാനിലെ കാര്യവും ആൽപ്സ് പർവ്വതനിരയുടെ നീളവും വീതിയുമൊക്കെയാണ് പി.എസ്.സി. പരീക്ഷയ്ക്ക് ചോദിക്കുന്നത്. ചോദ്യം തയ്യാറാക്കുന്ന പാനലിൽപ്പെട്ട ആളുകൾ യാതൊരു വിധത്തിലുള്ള സാമൂഹിക ബോധവുമില്ലാത്ത ചോദ്യങ്ങളാണ് ചോദിക്കുന്നതെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ടി. തോമസ്</u> : സർ, തീർച്ചയായും അങ്ങയെപ്പോലെ വളരെ ഉത്തരവാദിത്വമുള്ള ഒരു മെമ്പർ ഇക്കാര്യങ്ങൾ ചൂണ്ടിക്കാണിച്ചത് മാധ്യമങ്ങളിൽ വന്നിട്ടുള്ള കാര്യമാണ്. ഉദാഹരണത്തിന് ഭാഷാശാസ്ത്രത്തെപ്പറ്റി ആധികാരികമായി അറിയാവുന്നവരും അതിൽ പ്രാഗത്ഭ്യവും പ്രാവീണ്യവും നേടിയവരുമായ ആളുകളെ തന്നെ അത്തരം പരീക്ഷകളിൽ ഇൻവിജിലേറ്ററായും ചോദ്യം തയ്യാറാക്കാനുമൊക്കെ നിയമിക്കാത്തതിന്റെ പോരായ്മയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതുകൊണ്ടാണ് പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ എൽ.ഡി.സി. പരീക്ഷകളിൽ ഇങ്ങനെയുള്ള തെറ്റുകൾ കടന്നുകൂടിയത്. തീർച്ചയായും വളരെ സുപ്രധാനമായ ഒരിടപെടലാണ് അങ്ങ് ഈ ചോദ്യത്തിലൂടെ ഉന്നയിച്ചിരിക്കുന്നത്. പി.എസ്.സി.-ക്ക് നിയമനം വിടുമ്പോൾ പി.എസ്.സി.-യുടെ പ്രവർത്തനം വളരെയേറെ മെച്ചപ്പെടേണ്ടതുണ്ട്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇത്തരം ലക്ഷക്കണക്കിന് കേസ്സുകൾ കെട്ടിക്കിടക്കുന്നു. 1.6 ലക്ഷമാണോ 2.6 ലക്ഷമാണോയെന്ന് വ്യക്തമായി ഓർക്കുന്നില്ല; അത്രയും കേസ്സുകൾ ഹൈക്കോടതിയിലും കെട്ടിക്കിടക്കുകയാണ്. പല കേസ്സുകളും വാദം പൂർത്തിയാക്കി ജഡ്ജ്മെന്റ് പറയാൻ വച്ചിരിക്കുകയാണ്. നിയമപരമായി അങ്ങനെ ഒരു ജഡ്ജിക്ക് കേസ് നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. വാദം പൂർത്തിയായി ജഡ്ജ്മെന്റ് പുറത്തുവരാത്ത കേസ്സുകളുണ്ട്. അങ്ങനെ കെട്ടിക്കിടക്കുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചപ്പോഴാണ് സർവ്വീസ് ജീവനക്കാരുടെ കാര്യങ്ങൾ നോക്കുന്നതിനു വേണ്ടി അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന് രൂപം നൽകിയത്. സർക്കാർ സർവ്വീസിലുള്ള ജീവനക്കാരുടെ പ്രശ്നങ്ങൾ പെട്ടെന്ന് പരിഹരിക്കാൻ, ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന കേസ്സുകളിൽനിന്നും മോചനം നേടാൻ കൊണ്ടുവന്ന അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ സ്ഥിതിയെന്താണ്? നിയമനം പി.എസ്.സി.-ക്ക് വിടുകയും അതിന് സ്പെഷ്യൽ റൂൾ ഉണ്ടാക്കാതെയും വരുമ്പോൾ 'കോഴിയുടെ മുലയൂട്ടൽ' എന്നൊക്കെ നാട്ടിൻപുറത്ത് ആലങ്കാരികമായി പറയുന്നതുപോലെ ഒരു സംഭവമായി തീരാനുള്ള സാധ്യത വളരെ കൂടുതലാണ് എന്ന് വ്യക്തമാക്കുകയാണ്. അതുകൊണ്ട് ഞാൻ ആവർത്തിച്ച് പറയുന്നു,

കർക്കശമായി ഇക്കാര്യത്തിൽ സ്പെഷ്യൽ റൂൾസ് ഒരു ടൈം ഷെഡ്യൂളിനുള്ളിൽ ഉണ്ടാക്കുകയും അതിനൊരു തീയതി നിശ്ചയിക്കുകയും അത് സാധ്യമാകുന്നില്ലെങ്കിൽ ഗവൺമെന്റ് ഉത്തരവ് ഇറക്കുകയും ചെയ്യണം. എന്നിട്ടും നടക്കുന്നില്ലെങ്കിൽ, ഇതിന് ഉത്തരവാദിയായ ബന്ധപ്പെട്ട വകുപ്പുമേധാവിയുടെ പേരിൽ നടപടി സ്വീകരിക്കും എന്ന സ്ഥിതി വന്നാൽ മാത്രമേ പി.എസ്.സി.-ക്ക് വിട്ട നിയമനങ്ങൾ മുഖേന നമ്മുടെ നാട്ടിലെ തൊഴിലന്വേഷകർക്ക് എന്തെങ്കിലും ഗുണമുണ്ടാകുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അദ്ദേഹം അവതരിപ്പിച്ച ഒരു ബിൽ എന്ന നിലയിൽ ഞാൻ പ്രത്യേകമായി പറയുന്നു, നമ്മുടെ സംസ്ഥാന രൂപീകരണം മുതൽ ഇന്നുവരെ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടിട്ടുള്ള വകുപ്പുകൾ ഏതെല്ലാം; അത് പൂർത്തിയാകാത്തവ ഏതെല്ലാം; പൂർത്തിയായത് ഏതൊക്കെ പൂർത്തിയാകാത്തതിൽ ഭാഗികമായി പൂർത്തിയായത് എത്ര? അങ്ങനെ ഒരു പഠനം നടത്തി അത് സംബന്ധിച്ച് സമഗ്ര റിപ്പോർട്ട് തയ്യാറാക്കണം. നിയമനിർമ്മാണം നടത്തി, നിയമസഭയുടെ അംഗീകാരം നേടി, പി.എസ്.സി-ക്ക് വിട്ടിട്ടും അതിനിടയിൽ അഴിമതിയും ക്രമക്കേടും നടത്താൻ വേണ്ടി, ഏത് ഗവൺമെന്റെന്നോ ഉദ്യോഗസ്ഥനെന്നോ വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ആരാണെങ്കിലും ഇങ്ങനെ ജോലി തേടി വേഴാമ്പലിനെപ്പോലെ കാത്തിരിക്കുന്ന ലക്ഷോപലക്ഷം വരുന്ന നമ്മുടെ നാട്ടിലെ ചെറുപ്പക്കാരുടെ അവസരം കളഞ്ഞു കുളിക്കുന്ന ഈ നടപടിക്ക് പരിഹാരമുണ്ടാക്കണം. അതുകൊണ്ട് ഇതുവരെ എത്ര ഡിപ്പാർട്ട്മെന്റുകൾ പി.എസ്.സി. നിയമനത്തിന് വിട്ടിട്ടുണ്ട്; അവ ഏതൊക്കെ; സമയബന്ധിതമായി അതെല്ലാം എന്ന് പൂർത്തിയാക്കാൻ കഴിയും എന്നൊക്കെയുള്ള കാര്യങ്ങൾ വളരെ ഗൗരവതരമായി ചർച്ച ചെയ്യേണ്ടതാണ്. അതുകൊണ്ടാണ് ഞാൻ ഈ നിരാകരണ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. അൻവർ സാദത്തിനുവേണ്ടി ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണ്. സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലുമായി ബന്ധപ്പെട്ട ചില നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതുമായി ബന്ധപ്പെട്ട ഒരു നിയമമാണ് ഇവിടെ അവതരിപ്പിക്കപ്പെടുന്നത്. ആ പരിമിതമായ അർത്ഥത്തിൽ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ ബഹുമാന്യനായ ശ്രീ. പി. ടി. തോമസ് വിശദീകരിച്ചതുപോലെ ജനങ്ങളൊക്കെ വളരെ പ്രതീക്ഷയോടുകൂടി നോക്കിക്കാണുന്ന, ലക്ഷക്കണക്കിന് തൊഴിലന്വേഷകരുടെ ഏക പ്രതീക്ഷയായ, വളരെ ആധികാരികമായ പ്രവർത്തനം നടത്തുമെന്ന് എല്ലാവരാലും പ്രതീക്ഷിക്കപ്പെടുന്ന പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ആ അർത്ഥത്തിൽ കുറേക്കൂടി സമഗ്രമായി ഈ പ്രശ്നത്തെ നോക്കിക്കാണേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഞങ്ങളുടെ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത്. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലാകട്ടെ, മറ്റേതുമാകട്ടെ, എല്ലാ നിയമനങ്ങളും ഘട്ടംഘട്ടമായി പി.എസ്.സി.-ക്ക്

വിടുക എന്നതുതന്നെയാണ് ഏറ്റവും കരണീയമായിട്ടുള്ളത്. ഈ സർക്കാർ നല്ല നടപടികൾ സ്വീകരിക്കുകയാണെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയാണ്. പക്ഷേ നേരത്തെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ, കുറേ പ്രഖ്യാപനങ്ങൾ നടക്കുന്നുണ്ട്. ഏത് വിഷയവുമായി ബന്ധപ്പെട്ട് ചർച്ച ഉയർന്നുവരുമ്പോഴും, പ്രത്യേകിച്ചും അനധികൃത നിയമനങ്ങളെക്കുറിച്ചും പിൻവാതിൽ നിയമനങ്ങളെക്കുറിച്ചുമൊക്കെ ചർച്ചകൾ ഉയർന്നു വരുമ്പോൾ ആ ചർച്ചയിൽനിന്ന് ജനശ്രദ്ധ തിരിച്ചു വിടുന്നതിനുവേണ്ടി 'ഈ നിയമനം മുഴുവൻ ഇനിമുതൽ പി.എസ്.സി.-ക്ക് വിടും' എന്ന് ഉടനൊരു പ്രഖ്യാപനം അതാത് കാലത്തെ ഭരണാധികാരികൾ നടത്തുകയാണ്. അത് കേട്ടതോടുകൂടി എല്ലാവരും സമാധാനിക്കും. ഇനി നാളെ മുതലെങ്കിലും ഇത് നേരെയാകുമല്ലോ എന്ന വിചാരത്തിൽ തൽക്കാലത്തേയ്ക്കുള്ള പ്രതിഷേധമൊക്കെ അടങ്ങിപ്പോകും. പക്ഷേ ഇത് യഥാർത്ഥത്തിൽ പി.എസ്.സി.-ക്ക് വിടുന്നുണ്ടോ എന്ന നിലയ്ക്കുള്ളൊരു വിലയിരുത്തൽ പലപ്പോഴും നടക്കുന്നില്ല. പലപ്പോഴും ഈ പ്രഖ്യാപനങ്ങൾ പ്രഖ്യാപനങ്ങളായിത്തന്നെ നിൽക്കുകയാണ്. അതിന്റെ മറവിൽ പലപ്പോഴും പിൻവാതിൽ നിയമനങ്ങൾ അനുസ്യൂതം തുടരുന്ന സാഹചര്യം നിലനിൽക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം ആദ്യമായി പ്രഖ്യാപിച്ച പ്രധാനപ്പെട്ട ഒരു നയപരമായ കാര്യമായി ഞാൻ ഓർക്കുന്നത് ദേവസ്വം നിയമനങ്ങൾ മുഴുവൻ പി.എസ്.സി.-ക്ക് വിടും എന്നതായിരുന്നു. വലിയ പ്രഖ്യാപനമായിരുന്നു. ഈ സർക്കാരിന്റെ വലിയ ഇച്ഛാശക്തി അക്കാര്യത്തിൽ പ്രകടമാണ് എന്നൊക്കെയുള്ള അവകാശവാദങ്ങളും തുടക്കത്തിൽ ഉണ്ടായിരുന്നു. എല്ലാം ശരിയാക്കുന്നതിന്റെ ഭാഗമായുള്ള ഒരു പ്രഖ്യാപനമായിരുന്നു അത്. പക്ഷേ അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്? ഇതേ സർക്കാർ തന്നെ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലനിർത്താനും അതിലെ അംഗങ്ങളെ കുറച്ചുകൂടി മാറ്റിമറിക്കാനും വേണ്ടിയുള്ള ഒരു നിയമനിർമ്മാണവുമായി ഈ സഭയിലേയ്ക്ക് കടന്നുവരുന്നതായിട്ടാണ് കാണുന്നത്. പി.എസ്.സി.-ക്ക് വിടുന്ന കാര്യം ടെമ്പററിയല്ല. ദേവസ്വം നിയമനങ്ങളടക്കം പി.എസ്.സി.-ക്ക് വിടാനുള്ള തീരുമാനം ഇപ്പോഴും സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്നത്തേയ്ക്ക് കൃത്യമായി നടപ്പാക്കാൻ സാധിക്കും എന്നുള്ള കാര്യങ്ങളെക്കുറിച്ചൊക്കെ കൃത്യമായൊരു വ്യക്തത ലഭിക്കേണ്ടതായിട്ടുണ്ട്.

എയ്ഡഡ് അദ്ധ്യാപകർ ഇന്ന് വലിയ രീതിയിൽ സർക്കാർ സ്കൂളുകളിലേയ്ക്ക് ചേക്കേറുകയാണ്. എയ്ഡഡ് സ്കൂളുകളിൽ എങ്ങനെയാണ് നിയമനങ്ങൾ നടക്കുന്നതെന്ന് എല്ലാവർക്കുമറിയാവുന്ന പരസ്യമായ ചില രഹസ്യങ്ങളാണ്. ആ നിലയിൽ പ്രവേശനം നേടുന്ന അദ്ധ്യാപകരെ പിന്നീടവിടെ വേക്കൻസി ഇല്ലാതെയാകുമ്പോൾ പ്രൊട്ടക്ട് ചെയ്യുന്നതിന്റെ പേരിൽ നേരെ സർക്കാർ സ്കൂളുകളിലേയ്ക്ക് വിടുകയാണ്. സർക്കാർ സ്കൂളുകളിലേയ്ക്ക് പി.എസ്.സി. പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉയർന്ന റാങ്ക് നേടി കാത്തിരിക്കുന്ന ആയിരക്കണക്കിന് ആളുകളുണ്ട്. അവർക്കാണ് അവിടെ നിയമനം ലഭിക്കേണ്ടത്. കാരണം എയ്ഡഡ് സ്കൂളുകളിലെ നിയമനത്തിൽ പണം

മാനദണ്ഡമാകുന്നു. അർഹത പരിഗണിക്കപ്പെടുന്നില്ല. സംവരണതത്വങ്ങൾ വലിയ രീതിയിൽ അട്ടിമറിക്കപ്പെടുകയാണ്. അങ്ങനെ എയ്ഡഡ് അദ്ധ്യാപകരെ മുഴുവൻ സർക്കാർ സ്കൂളുകളിലേയ്ക്ക് കൊണ്ടുപോകാനുള്ളൊരു ശ്രമം ഇതിന്റെ ഭാഗമായിട്ടുണ്ട്. ഏതാണ്ട് അയ്യായിരത്തോളം അദ്ധ്യാപകരെയാണ് ആ നിലയിൽ സർക്കാർ സ്കൂളുകളിലേയ്ക്ക് ഡിപ്ലോയ് ചെയ്യാൻ പോകുന്നത് എന്നുപറയുമ്പോൾ അത്യുയധികം മെറിറ്റോറിയസായിട്ടുള്ള ആളുകളുടെ അവസരം പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽ നിന്ന് നഷ്ടപ്പെടുകയാണ്. ഇത് ആ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ആയിരക്കണക്കിന് ആളുകളോട് ചെയ്യുന്ന വലിയ വഞ്ചനയാണ്. ആ നിലപാട് പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീ. വി. ടി. ബൽറാം പറയുന്നതിനോട് എനിക്ക് തർക്കമില്ല. പി.എസ്.സി.-യുടെ ഇപ്പോഴത്തെ ചെയർമാൻ ചെറുപ്പക്കാരനും മാന്യനുമായ ഒരാളാണ്. ഇവിടെ പി.എസ്.സി.-യുടെ പ്രശ്നമെന്താണ്? ആവശ്യത്തിന് സ്റ്റാഫിനെ കൊടുക്കുന്നില്ല. യു.ഡി.എഫ്. സർക്കാർ വന്നപ്പോഴും ആവശ്യത്തിന് സ്റ്റാഫിനെ കൊടുത്തില്ല; ഇപ്പോഴും കൊടുക്കുന്നില്ല. പിന്നെ എങ്ങനെ പി.എസ്.സി. പരീക്ഷകൾ കറക്ടായി നടത്തും? സ്റ്റാഫില്ലാതെ കാര്യങ്ങൾ എങ്ങനെ നടക്കാനാണ്? അതിനെപ്പറ്റി ഒന്ന് സംസാരിക്കൂ.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, അദ്ദേഹം പറഞ്ഞത് തീർച്ചയായിട്ടും വളരെ ശരിയാണ്. ചെയർമാനെയോ ഏതെങ്കിലും അംഗങ്ങളെയോ അല്ല നമ്മൾ പറയുന്നത്. ചെയർമാൻ എനിക്ക് നേരിട്ട് പരിചയമുള്ള ആളാണ്. എന്റെയും സഹപ്രവർത്തകനായിരുന്നു; നാടിനടുത്തുള്ള ആളാണ്. അദ്ദേഹത്തിന്റെ സ്വീകരണ സമ്മേളനത്തിലൊക്കെ ഞാനും പങ്കെടുത്തതാണ്. അതിൽ എതിർപ്പില്ല. പി.എസ്.സി.-യുടെ ഹ്യൂമൻ ഇൻഫ്രാസ്ട്രക്ചറിനെക്കുറിച്ച് പറഞ്ഞു. പക്ഷേ ഇന്ത്യയിലെ മറ്റ് പല സംസ്ഥാനങ്ങളെയും വച്ചു നോക്കുമ്പോൾ കേരളത്തിലെ പി.എസ്.സി. വളരെ ബൾക്കിയാണെന്നുള്ളതാണ് നമ്മുടെ അനുഭവം. ഇന്ത്യയിലെ യു.പി.എസ്.സി.-യിൽ ആകെ 11 അംഗങ്ങളേയുള്ളൂ. കേന്ദ്രത്തിലെ മുഴുവൻ നിയമനങ്ങളും നടത്തുന്ന യു.പി.എസ്.സി.-യിൽ ആകെ 11 അംഗങ്ങളേയുള്ളൂ. ഇവിടെ പി.എസ്.സി.-യിൽ 21 അംഗങ്ങളുണ്ട്. ഇപ്പോൾ പുതിയതായി വച്ചപ്പോൾ 26 ആയി. നമ്മുടെ ക്യാബിനറ്റിൽപ്പോലും പരമാവധി 21 അംഗങ്ങളല്ലേയുള്ളൂ. അതിനേക്കാൾക്കൂടുതൽ അംഗങ്ങൾ ഇപ്പോൾ പി.എസ്.സി.-യിലുണ്ട്. മറ്റ് പല സംസ്ഥാനങ്ങളിലും ഇതല്ല സ്ഥിതി. മാധ്യമങ്ങളിൽനിന്നും ലഭിച്ച കണക്കുകൾ കൃത്യമാണോ എന്നറിയില്ല. മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ പി.എസ്.സി.-യിൽ യഥാക്രമം 3-ഉം 5-ഉം അംഗങ്ങളേയുള്ളൂ. കേരളത്തേക്കാൾ എത്ര വലിയ സംസ്ഥാനമാണ് എന്നാലോചിച്ച് നോക്കണം. ബീഹാറിൽ 4 അംഗങ്ങളേയുള്ളൂ. ഇന്ത്യയിലെ ഏറ്റവും വലിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ 8 അംഗങ്ങൾ മാത്രമേയുള്ളൂ. ഇവിടെ 26 അംഗങ്ങൾ ഉണ്ട്. പി.എസ്.സി.-യിലെ അംഗസംഖ്യ വർദ്ധിപ്പിച്ചത് ആരാണെന്നുള്ളതല്ല

ഇവിടത്തെ പ്രശ്നം. നമ്മൾ ഒരു പൊതുപ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യുകയാണ്. ഞങ്ങളാണ് വർദ്ധിപ്പിച്ചത് എന്നുപറഞ്ഞാൽ പ്രശ്നം തീരുമോ? എന്നാൽ നിങ്ങൾ പറഞ്ഞ കാര്യങ്ങളെക്കുറിച്ച് മറുപടി പറയൂ. നിങ്ങൾ പ്രഖ്യാപിച്ച കാര്യങ്ങൾ എന്തുകൊണ്ട് നടത്തുന്നില്ല അതിന്റെ ഉത്തരവാദിത്വംകൂടി നിങ്ങൾ ഏൽക്കണം. എന്തുകൊണ്ട് ദേവസ്വം ബോർഡ് നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നില്ല എന്നതിന്റെ ഉത്തരം പറയൂ. ഇങ്ങനെ അങ്ങോട്ടുമിങ്ങോട്ടും പറയുകയല്ലാതെ പൊതുതാൽപ്പര്യത്തിൽ സംസ്ഥാനത്തിന്റെ ജനപ്രതിനിധികളെന്ന നിലയിൽ ചർച്ചയിൽ പങ്കെടുക്കാൻ യുവ അംഗങ്ങൾ താൽപ്പര്യം കാണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പി.എസ്.സി. അംഗങ്ങൾക്ക് വലിയ ആനുകൂല്യമാണ് നൽകുന്നത്. എം.എൽ.എ.-മാർ അടക്കമുള്ള ജനപ്രതിനിധികളുടെ ശമ്പളം നൂറു രൂപ കൂട്ടിയാൽ മാധ്യമങ്ങളൊക്കെ വലിയ രീതിയിൽ ചർച്ച ചെയ്യും. ഒരു പി.എസ്.സി. അംഗത്തിന്റെ വരുമാനം എന്താണ്? ഔദ്യോഗികമായിത്തന്നെ ഏതാണ്ട് ഒന്നര ലക്ഷത്തിലേറെ ശമ്പളമുണ്ട്. കൂടാതെ കാർ, ഡ്രൈവർ, ഓഫീസ്, താമസ സൗകര്യം, അലവൻസ്, പെൻഷൻ തുടങ്ങിയ എല്ലാ സൗകര്യവുമുണ്ട്. ഇത്രയും വലിയൊരു എസ്റ്റാബ്ലിഷ്മെന്റിനെ താങ്ങി നിർത്തുന്ന സാഹചര്യത്തിൽ അതിനനുസൃതമായിട്ടുള്ള എഫിഷ്യൻസി പ്രതീക്ഷിക്കണ്ടേ? കൊടുക്കുന്നതുകൊണ്ട് യാതൊരു വിരോധവുമില്ല. പി.എസ്.സി. ഒരു ഭരണഘടനാ സ്ഥാപനമാണ്. അതിലെ അംഗങ്ങൾക്ക് മാന്യമായ സേവന വേതന വ്യവസ്ഥകൾ ഉണ്ടാകണം. പക്ഷേ അതോടൊപ്പം അവരുടെ പെർഫോമൻസ് കൂടി വിലയിരുത്തപ്പെടണം. അങ്ങനെ വിലയിരുത്തുമ്പോൾ അതിൽ കൃത്യമായ ചില പോരായ്മകൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സി.&എ.ജി.-യുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. ആ റിപ്പോർട്ടിൽ പറയുന്നത്, വിവിധ വകുപ്പുകളിലെ 128 തസ്തികകളിലായി 452 ഒഴിവുകളിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം ചെയ്യാൻ വർഷങ്ങളായി നിൽക്കുകയാണ്. 11 മുതൽ 77 മാസം വരെയാണ് കാലതാമസം. 6 വർഷംവരെ കാലതാമസം. ബന്ധപ്പെട്ട വകുപ്പുകളിൽ വേക്കൻസികളുണ്ട്. ആളെ തരണമെന്നു പറഞ്ഞ് റിപ്പോർട്ട് കൊടുത്തിട്ട് അത് വിജ്ഞാപനം ചെയ്യാൻ പി.എസ്.സി.യുടെ ഭാഗത്തുനിന്ന് ആറും ഏഴും വർഷം കാലതാമസമാണ് ഉണ്ടാകുന്നത്. പിന്നെ വിജ്ഞാപനം കഴിഞ്ഞ്, പരീക്ഷ കഴിഞ്ഞ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി വീണ്ടും ഇവിടെ വരുമ്പോഴേയ്ക്കും പത്തുപന്ത്രണ്ട് വർഷമാവുകയാണ്. ഇത്രമാത്രം കാലതാമസം വരുന്നു. അതിൽത്തന്നെ പറയുന്നു, 107 ഒഴിവുകളിലേയ്ക്ക് 5 വർഷം കാലതാമസം വന്നിട്ടുണ്ട്. 103 ഒഴിവിലേയ്ക്ക് 5 മുതൽ 10 വർഷംവരെ കാലതാമസം വരികയാണ്. ബഹുമാന്യനായ ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ സ്റ്റാഫിനെ കൂട്ടിക്കൊടുത്താൽ ഇത് പരിഹരിക്കപ്പെടുമെങ്കിൽ നല്ലതാണ്. നമുക്ക് യാതൊരു വിരോധവുമില്ല. പക്ഷേ അതിനനുസൃതമായി എഫിഷ്യൻസിയുടെ ഭാഗത്ത് അത് reciprocate ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ നമുക്ക് സാധിക്കണം.

എൽ.ഡി.സി. പരീക്ഷയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിക്കുകയുണ്ടായി. ആഗസ്റ്റ് 5-ാം തീയതിയാണ് പാലക്കാട്, പത്തനംതിട്ട ജില്ലകളിലെ ഏതാണ്ട് രണ്ട് ലക്ഷത്തോളം ആളുകൾ എഴുതിയ എൽ.ഡി. ക്ലാർക്ക് പരീക്ഷ നടന്നത്. അങ്ങേയറ്റം ജനവിരുദ്ധമായ, യുവാക്കളായ തൊഴിലന്വേഷകരെ പൂർണ്ണമായും അവഹേളിക്കുന്ന തരത്തിൽ, അവരുടെ ഭാവിയിൽ കരിനിഴൽ വീഴ്ത്തുന്ന തരത്തിൽ, അവരുടെ പ്രതീക്ഷയെ തല്ലിക്കെടുത്തുന്ന തരത്തിലാണ് ആ പരീക്ഷ അരങ്ങേറിയത് എന്നത് വളരെ വ്യക്തമാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഇവിടെ ഒന്നുരണ്ട് കാര്യങ്ങൾ പരാമർശിക്കപ്പെട്ടു. ലേബർ ഇൻഡ്യ അടക്കമുള്ള ചില തൊഴിൽ പ്രസിദ്ധീകരണങ്ങളിലും ഗൈഡുകളിലും വരുന്ന ചോദ്യങ്ങൾ അതേപടി ആവർത്തിക്കുകയാണ്. ചോദ്യം, അതിന്റെ നാല് ഓപ്ഷൻസ്, നാല് ഓപ്ഷൻസ് തെറ്റാണെങ്കിൽ അവ അതുപോലെ ആവർത്തിക്കപ്പെടുകയാണ്. ലേബർ ഇൻഡ്യയുടെ ജൂലൈ ലക്കത്തിലെ 27-ാം പേജിലെ ലോകചരിത്രവുമായി ബന്ധപ്പെട്ട 6 ചോദ്യങ്ങൾ ഒരു വ്യത്യാസവുമില്ലാതെ അതേപടി ആവർത്തിച്ചിരിക്കുകയാണ്. ജീവശാസ്ത്രത്തിലെ രണ്ട് ചോദ്യങ്ങൾ അതേപടി ആവർത്തിച്ചിരിക്കുന്നു. നേരത്തെ പറഞ്ഞതുപോലെ ചരിത്രവും പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട് ഏതാണ്ട് 30 ചോദ്യങ്ങളുള്ളതിൽ 27 ചോദ്യങ്ങളും ഔട്ട് ഓഫ് സിലബസ് ആണെന്നാണ് പറയുന്നത്. അതോടുകൂടി ആ പരീക്ഷയുടെ ആധികാരികത പൂർണ്ണമായി തകരുകയാണ്. കാരണം മറ്റ് സബ്ജക്ടിൽ ഒരുപക്ഷേ വീക്കായിട്ടുള്ള ആളുകൾ മേക്കപ്പ് ചെയ്യാൻ ആഗ്രഹിക്കുന്നത് ജനറൽ നോളഡ്ജ് വച്ചുകൊണ്ടായിരിക്കും. അപ്പോൾ ആ ജനറൽ നോളഡ്ജിലെ മുഴുവൻ ചോദ്യങ്ങളും ഔട്ട് ഓഫ് സിലബസ് ആകുമ്പോൾ, നാളെ ആ ചോദ്യങ്ങൾ മുഴുവൻ നിങ്ങൾ റദ്ദാക്കിയെന്ന് വിചാരിക്കുക, ഒരു പരിഹാരമെന്ന നിലയിൽ അത് മൂല്യനിർണ്ണയത്തിന് പരിഗണിക്കുന്നില്ല എന്ന് വിചാരിക്കുക. എന്നാൽപ്പോലും ആ റാങ്ക് ലിസ്റ്റ് വരുമ്പോൾ അങ്ങേയറ്റം അപാകത നിറഞ്ഞതായിരിക്കും. കാരണം മറ്റു സബ്ജക്ട് പഠിച്ച ആളുകൾക്ക് ആ സബ്ജക്ടിലെ മാർക്കുവച്ച് കയറിപ്പോകാം. ജനറൽ നോളഡ്ജിൽ അൽപ്പം സ്ട്രോങ്ങായി മറ്റ് വിഷയങ്ങളിൽ അൽപ്പം വീക്കായിട്ടുള്ള ആളുകൾക്ക് ജനറൽ നോളഡ്ജ് വച്ചുകൊണ്ട് തങ്ങൾക്ക് അർഹതപ്പെട്ട ഇടങ്ങളിലേയ്ക്ക് കയറിവരാൻ പറ്റാത്ത സാഹചര്യം വരികയാണ്. അതുകൊണ്ട് ആ പരീക്ഷ പൂർണ്ണമായും റദ്ദാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പരീക്ഷ എഴുതിയ ആളുകളുടെ നിരവധി നിവേദനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉൾപ്പെടെ വന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞങ്ങളടക്കമുള്ള എല്ലാ എം.എൽ.എ.-മാർക്കും ആ പരാതികൾ കിട്ടിയിട്ടുണ്ട്. അത് സാന്ദർഭികമായി സൂചിപ്പിക്കാൻവേണ്ടി ഈ അവസരം ഞാൻ പ്രയോജനപ്പെടുത്തുകയാണ്. ഈ പ്രശ്നത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് വളരെ കൃത്യമായ ഒരു ഇടപെടൽ ഉണ്ടാകണം. ആ പരീക്ഷ റദ്ദാക്കാൻ തയ്യാറാകണം.

ചോദ്യങ്ങളുടെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. ചില ചോദ്യങ്ങൾ ഇന്ത്യയുമായി യാതൊരു ബന്ധവുമില്ലാത്തവയാണ്. ആൽപ്സ് പർവ്വതനിരയുടെ നീളം എത്രയാണ്? കേരളത്തിലെ ഒരു എൽ.ഡി. ക്ലാർക്ക് അത് അറിഞ്ഞിട്ട് എന്താണ് കാര്യം? ശാന്തസമുദ്രത്തിലും പെസഫിക് സമുദ്രത്തിലും എത്ര ദ്വീപുണ്ട്; 25000 ആണോ 30000 ആണോ? 25000 ആയാൽ നമുക്കെന്ത്; 30000 ആയാൽ നമുക്കെന്ത്? ഈ വക ചോദ്യങ്ങളാണോ ചോദിക്കേണ്ടത്? കേരളത്തിലെ ഒരു എൽ.ഡി. ക്ലാർക്കിന്റെ ജോലി പരിധി എന്താണ്; അവർ 50-56 വയസ്സുവരെ സർവ്വീസിലിരിക്കുമ്പോൾ അവരുടെ പരിഗണനയിലേയ്ക്ക് കയറി വരുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; അതിലുള്ള അവരുടെ ആറ്റിറ്റ്യൂഡ് എങ്ങനെയാണ്; കേരളത്തിലെ പശ്ചാത്തലങ്ങൾ, കേരളത്തിന്റെ ചരിത്രം, കേരളത്തിന്റെ ഭൂമിശാസ്ത്രം, പഞ്ചായത്തീരാജ് അടക്കമുള്ള നിയമങ്ങൾ, ഇന്ത്യൻ ഭരണഘടന, ഇന്ത്യയുടെ ചരിത്രം, ഇക്കാര്യങ്ങളൊക്കെ പറയട്ടെ. അതിനുപകരം ഇറ്റലിയുടെ ഏകീകരണത്തിന് ശ്രമിച്ച ചിന്തകന്റെ പേരെന്താണ്? ചൈനീസ് റെവല്യൂഷണറി ലീഗ് ആരാണ് രൂപീകരിച്ചത്? 1889-ലെ രണ്ടാം ഇന്റർ നാഷണൽ എവിടെ നടന്നു? ഒക്കെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ്. അഖില സ്ലേവ് പ്രസ്ഥാനത്തിന്റെ വക്താവ് ആരാണ്? ഒന്നാം ലോക മഹായുദ്ധ കാലത്ത് അമേരിക്കൻ പ്രസിഡന്റ് ആരാണ്? അതിൽ ഒരു ചോദ്യം ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റാത്ത ചോദ്യമാണ്. സുഡാനിലെ നീഗ്രോകളെ നമ്മൾ എന്തു വിളിക്കുന്നു? പി.എസ്.സി. പരീക്ഷയുടെ ചോദ്യമാണ്. നാല് ഉത്തരമാണ് - ദ്രുഷ്മൻ, സെൽറ്റുകൾ, കാപ്പിരി, കോക്കസോയിഡ്സ്. കാപ്പിരി എന്നാണ് ഉത്തരം. അങ്ങേയറ്റം വംശീയത നിറഞ്ഞ ചോദ്യമാണ്. നീഗ്രോ എന്നു വിളിക്കുന്നതുതന്നെ വംശീയ അധിക്ഷേപമായിട്ടാണ് ഇന്ന് ലോകം കൺസിഡർ ചെയ്യുന്നത്. ആ സമയത്താണ് സുഡാനിലെ നീഗ്രോകളെ നമ്മൾ എന്തു വിളിക്കുന്നു എന്നുള്ള ചോദ്യം. നമ്മൾ ഒന്നേ വിളിക്കാൻ പാടുള്ളൂ, സുഡാനി സിറ്റിസൺസ് - സുഡാനിലെ പൗരന്മാർ എന്നാണ് നമ്മൾ വിളിക്കേണ്ടത്. അതിനപ്പുറത്തുള്ള ഒരു വിളിയും ഒരു അഭിസംബോധനയും ഇന്ന് ലോകം അംഗീകരിച്ചു തരില്ല. ബഹുമാന്യനായ നമ്മുടെ പി.ഡബ്ല്യു.ഡി. മിനിസ്റ്റർക്ക് ഒരുപക്ഷെ അനുഭവമുണ്ടാകും. ആ നിലയിൽ അങ്ങേയറ്റം വംശീയത നിറഞ്ഞ, ജയിലിലടച്ച് കേസ്സെടുക്കേണ്ട തരത്തിലുള്ള ചോദ്യങ്ങളാണ് ചോദ്യപേപ്പറുകളിൽ ഉൾപ്പെടുത്തുന്നത്. ഇതാണ് ചോദ്യപേപ്പറുകളുടെ നിലവാരമെങ്കിൽ എങ്ങനെയാണ് പാവപ്പെട്ട ഉദ്യോഗാർത്ഥികൾ തങ്ങളുടെ ഏക പ്രതീക്ഷയായിട്ടുള്ള സർക്കാർ ജോലിയുമായി മുന്നോട്ടുപോകുക? എത്രയധികം ആളുകളുടെ വർഷങ്ങളായുള്ള കാത്തിരിപ്പാണ്? എത്രയോ അധികം പരിശീലനങ്ങൾ. ധാരാളം തൊഴിൽ പ്രസിദ്ധീകരണങ്ങളും ലേബർ ഇന്ത്യ പോലുള്ള മാഗസിനുകളുമൊക്കെ വാങ്ങി അവർക്കു കിട്ടുന്ന മുഴുവൻ വരുമാനവും അതിൽ ഇൻവെസ്റ്റുചെയ്ത് വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം ലിസ്റ്റു വിളിച്ച് പരീക്ഷക്ക് ഹാജരാകേണ്ടി വരുമ്പോൾ ഇതുപോലെയുള്ള ചോദ്യങ്ങളാണ്

കിട്ടുന്നതെങ്കിൽ അവർ എന്താണ് ചെയ്യുക? എന്തിനാണ് ഈ ആളുകളോട് ഇത്രമാത്രം വിരോധം വച്ചുപുലർത്തുന്നത്; അതുകൊണ്ട് പി.എസ്.സി.-യുടെ സിസ്റ്റം മൊത്തത്തിൽ ഒന്ന് അഴിച്ചുപണിയണം. ഇത് ഏതെങ്കിലും ഒരു ഗവൺമെന്റിന്റെ മാത്രം ഉത്തരവാദിത്വമാണെന്ന് ഞാൻ പറയുന്നില്ല. കഴിഞ്ഞ കുറേക്കാലങ്ങളായി ആവർത്തിക്കുകയാണ്. ഇങ്ങനെ യാതൊരു ബന്ധവുമില്ലാത്ത ചില ചോദ്യങ്ങളും ആരുടെയൊക്കെയോ വികൃത മനസ്സുകൾ അതേപടി ചോദ്യപേപ്പറുകളിൽ പകർത്തി വയ്ക്കുന്ന സാഹചര്യവുമൊക്കെ എല്ലാ പരീക്ഷകളിലും നമുക്ക് കാണാൻ സാധിക്കുകയാണ്. അതുകൊണ്ട് കുറച്ചുകൂടി ഉത്തരവാദിത്വത്തോടുകൂടി പെരുമാറാൻ പി.എസ്.സി.ക്ക് കഴിയണം. അതിന് പി.എസ്.സി.-യെ പ്രേരിപ്പിക്കണം. ഒരു ഭരണഘടനാ സ്ഥാപനമായതുകൊണ്ട് ഇവിടെ നിന്നുകൊണ്ട് ഒരു പരിധിക്കപ്പുറത്തേയ്ക്ക് അവരെ വിമർശിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ അവരും തങ്ങളുടെ ഉത്തരവാദിത്വങ്ങൾ ശരിയാംവണ്ണം നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന ഒരു അന്തരീക്ഷ മുണ്ടാക്കണം. ആ നിലയിലുള്ള ഒരു സമഗ്ര ചർച്ചയിലേയ്ക്ക് ഇത് മാറണമെന്ന് സാന്ദർഭികമായി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. അബ്ദുൽ ഹമീദ്. പി, അങ്ങേയ്ക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കുന്നു.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്ന ഒരു ബില്ലിനെ സാധാരണ സാഹചര്യത്തിൽ എതിർക്കേണ്ടതില്ല. പക്ഷേ നമുക്കു ചുറ്റും നിലനിൽക്കുന്ന ചില യാഥാർത്ഥ്യങ്ങൾ കണക്കിലെടുക്കുമ്പോൾ ഈ ഓർഡിനൻസിനെ നിരാകരിക്കാതെ നിവൃത്തിയില്ല. ഇതിനു മുൻപും പല നിയമനങ്ങളും അധിക ചുമതലകളായി നാം പി.എസ്.സി.-ക്ക് കൈമാറിയിട്ടുണ്ട്. എന്റെ അറിവിൽ ഏകദേശം പതിനൊന്നോളം സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. പക്ഷേ അതിൽ പലതിലും ഇപ്പോഴും നിയമനങ്ങൾ നടന്നിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പല സ്ഥാപനങ്ങളുടേയും നിയമനങ്ങൾ അധിക ചുമതലകളായി പി.എസ്.സി.-ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂളുകൾ തയ്യാറാക്കാത്തത് നിയമനങ്ങൾ നടത്തുന്നതിന് തടസ്സമായി നിൽക്കുന്നു. ദേവസ്വം ബോർഡ് നിയമനം, യൂണിവേഴ്സിറ്റി അസിസ്റ്റന്റുമാരുടെ നിയമനം എന്നിവ ഉദാഹരണങ്ങളാണ്. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിയമനങ്ങളും ഇപ്പോൾ 12-ാമതായി പി.എസ്.സി.-യെ ഏൽപ്പിക്കാൻ പോകുകയാണ്. എന്നാൽ

എന്ന നിയമനം നടക്കുമെന്ന് ഉറപ്പില്ല. സിവിൽ സർവ്വീസിലെ നിയമനം, സീനിയോറിറ്റി, പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച തർക്കങ്ങൾക്ക് കാലതാമസം കൂടാതെയും കാര്യക്ഷമമായും പരിഹാരമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് 1985-ൽ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ആക്ട് പാസ്സാക്കിയത്. പ്രസ്തുത നിയമത്തിന്റെ ചുവടു പിടിച്ച് 2010-ൽ കേന്ദ്ര സർക്കാർ നോട്ടിഫിക്കേഷനിലൂടെ അതേ ലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രൂപീകരിക്കുകയുണ്ടായി. 1985-ൽ കേന്ദ്ര സർക്കാർ നിയമം ഉണ്ടാക്കിയെങ്കിലും നീണ്ട 25 വർഷങ്ങൾക്കുശേഷമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ നിലവിൽ വന്നത്. 2010 വരെ ഇത്തരം കേസ്സുകൾ ഹൈക്കോടതിയിലാണ് കൈകാര്യം ചെയ്തിരുന്നത്. പ്രസ്തുത ട്രിബ്യൂണൽ രൂപീകരിക്കുമ്പോൾ ഇത്തരം കേസ്സുകൾ തീർപ്പാക്കുന്നതിൽ ഹൈക്കോടതിയിലെ കേസ്സുകളുടെ ബാഹുല്യം മൂലമുണ്ടാകുന്ന കാലതാമസം ഒഴിവാക്കുകയെന്ന ലക്ഷ്യംകൂടി നമുക്കുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? ബഹുഭൂരിപക്ഷം കേസ്സുകളും ട്രിബ്യൂണൽ കൊണ്ട് അവസാനിക്കുന്നില്ല, പലതും അപ്പീലുകളായി ഹൈക്കോടതിയിൽ കെട്ടിക്കിടക്കുന്ന അവസ്ഥയാണ്. നിലവിലെ സാഹചര്യം ട്രിബ്യൂണൽ രൂപീകരിച്ചതിന്റെ ഉദ്ദേശ്യത്തെ അപ്രസക്തമാക്കുന്നതാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ട്രിബ്യൂണലിന്റെ പല വിധികളും സർക്കാരോ പി.എസ്.സി.-യോ യഥാസമയം നടപ്പിലാക്കുന്നതിന് താൽപ്പര്യം കാണിക്കുന്നില്ല എന്നതാണ്. ബഹുഭൂരിപക്ഷം കേസ്സുകളും കോടതിയലക്ഷ്യമാകുന്ന സ്ഥിതിയാണുള്ളത്. വകുപ്പു സെക്രട്ടറിമാരെയും പി.എസ്.സി. സെക്രട്ടറിയെയും ട്രിബ്യൂണൽ താക്കീതു ചെയ്യുന്ന അവസ്ഥയിലേയ്ക്കും വിളിച്ചുവരുത്തി ശാസിക്കേണ്ട അവസ്ഥയിലേയ്ക്കും കാര്യങ്ങൾ ചെന്നെത്തിയിരിക്കുകയാണ്.ട്രിബ്യൂണലിന്റെ അവാർഡുകൾ ഇത്തരത്തിലാണ് സർക്കാരും പി.എസ്.സി.-യും കൈകാര്യം ചെയ്യുന്നതെങ്കിൽ എന്താണ് ട്രിബ്യൂണലിന്റെ പ്രസക്തി? അതിനുവേണ്ടി എന്തിനാണ് ഒരു നിയമനിർമ്മാണം? ഇത് സഭ ഒന്നടങ്കം ആലോചിക്കേണ്ട വിഷയമാണ്. ഉദ്യോഗസ്ഥർക്കിടയിലെ സർവ്വീസ് സംബന്ധിച്ച കാര്യങ്ങളിൽ അനീതിയും വിവേചനവും ഉണ്ടാകുന്ന സാഹചര്യത്തിലാണ് ജീവനക്കാർക്ക് ട്രിബ്യൂണലിനെ ആശ്രയിക്കേണ്ടി വരുന്നത്. സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കാതെ സ്വന്തം ഇഷ്ടങ്ങളും താൽപ്പര്യങ്ങളും സംരക്ഷിക്കുന്നതിനായി ഭരണയന്ത്രത്തെ ഭരണാധികാരികൾ ഉപയോഗിക്കുമ്പോൾ സിവിൽ സർവ്വീസിൽ അസംതൃപ്തിയും പ്രശ്നങ്ങളും ഉണ്ടാകുന്നു. മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള സ്ഥലംമാറ്റം, പലപ്പോഴും ട്രിബ്യൂണലിൽ കേസ്സുകളായി എത്തുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഒരു മാനദണ്ഡവും പാലിക്കാതെയാണ് സ്ഥലംമാറ്റങ്ങൾ നടത്തിയിട്ടുള്ളത്. വ്യാപക പരാതികളാണ് ഇതിനെതിരെ ഉണ്ടായത്. നിരവധി കേസ്സുകളാണ് ഇതുസംബന്ധിച്ച്

ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്നത്. ഭരണാധികാരികളുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങാത്തവരെയും എതിർ രാഷ്ട്രീയ ചേരികളിലുള്ളവരെയും തിരഞ്ഞുപിടിച്ച് സ്ഥലം മാറ്റുന്ന പ്രവണതയും അധികരിച്ചു വരികയാണ്. പോലീസ് വകുപ്പിലാണ് ഇത്തരം സ്ഥലംമാറ്റങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത്. നിഷ്പക്ഷതയോടെ പെരുമാറേണ്ട പോലീസിനെ സർക്കാരിന്റെ ചട്ടുകമാക്കി മാറ്റിയിരിക്കുന്നു. സ്ഥലംമാറ്റഭീതിമൂലം പോലീസുകാർ ഭരണകക്ഷിയുടെ രാഷ്ട്രീയ താൽപ്പര്യങ്ങൾക്കനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇന്ന് സംസ്ഥാനത്ത് ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം പോലീസിന്റെയും ബ്യൂറോക്രസിയുടെയും നിഷ്പക്ഷത നഷ്ടപ്പെട്ടതുകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. സംസ്ഥാനത്ത് സിവിൽ സർവ്വീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമുണ്ടാകണം. നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ടാകണം നിയമനങ്ങളും പ്രൊമോഷനും സ്ഥലംമാറ്റങ്ങളും നടത്തേണ്ടത്. അതുപോലെ സിവിൽ തർക്കങ്ങൾ കുറയ്ക്കുന്നതിനും നടപടിയുണ്ടാകണം. സീനിയോറിറ്റി നിശ്ചയിക്കുന്നതിനും ഉദ്യോഗ കയറ്റങ്ങൾക്കും നിലവിലെ ചട്ടങ്ങൾ കൃത്യമായി പാലിച്ചാൽ സർവ്വീസ് തർക്കങ്ങൾ കുറയും. സ്ഥലംമാറ്റങ്ങൾക്ക് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും അവ പാലിക്കുന്നതിന് നടപടി സ്വീകരിക്കുകയും വേണം. രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ള സ്ഥലംമാറ്റങ്ങൾ ഇല്ലാതാക്കണം. സിവിൽ സർവ്വീസിനെ രാഷ്ട്രീയ ലക്ഷ്യങ്ങൾ നേടുന്നതിനുള്ള ചട്ടുകമായി ഉപയോഗിക്കുന്ന നിലവിലെ പ്രവണതയ്ക്കും അറുതിയുണ്ടാകണം. എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണമെന്നു തന്നെയാണ് എന്റെ അഭിപ്രായം. അഴിമതിയും സ്വജനപക്ഷപാതവും ബന്ധു നിയമനങ്ങളും അവസാനിക്കണമെങ്കിൽ എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടണം. സാമൂഹ്യനീതി ഉറപ്പാക്കുന്നതിനും സംവരണം പാലിക്കുന്നതിനും ഇത് അത്യാവശ്യമാണ്.

ഇത്തരമൊരു ആവശ്യത്തിന് ഓർഡിനൻസ് ഇറക്കിയതിന്റെ സാംഗത്യമെന്തെന്ന് മനസ്സിലാകുന്നില്ല. ഇത്രയും ലളിതമായ ഒരു കാര്യത്തിൽപ്പോലും ഓർഡിനൻസ് വേണമെന്നത് ഖേദകരമാണ്. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത് 2017 ജൂലൈ 15-ാം തീയതിയാണ്. ഏഴാം സമ്മേളനം വിളിച്ചു ചേർക്കാൻ നോട്ടീസ് അയയ്ക്കുന്നതിന് വെറും ഏഴോ എട്ടോ ദിവസങ്ങൾക്കുമുമ്പ്, സഭാസമ്മേളനത്തിന് തുച്ഛമായ ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ ഓർഡിനൻസ് പ്രഖ്യാപിച്ചത് സഭയോടുള്ള അനാദരവാണ്. സഭ സമ്മേളിക്കാതിരിക്കുകയും നിയമനിർമ്മാണത്തിനുള്ള അത്യാവശ്യ സാഹചര്യം നിലനിൽക്കുന്നു എന്ന് ബഹുമാനപ്പെട്ട ഗവർണർക്ക് ബോധ്യപ്പെടുകയും ചെയ്താൽ ഭരണഘടനയുടെ 213-ാം ആർട്ടിക്കിൾ പ്രകാരം സർക്കാരിന് ഓർഡിനൻസിലൂടെ നിയമനിർമ്മാണം നടത്താം. ഈ ഓർഡിനൻസ് പ്രഖ്യാപിക്കാൻ എന്ത് അത്യാവശ്യ സാഹചര്യമാണ് നിലവിലുണ്ടായിരുന്നത് എന്ന് മനസ്സിലാകുന്നില്ല. സഭ സമ്മേളിക്കുന്നതിനായി പത്തോ ഇരുപതോ ദിവസങ്ങൾ മാത്രം ബാക്കിയിരിക്കെ, അതിന്

കാത്തിരിക്കാൻ കഴിയാത്ത എന്ത് അവശ്യ സാഹചര്യത്തിലാണ് ഓർഡിനൻസ് പ്രഖ്യാപിക്കേണ്ടിവന്നതെന്ന് വ്യക്തമാക്കണം. ഈ ഓർഡിനൻസ് പ്രഖ്യാപിച്ചതല്ലാതെ ഇക്കാര്യത്തിൽ എന്തു തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കണം. അത്യാവശ്യ സാഹചര്യങ്ങൾ അല്ലാതെയും ലാഘവത്തോടെയും ഓർഡിനൻസുകൾ പ്രഖ്യാപിക്കുന്നത് നിയമനിർമ്മാണ സഭയുടെ അധികാരത്തിൻമേലുള്ള കടന്നാക്രമണവും അനാദരവുമായി കണക്കാക്കണം. എക്സിക്യൂട്ടീവിന്റെ ഇത്തരം കടന്നുകയറ്റത്തെ നിയമസഭ ശക്തമായി എതിർക്കണമെന്നാണ് എന്റെ അഭിപ്രായം. ഉദാസീനവും, നിരുത്തരവാദപരവുമായ ഇത്തരം ഓർഡിനൻസ് പ്രഖ്യാപനങ്ങൾ, ഓർഡിനൻസ് പ്രഖ്യാപിക്കാനുള്ള സർക്കാരിന്റെ വിശേഷാധികാരത്തിന്റെ ദുരുപയോഗമാണ്. ഇത്തരം ദുരുപയോഗങ്ങൾ വ്യാപകമായതാണ് ഓർഡിനൻസ് പ്രഖ്യാപിക്കുന്നതിനുള്ള അത്യാവശ്യ സാഹചര്യം എന്തെന്ന് പരിശോധിക്കാൻ കോടതിക്ക് അധികാരമുണ്ടെന്ന് കൃഷ്ണകുമാർസിംഗ് കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പരാമർശിക്കാനുണ്ടായ പ്രധാന കാരണം. ഓർഡിനൻസുകൾ സഭയിൽ വയ്ക്കാതെ പുന:പ്രഖ്യാപിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ഈ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പറയുകയും ചെയ്തു. അതുകൊണ്ട് ഈ ഓർഡിനൻസിനെ സഭ ഏകകണ്ഠമായി തള്ളിക്കളയണം. ജനാധിപത്യത്തിന്റെയും സഭയുടെയും അന്തസ്സ് സംരക്ഷിക്കുന്നതിന് അത് അത്യാവശ്യമാണ്. ഓർഡിനൻസ് ഇറക്കുന്നതിനുള്ള അധികാരം വളരെ ശ്രദ്ധയോടെ ഉപയോഗിക്കാൻ അത് സർക്കാരിനെ പ്രേരിപ്പിക്കുകയും ചെയ്യും. ബില്ലിന്റെ ഉള്ളടക്കത്തോട് എനിക്ക് വിയോജിപ്പില്ലെങ്കിലും മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് ഈ ഓർഡിനൻസിനെ ഞാൻ നിരാകരിക്കുകയാണ്.

മി. ചെയർമാൻ: ശ്രീ. ചിറ്റയം ഗോപകുമാർ, അങ്ങേയ്ക്ക് 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സംസ്ഥാന ജീവനക്കാരുടെ സർവ്വീസ് സംബന്ധിച്ച വിഷയങ്ങൾ ഹൈക്കോടതി തൊട്ടുതാഴെ കെട്ടിക്കിടക്കുന്ന ഒരവസ്ഥയുണ്ടായപ്പോൾ അതിനൊരു പരിഹാരമെന്ന നിലയിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നടപ്പിലാക്കിയത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമാക്കുന്നതിന് വേണ്ടിയുള്ള ഈ ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏർപ്പെടുത്തിയ അപ്രഖ്യാപിത നിയമനനിരോധനം അവസാനിപ്പിച്ചത് ഈ ഗവൺമെന്റാണ്. ഇപ്പോൾ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ്

എല്ലാ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടാനാണ് തീരുമാനിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റ് പെൻഷൻ പ്രായം ഉയർത്തി, പങ്കാളിത്ത പെൻഷൻ നടപ്പിലാക്കി, നിലവിലുണ്ടായിരുന്ന തസ്തികകൾ വലിയ അളവിൽ വെട്ടിക്കുറച്ചു, നിയമന നിരോധനം ഏർപ്പെടുത്തി. ഇതിനെതിരെ ഐതിഹാസികമായ നിരവധി സമരങ്ങളും പ്രക്ഷോഭങ്ങളും കേരളത്തിലെ യുവാക്കൾ നടത്തി. ആ സമരങ്ങളുടെയെല്ലാം ഫലമായി ഉയർന്നു വന്നതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതുകൊണ്ടു തന്നെ ഈ ഗവൺമെന്റിന്റെ ആദ്യത്തെ കാബിനറ്റ് യോഗതീരുമാനങ്ങളിൽ ഒന്ന്, സർക്കാർ വകുപ്പുകളിലെ തസ്തികകളിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നാണ്. ഗവൺമെന്റ് പറഞ്ഞിട്ടും പല സ്ഥാപന മേധാവികളും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത അവസ്ഥ നിലവിലുണ്ടെന്ന കാര്യം ഗവൺമെന്റ് കാണേണ്ടതാണ്. അത്തരം ആളുകളെ കർശനമായി താക്കീത് ചെയ്യുകയും സ്ഥാപന മേധാവികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാർ പ്രഖ്യാപിച്ച ഇളവുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ ജനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. അവയ്ക്കാവശ്യമായ സേവനങ്ങൾ കിട്ടാതിരിക്കുന്നത് ഗുരുതരമായ അവസ്ഥയാണ്, അത് ഗവൺമെന്റ് ഗൗരവമായി കാണണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

കേന്ദ്ര സർക്കാർ ഹയർ ആന്റ് ഫെയർ (കരാർ നിയമനവും ദിവസ വേതനവും) പോളിസി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവുമധികം തൊഴിൽ കൊടുക്കുന്ന മേഖലയാണ് യു.പി.എസ്.സി. അതുപോലും ഇപ്പോൾ ഇല്ലാതായി കൊണ്ടിരിക്കുകയാണ്. ഏതാണ്ട് മൂന്നിൽരണ്ട് തസ്തികകൾ നിർത്തലാക്കി. ഈ സാഹചര്യത്തിലാണ് പി.എസ്.സി.-യുടെ മേന്മ നമ്മൾ കാണേണ്ടത്. പി.എസ്.സി.-യുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി 2017 ഒക്ടോബറിൽ തന്നെ എല്ലാ കുടിശ്ശിക ജോലികളും ചെയ്തുതീർക്കുമെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ ഉറപ്പു നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് 120 ഓളം തസ്തികകൾ അനുവദിച്ചു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പബ്ലിക് സർവ്വീസ് കമ്മീഷൻ 401 തസ്തികകൾ ആവശ്യപ്പെട്ടതിൽ അന്ന് ആകെ അനുവദിച്ചത് 13 എണ്ണമാണ്. അതേ അവസരത്തിൽ ഈ ഗവൺമെന്റ് വന്ന് ഒരു വർഷം പിന്നിട്ടപ്പോൾ 120 തസ്തികകളാണ് അനുവദിച്ചത്. അതുകൊണ്ട് എല്ലാമായി എന്നു കരുതുന്നില്ല, ഇനിയും ധാരാളം തസ്തികകൾ അനുവദിക്കപ്പെടേണ്ടതായിട്ടുണ്ട്. അവിടെ ജോലിഭാരം കൂടുതലാണ്. ട്രൈബ്യൂണലിന്റെ നിയമനം പി.എസ്.സി.-ക്ക് വിടുമ്പോൾ സ്വാഭാവികമായും ട്രൈബ്യൂണലിലുണ്ടാകുന്ന ധാരാളം പ്രശ്നങ്ങളും കേസുകൾ കെട്ടിക്കിടക്കുന്നതും പരിഹരിക്കപ്പെടേണ്ടതുണ്ട്. എല്ലാ നിയമനങ്ങളും പി.എസ്.സി.-യെ ഏൽപ്പിക്കാൻ സർക്കാർ തീരുമാനിക്കുമ്പോഴും അവിടെ ആവശ്യമായ ജീവനക്കാരില്ല എന്ന പ്രശ്നം നമ്മൾ നേരിടുന്നുണ്ട്. അതിനെ ഒരു പരിധിവരെ നേരിടാൻ കമ്പ്യൂട്ടറൈസേഷൻ കൊണ്ട് സാധിക്കും. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്

എന്നീ നാല് ജില്ലകളിൽ മാത്രമാണ് ഇപ്പോൾ ഓൺലൈൻ സംവിധാനമുള്ളത്. മറ്റ് പത്ത് ജില്ലകളിൽക്കൂടി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയാൽ നമുക്ക് ഒരു പരിധിവരെ ജോലിഭാരം കുറയ്ക്കാൻ കഴിയും. ഇപ്പോൾ ആയിരത്തിയഞ്ഞൂറോളം പേരാണ് ഓൺലൈൻ വഴി പരീക്ഷ എഴുതുന്നത്, അത് ഏഴായിരത്തോളം ആളുകളെങ്കിലും ഉപയോഗിക്കപ്പെടുന്ന രീതിയിൽ മാറിക്കഴിഞ്ഞാൽ പി.എസ്.സി.-യുടെ ജോലിഭാരം കുറയ്ക്കാൻ പറ്റും. അതിനായി എല്ലാ ജില്ലകളിലും ഓൺലൈൻ സംവിധാനം ശക്തിപ്പെടുത്താൻ കഴിയണം. ഏറ്റവും ജനപ്രിയ തസ്തികകളായിട്ടുള്ള എൽ.ഡി.സി., എൽ.ജി.എസ്. തസ്തികകളുടെ നിയമനങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ നടക്കുന്ന അവസ്ഥയുണ്ടായി. ഇപ്പോഴും റാങ്ക് ലിസ്റ്റുണ്ട് എന്നതിനാൽ 18 വയസ്സിൽ അപേക്ഷിക്കുന്ന യുവാക്കൾക്ക് 20 വയസ്സാകുമ്പോഴേയ്ക്കും ജോലി ലഭിക്കുന്ന അവസ്ഥയുണ്ടായി. ഇത് സർക്കാർ സർവ്വീസിൽ യുവാക്കളുടെ പ്രായം കുറയ്ക്കുന്നതിന് ഇടയാക്കി. ഫലത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവാരം ഉയർത്താൻ കഴിഞ്ഞു. പോലീസ്, എക്സൈസ്, വനം, വകുപ്പുകളിൽ വാർഷിക റിക്രൂട്ട്മെന്റ് ഇക്കാലയളവിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുകയുണ്ടായി. യൂണിഫോം പോസ്റ്റുകളിൽ വർഷാവർഷം റാങ്ക് ലിസ്റ്റ് നിലവിൽ വരാൻ തുടങ്ങി. പോലീസ് കോൺസ്റ്റബിൾ, സബ് ഇൻസ്പെക്ടർ തസ്തികകളിൽ എല്ലാ വർഷവും പുതിയ റാങ്ക് ലിസ്റ്റ് നിലവിൽ വന്നുതുടങ്ങി. ഇതിന്റെയെല്ലാം ഫലമായി മറ്റുപല തസ്തികകളുടെയും നിയമനം അനന്തമായി നീളുന്ന സാഹചര്യം ഉണ്ടായിക്കൊണ്ടി രിക്കുകയാണ്. ആരോഗ്യ-വിദ്യാഭ്യാസ മേഖല, പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ, മെഡിക്കൽ വിദ്യാഭ്യാസം, ടെക്നിക്കൽ എഡ്യൂക്കേഷൻ, കൃഷി തുടങ്ങിയ വകുപ്പുകളിലെ നിയമന നടപടികൾ അനന്തമായി നീളുകയാണ്. 2010 മുതലുള്ള പി.എസ്.സി. നിയമനങ്ങളുടെ സർവ്വീസ് വെരിഫിക്കേഷനും ഇതോടൊപ്പം പി.എസ്.സി.-ക്ക് വിട്ടിരിക്കുകയാണ്. ഈ ജോലിക്ക് അധിക തസ്തികകൾ അനുവദിച്ചിരുന്നില്ല. എന്നാൽ 2010 മുതലുള്ള നിയമനങ്ങൾ പരിശോധിക്കുമ്പോൾ സെക്രട്ടേറിയറ്റിൽ ഒരു അഡീഷണൽ സെക്രട്ടറി ഉൾപ്പെടെ 14 സെക്ഷനുകൾ രൂപീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ ജില്ലാ ആഫീസുകളിലും മേഖലാ ആഫീസുകളിലുമായി ഒരു വർഷം 22000 മുതൽ 25000 വരെ നിയമനങ്ങൾ നടക്കാറുണ്ട്. ഇത്രയും പേരുടെ നിയമന പരിശോധനയ്ക്ക് സ്വാഭാവികമായും ഏറെ താമസം നേരിടും. ഇത് ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും കാലതാമസമുണ്ടാക്കി. ഇത് ഏറെ പരാതിക്ക് ഇടനല്കുന്ന അവസ്ഥയാണ്.

ഇപ്പോൾ എൽ.ഡി.എഫ്. സർക്കാർ പതിനാല് ജില്ലകളിലെ ആസ്ഥാന ആഫീസുകളിലേയ്ക്ക് 120 തസ്തികകൾ അനുവദിച്ചത് ഏറെ അഭിനന്ദനാർഹമാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ആർദ്രം, വിദ്യാഭ്യാസം, ലൈഫ് മിഷൻ തുടങ്ങിയ പദ്ധതികളുടെ ഭാഗമായി ധാരാളം തസ്തികകൾ ആരോഗ്യ മേഖലയിലുൾപ്പെടെ സൃഷ്ടിച്ചത് അടിയന്തരമായി നികത്തണമെന്ന സർക്കാർ നിർദ്ദേശമനുസരിച്ച് ഇപ്പോൾ മെഡിക്കൽ ഓഫീസർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്റ്റാഫ്

നഴ്സ്, ജെ.പി.എച്ച്.എൻ., ലാബ് അസിസ്റ്റന്റ് എന്നിവയുടെയും റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. വനിതാ ബെറ്റാലിയനിലേയ്ക്ക് പുതിയ നിയമനങ്ങൾ നടന്നു. കേരളത്തിലെ 11 യൂണിവേഴ്സിറ്റികളിൽ യുദ്ധകാലാടിസ്ഥാനത്തിൽ അസിസ്റ്റന്റ് നിയമനത്തിനായി റാങ്ക് ലിസ്റ്റ് ഉണ്ടാക്കി. ഫുഡ് സേഫ്റ്റി, മലിനീകരണ നിയന്ത്രണ ബോർഡ് തുടങ്ങി വിവിധ വകുപ്പുകളിലെ നിയമനങ്ങളും പി.എസ്.സി.-ക്ക് വിടുകയുണ്ടായി. ഇതെല്ലാം നിലവിലെ ജീവനക്കാരെ ഉപയോഗിച്ചാണ് കമ്മീഷൻ നടത്തുന്നത്. അതുകൊണ്ട് കൂടുതൽ തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ സംവിധാനം നമുക്കുണ്ടാകണം. പി.എസ്.സി. പത്തനംതിട്ടയിലും പാലക്കാട്ടും നടത്തിയ പരീക്ഷകളിലെ അപാകതകളെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ നടത്തിയ പരീക്ഷയിൽ മലയാളം ചോദ്യം തമിഴിലേയ്ക്ക് ട്രാൻസ്‌ലേറ്റ് ചെയ്തതിൽ ഇരുപത്തിയഞ്ചോളം ചോദ്യങ്ങളിൽ ഗുരുതരമായ പിശകുകളുണ്ടായി. ഇതെല്ലാം സംഭവിക്കുന്നത് തീർച്ചയായും ജീവനക്കാരുടെ കുറവുകൊണ്ടാണ്. എയ്ഡഡ് മേഖലയിലേയും പൊതുമേഖലയിലേയും നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നാണ് ഈ സർക്കാരിന്റെ നിലപാട്. കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ച് കഴിഞ്ഞ അഞ്ചുവർഷവും അവർ നോക്കെത്താദൂരത്ത് കണ്ണുംനട്ട് ഇരിക്കുകയായിരുന്നു. ഈ നിലപാട് നടപ്പിലാക്കുമ്പോൾ അങ്ങനെയുള്ള ചെറുപ്പക്കാർക്ക് തീർച്ചയായും അവരുടെ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ കഴിയും. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിയമനവും പി.എസ്.സി.-ക്ക് വിടുമ്പോൾ പി.എസ്.സി.-ക്ക് ഉണ്ടാകുന്ന അധികജോലിഭാരം ഒഴിവാക്കാൻ കഴിയുന്ന തരത്തിലുള്ള തീരുമാനങ്ങൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെ പി.എസ്.സി.-ക്ക് സ്വന്തമായി ആഫീസ് കെട്ടിടമുള്ളത് ഒരു സ്ഥലത്ത് മാത്രമാണ്. ബാക്കി 13 സ്ഥലങ്ങളിലും ഭീമമായ വാടക കൊടുത്താണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഏതാണ്ട് നാല് സ്ഥലത്ത് സ്വന്തമായി സ്ഥലം അനുവദിച്ചിട്ടുണ്ട്. ബാക്കി ജില്ലകളിൽക്കൂടി സ്വന്തമായി സ്ഥലം കണ്ടെത്താനും കെട്ടിടം നിർമ്മിക്കാനും അങ്ങനെ ഭീമമായ വാടക ഒഴിവാക്കാനും കഴിയത്തക്ക രീതിയിൽ പി.എസ്.സി.-യെക്കൂടി മെച്ചപ്പെടുത്തുന്ന നിലയിൽ കാര്യങ്ങൾ ചെയ്യണം. നിയമനങ്ങൾ നടത്തുമ്പോൾ പരീക്ഷ നടത്തണം, സെലക്ഷൻ ലിസ്റ്റ് തയ്യാറാക്കണം, മെമ്മോ അയയ്ക്കണം തുടങ്ങി ഒരുപാട് ജോലികളുണ്ട്. ആ ജോലികളിലെല്ലാം ഇപ്പോൾ താമസം വന്നുകൊണ്ടിരിക്കുകയാണ്. അവയെല്ലാം കൃത്യമായി നടക്കണമെങ്കിൽ തീർച്ചയായും അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിയമനം പി.എസ്.സി.-ക്ക് വിടണം. അതോടൊപ്പം മറ്റ് മേഖലകളിലെ നിയമനം കൂടി പി.എസ്.സി.-ക്ക് വിടണമെങ്കിൽ അവർക്കാവശ്യമായ ജീവനക്കാരെക്കൂടി കൊടുത്ത് എല്ലാ സംവിധാനവും മെച്ചപ്പെടുത്തുന്ന നിലയിലേയ്ക്ക് പോകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. 'കുത്തഴിഞ്ഞ പുസ്തകത്താളുകൾപോലെ' അഥവാ 'കാട്ടാന കയറിയ കരിമ്പിൻതോട്ടം പോലെ', എങ്ങനെയാണ് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരിനെ വിശേഷിപ്പിക്കേണ്ടത്?

സമസ്ത മേഖലയിലും അഴിമതിയും ധൂർത്തും സ്വജനപക്ഷപാതവുമായിരുന്നില്ലേ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്തുള്ള ഭരണം. ദൈവത്തിന്റെ സ്വന്തം നാടെന്ന ഖ്യാതിയിൽ അഭിമാനിച്ചിരുന്ന മലയാളികൾക്കാകെ മാനക്കേടുണ്ടാക്കിയ സരിത കേസും ബാർ കോഴയുമൊക്കെ ഇന്ന് കേരള ജനത ഒരിക്കലും ഓർക്കാൻപോലും ആഗ്രഹിക്കാത്ത കാര്യങ്ങളാണ്. 'എൽ.ഡി.എഫ്. വരും, എല്ലാം ശരിയാകും' എന്ന മുദ്രാവാക്യം കേരള ജനത നെഞ്ചേറ്റിയത് നാം കണ്ടു. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ അഴിമതി വിമുക്ത വികസന കാഴ്ചപ്പാടുള്ള ഒരു ഭരണം കേരളത്തിലുണ്ടായി. യു.ഡി.എഫ്. സർക്കാർ നിലംപരിശാക്കിയ സ്ഥാനത്ത് ഇന്ന് നല്ല നാളേയ്ക്കുവേണ്ടിയുള്ള പുതിയൊരു കേരളം സൃഷ്ടിക്കുവാൻ പ്രതിജ്ഞാബദ്ധമായി എൽ.ഡി.എഫ്. സർക്കാർ ഒട്ടേറെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. വിദ്യാഭ്യാസ-ആരോഗ്യ-പരമ്പരാഗത-വ്യവസായ രംഗങ്ങളിൽ മാറ്റത്തിന്റെ പുതിയ കാലാവസ്ഥ കേരള ജനത അനുഭവിച്ചറിയുകയാണ്. 'തമ്പ്രാനൽപ്പം കട്ട് ഭുജിച്ചാൽ അമ്പലവാസികളൊക്കെ കക്കും' എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന വിധമായിരിക്കില്ലേ ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്തെ കേരള ജനതയ്ക്ക് ഓർക്കാനാകുക. കേരളത്തിലെ സിവിൽ സർവ്വീസിനെ സംബന്ധിച്ച് എക്കാലവും ജനങ്ങൾക്കുള്ള പരാതികൾ ഏറെയാണ്. അഴിമതി, കെടുകാര്യസ്ഥത, അനാവശ്യമായ കാലതാമസം, സ്വജനപക്ഷപാതം, ജീവനക്കാരുടെ മോശമായ പെരുമാറ്റം എന്നിങ്ങനെ നിരവധി ആക്ഷേപങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവിച്ചതുപോലെ ഓരോ ഫയലും ഓരോ ജീവിതമാണ്. ആധുനിക/ഹൈടെക് യുഗത്തിൽ ഫയലുകൾ ഒച്ചിഴയുന്നതുപോലെ എന്നുപറഞ്ഞാൽ ഒച്ചിനുതന്നെ മാനക്കേടാണ്. സെക്രട്ടേറിയറ്റിൽ അസിസ്റ്റന്റ് മുതൽ ചീഫ് സെക്രട്ടറി വരെയുള്ള ഓരോ ഉദ്യോഗസ്ഥർക്കും ഫയലുകൾ കാണുന്നതിന് നിശ്ചിത സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ഇ-ഫയൽ സംവിധാനത്തിലേയ്ക്ക് ഇതിനകം പല വകുപ്പുകളും മാറിയെങ്കിലും 'ശങ്കരൻ തെങ്ങിൽത്തന്നെ' എന്ന സ്ഥിതിയാണുള്ളത്. സർക്കാരിന് ലഭിക്കുന്ന പരാതികളിൽ കൃത്യമായ മറുപടി നൽകാൻ ഒട്ടേറെ സംവിധാനങ്ങൾ നിലവിലുണ്ട്. എന്നാൽ ഒരു മറുപടിയും ലഭിക്കാതെ ഓഫീസുകൾ കയറിയിറങ്ങുന്ന സാധാരണക്കാരന്റെ വേദന നാം കാണാതെ പോകരുത്. സെക്രട്ടേറിയറ്റിൽ മിക്ക വകുപ്പുകളിലും അസിസ്റ്റന്റ് മുതൽ ഉന്നത ഓഫീസർമാർവരെയുള്ളവരുടെ കമ്പ്യൂട്ടറുകൾ പരിശോധിച്ചാൽ മാസങ്ങളായി ലഭിച്ച ഫയലുകളും അപേക്ഷകളും കമ്പ്യൂട്ടറിന്റെ ഇൻബോക്സിൽ തുറന്നുനോക്കാതെ കിടക്കുന്നതായി കാണാം. ഇതിന് അടിയന്തരമായി അറുതിവരുത്തണം. ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്രയോ സർക്കാർ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങിയ കേസിൽ അറസ്റ്റിലായിട്ടുണ്ട്. ഒരു അഴിമതിയും വച്ചുപൊറിപ്പിക്കില്ലെന്ന പ്രഖ്യാപിത നയം എൽ.ഡി.എഫ്. സർക്കാരിന്റേതാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു മന്ത്രിപോലും അഴിമതി നടത്താത്തതായി ഉണ്ടായിട്ടില്ല. അഴിമതി വിമുക്തവും മതനിരപേക്ഷവും വികസിതവുമായ നവകേരളം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെയുള്ള എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപിത നിലപാടിന്

ഇന്ന് വലിയ ജനപിന്തുണയാണ് ലഭിക്കുന്നത്. പ്രകടനപത്രികയിൽ മുന്നോട്ടുവച്ചിട്ടുള്ള കാര്യങ്ങളെല്ലാം തന്നെ ഒന്നൊന്നായി നടപ്പിൽ വരുത്തുകയാണ്. ഞാനിതൊന്നും അക്കമിട്ട് നിരത്തുന്നില്ല. പകൽപോലെ സത്യമായ കാര്യങ്ങൾ ഞാനിവിടെ വിവരിക്കേണ്ടതില്ല. പ്രബുദ്ധരായ കേരള ജനതയ്ക്കുമുന്നിൽ എൽ.ഡി.എഫ്. നടപ്പിലാക്കുന്ന പദ്ധതികൾ രാഷ്ട്രീയ എതിരാളികൾക്കുപോലും നിഷേധിക്കാൻ കഴിയില്ല. സിവിൽ സർവ്വീസിന്റെ ശാക്തീകരണവും വിപുലീകരണവും സാധ്യമാകുന്നതിനൊപ്പം സർക്കാർ സേവനങ്ങൾ യഥാസമയം അർഹമായ കരങ്ങളിലെത്തിക്കുകയെന്നത് ജീവനക്കാരുടെ കടമയും ഉത്തരവാദിത്വവുമാണ്. ജനതാൽപ്പര്യങ്ങൾ മുൻനിർത്തിയുള്ള നയങ്ങളും പരിപാടികളുമായി ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ലോകത്തിലാദ്യമായി ബാലറ്റ് വിജയത്തിലൂടെ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്. സർക്കാരിനെ വിമോചന സമരത്തിലൂടെ പുറത്താക്കിയതുപോലെ ഇന്ന് മറ്റൊരു രൂപത്തിൽ എൽ.ഡി.എഫ്. സർക്കാരിനെ പിരിച്ചുവിട്ട് ഇവിടെ ഗവർണർ ഭരണം നടപ്പിലാക്കാമെന്ന് വ്യാമോഹിക്കുന്നവരുടെ വിക്രിയകൾ നാമെല്ലാം കാണുന്നുണ്ട്. ഇന്ന് ജാതിയുടെയും മതത്തിന്റെയും എന്തിനേറെ പശുവിന്റെ പേരുപോലും പറഞ്ഞ് ഏകോദര സഹോദരങ്ങളെപ്പോലെ കഴിയുന്ന നമ്മളിൽ സ്പർദ്ധ വളർത്തി തമ്മിലടിപ്പിക്കാനുള്ള സംഘപരിവാർ നീക്കം മുളയിലേനുള്ളിക്കളയാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. കെ.എ.എസ്. രൂപീകരണം സംബന്ധിച്ച് ജീവനക്കാരുടെ ഇടയിൽ തെറ്റായ സന്ദേശം നൽകി അതിനെ തകർക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനെ സംബന്ധിച്ച് ജീവനക്കാർക്കിടയിൽ ഇന്ന് വലിയ ആശങ്കയുണ്ടെന്ന് തോന്നുന്നില്ല. ഇതിന്റെ ആവശ്യകത ജനങ്ങൾക്കും ജീവനക്കാർക്കും ഇതിനകം ബോധ്യപ്പെട്ട് കഴിഞ്ഞിട്ടുണ്ടെന്ന് മനസ്സിലാകുന്നു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നിയമന നിരോധനമായിരുന്നില്ലേ? എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം തികയുന്നതിനു മുമ്പുതന്നെ എത്രയെത്ര നിയമനങ്ങളും എത്രയോ പുതിയ തസ്തികകളും വിവിധ വകുപ്പുകളിൽ സൃഷ്ടിച്ചു. യു.ഡി.എഫ്. സർക്കാർ പോയ വഴിയിൽ ഇനിയൊരു പുല്ലുപോലും മുളക്കില്ലെന്ന് കരുതിയ തൊഴിലന്വേഷകർക്ക് മനസ് കുളിരുന്ന പൂന്തോട്ടങ്ങൾക്ക് സമാനമായി ഓരോ വകുപ്പിലും പുതിയ നിയമനങ്ങൾ നൽകിയ സർക്കാരാണിത്. പ്രായപരിധി കഴിഞ്ഞതിനാൽ പി.എസ്.സി. അപേക്ഷ പോലും നൽകാൻ കഴിയാത്തവർക്ക് ആശ്വാസമായി പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിനൽകി. ആരോഗ്യ വകുപ്പിലും വിദ്യാഭ്യാസ വകുപ്പിലുമെല്ലാം നിരവധി നിയമനങ്ങൾ നടത്തുകയുണ്ടായി. വികസിത കേരളത്തിനായി സിവിൽ സർവ്വീസിനെ അടിമുടി നവീകരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. കാലോചിതമായ മാറ്റങ്ങൾ വരുത്താൻ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ചെയർമാനായി മൂന്നംഗ ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നിട്ടുണ്ട്. ബ്രിട്ടീഷുകാരുടെ പല രീതികളും ഇന്ന് നമ്മുടെ സർവ്വീസ് മേഖലയിൽ പിന്തുടരുന്നതിന് മാറ്റം വരുത്തേണ്ടതുണ്ട്. അതാത് ജില്ലകളിൽ പരിഹരിക്കാവുന്ന

പല വിഷയങ്ങളും സെക്രട്ടേറിയറ്റിലും മന്ത്രി ഓഫീസിലും എത്തിയാൽ മാത്രമേ സാധിക്കൂ എന്നതിന് മാറ്റം വരണം. വിഭവ സമൃദ്ധമായ സദ്യ നൽകിയാലും അതിന്റെ സ്വാദ് കഴിക്കുന്നവർക്ക് സാധ്യമാകണമെങ്കിൽ നിലവിലെ രീതികളിൽ കാതലായ മാറ്റം വരണം. അതിന് സർക്കാർ തയ്യാറായിട്ടുണ്ട് എന്നത് നല്ല കാര്യമാണ്. കേരളം എന്നും പല സംസ്ഥാനങ്ങൾക്കും മാതൃകയാണ്. മുൻ എൽ.ഡി.എഫ്. സർക്കാരുകൾ നടപ്പിലാക്കിയ പല പദ്ധതികളും കോപ്പിയടിച്ച് മറ്റ് സംസ്ഥാനങ്ങൾ നടപ്പിലാക്കിവരികയാണ്. ജനപക്ഷ ബദൽ ഈ സർക്കാരിന്റെ നയമാണ്. ഭരണത്തിന്റെ ജനപക്ഷ നിലപാടിനെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ സർവ്വീസിനെ ആകെ പരിമിതപ്പെടുത്താൻ നവഉദാരവൽക്കരണം ഇടയാക്കിയിട്ടുണ്ട്. സേവന ക്ഷേമമേഖലകളിൽ കേന്ദ്ര സർക്കാർ പിൻമാറ്റം നടത്തുകയാണ്. എന്നാൽ ഇവിടെ എൽ.ഡി.എഫ്. സർക്കാർ ഈ രംഗത്ത് കൂടുതൽ ഇടപെടലുകൾ നടത്തി അതുവഴി വികസനത്തിലേയ്ക്ക് കുതിക്കുവാനുള്ള ജനപക്ഷ ബദൽ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

അഴിമതിയും കെടുകാര്യസ്ഥതയും സിവിൽ സർവ്വീസിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഈ ബാധ ഒഴിവാക്കാൻ ചോറ്റാനിക്കര അമ്പലത്തിൽ പോകേണ്ടതില്ല. അഴിമതിയെ എക്കാലവും എതിർത്തിട്ടുള്ള എൽ.ഡി.എഫ്. സർക്കാരുകളുടെ പിന്മുറക്കാരാണ് ഞങ്ങൾ. അഴിമതിക്കും കെടുകാര്യസ്ഥതയ്ക്കും കുട പിടിക്കുന്ന സമീപനമല്ല ഈ സർക്കാരിന്റേതെന്ന് ജനങ്ങൾക്ക് ബോധ്യമുണ്ട്. സിവിൽ സർവ്വീസ് നവീകരിക്കുന്ന കാര്യത്തിൽ ജീവനക്കാരുടെ പിന്തുണ സർക്കാരിന് ആവശ്യമാണ്. നിരവധി ചർച്ചകളിലൂടെ മാത്രമേ ഇത് സാധ്യമാകുകയുള്ളൂ. സർക്കാർ ജീവനക്കാർ സർക്കാരിന്റെ കണ്ണാടിയാണ്. ജനങ്ങൾ നേരിട്ട് ഇടപെടുന്നത് ജീവനക്കാരിലൂടെയാണ്. കാരണം, അവർ സർക്കാരിനെ പ്രതിനിധാനം ചെയ്യുന്ന ഉത്തരവാദിത്വമുള്ളവരാണ്. ഇനിയും പല ജീവനക്കാർക്കും അക്കാര്യം ബോധ്യമാകാനുണ്ട്. കണ്ടറിയാത്ത ജീവനക്കാർ കൊണ്ടറിയും എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. സേവനം കാലതാമസമില്ലാതെ ജനങ്ങളിൽ എത്തിക്കാൻ സർക്കാർ ജീവനക്കാർ ബാധ്യസ്ഥരാണ്. ജനങ്ങളുടെ ആനുകൂല്യങ്ങൾ എങ്ങനെ നിഷേധിക്കാമെന്നാണ് ഇക്കൂട്ടരിൽ പലരും ആലോചിക്കുന്നത്. നിയമങ്ങളും ചട്ടങ്ങളും വ്യാഖ്യാനിക്കേണ്ടത് ജനപക്ഷത്തുനിന്നാകണം. അതിൽ സുതാര്യത ഉറപ്പാക്കണം. ചില തീരുമാനങ്ങളെടുക്കുന്നതിൽ നിലവിലെ സംവിധാനത്തിൽ മാറ്റം വരുത്തണം. പല തട്ടുകൾ കയറിയിറങ്ങിയാൽ മാത്രമേ ഫയലുകൾ തീർപ്പാവുകയുള്ളൂ എന്നത് മാറ്റി തട്ടുകൾ ചുരുക്കി പരമാവധി വേഗത്തിൽ ഫയലുകൾ തീർപ്പാക്കാൻ കഴിയണം. ഓരോ വകുപ്പും പരിശോധിച്ചാൽ വർഷങ്ങളായി തീർപ്പാക്കാത്ത നൂറുകണക്കിന് ഫയലുകൾ കാണാൻ കഴിയും. ഇത്തരത്തിൽ ഏതെല്ലാം വകുപ്പുകളിൽ ഫയലുകൾ ഉണ്ടെന്ന് കണ്ടെത്തി അദാലത്തുകൾ സംഘടിപ്പിച്ച് അടിയന്തര പരിഹാരം കാണണം.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഒറ്റ രാത്രികൊണ്ട് ആയിരക്കണക്കിന് ഫയലുകൾ ഒപ്പിട്ട കഥ കേരളത്തിലെ ജനങ്ങൾ മറക്കില്ല. അതിന്റെ പിന്നാമ്പുറ കഥകൾ അഴിമതിയുടേതാണെന്ന് നമുക്കെല്ലാം അറിയാം. ഈ ഹൈടെക് യുഗത്തിലും ഫയലുകൾ ഇഴഞ്ഞ് നീങ്ങുന്നുവെന്നുള്ളത് ദയനീയമാണ്. സമയബന്ധിതമായി ഫയലുകൾ തീർപ്പാക്കണം. ജീവനക്കാരെല്ലാവരും അഴിമതിക്കാരും കൈക്കൂലിക്കാരുമല്ല. ഇത്തരം സാമൂഹ്യ തിന്മകൾ ചെയ്യുന്നത് ചുരുക്കം ജീവനക്കാർ മാത്രമാണ്. ക്യാൻസർ പോലെ ഇത് പടരാതിരിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപടി സ്വീകരിക്കും. ജില്ലാ ബാങ്കുകളിലെ ക്ലാർക്ക് ഒഴിവുകൾ പി.എസ്.സി.-യെ യഥാസമയം അറിയിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിക്കണം. കേരള ബാങ്ക് വരുന്നതോടെ ജീവനക്കാരുടെ എണ്ണം കുറയുമെന്ന ആശങ്കയുമുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ പ്രേതം ബാധിച്ച ചില വകുപ്പ് മേധാവികൾ ഇപ്പോഴുമുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ ഇക്കൂട്ടർ വിമുഖത കാണിക്കുന്നു. ഇതിനും പരിഹാരമുണ്ടാകണം. കേരളം ഇതിനകം ആർജ്ജിച്ച നേട്ടങ്ങളാകെ തകർത്ത യു.ഡി.എഫ്. സർക്കാരിന്റെ ഭരണത്തിന് അറുതിവരുത്തി എൽ.ഡി.എഫ്. സർക്കാർ അധികാരമേറ്റിട്ട് ഒരു വർഷം പിന്നിട്ടിരിക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് ഇടതുപക്ഷ സർക്കാർ ഒരു ജനപക്ഷ സർക്കാർ ആണെന്ന് തെളിയിച്ചിരിക്കുകയാണ്. സർക്കാർ നയങ്ങൾക്ക് ഏറെ ജനപിന്തുണയാണ് ലഭിക്കുന്നത്. വിവാദങ്ങളിൽ ഭയപ്പെടാതെ സംസ്ഥാനഭരണം കാര്യക്ഷമമായി മുന്നോട്ട് പോകുന്നുണ്ട്. വിവാദങ്ങൾക്ക് ഒരിക്കലും ക്ഷാമമുണ്ടാകില്ല. പക്ഷേ, അതിന്റെ പിറകേപോയി സമയം കളയാൻ സർക്കാർ ഉദ്ദേശിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പഠിച്ച് അത് പരിഹരിക്കാനുള്ള ഇച്ഛാശക്തിയോടെ ഈ സർക്കാർ മുന്നോട്ട് പോവുകയാണ്.

ആരോഗ്യം, പാർപ്പിടം, വിദ്യാഭ്യാസം, ശുചിത്വം എന്നീ ലക്ഷ്യങ്ങളിൽ ഇതിനകം മാതൃകാപരമായ ഇടപെടലുകൾ സർക്കാർ നടത്തിക്കഴിഞ്ഞു. ഇത് സഹിക്കാൻ കഴിയാത്ത ചിലർ നിക്ഷിപ്ത താല്പര്യങ്ങളുടെ പുറകെ പോയി വിവാദങ്ങൾ ഉണ്ടാക്കുകയാണ്. സംതൃപ്തവും കാര്യക്ഷമവും അഴിമതിരഹിതവുമായ സിവിൽ സർവ്വീസ് എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിനാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസസ് (കെ.എ.എസ്.) രൂപീകരിക്കുന്നത്. ഈ സർക്കാരിന്റെ ഇച്ഛാശക്തിക്കുമുന്നിൽ കെ.എ.എസ്.-നെ എതിർത്ത് തോല്പിക്കാൻ ഒരു ശക്തിക്കും കഴിയില്ലെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എൻ. ഷംസുദ്ദീനുവേണ്ടി ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ ഭേദഗതിയെ പിന്താങ്ങുന്നു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വരുന്നതോടുകൂടി, ജീവനക്കാരെ നിയമിക്കുന്ന വിഷയമുണ്ടെങ്കിലും പി.എസ്.സി. എന്ന പൊതുസ്ഥാപനത്തിന് എല്ലാ നിലയ്ക്കും വളരെ വേഗതയിൽ ലക്ഷ്യം സാധൂകരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക എന്നുള്ളതാണ് പ്രധാനമായും ചെയ്യേണ്ടത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയെന്നുള്ളതാണ് നിയമനത്തിന് വേണ്ടി ഏറ്റവും അത്യാവശ്യമായ കാര്യം. പല സ്ഥലങ്ങളിലും ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നില്ല. ഇ-റിപ്പോർട്ടിംഗ് നിലവിലുണ്ടെങ്കിലും

പലതും മാന്വലായാണ് ഇപ്പോഴും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്. മാന്വലായി റിപ്പോർട്ട് ചെയ്യുമ്പോൾ ഫാറത്തിലെ രണ്ടുമൂന്ന് കോളങ്ങൾ പൂരിപ്പിക്കാതിരിക്കുകയും അപൂർണ്ണമാണെന്ന കാരണത്താൽ തിരിച്ചയയ്ക്കുകയും ചെയ്യുമ്പോൾ അനാവശ്യമായി സമയനഷ്ടം ഉണ്ടാകുന്നു. പ്രൊമോഷനുമായി ബന്ധപ്പെട്ട ചില നിക്ഷിപ്ത താല്പര്യങ്ങളൊക്കെ അതിന്റെ പിന്നിലുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത് പൂർണ്ണമായും ഇ-റിപ്പോർട്ടിംഗിലൂടെ ആണെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം. നിലവിൽ 2 ശതമാനം മാത്രമാണ് ഇ-റിപ്പോർട്ടിംഗ് ഉള്ളത്. ഓൺലൈനിലൂടെ ഒഴിവ് റിപ്പോർട്ട് ചെയ്താൽ ആ സമയം തന്നെ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഗവൺമെന്റിൽനിന്ന് നിർദ്ദേശം വരുമ്പോൾ മാത്രമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അത്തരത്തിൽ ചെയ്യുന്നത്. ഓരോ മാസവും വരുന്ന ഒഴിവുകൾ കണക്കാക്കി യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിന്റെ വിശദീകരണം വകുപ്പ് മേധാവികളോട് ചോദിക്കുകയും റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് ഒന്നാമത്തെ കടമ്പ കടക്കുന്നത്. അപ്പോൾ മാത്രമാണ് പി.എസ്.സി.-ക്ക് നടപടി സ്വീകരിക്കാൻ കഴിയുന്നത്. അതുപോലെ, ഇ-റിപ്പോർട്ടിംഗ് നടത്തി വളരെ വേഗത്തിൽ കാര്യങ്ങൾ മുന്നോട്ട് പോകുമ്പോൾ ക്വാളിഫിക്കേഷനെക്കുറിച്ചുകൂടി പറയണം. 40 വർഷം മുമ്പുള്ള ക്വാളിഫിക്കേഷനുകളാണ് ഇപ്പോഴും പല തസ്തികകൾക്കുമുള്ളത്. അത് അപ്ഡേറ്റ് ചെയ്യണം.

ഏറ്റവും ആധുനിക കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഐ.ടി. മേഖലയിൽ വിജ്ഞാനം കരഗതമാക്കിയിട്ടുള്ള ക്വാളിഫൈഡും കോമ്പീറ്റന്റുമായ ധാരാളം കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. ക്വാളിഫിക്കേഷൻ അപ്ഡേറ്റ് ചെയ്താൽ മാത്രമേ ഏറ്റവും കഴിവുള്ള കുട്ടികളെ സെലക്ട് ചെയ്യാനും നിയമനം നടത്താനും സാധിക്കുകയുള്ളൂ. ഡ്രൈവർമാർക്ക് മാത്രമാണ് സ്കിൽ ടെസ്റ്റ് നടത്തുന്നത്. ഇക്കാര്യത്തിൽ കെ.എസ്.ആർ.ടി.സി. പരാതി പറഞ്ഞതായി അറിയാൻ കഴിഞ്ഞു. മെക്കാനിക്കൽ എഞ്ചിനീയർമാരെയും മറ്റും തെരഞ്ഞെടുക്കുന്നത് ഒബ്ജക്റ്റീവ് ടൈപ്പ് ടെസ്റ്റിന്റെ അടിസ്ഥാനത്തിലാണ്. ഇത്തരത്തിൽ നിയമനം ലഭിക്കുന്ന മെക്കാനിക്കുമാർക്ക് മെക്കാനിക്കൽ കാര്യങ്ങളിൽ ഗ്രാഹ്യം ഇല്ലാത്തതിന്റെ പേരിൽ ധാരാളം പ്രശ്നങ്ങളു ണ്ടാകുന്നുണ്ടെന്ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർ പി.എസ്.സി.യോട് പരാതി പറഞ്ഞതായി അറിയാൻ കഴിഞ്ഞു. മെക്കാനിക്കൽ വിഭാഗത്തിന് സ്കിൽ ടെസ്റ്റ് നടക്കാത്തതുകൊണ്ട് ക്വാളിഫൈഡായിട്ടുള്ള ആളുകളെ മാത്രമാണ് നമുക്ക് ലഭിക്കുന്നത്. കോമ്പീറ്റന്റായിട്ടുള്ള ആളുകളെ തെരഞ്ഞെടുക്കാൻ സ്കിൽ ടെസ്റ്റ് നിർബന്ധമായും നടത്താനുള്ള സംവിധാനം വേണം. പി.എസ്.സി.-യിൽ അതിനുള്ള സംവിധാനമില്ല.

ഒബ്ജക്റ്റീവ് ടൈപ്പ് ചോദ്യങ്ങൾ മാത്രം ചോദിക്കുന്നതുകൊണ്ട് വേറെയും ചില പ്രശ്നങ്ങളുണ്ട്. മെഡിക്കൽ വിംഗിൽ ക്വാളിഫൈഡും കോമ്പീറ്റന്റുമായ ആളുകളെ കിട്ടാനില്ല. ഗ്രാജ്വേഷൻ ബേസിസിലാണ് ഇപ്പോൾ സെലക്ഷൻ നടക്കുന്നത്. ന്യൂറോ സെക്ഷനിൽ കോമ്പീറ്റന്റായ ആളുകളെ കിട്ടാനുള്ള പ്രത്യേക ടെസ്റ്റില്ല. പി.ജി. തലത്തിലുള്ള ടെസ്റ്റ് കൂടി നടത്താനുള്ള സംവിധാനം ഉണ്ടെങ്കിൽ മാത്രമേ മെഡിക്കൽ കോളേജുകളിൽ ക്വാളിഫൈഡും കോമ്പീറ്റന്റുമായ ആളുകളെ കിട്ടുകയുള്ളൂ.

അങ്ങനെവരുമ്പോൾ അപേക്ഷകർ കുറയും. ഏതെങ്കിലും കോഴ്സ് പാസ്സാവുകയും മറ്റാരും ടെസ്റ്റ് അറ്റന്റ് ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ ന്യൂറോ സംബന്ധിച്ച് കാര്യമായ വിവരം ഇല്ലാത്ത ആളായിരിക്കും ഒന്നാം റാങ്കിൽ വരുന്നത്. സ്വാഭാവികമായും നിയമനം നടക്കുന്നതും അങ്ങനെ തന്നെയായിരിക്കും. ആ ഒരു പ്രശ്നം പരിഹരിക്കുന്നതിനുള്ള സംവിധാനം കൂടി ഇതിൽ ഉൾപ്പെടുത്തണം. ഇപ്പോൾ പി.എസ്.സി. പരീക്ഷ കഴിഞ്ഞാൽ പോസ്റ്റ് എക്സാം പ്രോസസ്സിന് കൂടുതൽ സമയമെടുക്കുന്നു. കാരണം 750 പരീക്ഷകളും അതിന്റെ മറ്റ് നടപടികളും നടക്കാൻ കൂടുതൽ സമയം വേണ്ടിവരും. പി.എസ്.സി.-യിൽ ജീവനക്കാർ കുറവാണെന്ന പ്രശ്നം പരിഹരിക്കണം. നാട്ടിലെ എല്ലാവർക്കും ജോലിക്കുള്ള അവസരം കിട്ടണം. റാങ്ക് ലിസ്റ്റ് വന്ന് മൂന്നും നാലും വർഷം കഴിഞ്ഞും നിയമനം ലഭിക്കാത്ത അവസ്ഥയുണ്ട്. ലിസ്റ്റ് തയ്യാറാക്കാൻ കൂടുതൽ സമയം വേണ്ടിവരുന്നു. എക്സാം കഴിഞ്ഞതിനുശേഷം വേഗത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻവേണ്ടി പി.എസ്.സി. ആവശ്യപ്പെടുന്ന തസ്തികകൾ കൊടുത്തേ മതിയാകൂ. അങ്ങനെവരുമ്പോൾ ലിസ്റ്റ് തയ്യാറാക്കുന്ന പ്രോസസ്സ് വേഗത്തിൽ പൂർത്തിയാക്കാൻ കഴിയും. ഈ കാര്യങ്ങളൊക്കെ സുതാര്യമായി മനസ്സിലാക്കാൻ ഓൺലൈനിൽ എല്ലാ സൗകര്യങ്ങളുമുണ്ട്.

1.00 PM]

എല്ലാം ഓൺലൈൻ ആക്കണം. പി.എസ്.സി.-ക്ക് ഒന്നും മറച്ചുവയ്ക്കാനില്ല. പി.എസ്.സി. എന്നത് തുറന്ന പുസ്തകമായിരിക്കണം. ആപ്ലിക്കേഷൻ ക്ഷണിക്കുന്നതെന്നാണ്, എത്ര ടെസ്റ്റ് നടത്തി, തസ്തികകളിന്മേൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു, റിപ്പോർട്ട് ചെയ്ത തസ്തികകളിൽ ടെസ്റ്റ് നടത്തിയോ, നടത്തിയ ടെസ്റ്റുകളുടെ റാങ്ക് ലിസ്റ്റ് എന്തായി, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകി, ഇനി അഡ്വൈസ് മെമ്മോ നൽകാൻ ബാക്കിയുള്ളവർ എത്രപേരുണ്ട് എന്നിങ്ങനെയുള്ള കാര്യങ്ങൾ സുതാര്യമായി വിലയിരുത്താൻ ഉദ്യോഗാർത്ഥികൾക്കും ഇതിൽ താൽപ്പര്യമുള്ളവർക്കും സാധിക്കും. വികലാംഗരുടെ കാര്യത്തിൽ നിയമനം നടക്കാത്തതു കൊണ്ട് ബാക്ക്‌ലോഗ് നികത്താൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ അടുത്ത കാലത്ത് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുണ്ടായി. എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കണമെന്ന് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധിയിലും വന്നിട്ടുണ്ട്. അർഹതപ്പെട്ട വികലാംഗരായ ആളുകൾക്ക് കിട്ടേണ്ട ബാക്ക്‌ലോഗ് എത്രയുണ്ട്; അതിന്റെ ശതമാനം കണക്കാക്കുന്നതിലുണ്ടാകുന്ന താമസം, എന്നിങ്ങനെയുള്ള കാര്യങ്ങൾ വികലാംഗരോ അവരുടെ അസോസിയേഷനോ ബന്ധപ്പെട്ടവർക്കോ പരിശോധിക്കണമെങ്കിൽ ഓൺലൈൻവഴി കാര്യങ്ങൾ നോക്കാൻ കഴിയണം. പി.എസ്.സി. ഓഫീസിൽ അന്വേഷിച്ചാൽ വ്യക്തമായ വിവരം കിട്ടില്ല. എല്ലാം ഓൺലൈനിൽ ലഭ്യമാകുന്ന വിധത്തിൽ ജനങ്ങൾക്കുമുമ്പിൽ ഒരു തുറന്ന പുസ്തകമായി പ്രവർത്തിക്കാനുള്ള സംവിധാനവും സുതാര്യതയും ഉറപ്പുവരുത്തി പി.എസ്.സി.-യുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ജനങ്ങൾക്ക് അറിയാനുള്ള സംവിധാനമുണ്ടാക്കണം.

പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടു. ധാരാളം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. പക്ഷെ, ഇപ്പോഴും റൂൾ ഫ്രെയിം ചെയ്തില്ല എന്ന കാരണംകൊണ്ട് നിയമനങ്ങൾ നടക്കുന്നില്ല. വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനം പി.എസ്.സി.-യെ ഏൽപ്പിച്ചിട്ടും 1980-ന് ശേഷം നിയമനം നൽകിയിട്ടില്ല. ഇന്നുവരെ റൂൾ ഫ്രെയിം ചെയ്തിട്ടില്ല. റൂൾ ഫ്രെയിം ചെയ്യാത്തതുകൊണ്ട് നടപടിക്രമങ്ങളിലേയ്ക്ക് കടക്കാൻ കഴിയില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടിട്ട് എന്താണ് കാര്യം? പൊതുമേഖലയിൽ റൂൾ ഫ്രെയിം ചെയ്യുന്നതിനുവേണ്ടി സമയബന്ധിതമായി നടപടി സ്വീകരിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂ. അല്ലെങ്കിൽ വികലാംഗർ, സാമൂഹികമായി പിന്നോക്കംനിൽക്കുന്ന പിന്നോക്ക വിഭാഗക്കാർ തുടങ്ങിയവരുടെ സംവരണത്തിൽ അട്ടിമറി നടക്കും. അവർക്ക് അവകാശപ്പെട്ട സംവരണം ലഭിക്കുന്നില്ല. ഇപ്പോൾ നടക്കുന്ന താൽക്കാലിക നിയമനങ്ങളിലും സംവരണം പാലിക്കുന്നില്ല. പലർക്കും ഇഷ്ടമുള്ളതുപോലെ നിയമനങ്ങൾ നടത്തുകയാണ്. അതുകൊണ്ട് സാമൂഹികമായി അർഹതപ്പെട്ട വിഭാഗങ്ങൾക്ക് അവരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുന്നതിനായി റൂൾ ഫ്രെയിം ചെയ്യുന്നതിനുള്ള ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ, നിയമനം ലഭിച്ചുകഴിഞ്ഞ ഉദ്യോഗാർത്ഥികൾ അഡ്വൈസ് മെമ്മോ കിട്ടിയാൽ നേരെ ജോലിക്ക് ചേരുകയാണ് പതിവ്. ടെക്നിക്കലായി അവർക്ക് യാതൊരു ട്രെയിനിംഗും ലഭിക്കുന്നില്ല. അവർക്ക് ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനമുണ്ടായാൽ കാര്യക്ഷമമായി പ്രവർത്തിക്കാൻ നമ്മുടെ സംവിധാനങ്ങൾക്ക് സാധിക്കും. ശ്രീ. വി. ടി. ബൽറാം ചൂണ്ടിക്കാണിച്ചതുപോലെ പി.എസ്.സി. പരീക്ഷയ്ക്ക് ഏതൊക്കെയോ കാലഘട്ടത്തിലുള്ള, തസ്തികയുമായി വിദൂര ബന്ധംപോലുമില്ലാത്ത ചോദ്യങ്ങളാണ് ചോദിക്കുന്നത്. ഉത്തരം സ്വാഭാവികമായും നൽകും. പി.എസ്.സി. ഗൈഡുണ്ട്. ജനറൽ നോളജ് എന്നുപറയുന്ന കാര്യങ്ങളുമുണ്ട്. പക്ഷേ കണ്ടക്ടറായി ജോലി ചെയ്യുന്നതിന് അതുമായി ബന്ധപ്പെട്ട ചോദ്യങ്ങളല്ല ചോദിക്കുന്നത്. അങ്ങനെ ഒരു ബന്ധവുമില്ലാത്ത രീതിയിൽ ചോദ്യങ്ങൾ ചോദിക്കുന്നതിനപ്പുറത്തേയ്ക്ക്, ആളുകൾ ഓരോ തൊഴിലിലേയ്ക്കും പോയിക്കഴിഞ്ഞാൽ പ്രത്യേക ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനമുണ്ട്. പക്ഷേ നിയമനം നൽകുമ്പോൾത്തന്നെ അങ്ങനെയൊരു ട്രെയിനിംഗ് നൽകുന്നതിനുള്ള സംവിധാനമില്ല. അതുകൊണ്ട് ജോലിക്ക് ചേർന്നുകഴിഞ്ഞാൽ അവർക്ക് തൊട്ട് മുകളിലിരിക്കുന്ന ആളുകൾ എന്തു പറയുന്നോ, അവർ എങ്ങനെ ജോലി ചെയ്യുന്നോ അതുപോലെ ഇവരും ജോലി ചെയ്യുമെന്നല്ലാതെ വളരെ ക്രിയാത്മകമായും വേഗത്തിലും ജനങ്ങൾക്ക് സർവ്വീസ് കൊടുക്കുന്നതിനാവശ്യമായ സംവിധാനം ചെയ്യാനൊന്നും കഴിയില്ല. പണ്ട് പഠിച്ച സംവിധാനം തന്നെ തുടർന്നുവരുന്ന ഒരവസ്ഥയിലേയ്ക്കെത്തും. കാലികമായുണ്ടാകുന്ന ടെക്നോളജി വികാസത്തിൽ നിൽക്കുന്ന കാലഘട്ടത്തിൽ ഇവരുടെ സർവ്വീസ് പൂർണ്ണമായും ജനങ്ങൾക്ക് വളരെ വേഗതയിൽ നൽകാൻ,

പ്രത്യേകിച്ച് ഇപ്പോഴുള്ള കുട്ടികളെന്നുപറഞ്ഞാൽ സ്മാർട്ടായ കുട്ടികളാണ് എല്ലാവരും നല്ല ക്വാളിഫൈഡും കോമ്പീറ്റന്റുമായ കുട്ടികളാണ്. അവർക്ക് ട്രെയിനിംഗുകൂടി ലഭിക്കുമ്പോൾ വളരെ ഫാസ്റ്റായി സർവ്വീസ് നൽകാൻ കഴിയും. അത്തരത്തിലുള്ള ഒരു സംവിധാനം നിയമനം നൽകുമ്പോൾത്തന്നെ കൊടുക്കുന്നതിന് ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്.

അടിസ്ഥാനപരമായി പിന്നോക്ക വിഭാഗങ്ങൾക്കും എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കും വികലാംഗർക്കും അതുപോലെ സംവരണം ഉറപ്പുവരുത്തേണ്ടതായ വിഭാഗങ്ങളുടെ കാര്യത്തിലും ഭിന്നശേഷിക്കാരായ ആളുകൾ, മാനസിക വൈകല്യം ബാധിച്ചവർ എന്നിവരെക്കൂടി നമ്മുടെ സമൂഹത്തിൽ ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടു പോകുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുന്ന ഒരുപാട് മേഖലകൾ നമുക്ക് കാണാൻ കഴിയും. വളരെ പ്രശംസാർഹമായ സ്ഥാപനങ്ങളിലൂടെ വളർന്നുവന്നിട്ടുള്ള ഇത്തരം വിഭാഗങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ സംവരണം ഏർപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചെയ്യണം. ആകെത്തുക എടുത്തുനോക്കിയാൽ പി.എസ്.സി. എന്നുപറയുന്ന സ്ഥാപനം ഈ നാട്ടിൽ ഏറ്റവും വലിയ തൊഴിൽ നൽകുന്ന, അതിനുവേണ്ടി തെരഞ്ഞെടുക്കുന്ന ഒരു സ്ഥാപനം എന്ന നിലയിൽ സുതാര്യമായും പ്രായോഗികമായും ഏറ്റവും ലേറ്റസ്റ്റ് ടെക്നോളജി കൂടി ഉപയോഗിക്കണം. 40 വർഷം മുമ്പ് നിശ്ചയിച്ച ക്വാളിഫിക്കേഷനിൽ ഭേദഗതി വരുത്തിയും ഇങ്ങനെ തെരഞ്ഞെടുക്കുന്നവർക്ക് പ്രത്യേക ട്രെയിനിംഗ് നൽകിയും എന്നാൽ സംവരണമെല്ലാം കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിക്കൊണ്ടും സുതാര്യമായ രീതിയിലേയ്ക്ക് പോകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യരായ അംഗങ്ങൾ പി.എസ്.സി.-യെക്കുറിച്ചുള്ള ഒരു സമഗ്രമായ ചർച്ചയിലേയ്ക്കുതന്നെയാണ് കടന്നിട്ടുള്ളത്. അതിലേറ്റവും പ്രധാനമായി ചൂണ്ടിക്കാണിച്ച കാര്യം, നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട പല സ്ഥാപനങ്ങളും ഇപ്പോഴും പൂർണ്ണമായും അത് നടപ്പാക്കപ്പെട്ടിട്ടില്ല എന്നതാണ്. അതിനുകാരണം ബന്ധപ്പെട്ട റൂൾസ് ഫ്രെയിം ചെയ്യാത്തതാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടൽ വേണമെന്ന അഭിപ്രായമാണ് പൊതുവേ ഉയർന്നുവന്നിരിക്കുന്നത്. സമയബന്ധിതമായി തന്നെ പി.എസ്.സി.-ക്ക് നിയമനാധികാരം നൽകിയിട്ടുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള റൂൾസ് ഫ്രെയിം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, ചില സ്ഥാപനങ്ങളിൽ പി.എസ്.സി. നിയമനത്തെ മറികടക്കാനുള്ള ചില ശ്രമങ്ങൾ നടക്കുന്നുവെന്നാണ്. അത് സ്ഥാപനങ്ങളുടെ സർവ്വീസ് റൂൾസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഒരു സഹകരണ സംഘത്തിൽ താഴ്ന്ന തസ്തികയിൽ ജീവനക്കാരായി ചേർന്നുകഴിഞ്ഞാൽ സ്വാഭാവികമായും വിദ്യാഭ്യാസ യോഗ്യതയും അതിനോടൊപ്പമുള്ള സാങ്കേതിക യോഗ്യതയും ആർജ്ജിക്കുന്നുണ്ടെങ്കിൽ അവർക്ക് പ്രൊമോഷന് അർഹതയുണ്ട്. അങ്ങനെയാണ് അവർ പ്രൊമോട്ട് ചെയ്യപ്പെടുന്ന അവസ്ഥയുണ്ടാകുന്നത്. അത് തടയാൻ നമുക്ക് കഴിയുമെന്ന് തോന്നുന്നില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റിന്റെ ഇന്റൻഷൻ ഈ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷൻവഴി ഒരു സിസ്റ്റത്തിൽ കൊണ്ടുവരണമെന്നതന്നെയാണ്. ആ സിസ്റ്റത്തെ flout ചെയ്യാൻ വേണ്ടി അതിന്റെ തൊട്ടുതാഴെയുള്ള പോസ്റ്റിൽ ആളെ നേരിട്ടെടുക്കുകയും പിന്നീട് പ്രൊമോഷൻ നൽകുകയും ചെയ്യുന്നതുകൊണ്ടാണ് നമ്മുടെ തീരുമാനം നടപ്പാകാതെ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റിന്റെ ഈ നല്ല ഉദ്ദേശ്യം flout ചെയ്യാൻ കഴിയാത്ത വിധത്തിലുള്ള എന്തെങ്കിലും നടപടി എടുത്തുകൂടേ?

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പറഞ്ഞുവന്നത് സാങ്കേതികമായി ഇപ്പോഴുള്ള സർവ്വീസ് റൂൾസ് അനുസരിച്ച് താഴ്ന്ന തസ്തികയിലുള്ളവർക്ക് ആവശ്യമായ യോഗ്യതയുണ്ടെങ്കിൽ പ്രൊമോഷന് അർഹതയുണ്ട് എന്നാണ്. അത് ആ ഘട്ടം വരുമ്പോൾ പ്രൊമോട്ട് ചെയ്യപ്പെടുന്നു. എന്നാൽ അങ്ങ് ചൂണ്ടിക്കാണിക്കുന്ന കാര്യം പി.എസ്.സി. നിയമനത്തെ മറികടക്കുന്നതിനുവേണ്ടി ബോധപൂർവ്വം ഇത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ടോ എന്നുള്ളതാണ്. അത് സമ്മതിക്കാൻ കഴിയുന്നതല്ല. ചില തസ്തികകളുടെ നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. ആ തസ്തികകൾ കണ്ടു കൊണ്ട് താഴത്തെ നിയമനം നടത്താൻ പറ്റില്ല.

ശ്രീ. പി. ടി. തോമസ്: സർ, കോ-ഓപ്പറേറ്റീവ് സെക്ടറിൽ ഇത്തരത്തിൽ നടക്കുന്നുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഇത്തരത്തിലുണ്ട് എന്നത് ശരിയാണ്. എന്നാൽ വ്യാപകമായി അതില്ല.

ശ്രീ. വി. ടി. ബൽറാം: സർ, അത്തരം ഒറ്റപ്പെട്ട സംഭവങ്ങളിൽ ഇടപെടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഒറ്റപ്പെട്ട സംഭവങ്ങളിൽ ഇടപെടാൻ സാധിക്കില്ല. ഞാൻ പറഞ്ഞ ആദ്യ ഭാഗം നിങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടാണ്. ഒരു പ്യൂൺ ആയി ഒരാളെ നിശ്ചയിച്ചു. ആ നിശ്ചയിച്ച ആളിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുണ്ടെങ്കിൽ ആ ആളിന് ആവശ്യമായ സാങ്കേതിക ട്രെയിനിംഗിന് പോകാവുന്നതാണ്. പ്രസ്തുത ട്രെയിനിംഗ് പൂർത്തിയാക്കിയശേഷം പ്രൊമോഷന്റെ ഘട്ടം വരുമ്പോൾ അർഹതയുണ്ടെങ്കിൽ സർവ്വീസ് റൂൾസ് അനുസരിച്ച് അദ്ദേഹത്തിന് പ്രൊമോഷൻ നൽകേണ്ടതായി വരും. അതാണ് പ്രശ്നം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പത്താം ക്ലാസ് പാസ്സാകാത്ത ഒരാളിനെ സ്വീപ്പറായി വയ്ക്കാം. കാരണം, പത്താം ക്ലാസ് പാസ്സായവർക്ക് സ്വീപ്പറാകാൻ കഴിയില്ല. അങ്ങനെ സ്വീപ്പറായി വയ്ക്കുന്ന ആളിനെ പിന്നീട് സൗജന്യമായി കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന് വിടും. ട്രെയിനിംഗ് കഴിഞ്ഞ് മടങ്ങിവന്നാൽ ആ ആളിനെ നേരെ ക്ലറിക്കൽ പോസ്റ്റിലേക്ക് മാറ്റുകയാണ്. ഇങ്ങനെ ഗവൺമെന്റിന്റെ good intention ഉണ്ട്. ആ ഇന്റൻഷൻ മറികടക്കുന്നതിനുവേണ്ടി നടത്തുന്ന സൂത്രപ്പണികളെ ഏതെങ്കിലും രൂപത്തിൽ നിയമപരമായി തടയാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് ശരിയാണ്. അത്തരം സൂത്രപ്പണികൾ നമുക്ക് അനുവദിക്കാൻ കഴിയില്ല. അത് തടയാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ കഴിയുന്നതെന്ന കാര്യം ആലോചിക്കാം. അത് വേണ്ടതാണ്. പി.എസ്.സി. തയ്യാറാക്കിയ ചില ചോദ്യങ്ങളിൽ വന്ന പിശകിനെക്കുറിച്ചാണ് ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രശ്നം. അത് ഇപ്പോൾ നമുക്ക് പറയാൻ കഴിയുന്നതല്ല. ഭരണഘടനാ സ്ഥാപനമെന്ന നിലയ്ക്ക് പി.എസ്.സി. തന്നെ ആലോചിക്കേണ്ട കാര്യമാണ്. അതിനാവശ്യമായ പരിശോധന സ്വാഭാവികമായും അവർ നടത്തുകതന്നെ ചെയ്യും. പി.എസ്.സി.-ക്ക് ആവശ്യത്തിന് സ്റ്റാഫ് കൊടുക്കുന്നില്ല എന്നതിന് ഇവിടെത്തന്നെ മറുപടി വന്നു കഴിഞ്ഞു. ഇത്തവണ ആവശ്യത്തിന് സ്റ്റാഫ് എന്നുപറയാൻ കഴിയില്ല, എന്നാലും നല്ല രീതിയിൽ പരിഗണിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ 120 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

പി.എസ്.സി. അംഗങ്ങളുടെ കാര്യമാണ് ഇവിടെ പറഞ്ഞ മറ്റൊരു പ്രശ്നം. ബഹുമാന്യനായ ഒരംഗം പറഞ്ഞത് പി.എസ്.സി.-യിൽ 26 അംഗങ്ങൾ ഉണ്ടെന്നാണ്. ഇപ്പോൾ 26 അംഗങ്ങളില്ല. 20 അംഗങ്ങളും ഒരു ചെയർമാനുമാണ് ഉള്ളത്. അതിൽ ചെയർമാന് പുറമെയുള്ള അംഗങ്ങളുടെ കണക്കെടുത്താൽ ആദ്യം 14 അംഗങ്ങളാണുണ്ടായിരുന്നത്. ആ 14 അംഗങ്ങൾ എന്നത് ഒരു ഘട്ടത്തിൽ 17 അംഗങ്ങളാക്കി. ആ വർഷം ചിലർക്കെല്ലാം ഓർമ്മയുണ്ടാകും. 30-12-2004-ലെ ഓർഡർ അനുസരിച്ചാണ് 17 ആക്കിയത്. 2001-2006 കാലഘട്ടം ഓർമ്മയുണ്ടല്ലോ. അതുകഴിഞ്ഞ് 2013-ലാണ് 17-ൽനിന്ന് ഇപ്പോഴുള്ള 20-ലേയ്ക്ക് അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചത്. അത് 26 എന്ന് തെറ്റിദ്ധരിച്ചതാണെന്നാണ് തോന്നുന്നത്. ഏതായാലും ഇപ്പോൾ 20 അംഗങ്ങളാണുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, ഭേദഗതി കൊണ്ടുവന്ന് അംഗങ്ങളുടെ എണ്ണം കുറയ്ക്കാമല്ലോ?

ശ്രീ. പിണറായി വിജയൻ: സർ, അംഗങ്ങളുടെ എണ്ണം കുറച്ചുകൂടേയെന്ന് ബഹുമാന്യനായ പി. ടി. തോമസ് ചോദിച്ചു. കേരളത്തിലെ പി.എസ്.സി.യെ കുറിച്ച് ചില വിമർശനങ്ങളൊക്കെ കേൾക്കുമെങ്കിലും നമ്മുടെ രാജ്യത്തുള്ള പി.എസ്.സി.-കളിൽവച്ച് ഏറ്റവും മികച്ചതാണ് കേരളത്തിലെ പി.എസ്.സി. അക്കാര്യത്തിൽ ഒരു സംശയവുമില്ല. കാരണം, നമ്മുടെ പി.എസ്.സി. ഓരോ വർഷവും വലിയതോതിലുള്ള നിയമനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശരാശരി അമ്പതിനായിരം പേരെ സെലക്ട് ചെയ്യുന്ന ഒരു പി.എസ്.സി.-യാണ് നമ്മുടേത്. 450 തസ്തികകളിലേയ്ക്ക് ഒരു വർഷം പരീക്ഷ നടത്തേണ്ടിവരുന്നുണ്ട്. ഓരോ തസ്തികകൾക്കും വരുന്ന അപേക്ഷകരുടെ എണ്ണം നമുക്ക് ഊഹിക്കാവുന്നതാണ്. പോസ്റ്റുകളുടെ വെറൈറ്റിയും വ്യത്യസ്തമായ യോഗ്യതകളും റിക്രൂട്ട്മെന്റ് വ്യവസ്ഥകളുമൊക്കെ

അവർക്ക് കൈകാര്യം ചെയ്യേണ്ടിവരികയാണ്. ഇത് സ്വാഭാവികമായും ഏകീകരിക്കേണ്ടിവരും. കുറച്ച് ഏകീകരണം വന്നാൽ കുറേ ജോലി ലഘൂകരിക്കാൻ കഴിയും. സ്പെഷ്യൽ റൂളുകളിൽ കാലോചിതമായ മാറ്റം വേണ്ടിവരും. നിലവിൽ വ്യത്യസ്ത തസ്തികകളിലേയ്ക്കുള്ള രണ്ടേമുക്കാൽക്കോടി അപേക്ഷകൾ പി.എസ്.സി.-യുടെ പോർട്ടലിൽ കിടക്കുന്നുണ്ടെന്നാണ് പറയുന്നത്. ഇത്രയും വിപുലമായ ഒരു സംവിധാനമാണ് കേരളത്തിലെ പി.എസ്.സി.-യിൽ നടക്കുന്നത്. അതിനുവേണ്ടി വർദ്ധിതമായ അംഗങ്ങളെ വച്ച് ഒരു പ്രവർത്തന ശൈലി അവർ കൊണ്ടുവന്നുകഴിഞ്ഞു. ആ പ്രവർത്തന ശൈലി വന്നുകഴിഞ്ഞതിനു ശേഷം പിന്നീടൊരു ഗവൺമെന്റ് വന്ന് അംഗങ്ങളെ കുറയ്ക്കുന്ന നില വരുമ്പോൾ അത് വല്ലാത്തൊരു ജോലിഭാരമായി മറ്റുള്ളവർക്ക് അനുഭവപ്പെടും. അതുണ്ടാക്കുന്ന പ്രയാസം ചെറുതല്ല. നിലവിൽ ഒരു സാഹചര്യം വന്നതിന്റെ ഭാഗമായി അവർ നല്ല നിലയ്ക്ക് ഓരോ സ്ഥലത്തുംപോയി റിക്രൂട്ട്മെന്റിനും മറ്റുമുള്ള കാര്യങ്ങളുടെ ചുമതലയെടുത്ത് പ്രവർത്തിക്കുകയാണ്. അവരുടെ എണ്ണം കുറയ്ക്കുമ്പോൾ അത് വല്ലാത്ത പ്രയാസമായി തോന്നും. അതുകൊണ്ടു തന്നെയാണ് കുറയ്ക്കാതിരുന്നത്. ഓൺലൈൻ സംവിധാനം മറ്റ് ജില്ലകളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയണമെന്നു തന്നെയാണ് അവരുടെ തീരുമാനം. നാല് ജില്ലകളുടെ നടപടികൾ സ്വീകരിക്കുന്ന ഘട്ടത്തിൽത്തന്നെ അവർ പടിപടിയായി മറ്റ് ജില്ലകളിലേയ്ക്കും ഓൺലൈൻ സംവിധാനം വ്യാപിപ്പിക്കുമെന്നുതന്നെയാണ് അന്നത്തെ ചടങ്ങിൽ പ്രഖ്യാപിച്ചിട്ടുള്ളത്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ സഹായം വേണ്ടിവരും. ഗവൺമെന്റും ആ നിലതന്നെയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഓൺലൈൻ വലിയ തോതിൽ വ്യാപകമാക്കണം, ഒഴിവുകൾ ഓരോ മാസവും റിപ്പോർട്ട് ചെയ്യുന്ന അവസ്ഥ വരണമെന്നൊക്കെയുള്ള നിർദ്ദേശങ്ങൾ ഇവിടെ വന്നിട്ടുണ്ട്. അതൊക്കെ അതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്ന നിലതന്നെയാണ് ഉണ്ടാവുക.

തസ്തികകൾക്കുള്ള യോഗ്യത കാലാനുസൃതമാക്കണമെന്നുള്ള നിർദ്ദേശം വന്നിട്ടുണ്ട്. ചില കാര്യങ്ങളിൽ ആ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പലതിലും നമുക്കത് സ്വീകരിക്കേണ്ടതായിട്ടുണ്ട്. അത് ശരിയായ നിർദ്ദേശമാണ്. പി.എസ്.സി.-യുടെ എല്ലാ വിവരങ്ങളും ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിക്കുന്നുണ്ടെന്നാണ് തോന്നുന്നത്. ഇവിടെ എന്തുകൊണ്ടാണ് ഇത്തരത്തിലൊരു ഓർഡിനൻസ് വേണ്ടിവന്നത് എന്നുചോദിച്ചാൽ ഡെപ്യൂട്ടേഷൻ വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും മറ്റുമാണ് നിലവിൽ നിയമനങ്ങൾ നടത്തുന്നത്. ഡെപ്യൂട്ടേഷനിലാകുമ്പോൾ ഇടയ്ക്കിടയ്ക്ക് ആളുകൾ മാറിപ്പോകുന്ന അവസ്ഥ വരും. അതുകൊണ്ട് സ്ഥിരം നിയമനമാണ് നല്ലത്. സ്ഥിരം നിയമനമാകുമ്പോൾ ആ നിയമനം പി.എസ്.സി. മുഖേന നടത്തുന്നതാണ് നല്ലത്. അതാണ് പി.എസ്.സി. എന്ന

നിലയ്ക്ക് ഇപ്പോൾ തീരുമാനിക്കുന്നതിന് ഇടയായിട്ടുള്ളത്. ഏതായാലും കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണലിനെ സംബന്ധിച്ച് അധിക കാര്യങ്ങളൊന്നും ഇവിടെ വന്നിട്ടില്ല. ട്രിബ്യൂണലിന്റെ തസ്തികകളിലെ നിയമനങ്ങൾക്കുള്ള അധികാരമാണ് ഇപ്പോൾ പി.എസ്.സി.-ക്ക് വിടുന്നത്. ഇത് വളരെ പ്രധാനപ്പെട്ടൊരു ആവശ്യം തന്നെയാണ്. പി.എസ്.സി. നിയമനം നടത്തിയാലുള്ള പ്രത്യേകത എന്നുപറയുന്നത് അതിൽ സംവരണവും മെരിറ്റും കൃത്യമായി പാലിക്കപ്പെടും എന്നതാണ്. അതാണ് നമുക്ക് ഒഴിച്ചുകൂടാനാകാത്ത കാര്യം. അതുകൊണ്ടുതന്നെ പി.എസ്.സി. നിയമനം നടത്തുന്നതായിരിക്കും നല്ലത്. അതുകൊണ്ടാണ് ഇത്തരമൊരു നിർദ്ദേശവുമായി വരാൻ കാരണം.

ശ്രീ. ഷാഫി പറമ്പിൽ: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച എൽ.ഡി.സി. പരീക്ഷയെ സംബന്ധിച്ച് അങ്ങ് മറുപടിയിൽ പറയുമെന്ന് വിചാരിച്ചു. എല്ലാ കോണിൽനിന്നും വ്യാപകമായി പരാതി ഉയർന്നിരിക്കുകയാണ്. രണ്ട് ലക്ഷത്തോളം കുട്ടികൾ എഴുതിക്കഴിഞ്ഞ പരീക്ഷയിലെ 30 ചോദ്യങ്ങളിൽ 27 എണ്ണവും ജനറൽ നോളഡ്ജ് സിലബസ്സിനു പുറത്തുനിന്നുള്ളതാണ്. അതും ഇന്ത്യയുമായി ഒരു ബന്ധവുമില്ലാത്ത പല തരത്തിലുള്ള ചോദ്യങ്ങളായിരുന്നു. ആ പരീക്ഷ റദ്ദാക്കണമെന്ന ഉദ്യോഗാർത്ഥികളുടെ ആവശ്യം വളരെ പ്രസക്തമാണ്. ദയവായി അങ്ങ് ഇക്കാര്യത്തിൽ ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, പ്രത്യേകം എടുത്തുപറഞ്ഞില്ലെങ്കിലും ഞാൻ അതിനെപ്പറ്റി പറഞ്ഞു. അത്തരം പരാതികൾ പി.എസ്.സി.-യുടെ ശ്രദ്ധയിലുമുണ്ടാകും. ഗവൺമെന്റല്ല, പി.എസ്.സി.-യാണ് അത് സംബന്ധിച്ചൊരു നിലപാടെടുക്കേണ്ടത്. അതുമായി ബന്ധപ്പെട്ട് പി.എസ്.സി. സ്വാഭാവികമായും നടപടിയെടുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

മി. സ്പീക്കർ: ശിപാർശ ചെയ്യാമെന്നുമാത്രമേയുള്ളൂ. പി.എസ്.സി.-യുടെ മുകളിലല്ല നിയമസഭയും ഗവൺമെന്റും.

ശ്രീ. പി. ടി. തോമസ്, 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ്. പി. : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ചിറ്റയം ഗോപകുമാർ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

### (ii) 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

### ക്രമപ്രശ്നം

### ബിൽ അവതരിപ്പിക്കുന്നതിന് ചുമതലപ്പെട്ട മന്ത്രി ഹാജരാകാത്തത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നും ഇതുസംബന്ധിച്ച് അറിയിച്ചിട്ടുള്ളത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിക്കുപകരം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ബിൽ അവതരിപ്പിക്കുമെന്നാണ്. ഒരു കാരണവശാലും ഇത് അനുവദിക്കാൻ പാടില്ലെന്നാണ് റൂൾ 78 പ്രകാരം പറയുന്നത്. ബില്ലുകൾ സംബന്ധിച്ച പ്രമേയം കൊണ്ടുവരുന്നത് ആരാണ് എന്ന് നിഷ്കർഷിക്കുന്നതാണ് റൂൾ 78. 'ബിൽ പരിഗണനയ്ക്കെടുക്കണമെന്നോ പാസ്സാക്കണമെന്നോ ഉള്ള യാതൊരു പ്രമേയവും ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗമല്ലാത്ത മറ്റേതെങ്കിലും അംഗം

കൊണ്ടുവരാൻ പാടില്ലാത്തതും, ബിൽ അതത് സംഗതിപോലെ ഒരു സെലക്ട് കമ്മിറ്റിക്കോ അഥവാ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്കോ വിടണമെന്നോ അല്ലെങ്കിൽ അതിന്മേൽ അഭിപ്രായം ആരായുന്നതിലേക്ക് സർക്കുലേറ്റ് ചെയ്യണമെന്നോ ഉള്ള യാതൊരു പ്രമേയവും ചുമതല വഹിക്കുന്ന അംഗം കൊണ്ടുവന്ന പ്രമേയത്തിന്റെ ഭേദഗതിയെന്ന നിലയിലല്ലാതെ, ചുമതല വഹിക്കുന്ന അംഗമല്ലാതെയുള്ള മറ്റൊരംഗവും കൊണ്ടുവരാൻ പാടില്ലാത്തതും ആകുന്നു." ഒരു പ്രൊവൈസോ കൂടിയുണ്ട്. "എന്നാൽ ചുമതല വഹിക്കുന്ന അംഗത്തിന് തന്റെ ബില്ലിന്റെ അവതരണത്തിനുശേഷം പിന്നീടുള്ള ഏതെങ്കിലും ഘട്ടത്തിൽ ആ ബിൽ സംബന്ധിച്ച അടുത്ത പ്രമേയം അവതരിപ്പിക്കാൻ കഴിയാതെ വന്നാൽ അതിനുള്ള കാരണങ്ങൾ തൃപ്തികരമെന്ന് സ്പീക്കർ കരുതുന്നപക്ഷം, ആ അംഗത്തിന് സ്പീക്കറുടെ അംഗീകാരത്തോടുകൂടി ആ പ്രത്യേക പ്രമേയം അവതരി പ്പിക്കുന്നതിന് വേറൊരംഗത്തെ അധികാരപ്പെടുത്താവുന്നതാണ്." ഒരു കാരണവശാലും ഇതിന്റെ ചുമതല വഹിക്കുന്ന മന്ത്രിക്കല്ലാതെ മറ്റൊരു മന്ത്രിക്ക് ഈ പ്രമേയം അവതരിപ്പിക്കാൻ പാടുള്ളതല്ല. റൂൾ 78 വളരെ ക്ലിയറാണ്. ബഹുമാനപ്പെട്ട ചെയറിനുള്ള അധികാരംപോലും റൂൾ 78 പ്രൊവൈസോയിൽ പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഒരു കാരണവശാലും ഈ പ്രമേയം മറ്റൊരു മന്ത്രി അവതരിപ്പിക്കാൻ പാടില്ല. അവതരിപ്പിക്കുന്നത് ക്രമത്തിലല്ലെന്ന തടസ്സവാദം ഞാൻ ഉന്നയിക്കുന്നു.

## റൂളിംഗ്

<u>മി. സ്പീക്കർ</u>: ഓർഡർ....ഓർഡർ....ചട്ടം 78 പ്രകാരം ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. എന്നാൽ ചട്ടം രണ്ടിലെ നിർവ്വചനങ്ങളിൽ പറയുന്നത് 'ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗം' എന്നാൽ, ഗവൺമെന്റ് ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രിയെന്നും, മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നു" എന്നുപറഞ്ഞിട്ടുണ്ട്......(ബഹളം).... ഞാൻ പറഞ്ഞു കഴിഞ്ഞില്ല. എന്റെ റൂളിംഗ് കഴിയട്ടെ. ഡെഫിനിഷൻ ക്ലോസ് വളരെ ക്ലിയറാണ്. " 'Member in charge of the Bill' means in the case of a Government Bill, any Minister, and in any other case, the member who has introduced the Bill" എന്നാണ്. അതാണ് ശരി......(ബഹളം).....പ്ലീസ്....ഇരിക്കൂ...ഞാൻ ചട്ടമാണ് ഉദ്ധരിച്ചത്. പ്ലീസ്.....(ബഹളം).... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്താണ് പറയുന്നത്?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, റൂൾസിൽ സ്പെസിഫിക്കായി ഒരു കാര്യം പറഞ്ഞാൽ അതുമായി യോജിച്ചുപോവുകയെന്നതാണ് സഭയിലെ ന്യായമായ രീതി. ശ്രീ. വി. ഡി. സതീശൻ, ബിൽ വകുപ്പുമന്ത്രിതന്നെ പ്രസന്റ് ചെയ്യണമെന്നാണ് പറയുന്നത്. സ്പെസിഫിക്കായി റൂളിൽ അത് പറയുന്നുണ്ട്. അക്കാര്യം അങ്ങ് അംഗീകരിക്കുകയും ചെയ്തു. പക്ഷെ, ഒരു ഡെഫിനിഷൻ ക്ലോസിൽ വ്യത്യസ്തമായിട്ടുണ്ടെന്ന് പറഞ്ഞ് ഒരു സ്പെസിഫിക്ക് ക്ലോസിനെ ബൈപ്പാസ് ചെയ്തുപോകുന്നത് ശരിയല്ല.

മി. സ്പീക്കർ: ഡെഫിനിഷൻ ക്ലോസ് ചട്ടത്തിലുള്ളതല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മറ്റൊന്നിനെ ബൈപ്പാസ് ചെയ്യാൻ പറ്റില്ല.

മി. സ്പീക്കർ: ബില്ലുകളെ സംബന്ധിച്ച പ്രമേയങ്ങൾ കൊണ്ടുവരേണ്ടതാരാണെന്നത് സംബന്ധിച്ച ചട്ടം 78-ലെ വ്യവസ്ഥ പ്രകാരം 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഇവ അവതരിപ്പിക്കുന്നത് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയിൽ നിന്നും മാറ്റി ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്ക് നൽകിയത് ക്രമപ്രകാരമുള്ളതല്ലെന്നാണ് ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം. ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായൊന്നും ഉണ്ടായിട്ടില്ലെന്നുള്ളത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്......(ബഹളം)....സഭയുടെ നടപടിചട്ടങ്ങളിലെ ചട്ടം (2)-ൽ നിർവ്വചിച്ചിരിക്കുന്നത് ബില്ലിന്റെ ചുമതലയുള്ള അംഗം എന്നത് ഗവൺമെന്റ് ബില്ലിന്റെ സംഗതിയിൽ ഏതെങ്കിലും മന്ത്രി എന്നും മറ്റേതെങ്കിലും സംഗതിയിൽ ബിൽ അവതരിപ്പിച്ച അംഗമെന്നും അർത്ഥമാകുന്നു എന്നാണ്.....(ബഹളം)....ഈ സാഹചര്യത്തിൽ ബില്ലിന്റെ ചുമതല മറ്റൊരു മന്ത്രിക്ക് മാറ്റി നൽകിയ നടപടിയിൽ ചട്ടവിരുദ്ധമായി യാതൊന്നും മടങ്ങുന്നില്ല. നമ്മുടെ സഭയിൽ നിരവധി തവണ ഇപ്രകാരം ബില്ലിന്റെ ചുമതലകൾ മാറ്റി നൽകിയ കീഴ്‌വഴക്കമുണ്ട്. അതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.... (ബഹളം).... ഇത്രയും ബഹളമുണ്ടാക്കുന്നതിനുള്ള കാരണമെന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങയുടെ റൂളിംഗിനെ മാനിക്കുന്നു. വളരെ സുപ്രധാനമായ നിയമം, പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും ചുമതല വഹിക്കുന്ന മന്ത്രി നിയമസഭാ സമ്മേളനം നടക്കുമ്പോൾ, ഈ ബിൽ വരുമ്പോൾ അവതരിപ്പിക്കാൻ കഴിവില്ലാത്ത ആളൊന്നുമല്ലല്ലോ, അദ്ദേഹം ഇവിടെ വരേണ്ടതായിരുന്നു. എന്താണ് കാരണമെന്ന് ഈ സഭയ്ക്ക് അറിയാനുള്ള അവകാശം കൂടിയുണ്ട്.

മി. സ്പീക്കർ: അദ്ദേഹം സ്ഥലത്തില്ല. അദ്ദേഹം ലീവിന് അപേക്ഷിച്ചിട്ടുണ്ട്. വ്യക്തിപരമായ പ്രയാസങ്ങൾ കൊണ്ട് മൂന്നുദിവസം സ്ഥലത്തില്ല. ഒരു ഗവൺമെന്റിന്റെ ബിൽ ആരാണ് പൈലറ്റ് ചെയ്യുന്നതെന്ന് ഗവൺമെന്റ് തീരുമാനിക്കട്ടെ. അതിൽ വിവാദമുണ്ടാക്കേണ്ട കാര്യമില്ല. .....(ബഹളം).... പ്ലീസ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ബിൽ മദ്യവുമായി ബന്ധപ്പെട്ടതായതു കൊണ്ട് ഡോ. കെ. ടി. ജലീലിന് മനഃസാക്ഷിക്കുത്തുള്ളതുകൊണ്ടാണോ ഈ ബിൽ അവതരിപ്പിക്കാതെ അങ്ങയെ ഏൽപ്പിച്ചത്.

<u>മി. സ്പീക്കർ</u>: അപ്പോൾ അതാണ് ബഹളത്തിന് കാരണം. ശ്രീ. വി. ഡി. സതീശന് കാര്യം മനസ്സിലായപ്പോൾ അവിടെ ഇരുന്നു. ബാക്കിയുള്ളവർ ബഹളം വച്ചത് അതുകൊണ്ടാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഏതാണ്ട് ബോധ്യപ്പെട്ടിട്ടുണ്ടാകും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യം യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ ഇത് അവതരിപ്പിക്കുന്നതിന് തീരുമാനിച്ചതാണ്. എന്നാൽ അദ്ദേഹത്തിന്റെ മകൾക്ക് നാഷണൽ മെറിറ്റിൽ ആൻഡമാൻ നിക്കോബാർ ദ്വീപിൽ മെഡിക്കൽ കോളേജിൽ അഡ്മിഷൻ ലഭിച്ചു. ഇനി അത് വിവാദമാക്കേണ്ട. നാഷണൽ മെറിറ്റിലാണ് സീറ്റ് ലഭിച്ചത്. അദ്ദേഹം ഇന്നലെ ആൻഡമാൻ നിക്കോബർ ദ്വീപിൽ പോയി. അതാണ് കാര്യം. അതിൽ ഒരു ദുഃസൂചനയും കാണേണ്ടതില്ല. നല്ല വിശ്വാസത്തിലെടുത്താൽ മതി.

2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, 2017-ലെ കേരള പഞ്ചായത്ത്രാജ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ചർച്ചയ്ക്കുശേഷം കൂടുതൽ എന്തെങ്കിലും സംസാരിക്കേണ്ട ഘട്ടം വന്നാൽ അപ്പോൾ സംസാരിക്കാം. ആമുഖമായി സൂചിപ്പിക്കാനുള്ളത്, 2017-ലെ 18-ാം നമ്പർ ഓർഡിനൻസാണ് ഇപ്പോൾ ബില്ലായി അവതരിപ്പിക്കുന്നത്. പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പിൽ (2) മുതൽ (5) വരെയുള്ള ഉപവകുപ്പുകളാണ് ഒഴിവാക്കുന്നത്. അനുബന്ധമായുള്ള വിശദീകരണക്കുറിപ്പും ഇതോടൊപ്പം ഒഴിവാക്കുകയാണ്. അബ്കാരി ആക്ടിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും നിയന്ത്രണങ്ങൾക്കും അനുസരിച്ചാണ് കേരളത്തിൽ

മദ്യഷാപ്പുകൾ അനുവദിക്കുന്നത്. ഇത് സംസ്ഥാന സർക്കാരിന്റെ അധികാരത്തിൽ വരുന്ന വിഷയമാണ്. എന്നാൽ 1992-ലെ 74-ാം ഭരണഘടനാ ഭേദഗതി പ്രകാരം രൂപീകരിക്കപ്പെട്ടതും 1994-ൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നിലവിൽ വന്നതുമായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അബ്കാരി ആക്ടിൽ സംസ്ഥാന സർക്കാർ കയ്യാളുന്ന അധികാരങ്ങൾക്ക് തുല്യമായ വ്യവസ്ഥകൾ കൂട്ടിച്ചേർക്കുകയുണ്ടായി. അതുകൊണ്ട് പഞ്ചായത്തിന്റെ അധികാരങ്ങൾ നിർവ്വചിക്കുന്ന ഭരണഘടനയുടെ 11-ാം പട്ടികയിലോ മുനിസിപ്പാലിറ്റിയുടെ അധികാരങ്ങൾ നിർവ്വചിക്കുന്ന 12-ാം പട്ടികയിലോ മദ്യഷാപ്പുകളെ സംബന്ധിച്ച് പരാമർശിക്കുന്നില്ല. അതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുസംബന്ധിച്ച അധികാരങ്ങൾ വിനിയോഗിക്കാൻ അവസരം ലഭിക്കുന്നത് സംസ്ഥാന സർക്കാർ വിനിയോഗിക്കേണ്ട അധികാരത്തിലേയ്ക്കുള്ള ഇടപെടൽ കൂടിയായി, രണ്ട് അതോറിറ്റിയായി വരികയാണ്. എന്നാൽ ഒരേ കാര്യത്തിന് രണ്ട് നിയമങ്ങൾ പ്രകാരം രണ്ടുതരം അധികാര സ്ഥാപനങ്ങൾ ഉണ്ടാകുന്നതുമൂലം പരസ്പരവിരുദ്ധമായ തീരുമാനങ്ങൾക്കും ഭരണപരമായ വൈഷമ്യങ്ങൾക്കും ഇടയാക്കി. ഒരു പഞ്ചായത്തിൽത്തന്നെ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട് ഭരണപരമായി വ്യത്യസ്ത സമീപനങ്ങളും വൈരുദ്ധ്യങ്ങളുമുണ്ടാകുന്ന സ്ഥിതിയുണ്ടായി. ഒരു പഞ്ചായത്ത് ഈ നിയമപ്രകാരം സ്വീകരിക്കേണ്ട നടപടി തൊട്ടടുത്ത പഞ്ചായത്ത് സ്വീകരിക്കാതിരിക്കുന്ന സ്ഥിതിവിശേഷമുണ്ടായി. ഇത്തരം വൈരുദ്ധ്യങ്ങൾ വികസന പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ട പഞ്ചായത്തിന്റെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തുകയും ചെയ്തു. അതിനാൽ ഒരേ വ്യവസ്ഥകൾ വ്യത്യസ്ത നിയമങ്ങളിൽ നിലനിൽക്കുന്നത് മാറ്റി അബ്കാരി നിയമത്തിലെ വ്യവസ്ഥകൾ സാർവ്വത്രികമായി നിലനിർത്തുന്നതായിരിക്കും ഉചിതം. അതിന്റെ ഭാഗമായാണ് സെക്ഷൻ 232-ലെ (2), (3), (4), (5) എന്നീ സബ് സെക്ഷനുകളും അനുബന്ധമായുള്ള വിശദീകരണക്കുറിപ്പും ഇതിൽനിന്ന് ഒഴിവാക്കുന്നത്. ആവശ്യമാണെങ്കിൽ ചർച്ചയ്ക്കുശേഷം ബാക്കി കാര്യങ്ങൾ പറയാം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

Shri Sunny Joseph: Sir, I move that - " This House resolves to disapprove The Kerala Panchayat Raj (Amendment) Ordinance, 2017 (Ordinance No. 18 of 2017)"

ഈ ബില്ലിന് ഒരു അനാഥക്കുട്ടിയുടെ അവസ്ഥയാണ് കേരള നിയമസഭയിൽ സംജാതമായിട്ടുള്ളത്. ഇതിന്റെ അവതാരകൻ, ഉത്തരവാദിത്വമുള്ള മന്ത്രിപോലും ഇതിന്റെ പിതൃത്വമേറ്റെടുക്കാൻ മടിച്ചുനിൽക്കുകയാണ്. പിതൃത്വമേറ്റെടുക്കാൻ നിയമ വകുപ്പുമന്ത്രി നിർബന്ധിതനായ സാഹചര്യവും വ്യക്തമാണ്. അദ്ദേഹത്തിന് പ്രസംഗിക്കാനും താല്പര്യമില്ല. കാരണമെന്താണ്; അദ്ദേഹത്തിന് ഈ ബില്ലിനെ ന്യായീകരിക്കാൻ കഴിയുന്ന കാര്യങ്ങളൊന്നും സമർത്ഥിക്കാനില്ല. ഈ സഭയുടെ മുമ്പാകെയും ഇന്നത്തെ സഭാനടപടികൾ ശ്രദ്ധിക്കുന്ന ജനങ്ങളുടെ മുമ്പാകെയും അദ്ദേഹത്തിന് ഒന്നും തന്നെ പറയാനില്ല. മുൻ സർക്കാർ നടപ്പിലാക്കിയ മദ്യനയത്തിൽ എന്തിനുവേണ്ടിയാണ്

ഈ സർക്കാർ മാറ്റങ്ങൾ വരുത്തുന്നത്? യു.ഡി.എഫ്. സർക്കാർ അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ മദ്യ മുതലാളിമാർക്ക് സഹായകരമായ രൂപത്തിൽ തുറന്നുനൽകുമെന്ന ആക്ഷേപം ആ സമയത്തുതന്നെ ശക്തമായി ഉയർന്നുവന്നിരുന്നു. മദ്യരാജാക്കന്മാരുമായി എൽ.ഡി.എഫ്. ഉണ്ടാക്കിയിരുന്ന രഹസ്യധാരണ പരസ്യമായിരുന്നു. എൽ.ഡി.എഫ്. അധികാരത്തിൽ വരാൻവേണ്ടി മദ്യമുതലാളിമാർ സഹായിക്കുക, സഹായം അങ്ങോട്ടു മിങ്ങോട്ടും; വൺവേ ട്രാഫിക്കല്ല. എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ യു.ഡി.എഫ്. അടപ്പിച്ച മദ്യഷാപ്പുകൾ തുറക്കുന്നതിന് സാഹചര്യമൊരുക്കുക എന്ന വളരെ രഹസ്യമായ ധാരണ പരസ്യമായി. ആ സന്ദർഭത്തിൽ, ഞങ്ങൾ ഇങ്ങനെ ചെയ്യില്ലെന്ന് എൽ.ഡി.എഫ്.-ന്റെ സംസ്ഥാന നേതൃത്വവും സി.പി.ഐ.(എം)-ന്റെ നേതൃത്വവും ജനങ്ങളെ കബളിപ്പിക്കാൻ പറഞ്ഞുവെങ്കിലും ജനങ്ങൾ അത് വിശ്വസിച്ചില്ല. അന്ന് യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നേതൃത്വം ആ വിഷയം തെരഞ്ഞെടുപ്പിൽ ചർച്ചാ വിഷയമാക്കി മാറ്റിയപ്പോൾ സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയാണ് കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പുനൽകിയത്.

ശ്രീ. പി. സി. ജോർജ്: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ ലഭ്യമാക്കിയ അജണ്ട പ്രകാരം രണ്ടാമത്തേത് കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലാണ്. മൂന്നാമത്തേതാണ് കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ. മുനിസിപ്പാലിറ്റി ബിൽ എടുക്കാതെ ഇതെടുക്കാനുള്ള കാരണമെന്താണ്?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് സംബന്ധിച്ച് നേരത്തെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, എൽ.ഡി.എഫ്. അധികാരത്തിൽ വന്നാൽ അടച്ച മദ്യഷാപ്പുകൾ തുറക്കുന്ന പ്രശ്നമില്ലെന്ന് സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി തന്നെ തെരഞ്ഞെടുപ്പ് സമയത്ത് കേരളത്തിലെ ജനങ്ങൾക്ക് ഉറപ്പു നൽകിയതാണ്. മറിച്ച് പ്രവർത്തിക്കുമെന്ന ജനങ്ങളുടെ ധാരണ, യു.ഡി.എഫ്.ന്റെ ആക്ഷേപം, അത് സംസ്ഥാന നേതൃത്വം പറഞ്ഞാൽ ജനങ്ങൾ വിശ്വസിക്കില്ലെന്ന് മനസ്സിലാക്കിക്കൊണ്ടാണ് അഖിലേന്ത്യാ സെക്രട്ടറിക്കുതന്നെ പറയേണ്ടിവന്നത്. അത് കേരളത്തിലെ വാർത്താ മാധ്യമങ്ങളിൽ നിറഞ്ഞതും നമ്മൾ വായിച്ചതും മനസ്സിലാക്കിയതുമായ കാര്യമാണ്. അങ്ങനെ സി.പി.ഐ.(എം)-ന്റെ അഖിലേന്ത്യാ സെക്രട്ടറി പരസ്യമായി ജനങ്ങൾക്ക് നൽകിയ തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിച്ചു കൊണ്ടാണ് ഈ സർക്കാർ മദ്യനയത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. എന്തിനുവേണ്ടിയാണിത്? ഇഷ്ടംപോലെ മദ്യഷാപ്പുകൾ തുറക്കാൻ പല സ്ഥലത്തും പഞ്ചായത്ത് ഭരണസമിതികൾക്ക് അവരുടേതായ തീരുമാനമെടുക്കാം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് പഞ്ചായത്ത് ഭരണസമിതിയിൽ കോൺഫ്ലിക്റ്റ് ഉണ്ടാകുമെന്നാണ്. പഞ്ചായത്ത് ഭരണസമിതി എന്നുപറയുന്നത് ഇലക്റ്റഡ് ബോഡിയാണ്. അതിന് ഭൂരിപക്ഷത്തിന്റെ

അടിസ്ഥാനത്തിൽ തീരുമാനമെടുക്കാം. ആ പഞ്ചായത്ത് ഭരണസമിതിക്ക് ഇഷ്ടമുള്ള സ്ഥലത്ത് അനുവദിക്കാനും അനുവദിക്കാതിരിക്കാനുമുള്ള അവകാശമുണ്ട്. ഒരു പഞ്ചായത്ത് അനുമതി നൽകി, അടുത്ത പഞ്ചായത്ത് അനുമതി നൽകിയില്ല എന്നതു കൊണ്ട് സംസ്ഥാനത്തെ ഒരു തരത്തിലും ബാധിക്കില്ല. സത്യത്തിൽ പഞ്ചായത്തുകളുടെ അധികാരത്തിലുള്ള കൈകടത്തലാണിത്. അധികാര വികേന്ദ്രീകരണമാണ് പഞ്ചായത്ത് രാജ് സങ്കൽപ്പങ്ങളുടെ അടിസ്ഥാനം. പഞ്ചായത്ത് രാജ് നിയമത്തിന്റെ ഏറ്റവും അടിസ്ഥാനതത്വം അധികാര വികേന്ദ്രീകരണമാണ്. രാഷ്ട്രപിതാവിന്റെ ലക്ഷ്യമതായിരുന്നു. അധികാര വികേന്ദ്രീകരണത്തിനുവേണ്ടിയാണ് ഭരണാഘടനാ ഭേദഗതിയിലൂടെ പഞ്ചായത്ത് രാജ് നിയമം രാജ്യത്ത് നടപ്പിലാക്കിയതും കേരളം അതിന് ഏറ്റവും ശക്തമായ നേതൃത്വം നൽകിയതും. അങ്ങനെ അധികാര വികേന്ദ്രീകരണത്തിലൂടെ നൽകപ്പെട്ട അധികാരങ്ങൾ സംസ്ഥാന ഗവൺമെന്റ് ഓർഡിനൻസ് വഴി കവർന്നെടുക്കുന്ന ചിത്രമാണ് നമുക്കിവിടെ കാണാൻ സാധിക്കുന്നത്.

ഇവിടെ മദ്യലഭ്യത കുറയ്ക്കണം. മദ്യഉപഭോഗം കുറയണമെങ്കിൽ മദ്യലഭ്യത കുറയ്ക്കണമെന്നുള്ളത് ഇത് സംബന്ധിച്ച എല്ലാ ശാസ്ത്രീയ പഠനങ്ങളിൽനിന്നും വ്യക്തമായി അംഗീകരിച്ച കാര്യമാണ്. മദ്യലഭ്യത കൂടുന്നതനുസരിച്ച് മദ്യഉപഭോഗം കൂടുമെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനത്തിൽ സമ്മതിച്ച കാര്യമാണ്. വിദേശ രാജ്യങ്ങളിൽപ്പോലും ഇതുസംബന്ധിച്ച് പഠനം നടത്തുകയും കോടതി വിധികൾ തന്നെ ഉണ്ടാവുകയും നിയമപഠനങ്ങളുടെ ഭാഗമായി ആ വിധികളെ ആശ്രയിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ എൽ.ഡി.എഫ്. മാത്രം അത് അംഗീകരിക്കുന്നില്ല. പഞ്ചായത്ത്‌രാജ് നിയമ ഭേദഗതിയിലൂടെ പഞ്ചായത്തുകൾക്ക് ഉണ്ടായിരുന്ന അധികാരം കവർന്നെടുത്ത് സംസ്ഥാന സർക്കാരിൽ ഈ അധികാര കേന്ദ്രീകരണം വരികയും ഇഷ്ടാനുസരണം മദ്യഷാപ്പുകൾ എവിടെയും തുറന്നുകൊടുക്കാനുള്ള സാഹചര്യം ലഭ്യമാക്കുന്നതിനുമുള്ള നടപടിയുമാണ് സ്വീകരിച്ചിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ പൊതുനയത്തിന്റെ ഭാഗമായാണിത്. ഈ അടുത്ത മാസങ്ങളിലാണ് രാജ്യത്തിന്റെ പരമോന്നത കോടതി ദേശീയപാതയിലെയും സംസ്ഥാന ഹൈവേയിലെയും പാതയോരങ്ങളിൽ മദ്യശാലകൾ പാടില്ലെന്ന് പറഞ്ഞത്. വളരെ ആഴത്തിലുള്ള പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിലാണ് അങ്ങനെ പറഞ്ഞത്. ആ വിധിയുടെ പതിനൊന്നാമത്തെ പേജിൽ പറയുന്നത് - '...There is a high rate of road accidents and fatal road accidents - one of the advisories states that it is the highest in the world with an accident occurring every four minutes;...' ലോകത്തിൽ തന്നെ ഏറ്റവുമധികം വാഹനാപകടങ്ങളുണ്ടാകുന്ന ഒരു രാജ്യം ഇന്ത്യയാണ്. രണ്ടാമത് പറഞ്ഞിരിക്കുന്നത് - 'There is a high incidence of road accidents due to driving under the influence of alcohol.' മരണത്തിലേയ്ക്ക് എത്തുന്ന വാഹനാപകടങ്ങളുടെ പ്രധാനപ്പെട്ട കാരണം മദ്യലഹരിയിൽ വാഹനമോടിക്കുന്നതാണെന്ന് സുപ്രീംകോടതി തന്നെ വിധിയിൽ പ്രഖ്യാപിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ബീഹാർ മുഖ്യമന്ത്രി ശ്രീ. നിതീഷ് കുമാർ ഏതാനും മാസങ്ങൾക്കുമുമ്പ് കേരളം സന്ദർശിച്ച അവസരത്തിൽ പറഞ്ഞത്, ബീഹാറിൽ സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കിയതിനുശേഷം അക്രമസംഭവങ്ങൾ, കുടുംബ വഴക്കുകൾ, റോഡപകടങ്ങൾ എന്നിവയിൽ ഗണ്യമായ കുറവുണ്ടായെന്നും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നല്ല ഉയർച്ച ഉണ്ടായിത്തുടങ്ങിയെന്നും മദ്യപാനത്തിൽനിന്ന് ജനങ്ങൾ പൂർണ്ണമായും പിന്മാറിയതോടെ ജനങ്ങൾ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്കും അതിന് വഴിതെളിക്കുന്ന സാമ്പത്തിക വളർച്ചയിലേയ്ക്കും തിരിച്ചുവന്നുവെന്നുമാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. സണ്ണി ജോസഫ് : സർ, ഇക്കാര്യം വളരെ ശരിയാണ്. മദ്യഉപഭോഗം കുറച്ചുകൊണ്ടുവരാൻ നിരോധനം ഏർപ്പെടുത്തിയ സംസ്ഥാനങ്ങളിൽ ജനങ്ങളുടെ സാമ്പത്തിക ശേഷിയിലും വിദ്യാഭ്യാസ നിലവാരത്തിലും വളർച്ചയുണ്ടായിട്ടുണ്ട്, കുറ്റകൃത്യങ്ങൾ കുറഞ്ഞിട്ടുണ്ട്, ആരോഗ്യനില മെച്ചമായിട്ടുണ്ട്, രോഗങ്ങൾ കുറഞ്ഞിട്ടുണ്ട്, റോഡപകടങ്ങൾ കുറഞ്ഞിട്ടുണ്ട് എന്നുള്ള കാര്യങ്ങൾ ബീഹാർ മുഖ്യമന്ത്രി കേരളത്തിൽ വന്ന് പറഞ്ഞത് നമ്മൾ മാതൃകയാക്കണം. ദൗർഭാഗ്യവശാൽ കേരള സർക്കാർ മദ്യലഭ്യത വർദ്ധിപ്പിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. സുപ്രീംകോടതി നാഷണൽ ഹൈവേയുടെയും സ്റ്റേറ്റ് ഹൈവേയുടെയും 500 മീറ്റർ പരിധിക്കുള്ളിൽ മദ്യശാലകൾ പാടില്ലെന്ന വിധി പ്രഖ്യാപിച്ചിട്ടുണ്ട്. ആ വിധിക്കെതിരെ യാതൊരു പഠനവും മുന്നൊരുക്കവുമില്ലാതെ റിവ്യൂ പെറ്റീഷനുമായി സുപ്രീംകോടതിയെ സമീപിച്ചത് കേരളമാണ്. ഇതിനെതിരെ റിവ്യൂ പെറ്റീഷനുമായി വന്നത് എന്തുകൊണ്ടാണെന്ന് സുപ്രീംകോടതിയിലെ ജഡ്ജിമാർ കേരളത്തിലെ സർക്കാർ അഭിഭാഷകരോട് ചോദിച്ചപ്പോൾ ഉത്തരം പറയാൻ കഴിയാതെ തലതാഴ്ത്തിനിൽക്കുകയാണ് ചെയ്തത്. അവസാനം റിവ്യൂ പെറ്റീഷൻ പിൻവലിക്കേണ്ട നാണംകെട്ട അവസ്ഥ സംസ്ഥാനത്ത് ഉണ്ടാവുകയും ചെയ്തു.

ശ്രീ. ആർ. രാമചന്ദ്രൻ : സർ, മദ്യലഭ്യത കുറഞ്ഞുവെന്ന് അവകാശപ്പെടുന്ന സമയത്ത് ഇതര ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സണ്ണി ജോസഫ് : സർ, മദ്യലഭ്യത കുറയുമ്പോൾ മറ്റ് ലഹരി പദാർത്ഥങ്ങൾ കൊണ്ടുവരാനുള്ള സാധ്യതകളുണ്ട്. പക്ഷേ, അതിനെ തടയാൻ എക്സൈസ് വകുപ്പിന് സാധിക്കണം. എക്സൈസ് വകുപ്പ് കേസ്സെടുത്ത് കർശനമായ നിയമ നടപടികൾ സ്വീകരിക്കണം. നിയമവ്യവസ്ഥകളിൽ അതിനുള്ള ശിക്ഷകൾ കൂടുതൽ കർശനവുമാണ്. അതിന് നടപടി സ്വീകരിക്കുന്നതിനുപകരം മദ്യലഭ്യത കൂട്ടാനുള്ള ന്യായീകരണം ബഹുമാന്യനായ മെമ്പർ പറഞ്ഞത് അംഗീകരിക്കാൻ പ്രയാസമുണ്ട്. മദ്യലഹരിയിൽ അച്ഛൻ മക്കളെ കൊലപ്പെടുത്തേണ്ട സാഹചര്യമുണ്ടാകുന്നു.

ലഹരി അടിമത്വത്തിൽ വീട്ടിലും നാട്ടിലും കലാപമുണ്ടാക്കുന്ന മക്കളെ പോലും നിയന്ത്രിക്കാൻ രക്ഷിതാക്കൾക്ക് സാധിക്കാത്ത സംഭവങ്ങൾ തിരുവനന്തപുരം ജില്ലയിൽപോലും ഉണ്ടായതായി പത്രങ്ങളിൽ വരുന്നുണ്ട്. കേരളത്തിൽ വളരെ സൂചിന്തിതമായി യു.ഡി.എഫ്. നടപ്പിലാക്കിയ മദ്യനയത്തിന്റെ ഭാഗമായാണ് മദ്യം കൈവശം വയ്ക്കാനുള്ള പ്രായപരിധി വർദ്ധിപ്പിച്ചതും പഞ്ചായത്തുകൾക്ക് ഇതുസംബന്ധിച്ചുള്ള അധികാരം നൽകിയതും. പഞ്ചായത്തീരാജ് ഭരണഘടന ആക്ട് ഭേദഗതിയിലൂടെ മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് നിഷേധിച്ച അധികാരം യു.ഡി.എഫ്. വീണ്ടും നൽകുകയായിരുന്നു. എൽ.ഡി.എഫ്. വീണ്ടും ഇതിനകത്ത് ധൃതിപിടിച്ച് ഓർഡിനൻസ് ഇറക്കിയത് എന്തിനാണ്? ഡോ. കെ. ടി. ജലീലിനെപോലുള്ള ആളിന് അഭിമുഖീകരിക്കാൻ കഴിയാത്ത വിഷയത്തിൽ ഓർഡിനൻസ് ഇറക്കാനുള്ള അടിയന്തര സാഹചര്യം എന്താണുണ്ടായത്? സ്വാശ്രയ പ്രശ്നത്തിൽ പോലും തീരുമാനമുണ്ടാക്കാൻ കഴിയാത്ത സർക്കാർ മദ്യത്തിന്റെ കാര്യത്തിൽ പഞ്ചായത്തുകൾക്കുണ്ടായിരുന്ന അധികാരം ധൃതിപിടിച്ച് പിൻവലിച്ചത് എന്തിനായിരുന്നു. അത്തരത്തിൽ തെറ്റായ ഓർഡിനൻസിനെ ന്യായീകരിക്കുന്നതിനുള്ള നിയമം തന്നെ തെറ്റാണ്. ഈ നിയമം നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുകയാണ്. മദ്യം പൂർണ്ണമായും നിരോധിക്കുന്നതിനോട് യോജിക്കാൻ സാധിക്കില്ല. മദ്യ നിരോധനം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി കൊണ്ടുവന്നതാണ്. മദ്യത്തോടുള്ള വിരോധം കൊണ്ടല്ല ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി നിരോധിച്ചത്. ശ്രീ. വി. എം. സുധീരനും മറ്റ് ചില ആളുകളും ശക്തമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായി അന്ന് 418 ബാറുകൾ പൂട്ടി, ആ പൂട്ടിയ ബാറുകൾ തുറക്കാൻ വേണ്ടി കാശ് വാങ്ങിച്ചു. അപ്പോൾ 312 ബാറുടമകൾ 418 ബാറുകൾ തുറക്കരുതെന്ന് പറഞ്ഞു, അതിനും കാശ് വാങ്ങിച്ചു. അപ്പുറവും ഇപ്പുറവും കാശ് വാങ്ങിച്ചു…….(ബഹളം).......മൊത്തം കണക്കുകളും ഇവിടെ ചർച്ച ചെയ്തതാണ്, അക്കാര്യം ഞാൻ പറയുന്നില്ല. ഇപ്പോൾ കക്ഷിയൊന്നും ഇവിടെയില്ല. സത്യമൊക്കെ എല്ലാവർക്കും അറിയാം. ആ കേസ്സെല്ലാം ശ്രീ. പിണറായി വിജയൻ ഒളിച്ചു വയ്ക്കുകയാണ്, അത് വേറെ കാര്യം. അന്ന് എന്താണ് സംഭവിച്ചത്? പിറ്റേ ദിവസം യു.ഡി.എഫ്.ന്റെ ഉന്നതാധികാര സമിതി ഏഴംഗ കമ്മിറ്റി കൂടുകയാണ്. ശ്രീ. ഉമ്മൻ ചാണ്ടിക്ക് മനസ്സിലായി അദ്ദേഹത്തിന്റെ തലയിൽ കൊണ്ട് കയറ്റുകയാണെന്ന്. എല്ലാവരും വന്നിരുന്നപ്പോൾ അദ്ദേഹം പോക്കറ്റിൽനിന്ന് കടലാസ്സെടുത്തിട്ട് എനിക്ക് ചില കാര്യങ്ങൾ പറയാനുണ്ടെന്ന് പറഞ്ഞു. സമ്പൂർണ്ണ മദ്യനിരോധനമാണ് നമ്മുടെ ലൈൻ എന്ന് പറഞ്ഞതോടെ ശ്രീ. വി.എം. സുധീരൻ ഔട്ടായി. ഫൈവ് സ്റ്റാർ ഒഴിച്ച് മുഴുവൻ ഹോട്ടലുകളും പൂട്ടാമെന്ന് പറഞ്ഞു. ആർക്കും മിണ്ടാൻ പറ്റിയില്ല. എല്ലാവരും പോകേണ്ടിവന്നു. മുഴുവൻ ബാറുകളും പൂട്ടുകയും ചെയ്തു. രാഷ്ട്രീയമായി അദ്ദേഹം എടുത്ത ലൈനിനെ കുറ്റപ്പെടുത്തുകയല്ല.

നമ്മുടെ കുഞ്ഞുങ്ങളുടെ നില എന്താണ്? സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളും 14 വയസ്സുള്ള പെൺകുട്ടികളുൾപ്പെടെയുള്ളവർ മയക്കമരുന്നിനും കഞ്ചാവിനും അടിമപ്പെടുകയാണ്. കഞ്ചാവും മയക്കമരുന്നും ഇവിടെ സുലഭമായതാണ് ഇതിന് കാരണം. മദ്യം നിരോധിച്ചതുകൊണ്ട് കുട്ടികളെല്ലാം കഞ്ചാവടിക്കുന്നുവെന്നല്ല. മദ്യനിരോധനം വന്നതോടുകൂടി കഞ്ചാവ് ഉൾപ്പെടെയുള്ള മറ്റ് ലഹരി പദാർത്ഥങ്ങൾ സുലഭമാവുകയാണ്, അത് എപ്പോഴും കിട്ടുന്ന സാഹചര്യമുണ്ടാകുന്നു, കുഞ്ഞുങ്ങൾ അത് ഉപയോഗിക്കാൻ നിർബന്ധിതമാവുകയാണ്. അതുകൊണ്ട് മദ്യനയത്തിൽ മാറ്റം വേണമെന്ന അഭിപ്രായത്തിൽ ഉറച്ചുനിൽക്കുകയാണ്.

അടുത്തകാലത്ത് എറണാകുളം റെയിൽവേ സ്റ്റേഷനിൽ 22 വയസ്സുപോലും തികയാത്ത പയ്യൻ ട്രെയിനിൽനിന്ന് ചാടിയപ്പോൾ അവന്റെ പുറകെ എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരും ചാടി. അവന്റെ കയ്യിൽ നിന്ന് 50 ലക്ഷം രൂപയുടെ സ്റ്റാമ്പാണ് പിടിച്ചത്. സ്റ്റാമ്പ് കയ്യിൽ ഒട്ടിച്ച് നാക്കിൽ തേച്ചാൽ മതി രണ്ടു ദിവസത്തേയ്ക്ക് വളരെ സുഖമാണ്. സ്റ്റാമ്പ് എന്നുപറയുന്ന ഈ സാധനം നമ്മുടെ കോളേജുകളിൽ വ്യാപകമാണ്. പെൺകുട്ടികൾ പഠിക്കുന്ന കോളേജുകളിൽ പോലും വ്യാപകമാണ്. ഞാൻ ആധികാരികമായി പറയാൻ കാരണം, ആ പയ്യൻ തിടനാട് ഗ്രാമപഞ്ചായത്തിൽ ചെമ്മലമറ്റക്കാരനാണ്. പയ്യന്റെ അപ്പൻ ബിസിനസ്സുകാരനാണ്. ആ കുടുംബത്തെ കുറിച്ച് എനിക്ക് നന്നായി അറിയാം. ആ പയ്യൻ ഇതുവരെ ജാമ്യത്തിൽ ഇറങ്ങിയിട്ടില്ല, പോലീസ് കസ്റ്റഡിയിലാണ്. മദ്യത്തോടുള്ള സ്നേഹം കൊണ്ടല്ല അതിനെ അനുകൂലിക്കുന്നത്. ഞാൻ മദ്യപിക്കാറില്ല, നിങ്ങൾ തെറ്റിദ്ധരിക്കണ്ട, അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. മദ്യത്തിന് എതിരുമാണ്. മദ്യപിക്കുന്ന പിതാവ് കുടുംബത്തിന്റെ ശത്രുവാണെന്ന് മൈക്കിലൂടെ പറയുന്ന ആളാണ് ഞാൻ. പക്ഷേ, മദ്യപിക്കാനുള്ള ഒരാളുടെ ആസക്തിയെ ഉപദേശിച്ച് കുറച്ചുകൊണ്ടുവരിക എന്നുള്ളതല്ലാതെ ബലമായി നിർത്തിയാൽ അവൻ കള്ളച്ചാരായം കുടിക്കും. അവനെ എന്തിന് കൊല്ലണം, നമുക്ക് എന്ത് ഗുണം ലഭിക്കാനാണ്? അതുകൊണ്ട് മദ്യനിരോധനം എന്നത് മാറ്റി മദ്യവർജ്ജനം എന്നാക്കണം. മദ്യവർജ്ജനത്തെക്കുറിച്ച് ചിന്തിക്കുമ്പോഴാണ് നമുക്ക് ശരിയായി പറയാൻ കഴിയുന്നത്.

കോവളത്തെ ഫൈവ് സ്റ്റാർ ഹോട്ടലിലിരുന്ന് രണ്ട് മലയാളികൾ മദ്യപിക്കുന്നു. സായിപ്പും മദാമ്മയും തൊട്ടടുത്തിരുന്ന് മദ്യപിച്ച് കൊണ്ടിരിക്കുകയാണ്. മലയാളികൾ എട്ടരയ്ക്ക് അവിടെ ചെല്ലുകയും ഒമ്പതര ആയപ്പോൾ ഒരു ബോട്ടിൽ തീർക്കുകയും ചെയ്തു. അവർ എഴുന്നേറ്റപ്പോൾ മദാമ്മ ഓടിവന്ന് 'congratulation' എന്നുപറയുകയും കെട്ടിപ്പിടിച്ചു കൈകൊടുത്തശേഷം 100 ഡോളർ സമ്മാനമായി കൊടുക്കുകയും ചെയ്തു. നാലര മണിക്ക് സായിപ്പും മദാമ്മയും ഒരു കുപ്പിയുമായി ഇരുന്നിട്ട് 20 ശതമാനമാണ് തീർത്തത്. മലയാളി ഒരു മണിക്കൂർ കൊണ്ട് ഒരു ബോട്ടിൽ തീർത്തിരിക്കുകയാണ്, ഇതാണ് മലയാളിയുടെ മദ്യപാനം. മദ്യത്തിന്റെ അപകടം

അവിടെയാണ്. മദ്യത്തെപ്പറ്റിയുള്ള പഠന ക്ലാസ്സ് നടത്തി ജനങ്ങളെ ബോധവാന്മാരാക്കണം. പത്ത് മില്ലി മദ്യം സായിപ്പിന് കുടിക്കാൻ ഒരു മണിക്കൂർ സമയം വേണ്ടിവരും. അവർ ഒരു കിലോ ഇറച്ചിയും കഴിക്കും. സ്വാതന്ത്ര്യത്തോടെ കുടിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്താൽ അവരും പതുക്കെ സൗമ്യമായിരുന്ന് 100 മില്ലിയും ഇറച്ചിയും കഴിച്ച് അവരുടെ വഴിക്കുപോകും. അതുകൊണ്ട് ഒരു കുഴപ്പവും ഉണ്ടാകില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, മണിമല ബ്രാൻഡി ഷാപ്പിനെതിരെ നടന്ന സമരത്തെത്തുടർന്ന് കോട്ടയത്ത് മദ്യനിരോധന സമിതി വലിയൊരു ധർണ്ണ സംഘടിപ്പിക്കുകയുണ്ടായി. ആ സമരം ഉദ്ഘാടനം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട മെത്രാപ്പൊലീത്ത മലയാളികളുടെ മദ്യപാനത്തെക്കുറിച്ച് പറഞ്ഞ ഒരു വാചകം ഞാനിപ്പോൾ ഓർക്കുകയാണ്. "മലയാളികൾക്ക് മദ്യപിക്കാൻ അറിയില്ല. കുപ്പി കിട്ടിയാൽ മടമടാ അടിക്കും. അതാണ് മലയാളി" എന്നാണ് തിരുമേനി ആ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് പറഞ്ഞത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, തിരുമേനി പറഞ്ഞത് വളരെ ശരിയാണ്. 1996 കാലഘട്ടത്തിൽ നിയമസഭയിൽ മദ്യത്തിനെതിരെയുള്ള ചോദ്യങ്ങളുടെ ബഹളമായിരുന്നു മുഴുവൻ അംഗങ്ങളുടേയും ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അന്ന് ഇടതുപക്ഷ ഭരണമായിരുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കടനാട് പഞ്ചായത്തിലെ കൊല്ലപ്പള്ളിയിൽ ഒരു ഔട്ട്ലറ്റ് സ്ഥാപിക്കാമോയെന്ന് ഞാൻ ചോദിച്ചു. അതിന് കാരണം 800 സ്ത്രീകൾ ഒപ്പിട്ട നിവേദനം എന്റെ കയ്യിലുണ്ടായിരുന്നു. ഞങ്ങളുടെ ഭർത്താക്കന്മാർ നൂറ് രൂപയ്ക്ക് പണിതാൽ 98 രൂപയ്ക്കും കള്ള് കുടിച്ചിട്ട് രണ്ട് രൂപയാണ് വീട്ടിൽ കൊണ്ടുവരുന്നതെന്നാണ് അവർ പറയുന്നത്. പാല വരെ ഓട്ടോറിക്ഷയിൽ പോകുന്ന പണം കൂടി പോകുകയാണ്. കൊല്ലപ്പള്ളിയിൽ ഒരു ഔട്ട്ലറ്റുണ്ടെങ്കിൽ ഞങ്ങൾ രക്ഷപ്പെടുമെന്ന് അവർ പറഞ്ഞു. ഞാൻ ശക്തമായി പറഞ്ഞതിനാൽ ഔട്ട്ലെറ്റ് അവിടെ സ്ഥാപിച്ചു. അതിനുശേഷം ഞാൻ കൊല്ലപ്പള്ളിയിൽ ഒരു യോഗത്തിന് ചെന്നപ്പോൾ എനിക്ക് പൂമാല കിട്ടി. നാം വസ്തുതകൾ മറച്ചുവച്ച് സംസാരിച്ചിട്ട് എന്താണ് കാര്യം? അതുകൊണ്ട് മദ്യത്തെക്കുറിച്ച് പറയുമ്പോൾ മദ്യനിരോധനം വലിയ വിപ്ലവമാണെന്ന് പറയണ്ട. എന്റെ മണ്ഡലത്തിൽ ഔട്ട്ലറ്റ് സ്ഥാപിക്കാമോയെന്ന് ഞാനിവിടെ ചോദിച്ചപ്പോൾ പിന്നീട് വന്ന ചോദ്യം മുഴുവൻ അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഔട്ട്ലറ്റ് വേണമെന്നായിരുന്നു. വെറുതെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ പിന്നെ വിപ്ലവത്തിനായി നടക്കുകയാണ്. ആ വിപ്ലവം വിട്ട് മനഃസാക്ഷിയോടെ നമ്മുടെ സമൂഹം എങ്ങനെ ജീവിക്കുമെന്നതിനെപ്പറ്റി ചർച്ച ചെയ്യുന്നതാണ് ഗുണകരമെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ ഭേദഗതിയിൽ രണ്ട് ഇഫക്ടാണുള്ളത്. ഒന്ന്, മദ്യത്തിന്റെ കണ്ടന്റിനെ സംബന്ധിച്ചുള്ളതാണ്. രണ്ട്, പഞ്ചായത്ത് രാജ് നിയമത്തിന്റെ അധികാരത്തിന്മേൽ കത്തിവയ്ക്കുകയാണ്. ഗ്രാമപഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളെയും സ്ട്രെങ്തൻ ചെയ്യുക എന്നുള്ളതാണ് പഞ്ചായത്ത് രാജ് നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും എന്ത്

നടക്കണമെന്നുള്ളതിനെക്കുറിച്ച് അവർക്കൊരു say വേണമെന്നുള്ളതായിരുന്നു പഴയ നിയമം. 1994-ൽ വന്ന നിയമം 1995-ലാണ് പാസ്സാക്കിയത്. അതിൽ അവർക്കുള്ള അധികാരത്തെ കട്ട് ചെയ്ത് മാറ്റുകയാണ്. അങ്ങനെ ബേസിക്കായിട്ടുള്ള ഒരു പ്രിൻസിപ്പിൾ കൂടി ഇതിനകത്തുണ്ട്. കണ്ടന്റിന്റെ ഒരു ഭാഗം നിൽക്കുന്നതോടൊപ്പം തത്വപരമായ ഒരു പ്രശ്നവും ഇതിൽ നിലനിൽക്കുന്നു. അതുകൊണ്ട് പഞ്ചായത്ത് രാജിന്റെ ഈ അധികാരം എടുത്തുകളയുന്നത് തത്വപരമായി ശരിയാണോ എന്നുള്ളതാണ്?

<u>ശ്രീ. പി. സി. ജോർജ്:</u> സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇത് ചോദ്യമല്ല, ചോദ്യ പ്രസംഗമായിരുന്നു. അത് നടന്നോട്ടെ എന്നുവിചാരിച്ചാണ് ഞാൻ അനുവദിച്ചത്. ആ വിഷയത്തിലേയ്ക്ക് ഞാൻ വരാൻ പോകുന്നതേയുള്ളൂ. മദ്യത്തെക്കുറിച്ച് പറയുമ്പോൾ, മദ്യനിരോധനമെന്നത് വലിയ വിപ്ലവമാണെന്ന കാഴ്ചപ്പാട് മാറ്റി നമ്മുടെ നാടിന് സമാധാനവും ഐശ്വര്യവുമുള്ള കാര്യങ്ങൾ എന്താണെന്നതിനെക്കുറിച്ച് പരിശോധി ക്കണമെന്നാണ് എന്റെ അഭിപ്രായം. പഞ്ചായത്ത് രാജ് ബില്ലിനെക്കുറിച്ചാണ് ഇപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നത്. ഞാൻ ഇതിനെ എതിർക്കുന്നുവെന്ന് പറയാൻ കാരണം, നിലവിൽ പഞ്ചായത്തിന്റെ കൈവശമുള്ള ഒരു അധികാരം പിടിച്ചു പറിക്കാൻ ഇടതുപക്ഷ മുന്നണി പോകണോ? അതിന്റെ ആവശ്യമെന്താണ്? പഞ്ചായത്ത് മെമ്പർമാർ വിശ്വസിക്കാൻ കൊള്ളാത്തവരാണെന്നാണോ ശ്രീ. എ. കെ. ബാലന്റെ അഭിപ്രായം. അവരെല്ലാം നമ്മുടെ പാർട്ടിക്കാരല്ലേ? നമ്മളേക്കാൾ പൊതുപ്രവർത്തന പാരമ്പര്യവും ഇവിടെ വന്നിരിക്കാൻ യോഗ്യതയുമുള്ളവരാണ്. രാഷ്ട്രീയമായ കാരണങ്ങളാൽ ഇവിടെ വന്നില്ല. അവർ പഞ്ചായത്തിലിരിക്കുന്നു എന്നേയുള്ളൂ. അവരെ ചെറുതായി കാണുന്ന നടപടിയിൽ എനിക്ക് അമർഷമുണ്ട്. പഞ്ചായത്ത് എന്നുപറയുമ്പോൾ അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിൽക്കുകയാണ്. പ്രത്യേകിച്ച് ഇടതുപക്ഷ ചിന്താഗതി അതാണല്ലോ. അധികാരം കൂടുതലായി കൊടുക്കണമെന്ന് പറയുന്ന ഇടതുപക്ഷ മുന്നണി തന്നെ നിലവിൽ പഞ്ചായത്തിന്റെ കൈവശമിരിക്കുന്ന അധികാരം പിടിച്ചുപറിക്കുമെന്ന് പറയുന്നത് ശരിയല്ല. അങ്ങ് യഥാർത്ഥ ഇടതുപക്ഷക്കാരനാണെങ്കിൽ ഈ ബിൽ പിൻവലിക്കാൻ ഉടൻ തയ്യാറാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അങ്ങനെ ചെയ്തില്ലെങ്കിലും ചെയ്യണമെന്ന് അങ്ങയുടെ മനസ്സ് പറയട്ടെ. ഇപ്പോൾ പഞ്ചായത്തിന്റെ ഗതി എന്താണ്? പഞ്ചായത്തിന്റെ കാര്യം ചർച്ച ചെയ്യാതെ പോകാൻ കഴിയുമോ? ഇപ്പോഴും പഞ്ചായത്തുകളിൽ ഉദ്യോഗസ്ഥരുടെ ഭരണമാണ്. യഥാർത്ഥ ജനപ്രതിനിധികളുടെ കൈകളിലേയ്ക്ക് അധികാരം ഏല്പിച്ചുകൊടുക്കാൻ ഇതുപോലെയുള്ള പ്രവർത്തനങ്ങൾകൊണ്ട് കഴിയുന്നില്ലെന്ന ദുഃഖം എനിക്കുള്ളതുകൊണ്ടാണ് ഞാനിത് പറയുന്നത്. പഞ്ചായത്ത് മെമ്പർമാരാണ് പഞ്ചായത്തിന്റെ അധികാരം നോക്കേണ്ടവർ. അവർക്കതിന് അവസരം കൊടുക്കുന്നതിന് പകരം ഇടയ്ക്ക് നമ്മൾ പോയി അതിനെ കയ്യേറുകയാണ്. അങ്ങനെ കയ്യേറുമ്പോൾ ഉദ്യോഗസ്ഥർക്ക് സൗകര്യമായി. ത്രിതല പഞ്ചായത്തിൽ ഉദ്യോഗസ്ഥർ ജനപ്രതിനിധികളെ നോക്കുകുത്തികളാക്കുകയാണ്. അതിന് അവസരമുണ്ടാക്കിക്കൊടുക്കുന്നത് നിയമസഭയും ഈ ഗവൺമെന്റുമാണ്. അതാണ് എന്റെ ദുഃഖം. പഞ്ചായത്തുകളിൽ ഒരു സർട്ടിഫിക്കറ്റിന്

പോയാൽ എവിടെപ്പോയി നിൽക്കും; ജനപ്രതിനിധികൾക്ക് ശരിയായ കോച്ചിംഗ് കൊടുക്കണം. ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരണം. ആ മാറ്റത്തിനു വേണ്ടി നമുക്ക് എന്ത് ചെയ്യാൻ കഴിയുന്നുണ്ട്. ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരുത്താൻ ശ്രമിക്കുന്നതിന് പകരം അവർക്ക് വീണ്ടും അവസരമൊരുക്കി കൊടുക്കുന്നു എന്നുള്ളതാണ് ഈ നിയമനിർമ്മാണത്തിലൂടെ വരുന്ന അപകടമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ജി.എസ്.ടി. ബിൽ കൊണ്ടുവന്ന് സംസ്ഥാന ഗവൺമെന്റിന്റെ അധികാരം കവർന്നെടുത്തപ്പോൾ ഇത്രയും ധാർമ്മിക രോഷം കണ്ടില്ലല്ലോ എന്നുള്ളതാണ് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാന്യനായ ചെങ്ങന്നൂർ എം.എൽ.എ.-യ്ക്ക് ഓർമ്മക്കുറവ് വരുന്നത് എന്റെ കുഴപ്പമല്ല. ഞാൻ ശ്രീ. നരേന്ദ്ര മോദിക്ക് എതിരെയാണ് സംസാരിച്ചത്. കേന്ദ്ര ഗവൺമെന്റ് നയം തെറ്റാണെന്നാണ് പറഞ്ഞത്. പക്ഷേ ഡോ. തോമസ് ഐസക് എന്ന കമ്മ്യൂണിസ്റ്റുകാരൻ ശ്രീ. നരേന്ദ്ര മോദിയുടെ മുന്നേകയറി ഓടണോ എന്നാണ് ഞാൻ ചോദിച്ചത്. സി.പി.ഐ. (എം)-ന്റെ പ്രമേയം എന്റെ കയ്യിലുണ്ട്. ഞാനത് കൊണ്ടുനടക്കുകയാണ്. ആ പ്രമേയമില്ലാതെ ഞാൻ നടക്കുകയില്ല. ബുദ്ധിയും വിവരവുമുള്ളവർ ഇരുന്ന് ആലോചിച്ചുണ്ടാക്കിയ പ്രമേയമാണിത്. പക്ഷേ ഇവിടെ നിങ്ങളത് ലംഘിക്കുന്നു എന്നുള്ളതാണ് പ്രശ്നം. ചെങ്ങന്നൂർ എം.എൽ.എ. തെറ്റിദ്ധരിക്കരുത്. ഉദ്യോഗസ്ഥരുടെ മനോഭാവത്തിൽ മാറ്റംവരണം. ആനന്ദ് എന്ന നോവലിസ്റ്റിന്റെ "മരണസർട്ടിഫിക്കറ്റ്" എന്നൊരു നോവലുണ്ട്. അതിൽ സ്വന്തം അച്ഛന്റെ മരണസർട്ടിഫിക്കറ്റിനുവേണ്ടി ഒരുവൻ ഇറങ്ങി നടക്കുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അത് ആധാറുമായി ബന്ധിപ്പിച്ചിരുന്നോ?

ശ്രീ. പി. സി. ജോർജ്: സർ, അന്ന് ആധാറില്ല, പേടിക്കണ്ട. ആദ്യം അവൻ ശ്മശാനത്തിൽ ചെന്നു. കിട്ടിയില്ല. അവൻ തദ്ദേശ സ്ഥാപനങ്ങളിലൊക്കെ നടന്നു. കിട്ടിയില്ല. അവസാനം ചെന്നപ്പോൾ അവന് കിട്ടിയ മറുപടി 'നിന്റെ അച്ഛൻ ജീവിച്ചിരുന്നു എന്നുള്ളതിന് തെളിവ് കൊണ്ടുവരുമ്പോൾ സർട്ടിഫിക്കറ്റ് തരാം' എന്നാണ്. ആ നോവൽ അവസാനിക്കുന്നത് ഇങ്ങനെയാണ്. ഇതാണ് പഞ്ചായത്തിന്റെ സ്ഥിതി. അതുകൊണ്ട് പഞ്ചായത്തുകളെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തണം. സി. സി. പ്രമേയം എന്റെ കയ്യിലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... ശ്രീ. പി. സി. ജോർജ്, 15 മിനിട്ട് ആയി.

ശ്രീ. പി. സി. ജോർജ്: സർ, കൊച്ചനുജൻമാർക്ക് തെറ്റിദ്ധാരണയുണ്ടാകരുത്. ഇത് എന്റെ കയ്യിൽ ഇല്ലെന്ന് അവർ ഓർത്താൽ തെറ്റല്ലേ. ഇത് ആര് തന്നെന്ന് ഞാൻ പറയില്ല.

ശ്രീ. എ. എൻ. ഷംസീർ: സർ, അത് പബ്ലിക് ഡോക്യുമെന്റാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, നിങ്ങൾക്ക് മാത്രമായി സർക്കുലേറ്റ് ചെയ്തത് പബ്ലിക് ഡോക്യുമെന്റാകുന്നത് എങ്ങനെയാണ്. എന്റെ കയ്യിൽ കിട്ടിയപ്പോൾ അത് പബ്ലിക് ഡോക്യുമെന്റായി. ഈ നിയമം വേണോയെന്നും പഞ്ചായത്തിനേയും പഞ്ചായത്ത് മെമ്പർമാരെയും വിശ്വാസത്തിലെടുക്കാമോ എന്നുമാണ് ചർച്ച ചെയ്യേണ്ടത്. അതുകൊണ്ടാണ് ഞാനിത്രയും സംസാരിച്ചത്.

ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യാൻ എനിക്ക് അവകാശമില്ല. അങ്ങനെ ചെയ്യുകയുമില്ല. പക്ഷേ അങ്ങയുടെ കമന്റുകൾ ശരിയല്ലെങ്കിൽ ഞാൻ പറഞ്ഞുതരണ്ടേ? ഞാനൊരു സീനിയർ മെമ്പറാണ്. പി.എസ്.സി.-യുടെ മുകളിൽ നിയമസഭയും മന്ത്രിയും ഒന്നുമല്ലെന്നാണ് ബഹുമാനപ്പെട്ട സ്പീക്കർ നേരത്തെ പറഞ്ഞത്. പി.എസ്.സി. ഇതിനൊക്കെ മുകളിലാണെന്നാണ് പറഞ്ഞത്. പബ്ലിക് സർവ്വീസ് കമ്മീഷൻ മെമ്പർമാർ എത്രവേണമെന്നും അതെങ്ങനെ പ്രവർത്തിക്കണമെന്നും ഈ സഭയാണ് തീരുമാനിക്കേണ്ടത്. കേരളത്തിന് മുഖ്യമന്ത്രിയും ക്യാബിനറ്റുമുണ്ട്. ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിയമസഭയുണ്ടാക്കുന്ന നിയമപ്രകാരം പ്രവർത്തിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷന് മുകളിലല്ല നിയമസഭയെന്ന് ചെയറിലിരുന്ന് ഒരാൾ പറഞ്ഞതിൽ ഞാൻ ദുഃഖിക്കുന്നുവെന്ന് മാത്രം. ഇനിയെങ്കിലും ഈ അബദ്ധം പറയാതിരിക്കട്ടെ എന്നുകൂടി പ്രാർത്ഥിക്കുന്നു. ഇത് പറയാതിരുന്നാൽ മോശമായിപ്പോകും അതുകൊണ്ട് പറയുകയാണ്. ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, പഞ്ചായത്തിനെ വിശ്വാസത്തിലെടുത്തുകൊണ്ട് ഈ അധികാരം പഞ്ചായത്തിനുതന്നെ കൊടുക്കാൻ കഴിയുമോയെന്നും ഏതെങ്കിലുമൊരു പഞ്ചായത്ത് വിവരക്കേട് കാണിച്ചാൽ അവരെ ബോദ്ധ്യപ്പെടുത്തി മാറ്റിയെടുക്കാൻ കഴിയുമോയെന്നും ചർച്ച ചെയ്യുന്നതായിരിക്കും ഉചിതമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻനിർത്തുന്നു.

2.00 PM]

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാനപ്പെട്ട സണ്ണി ജോസഫ് ഇവിടെ പറഞ്ഞതുപോലെ എന്തിനാണ് ഇത്ര തിടുക്കപ്പെട്ട് ഓർഡിനൻസ് പുറപ്പെടുവിച്ച് ഈ ബിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്; ഈ ബില്ലിനെ ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ എന്നാണ് ജനങ്ങൾ കാണുന്നത്. പഞ്ചായത്തുകൾക്ക് നൽകിയിരിക്കുന്ന അധികാരം എടുത്തുകളയുന്ന ബില്ലാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. 1994-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ അധികാരം നേരത്തെ നൽകിയിരുന്നു. 1999-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ വീണ്ടും അത് എടുത്തു കളഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അധികാരം

കൊട്ടുത്തുകൊണ്ട് ഈ നിയമം വീണ്ടും കൊണ്ടുവരികയാണ് ചെയ്തത്. ഇവിടെ ബാറുകൾ തുറക്കണോ, ഷാപ്പുകൾ തുറക്കണോ എന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെന്റാണ് തീരുമാനിക്കേണ്ടത്. അതിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ പോളിസി എന്താണെന്ന് ഇപ്പോൾ ഏകദേശം ബോദ്ധ്യമായി കഴിഞ്ഞു. അടച്ചിട്ട ബാറുകൾ തുറക്കാനും പുതിയ ബാറുകൾ ആരംഭിക്കാനുമൊക്കെ തീരുമാനമെടുത്ത് മുന്നോട്ട് പോകുകയാണ്. അത് ഗവൺമെന്റിന്റെ നയം. പക്ഷേ പഞ്ചായത്തിനും മുനിസിപ്പാലിറ്റികൾക്കുമുള്ള അധികാരം എന്തിന് എടുത്തുകളയുന്നു? എല്ലാകാലത്തും അധികാരം വികേന്ദ്രീകരിക്കണമെന്ന് ആവശ്യപ്പെടുന്നൊരു പ്രസ്ഥാനമാണ് എൽ.ഡി.എഫ്. ഒരു വശത്ത് ഒന്ന് പറയുകയും മറുവശത്ത് അധികാരം കിട്ടുമ്പോൾ അതിനെ എതിർക്കുകയും ചെയ്യുന്ന നയമാണ് ഇപ്പോൾ കാണുന്നത്. യഥാർത്ഥത്തിൽ ഈ ബില്ലിന് നാഥനില്ലാത്ത അവസ്ഥയാണ് വന്നിരിക്കുന്നത്. ബഹുമാന്യനായ മന്ത്രി ശ്രീ. എ. കെ. ബാലൻ വകുപ്പുമന്ത്രി വരാത്തതിനെക്കുറിച്ച് ന്യായീകരിച്ച് പറഞ്ഞത് ചിലപ്പോൾ ശരിയായിരിക്കാം. പക്ഷെ ശ്രീ. എ. കെ. ബാലൻ ഈ ബില്ലിന്റെ മുഖ്യകാർമ്മികനായി വരേണ്ടതില്ലായിരുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ അഴിമതിയാണ് പ്രധാനമായിട്ടും പറയുന്നത്, അഴിമതി വികേന്ദ്രീകരണം. നിലവിലുള്ള നിയമംകൊണ്ട് പഞ്ചായത്തുകൾക്ക് അഴിമതി നടത്താനുള്ള അവസരം ഒരുങ്ങുകയാണ് എന്നാണ് ഇപ്പോൾ ഗവൺമെന്റ് വാദിക്കുന്നത്. കേരളത്തിലെ ഭൂരിഭാഗം മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പഞ്ചായത്തുകളും എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. പാർട്ടിയുടെ നിർദ്ദേശം അനുസരിച്ച് പോകുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ്. അപ്പോൾ അവിടെ വേണമെങ്കിൽ പാർട്ടിക്കും ഗവൺമെന്റിനും ഇടപെടാം. പക്ഷേ അതൊന്നുമല്ല ഇവിടത്തെ മുഖ്യ ഉദ്ദേശം എന്നുള്ളത് നമുക്ക് പലതും കൂട്ടി വായിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. ബാർ മുതലാളിമാരുമായി ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിലാണ് ഇന്നിപ്പോൾ ഈ തീരുമാനം എടുക്കാൻ പോകുന്നത്. ബാർ മുതലാളിമാർക്ക് വേണ്ടിയാണോ ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ടത്? കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ബാർ മുതലാളിമാർ നിങ്ങളെ എല്ലാ രീതിയിലും സഹായിച്ചിട്ടുണ്ടെന്ന് നമുക്ക് അറിയാം. കാരണം ബാർ മുതലാളിമാർ സംഘടിതമായി എല്ലാ രീതിയിലും എൽ.ഡി.എഫ്.-നെ സഹായിക്കാൻ തീരുമാനിച്ചു. അതിന്റെ പ്രത്യുപകാരമെന്ന നിലയിലല്ലെങ്കിൽ ഇത്ര തിടുക്കപ്പെട്ട് ഈ ബിൽ കൊണ്ടുവരേണ്ട കാര്യമുണ്ടായിരുന്നോ? ഈ ഗവൺമെന്റ് ആരോടൊപ്പമാണ്. 'നമുക്ക് ഒന്നിച്ച് മുന്നേറാം, സർക്കാർ ഒപ്പമുണ്ട്'- മനോഹരമായ സർക്കാർ പരസ്യമാണ്. യഥാർത്ഥത്തിൽ ഈ സർക്കാർ ആരോടൊപ്പമാണ്? ബാർ മുതലാളിമാർക്കൊപ്പമല്ലേ? സ്വാശ്രയ മാനേജ്മെന്റിനോടൊപ്പമല്ലേ; ക്രഷറും അതുപോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന ക്വാറിക്കാരോടൊപ്പമല്ലേ; സമ്പന്നൻമാരോടൊപ്പമാണ് ഈ സർക്കാർ പോയിക്കൊണ്ടിരിക്കുന്നത്? റേഷൻ കടകളിൽ അരി കൃത്യമായി വിതരണം ചെയ്യാൻ സാധിക്കുന്നില്ല. 2016 നവംബർ, ഡിസംബർ മാസങ്ങളിൽ അരി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. അരി വിതരണം ചെയ്യാൻ കഴിയാത്ത ഈ ഗവൺമെന്റ്, നമ്മുടെ സംസ്ഥാനത്ത് മുഴുവൻ ബാറുകൾ തുറന്നുവച്ച് കുടിച്ചോളൂ, കുടിച്ചോളൂ എന്ന് പറയുന്ന രീതിയിലേയ്ക്ക്

മാറുകയാണ്. ഈ ഗവൺമെന്റിന് ആരോടാണ് പ്രതിബദ്ധത?...(ബഹളം)..... നിങ്ങൾ ബാർ മുതലാളിമാർക്കുവേണ്ടി സംസാരിക്കേണ്ട....(ബഹളം)....അല്ല, നിങ്ങൾ സംസാരിക്കണം, നിങ്ങളെ ജയിപ്പിച്ച് വിട്ടത് അവരായതുകൊണ്ട് നിങ്ങൾ അവർക്കുവേണ്ടി സംസാരിക്കണം. ഞങ്ങൾക്ക് കേരളത്തിലെ ഒരു ബാർ മുതലാളിമാരോടും പ്രതിബദ്ധത ഇല്ല. അതുകൊണ്ട് ഞങ്ങൾ ശക്തമായ നിലപാട് സ്വീകരിക്കും. ഡിവൈ.എഫ്.ഐ. പോലുള്ള സംഘടനകൾ എന്നും അധികാര വികേന്ദ്രീകരണത്തെ കുറിച്ച് പറയും. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സമയങ്ങളിൽ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഈ നിയമം കൊണ്ടുവരാൻ അവസരം ഒരുക്കിക്കൊടുത്തു. പക്ഷേ എൽ.ഡി.എഫ്. എന്നുവന്നാലും അത് ക്യാൻസൽ ചെയ്യുന്ന എന്നുള്ളതാണ് ഇതിലൂടെ കാണാൻ കഴിയുന്നത്. അഴിമതി താഴെത്തട്ടിൽ ഇല്ലാതാക്കാൻ വേണ്ടിയാണ് ഈ നിയമം ഭേദഗതി ചെയ്യുന്നതെന്നാണ് പറയുന്നത്. ഇതുകൊണ്ട് എവിടെയാണ് താഴെത്തട്ടിൽ അഴിമതി ഇല്ലാതാകുന്നത്? ഒട്ടുമിക്ക കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളും എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. അവർ ഭരിക്കുന്ന പഞ്ചായത്തിലെ പ്രസിഡന്റുമാരെയും കമ്മിറ്റി അംഗങ്ങളെയും വിശ്വാസമില്ലാത്ത രീതിയിലാണ് ഇപ്പോൾ ഈ ബില്ലുമായി ഇവിടെ വന്നിരിക്കുന്നത്. യു.ഡി.എഫ് ആണ് കൂടുതൽ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഭരിക്കുന്നതെങ്കിൽ സ്വാഭാവികമായിട്ടും അങ്ങനെ പ്രതീക്ഷിക്കാം. പക്ഷേ ഇവിടെ എൽ.ഡി.എഫ്. ആണ് കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരിച്ചുകൊണ്ടിരിക്കുന്നത്. എന്തിനാണ് ഇപ്പോൾ തിരക്കിട്ട് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്; ഉദ്ദിഷ്ട കാര്യത്തിന് ഉപകാരസ്മരണയായി ബാർ മുതലാളിമാർക്കുവേണ്ടിയൊരു നിയമം നിർമ്മിക്കുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്നത്. കൂടുതൽ കാര്യങ്ങളിലേക്കൊന്നും കടക്കുന്നില്ല. ഈ ബിൽ അനവസരത്തിലുള്ളതാണ്, ഇതിൽനിന്നും പിൻമാറണമെന്ന് ഞാൻ ഈ ഭേദഗതിയിലൂടെ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എന്താണ് ഞങ്ങളുടെ മദ്യനയമെന്ന് പ്രകടന പത്രികയിൽ വളരെ വ്യക്തമായി ജനങ്ങളോട് പറഞ്ഞശേഷമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നത്. അതാണ് കേരളത്തിലെ ജനങ്ങൾ അംഗീകരിച്ചിരിക്കുന്നതെന്ന് യു.ഡി.എഫ്.-ലെ അംഗങ്ങൾ മനസ്സിലാക്കണം. നേരത്തെ ചാരായ നിരോധനം നടത്തി ആളുകളെ കബളിപ്പിച്ചതുപോലെ ഇല്ലാത്ത മദ്യനിരോധനം പറഞ്ഞ് രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കാനാണ് ശ്രമിച്ചത്. 418 ബാറുകൾ പൂട്ടി എന്നുള്ള കാര്യം സത്യമാണ്. അത് കോൺഗ്രസ്സിനകത്തുണ്ടായിരുന്ന ഗ്രൂപ്പ് വഴക്കിന്റെ ഭാഗമായി ചെയ്തതാണെന്ന് നാട്ടുകാർക്കും ഇവിടെ സംസാരിച്ച ശ്രീ. സണ്ണി ജോസഫിനും ശ്രീ. വി. പി. സജീന്ദ്രനും ഉൾപ്പെടെയുള്ള എല്ലാ കോൺഗ്രസ്സുകാർക്കും അറിയാം. കാര്യങ്ങൾ മറച്ചുവച്ച് സംസാരിച്ചതുകൊണ്ട് രക്ഷപ്പെടാൻ പോകുന്നില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ബാറുകൾ പൂട്ടി എന്നുള്ള പ്രചരണം തെറ്റാണ്. ഒരു ബാറും പൂട്ടിയിട്ടില്ല. അവിടെ ബിയറും വൈനും ചേർത്താണ് ഗ്ലാസ്സിൽ ഒഴിച്ചു കൊടുക്കുന്നത്. അതിന് ബ്രാൻഡിയുടെ ഇരട്ടി ഇഫക്ടാണ്. അതിന് അവർ വേറെ പണം വാങ്ങിയിട്ടുണ്ടാകും. അക്കാര്യം അങ്ങേയ്ക്ക് അറിയുമോ?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: ഈ പറയുന്ന കാര്യം നൂറ് ശതമാനവും ശരിയാണ്. പേരിന് പൂട്ടിയെന്നുള്ള പ്രചരണം നടത്തുകയും കാര്യങ്ങളൊക്കെ ഭംഗിയായി നടത്തുകയും ചെയ്യുന്നുവെന്ന് എല്ലാവർക്കും അറിയാം. ഈ കാലഘട്ടത്തിൽത്തന്നെ 1175 ബാറുകളും 306 വിദേശ മദ്യവിൽപ്പനശാലകളും 33 ക്ലബ് ബാറുകളും മുപ്പതോളം പഞ്ചനക്ഷത്ര ഹോട്ടലുകളും ഇവിടെ പ്രവർത്തിച്ചിട്ടുണ്ട്. കോൺഗ്രസ്സിനകത്തുണ്ടായ തർക്കങ്ങളുടെ ഭാഗമായി ഉയർന്നുവന്ന, ശ്രീ. വി.എം. സുധീരനാണോ ശ്രീ. ഉമ്മൻ ചാണ്ടിയാണോ കേമൻ എന്ന് തെളിയിക്കുന്നതിന് പരസ്പരം വാതുവയ്ക്കുമ്പോൾ വന്നിട്ടുള്ള പ്രശ്നങ്ങൾ എന്നതിനപ്പുറം, നല്ലൊരു മദ്യനയമല്ല യു.ഡി.എഫ്. നടപ്പിലാക്കിയതെന്ന് എല്ലാവർക്കും അറിയാം. 7-4-2016-ൽ സീറോ മലബാർ സഭയുടെ മുഖപത്രത്തിൽ വന്ന വാർത്ത യു.ഡി.എഫ് സർക്കാരിന്റെ ഘട്ടംഘട്ടമായ മദ്യനിരോധനം വെറും തട്ടിപ്പായിരുന്നുവെന്നാണ്. കൂടാതെ "ജനങ്ങളെ മദ്യത്തിന്റെ അടിമത്തത്തിൽനിന്നും മോചിപ്പിക്കലല്ല, അഴിമതി പണം പങ്കുവയ്ക്കലിന്റെ ഭാഗമായി രൂപപ്പെട്ട അഭിപ്രായഭിന്നതയാണ് സംസ്ഥാന സർക്കാരിന്റെ മദ്യനിരോധനത്തിന്റെ പിന്നാമ്പുറം" എന്നാണ് അതിൽ പറയുന്നത്. അതാണ് ശ്രീ. കെ. ബാബു ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ജനകീയ കോടതി തീരുമാനിച്ചതെന്താണെന്നും മുൻമന്ത്രി ശ്രീ. കെ. ബാബു എവിടെയാണെന്നും ഇവിടെ എല്ലാവർക്കും അറിയാം. കേസ് നടത്തിപ്പുമായി ബന്ധപ്പെട്ട് പണം പിരിച്ചു കൊടുത്ത് നിങ്ങളാരെങ്കിലും അദ്ദേഹത്തെ സഹായിക്കുന്നുണ്ടോ എന്നുമാത്രം പറഞ്ഞാൽ മതി. ബാക്കി കാര്യങ്ങളെല്ലാം അദ്ദേഹം നല്ലതുപോലെ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അനുഭവത്തിൽനിന്നും പാഠം പഠിക്കാൻ കോൺഗ്രസ്സുകാർക്ക് കഴിയണം. മദ്യ നിരോധനമല്ല മദ്യവർജ്ജനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയമെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. മദ്യരാജാക്കന്മാരിൽനിന്നും പണം വാങ്ങിയെന്ന് പറയുന്നത്, ഓരോരുത്തരും അവരുടെ ശീലം നാട്ടിലാകെ വിളിച്ചുപറയുകയാണ്. എല്ലാവരും ഒരുപോലെ കാണുമെന്ന് പറയും എന്നാൽ ആ കാണുന്നതൊന്നും ശരിയുമല്ല. കെ.പി.സി.സി. പ്രസിഡന്റായിരുന്ന ശ്രീ. വി. എം. സുധീരൻ മദ്യനിരോധനത്തിനു വേണ്ടി പ്രചരണം നടത്തിയത് മദ്യരാജാവിന്റെ വാഹനത്തിൽ ആയിരുന്നുവെന്ന് എല്ലാവരും മനസ്സിലാക്കിയതാണ്. അന്ന് പത്രത്തിലൊക്കെ അത് വന്നതാണ്. അന്നൊന്നും ശ്രീ. വി. പി. സജീന്ദ്രന് യാതൊരു പ്രയാസവും ഉണ്ടായില്ലല്ലോ? ഈ രീതിയിലല്ല കാര്യങ്ങൾ കാണേണ്ടത്. ഞങ്ങളുടെ നയം ഞങ്ങൾ ജനങ്ങളോട് തുറന്നുപറഞ്ഞിട്ടുണ്ട്, അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ആഗ്രഹിക്കുന്നത്.

മദ്യനിരോധനം പ്രാവർത്തികമല്ല. ആന്ധ്രാപ്രദേശ് ഒന്നിച്ചിരുന്ന സന്ദർഭത്തിൽ ആന്ധ്രാപ്രദേശിലെ കോൺഗ്രസ് ഗവൺമെന്റ് മദ്യ നിരോധനം നടത്തിയല്ലോ? കുറച്ചുകാലം കഴിഞ്ഞപ്പോൾ ആ ഗവൺമെന്റ് തന്നെ അത് പിൻവലിച്ചു. എന്തുകൊണ്ടാണ് ആ അനുഭവം അവർക്കുണ്ടായത്? ഭാഗികമായി ചില തടസ്സങ്ങൾ ഉന്നയിച്ചുവെന്നല്ലാതെ നിരോധനം അവിടെയുണ്ടായിട്ടില്ല. മദ്യനിരോധനം കൊണ്ടുമാത്രം ഇത് പരിഹരിക്കാൻ കഴിയുന്നതല്ല. കേരളത്തിൽ പുകവലി എത്രയോ കുറഞ്ഞു. ബീഡിയും സിഗരറ്റും ഉണ്ടാക്കുന്ന കമ്പനികൾ അടച്ചുപൂട്ടിയിട്ടല്ല, അതിന് നല്ല ബോധവത്ക്കരണവും പ്രചരണവും നടത്തിയിട്ടാണ്. മദ്യം കഴിക്കുന്നവരുടെ എണ്ണം കുറയ്ക്കണമെന്ന കാര്യത്തിൽ യാതൊരു സംശയവും ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും കമ്മ്യൂണിസ്റ്റ് പാർട്ടിക്കുമില്ല. ഞങ്ങൾ മദ്യം കുടിക്കാൻ പാടില്ലെന്ന് പറയുന്നവരും പാർട്ടി മെമ്പർഷിപ്പിലേയ്ക്ക് ആളിനെ കൊണ്ടുവരുമ്പോൾ ഈ നിബന്ധന മുന്നോട്ടു വയ്ക്കുന്നവരും അതനുസരിച്ച് പ്രവർത്തിക്കുന്നവരും ജീവിക്കുന്നവരുമാണ്. അത് വേറെ വിഷയം. പക്ഷേ രാജ്യത്തിലെ ജനങ്ങൾക്ക് മദ്യാസക്തിയുണ്ടെന്ന ധാരണ നമുക്ക് കാണാതിരിക്കാൻ കഴിയില്ല. ലോകത്ത് എല്ലായിടത്തുമുള്ള രീതിയാണത്. അതിനെ മദ്യവർജ്ജനത്തിലൂടെ കുറച്ചുകൊണ്ടുവരാൻ കഴിയണം. അതിനുവേണ്ടി വലിയ കാര്യങ്ങളാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മദ്യനയത്തിന്റെ ഭാഗമായി ജനങ്ങളോട് പറഞ്ഞത് ഇങ്ങനെയാണ്, മദ്യത്തിന്റെ ലഭ്യതയും ഉപഭോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നയമായിരിക്കും നമ്മൾ നടപ്പിലാക്കുന്നത്. മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് ഇന്നുള്ള തിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും. ഇതിനായി സാക്ഷരതാപ്രസ്ഥാനത്തിന്റെ മാതൃകയിൽ അതിവിപുലമായ ക്യാമ്പയിനുകൾ ആരംഭിക്കും. മദ്യം പോലെ തന്നെ സാമൂഹിക ഭീഷണിയായി കഞ്ചാവും മയക്കുമരുന്നും വ്യാപകമായിരിക്കുകയാണ്. ഇതിനെതിരെ അതികർശനമായ നടപടികൾ സ്വീകരിക്കും. വിദ്യാലയങ്ങളിൽ മദ്യത്തിനെതിരായ ബോധവത്ക്കരണ പരിപാടികൾ ആരംഭിക്കും. മദ്യം ഉപയോഗിക്കുന്നതിനുള്ള പ്രായപരിധി 23 ആയി ഉയർത്തും. ഇക്കാര്യങ്ങളെല്ലാം നടപ്പിലാക്കിക്കൊണ്ടാണ് കാര്യങ്ങൾ ചെയ്യുന്നത്. കൂടാതെ മദ്യശാലകൾ തുറക്കുന്നതിനുള്ള സമയത്തിൽ ചില ക്രമീകരണങ്ങൾ നടത്തുന്നതിനും തീരുമാനിച്ചു.

ജനമൈത്രി പോലീസ് കേരളത്തിൽ വലിയ രീതിയിലുള്ള സംഭാവനകൾ നൽകിയിട്ടുള്ളതാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ആഭ്യന്തര മന്ത്രിയായിരുന്ന സന്ദർഭത്തിലാണ് ജനമൈത്രി പോലീസ് സംവിധാനം കൊണ്ടുവന്നത്. പിന്നീട് അത് എല്ലാവരും അംഗീകരിക്കുകയും എല്ലാ വിദ്യാലയങ്ങളിലും എസ്.പി.സി. കൊണ്ടുവരികയും ചെയ്തു. എസ്.പി.സി.-യുടെയും ജനമൈത്രി പോലീസിന്റെയും ഭാഗമായി നമ്മുടെ കുട്ടികളിൽ പുതിയ രീതിയിലുള്ള മുന്നേറ്റമുണ്ടാക്കിയെടുക്കാൻ

കഴിഞ്ഞു. അതുപോലെ ജനമൈത്രി എക്സൈസ് വന്നിരിക്കുകയാണ്. കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള ക്ലബ്ബുകൾ ആരംഭിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. മദ്യപാനത്തിനെതിരെ ബോധവത്കരിക്കുന്നതിനും ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നതിനും എല്ലാ എം.എൽ.എ.-മാരും അവരവരുടെ മണ്ഡലങ്ങളിൽ നടപടി എടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അതിശക്തമായ പ്രചരണം തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ട് കൊണ്ടു വരുന്നത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മദ്യനയം ഏതെങ്കിലുമൊരു പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടേയോ അല്ല, അത് ഒരു സംസ്ഥാനത്തിന്റേതാണ്. ഒരു മദ്യനയം ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞാൽ അത് നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഗവൺമെന്റിന് തന്നെയാണ്. അബ്കാരി നിയമങ്ങളും പഞ്ചായത്ത് രാജ് നിയമങ്ങളും തമ്മിൽ കൂട്ടിക്കുഴച്ച് പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനും അത് ഒഴിവാക്കാനും ആവശ്യമായ നടപടി കേരളാ ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഇത്തരം തടസ്സവാദങ്ങൾ ഒഴിവാക്കണമെന്ന കാര്യത്തിൽ ധാരണയുണ്ടാക്കാൻ ശ്രമിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്ന് എല്ലാവർക്കും അറിയാം. ഇത് പ്രായോഗികമല്ലെന്ന് ഇവിടെ സംസാരിച്ച യു.ഡി.എഫ്. അംഗങ്ങൾക്കെല്ലാമറിയാം. അവിടെയും ഇവിടെയും ഓരോ ഔട്ട്‌ലെറ്റുകൾ ഉണ്ടാക്കി, അതിനുമുന്നിൽ വളരെ നീണ്ട ക്യൂവാണ് കാണുന്നത്, നമുക്കെല്ലാവർക്കും പ്രയാസമുണ്ടാകുന്ന ഒരു കാര്യമാണത്. ഇതൊക്കെ അടച്ചുപൂട്ടുമ്പോൾ ജനങ്ങൾ ഇതിനുമുന്നിൽ പോകാതിരിക്കണം. നേരത്തെയുള്ള അനുഭവമെന്താണ്? അതിൽനിന്നും നമ്മൾ പാഠം പഠിക്കേണ്ടതുണ്ട്. യു.ഡി.എഫ്. ഒരു പരീക്ഷണം നടത്തി എന്ന രീതിയിലെടുക്കാം. പരീക്ഷണമൊന്നുമല്ല, വാദത്തിനുവേണ്ടി അത് അംഗീകരിക്കാം. അതുകൊണ്ട് എന്ത് റിസൾട്ടാണ് ഉണ്ടായത്; ആളുകളുടെ മദ്യ ഉപഭോഗം കുറഞ്ഞോ? അതോ കൂടിയോ? ആളുകളുടെ കുടുംബ സമാധാനം കൂടിയോ കുറഞ്ഞോ? ഞാൻ മദ്യത്തെ അനുകൂലിക്കുന്ന ഒരാളല്ല. എന്റെ ജീവിതത്തിൽ ഇതുവരെ മദ്യമോ ബീഡിയോ ഉപയോഗിച്ചിട്ടില്ല. എന്നാൽ നാട്ടിൽ ഇത് എങ്ങനെയാണ് പ്രതിഫലിക്കുന്നതെന്ന് ആലോചിക്കണം. മദ്യ ഉപഭോഗം കുറഞ്ഞില്ലെന്നുമാത്രമല്ല, മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം കൂടി, കേസ്സുകൾ വർദ്ധിച്ചു. മദ്യപാനി നേരത്തെ തൊട്ടടുത്തുള്ള ഏതെങ്കിലും ഔട്ട്‌ലെറ്റിൽ പോയി മദ്യം വാങ്ങുമായിരുന്നു. ഞാൻ വയനാട്ടിൽനിന്നും വരുന്നതുകൊണ്ട് എനിക്ക് നല്ലതുപോലെ അറിയാം, നാലുപേരെ ജോലിക്ക് വിളിച്ചാൽ അതിൽ ഒരാൾ മറ്റുള്ളവരിൽ നിന്നും പണം പിരിച്ചെടുത്ത് മദ്യം വാങ്ങാൻ പോകുകയാണ്, അത് അവരുടെ കുടുംബത്തിൽപ്പോലും കുഴപ്പമുണ്ടാക്കുന്ന രീതിയിലായിരിക്കുകയാണ്. ആളുകളുടെ ആരോഗ്യകരമായ മദ്യനയമാണ് നമ്മളെല്ലാവരുമായി ചർച്ചചെയ്തുണ്ടാക്കുന്നത്. അത് നിരോധിച്ചു കൊണ്ടല്ല. നിരോധനം പ്രാവർത്തികമല്ലെന്ന് അനുഭവങ്ങളിൽ നിന്നും പാഠം പഠിച്ചാൽ, അനുഭവങ്ങൾ നമ്മളെ മനസ്സിലാക്കിച്ചാൽ അത്

തിരിച്ചറിയാൻ നമുക്ക് കഴിയണം. എന്നാൽ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, എല്ലാവരും യോജിച്ച് മദ്യവർജ്ജനത്തിനുള്ള ക്യാമ്പയിൻ ആരംഭിക്കുമ്പോൾ സർക്കാർ അതിന്റെ കൂടെ നിൽക്കാമെന്ന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്. മാനന്തവാടി മണ്ഡലത്തിൽ കോളനികൾ കേന്ദ്രീകരിച്ച് ജനമൈത്രി എക്സൈസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അതിന്റെ റിസൾട്ട് അവിടെയുണ്ട്. കള്ള് കുടിക്കാൻ പാടില്ലെന്നുമാത്രമല്ല, സ്കൂളിൽ പോകാത്ത ആദിവാസി കുട്ടികളെ സ്കൂളിൽ എത്തിക്കുന്ന ജോലിയും അവർ ചെയ്യുന്നുണ്ട്. ജനമൈത്രി എക്സൈസ് പദ്ധതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ദിവസവും ആദിവാസി കുട്ടികൾ വിദ്യാലയങ്ങളിൽ എത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ഇങ്ങനെയാണ് സാമൂഹ്യമാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുന്നത്. അല്ലാതെ, 'അത് നിരോധിച്ചു, അങ്ങോട്ടാരും പോകണ്ട' എന്ന് പറഞ്ഞാൽ ആളുകൾ പോകാതിരിക്കില്ല. അനുഭവം നമ്മളെ നല്ല പാഠം പഠിപ്പിച്ചു. കഴിഞ്ഞ മൂന്നുനാല് വർഷത്തെ അനുഭവം എന്താണെന്ന് നല്ലതുപോലെ മനസ്സിലാക്കാൻ നമുക്ക് കഴിയണം. അനുഭവത്തിന് രാഷ്ട്രീയമില്ല. അവിടെ രാഷ്ട്രീയമല്ല, സാമൂഹികമായി എങ്ങനെയാണ് നമ്മുടെ നാട്ടിൽ അത് പ്രതിഫലിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കണം. മദ്യനയം നടപ്പിലാക്കുമ്പോൾ ഈ ഗവൺമെന്റിന് വ്യക്തമായ ധാരണയുണ്ട്. മദ്യനയത്തെ ക്കുറിച്ച് ജനങ്ങളോട് നല്ലതുപോലെ പറഞ്ഞിട്ടുണ്ട്. നിങ്ങൾ പ്രസംഗിക്കുമ്പോൾ, രാഷ്ട്രീയമായി എൽ.ഡി.എഫ്.-ന് മദ്യ രാജാക്കന്മാരുമായി ബന്ധമുണ്ടെന്ന് പറഞ്ഞ് കളിയാക്കുകയും ആക്ഷേപിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഔട്ട്ലെറ്റുകളിൽ ഭയങ്കര തിരക്കാണ്. ക്യൂ നിന്ന് മദ്യം വാങ്ങി കഴിക്കാൻ പലയാളുകളും വേറൊരാളുടെ സേവനം ഉപയോഗപ്പെടുത്തുകയാണ്. അവർക്കെല്ലാം മാന്യമായി കുടിക്കാൻ സാധിക്കുന്ന നിലയിൽ ഷോപ്പിംഗ് മാളുകളിൽ ഒരു ഔട്ട്ലെറ്റ് തുറക്കുന്നത് സംബന്ധിച്ച് അഭിപ്രായമെന്താണ്?

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യങ്ങളെല്ലാം ജനങ്ങളെ ജനങ്ങളുമായി ആലോചിച്ച് ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനിക്കേണ്ട കാര്യങ്ങളാണ്.

ശ്രീ. പി. ഉബൈദുള്ള: സർ, മെമ്പർ മദ്യം കഴിക്കുന്ന ആളല്ല, ഈ ഗവൺമെന്റിന്റെ നിലപാട് മദ്യവർജ്ജനമാണ്. പക്ഷേ മദ്യം വ്യാപകമാക്കിയിട്ട് പഞ്ചായത്തുകൾക്കുള്ള അധികാരം കവർന്നെടുത്ത് ഇഷ്ടംപോലെ മദ്യഷാപ്പ് തുറന്നോളൂ എന്നുപറഞ്ഞ് എങ്ങനെയാണ് മദ്യവർജ്ജനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? ബഹുമാനപ്പെട്ട മെമ്പർക്ക് നറുക്കെടുപ്പിൽ കുറി വീണ് സംസാരിക്കുന്നതാണെന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട മന്ത്രി ഇതിൽ നിന്ന് തടി രക്ഷപ്പെടുത്തിയതുപോലെ മെമ്പർക്ക് വേണമെങ്കിൽ ആരെയെങ്കിലും ചുമതലപ്പെടുത്താമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തടി രക്ഷപ്പെടുത്തിയതല്ല. ഡോ. കെ. ടി. ജലീൽ മന്ത്രിസ്ഥാനം ഏറ്റെടുത്തതിൽ നിങ്ങൾക്ക് കുറച്ച് ബുദ്ധിമുട്ടുണ്ടാകും. ആ ബുദ്ധിമുട്ട് മനസ്സിൽവച്ച് അദ്ദേഹത്തെ ആക്രമിക്കാനൊന്നും വരണ്ട കാര്യമില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊരു സാഹചര്യമുണ്ടായതെന്ന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതാണ്. മകളെ കോളേജിൽ ചേർക്കുന്നതിന് പോകാൻ പാടില്ലെന്നാണോ നിങ്ങൾ പറയുന്നത്? ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടി പോയതല്ലേ; അത് പറഞ്ഞാൽ മനസ്സിലാക്കണ്ടേ; ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിന്റെ വ്യക്തിപരമായ വിഷയമല്ല ഇത്. ഗവൺമെന്റിനുവേണ്ടിയാണ് അദ്ദേഹം ബിൽ അവതരിപ്പിക്കുന്നത്. ആ ഗവൺമെന്റ് മറ്റൊരു മന്ത്രിയെ അധികാരപ്പെടുത്തിക്കഴിഞ്ഞു. ചെയർ അക്കാര്യം റൂൾ ചെയ്തതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: എങ്കിൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കാം. ഇത് ബോധപൂർവ്വമാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, അതൊന്നും വ്യക്തിപരമായി എടുക്കേണ്ട കാര്യമല്ല. ഇതെല്ലാം ചെയ്യുന്നത് ഗവൺമെന്റിനുവേണ്ടിയാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, രണ്ട് എം.പി.മാർ കേരളത്തിൽനിന്നും ഡൽഹിയിൽ ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ പോയി അവിടെ എത്തിയില്ല എന്നറിയാൻ കഴിഞ്ഞു. അവർ എങ്ങോട്ടാണ് പോയതെന്ന് വല്ല പിടിയുമുണ്ടോ?

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, അതൊക്കെ അദ്ദേഹത്തെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നുണ്ട്. പക്ഷേ ഇവിടെ പറയാൻ പറ്റില്ലല്ലോ. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കെതിരായും ശ്രീ. വഹാബിനെതിരായും ഇവിടെ പറയാൻ പറ്റില്ല. അതിലേക്കൊന്നും ഞാൻ പോകുന്നില്ല. മദ്യവർജ്ജനമെന്നു പറയുന്നത് നിരോധനം കൊണ്ട് നടപ്പിലാക്കാൻ കഴിയുന്നതല്ലെന്ന് അനുഭവത്തിൽനിന്നും പാഠം പഠിച്ചാൽ അതിൽനിന്നും കാര്യങ്ങൾ മനസ്സിലാക്കാൻ കഴിയണം. ശ്രീ. കപിൽ സിബൽ ആണല്ലോ വാദിക്കാൻ പോയത്. ഇവരെല്ലാം കൂടി ഞങ്ങളുടെ മുഖം രക്ഷിക്കണമെന്നു പറഞ്ഞ് ശക്തമായി ആവശ്യപ്പെട്ടിട്ടാണ് ബിജു രമേശിന്റെ വക്കാലത്ത് ഒഴിഞ്ഞു കൊടുത്തത്. ശ്രീ. വി. പി. സജീന്ദ്രനെപ്പോലെയുള്ളവർ ആ കഥയൊന്നും പറയേണ്ട. നല്ലതുപോലെ അഡ്വാൻസും വക്കീൽ ഫീസും വാങ്ങി പിന്നീട് കോൺഗ്രസ്സിന്റെ അഖിലേന്ത്യാ നേതൃത്വം ഇടപെട്ടിട്ടാണ് വക്കാലത്ത് ഒഴിഞ്ഞിരിക്കുന്നത്. ഇത് എങ്ങനെയാണ് കേരളത്തിൽ ബാധിക്കുന്നത് എന്നുള്ളതാണ് ഇവിടത്തെ വിഷയം. ആരോഗ്യകരമായ ഒരു മദ്യനയം എങ്ങനെ നടപ്പിലാക്കാൻ കഴിയും എന്നതിനെ

കുറിച്ച് ഒരു തീരുമാനമാണ് നമ്മൾ എടുക്കേണ്ടത്. അതിന്റെ ഭാഗമായാണ് മദ്യലഭ്യതയുമായി ബന്ധപ്പെട്ട വിഷയങ്ങൾ. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിനകത്ത് കെ. കരുണാകരൻ ഉൾപ്പെടെയുള്ള ആളുകൾ പറഞ്ഞതെന്താണ്? നിങ്ങൾ പറഞ്ഞ കാര്യങ്ങളാണോ; അദ്ദേഹം കേരളത്തിലെ മുൻ മുഖ്യമന്ത്രിയായിരുന്നില്ലേ; മദ്യപാനവും അതിന്റെ ഉപഭോഗവുമായി ബന്ധപ്പെട്ടുകൊണ്ട് വളരെ വിശദമായി കണ്ടെത്തിയ റിപ്പോർട്ടല്ലേ ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്? അതിൽ പറഞ്ഞിരുന്ന കാര്യങ്ങൾ അന്ന് ഏതെങ്കിലും കോൺഗ്രസ് നേതാക്കന്മാർ എതിർത്തിരുന്നോ; ഉദയഭാനു കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് യോജിപ്പ് രേഖപ്പെടുത്തുകയല്ലേ ചെയ്തിരിക്കുന്നത്?

ശ്രീ. എം. ഉമ്മർ: സർ, പഞ്ചായത്തുകൾക്ക് അധികാര വികേന്ദ്രീകരണം നൽകുന്നതിനും ജനകീയാസൂത്രണം നടപ്പിലാക്കുന്നതിനും അധികാരം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും വല്ലാതെ ബുദ്ധിമുട്ടി നിയമം കൊണ്ടുവന്നത് എൽ.ഡി.എഫ്. ആണെന്നാണ് അവർ അവകാശപ്പെടുന്നത്. അതാത് സ്ഥലങ്ങളിൽ മദ്യശാലകൾ വേണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് കൊടുക്കുമ്പോൾ ജനാധികാരം താഴെക്കൊടുക്കുകയല്ലേ; അതുകൊണ്ട് അത് എങ്ങനെയാണ് ഇടതുപക്ഷത്തിന്റെ പോളിസിക്ക് എതിരാവുക? പഞ്ചായത്തുകൾക്കും ജനങ്ങൾക്കും അധികാരം കൊടുക്കുകയല്ലേ; അത് നല്ലകാര്യമല്ലേ; എന്തുകൊണ്ടാണ് നിങ്ങൾ അതിനെ എതിർക്കുന്നത്?

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഇടതുപക്ഷ ഗവൺമെന്റുകളാണ് ജില്ലാ കൗൺസിൽ രൂപീകരിച്ചിരുന്നത്. മലപ്പുറമൊഴികെ എല്ലാ ജില്ലാ കൗൺസിലുകളും ആ കാലഘട്ടത്തിൽ എൽ.ഡി.എഫ്.-ന് കിട്ടി. ശ്രീ. എ. കെ. ബാലൻ ആയിരുന്നു പാലക്കാട് ജില്ലാ കൗൺസിൽ പ്രസിഡന്റ്. കളക്ടറുടെ കീഴിലായിരുന്നു പ്രസിഡന്റ്. പിന്നീട് എന്തിനാണ് പിരിച്ചുവിട്ടതിനുശേഷം മാറ്റിയത്; അധികാര വികേന്ദ്രീകരണത്തെക്കുറിച്ചൊന്നും സംസാരിക്കേണ്ട കാര്യമില്ല. ഇവിടെ സംസ്ഥാന സർക്കാരിന്റെ അബ്കാരി നയം നടപ്പിലാക്കുന്നത് ഒരു പഞ്ചായത്തോ ഒരു മുനിസിപ്പാലിറ്റിയോ അല്ല. വിശാലമായ കാഴ്ചപ്പാടുണ്ടാകണം എന്ന ധാരണ മാത്രമേ അക്കാര്യത്തിലുള്ളൂ. മറ്റൊരു ബില്ലുകൂടി ഉള്ളതുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. ഉദയഭാനു കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ കേരളം നല്ലതുപോലെ ചർച്ച ചെയ്തതാണ്. മദ്യവർജ്ജനമാണ് കേരളത്തിൽ എല്ലാവരും അംഗീകരിക്കുന്നത്. അതാണ് കേരളത്തിന്റെ പൊതുമനസ്സ്. അത് കഴിഞ്ഞ തെരഞ്ഞെടുപ്പിലും നല്ലപോലെ പ്രതിഫലിച്ചിട്ടുണ്ട്. ആ രീതിയാണ് മനസ്സിലാക്കേണ്ടത്. മറ്റ് കാര്യങ്ങളൊന്നും പറയുന്നില്ല. ആരോഗ്യകരമായ മദ്യനയം നമുക്ക് അത്യാവശ്യമാണ്. ആ മദ്യനയത്തിന്റെ ഭാഗമായി എക്സൈസ് ഡിപ്പാർട്ടുമെന്റ് ഉൾപ്പെടെയുള്ള മേഖലകളിൽ മദ്യ ഉപഭോഗം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നല്ല പ്രവർത്തനങ്ങൾ നാടാകെ നടത്തുന്നുണ്ട്. ആ

പ്രവർത്തനങ്ങളിൽ ജനപ്രതിനിധികളെന്ന നിലയ്ക്ക് നമുക്കെല്ലാവർക്കും കൂട്ടായി യോജിച്ച് നിൽക്കാവുന്നതേയുള്ളൂ. ആ കാര്യങ്ങളാണ് നമ്മൾ മുന്നോട്ട് കൊണ്ടു പോകേണ്ടത്. മദ്യനയം കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ചപ്പോൾ തന്നെ കേരളത്തിലെ ജനങ്ങൾ അത് സ്വീകരിച്ചിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മദ്യനയം പ്രഖ്യാപിച്ചല്ലോ; നേരത്തേ എതിർപ്പുള്ള മദ്യവർജ്ജന സമിതികൾ അത്തരം കാര്യങ്ങളോട് പൊതുവെ യോജിപ്പാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അല്ലെങ്കിൽ കേരളത്തിന്റെ അന്തരീക്ഷം ഇങ്ങനെയല്ല. വലിയ സമരങ്ങളും മറ്റ് കാര്യങ്ങളും ഉയർന്നുവരുമല്ലോ; പൊതുവെ എല്ലാവർക്കും സ്വീകാര്യമായിട്ടുള്ള, ആരോഗ്യപരമായ രീതിയിലുള്ള, നിയന്ത്രണത്തിന് വിധേയമാകുന്ന ഒരു മദ്യനയമാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ആ മദ്യനയം സംസ്ഥാനത്തിന്റേതാണ്. അത് നടപ്പിലാക്കാൻ ഏതെങ്കിലുമൊരു പഞ്ചായത്തിനെ ഏൽപ്പിക്കുകയല്ല വേണ്ടത്. അതല്ല ജനാധിപത്യപരം. അത് അധികാരം പിടിച്ചെടുക്കലുമല്ല. ഈ നയം നടപ്പിലാക്കുന്നതിനുള്ള നടപടിയാണ് കേരളത്തിലെ ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായിട്ടാണ് ഈ ഭേദഗതി എന്നുള്ള കാര്യം എല്ലാവർക്കുമറിയാം. യു.ഡി.എഫ്. കൊണ്ടുവന്നിട്ടുള്ള ഭാഗികമായെന്ന് പറയുന്ന മദ്യനിരോധനം നാടാകെ അംഗീകരിച്ചിട്ടില്ല. അതിന്റെ ശിക്ഷയെല്ലാം ശ്രീ. കെ. ബാബു ഉൾപ്പെടെയുള്ള ആളുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം കേസ്സിൽപ്പെട്ട് ഉഴലുകയാണെന്ന് എല്ലാവർക്കുമറിയാം. അതുകൊണ്ട് ഞാൻ മറ്റ് വിശദാംശങ്ങളൊന്നും പറയുന്നില്ല. നിർത്തുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, നാല് ബഹുമാനപ്പെട്ട അംഗങ്ങളാണ് ഈ ചർച്ചയിൽ പങ്കെടുത്തത്. ഒരു തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയുടെ ഭാഗമായിട്ടാണ് ഞങ്ങൾ അധികാരത്തിൽ വന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പ്രഖ്യാപിച്ചതാണ്. അതിൽ ഒരു അവ്യക്തതയുമില്ലാതെ മദ്യനയം ഞങ്ങൾ വ്യക്തമാക്കിയതാണ്. അതിനുശേഷം ഗവൺമെന്റ് അധികാരത്തിൽ വന്നതിനെ തുടർന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് അബ്കാരിനയവും വ്യക്തമാക്കി. അതിന്റെ ഉള്ളടക്കത്തിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കാനാഗ്രഹിക്കുന്നില്ല. യു.ഡി.എഫ്.-ന്റെ നയമല്ല ഇക്കാര്യത്തിൽ എൽ.ഡി.എഫ്.നുള്ളത്. നേരത്തേ ഇവിടെ സൂചിപ്പിച്ചതു പോലെ യു.ഡി.എഫ്.-ന്റെ നയം മദ്യനിരോധനമാണ്. ഞങ്ങളുടേത് മദ്യവർജ്ജനവുമാണ്. മദ്യവർജ്ജനമെന്നത് ഞങ്ങൾ ഒരു മാർഗ്ഗമായിട്ടാണ് സ്വീകരിക്കുന്നത്. ആത്യന്തികമായി മദ്യനിരോധനമാണ് ഞങ്ങളും ലക്ഷ്യംവയ്ക്കുന്നത്. മദ്യനിരോധനം ഒരു നിയമത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ സാധിക്കുന്നതല്ല. അങ്ങനെ വന്നാൽ മദ്യനയവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ സാധിക്കില്ല. നിയമത്തെ ലംഘിച്ചുകൊണ്ട് ജനങ്ങൾ മറ്റ് വഴിയിലേയ്ക്ക് പോകും. സ്വാഭാവികമായും രാജ്യത്ത് നിലവിലുള്ള ചില വികാരങ്ങൾ, അനുഭവങ്ങൾ ഇതൊക്കെ നമ്മൾ

മനസ്സിലാക്കേണ്ടതുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് മദ്യവർജ്ജനനയം എൽ.ഡി.എഫ്. സ്വീകരിച്ചത്. ഒരിക്കലും മദ്യത്തെയോ മയക്കുമരുന്നിനെയോ പ്രോത്സാഹിപ്പിക്കുന്ന ഒരു ഗവൺമെന്റല്ല ഇത്. മനുഷ്യന്റെ ആരോഗ്യത്തെയും ചിന്തയെയും ഏതെല്ലാം തലത്തിൽ ബാധിക്കുന്നതാണ് മദ്യം; മയക്കുമരുന്നിനെ സംബന്ധിച്ച് ബോദ്ധ്യമുള്ളതു കൊണ്ടാണ് ഞാൻ പ്രതിനിധീകരിക്കുന്ന പാർട്ടിയിൽ ഒരു മെമ്പറാകണമെങ്കിൽ പരിപൂർണ്ണമായും മദ്യം ഒഴിവാക്കണമെന്ന് പറയുന്നത്. മദ്യപാനിയായിട്ടുള്ള ഒരാൾക്കും കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വമില്ല. അങ്ങനെയുള്ള ഒരു നയം നിങ്ങൾ സ്വീകരിച്ചു കഴിഞ്ഞാൽ എത്രയാളുകൾ നിങ്ങളുടെ കൂടെയുണ്ടാകും എന്നുള്ളതുകൂടി നിങ്ങൾ ആലോചിക്കുന്നത് നല്ലതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, പണ്ടൊരു സമ്മേളനത്തിൽ ഉഷാ ഉതുപ്പിന്റെ ഗാനമേളയാണോ നടക്കുന്നതെന്ന് നിങ്ങൾക്ക് ചോദിക്കേണ്ടി വന്നില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, കണ്ണൂരിൽ ശ്രീ. കെ. സുധാകരൻ ഉൾപ്പെടെയുള്ള യു.ഡി.എഫ്. നേതാക്കൾ എത്ര തവണ മദ്യനയത്തിനെതിരായി പ്രതികരിച്ചിട്ടുണ്ട്? കെ.പി.സി.സി.-യുടെ സെക്രട്ടറിയായ എന്റെ ഒരു സുഹൃത്ത് പറഞ്ഞത്, ഇതുമായി ബന്ധപ്പെട്ട് കെ.പി.സി.സി. ഓഫീസിൽ തല്ലുണ്ടായെന്നാണ്. ശരിയോ തെറ്റോയെന്നുള്ളത് വേറെ പ്രശ്നം. ഞാൻ അതിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല.

ഡോ. കെ. ടി. ജലീൽ പോയതിനെക്കുറിച്ച് ഞാനിവിടെ പറഞ്ഞു. ഒരു മന്ത്രിക്ക് അത് ചുമതലപ്പെടുത്തുന്നതിനുള്ള നിയമപരമായ കാര്യങ്ങളെക്കുറിച്ച് ഇവിടെ റൂളിംഗും കൊടുത്തു. അക്കാര്യത്തിൽ യാതൊരു സംശയവും ആർക്കുമുണ്ടാകില്ല.

ശ്രീ. വി. ടി. ബൽറാം: സർ, മദ്യനയത്തിന്റെ കോൺസൻസസ് ഒരു ഭാഗത്ത്, ഇവിടെ ഈ ബില്ലുമായി ബന്ധപ്പെട്ട് ഞങ്ങൾക്ക് ഒരു കോൺസൻസസുണ്ട്. ഇത് അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കുന്നതാണ്. അക്കാര്യത്തിൽ സി.പി. ഐ.(എം.)-ന്റെയും ഇടതുപക്ഷത്തിന്റെയും പ്രഖ്യാപിത നിലപാടിൽനിന്നും വ്യത്യസ്തമായ നിലപാടാണിത്. 1995-ൽ പഞ്ചായത്ത് രാജ് നിയമത്തിലൂടെ പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം പിന്നീട് ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ തിരിച്ചെടുക്കുകയും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അത് വീണ്ടും പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തു.

ശ്രീ. എ. കെ. ബാലൻ: സർ, മനസ്സിലായി. അതിലേയ്ക്കാണ് ഞാൻ വരാൻ പോകുന്നത്. നിങ്ങളുടെ മദ്യനയവും ഞങ്ങളുടെ മദ്യനയവും തമ്മിലുള്ള വ്യത്യാസം ഇവിടെ വ്യക്തമാക്കിയതാണ്. കൂടാതെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിലും അത് വ്യക്തമാക്കിയതാണ്. ഇവിടെ നേരത്തെ സംസാരിച്ച ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. ടി. ബൽറാമും മറ്റുള്ളവരും പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയാൻ നിർബന്ധിക്കപ്പെടുകയാണ്. 1994-ലാണ്

കേരള പഞ്ചായത്ത് രാജ് ഒറിജിനൽ ആക്ടിൽ ഈ വകുപ്പുകൾ വരുന്നത്. 1999-ൽ ഞങ്ങൾ ഭേദഗതി വരുത്തി സെക്ഷൻ 232-ലെ 2, 3, 4 ഉപവകുപ്പുകൾ ഡിലീറ്റ് ചെയ്തു. അതിനുശേഷം ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. വി. എസ്. അച്ചുതാനന്ദനും അധികാരത്തിൽ വന്നിട്ടുണ്ട്. ഇത് മാറ്റിയിട്ടില്ല. 2013-ലാണ് ഇത് മാറ്റാൻ നിങ്ങൾ നിർബന്ധിക്കപ്പെട്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾക്ക് അത് മാറ്റാനുള്ള സാമൂഹിക സാഹചര്യമുണ്ടായി.

ശ്രീ. എ. കെ. ബാലൻ: സർ, അത് നിങ്ങൾക്കിടയിലുള്ള പ്രശ്നമായിരുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞങ്ങളുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഉണ്ടായിരുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി. ടി. ബൽറാം അവിടെ ഇരിക്കൂ. അങ്ങ് പറയുന്നതിനേക്കാൾ കൂടുതൽ ഇടപെട്ട് സംസാരിച്ചിരുന്ന ഒരാളാണ് ഞാൻ. ഇപ്പോൾ എനിക്ക് അതിനുള്ള ആരോഗ്യമില്ല. അതുകൊണ്ടാണ് ഇരിക്കൂ എന്ന് പറയുന്നത്. 2013-ൽ ഒഴിവാക്കിയ ക്ലോസുകൾ വീണ്ടും ഇൻസെർട്ട് ചെയ്യാൻ നിർബന്ധിക്കപ്പെട്ടത് നിങ്ങളുടെ ഇടയിലുള്ള പ്രശ്നമാണ്. മദ്യനയവുമായി ബന്ധപ്പെട്ട് കെ.പി.സി.സി. പ്രസിഡന്റും ശ്രീ. ഉമ്മൻ ചാണ്ടിയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെ വാർത്തകൾ പ്രസിദ്ധീകരിച്ച അന്നത്തെ മലയാള മനോരമ, മാതൃഭൂമി എന്നീ പത്രങ്ങൾ എന്റെ കയ്യിലുണ്ട്. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട വിഷയങ്ങളെ സംബന്ധിച്ച് 243 (G) ആർട്ടിക്കിൾ പ്രകാരം $11^{th}$ ഷെഡ്യൂളിൽ പെടുത്തിയിട്ടുള്ള വിഷയങ്ങൾ ഇതൊക്കെയാണ്:-

1. Agriculture, including agricultural extension.
2. Land improvement, implementation of land reforms, land consolidation and soil conservation.
3. Minor irrigation, water management and watershed development.
4. Animal husbandry, dairying and poultry.
5. Fisheries.
6. Social forestry and farm forestry.
7. Minor forest produce.

8. Small scale industries, including food processing industries.
9. Khadi, village and cottage industries.
10. Rural housing.
11. Drinking water.
12. Fuel and fodder.
13. Roads, culverts, bridges, ferries, waterways and other means of communication.
14. Rural electrification, including distribution of electricity.
15. Non-conventional energy sources.
16. Poverty alleviation programme.
17. Education including primary and secondary schools.
18. Technical training and vocational education.
19. Adult and non-formal education.
20. Libraries.
21. Cultural activities.
22. Markets and fairs.
23. Health and sanitation including hospitals, primary health centres and dispensaries.
24. Family welfare.
25. Women and child development.
26. Social welfare including welfare of the handicapped and mentally retarded.
27. Welfare of the weaker sections and in particular of the Scheduled Castes and the Scheduled Tribes.
28. Public distribution system.
29. Maintenance of community assets.

<u>ശ്രീ. എം. ഉമ്മർ:</u> സർ, അങ്ങ് ഇവിടെ വായിച്ച കൂട്ടത്തിൽ ജനകീയാസൂത്രണം ഉൾപ്പെടുമോ; അത് നിങ്ങൾ കൊടുത്തതല്ലേ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ജനകീയാസൂത്രണമെന്ന് പറയുന്നതും അധികാര വികേന്ദ്രീകരണമെന്ന് പറയുന്നതും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ഇതിൽ ഏത് വിഷയങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടതെന്നുള്ളത് ഭരണഘടന ഭേദഗതി ചെയ്ത് 11th ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ മദ്യത്തെ/അബ്കാരിയെ സംബന്ധിച്ച് പറഞ്ഞിട്ടില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് വായിച്ചതൊക്കെ കറക്ടാണ്. പാർലമെന്റ് പാസ്സാക്കിയപ്പോൾ 29 ഇനങ്ങൾ സ്റ്റേറ്റ് അസംബ്ലിക്ക് തീരുമാനിക്കാമെന്നുള്ള നിലയിൽ ഇവിടേയ്ക്ക് റഫർ ചെയ്യുകയും നമ്മൾ അതിനെക്കുറിച്ച് ഡിസിഷനെടുക്കുകയും ചെയ്തു. പക്ഷേ, അതിൽ പഞ്ചായത്തിന് പുതിയൊരു അധികാരം കൊടുത്തുകൂടായെന്ന് എഴുതിയിട്ടില്ല. പഞ്ചായത്തിന് പുതിയ അധികാരം കിട്ടി. താഴെയുള്ള സമിതികളെ സ്ട്രെങ്ത്തൻ ചെയ്യുക എന്നുള്ളത് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എല്ലാവരുടേയും പൊതുവായ ഒരു ലക്ഷ്യമാണ്. അവർക്ക് കൊടുത്തിരിക്കുന്ന അധികാരം തിരിച്ചെടുക്കുമ്പോൾ അധികാര കേന്ദ്രീകരണമാണ്. അത് നമ്മളെടുക്കുന്ന നിലപാടുകളുടെ കോൺട്രഡിക്ഷനാകും. ആ കോൺട്രഡിക്ഷനിലോട്ട് അങ്ങ് പോകുന്നത് ശരിയല്ല.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഞാൻ അതിലേയ്ക്കാണ് വരുന്നത്. ഈ കൊടുത്ത വിഷയങ്ങളേക്കാൾ കൂടുതൽ ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് താഴെത്തട്ടിൽ കൊടുക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. അതിന് ഒരു ബാറുമില്ല. എന്നാൽ 1994-ൽ ഇതിൽ പറയാത്ത കാര്യങ്ങൾ നിങ്ങൾ കൊടുത്തതിനുശേഷമുണ്ടായ സംഭവങ്ങളിലേയ്ക്കാണ് ഞാൻ പോകുന്നത്. അതിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെയും ശ്രീ. എ. കെ. ആന്റണിയുടെയും ശ്രീ. വി. എസ്. അച്യുതാനന്ദന്റെയും കാലഘട്ടത്തിലില്ലാത്ത ഒരു പ്രശ്നം പിന്നീട് രൂപപ്പെട്ടതിന്റെ ഭാഗമായാണ് നിങ്ങൾ ഭേദഗതി കൊണ്ടുവന്നത്. ആ ഭേദഗതിയുടെ ഭാഗമായി എന്തുണ്ടായി? സംസ്ഥാനത്ത് കോംപ്രിഹെൻസീവായ ഒരു നിയമമുണ്ട്. അതാണ് അബ്കാരി ആക്ട്. അബ്കാരി ആക്ടിൽ പറയുന്ന കാര്യങ്ങൾ എന്തുതന്നെയായാലും പഞ്ചായത്തിലേയ്ക്ക് വരുമ്പോൾ പഞ്ചായത്ത് രാജ് ആക്ടാണ് നിലനിൽക്കുക. ഇവിടെ രണ്ട് റെസ്പോൺസിബിലിറ്റി രണ്ട് സ്ഥാപനങ്ങളിലും വരികയാണ്. അബ്കാരി ആക്ടുമായും റൂളുമായും ബന്ധപ്പെട്ടുകൊണ്ട് ഒരു ഭാഗത്ത് കാര്യങ്ങൾ നടക്കുന്നു. മറ്റൊരു ഘട്ടത്തിൽ അബ്കാരി ആക്ടിൽ എന്തുതന്നെ പറഞ്ഞാലും പഞ്ചായത്ത് രാജ് ആക്ട് ഭേദഗതി ചെയ്തതിന്റെ ഭാഗമായി പഞ്ചായത്തുകൾക്ക് കിട്ടിയിട്ടുള്ള അധികാരം ഇതുമായി ഏറ്റുമുട്ടുകയാണ്. ഏറ്റവും നന്നായി ഭരണകക്ഷിയും പ്രതിപക്ഷവും കോൺസൻസസോടുകൂടി വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും നടത്തുന്നത് പഞ്ചായത്ത് സ്ഥാപനങ്ങളിലാണ്. അവിടെ എന്തുണ്ടായി? ഭരണപക്ഷവും

പ്രതിപക്ഷവും രണ്ട് ചേരിയിലാകുന്നു. ഭരണകക്ഷിക്കുള്ളിൽത്തന്നെ പ്രശ്നങ്ങളുണ്ടാകുന്നു, പ്രതിപക്ഷത്തും പ്രശ്നങ്ങളുണ്ടാകുന്നു. ശ്രീ. വി. എം. സുധീരൻ ഇടപെട്ടതിനുശേഷം പഞ്ചായത്ത് എടുത്ത ഒരു തീരുമാനം റദ്ദുചെയ്യേണ്ടിവന്നു. കേരളത്തിൽ ഇങ്ങനെ എത്ര അനുഭവങ്ങളുണ്ടായി? പഞ്ചായത്തുകൾക്ക് ഈ അധികാരം കൊടുത്തത് തെറ്റാണെന്ന ധാരണയിൽ അന്നത്തെ കെ.പി.സി.സി. പ്രസിഡന്റുതന്നെ ഇടപെട്ട് ഒരു പഞ്ചായത്ത് എടുത്ത തീരുമാനം മാറ്റിവയ്ക്കേണ്ടിവന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് കോൺഗ്രസ്സിനകത്തെ ആഭ്യന്തര തർക്കമല്ല. സി.പി.ഐ.(എം.)-നകത്തും ഇതുപോലെ വ്യത്യസ്ത അഭിപ്രായമുള്ളവരുണ്ട്. ഈ സഭയ്ക്ക് അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന പൊളിറ്റിക്കൽ പാർട്ടികളിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകാം. It's a specific question. നമ്മൾ അധികാര വികേന്ദ്രീകരണം പറഞ്ഞുപറഞ്ഞ് അധികാര കേന്ദ്രീകരണത്തിലേയ്ക്ക് പോകുകയാണ്. ആ അധികാര കേന്ദ്രീകരണത്തിന് ഒരു നിമിത്തമായി ഇത് വന്നുവെന്ന് മാത്രമേയുള്ളൂ. Way to major principle. കൊടുത്തിരിക്കുന്ന അധികാരം തിരിച്ചെടുക്കുകയെന്നുള്ളതാണ്. അങ്ങ് ഇവിടെ പറഞ്ഞതുപോലെ എക്സൈസ് ഡിപ്പാർട്ടുമെന്റുമായി തർക്കമില്ല. തർക്കം വരുന്നത് പഞ്ചായത്തുകൾക്കുള്ള അധികാരം 'എല്യക' നിശ്ചയിക്കുന്നതിലാണ്. എല്യക 'എ' വേണോ 'ബി' വേണോ 'സി' വേണോ എന്നുള്ളതാണ്. അതുകൊണ്ട്, 'എല്യക' നിശ്ചയിക്കാനുള്ള വളരെ തുച്ഛമായ അധികാരമെങ്കിലും പഞ്ചായത്തുകൾക്ക് കൊടുക്കണം. അതുകൂടി എടുത്തുകൊണ്ട് പോകരുതെന്നാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, അധികാരവും ജനങ്ങളും തമ്മിലുള്ള അതിർവരമ്പ് ഇല്ലാതാക്കി അധികാരത്തെ ജനങ്ങളിലേയ്ക്കും ജനങ്ങളെ അധികാരത്തിലേയ്ക്കും ലയിപ്പിക്കുന്ന ഒരു മഹാപ്രസ്ഥാനത്തിന് അധികാര വികേന്ദ്രീകരണത്തിന്റെ/ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നേതൃത്വം കൊടുത്ത ഒരു പ്രസ്ഥാനമാണ് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം. അതിന് കടകവിരുദ്ധമായി ആരുടെ ഭാഗത്തുനിന്നും എന്തുണ്ടായാലും അതിനോട് ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. ഇവിടെ സ്പെസിഫിക്കായി അബ്കാരി ആക്ടും അബ്കാരി ചട്ടവും നിലനിൽക്കുന്നു എന്നുള്ളതാണ് പ്രശ്നം. അതോടൊപ്പം മുനിസിപ്പൽ ഭരണവുമായി ബന്ധപ്പെട്ട് ചില അധികാരങ്ങൾ അവർക്കും കൊടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി ഉണ്ടാകുന്ന വൈരുദ്ധ്യവും ഏറ്റുമുട്ടലും പല സ്ഥലത്തും പ്രശ്നങ്ങളുണ്ടാക്കി. അതിന്റെ ഭാഗമായാണ് ഇപ്പോൾ 2, 3, 4, 5 എന്നീ ഉപവകുപ്പുകൾ എടുത്തുകളയുന്നത്. മാത്രമല്ല 2, 3, 4 എന്നീ സബ് ക്ലോസുകളുടെ പ്രാബല്യം 25-11-2012 മുതലാണ്. അപ്പോൾ ഒരു പഞ്ചായത്തിൽ രണ്ട് സ്ഥാപനങ്ങൾ സ്ഥിതി ചെയ്താൽ ഒരു സ്ഥാപനത്തെ ഒന്നും ചെയ്യാൻ പറ്റില്ല. 2012-നുശേഷം വരുന്നതിനെ എന്തു ചെയ്യാൻ പറ്റും? ഇതേ രൂപത്തിലുള്ള നിരവധി പ്രശ്നങ്ങൾ ഇത് പ്രാബല്യത്തിൽ വന്നതുമായി ബന്ധപ്പെട്ട് ഉണ്ടായി. പഞ്ചായത്ത്

രാജ് ആക്ടിലെ 232-ാം വകുപ്പിലെ രണ്ട് മുതൽ അഞ്ചുവരെയുള്ള ഉപവകുപ്പുകളും അതിനുശേഷമുള്ള വിശദീകരണവുമാണ് ഒഴിവാക്കുന്നത്. അതിൽ ഒഴിവാക്കുന്ന രണ്ടാം ഉപവകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് അബ്കാരി ഷാപ്പുകൾ സ്ഥാപിക്കാൻ പഞ്ചായത്തിന്റെ രേഖാമൂലമുള്ള അനുവാദവും പഞ്ചായത്ത് നിർദ്ദേശിക്കുന്ന നിബന്ധനകളും പാലിക്കേണ്ടതുണ്ട്. അബ്കാരി ഷാപ്പുകളും അബ്കാരി നിയമത്തിൻ കീഴിൽ അനുവദിക്കുന്ന ലൈസൻസ് പ്രകാരമുള്ള മറ്റ് സ്ഥാപനങ്ങളും അബ്കാരി ആക്ടിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായാണ് സ്ഥാപിക്കുന്നത് എന്നതുകൊണ്ടുതന്നെ പഞ്ചായത്ത് രാജ് ആക്ടിൽ മറ്റൊരു വ്യവസ്ഥ ആവശ്യമില്ല. അതാണ് ക്ലോസ് രണ്ടുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഒഴിവാക്കുന്ന മൂന്നാം ഉപവകുപ്പുപ്രകാരം, അബ്കാരി ഷാപ്പുകൾ സ്ഥാപിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ആരാധനാലയങ്ങളിൽനിന്നും നിശ്ചിത ദൂരപരിധി പാലിക്കേണ്ടതുണ്ട്. ഇതേ വ്യവസ്ഥകൾതന്നെ അബ്കാരി ആക്ട് പ്രകാരമുള്ള ലൈസൻസിംഗ് നിബന്ധനകളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ചട്ടത്തിലുമുണ്ട്. അതുകൊണ്ട് പഞ്ചായത്ത് രാജ് ആക്ടിൽ ഇതൊരു പ്രത്യേക ക്ലോസായി ആവശ്യമില്ല. ഒഴിവാക്കുന്ന നാലാം ഉപവകുപ്പുപ്രകാരം പൊതുസമാധാനത്തിന്റേയോ സൻമാർഗ്ഗത്തിന്റെയോ പേരിൽ അബ്കാരി ഷാപ്പുകൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റാനോ അടച്ചുപൂട്ടാനോ പഞ്ചായത്തുകൾക്ക് അധികാരം നൽകുന്നുണ്ട്. ഇക്കാര്യത്തിലും അബ്കാരി ആക്ടിൽ കൃത്യമായ വ്യവസ്ഥയുണ്ട്. ഒഴിവാക്കുന്ന അഞ്ചാം ഉപവകുപ്പുപ്രകാരം മേൽവിവരിച്ച രണ്ട് മുതൽ നാല് വരെയുള്ള ഉപവകുപ്പുകളിലെ വ്യവസ്ഥകൾ 2012 നവംബർ 25-ാം തീയതി മുതൽ പ്രാബല്യത്തിൽ ഉണ്ടാകുമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് നിലവിൽ വരുന്നത് 2012 നവംബർ 25-നുശേഷമാണ്. അതുകൊണ്ടുതന്നെ പ്രസ്തുത തീയതിക്കുമുമ്പ് സ്ഥാപിക്കപ്പെട്ട അബ്കാരി ഷാപ്പിന് ഈ നിബന്ധനകൾ ബാധകമല്ല. ഈ വിവേചനം ഒരു പഞ്ചായത്ത് അതിർത്തിക്കകത്തുതന്നെ പഞ്ചായത്തിന്റെ നിയന്ത്രണമുള്ളതും ഇല്ലാത്തതുമായ രണ്ടുതരം സ്ഥാപനങ്ങൾ നിലവിൽ വരുന്നതിന് കാരണമായി. ഇതുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളുണ്ടായി. അതുകൊണ്ട് വിവേചനപരമായ ഈ വ്യവസ്ഥയും ഒഴിവാക്കേണ്ടതുണ്ട്. ഇതാണ് രണ്ട്, മൂന്ന്, നാല്, അഞ്ച് ഉപവകുപ്പുകളുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുവിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇപ്പോൾ നാട്ടിൽ ബിവറേജസ്/ഷാപ്പ് എവിടെ തുടങ്ങിയാലും അവിടെയെല്ലാം സമരം നടക്കുന്ന സ്ഥിതിയാണ്. Local aspirations മനസ്സിലാക്കാൻ കഴിയുന്നത് പഞ്ചായത്ത് സമിതികൾക്കും മുനിസിപ്പൽ സമിതികൾക്കുമാണ്. തിരുവനന്തപുരത്ത് ഇരുന്ന് തീരുമാനമെടുക്കാൻ നമുക്ക് കഴിയില്ല. ഇതിന്റെ ഫലമായി നാട്ടിൽ എല്ലായിടത്തും

സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തിന് ഒരു രക്ഷയുമില്ലാതെ വന്നതോടുകൂടി, ഗവൺമെന്റ് തിരുവനന്തപുരത്ത് ഇരുന്ന് തീരുമാനിക്കുന്ന സ്ഥലങ്ങളിലെല്ലാം ബിവറേജസ് ഔട്ട്ലെറ്റുകളും ഷാപ്പുകളും തുടങ്ങുന്നു. അവിടെയെല്ലാം സമരങ്ങൾ നടക്കുകയാണ്. അതുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് ഇത്തരമൊരു നടപടി സ്വീകരിച്ചത്. നിങ്ങൾ ഇതിന്റെ പ്രാക്ടിക്കൽ സൈഡ് ഗൗരവമായി ആലോചിക്കണം. അത് ചെയ്യുന്നുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, നിങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും പരിശോധിച്ച ശേഷമാണ് ഈ നാല് വകുപ്പുകളും ഒഴിവാക്കാൻവേണ്ടി തീരുമാനിച്ചത്. ഇതുകൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ ഗുണം പഞ്ചായത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങൾ മാറിക്കിട്ടുകയും ചെയ്യും എന്നുള്ളതാണ്. ഷാപ്പ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടക്കുന്ന എല്ലാ കാര്യങ്ങളും ഇപ്പോൾ ഞാൻ പറയുന്നില്ല. പഞ്ചായത്തിൽ ഒരു ബ്യൂറോക്രാറ്റ് ഉണ്ടാകും. ജനപ്രതിനിധികളെ സംബന്ധിച്ച് ഞാൻ അങ്ങനെ പറയുന്നില്ല. അവിടെ ഒരു ലൈസൻസിയുണ്ടാകും. ഇത് ഗവൺമെന്റിന്റെ അധികാരത്തിൽ ഇരുന്നോട്ടെ, പഞ്ചായത്ത് ഏറ്റെടുക്കണ്ട. അബ്കാരി ഷാപ്പ് തുടങ്ങുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് തലത്തിലുള്ള വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ഏതൊക്കെ രൂപത്തിലാണ് അലങ്കോലപ്പെടുന്നത്? ഇവിടെ കോംപ്രിഹെൻസീവായ ഒരു അബ്കാരി ആക്ടും ചട്ടവുമില്ലേ? നമുക്ക് അതുവച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാം. മാത്രമല്ല ഈ അധികാരം ഭരണഘടനാപരമായി അനുവദിച്ചിട്ടുള്ളതുമല്ല; ഭരണഘടനയുടെ ലിസ്റ്റിലുമില്ല. പിന്നെ എന്താണ് പ്രശ്നം? അതുകൊണ്ട് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സണ്ണി ജോസഫ്, 2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ, അങ്ങയുടെ '1 എ' ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. കെ. ശശീന്ദ്രൻ, അങ്ങയുടെ '2 ബി' ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. കെ. ശശീന്ദ്രൻ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. കെ. ശശീന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, അങ്ങേയ്ക്ക് 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ, അങ്ങേയ്ക്ക് 2017-ലെ കേരള മുനിസിപ്പാലിറ്റി (ദേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri. T. A. Ahammed Kabeer: Sir, I move that- " This House resolves to disapprove The Kerala Municipality (Amendment) Ordinance, 2017 (Ordinance No. 19 of 2017)."

വളരെ നിർഭാഗ്യകരമായൊരു തീരുമാനമാണിത്. ഈ ഭേദഗതിയിൽ ഒരു വെല്ലുവിളിയുടെ സ്വഭാവമുണ്ട്. നിങ്ങൾക്ക് സഭയിൽ ഭൂരിപക്ഷമുണ്ട്. സബ്ജക്ട് കമ്മിറ്റിയിലും നിങ്ങൾക്കനുകൂലമായ തീരുമാനമുണ്ടാകും. പക്ഷേ ഈ വെല്ലുവിളി ആരോടാണ്; യു.ഡി.എഫ്.-നോട് മാത്രമാണെന്ന് ഞങ്ങൾ കരുതുന്നില്ല. ഇത് കേരളത്തിലെ ജനങ്ങളോടുള്ള വെല്ലുവിളിയാണ്. കേരളത്തിലെ സ്ത്രീകളോടുള്ള വെല്ലുവിളിയാണ്. നമ്മുടെ ചെറുപ്പക്കാർ മദ്യപാനത്തിനടിമപ്പെട്ട് ജീവിച്ചാൽ നിങ്ങൾക്ക് പ്രശ്നമില്ലെന്ന വെല്ലുവിളിയാണ്. ഞാൻ ഉറപ്പിച്ചുപറയുകയാണ്, നിങ്ങൾക്ക് സഭയിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് ഞങ്ങളെ വെല്ലുവിളിക്കാം. പക്ഷേ ആ വെല്ലുവിളിയിൽ നിങ്ങൾക്കെതിരായൊരു താക്കീതുണ്ട്. അത് കാലം തെളിയിക്കും. അതിൽ യാതൊരു സംശയവും വേണ്ട. നമ്മളിപ്പോൾ ഭരണഘടന ഭേദഗതിയെക്കുറിച്ചൊക്കെ പറയുന്നുണ്ടല്ലോ. 1925-ൽ ശ്രീമൂലം രാജാവ് വില്ലേജ് പഞ്ചായത്ത് ആക്ട് കൊണ്ടുവന്ന സ്ഥലമാണിത്. പ്രാദേശിക ഭരണകൂടങ്ങൾക്ക് അധികാരം കൈമാറുന്ന ആശയം. ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് എന്റെ നേതാവ് അഹമ്മദ് കുരിക്കൾ പഞ്ചായത്ത് മന്ത്രിയായിരുന്നു. അന്ന് അദ്ദേഹം അധികാര വികേന്ദ്രീകരണം ഉണ്ടാകണമെന്ന് പറഞ്ഞു. ആ നിയമമാണ് രാജീവ് ഗാന്ധി ഒരുപാട് എതിർപ്പുകളെ അതിജീവിച്ച് ഇവിടെ കൊണ്ടുവന്നത്. ആ ഭരണഘടനാ ഭേദഗതിയാണ് പ്രാദേശിക ഭരണകൂടങ്ങൾക്ക് അന്തസ്സായി, ശ്രീമൂലം രാജാവ് ആഗ്രഹിച്ച രീതിയിൽ ഒരു പ്രദേശത്തിന്റെ ഭരണകൂടത്തിൽ പ്രദേശികമായ ഇടപെടലിന് അവസരം കൊടുക്കുന്ന തീരുമാനമുണ്ടായത്. ഇവിടെ മൂന്ന് വിഷയമുണ്ട്. ഒന്ന്, അധികാര വികേന്ദ്രീകരണം. രണ്ട്, ഭരണഘടനാ ഭേദഗതിയിലൂടെ പ്രാദേശിക ഭരണകൂടങ്ങൾക്ക് ലഭിച്ച സ്ഥാനം. മൂന്നാമത്തേത് എൽ.ഡി.എഫ്.-ഉം ആയി ബന്ധപ്പെട്ടതാണ്. ജനകീയാസൂത്രണം കൊട്ടിഘോഷിച്ച് നടത്തിയൊരു സംഗതിയാണ്. അവിടെയെല്ലാം നിങ്ങൾ പറഞ്ഞത് പ്രാദേശിക ഭരണകൂടങ്ങളുടെ അവകാശങ്ങളെക്കുറിച്ചും അധികാര വികേന്ദ്രീകരണത്തെക്കുറിച്ചുമായിരുന്നു. ഞങ്ങൾ ഇവിടെ കൊണ്ടുവന്ന നിയമനിർമ്മാണം സ്ത്രീകളുടെയും ചെറുപ്പക്കാരുടെയും ശബ്ദമായിരുന്നു. രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങൾ ഞങ്ങളുടെ ക്യാമ്പിലും അപ്പുറത്തെ ക്യാമ്പിലുമുണ്ട്. എന്നാൽ ഇവിടെ സംഭവിച്ചത് വളരെ നിർഭാഗ്യകരമാണ്. ഞങ്ങളെ വെല്ലുവിളിക്കാൻ നിങ്ങൾക്കിന്ന് ഭൂരിപക്ഷമുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ നമ്മുടെ മുകളിൽ ജനങ്ങളുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ഈ ബിൽ സഭയിൽ കൊണ്ടുവന്നത് നമുക്ക് മനസ്സിലാകും. ഒരു ഓർഡിനൻസിറക്കി ഈ നിയമം എടുത്തുകളയുന്നത് വലിയ കാര്യമാണെന്ന് വിശ്വസിക്കുന്ന ഈ സർക്കാർ ജനപക്ഷത്തല്ല. അത്

ശരിയല്ല. ഞാൻ അതിനോട് വിയോജിക്കുന്നു. മുഹമ്മദ് ജലാലുദ്ദീൻ റൂമി എന്ന സൂഫി കവിയുടെ ഒരു കവിതയുണ്ട്. ആ കവിത നമ്മുടെ മനസ്സുകളെ സ്വാധീനിക്കേണ്ടതാണ്. ഒരു പൂന്തോട്ടമാണ് ഉണ്ടാക്കേണ്ടതെങ്കിൽ പൂച്ചെടികളുടെ വിത്തും തണ്ടുമാണ് വയ്ക്കേണ്ടത്. നിങ്ങൾ മുള്ളു വിതറുകയാണ്. ആ ശ്ലോകത്തിലെ കവിത അവസാനിപ്പിച്ചുകൊണ്ട് റൂമി പറയുന്നൊരു കാര്യമുണ്ട്. മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് നിങ്ങൾ പറയുന്നത് കാപട്യം മാത്രമാണെന്ന് വ്യക്തം. നിങ്ങൾ എന്താണോ ആഗ്രഹിക്കുന്നത് അത് നമ്മെ തേടി വരുന്നു. നമ്മൾ എന്താണോ തേടിപ്പോകുന്നത് അത് നമ്മെ തേടി വരുകയാണ്. 'If there's will, there's a way' എന്ന് സായിപ്പ് പറഞ്ഞത് അതുകൊണ്ടാണ്. നിങ്ങൾ മനഃപൂർവ്വം ജനഹിതം തകിടം മറിക്കുകയാണ്. ജനങ്ങളുടെ ആവശ്യങ്ങൾക്കെതിരെ നിൽക്കുകയാണ്. അതിന് നിങ്ങളെ പ്രേരിപ്പിക്കുന്ന ഘടകമെന്താണ് എന്നതിനെ കുറിച്ച് ജനകീയ കോടതി വിചാരണ ചെയ്യുകതന്നെ ചെയ്യും.

ഇ.എം.എസ്. മുഖ്യമന്ത്രിയായിരുന്ന കാലത്ത് വന്ന ഭരണപരിഷ്കാര കമ്മിറ്റി റിപ്പോർട്ടിൽ ഊന്നൽ കൊടുക്കുന്നത് പ്രാദേശിക ഭരണകൂടങ്ങളുടെ സ്വാതന്ത്ര്യത്തെ കുറിച്ചാണ്. 1959-ൽ വന്ന പഞ്ചായത്തുകളുടെ അതിർത്തി പുനർ നിർണ്ണയിക്കുന്ന കമ്മിറ്റി റിപ്പോർട്ട് ഒന്നോടിച്ചു നോക്കിയാൽപ്പോലും എന്താണ് അതിന്റെ സ്പിരിറ്റെന്ന് മനസ്സിലാകും. പിന്നീട് 1965-ൽ വന്ന എം. കെ. വെള്ളോടി കമ്മിറ്റി റിപ്പോർട്ടിന്റെയും അടിസ്ഥാനം ജനായത്ത സമ്പ്രദായം പടിപടിയായി വളർന്നു വരണം എന്നു തന്നെയാണ്. അതിനെതിരെയുള്ള ഒരു വികാരമാണിത്. ഈ വികാരത്തെ ഭൂരിപക്ഷം കൊണ്ട് സ്ഥാപിക്കാൻ നിങ്ങൾക്ക് കഴിയും. പക്ഷേ മലയാളികൾ ഈ ഭേദഗതിയെ തള്ളിക്കളയുമെന്ന് താമസംവിനാ നിങ്ങൾക്ക് ബോധ്യംവരും. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾ ഇത് വിഷയമാക്കും. അത് ജനങ്ങൾ ഏറ്റെടുക്കും. അങ്ങനെ നിങ്ങൾക്കെതിരായ ഒരു ജനവിധിയാക്കി ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇതിനെ മാറ്റിയെടുക്കാൻ ഐക്യജനാധിപത്യ മുന്നണി ഇതൊരു ജനകീയ പ്രശ്നമായി ഏറ്റെടുക്കും എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എ. പി. അനിൽ കുമാറിന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇവിടെ ബഹുമാന്യനായ മന്ത്രി എ. കെ. ബാലൻ സൂചിപ്പിച്ചത്, മദ്യനയം ഇടതുപക്ഷ സർക്കാരിന്റെ മാനിഫെസ്റ്റോയുടെ ഭാഗമായി എടുത്ത തീരുമാനമെന്നാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പുവേളയിൽ 'എല്ലാം ശരിയാകും' എന്ന തലക്കെട്ടോടുകൂടി വന്ന ഇടതുപക്ഷ ക്യാമ്പെയിനിൽ ഏറ്റവും

കൂടുതൽ ശ്രദ്ധപിടിച്ചു പറ്റിയത് പ്രശസ്ത സിനിമാനടിയായ ശ്രീമതി കെ.പി.എ.സി. ലളിത പറയുന്ന കാര്യമാണ്. "കേരളം മദ്യവിമുക്തമാക്കുവാൻ എൽ.ഡി.എഫ്. പ്രതിജ്ഞാബദ്ധമാണ്. മദ്യപാനികളെ അതിൽനിന്നും പിന്തിരിപ്പിക്കുവാൻ സമഗ്ര പദ്ധതി കൊണ്ടുവരും. നുണ പറയുന്നവരെ വിശ്വസിക്കരുത്. എൽ.ഡി.എഫ്.-ന് വോട്ട് ചെയ്യണം. എൽ.ഡി.എഫ്. വരും എല്ലാം ശരിയാകും.'' ഇതേ ചുവടു പിടിച്ചു കൊണ്ടാണ് ശ്രീ. ഇന്നസെന്റും പറയുന്നത്. ഇന്ന് സോഷ്യൽ മീഡിയയിൽ ശ്രീമതി കെ.പി.എ.സി. ലളിതയും ശ്രീ. ഇന്നസെന്റും ട്രോളർമാരുടെ നിരന്തരമായ ആക്രമണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. സർക്കാർ അവർക്ക് പ്രത്യേക സംരക്ഷണം കൊടുക്കേണ്ട അവസ്ഥ വന്നിരിക്കുന്നു. തെരഞ്ഞെടുപ്പ് വേളയിൽ പറഞ്ഞതിന് പൂർണ്ണമായും വിരുദ്ധമായാണ് നിങ്ങൾ കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്.

നിങ്ങളുടെ മദ്യനയവുമായി ബന്ധപ്പെട്ട പ്രധാന കാര്യം എന്താണ്? അമ്പലങ്ങൾ, പള്ളികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ അടുത്ത് മദ്യഷാപ്പുകൾ വരുമ്പോൾ സ്വാഭാവികമായും ജനങ്ങളുടെ വികാരം ഉൾക്കൊള്ളാൻ കഴിയുന്ന പഞ്ചായത്ത്, മുനിസിപ്പൽ ഭരണസമിതികൾക്ക് ഒരു പ്രത്യേക അധികാരം നമ്മൾ കൊടുത്തിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുള്ള നിങ്ങളുടെ നയത്തെ തകർക്കാൻ വേണ്ടിയല്ല, മറിച്ച് ഇവിടെ കൊടുത്തതെന്താണ്? 1977-ലെ അബ്കാരി ആക്ടിലോ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമായ മുൻ അനുവാദത്തോടെയും അനുവാദത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾക്ക് അനുസൃതമായും എന്നാണ്. ചില നിബന്ധനകൾ നമ്മൾ കൊടുക്കുന്നു. കാരണം, പ്രാദേശികമായ പല പ്രശ്നങ്ങളുമുണ്ട്. ആ നിബന്ധനകളാണ് അവിടെ വന്നിട്ടുള്ളത്. അല്ലാതെ നിങ്ങൾ ഒരു മദ്യഷാപ്പ് കൊണ്ടുവരുന്നതിന് ആരും എതിരല്ല.

ഇപ്രാവശ്യത്തെ സ്കൂൾ പ്രവേശനോത്സവത്തേക്കാൾ ഗംഭീരമായിട്ടാണ് ഇവിടെ മദ്യഷാപ്പുകൾ തുറന്നപ്പോൾ പ്രവേശനോത്സവം നടത്തിയത്. മദ്യഷാപ്പുകൾ കൊണ്ടു വരുമ്പോൾ സാമൂഹിക ജീവിതത്തെ ബാധിക്കാത്ത രീതിയിൽ കൊണ്ടുവരുന്നതിനാണ് ഈ ആക്ടിലെ ഒന്നാമത്തെ കാര്യം നമ്മൾ ഉൾക്കൊള്ളിച്ചത്. രണ്ടാമത്തേത്, വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാ സ്ഥലത്തിന്റെയോ അടുത്ത് ഒരു അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നതിന് അനുവാദം നൽകുമ്പോൾ തത്സമയം പ്രാബല്യത്തിലുള്ള അബ്കാരി ആക്ടിലോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ നിർണ്ണയിച്ചിട്ടുള്ള ദൂരപരിധി പാലിക്കേണ്ടത് നിർബന്ധമാണ്. ആ ദൂരപരിധി പാലിക്കുന്നുണ്ടോയെന്ന് നോക്കുന്നതിന് ഒരു പഞ്ചായത്തിന് അധികാരം കൊടുക്കുന്നത് എങ്ങനെയാണ് എതിരാവുക? മൂന്നാമത്തേത്, പൊതു സമാധാനത്തിന്റെയോ സന്മാർഗ്ഗത്തിന്റെയോ

താൽപ്പര്യത്തിൽ സൗകര്യമോ ശല്യമോ കാരണമായ ഒരു അബ്കാരി ഷാപ്പ് അത് സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും ഇതിനായി നിർദ്ദേശിക്കാവുന്ന പതിനഞ്ച് ദിവസത്തിൽ കുറയാത്ത സമയപരിധിക്കുള്ളിൽ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റാനോ അടയ്ക്കാനോ ഉള്ള ഉത്തരവാണ്. സ്ഥലം മാറ്റാൻ പറയാനുള്ള അധികാരം നിങ്ങൾ പറയുന്ന താഴെത്തട്ടിലുള്ള പഞ്ചായത്തുകൾക്ക് കൊടുക്കുന്നതിൽ എതിരെന്താണ്? ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ പഞ്ചായത്ത് രാജ് ആക്ടിന്റെയും ആത്യന്തികമായ ലക്ഷ്യം ജനങ്ങൾക്ക് അധികാരം കൊടുക്കലാണ്. ഒരു അമ്പലത്തിനടുത്തോ പള്ളിക്കടുത്തോ മദ്യഷാപ്പുകൾ വന്നാൽ അത് മാറ്റണമെന്നും അല്ലെങ്കിൽ 15 ദിവസത്തിനകം അത് മാറ്റി സ്ഥാപിക്കണമെന്നുമുള്ള നിർദ്ദേശമാണ് നൽകിയത്. ജനങ്ങൾക്ക് അഭിപ്രായം പറയുന്നതിനുള്ള അധികാരമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പഞ്ചായത്തുകൾക്ക് കൊടുത്തത്. അതുപോലെ ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും മുനിസിപ്പൽ ഓർഡിനൻസ് പ്രാബല്യത്തിൽവന്ന നവംബർ 24-ന് ഏതൊരു അബ്കാരി ഷാപ്പിനും നിലവിലുള്ള എല്ലാ നിയമവ്യവസ്ഥകൾക്കും വിധേയമായി പ്രസ്തുത തീയതിയിൽ കള്ളുഷാപ്പുകൾ സ്ഥാപിക്കുവാനായി അനുവദിച്ചിട്ടുള്ള അതിരുകൾക്കുള്ളിലുള്ള സ്ഥലത്ത് മാറ്റി സ്ഥാപിക്കാൻ ബാധകമായിരിക്കുന്നതല്ല. നിങ്ങൾ മദ്യഷാപ്പ് കൊണ്ടുവരുന്നതിന് ഞങ്ങൾ എതിരല്ല. അത് നിങ്ങളുടെ നയമാണ്. ഇനിയും നിങ്ങൾ മദ്യഷാപ്പുകൾ തുറക്കേണ്ടിവരും. മദ്യപൻമാർ പ്രവേശനോത്സവം ആഘോഷിച്ചു എന്നുപറഞ്ഞു. നിങ്ങളുടെ സർക്കാർ മുന്നോട്ടുപോയിക്കഴിഞ്ഞാൽ ഈ ദുരിതങ്ങളും പ്രയാസങ്ങളുമൊക്കെ മറക്കാൻ ആളുകൾ കൂടുതൽ കൂടുതൽ കുടിക്കും. അപ്പോൾ കൂടുതൽ ഷാപ്പുകൾ വേണ്ടിവരും. പക്ഷേ അതൊക്കെ കൊണ്ടുവരുമ്പോൾ ചില നിബന്ധനകൾ പഞ്ചായത്തുകൾക്ക് കൊടുത്ത് അത് അവിടെ വേണ്ട, അല്ലെങ്കിൽ ഇവിടെ വന്നാൽ അത് ബുദ്ധിമുട്ടാണ് എന്നുപറയാനുള്ളൊരു അവകാശംകൂടി നിങ്ങൾ പഞ്ചായത്തിലെ ഭരണസമിതികൾക്ക് കൊടുക്കുന്നില്ല. ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ ഈ ജനാധിപത്യബോധം നിങ്ങളുടെ വാക്കുകളിൽ മാത്രമാണ്. കൊടുത്ത അധികാരങ്ങളൊക്കെ തിരിച്ചെടുക്കുകയാണ്. ഏത് അധികാരം കൊടുത്താലും അത് തിരിച്ചെടുക്കുക. കൂടുതൽ നിയന്ത്രണങ്ങൾ ഉണ്ടാവുക. ആഴ്ചതോറും സർക്കുലറുകൾ ഇറക്കുക. എന്നിട്ട് ഒരു രീതിയിലും പ്രവർത്തിക്കാൻ കഴിയാതിരിക്കുക. പദ്ധതികൾ വേഗം നടപ്പാക്കണമെന്ന് പറയുക. പക്ഷേ അവ നടപ്പാക്കാനുള്ള സൗകര്യം കൊടുക്കാതിരിക്കുക. അവസാനം ജനുവരി, ഫെബ്രുവരി മാസത്തോടുകൂടി പദ്ധതിക്ക് അംഗീകാരംപോലും വാങ്ങാൻ കഴിയാതെ മാർച്ച് മാസത്തിൽ എല്ലാം ലാപ്സായിപോകുന്ന സാഹചര്യമാണ് ഉള്ളത്. പിന്നെ സ്പിൽ ഓവർ അടുത്ത പ്രാവശ്യം നടത്താനുള്ള സൗകര്യം കൊടുക്കാമെന്ന് പറയും. ഇക്കാര്യത്തിൽ മാത്രമല്ല, പഞ്ചായത്തുകളോടും മുനിസിപ്പാലിറ്റികളോടും

ഏറ്റവും താഴെത്തട്ടിലുള്ള ഭരണസമിതികളോടുമുള്ള ഇടതുപക്ഷ സമീപനത്തിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണിത്. ഇന്നത്തെ സ്ഥിതിയെന്താണ്? മുനിസിപ്പാലിറ്റിയിലും പഞ്ചായത്തിലും ഭരിക്കാനുള്ള അവസരം കൊടുക്കുന്നില്ല. യു.ഡി.എഫ്. പഞ്ചായത്ത് ഭരണസമിതിയാണെങ്കിൽ അവിടെ വേണ്ടത്ര ഉദ്യോഗസ്ഥരെ കൊടുക്കുന്നില്ല. അവിടെ വികസനം നടക്കേണ്ടെന്ന സമീപനമാണ്. അവിടത്തെ പ്രാദേശിക പാർട്ടി പറയുന്നതിനനുസരിച്ച് സി.പി.ഐ.(എം.)-ന്റെ ആളുകളെ കൊടുക്കുന്നു. അവരുടെ സംഘടനയിൽപ്പെട്ട ഉദ്യോഗസ്ഥരെ വയ്ക്കുന്നു. യു.ഡി.എഫ്.-ന്റെ ഭരണസമിതിയെ പ്രവൃത്തിക്കാൻ അനുവദിക്കാതിരിക്കുക എന്നതാണ് അവരുടെ ദൗത്യം. ഏത് രീതിയിലായാലും പഞ്ചായത്ത് ഭരണസമിതി കളുടെ അധികാരം നിയന്ത്രിക്കാനും ജനകീയമായ ഇത്തരം തീരുമാനങ്ങളെ ഇല്ലാതാക്കാനുമുള്ള ഒരു പൊതുവായ സമീപനം ഇടതുപക്ഷത്തിനുണ്ട്. അധികാര വികേന്ദ്രീകരണത്തെ കുറിച്ച് സംസാരിക്കുക എന്നല്ലാതെ അധികാര കേന്ദ്രീകരണമാണ് നടക്കുന്നത്. ലോകത്തെവിടെ കമ്മ്യൂണിസ്റ്റ് ഭരണം എടുത്തു നോക്കിയാലും അവിടൊക്കെ അധികാര കേന്ദ്രീകരണമാണ്. പിന്നെ ഇവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് മാത്രം അധികാര വികേന്ദ്രീകരണത്തിൽ പോകാൻ കഴിയില്ല. നിങ്ങളുടെ സ്ഥായിയായ സ്വഭാവമാണത്. അതുകൊണ്ട് അധികാര വികേന്ദ്രീകരണം എന്നുള്ളത് വാക്കുകളിൽ മാത്രം നിലനിർത്തുകയും പ്രവൃത്തിയിൽ അധികാര കേന്ദ്രീകരണമെന്നുള്ള, ലോകത്ത് അംഗീകരിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റ് ആശയങ്ങൾ നടപ്പാക്കാനുമുള്ള ശ്രമമാണ് ഈ ബില്ലിലൂടെ നിങ്ങൾ ചെയ്യുന്നത് എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

3.00 PM]

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. കെ. ഡി. പ്രസേനൻ: സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

യഥാർത്ഥത്തിൽ നഗരസഭകളുടേയും തദ്ദേശസ്ഥാപനങ്ങളുടേയും അധികാരം കവരുന്ന എന്നുപറയുന്നത് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല. ഭരണഘടനാപരമായി കൊടുക്കേണ്ട അധികാരങ്ങളെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത് പ്രാദേശിക സർക്കാരുകളുടെ അധിക ബാധ്യതകൾ ലഘൂകരിക്കാൻ കഴിയാവുന്നതൊക്കെ ചെയ്യുന്ന ഒരു നിലപാടാണ് എൽ.ഡി.എഫ്. സ്വീകരിക്കുന്നത്. എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോഴൊക്കെ തദ്ദേശസ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ

സമ്പത്തും അധികാരവുമൊക്കെ വിന്യസിച്ചിട്ടുണ്ട്. ഇവിടെ അധിക ബാധ്യത ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. ഒരേ തരത്തിലുള്ള അബ്കാരി നയം നിലവിലുള്ള ഒരു സംസ്ഥാനത്ത് അതിന്റേതായ അധിക ബാധ്യതകൾ മുനിസിപ്പാലിറ്റികളുടെ/ പഞ്ചായത്തുകളുടെ ചുമലിൽ വച്ചുകൊടുക്കേണ്ട കാര്യമില്ലല്ലോ? അത് തിരിച്ചെടുക്കുന്നതിന് സഹായകരമായ നിലപാടാണ് ഈ ബില്ലെന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഇപ്പോൾ നിലവിലുള്ള ലൈസൻസികളും പുതിയ അപേക്ഷകരും തമ്മിലുള്ള വിവേചനം മാത്രമല്ല, പുതുതായി അപേക്ഷ കൊടുക്കുന്നവരോടും പല രൂപത്തിലുള്ള വിവേചനപരമായ നിലപാട്, ഇപ്പോൾ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ പല മുനിസിപ്പാലിറ്റികളും നടപ്പിലാക്കിവരികയാണ്. ഞാൻ ഒരു ഉദാഹരണം മാത്രം പറയാം, എന്റെ ജില്ലയായ പാലക്കാട് നഗരത്തിൽ കഴിഞ്ഞ ഏതാനും മാസം മുമ്പാണ് ബിവറേജസ് ഔട്ട്ലെറ്റിലേയ്ക്കുള്ള മദ്യം ശേഖരിച്ചുവച്ച സ്റ്റേറ്റ് വെയർഹൗസ് കോർപ്പറേഷന്റെ ഗോഡൗണിന്റെ ലൈസൻസ് മുനിസിപ്പാലിറ്റി റദ്ദ് ചെയ്തത്. ബി.ജെ.പി.-യാണ് അവിടെ ഭരിക്കുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി നിലനിൽക്കുന്ന ഈ ഗോഡൗണിന്റെ ലൈസൻസ് റദ്ദ് ചെയ്തതിന്റെ ചേതോവികാരമെന്താണ്? മദ്യവിരുദ്ധ വിചാരമൊന്നുമായിരുന്നില്ല, ആ നഗരത്തിലെ മറ്റൊരു മദ്യമുതലാളി, അദ്ദേഹം വച്ചുനീട്ടിയ പണവും മറ്റ് പലതുമായിരുന്നു നഗരസഭാ ഭരണനേതൃത്വത്തിന്റെ, രാഷ്ട്രീയ തേരാളികളുടെ ചേതോവികാരം എന്നത് നാട്ടിൽ പാട്ടാണ്. ഇതുതന്നെയാണ് യു.ഡി.എഫ്.-ന്റെ മദ്യനയത്തിൽ നമുക്ക് കാണാൻ കഴിഞ്ഞത്. പുത്തൻ നോട്ടു കെട്ടുകളുടെ പളപളപ്പിനു പുറകേ പോയ ഇന്നത്തെ പ്രതിപക്ഷ മെമ്പർമാരുടെ പല കൂട്ടുകാരും ജയിലിലേക്കുള്ള വിസ കാത്തിരിക്കുകയാണെന്ന് എല്ലാവർക്കും അറിയാം. എന്റെ അടുത്ത് ശ്രീ. കെ. ബാബു, എം.എൽ.എ. ഇരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അതേ പേരുകാരൻ ഇവരുടെ എല്ലാ വർത്തമാനവും കേട്ട് അന്തക്കേട് കാണിച്ചതിന്റെ ഭാഗമായി നാട്ടുകാർ ഇപ്പോൾ പാസ്പോർട്ട് അടിച്ചു കൊടുത്തു, മൂപ്പർ വിസയ്ക്കുള്ള കാത്തിരിപ്പിലാണ്. മിക്കവാറും കോടതി ഇടപെടൽ മൂർച്ഛിച്ചു വരുമ്പോൾ കൂട്ടവിസ യു.ഡി.എഫ്.-ന് അടിച്ചു വരുമെന്നാണ് ഞാൻ കരുതുന്നത്. ഇത് ഒരു സ്ഥിരം ഏർപ്പാടാക്കി മാറ്റാമെന്ന് കരുതി ഒരാൾ നോട്ടെണ്ണുന്ന യന്ത്രം വാങ്ങിവച്ചിരുന്നു. ആ യന്ത്രം ഇപ്പോൾ തിരുവനന്തപുരത്ത് ബി.ജെ.പി. വാടകയ്ക്ക് എടുത്തു എന്ന വാർത്തയുമുണ്ട്. ഈ ഘട്ടത്തിൽ അതെല്ലാം നമ്മൾ ഓർക്കുന്നത് നല്ലതായിരിക്കും.

കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ മദ്യനയത്തിൽ മദ്യം കുറച്ചുകൊണ്ടു വരാനോ, ലഹരി കുറയ്ക്കുവാനോ ഉള്ള എന്തെങ്കിലും നടപടികൾ ഉണ്ടായിരുന്നോ? ഒന്നും ഉണ്ടായിട്ടില്ലല്ലോ, ഇപ്പോൾ അവർ ഒരു കണക്കുപറയുന്നു, ബ്രാണ്ടി, വിസ്കി, റം തുടങ്ങിയവയുടെ വിൽപ്പന 9 ശതമാനം കുറഞ്ഞത് യു.ഡി.എഫ്.-ന്റെ മദ്യനയം നടപ്പിലാക്കിയതുവഴി 2015-16 വർഷത്തിലാണെന്നാണ്. എന്നാൽ ബിയർ വിൽപ്പനയിൽ

61 ശതമാനത്തിന്റെ വർദ്ധനവ് ഉണ്ടായി എന്നതും ആ കണക്കിലുണ്ട്, അപ്പോൾ യു.ഡി.എഫ്. പറയുന്നത് അത് ബിയറും വൈനുമല്ലേ, വീര്യം ഒന്നും ഇല്ലാത്ത മദ്യമാണല്ലോ, അതൊന്നും കുടിച്ചാൽ കുഴപ്പമില്ല എന്നാണ്. ഇത് കേട്ടാൽ തോന്നും ബിയർ നാരങ്ങാവെള്ളമാണെന്ന്, വൈൻ സംഭാരമാണെന്നാണ് തോന്നുന്നത്, യഥാർത്ഥത്തിൽ എന്താണ് സംഗതി? ഒരു പെഗ്ഗ് വിദേശമദ്യത്തിൽ 27 എം.എൽ. ആൽക്കഹോളുണ്ട്, ഒരു കുപ്പി ബിയറിൽ 39 എം.എൽ. ആൽക്കഹോളാണുള്ളത്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ബിയറും വൈനും ഒരു പ്രത്യേക അളവിൽ മിശ്രിതമാക്കിയാൽ ഏറ്റവും വലിയ ലഹരിയാണെന്ന് പറഞ്ഞു കേൾക്കുന്നു, അതിനെ സംബന്ധിച്ച് എന്തെങ്കിലും അറിയാമോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, അതുസംബന്ധിച്ച് എനിക്ക് അനുഭവമില്ല. പക്ഷേ വിദേശമദ്യത്തിൽ 27 എം.എൽ. ആൽക്കഹോൾ ഉണ്ടെന്നും, ഒരു കുപ്പി ബിയറിൽ 39 എം.എൽ. ആൽക്കഹോൾ ഉണ്ടെന്നുമുള്ള കണക്കു കണ്ടപ്പോൾ മാന്യ മെമ്പർ ചോദിച്ച ചോദ്യം അനുഭവസ്ഥനായ ഒരു കോൺഗ്രസ്സ് സുഹൃത്തിനോട് ചോദിച്ചു. അദ്ദേഹം പറഞ്ഞത്, സാധാരണ നിലയ്ക്ക് ഒരു പെഗ്ഗ് ബ്രാണ്ടി കുടിക്കുന്ന ആൾ മൂന്ന് കുപ്പി ബിയർ കുടിക്കും എന്നാണ്. അതുകൊണ്ടാണ് കഴിഞ്ഞ വർഷം കേരളത്തിലെ വിദേശമദ്യത്തിന്റെ വിൽപ്പന 9 ശതമാനം കുറഞ്ഞപ്പോൾ ബിയർ വിൽപ്പന 61 ശതമാനമായി വർദ്ധിച്ചത്. സംഭവിച്ചതോ, 27 ലക്ഷം ലിറ്റർ ആൽക്കഹോളാണ് ഒറ്റ വർഷം കൊണ്ട് കേരളീയർ അധികമായി കുടിച്ചു തീർത്തത്. ആ നയമുണ്ടാക്കിയവരാണ് യു.ഡി.എഫ്. അതുമാത്രമല്ല, കഞ്ചാവ് മുതൽ പാൻമസാല വരെ എല്ലാവിധ നിരോധിത ലഹരി ഉൽപ്പന്നങ്ങളുടേയും പറുദീസയായി കേരളം മാറിയതും ഇതേ നയത്തിന്റെ ഫലമായാണ്. അതുകൊണ്ടാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല, അതിശക്തമായി യു.ഡി.എഫ്.ന്റെ മദ്യനയത്തെ എതിർത്തത്. ഇതുസംബന്ധിച്ച് 17-8-2016-ന് അദ്ദേഹം ഒരു സ്റ്റേറ്റ്മെന്റ് പുറത്തിറക്കി. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന മദ്യനയം തിരുത്തുന്നതിനെ കുറിച്ച് ആലോചിക്കണമെന്ന് പ്രതിപക്ഷ നേതാവ്, രമേശ് ചെന്നിത്തല. "യു.ഡി.എഫ്. സർക്കാരിന്റെ മദ്യനയം ഗുണം ചെയ്തില്ല. മദ്യനയത്തെക്കുറിച്ച് പാർട്ടി പുനരാലോചന നടത്തണം. പാർട്ടിഫോറത്തിൽ ചർച്ചയ്ക്ക് വരുമ്പോൾ തന്റെ നിലപാട് വ്യക്തമാക്കും." ഇങ്ങനെ തുടങ്ങി "ബാറുകൾ പൂട്ടിയെങ്കിലും സംസ്ഥാനത്ത് മദ്യഉപഭോഗം കുറഞ്ഞില്ലെന്നു മാത്രമല്ല മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ളവയുടെ ഉപഭോഗം കൂടുകയും ചെയ്യുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്." ഈ രീതിയിലാണ് ശ്രീ. രമേശ് ചെന്നിത്തല യു.ഡി.എഫ്.-ന്റെ മദ്യനയത്തെക്കുറിച്ച് പ്രതികരിച്ചത്. പ്രതിപക്ഷ നേതാവ് ആ അഭിപ്രായത്തിൽ തന്നെ നിൽക്കുമെന്ന് ഞാൻ കരുതുകയാണ്. തലമുതിർന്ന കോൺഗ്രസ്സ് നേതാവായ ശ്രീ. എ. കെ. ആന്റണി പറഞ്ഞത്

കേരളത്തിൽ കുടുംബബാറുകൾ വർദ്ധിക്കുന്നുവെന്നാണ്. 'മുതിർന്ന കോൺഗ്രസ്സ് നേതാവ് ശ്രീ. എ. കെ. ആന്റണി ചൂണ്ടിക്കാണിച്ചത് യു.ഡി.എഫ്.-ന് വിനയായി' എന്ന പത്രവാർത്തയാണ് അതുമായി ബന്ധപ്പെട്ടുവന്നത്. ഇതൊന്നും മറക്കാറായിട്ടില്ലല്ലോ. കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് ഉദയഭാനു കമ്മീഷനെ നിയമിച്ചത്. ശ്രീമാൻ ഉദയഭാനുവിനെക്കുറിച്ച് എല്ലാവർക്കുമറിയാം, തികഞ്ഞ ഗാന്ധിയൻ, മദ്യവർജ്ജന ക്യാമ്പയിന് നേതൃത്വം കൊടുക്കുന്ന ആരാധ്യനായ മനുഷ്യൻ. അദ്ദേഹത്തെയാണ് ഈ നയം രൂപപ്പെടുത്തുന്നതിനു വേണ്ടി കമ്മീഷനായി നിയോഗിച്ചത്. പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് അന്ന് ഈ സഭ ചർച്ച ചെയ്ത് ഐകകണ്ഠ്യേന അംഗീകരിച്ചതിന്റെ രേഖകൾ നിയമസഭാ രേഖകളിലുണ്ട്. മദ്യവർജ്ജനമാണ് ശാസ്ത്രീയമായ സമീപനം, മദ്യ നിരോധനം പ്രായോഗികമല്ലെന്നു പറഞ്ഞ അദ്ദേഹത്തിന്റെ റിപ്പോർട്ട് ഇപ്പോൾ കോൺഗ്രസ്സ് തള്ളിക്കളയുന്നുണ്ടോ എന്നറിഞ്ഞാൽ തരക്കേടില്ല. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

മുനിസിപ്പൽ ആക്ടിലെ 447-ാം വകുപ്പിലെ 8-ാം ഉപവകുപ്പിൽ വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ എന്നിവയിൽനിന്ന് പാലിക്കേണ്ട ദൂരപരിധിയെക്കുറിച്ച് പറയുന്നുണ്ട്.

ശ്രീ. ചിറയം ഗോപകുമാർ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തെരഞ്ഞെടുപ്പിനുശേഷം ശ്രീ. കെ. മുരളീധരന്റെ ഒരു പ്രസ്താവനയുണ്ടായിരുന്നു, 'ക്ലിഫ് ഹൗസിൽനിന്നും കന്റോൺമെന്റ് ഹൗസിലേക്ക് യു.ഡി.എഫ്.-നെ എത്തിച്ചത് യു.ഡി.എഫ്.-ന്റെ തലതിരിഞ്ഞ മദ്യനയമാണ് എന്ന്.' അത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഇത്തരത്തിൽ ധാരാളം യു.ഡി.എഫ്. നേതാക്കൾ പരസ്യമായും അതിലധികം ആളുകൾ രഹസ്യമായും കേരളത്തിൽ പറഞ്ഞു നടന്നിരുന്നു എന്നത് ഒരു വസ്തുതയാണ്. അബ്കാരി ആക്ടിന്റെ ചുമതലക്കാരായ എക്സൈസ് കമ്മീഷണറുടെ മേൽനോട്ടത്തിൽ സാങ്കേതികമായി ദൂരപരിധി അളന്നു തിട്ടപ്പെടുത്തിയാൽ എന്തെങ്കിലും വ്യക്തിവൈരാഗ്യം തീർക്കാനോ മറ്റെന്തെങ്കിലും താൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലോ ഇടപെടൽ നടത്തിയാൽ ഇതെല്ലാം എവിടെയാണ് ചോദ്യം ചെയ്യുക? ഇപ്പോൾത്തന്നെ പഞ്ചായത്തിൽ ഒരാൾ കേസ്സിനുപോയാൽ ഹൈക്കോടതിയിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയേണ്ടത് എക്സൈസ് വകുപ്പാണ്. അവിടെ എന്തു നിലപാടാണ് എടുക്കുക, ഓരോ പഞ്ചായത്തും ഓരോ മുനിസിപ്പാലിറ്റിയും ഓരോ രൂപത്തിലുള്ള നിലപാടെടുത്താൽ ശരിയാവില്ല. അതുകൊണ്ട് 447-ാം വകുപ്പിലെ 7, 8, 9 ഉപവകുപ്പുകൾ ഉപയോഗപ്പെടുത്തിയാണ് ഇത്തരം കാര്യങ്ങളെല്ലാം നിർവ്വഹിച്ചു വരുന്നത്. അത് ആശാസ്യമായ സംഗതിയല്ല. ഇത് കേരളത്തിന്റെ പൊതുതാൽപ്പര്യത്തിന് എതിരാണ് എന്നുള്ളതുകൊണ്ട് ഈ ബില്ല് പൊതുജനചർച്ചയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മദ്യവിൽപ്പനശാല തുടങ്ങാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അനുമതി ആവശ്യമാണെന്നുള്ള പഞ്ചായത്ത് രാജ് നഗരപാലിക നിയമത്തിലെ വകുപ്പ് എടുത്തുമാറ്റുന്ന ഒരു നിയമമാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യപ്പെടുന്നത്. ഇതിൽ പ്രധാനപ്പെട്ട വിഷയം ബഹുമാനപ്പെട്ട മന്ത്രി പഞ്ചായത്ത് രാജ് ബില്ലുമായി ബന്ധപ്പെട്ട് മറുപടി പറഞ്ഞപ്പോൾ എൽ.ഡി.എഫ്., യു.ഡി.എഫ്. തമ്മിലുള്ള അന്തരത്തെക്കാൾ ഉപരിയായി ആശയപരമായിട്ടുള്ള ഒരു ഏകീകരണ സ്വഭാവം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഞാൻ കേട്ടു. ഒന്ന് മദ്യ വർജ്ജനവും മദ്യ നിരോധനവും, അവസാനമായി പറഞ്ഞത് ഞങ്ങൾ മദ്യനിരോധനത്തിലേക്ക് തന്നെ എത്തുമെന്നാണ്. സ്വാഭാവികമായും രണ്ട് ചേരിയിൽനിന്ന് സംസാരിക്കുമെങ്കിലും കേരളത്തിന്റെ പൊതുസമൂഹം ആഗ്രഹിക്കുന്ന ഒരു വിഷയത്തിലേക്ക് എത്തണമെന്നുള്ള ആഗ്രഹമുണ്ട്. പക്ഷെ അതിൽ നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കുന്നതു കൊണ്ട് എന്താണ് തെറ്റ്? ഇതാണ് നമ്മൾ കൂലങ്കഷമായി ചിന്തിക്കേണ്ട കാര്യം. കേരളത്തിന്റെ പൊതുതാൽപ്പര്യത്തിൽ ഏറ്റവും കൂടുതൽ ഇടപെടുന്നത് പ്രാദേശികമായി ചിന്തിക്കുന്ന പൊതുപ്രവർത്തകരാണ്. അവർക്കാണ് ആ വിഷയത്തിൽ ഏറ്റവും കൂടുതൽ സ്വീകാര്യതയുള്ളത്. അവരാണ് നമ്മളെയൊക്കെ നിയമസഭയിലേക്ക് പറഞ്ഞയച്ചത്. അവരുടെയൊക്കെ പിന്തുണയുടെയും അവരുടെയൊക്കെ ആഗ്രഹത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ നിയമനിർമ്മാണ സഭയിലേക്ക് എല്ലാവരും എത്തി ചേർന്നിട്ടുള്ളത്. ഗ്രാമതലത്തിലേക്ക് അധികാരം കൊടുക്കുകയെന്നുള്ളത് പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഭരണഘടനാ ഭേദഗതിയിലൂടെ എടുത്ത ഏറ്റവും സുപ്രധാനമായ ഒരു തീരുമാനമാണ്.

നഗരപാലികാ നിയമത്തിലെ 447-ഉം പഞ്ചായത്ത് രാജ് നിയമത്തിലെ 232-ഉം വകുപ്പുകളിൽ പറയപ്പെടുന്ന ഭേദഗതികൾ എടുത്തു കളയുമ്പോൾ ഉണ്ടാകാവുന്ന അസ്വസ്ഥതകൾ ഒരുപക്ഷേ പോസിറ്റീവായിട്ടും നെഗറ്റീവായിട്ടും ചിത്രീകരിക്കാം. പക്ഷേ പൊതുജനങ്ങളുടെ മുമ്പിൽ സ്വീകാര്യമായിട്ടുള്ള നടപടികൾ ഒരു സഭയെടുക്കുമ്പോൾ അതിനെ മാറ്റിനിർത്തേണ്ടതായിട്ടില്ല. എന്നാൽ അവർക്ക് അവകാശം കൊടുക്കുന്നതോടൊപ്പം അതിനെ നിയന്ത്രിക്കാൻ കഴിയുന്ന തരത്തിലുള്ള പല സാഹചര്യവും കൊണ്ടു വരുന്നതിന് ബുദ്ധിമുട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ സംസ്ഥാനത്ത് ബിഷപ്പുമാരും മദ്യവർജ്ജന സമിതികളും പങ്കെടുത്ത ധാരാളം സമരങ്ങൾ നടന്നിട്ടുണ്ട്. നമ്മൾ ഒരു പുതിയ മദ്യ നയത്തിലേയ്ക്ക് വരുന്നു എന്ന വരികയും ആ നിലപാടുകൾ പ്രത്യക്ഷത്തിൽ വ്യക്തമാക്കുകയും ചെയ്ത സമയത്ത് അതിനെ എതിർത്തിട്ടുണ്ട്. സമരങ്ങൾ ഉണ്ടായിട്ടുണ്ട്,

ഇല്ല എന്ന് വിചാരിക്കാൻ പാടില്ല. എത്രയോ സ്ഥലങ്ങളിൽ കെ.സി.ബി.സി. പോലും നേരിട്ട് വന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും വകുപ്പുമന്ത്രിയെയും കണ്ടതായി പത്രങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്. സ്വീകാര്യമായ നടപടിയാണ് എന്ന് വിചാരിക്കേണ്ടതിനുപരിയായി അക്കാര്യങ്ങൾ കുറേക്കൂടി ആഴത്തിൽ ചർച്ച ചെയ്യേണ്ട വിഷയം തന്നെയാണ്, അതിൽ യാതൊരു സംശയവുമില്ല. മാത്രമല്ല മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ടുവരാനും ഉപഭോഗം കുറയ്ക്കാനും ശ്രമിക്കേണ്ടതാണ്. ലഭ്യത വർദ്ധിച്ചാൽ ഇതിനുള്ള താല്പര്യം വർദ്ധിക്കും എന്നതാണ്. ലഭ്യത കുറഞ്ഞാൽ ഇത് കുറയുകയും ചെയ്യും. ബ്രാൻഡിയിലും ബിയറിലുമുള്ള ആൾക്കഹോൾ പെർസെന്റേജിനെ കുറിച്ച് ശ്രീ. കെ. ഡി. പ്രസേനൻ പറഞ്ഞു. രണ്ട് കുപ്പിയേ കിട്ടുന്നുള്ളൂവെങ്കിൽ അതും കുടിച്ച് പൊയ്ക്കൊള്ളും. ഗ്രാമീണ മേഖലയിൽ മദ്യത്തിന്റെ ലഭ്യത കുറയുമ്പോൾ ഉപയോഗത്തിലും കുറച്ചൊക്കെ കുറവുണ്ടാകും. അതോടൊപ്പം കുടുംബങ്ങളിൽ കുറേയെറേ സമാധാനവും ഉണ്ടാകും. കുടിക്കുന്നവന് അനുഭവപ്പെടുന്ന സന്തോഷവും ദുഃഖവും മാത്രമല്ല, ഇത് പൊതുസമൂഹത്തിനുണ്ടാക്കുന്ന ദോഷവശങ്ങൾ കൂടി ചർച്ച ചെയ്യേണ്ടതുണ്ട്. അത് മറച്ചുവച്ചിട്ട് കാര്യമില്ല. ആധുനിക യുഗത്തിൽ നമ്മുടെ വിദ്യാർത്ഥികളിലേയ്ക്ക് ഒരു പരിശോധന നടത്തണം. മദ്യം മാത്രമല്ല കഞ്ചാവും അതോടൊപ്പം മറ്റ് തരത്തിലുള്ള ലഹരി പദാർത്ഥങ്ങളും വളരെ വ്യാപകമായി കേരളത്തിലേയ്ക്ക് വരുന്നതായുള്ള പത്രവാർത്തകൾ നാം കാണുന്നുണ്ട്. കഞ്ചാവ് പിടിച്ചതായിട്ടുള്ള വാർത്തകൾ നാം വായിച്ച് മടുക്കുകയാണ്. ആ നിലയിലുള്ള ദൂഷിതസ്വഭാവം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അതിനെ നിയന്ത്രിക്കേണ്ട സ്വീകാര്യമായ നിലപാടുകളെടുക്കാൻ ത്രിതല പഞ്ചായത്തുകളെ വിശ്വാസത്തിലെടുക്കേണ്ടതുണ്ട്. ജനകീയാസൂത്രണത്തിൽ ആർക്കെങ്കിലും തെറ്റു പറയാൻ കഴിയുമോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഇവിടെ സൂചിപ്പിച്ചതു പോലെ മദ്യപാനത്തിന്റെ തലങ്ങൾ വ്യത്യസ്തമായി മാറുകയാണ്. മറ്റ് പല ലഹരികളും പുതിയ തലമുറ ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. മലയാളിക്ക് മദ്യപാനത്തിന് അവന്റേതായ ഒരു രീതി ഉണ്ടായിരുന്നു. തെങ്ങിൽനിന്ന് കിട്ടുന്ന കള്ള് മദ്യമല്ല എന്ന് കേരളത്തിന്റെ എക്സൈസ് വകുപ്പുമന്ത്രിയായിരുന്ന കാലത്ത് എന്റെ അച്ഛൻ നടത്തിയ പ്രസ്താവന അന്ന് വിവാദമുണ്ടാക്കിയിരുന്നു. പക്ഷേ പിന്നീട് അതേ തെങ്ങിൽ നിന്ന് നീര ഉത്പാദിപ്പിക്കാൻ കഴിഞ്ഞു. യഥാർത്ഥത്തിൽ നല്ല തെങ്ങിൻ കള്ള് ഒരു മെഡിസിനാണ്. എന്നാൽ ഇന്ന് അത് കിട്ടാനില്ല. ഇന്ന് കിട്ടുന്ന മദ്യം ഏറ്റവും ക്വാളിറ്റി കുറഞ്ഞതാണ്. മലയാളിയുടെ മദ്യപാനത്തോടുള്ള സമീപനം പഴയ ആളുകൾ പറഞ്ഞ് കേട്ടത് അതിനൊരു പഞ്ചശീലമുണ്ടായിരുന്നു എന്നാണ്. 'പകലരുത്, പലരരുത്, പറയരുത്, പാലരുത്, പഴമരുത് തുടങ്ങിയ അഞ്ച് ശീലങ്ങൾ, അതായത് പകൽ മദ്യപിക്കരുത്, ഒത്തിരി ആളുകൾ ചേർന്ന് മദ്യപിക്കരുത്, മറ്റുള്ളവരോട് പറയരുത് എന്ന് പറയുന്ന

രീതിയുണ്ടായിരുന്നു. മദ്യപാനത്തിനുപോലും അതിന്റേതായ വിശുദ്ധി കാത്തുസൂക്ഷിച്ചിരുന്ന സംസ്കാരം ഉണ്ടായിരുന്നു. എന്നാൽ ആ സംസ്കാരം നഷ്ടപ്പെടുകയും റോഡിൽ എവിടെ വച്ചും മദ്യം കഴിക്കുന്ന രീതിയിൽ മാറിപ്പോവുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം പുതിയ സ്ഥാപനങ്ങൾ കൂടി നാട്ടിൻപുറങ്ങളിലേയ്ക്ക് കടന്നുവരുമ്പോൾ അത് അസ്വസ്ഥതകൾ വർദ്ധിക്കാൻ ഇടയാക്കില്ലേ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഒരു കാലഘട്ടത്തിന്റെ മാറ്റത്തെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. നാരായണക്കുറുപ്പുസാർ മന്ത്രിയായിരുന്ന കാലത്ത് പറഞ്ഞ ആ കാര്യം, നീരയുടെ ഉത്പാദനവുമായി ബന്ധപ്പെട്ട് എത്താൻ വേണ്ടിവന്ന സമയത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാവുന്നതാണ്. അത്തരത്തിലുള്ള ആശയങ്ങൾ ദീർഘവീക്ഷണത്തോടെ പറഞ്ഞ നേതാക്കന്മാരും ചിന്തയും നമ്മുടെ സമൂഹത്തിൽ ഉണ്ടായിരുന്നു എന്നുള്ളതിൽ തർക്കമില്ല. ഞാൻ ഇവിടെ സൂചിപ്പിച്ചത് മലയാളിയുടെ മദ്യപാനശീലത്തെക്കുറിച്ചാണ്. അടുത്തകാലത്ത് എന്റെ ഒരു സുഹൃത്ത് ന്യൂഇയർ ആഘോഷിക്കാനായി കമ്പനിയായി കോവളത്ത് പോയി, എട്ടരമണിക്ക് അവിടെയെത്തി ഒൻപതര-പത്ത് മണിയാവുമ്പോഴേയ്ക്കും തിരിച്ചു പോന്നു, അവർ ഇറങ്ങി പോരുമ്പോൾ ഒരു മദാമ്മയും സായിപ്പുംകൂടി വന്ന് ഷേക്ക്ഹാന്റ് കൊടുത്ത് അവരെ അപ്രീഷ്യേറ്റ് ചെയ്ത് നൂറ് ഡോളർ എടുത്ത് സമ്മാനമായി കൊടുക്കുകയും ചെയ്തു. സായിപ്പ് നാല് മണിക്കിരുന്നതാണ്, പത്തരയായിട്ടും ഒരു കുപ്പി തീർക്കാൻ പറ്റിയില്ല, ഇവർ ഒൻപതരയ്ക്ക് ചെന്നിട്ട് പത്തരയാവുമ്പോഴേയ്ക്കും ഒരു കുപ്പിയും തീർത്ത് മിടുക്കരായി പോവുകയാണ്, ഇത് കണ്ട് സന്തോഷത്തോടെ സായിപ്പ് നൂറ് ഡോളർ സമ്മാനമായി കൊടുത്ത് അഭിനന്ദിച്ച ചരിത്രം എന്റെ സുഹൃത്ത് പറഞ്ഞു. ഇത് സത്യമാണ്, മലയാളിയുടെ മദ്യപാനശീലം മാറിയതിന്റെ ബുദ്ധിമുട്ട്, എത്രവേണമെങ്കിലും മദ്യം കഴിക്കാമെന്ന് ധരിക്കുന്ന ഒരു സമൂഹമായി മാറി എന്നതാണ്, അവരുടെ മുൻപിലേയ്ക്ക് ലഭ്യത കുറയ്ക്കാനുള്ള നീക്കങ്ങളുമായി കടന്നുവരേണ്ടതാണ് എന്ന പൊതുസമൂഹത്തിന്റെ ധാരണയുംകൂടി നമുക്ക് ചർച്ചാ വിഷയമാക്കേണ്ടതാണ്.

ജനകീയാസൂത്രണം, പഞ്ചായത്ത് രാജ്, കുടുംബശ്രീ, ജനമൈത്രി പോലീസ്, എസ്.പി.സി., ജനമൈത്രി എക്സൈസ് ഉൾപ്പെടെയുള്ളവയെല്ലാം ഏറ്റവും നല്ല കാര്യങ്ങളാണ്. ഞാൻ ഇതിൽ കാണുന്ന പ്രത്യേകത ഈ പ്രസ്ഥാനങ്ങളിലെല്ലാം നമ്മൾ കൂടുതൽ സ്വീകാര്യമായി എടുത്തിട്ടുള്ളത് പ്രാദേശികമായിട്ടുള്ള ജനപ്രതിനിധികളേയും അവിടെയുള്ള ജനങ്ങളുടെ താല്പര്യവും അവരുടെ അവയർനെസ്സുമാണ്. ജനമൈത്രി പോലീസ് നല്ലതാണെന്ന് പറയാൻ കഴിയുന്നത് എന്തുകൊണ്ടാണ്? ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തിക്കൊണ്ടുവരുന്നതിലുള്ള അവയർനസ്സ് തന്നെയാണ്, അതിൽ സംശയമില്ല. ഇത്തരം കാര്യങ്ങളെയെല്ലാം പൂർണ്ണ വിശ്വാസത്തിലെടുക്കാൻ കഴിയുന്ന നമുക്ക് ഈ വിഷയത്തിൽ ത്രിതല പഞ്ചായത്തുകളുടെ ഭരണ സമിതിയെ

വിശ്വാസത്തിലെടുക്കേണ്ടതില്ല എന്ന വിചാരം ആവശ്യമില്ല. സമ്മിശ്രമായ വികാരമാണ് ഉരുത്തിരിഞ്ഞുവരുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല. നമ്മൾ രോഗങ്ങളുടെ കാര്യമെടുത്താൽ കരൾ, ഉദര സംബന്ധമായ രോഗങ്ങൾ വർദ്ധിച്ചുവരികയാണ്. ലിവർ സിറോസിസ് വരുന്നത് മദ്യം കഴിച്ചതുകൊണ്ടല്ല. പക്ഷേ കണക്കുകൾ സമർത്ഥിക്കുന്നത് മദ്യത്തിന്റെ ഉപയോഗം കൂടുതലുള്ള ആളുകളിൽ ഇത് വരാനുള്ള സാദ്ധ്യത വർദ്ധിച്ചുവരുന്നു എന്നാണ്. അങ്ങനെ ആരോഗ്യപരമായ പ്രശ്നങ്ങളിലേയ്ക്കും മദ്യത്തിന്റെ ഉപയോഗം തള്ളിവിടുന്നുണ്ട്. വിദ്യാർത്ഥികളുടെ കാര്യമെടുത്താൽ, സമ്പൂർണ്ണ കായികക്ഷമതാ പരിശോധന നടത്തിയപ്പോൾ കേരളത്തിലെ കുട്ടികൾ ധാരാളമായി പുറത്താക്കപ്പെട്ടുപോയി. ഇന്ന് പ്രഷറും കൊളസ്ട്രോളും ഹയർ സെക്കണ്ടറിയിൽ പഠിക്കുന്ന കുട്ടികളിൽപ്പോലും കണ്ടു തുടങ്ങിയിരിക്കുന്നു, അതെല്ലാം മദ്യം കഴിച്ചതിന്റെ പേരിലാണെന്നല്ല പറയുന്നത്. നമ്മുടെ ഓരോ രീതിയിലും വരുന്ന മാറ്റം, അത് ഭക്ഷണ കാര്യത്തിലാകാം, മറ്റ് മേഖലകളിലാകാം. ഇക്കാര്യങ്ങൾ ചിന്തിക്കുമ്പോൾ മദ്യാസക്തി മാത്രമല്ല മയക്കുമരുന്നിന്റെ ആകർഷണീയ മേഖലയിലേയ്ക്കും കടന്നു പോകാനുള്ള അവസരങ്ങൾ അവർക്ക് കിട്ടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം ഗഹനമായി ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്.

1995-ൽ ഞാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുന്ന സമയത്ത് കാസർഗോഡുമുതൽ തിരുവനന്തപുരം വരെ കാൽനടയാത്ര നടത്തിയിരുന്നു. നടന്നു പോകുന്ന വഴികളിൽ കണ്ടുമുട്ടിയ വിദ്യാർത്ഥികളും യുവാക്കളുമായൊക്കെ ഞാൻ സംവദിച്ചിരുന്നു. അതിനുശേഷം ഒരു വിമോചന മാർഗ്ഗരേഖ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന ശ്രീ. എ. കെ. ആന്റണിക്ക് കൊടുത്തു. അന്നത്തെ കാൽനട യാത്രയിൽ വളരെയേറെ ആളുകളുമായി സംവദിക്കാൻ കഴിഞ്ഞപ്പോൾ മനസ്സിലായത് എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്. ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നവരിൽ പോലും മദ്യാസക്തിയും അതിനായുള്ള സാഹചര്യവും വർദ്ധിച്ചുവരുന്നു എന്നാണ്. കാലത്തിന്റെ മാറ്റമനുസരിച്ച് ഇതിൽ കുറവുണ്ടായിട്ടില്ല. വളരെ കർശനമായി ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യേണ്ട നല്ലൊരു വേദിയാണ് നിയമസഭ. പഞ്ചായത്ത് നഗരപാലികാ നിയമത്തിലെ ചില വകുപ്പുകൾ എടുത്തുകളഞ്ഞതിന്റെ പേരിൽ അബ്കാരി നിയമവുമായി ബന്ധപ്പെടുത്തി തർക്കമുണ്ടാകാതിരിക്കാൻ തീരുമാനമെടുക്കുമ്പോൾ പഞ്ചായത്തിന്റെ അധികാരങ്ങൾകൂടി വിശ്വാസത്തിലെടുക്കാൻ നമുക്ക് കഴിയണമെന്ന റിക്വസ്റ്റാണ് എനിക്കുള്ളത്. അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാനത്ത് പുതിയ നയം രൂപീകരിക്കുന്നതിനായി അബ്കാരി ഷാപ്പ് ലൈസൻസ് നൽകുന്നതിനുള്ള അധികാരം ഏകീകരിക്കുന്നതിന് നിയമ ഭേദഗതി നടത്തുന്നത് ഉചിതമാണെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരം പൂർണ്ണമായും എടുത്തുമാറ്റുന്നത് ആശങ്കാജനകമാണ്. ഷാപ്പുകൾ സ്ഥാപിക്കുന്ന

പ്രദേശത്തെ സംബന്ധിച്ച പ്രാദേശിക വിഷയങ്ങൾ അടുത്തറിയാവുന്നതും അനുയോജ്യമായ സ്ഥലങ്ങൾ തിരിച്ചറിയാവുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമാണ്. വിദ്യാഭ്യാസ സ്ഥാപനത്തിന്റെയോ ആരാധനാലയങ്ങളുടേയോ സമീപത്ത് അബ്കാരി ഷാപ്പ് സ്ഥാപിക്കുന്നത് സംബന്ധിച്ചാണ് നിയമത്തിന്റെ പരിധിയിൽ വരുന്നത്. എന്നാൽ ജനസാന്ദ്രത കൂടിയ മേഖലകൾ, മതപരമായി പ്രാധാന്യമർഹിക്കുന്ന പ്രദേശം, പൊതുസമാധാനത്തെയും സാന്മാർഗ്ഗിക താല്പര്യങ്ങളെയും ബാധിക്കുന്ന മേഖലകൾ തുടങ്ങിയ പ്രദേശങ്ങൾ ഒഴിവാക്കുന്നതിന് കൃത്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നത് പ്രാദേശിക ഭരണകൂടത്തിന് മാത്രമാണ്. അതിനാൽ കേരള മുനിസിപ്പാലിറ്റി ആക്ട് ഭേദഗതി വരുമ്പോൾ അബ്കാരി ഷാപ്പുകൾക്ക് ലൈസൻസ് നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുക്കാൻ കഴിയണം. പൊതു സമൂഹത്തിന്റെ സുപ്രധാനമായ ഒരു വിഷയമായി ഇതിനെ കാണാൻ കഴിയണം. ഇത് പരസ്പരം തർക്കമുന്നയിക്കേണ്ട വിഷയമായി തോന്നിയിട്ടില്ല. മദ്യനിരോധനവും മദ്യവർജ്ജനവും തമ്മിലുള്ള യാതൊരു തടസ്സത്തിന്റെയും ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞിരുന്നു. രണ്ടും ഒരുപക്ഷേ ആവശ്യമായിരിക്കാം. ഞങ്ങളുടെ ഈ നിലപാട് മദ്യനിരോധനത്തിലേയ്ക്കാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ പോസിറ്റീവായിത്തന്നെ കാണുകയും പൂർണ്ണമായി ഉൾക്കൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൂടി വിശ്വാസത്തിലെടുക്കാൻ കഴിയത്തക്കതരത്തിൽ അവർക്ക് കൊടുത്ത അവകാശങ്ങളെയും ജനകീയമായിട്ടുള്ള അധികാരങ്ങളെയും അധികാര വികേന്ദ്രീകരണത്തിന്റെ നല്ല സ്വഭാവത്തെയും മാറ്റി നിർത്താതെ, ഭരണഘടനാ വിരുദ്ധമല്ലാതെ അതിൽനിന്നുകൊണ്ടുതന്നെ നടപടികൾക്ക് അനുസൃതമായി കൊണ്ടുപോകാൻ കഴിയുന്ന ഭേദഗതിയാണ് ആവശ്യമെന്ന് പറഞ്ഞു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിന്റെ ഉള്ളടക്കമെന്നുപറയുന്നത് നിലവിലുള്ള സെക്ഷൻ 447-ൽ സബ്സെക്ഷൻ 7, 8, 9, 10 ഒഴിവാക്കലാണ്. ഇതിന് തജ്ജന്യമായുള്ളതാണ് പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട സെക്ഷൻ 232-ലെ 2, 3, 4, 5 ക്ലോസ്സുകൾ. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പഞ്ചായത്ത് രാജ് ഭേദഗതിയുമായി ബന്ധപ്പെട്ടുള്ള സെക്ഷൻ 232-ലെ ക്ലോസ് 2-ന് സമമാണ് മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിലെ ക്ലോസ് 7. പഞ്ചായത്ത് രാജ് ഭേദഗതി ബില്ലിലെ

ക്ലോസ് 3-ന് സമമാണ് മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിലെ ക്ലോസ് 8. പഞ്ചായത്ത് രാജ് ഭേദഗതി ബില്ലിലെ ക്ലോസ് 4-ന് സമമാണ് മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിലെ ക്ലോസ് 9. പഞ്ചായത്ത് രാജ് ഭേദഗതി ബില്ലിലെ ക്ലോസ് 5-ന് സമമാണ് മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിലെ ക്ലോസ് 10. അതായത് കണ്ടന്റെല്ലാം ഒന്നുതന്നെയാണ്. അതുകൊണ്ട് നേരത്തെ ഞാൻ പറഞ്ഞ കാര്യം വീണ്ടും ആവർത്തിക്കേണ്ടതില്ല. ബഹുമാനപ്പെട്ട ടി. എ. അഹമ്മദ് കബീർ സംസാരിക്കുമ്പോൾ, ഇതിന് വലിയ വില കൊടുക്കേണ്ടിവരുമെന്നു പറഞ്ഞു. കഴിഞ്ഞ നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ മാനിഫെസ്റ്റോയിൽ ഇക്കാര്യം ഞങ്ങൾ ജനങ്ങളോട് പറഞ്ഞിരുന്നു. ഞങ്ങൾ ജനങ്ങളിൽനിന്ന് ഒന്നും മറച്ചുവച്ചിട്ടില്ല. അതിന്റെ ഭാഗമായാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. അതിനുശേഷം ഞങ്ങളുടെ ജനകീയ അടിത്തറ തകർന്നിട്ടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഇരുപതിൽ പന്ത്രണ്ടെണ്ണത്തിലും വിജയിച്ചത് എൽ.ഡി.എഫ്. ആണ്. ഇതുതന്നെയാണ് ലോക്സഭ തെരഞ്ഞെടുപ്പിലും കാണാൻ പോകുന്നത്. അതുകൊണ്ട് ഞങ്ങൾക്കെതിരായി ജനകീയവിധിയൊന്നുമില്ല, ഇനി എതിരാവുകയുമില്ല. ഇത് മുനിസിപ്പാലിറ്റികളുടെ സുഗമമായ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകമായി. അബ്കാരി ആക്ടിനും ചട്ടത്തിനും വിരുദ്ധമായുള്ള ഒരു സമീപനം പഞ്ചായത്തുകൾക്ക് സ്വീകരിക്കാൻ കഴിയില്ല. പഞ്ചായത്തെടുക്കുന്ന തീരുമാനത്തിന് വിരുദ്ധമായി എക്സൈസ് വകുപ്പിനും തീരുമാനമെടുക്കാൻ കഴിയില്ല. ഇങ്ങനെ രണ്ട് കോൺഫ്ലിക്ടുകളുള്ളതുകൊണ്ടാണ് ഈ രൂപത്തിലുള്ള ഭേദഗതി കൊണ്ടുവരാൻ നിർബന്ധിക്കപ്പെട്ടത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അധികാരം ഞങ്ങളില്ലാതാക്കുന്നുവെന്നും അതാണ് എൽ.ഡി.എഫ്.-ന്റെ പാരമ്പര്യമെന്നും ബഹുമാനപ്പെട്ട എ. പി. അനിൽ കുമാർ പറഞ്ഞു. അധികാരവും ആവശ്യമുള്ള പണവും (ബഡ്ജറ്റിന്റെ സിംഹഭാഗവും) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുത്തു എന്നുമാത്രമല്ല അവയെ ലോക്കൽ സെൽഫ് ഗവൺമെന്റായി ശക്തിപ്പെടുത്തുന്നതിനും വളർത്തിയെടുക്കുന്നതിനും ശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. 73, 74 ഭരണഘടനാ ഭേദഗതിക്കുമുമ്പ് കേരളത്തിൽ അധികാരത്തിലുണ്ടായിരുന്ന ജില്ലാ കൗൺസിൽ, ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സമയത്ത്, ഏതു രൂപത്തിൽ ആയിരുന്നുവെന്നാണ് നിങ്ങൾ ഗളച്ഛേദം നടത്തിയത്. ഞാൻ അന്ന് പാലക്കാട് ജില്ലാ കൗൺസിലിന്റെയും ശ്രീ. ടി. കെ. ബാലൻ കണ്ണൂർ ജില്ലാ കൗൺസിലിന്റെയും ശ്രീ. കെ. ബാലൻ കോഴിക്കോട് ജില്ലാ കൗൺസിലിന്റെയും പ്രസിഡന്റായിരുന്നു. ജില്ലാ കൗൺസിലിനെ പിരിച്ചുവിട്ട സമയത്ത് ബഹുമാനപ്പെട്ട സുകുമാർ അഴീക്കോട് പറഞ്ഞത് കെ. കരുണാകരൻ നടത്തിയത് ബാലവധമാണെന്നും ഇതിന് അനുഭവിക്കേണ്ടിവരുമെന്നുമാണ്. ജില്ലാ

കൗൺസിലുകൾ എന്നുപറയുന്നത് ജില്ലാ ഭരണ സംവിധാനമായിരുന്നു. അതിനെ തകർത്തവരാണ് നിങ്ങൾ. എന്നിട്ടാണ് നിങ്ങൾ ഇപ്പോൾ അധികാര വികേന്ദ്രീക രണത്തിന് ഞങ്ങളാണ് എതിര് എന്നുപറയുന്നത്. നിങ്ങൾ പറയുന്നത് കേട്ടാൽ പരിപൂർണ്ണമായും വിദേശ മദ്യവും കള്ളുഷാപ്പുമില്ലാത്ത കേരളത്തെയാണ് ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിങ്ങൾ ഏൽപ്പിച്ചത് എന്നാണ് തോന്നുന്നത്. നിങ്ങൾ ഞങ്ങളെ ഏൽപ്പിച്ചുതന്ന 32 ഫൈവ് സ്റ്റാർ ഹോട്ടലുകൾ തന്നെയാണ് ഇപ്പോഴുമുള്ളത്. ഒരെണ്ണം വർദ്ധിപ്പിച്ചത് ഫോർ ക്ലാസ് സ്വാഭാവികമായും ഫൈവ് സ്റ്റാർ ക്ലാസിഫിക്കേഷനിലേയ്ക്ക് വന്നപ്പോൾ ഓട്ടോമാറ്റിക്കായി മാറിയതാണ്. നിങ്ങൾ ഏൽപ്പിച്ച 815 ബിയർ ആന്റ് വൈൻ ഹോട്ടലുകൾ തന്നെയാണ് ഇപ്പോഴുമുള്ളത്. അതിൽ എല്ലാ ഹോട്ടലുകളും പ്രവർത്തിക്കുന്നുമില്ല. അതുപോലെ നിങ്ങൾ ഏൽപ്പിച്ച അത്രയും കള്ളുഷാപ്പുകൾ തന്നെയാണ് ഇപ്പോഴുമുള്ളത്. മദ്യ നിരോധനത്തിന്റെ ഭാഗമായി മദ്യമില്ലാത്ത കേരളത്തെയാണ് ഞങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഏൽപ്പിച്ചതെന്ന് നിങ്ങൾ ആരോടാണ് പറയുന്നത്. ഞങ്ങളുടെ നയം മദ്യവർജ്ജനമാണെന്ന് ഞങ്ങൾ നേരത്തെ സൂചിപ്പിച്ചു. ആത്യന്തികമായി മദ്യ നിരോധനത്തിലേയ്ക്ക് എത്തുക എന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം. അപ്രായോഗികമായി കേരളത്തിലെ ജനങ്ങളുടെ വികാരത്തെ മനസ്സിലാക്കാതെ യാന്ത്രികമായി മദ്യ നിരോധനം അടിച്ചേൽപ്പിക്കാൻ പറ്റില്ലെന്നുള്ളത് യു.ഡി.എഫ്.-ലെ തന്നെ ഘടകകക്ഷികൾ പറഞ്ഞതാണ്. കോൺഗ്രസിലെ ചില നേതാക്കൾ പറഞ്ഞതാണ്. ആ അപ്രായോഗികമായ നയമാണ് നിങ്ങളെ ഈ രീതിയിലേയ്ക്ക് എത്തിച്ചത്. നിങ്ങൾ ഇനിയും ആ നയത്തിൽത്തന്നെയാണ് നിലയുറപ്പിക്കുന്നതെങ്കിൽ ഉപ്പുചാക്ക് ചാരിയ ചുമർ പോലെയാകും പ്രതിപക്ഷത്തിന്റെ അവസ്ഥ. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീർ 2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. എ. അഹമ്മദ് കബീർ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ഡി. പ്രസേനൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ഡി. പ്രസേനൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റോഷി അഗസ്റ്റിൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി.സ്പീക്കർ</u>: ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 10-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.28-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.